അവതാരിക

ഇന്ത്യയിലെ പുരോഗമനവാദികളായ സാഹിത്യകാരന്മാരുടെ മുന്നണിയിലാണ്, അഹമ്മദ് അബ്ബാസ്. അദ്ദേഹത്തിന്റെ കഥാഗ്രന്ഥങ്ങൾക്കു സിദ്ധിച്ചിരിക്കുന്ന അസൂയാവഹമായ പ്രചാരം ആധുനിക കാലത്തിന്റെ ഹൃദയത്തെ അബ്ബാസ് എത്രമാത്രം ആകഷ്ടിച്ചിട്ടുണ്ടെന്നു വിശദമാക്കുന്നു. ഒരു രാഷ്ട്രീയകക്ഷിയിലും അംഗമായിച്ചേർന്നിട്ടില്ലെങ്കിലും മനുഷ്യനെ സ്നേഹിക്കയും അവന്റെ മഹത്തായ ഭാവിയെ വിശ്വസിക്കയും ചെയ്യുന്ന ആ പ്രതിഭാശാലിയുടെ മുൻപിൽ കുറേക്കൂടി നല്ല ഒരു ലോകത്തിന്റെ സങ്കല്പമുണ്ട്. അതിനനുരോധമായ ഒരു ജീവിതതത്ത്വശാസ്ത്രത്തിന്റെ വെളിച്ചത്തിൽ അബ്ബാസ് വർത്തമാനകാലത്തെ നിരീക്ഷിക്കുന്നു, അപഗ്രഥിക്കുന്നു, കലാകാരന്റെ ഭാഷയിൽ വിമർശിക്കുന്നു. കലാലാവണ്യത്തേയും ജീവിതയാഥാർത്ഥ്യത്തേയും പരസ്പരമിണക്കുന്നതിലുള്ള നൈപുണ്യത്താൽ സുന്ദരമായ രൂപവും സമ്പന്നമായ ഭാവവും കലർന്നവയായിരിക്കുന്നു, അദ്ദേഹത്തിന്റെ കഥകൾ.

കലയെക്കുറിച്ച് അബ്ബാസിനുള്ള ഒരു സിദ്ധാന്തം 'ഭാവിനമ്മുടെ' എന്ന ഈ വിശിഷ്ടകൃതിയിൽ വ്യഞ്ജിപ്പിച്ചിട്ടുണ്ട്. ഇതിലെ നായികയായ പത്മിനി

ുത്തിൽ ഉത്സുകയും നിപുണയുമായിത്തീർന്നതു് അ
ിലുള്ള സഹജമായ ആഭിമുഖ്യവും അഭിനിവേശ
വും കൊണ്ടുമാത്രമാണു്. എല്ലാക്കലകളുടേയും ആഗ
മം ആത്മികമാണെന്നു വാദിക്കുന്നവർക്കു് ഇവിടെ
എന്തു പറവാനുണ്ടായിരിക്കും എന്നു് എനിക്കു് അറി
ഞ്ഞുകൂടാ. സ്വയം ആസ്വാദിക്കുക, അന്യർ ആസ്വാദി
ക്കുന്നതിൽനിന്നു് ആ ആസ്വാദനത്തെ അധികമാക്കുക,
ലുമാത്രമാണു് പത്മിനിയുടെ ആദ്യകാലത്തെ ആ
ശം. ആത്മികവൈഷമ്യം കലാനിഷേവകരെ അസ്വ
ന്ത്രരാക്കുകയും കലയെ ആ അസ്വാതന്ത്ര്യം ബാ
ിക്കുകയും ചെയ്യുമെന്നു് അശരണയായ പത്മിനി
ുയശങ്കരന്റെ നാടകക്കമ്പനിയിൽ ചേരേണ്ടിവരുന്ന
ു സന്ദർഭം വ്യക്തമാക്കുന്നുണ്ടു്. അനൗപചാരിക
ുപ്പോലെ കലയേയും വാണിജ്യവസ്തുവായിക്കരുതു
കയും കലാകാരന്മാരുടെ സാമർത്ഥ്യത്തെ ചെറിയ
വിലയ്ക്കുവാങ്ങി വലിയ ആദായം എടുക്കുകയും ചെ
യ്യുന്ന ആ മാനേജർ മുതലാളിത്തം സർവ്വാധ്യക്ഷം
കൈക്കലാക്കിയിരിക്കുന്ന സമുദായത്തിന്റെ നല്ലൊരു
രൂപം നമ്മുടെമുമ്പിൽ വരയ്ക്കുന്നു. അഭിനന്ദനീയയായ
നടിയുടെ ചിത്രത്തോടുകൂടി നാടകത്തിന്റെ പരസ്യം
വീഥികളിൽ കൊണ്ടുനടക്കുന്നതു്, കലയുടേയും കലാ
സ്വാദകന്മാരുടേയും സാംസ്കാരികമായ അധഃപതനം
അല്ലേ വിളിച്ചുപറയുന്നതു്? സാർവ്വജനീനങ്ങളായ
ലൈംഗികവികാരങ്ങളെ അനായാസേന ഉണർത്തി
അതിൽനിന്നു് ആദായം എടുക്കുന്നതു് കലയെ വ്യഭി
ചരിപ്പിക്കുകയാണെന്നു ധനമോഹികളായ മുതലാളി

നം അതിപ്രൌഢമാകയാൽ ചില സന്ദർഭങ്ങളിൽ കവിഹൃദയം ദുരവഗാഹമത്രേ.

ഈ കഥ നടന്ന കാലവും ഇളങ്കോവടികൾ ജീവിച്ചിരുന്ന കാലവും ഒന്നുതന്നെയാണെന്നും ഈ കാവ്യം ആദ്യമായി ഇദ്ദേഹത്താൽതന്നെ തമിഴിൽ രചിക്കപ്പെട്ടതാണെന്നും ഈ ഗ്രന്ഥത്തിലെ കഥാമുഖത്താലും ആശീർവ്വചനഗാഥയാലും വിശദപ്പെട്ടിരിക്കുന്നതിനാൽ ഈ കഥ മറെറാരു ഭാഷയിൽനിന്നു വന്നതായി വിചാരിപ്പാൻ അവകാശമില്ല. ഈ ഗ്രന്ഥം ഇളങ്കോവടികളാൽതന്നെ രചിക്കപ്പെട്ടതിന്റെ കാരണവും കഥാസംഗ്രഹവും അടങ്ങീട്ടുള്ള കഥാമുഖത്തിനു പുറമെ മംഗളാചരണം മുതൽ നാട്ടുപുറക്കാഴ്ചവരെയുള്ള പത്തു ഗാഥകളടങ്ങിയ പുകാർകാണ്ഡവും വനസന്ദർശനം മുതൽ പ്രബോധനം വരെ പതിമൂന്നു ഗാഥകളടങ്ങിയ മധുരക്കാണ്ഡവും മലങ്കുരവക്കുത്തു മുതൽ വരപ്രദാനം വരെ ഏഴു ഗാഥകളടങ്ങിയ വഞ്ചിക്കാണ്ഡവുമായി മുപ്പതു ഗാഥകളും മൂന്നു കാണ്ഡങ്ങളായി വിഭാഗിക്കപ്പെട്ടിരിക്കുന്നു. ഇതിൽ കേവലസാഹിത്യവിഷയകമായ വെൺപാവ്, കലിപ്പാവ്, അകവൽപാവ് എന്ന വൃത്തഭേദങ്ങളും, സംഗീതവിഷയകമായ ആറുവരി മുതലായ ഗാനവൃത്തഭേദങ്ങളും നാടകവിഷയമായ 'ഉരൈപ്പാട്ടുകളും' എന്ന വൃത്തഭേദങ്ങ

ളും പ്രയോഗിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇവയിൽ ദ്രുതപക്ഷവും അകവൽപാവു തന്നെയാണ്.

ഈ ഗ്രന്ഥകർത്താവായ ഇളങ്കോവടികൾ, ചേരനാട്ടിൽ വഞ്ചിരാജധാനിയെ വാണിരുന്ന 'ചേരലാതൻ' എന്ന ഭൂപാലനു പാണ്ഡ്യരാജകുമാരിയായ ശോണയിൽ ജാതനും ചേരൻചെങ്കുട്ടുവന്റെ കനിഷ്ഠനുമാണ്. അതിനാൽ ഇദ്ദേഹം ആദിയിൽ ഇളംകോ (ഇളയ രാജാ) വെന്നും സന്ന്യസിച്ചതിൽപിന്നീട് ഇളങ്കോവടികളെന്നും വിളിക്കപ്പെട്ടവനും; ഒരിക്കൽ ഒരു ലാക്ഷണികൻ തന്നെ കാണ്മാൻ വരികയും ആപാദചൂഡം സൂക്ഷിച്ചുനോക്കി, "തിരുമേനിക്കു സിംഹാസനാരോഹണത്തിനു യോഗമുള്ളതായി കാണുന്നു" എന്നുണർത്തിക്കയും തനിക്കതു ഹിതമല്ലാതിരുന്നതിനാൽ ജ്യേഷ്ഠൻ രാജ്യം വാഴണമെന്നും തനിക്കു രാജ്യകാര്യത്തോടു ബന്ധമരുതെന്നുമുള്ള നിശ്ചയത്തിന്മേലാണു സന്ന്യാസം സ്വീകരിച്ചതു്. ഇദ്ദേഹം ഈ ഗ്രന്ഥം നിർമ്മിപ്പാനിടയായതെങ്ങനെയെന്നുള്ളതു് ഇതിലെ കഥാമുഖത്തിൽനിന്നറിയാവുന്നതാണ്. സന്ന്യസിച്ചതിനുശേഷമാണു ഗ്രന്ഥനിർമ്മാണം; കണ്ണകീദേവിയെ സ്തുതിപ്പാനും ചില ധർമ്മങ്ങൾ ലോകവാസികളെ ധരിപ്പിപ്പാനുമുള്ള ഉദ്ദേശത്തോടുകൂടിയാണ് ഇദ്ദേഹം ഈ കാവ്യം നിർമ്മിച്ചതു്; തന്റെ വംശീ

യന്മാരുടെ അഭ്യുന്നതിയെപ്പോലെതന്നെ അന്യന്മാരായ ചോളപാണ്ഡ്യന്മാരുടെ മേന്മയും ഒട്ടും കുറവു വരാതെ യഥായോഗ്യം പ്രതിപാദിച്ചിരിക്കയാൽ ഇദ്ദേഹത്തിന്റെ സമദർശിത്വം പ്രത്യക്ഷീഭവിക്കുന്നു. ഈ ഗ്രന്ഥത്തിലുള്ള കഥാപാത്രങ്ങളുടെ ചരിത്രങ്ങളിൽ അവരവർ ഭുജിച്ചുകാണുന്ന സദസൽഫലങ്ങളെ ലോകവാസികൾക്കു ശ്രദ്ധേയങ്ങളാക്കിത്തീർക്കുവാൻ തക്കവണ്ണം പ്രതിപാദിക്കുകയെന്നുള്ളതു് ആ ടികൾക്കു സഹജമാകുന്നു. ആരെങ്കിലും കഠിനമായ ദുഃഖമനുഭവിച്ചതായി പറയുന്നേടത്തു് ആ ദുഃഖത്തിനു കാരണമായി അവർ മുജ്ജന്മത്തിൽ ദുഷ്കർമ്മംചെയ്തതിനെക്കുറിച്ചും സൽകർമ്മം ചെയ്യാഞ്ഞതിനെക്കുറിച്ചും അപ്പപ്പോൾ ഇദ്ദേഹത്തിന്റെ ഹൃദയം കനിഞ്ഞിട്ടുണ്ടെന്നു് ആസ്സന്ദർഭങ്ങളിലുള്ള പദ്യങ്ങളാൽ അറിയപ്പെടാവുന്നതാണു്. ഇദ്ദേഹം മലനാട്ടു വാസിയാകയാൽ ഈ ഗ്രന്ഥത്തിൽ ആ നാട്ടിലെ ഭാഷാപദങ്ങൾ പലതും അവിടവിടെ പ്രയോഗിച്ചുകാണാം.

ഇദ്ദേഹത്തിന്റെ കാലവും ഈ ചിലപ്പതികാരകഥ നടന്ന കാലവും ഒന്നാകയാൽ കാവിരിപ്പൂമ്പട്ടിനത്തിലും മധുരയിലും നടന്ന ചരിത്രങ്ങളെ കണ്ടറിഞ്ഞവരുടെ മുഖത്തിൽനിന്നു കേട്ടും മലനാട്ടിൽ നടന്നതു നേരിൽ കണ്ടും നല്ലപോലെ അറിഞ്ഞു

കൊണ്ടാണ് ഈ ഗ്രന്ഥം ചമച്ചിരിക്കുന്നതെന്ന് ഈ ഗ്രന്ഥത്തിലെ കഥാമുഖത്തിൽനിന്നും ഇരുപത്തഞ്ചും മൂപ്പതും ഗാഥകളിൽനിന്നും തെളിവാകുന്നുണ്ട്.

ഇക്കഥയ്ക്കു തുടച്ചയായുള്ള മണിമേഖലക്കഥയേയുംകൂടെ ഉൾപ്പെടുത്തി ഒരേ കാവ്യമാക്കിത്തീർക്കണമെന്നു കരുതിയിരുന്ന അടികൾ,

"അക്കഥ മണിമേഖലയാ-
മാഖ്യയൊടും നല്ലകാവ്യമായുന്നെ
തീർക്കണമെന്നൊരു മോഹം
നിൽക്കുന്നു ചിത്തതാരിൽ മുന്നേതാൻ."

എന്നു മധുരാനിവാസിയായ തമിഴാചാര്യൻ കൂവ വാണികൻ ചാത്തനാർ പറഞ്ഞതു കേട്ടതിനാൽ അപ്രകാരം ചെയ്യാതെ വിട്ടുകളഞ്ഞതാണ്.

അടികളുടെമതം—ഇരുപത്താറാം ഗാഥയിൽ ചെങ്കുട്ടുവൻ ഹിമാചലത്തിലേക്കു പുറപ്പെട്ട സമയത്തിലും മറ്റും അടികൾതന്നെ

വടിവൊട്ട പനിമതി വിലസിന
ജടമുടികോലും ജഗത്ത്രയചനൻ
അടിയിണകൂപ്പി വണങ്ങീ
മുടിതാഴാതുള്ള മന്നവൻ ചേരൻ.

എന്നിത്യാദി പ്രയോഗങ്ങൾ ചെയ്തിരിക്കയാലും ചെങ്കുട്ടുവന്റെ അനുജനാകയാലും ഇദ്ദേഹത്തിന്റെ മതം ശൈവമാണെന്നനുമാനിക്കാം. ഇദ്ദേ

ഥത്തിനു ‘അടികൾ’ എന്ന ഉപാധി വന്നിരിക്കുകൊണ്ടും കഥാമുഖത്തിൽ ‘‘തിരുക്കണവായിൽ ഗ്രാമത്തിലുള്ള ഒരു ജൈനദേവായതനത്തിൽ വാസമുറപ്പിച്ചു’’ എന്നു കാണുന്നതുകൊണ്ടും ഈ ഗ്രന്ഥത്തിൽ ചിലേടങ്ങളിൽ ജൈനധർമ്മങ്ങളെ വിസ്തരിച്ചുപറഞ്ഞിരിക്കുന്നതുകൊണ്ടും ജൈനമതസ്ഥനെന്നു വാദിക്കുന്നവരുമുണ്ട്.

ആറഞ്ചുഗാഥകളിണങ്ങിയ പദ്യകാവ്യം
നേരേ ചമച്ചടികൾ പാടിയവണ്ണമപ്പോൾ
പാരം തെളിഞ്ഞഖിലവും ബത കേട്ടുകൊണ്ടോൻ
പേരാന്നിട്ടും മധുരയിൽ കവി ചാത്തനാരും.

എന്ന് ഈ ഗ്രന്ഥത്തിലെ കഥാമുഖത്തിലും, ‘‘ഇളംകോവടികളെ കേൾപ്പിപ്പാനായി ‘മണിമേഖല’ എന്ന കാവ്യം കൂലവാണികൻ ചാത്തൻ തമിഴിൽ നിർമ്മിച്ചു’’ എന്നു മണിമേഖലയിലെ കഥാമുഖത്തിലും പറഞ്ഞിരിക്കുന്നതിനാൽ, ഇളംകോവടികളും ചാത്തനാരും പരസ്പരം മുൻനിലയിൽ ചിലപ്പതികാരവും മണിമേഖലയും രചിക്കയാണു ചെയ്തതെന്നു ബോദ്ധ്യപ്പെടുന്നതിനാലും ‘‘തൊൽകാപ്പിയം’’ എന്ന ശാസ്ത്രഗ്രന്ഥത്തിന്റെ വ്യാഖ്യാനത്തിൽ ‘‘ചീത്തലച്ചാത്തനാരാൽ ചെയ്യപ്പെട്ട മണിമേഖല’’ എന്നു ‘നച്ചിനാക്കിനിയർ’ എന്ന വ്യാഖ്യാനകർത്താവിനാൽ എഴുതപ്പെട്ടിരിക്കുന്നതിനാലും ഈ ചാത്തനാർ കടൈച്ചങ്കപ്പുലവരിൽ ഒരു

വനായ ചീത്തലച്ചാത്തനാരാണെന്നു തെളിയുന്നതിനാലും ഇളങ്കോവടികളുടെ കാലം കടൈച്ചങ്കപ്പുലവന്മാരുടെ കാലമാണെന്നു നിണ്ണയിക്കപ്പെടുന്നു. ആ കടൈച്ചങ്കപ്പുലവരിൽ മുഖ്യനും മധുരക്കണക്കായനാരുടെ മകനുമായ നൽകീരൻ 'ഇറയനാരകപ്പൊരുൾ' എന്ന ഗ്രന്ഥത്തിനു താനെഴുതിയ വ്യാഖ്യാനത്തിൽ ഈ ഗ്രന്ഥത്തിൽ കാണൽവരിയെന്ന ഏഴാംഗാഥയിൽനിന്നും മൂന്നു വരിപ്പാട്ടുകളെ ഉദ്ധരിച്ചുദാഹരിച്ചിരിക്കുന്നു. (അവ ഈ പരിഭാഷ പൂർവ്വഖണ്ഡം മൂന്നാംവരിപ്പാട്ടിൽ ഒന്നും രണ്ടും പംക്തികളും ഉത്തരഖണ്ഡം മൂന്നാംവരിപ്പാട്ടിൽ അഞ്ചാംപംക്തിയുമാകുന്നു.)

ഇളങ്കോവടികളുടെ ജ്യേഷ്ഠനായ ചെങ്കുട്ടുവൻ ചാരിത്രദേവതയായ കണ്ണകീദേവിക്കു കോവിൽ കെട്ടി ഉത്സവം കൊണ്ടാടിയ കാലത്തു ലങ്കയ്ക്കുരചനായ ഗജബാഹുവും അവിടെ സന്ധിച്ചിരുന്നുവെന്നു വരുന്നതുമായ ഗാഥയാലും ആ ഗജബാഹുവും കണ്ണകീദേവിക്കു കോവിൽകെട്ടി ഉത്സവം നടത്തിയതായി ഈ ഗ്രന്ഥത്തിന്റെ കഥാമുഖത്തിലുള്ള പരിശിഷ്ടത്താലും അറിയപ്പെടുന്നു. ഇന്നേക്കു ഏറക്കുറയേ 1800 വർഷങ്ങൾക്കുമുമ്പു ഗജബാഹുവെന്ന രാജാവു ജീവിച്ചിരുന്നതായി 'മഹാവംശം' എന്ന സിംഹളചരിത്രത്താൽ അറിയപ്പെടുന്നു. പിന്നെയും എതാ

ണ്ട് 800 വഷ്ങ്ങൾക്കുമുമ്പു ഗജബാഹുവെന്ന മ
റൊരു രാജാവുണ്ടായിരുന്നതായും ആ ചരിത്ര
ത്തിൽനിന്നറിവാകുന്നുണ്ട്; പക്ഷെ ഈ ഗ്രന്ഥ
ത്തിൽ കാണുന്ന മറു ചില രാജാക്കന്മാരുടെ കാല
ത്തെ വിമശ്ിക്കുമ്പോൾ ഈ ഗ്രന്ഥകാരന്റെ കാ
ലം രണ്ടാംഗജബാഹുവിന്റെ കാലത്തിനു മുമ്പുള്ള
തായറിയുന്നതിനാൽ ഇദ്ദേഹത്തിന്റെ കാലം ഒ
ന്നാംഗജബാഹുവിന്റെ കാലമാണെന്നുതന്നെ തീ
രുമാനിക്കപ്പെട്ടിരിക്കുന്നു.

ഏതാണ്ടിരുപതുസംവത്സരങ്ങൾക്കു മുമ്പെ എ
ന്റെ ഒരു മിത്രം "ചിലപ്പതികാരം, മണിമേഖല"
എന്ന പുരാതനങ്ങളായ രണ്ടു ദ്രാവിഡമഹാകാവ്യ
ങ്ങളുടെ പ്രസിദ്ധീകരണത്തെപ്പറ്റി ഒരിംഗ്ലീഷുപത്ര
ത്തിലുണ്ടായിരുന്ന നിരൂപണത്തെ വായിച്ചതായും
ആ ഗ്രന്ഥങ്ങളിൽ കേരളത്തിന്റെ ചില പൂർവ്വചരി
ത്രാംശങ്ങൾ അന്തർഭവിച്ചിട്ടുള്ളതായും എന്നെ ധ
രിപ്പിക്കയാൽ അവയിൽ എനിക്കൊരു മമത ജനി
ക്കുകയും ആ രണ്ടു ഗ്രന്ഥങ്ങളും ഞാൻ വരുത്തി
വായിച്ചുനോക്കിയതിൽ അവയുടെ പ്രൌഢതയോ
ടു മല്ലിടുന്നതു കൃച്ഛ്രസാദ്ധ്യമായുണ്ടുവെന്നിരിക്കിലും,
അവയിൽ സംസ്കൃതമായ മമതാബന്ധം വിട്ടൊഴി
യാഞ്ഞതിനാൽ ഇടയ്ക്കിടെ വായിച്ചു വിഷമിച്ചു
കൊണ്ടിരിക്കയും ചെയ്കയായിരുന്നു. ഇങ്ങനെ ഇരി

ക്കുംകാലത്ത് ഒരിക്കൽ അന്നത്തെ ഭാഷാപരിഷ്കര
ണകമ്മിറ്റിയിലെ കായ്യദർശി ശ്രീമാൻ വി. കെ. അ
ച്യുതമേനോൻ ബി. എ., എൽ. ടി., അവർകളുമാ
യുണ്ടായ സംഭാഷണത്തിൽ പ്രസംഗവശാൽ ഈ
ഗ്രന്ഥങ്ങളെ സംബന്ധിച്ചു ഞാൻ ചിലതു പ്രസ്താ
വിക്കയുണ്ടായി. അതിന്റെ ഫലമായി ഈ ഗ്രന്ഥ
ങ്ങളെ പരിഭാഷപ്പെടുത്തുവാൻ അദ്ദേഹം എന്നെ
ചുമതലപ്പെടുത്തുകയുംചെയ്തു.

മേൽപറഞ്ഞ ഗ്രന്ഥങ്ങളിൽ മണിമേഖല ത
ർജ്ജമചെയ്തുകൊടുക്കുകയും കമ്മിറ്റിയിൽനിന്ന് അ
തു രണ്ടുകൊല്ലങ്ങൾക്കു മുമ്പെ അച്ചടിച്ചു പ്രസിദ്ധ
പ്പെടുത്തുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. ഈ രണ്ടു
ഗ്രന്ഥങ്ങളും കമ്മിറ്റി പ്രതീക്ഷിച്ചിരുന്ന സമയ
ത്തിനുള്ളിൽ തയാറാക്കിക്കൊടുപ്പാൻ എനിക്കു സാ
ധിച്ചിട്ടില്ല. രണ്ടു ഗ്രന്ഥങ്ങളും കാഠിന്യവിഷയ
ത്തിൽ ഒന്നിനോടൊന്നു മത്സരിച്ചുനിൽക്കുന്നതിനാ
ലും എനിക്കു നിരന്തരമായി ഈ വിഷയത്തിൽ പ്ര
വൃത്തിയെടുപ്പാൻ സാധിക്കാഞ്ഞതിനാലും കു
കാലതാമസം നേരിട്ടതാകുന്നു. എന്നാൽ ഇതിന്റെ
ഗ്രന്ഥവിസ്തരം മണിമേഖലയിൽ ഏതാണ്ടു മൂന്നി
രട്ടിച്ചതാകയാലും രണ്ടിന്നും വേണ്ടിവന്നസമയം
ഏതാണ്ടു തുല്യമായിരിക്കുന്നതിനാലും ഇതിന്റെ ഭാ
ഷാന്തരീകരണത്തിൽ പൂർവ്വാപേക്ഷയാ ഞാൻ ജാഗ

ത്രുകനായിരുന്നിട്ടുണ്ടെന്ന് എനിക്കു കുറഞ്ഞൊന്നഭി
മാനിക്കാനവകാശമുണ്ട്'.

ഇതു മൂലത്തിന്റെ ശരിയായ തർജ്ജമയാണ്. പ്രൌഢമായ സാഹിത്യാംശത്തോടും നിഗൂഢങ്ങളായ രസഭാവങ്ങളോടും സംഗീതസാഹിത്യനാടകരസപരിവാഹിയായ മൂലഗ്രന്ഥത്തിന്റെ ഏതാണ്ടൊരു പ്രതിച്ഛായ സാഹിത്യരസികന്മാരായ കേരളീയസഹോദരന്മാരുടെ അവലോകനത്തിനു വിഷയമാക്കിത്തീർക്കണമെന്നുള്ള മോഹത്തെ പുരസ്കരിച്ചു ഗദ്യരൂപമാണെന്നിരിക്കിലും ഈ വിവർത്തനത്തിൽ പല ഭാഗങ്ങളും പദ്യരൂപമായുതന്നെ പ്രയോഗിച്ചിട്ടുണ്ട്. ഒന്നും നാലും ഗാഥകളും പദ്യമയങ്ങളുതന്നെ. രുചികരങ്ങളായ ശഷ്കുലി, ശക്കരയുപ്പേരി മുതലായ ഖാദ്യങ്ങളെ പൊടിയാക്കി ഭക്ഷിക്കുന്നതുപോലെ സാഹിത്യരസവാഹികളായ പദ്യങ്ങളെ ഗദ്യരൂപത്തിൽ പരിഭാഷപ്പെടുത്തുന്നതായാൽ ആസ്വാദ്യതകുറയും എന്നാണല്ലോ സാഹിത്യകലാവിദഗ്ധന്മാരുടെ മതം. ഇവയിൽ ഭൂരിപക്ഷം ഭാഷാവൃത്തങ്ങളും ബാക്കി സംസ്കൃതവൃത്തങ്ങളുമാണ്. ഗാനയോഗ്യങ്ങളായ ആറുവരി മുതലായ ഏതാനും ചിലതിനെ പഴയ എഴുത്തച്ഛൻപാട്ടുകൾ (ഓണപ്പാട്ടുകൾ) തേവാരം, ചിന്ത്, മുതലായ തമിഴ്പാട്ടുകൾ എന്നിവയുടെ മട്ടിലും, പത്തൊമ്പതാംഗാഥയിലുള്ള

ഒപ്പാരിയും മുപ്പതാംഗാഥയിലുള്ള അമ്മാന മുതലാ
യ നാലുവരിപ്പാട്ടുകളും മൂലഗ്രന്ഥത്തിൽ കാണുന്ന
മട്ടുകളിലും ഗാനങ്ങളായ്തന്നെ ഭാഷാന്തരപ്പെടുത്തി
ട്ടുണ്ട്. ഇതിലെ കഥാപാത്രങ്ങളുടേയും മറ്റും സം
സ്കൃതതത്ഭവങ്ങളായിക്കാണുന്ന പേരുകളിൽ ചില
തിനെ അവയുടെ തത്സമങ്ങളാക്കിയും ചില സം
ജ്ഞാപദങ്ങളെ യുക്തമെന്നു കാണുന്നിടത്ത് അത്ഥ
ഭേദം വരാതെ ഭാഷാന്തരംചെയ്തും ചേർത്തിട്ടുണ്ട്.

ഏഴാംഗാഥയിൽ നായികാനായകന്മാർ അ
ന്യോന്യം നിഗൂഢങ്ങളായ മനോഗതങ്ങളെ അപ്ര
സ്തുതപ്രസംഗത്രുപേണ വരിപ്പാട്ടുകൾകൊണ്ടു വ്യ
ഞ്ജിപ്പിക്കയാണു ചെയ്യുന്നത്. ഇവിടെ ആശയം ഗ
രവഗാഹമാണെന്നു പണ്ഡിതവയ്യന്മാരഭിപ്രായപ്പെ
ട്ടിരിക്കുന്നു. ഇങ്ങനെ ഗൂഢാർത്ഥങ്ങളായ അംശങ്ങൾ
മറ്റു ചില ഭാഗങ്ങളിലും കാണുന്നുണ്ട്. എങ്കിലും
കഴിയുന്നതും മനസ്സിരുത്തി കവിഹൃദയം സുഗ്രാഹ്യ
മാകത്തക്കവണ്ണം ഗദ്യപദ്യങ്ങൾക്കു സാരള്യം വരു
ത്തീട്ടുണ്ട്. മൂലഗ്രന്ഥത്തിലുള്ള ചില ഭാഗങ്ങളുടെ
വിവരണങ്ങൾ ആവശ്യമായ്കാണുന്നേടങ്ങളിൽ വ്യാ
ഖ്യാനപംക്തികളിൽനിന്നും മറ്റും ചില ഭാഗങ്ങൾ
എടുത്തു സംയോജിപ്പിച്ചിട്ടുമുണ്ട്. ഗ്രന്ഥത്തിൽ
അന്തർവിലകിടക്കുന്ന ചരിത്രം ഭ്രമിശാസ്ത്രം മുതലാ
യ വിഷയങ്ങളെ കൂടുതൽ വിവരണങ്ങളാലും അനു

ബന്ധമായ്ചേർത്തിട്ടുള്ള അഭിധാനപ്രകാശികയാലും പ്രത്യേകം വിശദമാക്കിയിരിക്കുന്നു. ഗദ്യപദ്യങ്ങളിൽ ചിലേടത്തു കഥാപാത്രങ്ങൾക്കും മറ്റും ചേർത്തിട്ടുള്ള വിശേഷണങ്ങളുടെ ബാഹുല്യവും പദ്യങ്ങളിൽ പാദങ്ങളുടേയും പാദാംശങ്ങളുടേയും ആവർത്തനവും അഭിജ്ഞന്മാരുടെ സാധുതപവിചാരത്തിനു പക്ഷവിഷയീഭവിച്ചേക്കാം; എന്നാൽ ഇതു കവിയുടെ പ്രയോഗവൈചിത്ര്യം കാണിച്ചു സാഹിത്യപ്രണയികളെ ആരാധിപ്പാൻവേണ്ടി മൂലഗ്രന്ഥത്തെ നിഴൽപോലെ അനുവർത്തിച്ചതാകുന്നു.

ഈ പരാവർത്തനത്തിന്നായി എന്നെ പ്രേരിപ്പിച്ചു വേണ്ടുന്ന ഉപദേശങ്ങളും തന്നു ഗ്രന്ഥസമാപ്തിയെ പ്രതീക്ഷിച്ചിരുന്ന ഭാഷാഭിമാനി ശ്രീമാൻ വി. കെ. അച്യുതമേനോൻ ബി. എ., എൽ. ടി., (ഉദ്യോഗമൊഴിഞ്ഞ സീനിയർ ഇൻസ്പെക്ടർ) അവർകളോടും, മണിമേഖലയുടെ വിവർത്തനം കഴിഞ്ഞതിന്നുശേഷം അതിലും കാഠിന്യമേറിയ ഈ മഹാകാവ്യത്തോടുമല്ലിടുന്നതിൽ എനിക്കുണ്ടായ അനാസ്ഥ നീക്കി ധൈര്യോത്സാഹങ്ങളെ നൽകിയ സാഹിത്യരസികൻ ശ്രീമാൻ, പി. ശങ്കരൻനമ്പ്യാർ, എം. എ. ആണേർസ്, അവർകളോടും, ഈ ഗ്രന്ഥരചനാവിഷയത്തിൽ വേണ്ടുന്ന ഉപദേശങ്ങളും നൽകിയ, പഴക്കവും തഴക്കവുമുള്ള പണ്ഡിതർ ശ്രീമാൻ

കെ. പരമേശ്വരമേനോൻ അവർകളോടും ഞാൻ കടപ്പെട്ടിട്ടുള്ള നിർവ്യാജമായ കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. ആയുർവ്വേദവിദഗ്ധനും, സാഹിത്യബന്ധുവുമായ ശ്രീമാൻ പി. നാരാണൻ നായരവർകളും എന്റെ അഭ്യർത്ഥനയെ സന്തോഷ പുരസ്സരം സ്വീകരിച്ചു തന്റെ ദേഹാസ്വാസ്ഥ്യത്തെയും അവസരക്കുറവിനേയും ഗണിക്കാതെ ഈ ഗ്രന്ഥത്തിന്നൊരു പ്രസ്താവനയെഴുതിത്തന്നതും മറ്റും സഹായിച്ചതിൽ എനിക്കുതിയായ ചാരിതാർത്ഥ്യവും കൃതജ്ഞതയുമുണ്ട്. ഈ വിഷയത്തിന്നുദ്യമിച്ചതുമുതൽ ഇതിലേക്കാവശ്യമായ ഓരോ അംശങ്ങളെ ഗ്രന്ഥാന്തരങ്ങളിൽനിന്നു തിരഞ്ഞെടുപ്പാനും മറ്റും എന്നെ സഹായിച്ചും ഈ ഗ്രന്ഥത്തെ വേണ്ടംവണ്ണം പകർത്തെഴുതിയും ഇടവിടാതെ മനഃപൂർവ്വം ഇതിൽ പങ്കുകൊണ്ട എന്റെ സഹോദരപുത്രനും വിനീതശിഷ്യനുമായ ആയുഷ്മാൻ പി. വിശ്വനാഥൻ നായരും എന്റെ അഭിനന്ദനാർത്തിന്നു പാത്രമാണെന്നുള്ളതും ഇവിടെ വിസ്മരിക്കത്തക്കതല്ല. ഭാഷാസാഹിത്യത്തിൽ ഉത്തമഗ്രന്ഥങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കേണമെന്നുള്ള തങ്ങടെ ഉദ്ദേശത്തെ പുരസ്കരിച്ച കേരളീയരുടെ മമതാബന്ധത്തെ സർവ്വഥാ അർഹിക്കുന്ന ഈ ഉത്തമകാവ്യത്തെ ഭാഷാന്തരീകരിപ്പാൻ എന്നെ ഭരമേല്പിക്കുകയും തന്മൂലം ഇന്നിക്കിഗ്രന്ഥക

ത്തുത്വം വഹിപ്പാനിടയാക്കിത്തീർക്കുകയുംചെയ്ത ഭാ
ഷാപരിഷ്കരണകമ്മിറ്റിക്കും കൃതജ്ഞതാപൂർവ്വകമായ
വന്ദനം പറഞ്ഞുകൊള്ളുന്നു.

കാവേരിയെപ്പോലെ മലനാട്ടിൽ ഉത്ഭവിച്ചു
ജന്മഭൂമിയുടെ മാഹാത്മ്യം ഗ്രഹിച്ചിരുന്നാലും സ്വ
ദേശത്തേയും സ്വജനങ്ങളേയും വെടിഞ്ഞു തമിഴ്നാ
ട്ടു പുകി അതിനെ സ്വദേശമായും നാട്ടാരെ സ്വജന
ങ്ങളായും സ്വീകരിച്ചു തന്റെ സാന്നിദ്ധ്യംകൊണ്ടു
പുഷ്ടിയും തുഷ്ടിയും വിളയിച്ചു പുകൾകൊള്ളുന്ന ഈ
കൃതിയെ ജന്മഭൂമിയിലേക്കാനയിച്ചു് തമിഴ മോടി
യിൽനിന്നു മലയാളമോടിയിലേക്കു മാറ്റി കാലാതി
പാതത്താൽ വിസ്മൃതിവന്നു തനിക്കപരിചിതന്മാരാ
യ സഹോദരീസഹോദരന്മാരെ പഴമ പറഞ്ഞു പരി
ചയപ്പെടുത്തി അകന്നിരുന്ന സഹോദരബന്ധമിണ
ങ്ങിവന്നു കാണേണമെന്നുള്ള കാംക്ഷയിന്മേലാണു
ഞാൻ ഈ വിവർത്തനത്തിനു തുനിഞ്ഞതു്. അല്ലാ
തെ ഒരു ഗ്രന്ഥകർത്തൃത്വം സിദ്ധിക്കേണമെന്ന
മോഹത്തിന്മേലോ പാണ്ഡിത്യപ്രകടനംചെയ്തു പേ
രെടുക്കേണമെന്നുള്ള ഉദ്ദേശത്തിന്മേലോ അല്ല;
ഞാൻ ഒരു ശുദ്ധമലയാളി; ഇതിന്റെ മൂലഗ്രന്ഥ
മോ പ്രൌഢമായ ഒരു ദ്രാവിഡമഹാകാവ്യം. അ
തിനാൽ ഇതിൽ വല്ല സ്ഖലിതവും വന്നുപോയിട്ടു

ണ്ടെങ്കിൽ അതിനെ സദയം ക്ഷമിച്ചുകൊള്ളേണ
മെന്നു മാന്യവായനക്കാരോടു പ്രാർത്ഥിച്ചുകൊള്ളുന്നു.

എന്ന്

നെന്മാറ,
10—2—1106.

പി. നാരായണൻനായർ,
പരിഭാഷകൻ.

പ്രസ്താവന.

പ്രൌഢമായ ഈ ചിലപ്പതികാരത്തിന്റെ മൂലഭാഷയിൽ അത്യന്തം അപരിചിതനും കേരളഭാഷാസാഹിത്യത്തിൽ അത്രമാത്രം പാണ്ഡിത്യമില്ലാത്തവനുമായ ഞാൻ ഉഭയഭാഷാവിദഗ്ധന്മാർ നിറ്വ്വഹിക്കേണ്ടതായ ഈ പ്രസ്താവനയെഴുതുന്നതിനൊരുങ്ങിയതു സാഹസംതന്നെ. ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ ഏതെങ്കിലുംവിധത്തിൽ എന്നെയും സംബന്ധിപ്പിക്കേണമെന്നുള്ള എന്റെ മാന്യസുഹൃത്തായ തജ്ജമകർത്താവിന്റെ ആശയത്തെ അനുസരിക്കുകയെന്നുള്ളതല്ലാതെ എന്റെ ഈ ആരംഭത്തിനു പറയാൻതക്ക മറ്റൊരു ഹേതുവും ഫലവുമില്ല.

കേരളഭാഷയുടെ പിതൃസ്ഥാനം സംസ്കൃതത്തിനും മാതൃസ്ഥാനം തമിഴിനുമാണെന്നുള്ള മതം പ്രായേണ വിചാരശീലന്മാർക്കു സമ്മതമാണല്ലൊ. ഈ ഭാഷാവിലാസിനിയുടെ ബാഹ്യാഭ്യന്തരങ്ങളായ ഉൽക്കൃഷ്ടങ്ങൾക്കുപയുക്തമായ സകല സമ്പത്തും അച്ഛനമ്മമാരിൽനിന്നു ലഭിക്കേണ്ടതാണെന്നതിനു സംശയമില്ല. കിട്ടാനർഹതയുള്ള വഹകളെ കാലോചിതമായി പിരിച്ചെടുത്തു യഥായോഗ്യം വിനിയോ

ഗിക്കുകയെന്നുള്ളതു് ഇവളുടെ സ്തന്യപാനംകൊണ്ടു വളർന്നുവന്നിട്ടുള്ള നല്ല പുത്രന്മാരുടെ കർത്തവ്യങ്ങളിൽ മുഖ്യമായിട്ടുള്ളതാണു്. അനേകദേശഭാഷകളുടെ ജനകനായ പിതാമഹന്റെ അനാദ്യന്തമായ ഭണ്ഡാഗാരത്തിൽനിന്നു മഹാഗ്രങ്ങളായ രത്നങ്ങളെ മുറയ്ക്കു ഭാഗിച്ചെടുത്തു് ഈ തായ്മുഴിക്കു മുതലുണ്ടാക്കുന്നതിനുതന്നെ ഇവർ ആദ്യംമുതല്ക്കു പ്രവർത്തിച്ചുവന്നിട്ടുമുണ്ടു്. ഇതിന്റെ ഫലമായി 'അദ്ധ്യാത്മരാമായണം' മുതൽ 'നൈഷധം'വരെയും, 'കാലദീപകം'മുതൽ 'ബൃഹജ്ജാതകം'വരേയും, 'കൈരവഗ്രാമം'മുതൽ 'ചരകസുശ്രുതങ്ങൾ' വരേയും, 'ഹരിനാമകീർത്തനം'മുതൽ 'ഉപനിഷത്തുകൾ' വരേയും ഓരോ ശാഖകളിലുമുള്ള വിദ്യാനിക്ഷേപകൃഭങ്ങൾ ഇതേമാതിരി വേറെയും കേരളഭാഷയ്ക്കു ലഭിച്ചിട്ടുണ്ടു്. വ്യാകരണന്യായധർമ്മശാസ്ത്രമന്ത്രതന്ത്രാദികളായ വിവിധവിദ്യാപ്രസ്ഥാനങ്ങളിൽനിന്നും അപ്പപ്പോളായി പലതും ഇങ്ങോട്ടു കടത്തിക്കഴിഞ്ഞിട്ടുണ്ടു്. ഈ അത്ഥസമ്പാദനപ്രയത്നം തരംപോലെയൊക്കെ ഇന്നും നിഷ്കൃഷ്ടത്തോടെ നടന്നുവരുന്നു. വർദ്ധിച്ചുവരുന്ന ഈ ഭാഷാകുടുംബത്തിൽ എത്രതന്നെ ആയാലും അത്യാവശ്യങ്ങൾക്കും സുഖവൃത്തിക്കും കുന്നും മതിയാകാതെ വരുന്നു എന്നു മാത്രമല്ല എതിരില്ലാതെ വളർന്നുല്ലസിച്ചുംകൊണ്ടുവരുന്ന സഹോദരിമാരോടു കിടപിടിക്കാനുള്ള സംരംഭം കേര

ളഭാഷയ്ക്കും സ്വാഭാവികമായി വർദ്ധിച്ചുവന്നിട്ടുണ്ട്. തന്റെ അഭ്യുദയത്തിനും ക്രമത്തിൽ സ്വതന്ത്രമായ ജീവിതത്തിനും വേണ്ടുന്ന സകലസാമഗ്രികളും ശേഖരിച്ചുപ്പിച്ചുശ്വസിക്കുന്നതിന്നായി ഇനിയും നിരന്തരം ആയാസപ്പെട്ടുകൊള്ളണമെന്നുള്ള വാത്സല്യപൂർവ്വകമായ മാതൃശാസനം ഇപ്പോഴും നിലവിലിരിക്കുന്നതുനിമിത്തം ഈ കുഡുംബത്തിലെ അംഗങ്ങൾ പല വഴികളിലും ഏറക്കുറെ സഫലമായിത്തന്നെ പരിശ്രമിച്ചുകൊണ്ടേ ഇരിക്കുന്നു. ഇവർ മുത്തശ്ശിയുടെ പഴയ റിക്കാർട്ടുകൾ പരിശോധിച്ചു പല വിലപിടിച്ച വസ്തുക്കളും കണ്ടുപിടിക്കുന്നു. കാലദേശോചിതമായ സംസ്കാരങ്ങളെക്കൊണ്ടു യോഗ്യത വരുത്തിയും വല്ലതുംചെയ്തു വിലകെട്ടുക്കാതെ—വെളുക്കാൻ തേച്ചു പാണ്ടു പിടിപ്പിക്കാതെ, പഴമയും പരിശുദ്ധിയും കളയാതെ—അങ്ങനെതന്നെ പൊടി തട്ടിത്തുടച്ചു സ്വന്തം മുദ്രവച്ചെടുത്തും സൂക്ഷിക്കുന്നു. വയസ്സു കൂടിവരുന്തോറും യൌവനപുഷ്ടിയും പ്രൌഢിയും കൂടിക്കൂടിവരികയും ഉൽകൃഷ്ടത്തിന്നുള്ള മോഹം തീവ്രമായിത്തീരുകയും ചെയ്തുയെന്നുള്ളതു ഭാഷകൾക്കുള്ള പ്രത്യേകസ്വഭാവമാകുന്നു. അതുകൊണ്ടു് അന്നന്നുണ്ടാകുന്ന സന്താനങ്ങൾ കുഡുംബകുക്ഷിപൂരണത്തിൽ ആത്മപരിത്യാഗംചെയ്തതന്നെ കാലം നയിക്കണമെന്നതു നിത്യമായ മാതൃ

നിയോഗം. സ്വാഭാവികവും സാവ്ത്രികവുമായ ഈ നിയമത്തിന്നനുസരിച്ചു പല മാന്യന്മാരും മേൽപറഞ്ഞപ്രകാരം തമിഴഭാഷയിൽനിന്നും പല വിശിഷ്ടഗ്രന്ഥങ്ങളേയും മലയാളത്തിൽ തർജ്ജമചെയ്തുയും സാരം ഗ്രഹിച്ചു സംഗ്രഹിച്ചെഴുതുകയും മറ്റും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഭാഷാഭിമാനികളുടെ പ്രോത്സാഹനവും അനുമോദനവും അത്യാവശ്യകമായ ഈ ഉത്തമോദ്യമത്തെ ഉത്തേജനംചെയ്യുന്നതുമുണ്ട്. ഈ നിലയിൽ ചിലപ്പതികാരത്തിന്റെ ഈ തർജ്ജമയുടെ ആവിർഭാവം എത്രമാത്രം പ്രശംസനീയമായിട്ടുണ്ടെന്നു് ഇനി ചേറെ പറയേണ്ടതില്ലല്ലോ. ഒരു നല്ല സംസ്കൃതപണ്ഡിതനായ ശ്രീമാൻ പി. നാരായണൻനായരവർകൾ തമിഴകാവ്യത്തിന്റെ തർജ്ജമയ്ക്കാരംഭിച്ചതെന്താണെന്നുള്ള ആകാംക്ഷയ്ക്കു സമാധാനവും ഈ നിരൂപണത്തിലടങ്ങിയിരിക്കുന്നുണ്ട്.

പ്രസ്താവനയിൽ അവശ്യം വക്തവ്യങ്ങളായ ഭാഗങ്ങൾ മുഴുവനുംതന്നെ ഈ ഗ്രന്ഥത്തിന്റെ മുഖവുരയിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതിനാൽ മുഖ്യമായി രണ്ടു സംഗതികളെ മാത്രമെ ഞാനിവിടെ പ്രസ്താവിക്കേണ്ടതായി കാണുന്നുള്ളൂ. അവയിൽ ഒന്നു് ഈ കാവ്യത്തിന്റെ സ്വരൂപത്തെപ്പറ്റിയും മറ്റേതു തർജ്ജമക്കാരനെ പറ്റിയുമാകുന്നു. ഏതു പ

ണ്ഡിതന്മാരും ദുരവഗാഹമായ രീതിയിലെഴുതപ്പെട്ട ഇതിന്റെ മൂലഗ്രന്ഥത്തെ വിമർശിക്കുന്നതിന്നു് എന്നെപ്പോലെയുള്ളവർ അസമർത്ഥന്മാരാകയാൽ എന്റെ ഈ നിരൂപണം അപര്യാപ്തമായിരിക്കയേ ഉള്ളൂ എന്നു പറയേണ്ടതില്ലല്ലോ. തമിഴിൽ അതിപ്രൌഢങ്ങളായ പുരാതനകാവ്യഗ്രന്ഥങ്ങൾ അഞ്ചെണ്ണമുള്ളതിൽ ചിലപ്പതികാരം ഏറ്റവും പ്രധാനമായി ഗണിക്കപ്പെട്ടിരിക്കുന്നു. അപ്രസിദ്ധപദപ്രയോഗബാഹുല്യവും ഗൂഢനിക്ഷിപ്തസാരവും ദുരവഗാഹാർത്ഥകല്പനവും അസാധാരണവർണ്ണനഭ്രയിഷ്ഠവുമായ ഈ ഗ്രന്ഥത്തെ തർജ്ജമചെയ്യുകയെന്നതു കഷ്ടവും വിഷമവുമായ ഒരു പ്രയത്നമാണെന്നല്ലാതെ ഈ പരിശ്രമം സരളവും രസകരവുമായ ഒരു വിനോദമാണെന്നോ മറ്റൊരാളും വിചാരിക്കുന്നതല്ല. മൂലഗ്രന്ഥത്തിന്നു് ഇപ്പോൾ പ്രസിദ്ധംചെയ്യുകാണുന്ന വ്യാഖ്യാനത്തിന്റെ സഹായത്താൽ മേൽപറഞ്ഞ അഭിപ്രായം മറിച്ചായിട്ടുണ്ടെന്നഭിമാനിക്കാനവകാശം ലഭിച്ചിട്ടുമില്ല. ആ വ്യാഖ്യാനം പല ഘട്ടങ്ങളിലും മൂലത്തെപ്പോലെതന്നെ പ്രൌഢവും കഠിനവുമായിട്ടുള്ളതാകുന്നു. അതു തമിഴ്ഭാഷാപാണ്ഡിത്യം പൂർണ്ണമായി സമ്പാദിച്ചിട്ടുള്ള ചില അധികാരികൾക്കുമാത്രം ഉപയുക്തമായിരിക്കുന്നതാണു്. മൂലഗ്രന്ഥത്തെ പ്രസിദ്ധംചെയ്ത പണ്ഡിതർ വി. സ്വാമിനാഥ

യുടെ നിരന്തരവും ശുദ്ധവുമായ പരിശ്രത്താൽ ആ ഗ്രന്ഥത്തിൽ ചേർത്തിയിട്ടുള്ള "അരുംപതവകരാതി" "അപിതാനവിളക്കം" "അരുംപതവുരൈ" മുതലായ ചില താക്കോലുകൾ കൂടി കിട്ടീട്ടില്ലെങ്കിൽ ഈ മുത്തശ്ശിയുടെ പഴയ പണ്ടങ്ങൾ സൂക്ഷിച്ചുവെച്ചിട്ടുള്ള ഇരിമ്പുപെട്ടി ഇന്നുള്ളവക്കൊന്നും തുറന്നു കാണാൻ തരംവരാതെ മണ്ണുപിടിച്ചു കിടന്നുപോയേനേ. ആവക സംതരണോപായങ്ങളെക്കൊണ്ടുപോലും ഈ സമുദ്രം കടക്കുന്നതിന്നു എത്രമേൽ ബുദ്ധിമുട്ടുണ്ടെന്നു സാമാന്യം ഒന്നറിയാൻ വേണ്ടി ഞാൻ ഈ തർജ്ജമയിൽ ഒന്നുരണ്ടംശങ്ങളെ മാത്രം മൂലഗ്രന്ഥത്തോടൊത്തുനോക്കിയതിൽ തർജ്ജമക്കാരന്റെ ക്ഷമയും അദ്ധ്വാനശീലവും ആലോചനശക്തിയും ഇതിൽ വളരെ അധികം ചിലവായി പോയിട്ടുണ്ടെന്ന് എനിക്കു ബോദ്ധ്യം വന്നു.

സാഹിത്യശാസ്ത്രകാരന്മാർ നിഷ്കൃഷ്ടപൂർവ്വം നിരൂപണംചെയ്തിട്ടുള്ള ലക്ഷണങ്ങളോടു പ്രായേണ ദ്രാവിഡഭാഷാകാവ്യങ്ങൾക്കു പറയത്തക്ക സംബന്ധമൊന്നുമില്ലാത്തമട്ടാണു കാണുന്നതു്. കാവ്യങ്ങളെ രസപ്രധാനങ്ങളെന്നും ധർമ്മപ്രധാനങ്ങളെന്നും ഉഭയപ്രധാനങ്ങളെന്നും മൂന്നായി തരംതിരിക്കാമെങ്കിൽ ഈ കാവ്യത്തെ ധർമ്മപ്രധാനമാണെന്നു പറയാം. "പിവാഹാനന്തരം വേശ്യാ (മാധവീ) ലംപടനായി ക്ര

രെക്കാലം വിഷയരസനിമഗ്നനായിരുന്നു് ഒടുക്കം നി
ഭ്രനനായിത്തീന്ന കോവലൻ പശ്ചാത്തപിച്ചു പ
തിവ്രതയായ തന്റെ പത്നിയെത്തന്നെ ശരണം
പ്രാപിക്കയും അച്ഛനമ്മമാരേയും സ്വദേശത്തേയും
വെടിഞ്ഞു ഭാര്യയോടുകൂടി മധുരാനഗരത്തിൽ ചെ
ന്നു് അവളുടെ ഒരു കാൽച്ചിലമ്പു വിറ്റു വല്ലതും വാ
ങ്ങി നാഥകഴിക്കാമെന്നുവെച്ചു് അതുംകൊണ്ടു രാജ
ദ്വാരത്തിൽ ചെല്ലുകയും അവിടെ ഒരു തട്ടാന്റെ ച
തിപ്രയോഗത്താൽ രാജഭടന്മാരാൽ വധിക്കപ്പെടുക
യും ആ വിവരം അറിഞ്ഞു ഭാര്യ (കണ്ണകി) ക്രോധാ
വിഷ്ടയായി രാജധാനിയിൽ പ്രവേശിച്ചു് ഭീഷണമാ
യ രൌദ്രഭാവത്തിന്നനുരൂപങ്ങളായ ചേഷ്ടിതങ്ങളെ
ക്കൊണ്ടു പാണ്ഡ്യരാജാവിനെ ഭയപശ്ചാത്താപശോ
കാവേഗനിഹതനാക്കിത്തീർക്കുകയും ചെയ്തശേഷം
സതീധർമ്മാനുസാരേണ സ്വയം അഗ്നിപ്രവേശംചെ
യ്തു പരലോകത്തിൽ ഭർത്തൃസമാഗമം പ്രാപിക്കയും
ചെയ്തു.” എന്നിങ്ങനെയാണു് ഇതിലെ യഥാർത്ഥ
കഥാസ്വരൂപമെന്നു വിചാരിക്കാവുന്നതാണു്. വർണ്ണ
നങ്ങളെക്കൊണ്ടും അലങ്കാരങ്ങളെക്കൊണ്ടും കഥ
യിൽ വന്നുകാണുന്ന വികാരങ്ങളും ചൂചുകോദ്ഗര
ണപൂർവ്വമായ നഗരഭസ്മീകരണം മുതലായ അമാനു
ഷപ്രഭാവപ്രദർശനങ്ങളും മറ്റും രസപോഷണലാല
സനായ കവിയുടെ കല്പനാവിശേഷങ്ങളായിരിക്കു

മെന്നു് ഉൗഹിക്കേണ്ടിയിരിക്കുന്നു. രസഭാവവികല്പനം ചെയ്തുംകൊണ്ടു ഈ കഥയെ പല കവികളും പലവിധത്തിൽ നാടകമായും മറ്റും വേറെയും എഴുതീട്ടുണ്ടെന്നുള്ളതും ഇവിടെ സ്മരിക്കാവ്യമാകുന്നു. ഏതായാലും ഇതിൽ നായകന്റെ ശൌര്യപരാക്രമങ്ങളെ വർണ്ണിച്ച വീരരസത്തേയോ വിപ്രലംഭസംഭോഗാദിവർണ്ണനത്താൽ ശൃംഗാരത്തേയോ അങ്ങിയായിപോഷണംചെയ്യാൻ കവി ഉദ്ദേശിച്ചിട്ടില്ല. ലൌകികവ്യവഹാരങ്ങളിൽ മങ്ങിയും വിളങ്ങിയും കുറഞ്ഞും നിറഞ്ഞും ഉറച്ചും ഇളകിയും കാണാറുള്ള രതിശോഭാദിഭാവങ്ങളെപ്പോലെ സർവ്വത്ര ചില രസസ്ഥലിംഗങ്ങൾ കാണപ്പെടുന്നുണ്ടെന്നോ പറയേണ്ടതുള്ളൂ. ഇതിൽ പ്രധാനപാത്രമായ നായികയുടെ പ്രഭാവംതന്നെ കഥാവസാനസംഭവങ്ങളിൽ മാത്രമായി സ്ഫുരിക്കുന്നതേയുള്ളൂ. അതുതന്നെ അമാനുഷസിദ്ധികളും കൂട്ടിയൊപ്പിച്ച(ഗാഥ 22)മട്ടിലാണുതാനും. ഭർത്തൃവിയോഗത്തിനു ഹേതുവായ പാണ്ഡ്യരാജാവിനെ സകുലം കോപാഗ്നിയിൽ ദഹിപ്പിച്ച കണ്ണകിയെക്കൊണ്ടു സഹൃദയാസ്വാദ്യമായ വല്ല രസത്തേയും കവി ഉൽബോധിപ്പിക്കുന്നുണ്ടെന്നു പറയുന്നതിനേക്കാൾ പാതിവ്രത്യനിഷ്ഠയുടെ മാഹാത്മ്യവും അസമീക്ഷ്യകാരിതയുടെ അനിഷ്ഠഫലവും ഈ വ്യവഹാരത്തിൽ തെളിയിച്ചിരിക്കുന്നു എന്നു പറയുന്നതാണു യുക്തതരം. മധുരാധിപന്റെ വാക്കിൽ പിണഞ്ഞ

പിഴവാണു കോവലവധത്തിനു കാരണമെന്നും അ
തിനു ജന്മാന്തരകർമ്മം നിമിത്തമാണെന്നും പറ
ഞ്ഞു കഥാസംഗ്രഹത്തിൽ സ്പഷ്ടമായ പുരാണസൌ
ന്ദര്യത്തെ കവി ആഗ്രഹിച്ചിരിക്കുന്നു. ഇങ്ങനെ പുരാ
ണാത്മകമായ വരുത്തി അസാധാരണസംഭവങ്ങളെക്കൊ
ണ്ടു വായനക്കാരുടെ ഹൃദയത്തിൽ ഭയഭക്തിവിസ്മ
യാദിഭാവങ്ങളെ അങ്കുരിപ്പിച്ചുകൊണ്ട് ഒരു യഥാ
ർത്ഥസംഭവത്തെ കാവ്യരൂപേണ വർണ്ണനംചെയ്യുന്ന
തായിട്ടാണു കവി അഭിമാനിക്കുന്നതെന്നു് ഈ ഗ്രന്ഥ
ത്തിലെ പല ഘട്ടങ്ങളും തെളിയിക്കുന്നുണ്ട്. കണ്ണ
കീദേവിയുടെ പ്രതിഷ്ഠയും പൂജാദികളും ഈ ത
ത്വത്തെ വ്യക്തമാക്കീട്ടുമുണ്ട്.

ചോളപാണ്ഡ്യചേരരാജാക്കന്മാരെയും രാജ്യങ്ങ
ളെയും വർണ്ണിക്കുക, അവരുടെ ധർമ്മദീക്ഷയും ഭരണ
പ്രകാരവും അനുകരണീയമാണെന്നു ബോധിപ്പിക്കു
ക, അവരുടെ ഭരണകാലത്തു തമിഴ്നാട്ടിലെ പരിത
സ്ഥിതികളെ— മതാചാരവിവാഹസമ്പ്രദായങ്ങളും,
ഗീതനൃത്തവാദ്യാദികലകളും, കുറവർ മറവർ മുത
ലായ പല ജാതിക്കാരുടേയും ഐഹികാമുഷ്മിക
വ്യവഹാരങ്ങളും, ഭൂമിയുടെ ഫലപുഷ്ടി മുതലായവ
യെ—രേഖപ്പെടുത്തുക, തത്തദ്ദേശാധിപന്മാരിൽ
പ്രജകൾക്കുള്ള ഭക്തിപാരവശ്യത്തേയും മറ്റും വ
ർണ്ണിച്ചുറപ്പിക്കുക, ഇങ്ങനെ ചില പ്രയോജനങ്ങളെ

ഈ കാവ്യകാരൻ മുഖ്യമായി കരുതീട്ടുണ്ടെന്നു കാണുന്നുണ്ട്. മംഗളാചരണത്തിൽത്തന്നെ തുടങ്ങിവെച്ച് തരംകിട്ടുമ്പോഴെല്ലാം തുടർന്നുകൊണ്ടുപോകുന്ന കവിയുടെ രാജപ്രശംസാഭിരുചി ഇതിൽ വ്യക്തമായി പ്രകാശിക്കുന്നുണ്ട്. ആ കാലത്തു (1760 വർഷംമുമ്പ് എന്നൊരു പക്ഷം) ബുദ്ധമതത്തിന്നു സർവ്വത്ര പ്രചാരമുണ്ടായിരുന്നതായി കവി കാണിച്ചതരുന്നുണ്ടെങ്കിലും ആ സമ്പ്രദായത്തിന്നനുരൂപമല്ലാത്ത ഹിംസകളും (നരബലികൾപോലും) യാഗാദികർമ്മങ്ങളും ബ്രാഹ്മണമതപ്രതിഷ്ഠയും അവിടവിടെ വർണ്ണിക്കപ്പെട്ടിരിക്കുന്നു. വീരബൌദ്ധന്മാരും വീരവൈദികന്മാരുമില്ലാതായിത്തീരുകനിമിത്തം രണ്ടുമതക്കാരും തമ്മിലിണങ്ങി അവരവരുടെ ധർമ്മപദ്ധതികളെ മാറുള്ളവർക്കു വിരോധമില്ലാത്ത വിധത്തിൽ വിശ്വസിച്ചാചരിച്ചുവന്നിരുന്ന വിധത്തിലാണ് ഇതിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നത്. നായകനും മറ്റും ബുദ്ധമതക്കാരാണെന്നും വേദാദികളെക്കാൾ അവർക്കു ബുദ്ധവചനങ്ങളിൽ അധികം വിശ്വാസമുണ്ടെന്നും (ശ്ലോ 11) ഇതിൽ പ്രതിപാദിച്ചുകാണുന്നു. എങ്കിലും ഇതിലുള്ള ഭഗവതീപ്രതിഷ്ഠ, വൈദികകർമ്മങ്ങൾ മുതലായ പല പ്രധാനസംഗതികളിലും ബുദ്ധമതസിദ്ധാന്തത്തെത്തീരെ വിസ്മരിച്ച നിലയിലാണ് കഥയുടെ ഗതി. ബുദ്ധവിഹാരങ്ങൾ, ബുദ്ധസന്ന്യാസികൾ മുതലായ

തിനെപ്പറ്റി കവി സാദരം വർണ്ണിച്ചിരിക്കുന്നതും മ
റ്റും നോക്കുമ്പോൾ കഥ നടന്ന കാലത്തിനേറയും
കാവ്യനിർമ്മാണകാലത്തിനേറയും മതാചരണങ്ങൾ
വിഭിന്നരീതിയിലായി തീർന്നിരിക്കകൊണ്ടായിരിക്കു
മോ വിപ്രതിഷേധമുണ്ടായിത്തീർന്നതെന്നാലോചി
ക്കേണ്ടതാണ്.

സാക്ഷാൽ കണ്ണകീദേവിയുടെ പ്രതിഷ്ഠയാണ്
കൊടുങ്ങല്ലൂർ ഭഗവതിയെന്നും ആ ദേവിയുടെ ശ
ക്തിയെ ആവാഹനംചെയ്തു പലടിക്കിലും—സിംഹ
ളദേശത്തിലും—പ്രതിഷ്ഠയും മാറും ഉണ്ടായിട്ടുണ്ടെ
ന്നും ഈ കഥയിൽനിന്നറിയപ്പെടുന്നുണ്ട്. മലയാള
ത്തിൽ കാണുന്ന ഭഗവതിമാർ മിക്കതും കൊടുങ്ങല്ലൂ
രമ്മയോടും ആ വഴിക്കു കണ്ണകീദേവിയോടും സം
ബന്ധപ്പെട്ടിരിക്കുന്നതായി കാണുന്നതിനാൽ ഈ
കാവ്യത്തിലെ കഥയ്ക്കു കേരളത്തോടു ഗാഢമായ ബ
ന്ധമുണ്ടെന്നു സ്പഷ്ടമായിരിക്കുന്നു. കൊടുങ്ങല്ലൂർഭഗവ
തിയെ സംബന്ധിച്ച് ഈ പ്രദേശങ്ങളിൽ പ്രസിദ്ധ
മായ "നെല്ലുമ്മത്തോറ്റം" എന്ന പാട്ടിലുള്ള കഥ
യും ഈ കാവ്യത്തിലെ കഥയും മിക്കതും യോജിച്ചി
രിക്കുന്നു. അല്പം ചില വ്യത്യാസം കാണുന്നതു കവി
സൃഷ്ടിവിശേഷമായിരിക്കുമെന്നു വിചാരിക്കാനേ ഉ
ള്ളൂ. കണ്ണകി തന്റെ ഭർത്താവു മരിച്ചു കിടക്കുന്ന
സ്ഥലത്തു ചെന്ന് ആ ചോരപുരണ്ട ശരീരത്തെ ആ

ലിംഗനംചെയ്തു നിണമണിഞ്ഞു് രൌദ്രഭാവത്തിൽ ഭയങ്കരമായി അട്ടഹസിക്കയും ധമ്മാധമ്മങ്ങളെ ഉച്ചത്തിൽ ഘോഷിക്കയും ഭയവിസ്മയാകുലന്മാരായ പൌരന്മാർ എന്തു ചെയ്യേണമെന്നറിയാതെ പ്രസാദിപ്പിക്കുന്നതിന്നുത്സുകരായി ദേവിയെ ഭക്തിവിനയാദികളോടുകൂടി അനുസരിക്കുകയും ചെയ്തുകൊണ്ടു പാണ്ഡ്യരാജധാനിയിൽവെച്ചു കഴിഞ്ഞതായ ആ സമ്മേളനവും കേരളത്തിൽ ഭഗവതിആവേശം കൊണ്ടുവെളിച്ചപ്പാടന്മാർ ചുവന്നകുറയുംധരിച്ചു തല പിരിച്ചിട്ടു വെട്ടിയാട്ടി അട്ടഹസിച്ചുരൊദ്രഭാവത്തിൽ നൃത്തംചെയ്തുംകൊണ്ടു ദേശക്കാർ ഭയഭക്തികളോടുകൂടി തൊഴുതപേക്ഷിച്ചു സേവിച്ചുംകൊണ്ടു നടന്നുവരുന്ന വേല മുതലായ അടിയന്തരങ്ങളുടെ സമ്പ്രദായവും കൂടി ആലോചിക്കുമ്പോൾ നമ്മുടെ ഭഗവതിമാരെല്ലാം ആ കണ്ണകീദേവിതന്നെ എന്നു പറയാൻ തോന്നുന്നു. ഒരു ചിലമ്പു കയ്യിലെടുത്തട്ടഹസിച്ചു വാളെടുത്തു വെട്ടിക്കാട്ടുന്ന ഭഗവതിയുടെ ഒന്നാമത്തെ ആവേശരംഗവും രാജസന്നിധിയിൽവെച്ചു രൌദ്രഭാവാവിഷ്ടയായി ദേഹവും മനസ്സും വിറച്ചുകൊണ്ടും ക്ഷോഭിച്ചുകൊണ്ടും ഇണചിലമ്പിനെ പരിശോധനയ്ക്കായി കൂട്ടിക്കിവെച്ചുകൊടുത്ത കണ്ണകിയുടെ ക്രോധവിജൃംഭിതാവസ്ഥയും തമ്മിൽ നല്ല യോജിപ്പുണ്ടെന്നു കാണുന്നു. കളി, വേല, വെടി,

വിളക്ക്, പാന, പാട്ട്, പൂരം എന്നിവയും കമ്പം, ബാണം മുതലായ അഗ്നിമയങ്ങളായ വിലാസങ്ങളോടുകൂടി ഭഗവതികൾക്കായി നടത്തപ്പെടാറുള്ള മറ്റു പല ഉത്സവങ്ങളും ആ കണ്ണകീദേവിയുടെ അഗ്നിപ്രവേശവൃത്താന്തത്തിന്റെ അല്ലെങ്കിൽ മധുരാപുരദാഹത്തിന്റെ സ്മാരകങ്ങളായി ഇരിക്കാനിടയുണ്ട് (ഗാഥകൾ 12, 19, 21). നൊമ്മടെ വെളിച്ചപ്പാടും കല്പനയും മറ്റും എന്തിനെ ആസ്പദിച്ചുണ്ടായതാണെന്നന്വേഷിക്കുന്ന വിമർശകന്മാർക്ക് ഈ ചിലപ്പതികാരം ഗണ്യമായ ഒരു സമാധാനം നൽകുന്നതാണ്. ഒറുമുലച്ചി, (ഗാഥ 24) കണ്ണയമ്മൻ എന്നിങ്ങനെയുള്ള പേരിൽ തന്നെ ചില ദിക്കിൽ ഭഗവതീപ്രതിഷ്ഠകൾ ഉണ്ടെന്നുള്ളതും ഈ ഘട്ടത്തിൽ വിചാരിക്കാനുള്ളതാകുന്നു. പുരാണപ്രസിദ്ധമായ സാക്ഷാൽ ഭദ്രകാളീചരിതത്തെ അനുകരിച്ചും അസാധാരണപരാക്രമത്തോടിരുന്ന മരിച്ചുപോയ ചിലരുടെ പ്രേതങ്ങളെ സംബന്ധിച്ചും കേരളത്തിൽ ക്ഷേത്രങ്ങളും ആവേശങ്ങളും ഉത്സവങ്ങളും മറ്റുമുണ്ടെങ്കിലും കണ്ണകീദേവിയുടെ ചരിത്രസ്മാരകമായ പലതും ഇവിടെ പ്രധാനഭാവത്തിൽ ആദരിക്കപ്പെടുന്നുണ്ടെന്നു മേൽപറഞ്ഞ സംഗതികളാൽ വെളിപ്പെട്ടിരിക്കുന്നുണ്ട്.

നഗരം, ഗ്രാമം, രാജധാനി, വനം, സൈന്യ

ദൃശ്യസന്നാഹം, ശില്പവൈചിത്ര്യം, രത്നങ്ങൾ, ചന്ദ്രസൂര്യസന്ധ്യാരാത്രികൾ തുടങ്ങിയ പല വിഷയങ്ങളും ഈ ഗ്രന്ഥത്തിൽ വർണ്ണിക്കപ്പെട്ടിട്ടുണ്ട്. 3-ാം ഗാഥയിലെ നാട്യം, രംഗവിധാനം മുതലായവയുടെ വർണ്ണനം, 5-ാംഗാഥയിലെ ഇന്ദ്രോത്സവനഗരവർണ്ണനം, 15-ലെ യുദ്ധതന്ത്രസാമഗ്രീസഹിതദൃശ്യവർണ്ണനം, 18-ലെ സതീസന്നാഹവർണ്ണനം, 22-ലെ ലോഹാദിരചിതശില്പവർണ്ണനം മുതലായ ഭാഗങ്ങൾ വിശേഷിച്ചും രസകരങ്ങളും വിജ്ഞേയങ്ങളുമായ അംശങ്ങളാകുന്നു. വിവാഹം മുതലായ ചടങ്ങുകളിലെന്നപോലെ രാജസേവ, വേശ്യാവൃത്തി (ഗാഥ 13) മുതലായ കാര്യങ്ങളിലും ബ്രാഹ്മണന്റെ പ്രവേശം വർണ്ണിക്കപ്പെട്ടിട്ടുണ്ട്. ബ്രാഹ്മണൻ, ക്ഷത്രിയൻ, വാണികൻ, വേളാളൻ എന്നിങ്ങനെയാണ് ഈ കാവ്യത്തിലെ ചാതുർവ്വർണ്യം. ശൂദ്രസംജ്ഞ അവജ്ഞാഹേതുവായി അന്നും വിചാരിക്കപ്പെട്ടിരിക്കും. പതിവ്രതാപ്രശംസയിൽ അരുന്ധതീസാദൃശ്യം—സാവിത്രി, സീതാ മുതലായവരെ വിട്ട്—അംഗീകരിക്കപ്പെട്ടിരിക്കുന്നു. അർത്ഥകാമങ്ങൾ ദുഃഖമയങ്ങളാണെന്നും മറ്റും കവുന്തി അടികൾ (ഗാഥ 14) ചെയ്തിട്ടുള്ള ഉപദേശം വിശിഷ്ടരീതിയിലായിട്ടുണ്ട്. ഹിംസ, അസത്യം മുതലായ പാപകർമ്മങ്ങളെ പല മട്ടിലും നിന്ദിക്കയും പാതിവ്രത്യം, രാജധർമ്മം മുതലാ

യതിനെ സർവ്വോപരി ശ്ലാഘിക്കയും ചെയ്യുന്ന വചനങ്ങളും സന്ദർഭങ്ങളും ഇതിൽ സുലഭങ്ങളാകുന്നു.

ഇതിൽ ഉൽപ്രേക്ഷാലംകാരപ്രയോഗ (2, 22 ഗാഥകളിലും മറും) ങ്ങളധികമായി കാണുന്നുണ്ട്. രൂപകം, ഉപമ, അതിശയോക്തി മുതലായതും അപ്രസ്തുതപ്രശംസ, പ്രസ്തുതാങ്കുരം മുതലായ അന്യാപദേശങ്ങളും (ഗാഥ 13) ശ്ലേഷം മുതലായതും കുറ്റം പറ്റില്ലെമല്ല. എന്നാൽ നേത്രങ്ങൾക്കു ശക്തി (വേല്) എന്ന ആയുധത്തോടുള്ള സാദൃശ്യം, അധരത്തിനു പൂളപ്പൂവോട സാമ്യം, "ചുണങ്ങണിഞ്ഞ മുല," ആളിത്യനിൽനിന്നശരീരിവാക്കുണ്ടാവുക എന്നിങ്ങനെ കാണപ്പെടുന്ന ചില പ്രത്യേകവർണ്ണനപ്രകാരങ്ങൾ ദ്രാവിഡകാവ്യങ്ങൾക്കുള്ള വിലക്ഷണസ്വഭാവത്തിനുദാഹരണങ്ങളാകുന്നു.

മൂലം പദ്യരൂപമാണെങ്കിലും തർജ്ജമ അധികഭാഗം ഗദ്യരീതിയിലാണല്ലോ. തർജ്ജമയുടെ മുഖ്യപ്രയോജനം മൂലവാക്യാർത്ഥമാകകൊണ്ട് അതിനു ഗദ്യവിവർത്തനം നല്ലൊരുപായംതന്നെ. എന്നാൽ പദ്യങ്ങളിലുള്ള അതേ പ്രയോഗങ്ങളെത്തന്നെ അതേ രീതിയിൽ ഗദ്യമാക്കീട്ടുള്ളതും കഴിയുന്നത്ര മൂലഭാഷയുടെ പ്രത്യേകഭംഗിയെ തർജ്ജമയിൽ കൊണ്ടുവന്ന് ആ പഴയ രീതിയിൽത്തന്നെ വായിക്കുന്നവർക്കറിവാനിടവരുത്തീട്ടുള്ളതും എടുത്തുപറയാൻതക്ക ഒരു

വിശേഷവിധിതന്നെ. മലയാളത്തിൽ നടപ്പുള്ള "ദാരികവധം" മുതലായ ചൂണ്ണികകളുടെ ഗതിയെ അനുകരിക്കുന്ന വാക്യങ്ങൾ ഇതിൽ പലേടത്തും കാണ്മാനുണ്ടെങ്കിലും പല ദിക്കിലും നവീനപരിഷ്കൃത ഭാഷാരീതിയിൽ ഭംഗിയായി തർജ്ജമചെയ്തിട്ടുള്ളതുമുണ്ട്. സംസ്കൃതപദങ്ങൾ ഇതിൽ വളരെ കുറയ്ക്കുണമെന്നും ദ്രാവിഡഭാഷാപദങ്ങളെ കഴിയുന്നതും അധികം കൂട്ടിയിണക്കിക്കൊണ്ടുപോകണമെന്നും തർജ്ജക്കാരൻ സങ്കല്പിച്ചു ഫലിപ്പിച്ചു കാണുന്നുണ്ടെങ്കിലും പ്രസംഗവശാൽ "ഉച്ചിരസുരഭിലബീജാന്തരിതകുസുമാകീർണ്ണ"മായ ഉപവനത്തിന്റെ വർണ്ണനത്തിലും മറ്റും സംസ്കൃതബാഹുല്യം വന്നുപോയിട്ടുള്ളതു ശൈലീവൈചിത്ര്യരസികന്മാർക്കു കൌതുകപ്രദമായിരിക്കുന്നുണ്ട്. മലയാളത്തിൽ പണ്ടേ നടപ്പുള്ള നാടൻപാട്ടുകളുടെ രീതിയിൽ പല ഭാഗങ്ങളും തർജ്ജമയിലുണ്ടെന്നതിനു പുറമെ തമിഴ്വൃത്തങ്ങളായ തേവാരം, കാവടിച്ചിന്ത് മുതലായ രീതി പിടിച്ചു പുതിയ ഭാഷാഗാനങ്ങൾ പലതും ഇതിൽ എഴുതിച്ചേർത്തിട്ടുള്ളതു ഹൃദ്യവും ചമൽക്കാരിയുമായ ആരംഭംതന്നെ എന്നതിനു സംശയമില്ല. വർണ്ണനങ്ങളിൽ പ്രസിദ്ധികുറഞ്ഞ ഭാഗങ്ങളെവായനക്കാർക്കു വിഷയവ്യുല്പത്തി വരുത്തിക്കൊടുക്കാനായി തത്ര തത്ര വിവരണങ്ങളെഴുതി ചേർത്തിട്ടുള്ളതും ഉപകാരപ്രദമായി

ട്ടുണ്ട്. വിവിധങ്ങളായ വിജ്ഞേയവിഷയങ്ങളിൽ പരിചയവും രസാസ്വാദവും കാംക്ഷിക്കുന്ന വായനക്കാരെ അഭിമുഖീകരിക്കുന്നതിനുള്ള സൂചനങ്ങളാണ് ഞാനിവിടെ പറഞ്ഞ സംഗതികളെന്നു പറയേണ്ടതില്ലല്ലോ. എല്ലാറ്റിനും ഉദാഹരണങ്ങളിവിടെ എടുത്തു കാണിക്കാത്തത് ഈ ഉപന്യാസം അനാവശ്യമായി ദീർഘിക്കുമെന്നു കരുതീട്ടാകുന്നു.

ശ്രീമാൻ പടിഞ്ഞാറെ പാറയിൽ നാരായണൻനായരവർകൾ ബാല്യം മുതൽക്ക് ഈ 62-ാമത്തെ വയസ്സുവരെ വിദ്യാവിഷയത്തിൽ തന്നെ അദ്ധ്വാനിക്കയും രമിക്കയും ചെയ്തു കഴിഞ്ഞുകൂടുന്ന സുശീലനായ പണ്ഡിതനാകുന്നു. നെന്മാറ ഹൈസ്കൂളിനെ ക്രമത്തിൽ വളർത്തി നല്ല നിലയിലാക്കിത്തീർത്തും മറും പ്രസിദ്ധിയും പ്രാധാന്യവും പ്രതിഷ്ഠിച്ച് ഇയ്യിടയിൽ ചരമഗതിയെ പ്രാപിച്ച ശ്രീമാൻ രായിരംകണ്ടത്ത് ഗോവിന്ദമേനോനവർകളുടെ പ്രധാനശിഷ്യനും അദ്ദേഹത്തിന്റെ എല്ലാ ആരംഭങ്ങളിലും ശുദ്ധമായ ഉദ്ദേശത്തോടെ പൂർണ്ണമായി സഹകരണംചെയ്തവനും ഒരു ഭേശാഭിമാനിയുമാണ്. ആ സ്കൂളിൽ ദീർഘകാലം മലയാളപണ്ഡിതനായിരുന്നു അതിനെ ഗവർമ്മെണ്ടിൽ നിന്നെടുത്തു നടത്തിത്തുടങ്ങിയശേഷവും വിദ്യാവിഷയകമായ അതിന്മേലുള്ള രസത്താൽ, പ്രവൃത്തിയെടുത്തുകൊണ്ടിരു

ന്ന ഇദ്ദേഹത്തിന്ന നിയമാനുസൃതമായ വയസ്സെത്തി
യതിനാൽ പിരിയേണ്ടിവന്നു. പിന്നെ ഇദ്ദേഹം
നെന്മാറയിൽ ഒരു സംസ്കൃതപാഠശാല സ്ഥാപിക്ക
യും നല്ലൊരു കെട്ടിടമുണ്ടാക്കി സക്കാരിൽനിന്ന
സഹായധനവും വാങ്ങി നല്ല നിലയിൽ നടത്തി
വരികയും ചെയ്തുന്നു. സംസ്കൃതത്തിൽ നല്ല വ്യുല്പ
ത്തിയും മലയാളഭാഷയിൽ വേണ്ടേടത്തോളം പാ
ണ്ഡിത്യവും കവിതയിൽ വാസനയും നല്ല അദ്ധ്യാ
പനശക്തിയും വിശിഷ്യ തമിഴ്ഭാഷയിൽ സ്വയം
സമ്പാദിച്ച ഇത്ര വലിയ വൈദുഷ്യവും ഉള്ള മി
സ്റ്റർ നാരായണൻനായർ മുഖവുരയിൽ പറഞ്ഞ
പ്രകാരം ചില മാന്യന്മാരുടെ പ്രേരണംകൊണ്ടും മ
റും ഭാഷാഗ്രന്ഥനിർമ്മാണത്തിന്നുത്സാഹിച്ചു തുട
ങ്ങിയിരിക്കുന്നത് അതിന്റെ അഭ്യുദയത്തിന്നുപയു
ക്തമായ ഒരു സൽകർമ്മംതന്നെയാകുന്നു. ഇദ്ദേ
ഹം ഇതിന്നുമുമ്പെ തർജ്ജമചെയ്തു പ്രസിദ്ധപ്പെടു
ത്തിയ "മണിമേഖല" തമിഴിലുള്ള പഞ്ചമഹാകാ
വ്യങ്ങളിലൊന്നാണ്. പിന്നെ പ്രൌഢമായ ഈ
ചിലപ്പതികാരത്തെയും ഈമാതിരി ഭാഷാന്തരം
ചെയ്വാനൊരുങ്ങിയതിൽനിന്ന് ഇദ്ദേഹത്തിന്റെ
പരിശ്രമശീലവും പരോപയോഗിതവും വ്യക്തമാ
യിത്തീർന്നിട്ടുണ്ടെന്നതിന്നു സംശയമില്ല. ഗാനവൃ
ത്തങ്ങളിൽ പലമട്ടിലും ഭാഷാപദ്യങ്ങളെഴുതുന്ന

തിൽ ഇദ്ദേഹത്തിനുള്ള വാസനയും നിഷ്കൃഷ്ടവും എത്രയാണെന്ന് ഈ ഗ്രന്ഥത്തിലുള്ള പല ഗാനങ്ങളും നല്ലപോലെ വെളിപ്പെടുത്തീട്ടുണ്ട്.

കേരളഭാഷാപോഷണയജ്ഞത്തിൽ അന്തരം ഗസരണിയിൽനിന്നു പരിശ്രമിക്കാനഹന്മാരായ വിദ്വാന്മാരുടെ കൂട്ടത്തിൽ ഗണിക്കപ്പെടേണ്ടുന്ന ഇദ്ദേഹത്തിന്ന്, ഈ മാതിരി ആരംഭങ്ങൾ സഫലങ്ങളായി തീരേണ്ടതിന്നായി, ഈശ്വരാനുഗ്രഹത്താൽ ആയുരാരോഗ്യാദിസമൃദ്ധിയുണ്ടാകണമെന്നു ഞാൻ സാദരം പ്രാർത്ഥിക്കുന്നു.

എന്ന്

വടവന്നൂർ
8-10-30

വടക്കെപ്പാട്ട് നാരായണൻനായർ.

അഭിധാനപ്രകാശിക.

അ

അയിര =ഒരു നദി.

അരട്ടൻ =ഒരു ചെട്ടി; ഇവൻ ചോളനാട്ടിലു ള്ളവൻ; കോവലന്നും കണ്ണകിക്കും നേരിട്ട ദുഃഖം മാടലനിൽനിന്നു കേ ട്ടു ജീവത്യാഗം ചെയ്ത പെരുമനാക്കിഴ ത്തിയും കണ്ണകിയുടെ അമ്മയും ഇവ ന്നു പുത്രികളായ്പിറന്നു.

അഴകർമല =ഇതു പാണ്ടിദേശത്തിലുള്ളതു്; ഇ തിൽ പുണ്യശരവണം, ഭവകാര ണി, ഇഷ്ടസിദ്ധി എന്ന മൂന്നു പൊ യ്കകളും ചിലമ്പാറു് എന്ന ഒരു നദി യും ഉണ്ടു്; ഈ മലയിൽ വിഷ്ണു വി ശത്രുഘനായി സന്നിധാനം ചെ യ്യുന്നു.

അഴമ്പിൽ =ചേരനാട്ടിലുള്ള ഒരു സാമന്തരാജാവി ന്റെ ദേശം; ഈ രാജാവു ചെങ്കുട്ടുവ ന്റെ ഹിതകാംക്ഷിയാകുന്നു.

ഇ

ഇടുമ്പിൽ =ഒരു ഗ്രാമം.

ഇരുനിധിക്കിഴവൻ =കോവലന്റെ പിതാവിനുള്ള മാന്യമായ സ്ഥാനപ്പേർ; ഇദ്ദേഹം കോവലന്റെ മരണം നിമിത്തം സന്ന്യസിച്ചു.

ഇലഞ്ഞിമന്നം=കാവിരിപ്പൂമ്പട്ടിനത്തിലുള്ള അഞ്ചു മന്നങ്ങളിലൊന്ന്; ഇവിടെ നാനാവ്യാധികളെ അകറ്റുവാൻ തക്ക മഹിമയുള്ള ഒരു പൊയ്കയുമുണ്ട്.

ഇഷ്ടസിദ്ധി =ഒരു നദി; ഇതിലെ സ്നാനം സർവ്വാഭീഷ്ടഫലദം.

ഇളങ്കോശർ =കൊങ്ങുനാട്ടരചൻ.

ഇളംചെഴിയൻ =കൊക്കാനഗരത്തെ വാണിരുന്ന 'വെറിവേൽചെഴിയൻ' എന്ന പാണ്ടിയൻ.

ഉ

ഉജ്ജയിനി =അവന്തിദേശത്തുള്ള ഒരു നഗരം.

ഉത്തരകുരു =ഭോഗഭൂമികളിലൊന്ന്.

ഉത്തരകസ്ഥൻ =വാരണവാജിനഗരത്തിലെ രാജാവ്.

ഉത്തരൻ =കനകവിജയന്മാരുടെ സഖാവായ ഒരു രാജാവ്.

ഉവ്വശി =ഒരു സ്വർവ്വേശ്യ; അഗസ്ത്യമുനിയുടെ ശാപത്താൽ മാനുഷിയായ്പിറന്ന മാധവിയെന്ന പേർ കയ്യൊണ്ടവൾ.

ഉറന്ത (ഉറന്തൈ) =ഉറയൂർ; ചോളരാജധാനികളിലൊന്ന്; ഇക്കഥ നടന്ന കാലത്ത് 'പെരുനൽക്കിള്ളി' എന്ന ചോഴമന്നവൻ ഇവിടെ വാണിരുന്നു.

ഉൗങ്കനൂർ =ചേരനാട്ടിൽ കടൽക്കരയിലുള്ള ഒരു ഗ്രാമം; ഇതിനടുത്തു കടലിൽ മായയാൽ മുളച്ചുനിന്ന ഒരു കടമ്പുവൃക്ഷത്തെ ഒരു ചേരൻ ഛേദിച്ചു.

ഐ

ഐയ (ഐയൈ) =മാതരിയുടെ മകൾ; ഇവൾക്കു കണ്ണകിയുടെ പേരിലുള്ള സ്നേഹാതിശയത്താൽ ദേവന്തിയോടൊരുമിച്ച ചേരനാട്ടിലുള്ള കണ്ണകിയുടെ ആലയത്തെ പ്രാപിച്ചു.

ക

കനകവിജയന്മാർ =കനകനും വിജയനും; ഇവർ ആയ്മന്നവന്മാരിൽ ഒരു പക്ഷക്കാർ; ഇവർ ബാലകുമാരന്റെ മക്കൾ; ആദിയിൽ ചെങ്കുട്ടുവന്റെ വൈരികളായിരുന്നു പിന്നെ അവനാൽ ജയിക്കപ്പെട്ടവർ.

കന്നർ =ചെങ്കുട്ടുവന്റെ ഹിതകാരികളായ ആയ്മനാവന്മാർ നൂറുപേർ.

കരികാൽ വളവൻ =കാവിരിപ്പൂമ്പട്ടിനത്തിൽ വാണിരുന്ന ഒരു ചോഴൻ; ഇവന്നു കരികാലനെന്നും പേരുണ്ട്; ഇവൻ ഹിമാദ്രിപര്യന്തമുള്ള രാജാക്കന്മാരെ കീഴടക്കി വാണിരുന്നവൻ.

കലിപുരം =കലിംഗദേശത്തുള്ള ഒരു നഗരം.

കവുന്തി ജൈനമതസ്ഥയായ ഒരു വൃദ്ധതാപസി; ഇവളെ കവുന്തിയടികളെന്നും പറയും. ഇവൾ കോവലനും കണ്ണകിയും മധുരയ്ക്കു പോകുമ്പോൾ അവർക്കു തുണയായി ചെന്നു മാർഗ്ഗമദ്ധ്യത്തിൽ അവരെ അധിക്ഷേപിച്ചു പറഞ്ഞ രണ്ടു പേരെ 'കുറുനരിയായ്പോക' യെന്നു ശപിച്ചു, മധുരയിലെത്തിയ ശേഷം കണ്ണകിയെ മാതരിയുടെ രക്ഷയിലേല്പിച്ചവൾ.

കാത്തിക =വാത്തികനെന്ന ബ്രാഹ്മണന്റെ പത്നി; ദക്ഷിണാമൂർത്തിയുടെ മാതാവു്.

കാപ്പിയക്കുടി =ചോളനാട്ടിലുള്ള ഒരു ഗ്രാമം; ഇതു ചിയ്യാഴിക്കടുത്തു വടക്കുള്ളതു്; ദേവന്തിയുടെ കണവനും ഒരു ദേവനുമായ ചാത്തൻ മനുഷ്യാവതാരം ചെയ്തു വളർന്നതു് ഇവിടെയായിരുന്നു.

കുടകുമല (കുടമല) =പശ്ചിമദിക്കിലുള്ള ഒരു മല; കാവേരിയുടെ ഉത്ഭവസ്ഥാനം.

കുണവായിൽ =ഒരു ഗ്രാമം; വഞ്ചിനഗരത്തിന്റെ കിഴക്കുള്ളതു്; ഇളങ്കോവടികൾ സന്ന്യാസംപൂണ്ടിവിടെ വസിച്ചു.

കുമരിക്കോട് =തെക്കൻദിക്കിലുള്ള ഒരു മല.

കുമാരി (കുമരി) =ദക്ഷിണദിക്കിലുള്ള ഒരു നദി; ഇതു് അക്കാലത്തുതന്നെ കടലെടുത്തുപോയിരിക്കുന്നു; ഒരു മലനാട്ടിന്നും പേരുണ്ടു്.

കൂയിലാലുവം =ഹിമാദ്രിപാർശ്വത്തിലുള്ള ഒരു ശിവാലയം.

കൊക്ക് (കൊക്കൈ) =പാണ്ഡ്യന്മാരുടെ പഴയ രാജധാനി; ഇക്കഥ നടന്ന കാലത്തു് 'വെറിവേൽ ചെഴിയൻ' എന്ന രാജാവു് ഈ നഗരത്തിൽ വാണിരുന്നു; ഇപ്പോൾ ഇതൊരു ചെറിയ ഗ്രാമമാണു്.

കൊങ്ങു് =കൊങ്ങുനാടു്; കുടകു.

കൊടുങ്ങല്ലൂർ (കൊടുങ്കൊല്ലൂർ) =ചേരനാട്ടിലെ ഒരു ദേശം; ഇതുതന്നെ വഞ്ചിനഗരമെന്നും അല്ല തിരുവഞ്ചിക്കുളമാണെന്നും രണ്ടു പക്ഷക്കാരുണ്ടു്.

കൊടുമ്പ (കൊടുമ്പൈ) =കൊടുമ്പായൂർ; ഇതു പാണ്ടിനാട്ടിലുള്ള ഒരു ദേശം; അക്കാലത്തു് ഉറയൂ

രിൽനിന്നു മധുരയ്ക്കു പോകുംപഴിയിലുള്ളത്.

കോഴി =ഉറയൂർ; മുൻകാലത്ത് ഇവിടെയുള്ള ഒരു കോഴി ആനയോട്ടപ്പൊരുതി ജയിച്ചതിനാൽ ഈ പേർ സിദ്ധിച്ചു.

കൌശികൻ –കാവിരിപ്പൂമ്പട്ടിനത്തിൽ മാധവിയുടെ ഹിതകാംക്ഷിയായ ഒരു ബ്രാഹ്മണൻ; ഇവൻ കോവലൻ മധുരയ്ക്കു പോകുമ്പോൾ വഴിമദ്ധ്യത്തിൽ അവനെ കണ്ടു മാധവിയുടെ മടക്കോല (സന്ദേശപത്രം) കൊടുത്തവൻ.

ഗ

ഗജബാഹു (കയവാകു) =ലങ്കയിലെ രാജാവു്; ഇവൻ തന്റെ നഗരത്തിൽ കണ്ണകിയാകുന്ന പതിവ്രതാദേവിക്കു ക്ഷേത്രനിർമ്മാണംചെയ്തു നിത്യപൂജയും വഷോത്സവവും നിയമിച്ചവൻ.

ച

ചാത്തൻ =തൊണ്ണൂറാറുവക മതശാസ്ത്രങ്ങൾ പഠിച്ചു മഹാശാസ്ത്രജ്ഞനെന്നു പേർ സിദ്ധിച്ച ഒരു ദേവൻ.

ചാത്തനാർ =ഈ ഗ്രന്ഥകർത്താവിന്റെ കാലത്തു ജീവിച്ചിരുന്ന ഒരു കവി; കണ്ണകി മധുരാപുരിയെ നശിപ്പിച്ചതു മുതലായ സംഭവങ്ങൾ ചെങ്കുട്ടുവനോടും ഇളങ്കോവടികളോടും പറഞ്ഞവൻ; ചാത്തനാരെന്നും ചീത്തലച്ചാത്തനാരെന്നും തമിഴാശാനെന്നും മധുരക്കുലവാണികൻ ചാത്തനെന്നും പ്രസിദ്ധിയുള്ളവൻ.

ചായലൻ =കാവിരിപ്പൂമ്പട്ടിനത്തിലിരുന്ന ഒരു വൈശ്യൻ; വണിക്കുകൾക്കു രാജാംഗത്തിൽനിന്നു ലഭിക്കുമാറുള്ള 'എട്ടി' എന്ന പട്ടം (ബിരുദം) ലഭിച്ചവൻ.

ചിത്രാവതി (ചിത്തിരാപതി) =മാധവിയുടെ അമ്മ.

ചിലമ്പാറ് =അഴകർമലയിലുള്ള ഒരു നദി; ഇതിനെ നൂപുരഗംഗയെന്നും പറയും.

ചെങ്കുട്ടുവൻ =ഇളങ്കോവടികളുടെ ജ്യേഷ്ഠൻ; ഇവൻ കണ്ണകി തന്റെ നാട്ടിൽ വന്നു പതിയോടുകൂടി സ്വർല്ലോകം ഗമിച്ച വൃത്താന്തം കേട്ടു, ഹിമാദ്രിയിൽനിന്നു ശില കൊണ്ടുവന്ന് അവളുടെ ബിം

ബം പണി തീപ്പിച്ച പ്രതിഷ്ഠ കഴിപ്പിച്ച ബലിപൂജാദികളും ഉത്സവവും നടത്തിച്ചവൻ.

ചെങ്കുന്ന് =കൊടുങ്ങല്ലൂർക്കടുത്തുള്ള ഒരു മല; ഇതിൽ കണ്ണകി ഒരു വേങ്ങമരത്തിൻ നിഴലിൽ നില്ക്കുകയും അവിടെ ദിവ്യരൂപത്തോടെ വന്ന കോവലനോടുകൂടി സ്വർഗ്ഗം പ്രാപിക്കുകയും ചെയ്തു.

ചെങ്കോട്ട് =തിരുച്ചെങ്കോടെന്ന മല; ഇതിനെ സുബ്രഹ്മണ്യന്റെ സാന്നിദ്ധ്യമുള്ളതായി ഇളങ്കോവടികൾ പറഞ്ഞിരിക്കുന്നു.

ചെന്തിൽ =പാണ്ടിദേശത്തുള്ള ഒരു സുബ്രഹ്മണ്യസ്ഥലം; സുബ്രഹ്മണ്യന്റെ പടവീടുകളിലൊന്ന്; ഇപ്പോൾ ഇതിനെ തിരുച്ചെന്തൂരെന്നു പറഞ്ഞുവരുന്നു.

ചെറുമല

(ശിറുമലൈ) =പാണ്ഡ്യരാജ്യത്തിലുള്ള ഒരു മല.

ചേരലാതൻ =ചെങ്കുട്ടുവന്റെയും ഇളങ്കോവടികളുടേയും പിതാവ്.

ത

തലച്ചങ്കാട് =ചോളനാട്ടിൽ കാവിരിപ്പൂമ്പട്ടിനാട്ടി
ന്നാടുത്തുള്ള ഒരു ഗ്രാമം.

തിരുത്ത =പാണ്ടിദേശത്തുള്ള ഒരു ഗ്രാമം; ഇതു
ങ്കാൽ വാത്തികനെന്ന ബ്രാഹ്മണന്ന് ഒരു
പാണ്ടിയനാൽ ബ്രഹ്മസ്വമായി ദ
ത്തംചെയ്യപ്പെട്ടത്; ശ്രീവില്ലിപുത്തു
രിന്നു സമീപമുള്ളത്.

ദ

ദക്ഷിണൻ =ദക്ഷിണാമൂർത്തി; ഇവൻ പാണ്ടിനാ
(തക്കിണൻ) ട്ടിലുള്ള തിരുത്തങ്കാൽ എന്ന ഗ്രാമ
ത്തിലുള്ള വാത്തികനെന്ന ബ്രാഹ്മണ
ന്റെ പുത്രൻ.

ദേവന്തി =കണ്ണകിയുടെ ബ്രാഹ്മണിത്തോഴിയാ
(തേവന്തി) യി മാനായ്ക്കന്റെ ഭവനത്തിൽ വള
ർന്നവൾ; മാനുഷരൂപം പൂണ്ട ചാത്ത
നെന്ന ദേവന്റെ പത്നി; താൻ ക
ണ്ട ദുസ്വപ്നത്തെ പറഞ്ഞു കണ്ണകി
യെ ആശ്വസിപ്പിച്ചവൾ; കണ്ണകീ
കോവലന്മാർക്കു നേരിട്ട വിപത്തിനെ
കേട്ടു തൽക്ഷണം മധുരയിൽ ചെന്നു,
പിന്നെ വഞ്ചിനഗരം പൂകി അവിടെ

പ്രതിഷ്ഠിച്ചിരുന്ന കണ്ണകിയുടെ വിഗ്രഹത്തെ പൂജിച്ചവൻ.

ന

നിലൻ =ചെങ്കുട്ടുവന്റെ ഒറുകാരിൽ പ്രമാണി.

നീലി =സംഗമനെന്ന വണിക്കിന്റെ ഭാര്യ; കോവലൻ കൊലയേറു മരിക്കേണമെന്ന് അവന്റെ പൂവ്വജന്മത്തിൽ ശപിച്ചവൾ.

നെടുങ്കൽ മന്നം =കാവിരിപ്പൂമ്പട്ടിനത്തിലുള്ള പഞ്ചകോഷ്ഠങ്ങളിലൊന്ന്; ഇത് ഉന്മാദം, വിഷപാനം, സപ്തദംശനം, ഭ്രൂതബാധ എന്നീ ദോഷങ്ങളെ പരിഹരിക്കും

നെടുംചെഴിയൻ =മധുരയിൽ വാണിരുന്ന പാണ്ടിയൻ; ഇവൻ ആലോചനകൂടാതെ കോവലനെ കൊലചെയ്യിച്ച കണ്ണകിയോട് ന്യായത്തിൽ തോറ്റു തനിക്കു നേരിട്ട ദുശ്ശകുനത്തെ ചിന്തിച്ചു ജീവത്യാഗം ചെയ്തവൻ.

പ

പരാശരൻ =ചോളനാട്ടിലുള്ള ഒരു ബ്രാഹ്മണൻ;

ഇവൻ മലനാട്ടിൽ ചെന്നു 'മാന്തര ഞ്ചൊലിരുംപൊഴൈ' എന്ന ചേര നിൽനിന്നു പ്രഭൃതമായ സമ്മാനം വാ ങ്ങി മടങ്ങിവരുമ്പോൾ തിരുത്തങ്കാൽ ഗ്രാമവാസിയായ ദക്ഷിണാമൂർത്തി യെന്ന ബ്രാഹ്മണയുവാവിനെ പരീ ക്ഷിച്ച് അവനുള്ള വിദ്യാനൈപു ണ്യം കണ്ടു സമ്മാനംകൊടുത്തവൻ.

പുഴലി =കുമരിയാറിനു തെക്കുള്ള ഒരു നദി; ഇതു അക്കാലത്തുതന്നെ കടലെടുത്തു പോയിരിക്കുന്നു.

പാവമന്നം (പാവൈ മൻറം) =കാവിരിപ്പൂമ്പട്ടിനത്തിലുള്ള അഞ്ചു മ ന്നങ്ങളിലൊന്ന്; ഇതു രാജനീതിക്കു ഭംഗം വരിക മുതലായ അധർമ്മകൃത്യ ങ്ങൾ നടക്കുമ്പോൾ അവയെ അവി ടെ പ്രതിഷ്ഠിച്ചിട്ടുള്ള ദേവി കണ്ണീർ പൊഴിച്ചു കാണിക്കുന്നതായ സ്ഥാനം.

പുണ്യശരവണം =അഴകർമലയിലുള്ള ഒരു പൊയ്ക; ഇതു തന്നിൽ സ്നാനംചെയ്യുന്നവർക്ക് ഐന്ദ്രവ്യാകരണബോധം നൽകുന്നത്.

പെരുങ്കിള്ളി =ഇക്കഥ നടന്ന കാലത്തിൽ ഉറയൂരിൽ വാണിരുന്ന ഒരു ചോഴൻ; ഇവനെ പെരുനൽകിള്ളിയെന്നും പറയും.

പെരുമകൾ =കോവലന്റെ അമ്മ; ഇവളെ പെരുമനക്കിഴത്തിയെന്നും പേരിൽക്കിഴത്തിയെന്നും പറയും; ഇവൾ മധുരയിൽ കോവലൻ കൊലയോടു മരിച്ചതിനെ മാടലനിൽനിന്നു കേട്ടു ദുഃഖിച്ചു ജീവത്യാഗം ചെയ്തു.

പേരാറ് -ചേരനാട്ടിലുള്ള ഒരു നദി; പെരിയാറ്.

പൊതിയിൽ =പാണ്ടിനാട്ടിലുള്ള ഒരു മല; ഇതു ദേവകൾക്കും ഋഷികൾക്കും പൊതുസ്ഥാനമാകയാൽ ഈ പേർ സിദ്ധിച്ചു.

പൊരുനൻ -താമ്രപർണ്ണിനദി; ഇതു പാണ്ഡ്യദേശത്തിലുള്ളത്; ഈ നദിയുടെ ഉടമാവകാശം ചേരമന്നന്നുള്ളതാണെന്നു പറഞ്ഞിരിക്കുന്നു.

ഭ

ഭരതൻ (പരതൻ) =കോവലന്റെ പൂർവ്വജന്മത്തിലുള്ള പേർ; ഇവൻ സിംഹപുരരാജാവിന്റെ ഒരു ഉദ്യോഗസ്ഥനായിരിക്കുമ്പോൾ കാരണംകൂടാതെ സംഗമ

നെന്ന വണിക്കിനെ കൊല്ലിച്ചതി
നാൽ അവന്റെ പത്നിയാൽ ശപി
ക്കപ്പെട്ടവൻ.

ഭവകാരണി =അഴകർമലയിലുള്ള ഒരു പൊയ്ക; ഇ
തു തന്നിൽ സ്നാനം ചെയ്യുന്നവക്ക് പൂ
വ്വജന്മവൃത്താന്തങ്ങളെ ഉണത്തും.

ഭ്രൂതചതുഷ്കം =കാവിരിപ്പൂമ്പട്ടിനത്തിലുള്ള പഞ്ചകോ
(പൂതചതുക്കം)ഷ്ടങ്ങളിലൊന്ന്; അനഷ്ടങ്ങളായും മ
റുമുള്ള കമ്മങ്ങൾ ചെയ്യുന്ന പാപി
കളെ ഭ്രൂതം കൊന്നുതിന്നുന്നതായ
സ്ഥാനം.

ഭ്രൂതം =തന്നെ സഹായിച്ച മുചുകുന്ദനെ ര
ക്ഷിപ്പാനായി ഇന്ദ്രനാൽ നയിക്ക
പ്പെട്ട കാവിരിപ്പൂമ്പട്ടിനത്തിൽ വ
ന്നു കൂടികൊള്ളുന്ന ഒരു ദേവത.

മ

മണിവണ്ണൻ =കാവിരിപ്പൂമ്പട്ടിനത്തിനു പടിഞ്ഞാ
റായി കുടികൊള്ളുന്ന മഹാവിഷ്ണു.

മാങ്കാവ് =കുടകുമലയ്ക്കടുത്തുള്ള ഒരു ഗ്രാമം; (മുൻ
കാലത്തിൽ മാങ്കാടെന്നു പറഞ്ഞി
രുന്നു.)

മാടലൻ =തലച്ചങ്കാട്ടിലുള്ള ഒരു ബ്രാഹ്മണൻ;
കോവലൻ മധുരയിൽ കൊലയേറ്റ

തു മുതലായി നടന്ന സംഭവങ്ങൾ കാ
ഖിരിപ്പുമ്പട്ടിനത്തിലുള്ളവരോട പറ
ഞ്ഞതുമൂലം അവരിൽ ചിലർ ആ
ത്മത്യാഗം ചെയ്തതായറിഞ്ഞു, ആ
പാപം തീർപ്പാനായ്ക്കൊണ്ട ഗംഗയിൽ
പോയി സ്നാനം ചെയ്ത മടങ്ങിവരു
മ്പോൾ ഇടയിൽ ചെങ്കുട്ടുവനെ ക
ണ്ട പരിചയപ്പെട്ട വഞ്ചിനഗരം പ്രാ
പിച്ച് അവനെ പ്രേരിപ്പിച്ചു യജ്ഞം
നടത്തിച്ചു സൽഗതിക്കാളാക്കിയ
വൻ.

മാതരി =മധുരയിൽ ആയർപാടിയിലുള്ള ഇട
ച്ചികളിൽ മുഖ്യസ്ഥാനം വഹിക്കുന്ന
വൾ; ഇവൾ കോവലന്റെ കൊല
യും കണ്ണകിയുടെ പരിതാപവും കേ
ട്ട കരളുരുകി അഗ്നിപ്രവേശം ചെയ്ത
മരിച്ചു; പിന്നെ ശേഷകുഡുംബിക്ക
മകളായ്പിറന്നവൾ.

മാധവി =അഗസ്ത്യമുനിയുടെ ശാപത്താൽ ഭൂ
ലോകത്തിൽ പിറന്ന ഉർവ്വശി; കോവ
ലന്റെ പ്രേമഭാജനമായ വേശ്യ.

മാനായ്ക്കൻ =കണ്ണകിയുടെ പിതാവ്; ഇവൻ കോ
വലന്റെ മരണത്തെയും കണ്ണകിയു

ടെ താപത്തേയും മാടലനിൽനി
ന്നു കേട്ടു നിരാശനായി സ്വസ്വവും
ദാനം ചെയ്തു സന്ന്യസിച്ചവൻ.

മാലതി =കാവിരിപ്പൂമ്പട്ടിനത്തിലുള്ള ഒരു ബ്രാ
ഹ്മണി.

മാശാത്തു =കോവലന്റെ അച്ഛൻ; ഇവൻ കോ
വാൻ വലന്റെ മരണത്തെ മാടലൻ പറ
ഞ്ഞു കേട്ടു തന്റെ സ്വസ്വവും ദാ
നം ചെയ്തു സന്ന്യസിച്ചു.

മംഗലാദേവി=ഈ ദേവിക്കു മലനാട്ടിലും അതിനോ
ടു ചേർന്ന മറ്റു ദേശങ്ങളിലും ആല
യമുണ്ടു; ഇതു സംബന്ധിച്ചാണു മംഗ
ലാപുരമെന്നും മംഗളൂരെന്നുമുള്ള ത്രു
പസിദ്ധിയെന്നു പറയുന്നു.

മുചുകുന്ദൻ =സൂര്യവംശജനായ ഒരു ചക്രവർത്തി;
മുമ്പൊരു കാലം കാവിരിപ്പൂമ്പട്ടിന
ത്തിൽ വാണിരുന്നവൻ.

യ

യവനർ =ഉത്തരദേശത്തിലുള്ള ഒരു സമുദായം.

ല

ലങ്ക =കടലിനാൽ ചുറ്റപ്പെട്ട ഒരു നഗരം;
(ഇലങ്കെ) ഗജബാഹുവിന്റെ രാജധാനി; ഇ

പ്പോൾ അനുരാധപുരമെന്നു പറഞ്ഞു വരുന്നതു്.

വ

വഞ്ചനാട്ട് =ശോണാനദീതീരത്തിലുള്ള ഒരു പ്രദേശം.

വഞ്ചി =ചേരന്മാരുടെ രാജധാനി; ഇതു കൊടുങ്കോളൂരെന്നു ചിലരും തിരുവഞ്ചക്കുളമെന്നു മറ്റു ചിലരും വാദിക്കുന്നു; ഈ രണ്ടു ദേശങ്ങളും കൊച്ചിരാജ്യത്തിൽ ഒന്നോടൊന്നു സമീപിച്ചു കിടക്കുന്നു.

വയല്ലൂർ =പാണ്ഡ്യനാട്ടിലുള്ള ഒരു ദേശം; വാത്തികനെന്ന ഒരു പാണ്ടിയനാൽ ബ്രഹ്മദായമായി നൽകപ്പെട്ടതും തിരുത്തങ്കാൽ ഗ്രാമത്തിനു കിഴക്കുഭാഗത്തുള്ളതുമാകുന്നു.

വസന്തമാല =മാധവിയുടെ തോഴി; ഇവളെ ക്ലനി (വയന്തമാല) യെന്നും പറയും:

വില്ലവൻ =ചെങ്കുട്ടുവന്റെ മന്ത്രി.

കോത

വിരഹത്തി =കണ്ണകി; നെടുംചെഴിയനെന്ന പാണ്ഡ്യനെ ന്യായത്തിൽ ജയിച്ച ത

നെറ പാതിവ്രത്യശക്തിയാൽ മധുരാപുരിയെ ദഹിപ്പിച്ചതിനാൽ ഇവൾക്ക് ഈ പേർ സിദ്ധിച്ചു.

വെൺകുന്ന് =സുബ്രഹ്മണ്യസ്ഥലങ്ങളിലൊന്ന്.

വെൺമ്മാൽ=ചെങ്കുട്ടുവനെറ പട്ടമഹിഷി; ഇവൾ കണ്ണകിയെ പ്രതിഷ്ഠിച്ചു പൂജിക്കേണമെന്നു തനെറ ഭർത്താവിനോടു പ്രാർത്ഥിച്ചു.

വെള്ളിടമന്നം =കാവിരിപ്പൂമ്പട്ടിനത്തിലുള്ള അഞ്ചു മന്നങ്ങളിലൊന്ന്; ഇതു ചോരന്മാരെ കണ്ടുപിടിപ്പാനുതകുന്നതു്.

വെള്ളിയമ്പലം =മധുരയിലുള്ള ഒരു മന്നം.

വെള്ളിയംപെരുമല =വിദ്യാധരാലയമായ പർവ്വതം.

വെറിവേൽചെഴിയൻ =കൊക്കാനഗരത്തിൽ വാണിരുന്ന ഒരു പാണ്ടിയൻ; ഇവൻ കണ്ണകിക്കു ആയിരം പൊൻകൊല്ലരെ (തട്ടാന്മാരെ) ബലികൊടുത്തു്, ഉത്സവം നടത്തിതനെറ നാട്ടിനു ബാധിച്ചിരുന്ന ആപത്തൊഴിച്ചവൻ; ഇവനെ ഇളംചെഴിയനെന്നും പറയും.

ശ

ശാലിനി =കിരാതകുമാരിയായ തേവരാട്ടി.

ശേഷകട്ടം ബി (ചേടകുട്ടംബിയൻ) =തിരുവനന്തപുരത്തുള്ള ഒരു ബ്രാഹ്മണൻ; തന്റെ രക്ഷയിലിരുന്ന കണ്ണകിക്കു നേരിട്ട സന്താപം കേട്ടതിനാൽ അഗ്നിപ്രവേശംചെയ്ത മരിച്ച മാതരി പിന്നെ ഇവന്നു പുത്രിയായ്പിറന്നു.

ശോണ =ചേരലാതന്റെ പത്നി.

സ

സൂയ്മകുണ്ഡം (ചൂരികുണ്ഡം) =കാവേരിയുടെ സംഗമുഖത്തിന്നടുത്തുള്ള ഒരു തടാകം

സോമകുണ്ഡം (ചോമകുണ്ഡം) =കാവേരിയുടെ സംഗസ്ഥാനത്തിന്നടുത്തുള്ള ഒരു തടാകം.

സംഗമൻ (ചങ്കമൻ) =ഒരു വൈശ്യൻ; നീലിയുടെ ഭർത്താവ്.

ഹ

ഹാടകമാടം (ആടകമാടം)=തിരുവനന്തപുരം; മലനാട്ടിലുള്ള ഇരവിപുരത്തിന്നും ഈ പേരുണ്ട്.

വിഷയാനുക്രമണിക.

മുഖവുര	i—xvi
പ്രസ്താവന	xvii—xxxv
അഭിധാനപ്രകാശിക	xxxvi—Liii

കഥാമുഖം	1—9

പൂകാർകാണ്ഡം.

ഗാഥ	
1. മംഗളാശംസ	10—14
2. ഗൃഹസ്ഥധർമ്മാചരണം	15—21
3. അരങ്ങേറ്റം	21—32
4. നിശാവർണ്ണനം	33—39
5. ഇന്ദ്രോത്സവം	40—56
6. സമുദ്രസ്നാനം	56—70
7. ഉദ്യാനഗീതം	71—90
8. വസന്തകാലം	90—96
9. സപ്നവൃത്താന്തം	97—103
10. നാട്ടുപുറക്കാഴ്ച	103—121

മധുരക്കാണ്ഡം

11. അരണ്യദർശനം	122—136
12. വേട്ടുവരാട്ടം	136—146

ഗാഥ	ഭാഗം
13. പുറച്ചേരി പ്രവേശം	146_159
14. ഗ്രാമാന്തരക്കാഴ്ച	159_174
15. ശരണാഗതി	174_189
16. കൊലക്കളം	189_203
17. ആച്ചിമാരുടെ കുരവക്കൂത്ത്	203_214
18. ദുഃഖാനുഭൂതി	214_218
19. നഗരത്തിലുഴന്നത്.	219_224
20. ന്യായവാദം.	225_229
21. കോപാതിരേകം.	230_233
22. അഗ്നിബാധ	234_239
23. പ്രബോധനം	240_248

വഞ്ചിക്കാണ്ഡം.

24. മലങ്കുരവക്കൂത്ത്	249_254
25. ശില കൊണ്ടുവരുവാനുള്ള നിശ്ചയം	254_262
26. ബിംബം പണി	262_272
27. നീരാട്ടം	272_280
28. ബിംബപ്രതിഷ്ഠ	281_289
29. വാഴ്ത്തിസ്തുതി	289_299
30. വരപ്രദാനം	299_309

ചിലപ്പതികാരം.

കഥാമുഖം.

കേരള ചക്രവർത്തിയായ ചേരൻ 'ചെങ്കുട്ടുവപ്പെരുമാൾ' പിതാവായ ചേരലാതന്റെ പിന്നു സിംഹാസനാരോഹണംചെയ്തു വഞ്ചിരാജധാനിയിൽ വാണിരിക്കും കാലത്തു്, ഇളയ പെരുമാളായ അദ്ദേഹത്തിന്റെ അനുജൻ രാജഭോഗങ്ങളിൽ വിരക്തനായി സന്ന്യാസവൃത്തി കൈക്കൊണ്ടു വഞ്ചിനഗരത്തിന്നു കിഴക്കുഭാഗത്തുള്ള 'തിരുക്കുണവായിൽ' എന്ന ഗ്രാമത്തിലുള്ള ജൈനദേവായതനത്തിൽ വാസമുറപ്പിക്കുകയും 'ഇളങ്കോവടികൾ' എന്ന നാമധേയത്താൽ പ്രസിദ്ധനായിത്തീരുകയും ചെയ്തു. ഒരിക്കൽ അടികൾ ചെങ്കുട്ടുവപ്പെരുമാളോടും രാജസംഭാവനയ്ക്കായി അവിടെ വന്നിരുന്ന തമിഴ് സ്സംഘപ്പുലവരായ മധുരക്കുലവാണികൻ ചാത്തനാരോടുമൊരുമിച്ചിരിക്കുമ്പോൾ ചെങ്കുന്നിലെ (ഇപ്പോൾ ചെങ്ങന്നൂർ) നിവാസികളായ ഒരുകൂട്ടം മലയന്മാർ അവിടെ വന്നു് അടിതൊഴുതു വണങ്ങി ഇപ്രകാരം ഉണർത്തിച്ചു.

1 "അടിയങ്ങൾ കുടികൊള്ളുമടവീമണ്ഡലം തന്നിൽ
വിടാതെ പൊന്നൊളിപ്പൂക്കൾ നിറഞ്ഞു ശാഖകൾ ചുറ്റും

2 പരന്നുള്ള പൊന്നുയർത്തുരുതന്റെ തണലിന്മേൽ
കുറഞ്ഞു പോർമുലയൊന്നു സതിമാർ മൌലിയായീട്ട-

3 മൊരു ദേവി സ്വയം വന്നു മരുവീട്ടമളവിങ്കൽ
സുരനാഥനൊരു ദിവ്യപുമാനോടുമെഴുന്നെള്ളി

4 തരുണിയോടിവൻ നിന്റെ ഹൃദയവല്ലഭനെന്നു -
മുരചെയ്യുവളെയും വിമാനത്തിൽ കരയേറി

5 വിരവോടേ ദിവം പുക്കാരവരുമെങ്കൾ കൺകാണെ
തിരുവുള്ളത്തിചീവൃത്തമുണർന്നുകൊൾകയും വേണം."

ഇങ്ങനെ മലക്കുറവന്മാർ അടികളെ നിവേദനം ചെയ്തതു കേൾക്കയാൽ പെരുമാൾ വിസ്മയം കൈക്കൊണ്ടു മറുള്ളവരെ നോക്കുകയും തനിക്കു് ഈസ്സംഭവം അറിയുമെന്നു പറഞ്ഞുംകൊണ്ടു ചാത്തനാർ നടന്ന വൃത്താന്തം പറഞ്ഞുതുടങ്ങുകയും ചെയ്തു.

വിഖ്യാതനായ ചെമ്പിയനെന്ന ചോഴമന്നവന്റെ പുരാതനനഗരങ്ങളിൽവെച്ചു ശാശ്വതമായ സമ്പത്സമൃദ്ധി ചേർന്നുവിളങ്ങുന്നതും 'പുകാർ' എന്ന പുരാതനനാമധേയത്തെ വഹിക്കുന്നതുമായ കാവിരിപ്പൂമ്പട്ടണത്തിൽ 'കോവലൻ' എന്നു പേരായ ഒരു വൈശ്യനുണ്ടായിരുന്നു. അവൻ ആ നഗരത്തിലുള്ള നാട്യവിദ്യാവിശുദ്ധയായ ഒരു വേശ്യസ്ത്രീയുടെ ശൃംഗനാകമൂലം അപരിമിതമായ തന്റെ ധനം നി

ശ്ലേഷം നഷ്ടമായ്പോകയാൽ 'കണ്ണകി'യെന്ന തന്റെ പത്നിയുടെ കാൽച്ചിലമ്പു വില്പാനായി പുരാണപ്രസിദ്ധിയും മഹിമയുമുള്ള പാണ്ഡ്യരാജധാനിയായ മധുരാപുരിയെ പ്രാപിച്ചു. പിറേന്നാൾ ചിലമ്പുംകൊണ്ടു പണ്യവീഥിയിൽ ചെന്നപ്പോൾ ഒരു തട്ടാൻ ആദരവോടെ അരികിൽ വന്നു വേണ്ടുന്ന സഹായങ്ങൾ ചെയ്യാമെന്നേല്പായാൽ അവനു ചിലമ്പു കാട്ടിക്കൊടുത്തു. അവൻ ചിലമ്പിനെ സൂക്ഷിച്ചു പരിശോധിച്ചു്, "വിലയേറിയ ഈ ചിലമ്പു പാണ്ടിപ്പെരുംദേവിക്കല്ലാതെ മറ്റാർക്കും അണിയുവാൻ സാദ്ധ്യമല്ല; ഞാൻ ഇതു പെരുമാളെക്കാണിച്ചു കൊണ്ടുവരാം; അതുവരെക്കും നിങ്ങൾ ഈ കോഷ്ഠത്തിലിരിക്കുക" എന്നു പറഞ്ഞു കൊണ്ടുപോയി. അടുത്ത കാലത്തു കേട്ട തീപ്പിനായി വണിക്കുടത്തിൽ കൊണ്ടുവന്നിരുന്നതും താൻ അപഹരിച്ചെടുത്തു കളവു പോയതായി പ്രസ്താവത്തിൽ വന്നിട്ടുള്ളതുമായ പെരുംദേവിയുടെ ചിലമ്പിനെപ്പറ്റി രാജഭടന്മാർ അന്വേഷണം തുടങ്ങിയിരിക്കയാൽ, ഇതു നല്ലൊരു തക്കമാണെന്നു കരുതി ഈ തട്ടാൻ പാണ്ഡ്യരാജസന്നിധിയിൽ ചെന്നു്, "മഹാരാജ്ഞിയുടെ കളവു പോയ ചിലമ്പു് അന്യനാട്ടിൽനിന്നിവിടെ വന്നിട്ടുള്ള ഒരു വണിക്കിന്റെ കൈവശം കണ്ടുകിട്ടിയിരിക്കുന്നു. ആ കള്ളൻ അടുത്തുള്ള ഒരു കോഷ്ഠത്തിലി

രിപ്പുണ്ട്" എന്നു പറഞ്ഞു. ഇതു കേട്ട പാണ്ടി പ്പെരുമാൻ തന്റെ പൂർവ്വകർമ്മവൈഭവത്താൽ മതി മറന്ന്, "അവനെ ചിലമ്പോടുകൂടി ഉടൻ നമ്മുടെ മുമ്പാകെ ഹാജരാക്കണം" എന്നു കല്പന കൊടു പ്പാൻ കരുതിക്കൊണ്ടു തന്റെ ഭടന്മാരെ വിളിച്ചു, "ഉടനെ ആ കള്ളനെ * കൊന്നു ചിലമ്പു കൊണ്ടു വരുവിൻ" എന്നു പറഞ്ഞുപോയി. ഭടന്മാർ അപ്രകാരം കല്പന നടത്തുകയും ചെയ്തു. കണ്ണകി തന്റെ ഭർത്താവിനെ കൊലപ്പെടുത്തിയ വൃത്താന്തം കേൾക്കയാൽ ഒരു ഗതിയും കാണാതെ കണ്ണുനീർ പൊഴിച്ചു പാണ്ടിയന്റെ വിനാശത്തിനായി തന്റെ മുകതാഹാരപരിശോഭിതമായ മാറിടത്തിൽ കൈവെച്ചു ഇടത്തെ മുലക്കണ്ണു പറിച്ചെറിഞ്ഞു, പാതിവ്രത്യശക്തികൊണ്ടു പാണ്ഡ്യനഗരം ഭസ്മീകരിച്ചു. പതിദേവതയായ അവളെ വലരും പോറ്റി പുകഴ്ത്തി.

സ്വാമിൻ! പാണ്ടിപ്പെരുമാളുടെ കർമ്മവൈഭവമെന്നു മുൻപറഞ്ഞതെന്ത്? എന്നു ചോദിക്കുന്നുവെങ്കിൽ പറയാം. അനുനമാഹാത്മ്യമിയലുന്ന പുരാതനനഗരമായ മധുരാപുരിയിൽ ശ്രീമഹാദേവൻ കുടികൊള്ളുന്ന വെള്ളിയമ്പലത്തിൽ ഇരുളും പരന്ന ഒരിടത്തിൽ ഞാൻ ശയിച്ചിരുന്നു. അപ്പോൾ ആ

* "കൊണ്ടച്ചിലമ്പു" എന്നതു "കൊൻറച്ചിലമ്പു" എന്നു തെറ്റിപ്പോയി.

നഗരത്തെക്കാത്തുവാഴ്ന്ന ശ്രീമധുരാദേവി അഴൽ പെരുകി വാഴുന്ന ആ വീരപത്നിയുടെ മുമ്പിൽ ആവിർഭവിച്ച്, "കടുംകോപാഗ്നിയെ കൊങ്കയാൽ കാണിച്ച ഹേ സുമുഖി! നിങ്ങളിരുവർക്കും പുണ്യഫലം ക്ഷയിച്ചതിനാൽ, മുജ്ജന്മത്തിൽ നിനക്കും നിന്റെ പ്രാണനാഥനും കലിംഗരാജ്യത്തിൽ സിംഹപുരത്തിലുള്ള 'സംഗമൻ' എന്ന വണിക്കിന്റെ പത്നിയാൽ ദത്തമായ ശാപം ഇജ്ജന്മത്തിൽ അനുഭവിക്കേണ്ടിവന്നതാണ്. ഹേ സുകേശി! നീ ഇന്നുമുതൽ പതിനാലാംനാൾ പകൽ കഴിഞ്ഞു നിന്റെ പ്രിയവല്ലഭനെ കാണും. എന്നാൽ ദിവ്യരൂപത്തിലല്ലാതെ മനുഷ്യരൂപത്തിൽ നിനക്ക് അവനെ കാണ്മാൻ കഴിയുന്നതല്ല." എന്ന് ആ ദേവി ഉപന്യസിച്ചതു ഞാൻ കേൾക്കയുണ്ടായി. ഇങ്ങനെ ചാത്തനാർ ചെങ്കുട്ടുവപ്പെരുമാളെ ഉണർത്തിച്ചതു കേട്ട് ഇളങ്കോവടികൾ, "ധർമ്മമാർഗ്ഗത്തിൽനിന്ന് അല്പമെന്നാലും വ്യതിചലിക്കുന്ന നരപാലനെ ധർമ്മന്തന്നെ ഹനിക്കും; വിഖ്യാതയായ ഒരു സതീരത്നത്തെ മനുഷ്യരെന്നല്ല വാനോർ, മുനികൾ മുതലായുള്ളോരും വണങ്ങും; പുണ്യപാപങ്ങൾ യഥായോഗ്യം രൂപീകരിച്ചവന്നു കർത്താവിനെ ബാധിച്ചു തത്തൽഫലമനുഭവിപ്പിക്കും. എന്നീ മൂന്നു കാര്യങ്ങൾക്കും ഈച്ചിലമ്മുതന്നെ ആദികാരണമായിത്തീർന്നതി

നാൽ ഈ കഥയെ നാം 'ചിലപ്പതികാര'മെന്ന പേരിൽ ഒരു കാവ്യമാക്കി രചിക്കേണ്ടതാണ്'' എന്നരുളിച്ചെയ്കയും ''ഇതു തമിഴരചന്മാരായ ചേരചോള പാണ്ഡ്യന്മാർ മൂന്നു പേർക്കും യോഗ്യമായിട്ടുള്ളതാകയാൽ അടികൾതന്നെ ഇതു കവനംചെയ്യുകളേണ''മെന്നു ചാത്തനാർ ഉണർത്തിക്കയും ചെയ്തു. അടികൾ ചാത്തനാരുടെ അഭിപ്രായത്തെ അംഗീകരിച്ച്, 1 മംഗളാചരണം 2 വിവാഹാനന്തരം കോവലനേയും കണ്ണകിയേയും വൃദ്ധന്മാരായ അവരുടെ പിതാക്കന്മാർ ഗൃഹസ്ഥധർമ്മാചരണത്തിന്നായി പ്രത്യേകഭവനത്തിൽ പാർപ്പിച്ചത് 3 യുവതിയായ മാധവിയെന്ന വേശ്യ താനഭ്യസിച്ച നാട്യവിദ്യയെ അരങ്ങേറിയത് 4 നിശാവർണ്ണനം 5 കാവിരിപട്ടണത്തിൽ ഇന്ദ്രോത്സവം നടത്തിയത്. 6 ഉത്സവാന്തത്തിൽ സമുദ്രസ്നാനം 7 കോവലനും മാധവിയും ചോലയിലിരുന്ന 'കാനൽവരി' എന്ന പദ്യങ്ങളെ വീണയിൽ പാടിയത് 8 വസന്തകാലത്തിൽ മാധവിയുടെ വിരഹവേദന 9 കണ്ണകിയുടെ ദുസ്സ്വപ്നം ദേവന്തിയോടു പറഞ്ഞത് 10 കണ്ണകി മുതലായവർ ചോളനാട്ടപുരങ്ങളെ ചോദിച്ചു കണ്ടറിഞ്ഞത് 11 നാട്ടപ്രദേശം കണ്ടു സന്തോഷിച്ചതിന്നുശേഷം, കാട്ടപ്രദേശം കണ്ടു ഭയപ്പെട്ടന്നത് 12 ദുർഗ്ഗയുടെ വേഷം ധരിച്ച ശാലിനിയെന്ന വേടസ്ത്രീയുടെ വേട്ടവരാട്ടം 13 മധുരയിലെ ഉദ്യാനാടകളിൽ പ്ര

വേശിച്ചത് 14 മൃദംഗധ്വനി മുഴങ്ങുന്ന മധുരാപുരിയെ കാണുന്നത് 15 കണ്ണകിയെ കവുന്തി അടികൾ മാതരിയുടെ അധിനാത്തിൽ ഏല്പിച്ചത് 16 കോവലനെ കൊലക്കളത്തിൽ വധിച്ചത് 17 ഇടച്ചേരിയിൽ മാതരി മുതലായ ഇടച്ചികളുടെ കൂത്ത് 18 കോവലന്റെ മരണരൂപമായ ദുർന്നിമിത്ത കേട്ടതിനാൽ കണ്ണകി ദുഃഖിക്കുന്നത് 19 സജ്ജനസമക്ഷം കണ്ണകി ലജ്ജവിട്ട് നഗരപ്രവേശം ചെയ്തത് 20 പുകഴ് പൊറ പാണ്ടിപ്പെരുമാളോട് കണ്ണകി ന്യായവാദം ചെയ്തത് 21 കണ്ണകി പാണ്ടിപ്പെരുന്തേവിയോട് കോപാവേശത്തോടെ പറഞ്ഞത് 22 കണ്ണകിയുടെ മുലമുഖത്തിൽനിന്നുണ്ടായ അഗ്നി അവർ നയിച്ചേടമെല്ലാം പരന്നത് 23 മധുരയിലെ മഹാദേവി ആവിർഭവിച്ചു കണ്ണകിയോടരുളിച്ചെയ്തത് 24 ചെങ്കുന്നിൽ വേങ്ങമരച്ചുവട്ടിൽ കണ്ണകിയെക്കണ്ടതിനാൽ ഉൽപാതശാന്തിക്കായി മലക്കുറത്തികൾ വഴിപാടുകളി നടത്തിയത് — ഇങ്ങനെ ഇരുപത്തിനാലിനോട് 25 മലക്കുറവർ രാജാംഗത്തിൽ ചെന്നു മുഖം കാണിച്ചത് 26 കണ്ണകിയുടെ പ്രതിമയ്ക്കായി ശില കയ്ക്കൊണ്ടത് 27 ആ ശിലയുടെ ജലസ്ഥാപനം 28 കണ്ണകിയുടെ പ്രതിഷ്ഠ 29 തനിക്കു പ്രതിഷ്ഠയും ഉത്സവവും നടത്തിയതിനു പാതിവ്രത്യദേവതയായ കണ്ണകി പെരു

മാക്കന്മാരെ വാഴ്ത്തിയത്ത് 30 കനകവിജയാദിക ളായ ആയ്മന്നാവന്മാക്ക് കണ്ണകി ദേവി വരം കൊ ടുത്തതു്—എന്നീ ആറു ഗാഥകൾ കൂടിച്ചേർന്ന് ആ റഞ്ചു ഗാഥകളായി പാട്ടിൽ രചിക്കപ്പെട്ട കാവ്യ ത്തെ പ്രസിദ്ധിമാനായ ഇളങ്കോവടികൾ അരുളി ച്ചെയ്കയും മധുരക്കുലവാണികൻ ചാത്തൻ കേൾക്ക കയും ചെയ്തു. ഇതു ധർമ്മാർത്ഥകാമപ്രതിപാദകമാ യ ഒരു പ്രബന്ധമാകുന്നു.

അവശിഷ്ടം.

കണ്ണകിയുടെ കടുങ്കോപത്തിന്നിരയായിത്തിന്ന പാണ്ഡ്യദേശത്തിൽ അന്നുതൊട്ടു മഴ കുറഞ്ഞു, ക്ഷാ മം വർദ്ധിച്ചു, വിഷൂചിക, മസൂരി മുതലായ സാം ക്രമികരോഗങ്ങൾ വർദ്ധിച്ചപ്പോൾ പാണ്ഡ്യരാജാ ക്കന്മാരുടെ പഴയ രാജധാനിയായിരുന്ന കൊക്കാ നഗരത്തിലെ രാജാവായ 'വെറിവേൽച്ചെഴി യൻ' കണ്ണകീദേവിക്കു ബലിക്കളത്തിൽ ആയിരം തട്ടാന്മാരെ വധിച്ചു തിറനടത്തിശ്ശാന്തി ചെയ്തതി നാൽ നാട്ടിന്നു പുഷ്ടി വരത്തക്കവണ്ണം വർഷം ഉണ്ടാ വുകയും രോഗാദ്യരിഷ്ടങ്ങൾ നീങ്ങുകയും ചെയ്തു. ഈ

സംഭവം കേട്ടുകൊണ്ടു നാട്ടരചനും ദേവിക്കു തിറ നടത്തി ശാന്തിചെയ്യുകയും, എന്നും മഴയും തൊഴിലും മുടങ്ങാതെ വരികയും ചെയ്തു. ഇപ്രകാരം സാഗര വലയിതമായ സിംഹളത്തിലെ മന്നവൻ, 'ഗജബാഹു' കണ്ണകീദേവിക്കു നാലമ്പലത്തോടുകൂടിയ ആലയം ചമച്ചു, "ഇവൾ താപശാന്തി വരുത്തി അനുഗ്രഹം നൽകും" എന്നു കരുതി പ്രതിവർഷം കർക്കടകമാസത്തിൽ ഉത്സവം നടത്തിവന്നു. അവിടെയത്രേഷ്ടം വർഷമുണ്ടായി നാടു വർദ്ധിച്ചു വിളവിന്നു സമൃദ്ധിയുണ്ടായി. ചോഴമന്നവനായ പെരുങ്കിള്ളി സർവ്വപ്രകാരേണയും അനുഗ്രഹമേകുന്ന പതിദേവത യായി സങ്കല്പിച്ചു് ഉറയൂരിൽ ഇവൾക്കൊരാലയം പണിചെയ്യിച്ചു നിത്യപൂജോത്സവാദികളും നിയമിച്ചു. അന്നതൊട്ടു ചോഴമണ്ഡലത്തിൽ രോഗാദ്ധ്യനർത്ഥങ്ങൾ നീങ്ങി നാൾക്കുനാൾ അഭിവൃദ്ധിയുണ്ടായി.

പുകാർകാണ്ഡം.

ഒന്നാം ഗാഥ.

മംഗളാശംസ.

1. തിങ്കളെക്കൂപ്പുക തിങ്കളെക്കൂപ്പുക
തങ്കം നറുമലർമാല്യത്തിനാൽ

2 അങ്കിതമാം ചോളൻതൻ കുടപോൽ മഹീ-
മങ്കയെ മുറുകം കൂളിപ്പിക്കയാൽ

3 ഭാനുവെക്കൂപ്പുക ഭാനുവെക്കൂപ്പുക
മാനിയാം കാവേരിനാട്ടരചൻ

4 താനരുളീടുന്നൊരാജ്ഞാചക്രംപോലെ
വാനിൽപ്പൊലിഞ്ഞങ്ങു പൊന്മയമായ്

5 കാണും കൊടുമുടികോലുന്ന മേരുവെ
താനേ വലംവെച്ചു വാഴുകയാൽ.

6 മേഘത്തെപ്പോറുക മേഘത്തെപ്പോറുക
സാഗരം ചൂഴുന്നോരുഴിയിന്മേൽ

7 ആ നരപാലകൻ ദാനത്തിനെന്നോണം
മേൽനിന്നു ധാര പൊഴിക്കുകയാൽ

8 പോറുക പോറുക പൂമ്പുകാർപത്തനം
ചുറും കടൽവേലിയുഴിതന്നിൽ

9 മുറും ശുചൻതൻറെ വംശത്തിനെന്നപോ-
ലേറവും കീർത്തി പരക്കുകയാൽ.

10 പൃത്ഥീപതിയ്ക്കനുകൂലമായ് നിത്യവും
യത്തിച്ചു പാരം പുരാതനമായ്

11 വിത്തവാന്മാരാകും ചെറുമന്മാരും ബുധ.
സത്തമന്മാരും വിളങ്ങുകയാൽ

12 അന്യാട്ടശപ്പൌഢി തിങ്ങിനിന്നീടുന്ന
ധന്യമാം കാവേരിപട്ടണവും

13 മന്നിൽ പൊതിയൽമലയും ഹിമാദ്രിയും
മന്നുപോലെന്നും പുകഴ്മനും

14 ശാസ്ത്രങ്ങൾ മാറും പുരാണങ്ങളെന്നിവ
തീർത്തറിഞ്ഞുള്ളോർ കഥിച്ചിടുന്നു.

15 വാനലകിങ്കലും നാഗലോകത്തിലു-
മീനമകന്നു ലഭിച്ചിടുന്ന

16 ഭോഗങ്ങളും പുരകീർത്തിയും വായ്ക്കുന്ന-
താകും പുകാറെന്നീ പട്ടണത്തിൽ.

17 വാനിൽ പയോദം മഴപൊഴിക്കുമ്പോലെ
ദാനംകൊണ്ടെങ്ങും പുകൾ പെരുകും

18 മാനായ്ക്കൻവംശമായീടുന്ന കൊമ്പിന്മേൽ
പൂണുന്നോരാകാശപ്പൊൻകൊടിയായ്

19 ഈരാറാണ്ടങ്ങു തികയാത കന്യക
വാരിജമങ്കയെപ്പോൽ വിളങ്ങി.

20 പേരാന്നമേവുമരുന്ധതീദേവിക്കു
ചേരുന്ന ചാരിത്രംതൊട്ടുള്ളോരോ

21 ചാരുഗുണൌഘമിണങ്ങുകയാൽ നിത്യം
നാരീജനം വന്നു കൂപ്പീടുന്നോൾ.

22 തനുവംഗിയാളാമിവൾക്കുള്ള നാമവും
കണ്ണകിയെന്നാല്ലോ ചൊല്ലീടുന്നു

23 അന്നഗരംതന്നിൽ ചോഴൻകരികാലൻ
മന്നിടം പാലിച്ചു വാണീടവേ

24 എണ്ണമകന്നു പെരുകിയ സമ്പത്തിൻ
വണ്ണം തികഞ്ഞു തറവാട്ടകം

25 ഒന്നരടുല്ലുങ്ങനേകമവകളിൽ
മന്നവനൊന്നെന്നേ ചൊല്ലിക്കൂട്ടി

26 സമ്പത്തു പാരം പെരുത്തങ്ങു സാധുക്കൾ-
ക്കമ്പൊത്തു ദാനങ്ങൾ ചെയ്തീടുന്ന

27 മാശാത്തുവാനെന്നു പേരാം പ്രഭവര-
ന്നാശംസ്യനായുണ്ടൊരു തനയൻ

28 ഓരാതവൻതന്റെ കീർത്തി പാരക്കുവാൻ
പാരിടം പോരാതെയായ് ചമഞ്ഞു.

29 വീണയെ വെല്ലും മൊഴിയാൽ വിളങ്ങുന്നൊ-
രേണാങ്കബിംബമുഖികളാകം

30 മാനിനിമാക്കുള്ള കാമം വഴുത്തുവാൻ
ക്ഷോണീതലത്തിലവതരിച്ചു

31 സേനാനിതാനിവനെന്നോർത്തു മങ്കുമാർ
മാനിച്ചുകൂപ്പും മഹിമയുള്ളോൻ.

32 പേരാക്കുമാരനു കോവലനെന്നുപോ-
ലീരെട്ടാണ്ടൊട്ടു തികഞ്ഞതില്ല.

33 ആരോമലാൾക്കും കുമാരനുമുള്ളൊരു
പേരാളും താതന്മാരന്നൊരുനാൾ

34 ചിന്തിച്ചു ശോഭനമായൊരു വാസരം
ചന്തത്തിൽ വേളിക്കു കോപ്പുകൂട്ടി.

35 മാനേലുംകണ്ണികൾ തമ്മെച്ചമയിച്ചു-
ങ്ങാനക്കഴുത്തിലിരുത്തിക്കൊണ്ടു

36 വേളിക്ക വട്ടമുണ്ടെന്നപ്പുരന്ധന്നിൽ
നീളവെ നന്നായ് പ്പുരസ്യമാക്കി

37 തപ്പു മുദംഗം മുരജാദിവാദ്യങ്ങൾ
എപ്പേരും പാരം മുഴങ്ങീ വേഗാൽ

38 പൃഥ്വീന്ദ്രൻ തൻെറ വിത്തുകണക്കിനെ
മുത്തണിവെങ്കടജാലം പൊങ്ങി

39 മംഗലജാതങ്ങൾകൊണ്ടങ്ങു വീഥികൾ
മങ്ങാതവണ്ണമലങ്കരിച്ചു.

40 മാലകൾ തൂങ്ങുന്ന വൈരമണിസ്തംഭ-
ജാലം നിരുത്തിയതിൻമുകളിൽ

41 നീലിച്ച പട്ടുവിതാനിച്ചുടൻ മുത്തു-
മാലകൾ തൂക്കിയ പൂപ്പന്തലിൽ

42 വെണ്മതി രോഹിണിതന്നോട് ചേർന്നാറെ
നന്മതിരളുന്ന വാസരത്തിൽ

43 വേദിയനോത്തും ചടങ്ങുകളോരോന്നെ
മാദരവോടെ നടത്തിക്കൊണ്ടു

44 നിർമ്മലയായൊരരുന്ധതിക്കൊത്തൊരു
പെണ്മണിയോടൊത്തു കോവലൻതാൻ

45 ഹോമാഗ്നിയെ വലംചെയ്തു കാണികൾ-
ക്കാഹാ!മഹാഫലമെന്നു വന്നു

46 വിത്തുകൾ താലത്തിൽവെച്ചും ചിലർ മണി-
ത്തട്ടിൽ വിളങ്ങും മലരെടുത്തും

47 വേദശ്രുതികളുമോതീടുന്നു ചിലർ
ഗീതങ്ങളും ചിലർ പാടീടുന്നു.

48 ശങ്കിച്ചുചുറ്റുങ്ങിനിന്നമ്പോടെ നോക്കുന്നു
തങ്കത്തിൻനേരൊളിപ്പൈൺകിടാങ്ങൾ

49 ചാന്തും പരിമളധൂപങ്ങളും ചില-
രേന്തുന്നിതു പുതുമാല്യങ്ങളും

50 ഗന്ധമിയന്നുള്ള ചൂർണ്ണങ്ങളും ചില
പന്തണിക്കൊങ്കമാർ കയ്യിലേന്തി.

51 പൊന്നിൻവിളക്കും പിടിച്ചു മണികളാൽ
മിന്നുന്ന താലമെടുത്തു ചിലർ.

52 വിത്തുമുളയിട്ട ഭോജനവും ചിലർ
ഹസ്തത്തിലേന്തിനാർ പൂർണ്ണകുംഭം.

53 ഒത്തുനിരന്നടനോമൽക്കുമാരിക്ക
സത്വരമാശിസ്സു ചൊല്ലീടിനാർ:

54 "പുത്രൻനറുമലപ്പൂങ്കൊടിയാമിവർ
ഉത്തമനാകുന്ന കാന്തനോടും

55 കണ്ണും കരളും പിരിയാതെ പുൽകിക്കൊ-
ണ്ടെന്നുമൊരുപോലെ വാണിടേണം.

56 ഹൈമവശൈലത്തിൻ സാനുവിലുള്ളൊരു
ചേലാന്ന ശാർങ്ഗലപ്പൊൻകൊടിയും

57 കാലേ കൊടുമുടിതന്നിലേക്കാമ്മാറു
കാലത്താൽ ചെല്ലുമാറായിടട്ടെ

58 പോത്തൊഴിലെന്നും പുകഴ്ന്നുള്ള വേൽ കയ്യിൽ
ചാർത്തുന്ന ചെയ്യിയൻ പാത്തലത്തിൽ

59 പേർത്തന്യമില്ലാതൊരംഗുലാചക്രം ദിവാ-
രാത്രം ചുഴറുമാറായിടട്ടെ."

60 എന്നങ്ങു പ്രാർത്ഥിച്ചു തൽക്കുലദൈവത്തെ
തന്നിൽകളിച്ചിച്ചു പുഷ്പങ്ങളാൽ

61 മന്നിലന്ധ്രസ്ത്രീയെന്നൊരു മങ്കയു-
മംഗളഘോഷം മുഴക്കീടിനാർ.

രണ്ടാം ഗാഥ.

ഗൃഹസ്ഥധർമ്മാചരണം.

സർവ്വസമ്പത്സമൃദ്ധിയോടുംകൂടി വിഖ്യാതന്മാരായ മഹാരാജാക്കന്മാരാൽപ്പോലും ആശിയ്ക്കത്തക്ക ധനസമ്പത്തിയുള്ള അനവധി വൈശ്യപ്രമുഖന്മാരുടെ വസതിയായ പുകാർപട്ടണത്തിൽ മരക്കലം മരക്കാൽ മുതലായ താപ്പുകളാൽ അളന്നു നിർണ്ണയിപ്പാൻ കഴിയാത്തവണ്ണം (ദ്രവ്യപുഷ്ടിയാൽ അത്ഭുതപ്പെടത്തക്ക ദേശങ്ങളോടും ദ്വീപുകളോടുംകൂടി കടൽച്ചൂഴം ഭ്രമണ്ഡലം ഒരുമ്പാടെ നോക്കുന്നതായാലും സാമ്യമാകാത്തവിധമുള്ള) ലക്ഷ്മീവിലാസത്തോടെ ധർമ്മാർജ്ജിതമായ ധനത്താൽ ഉൽകൃഷ്ടങ്ങളായ ദാനധർമ്മങ്ങളനുഷ്ഠിച്ച പുണ്യവാന്മാർ പുകഴ്ന്ന ആറുവകഭോഗഭൂമികളിലൊന്നായ ഉത്തരകുരുദേശത്തോടൊക്കത്തക്ക സർവ്വസുഖാനുഭൂതികളും തികഞ്ഞു വാഴുന്ന കുബേരന്മാരുടെ കുലതന്ത്രക്കാരായ കയല്ലുണ്ണിയും കാന്തനും ഏഴുനിലമാടത്തിൽ നാലാം നിലയിൽ മയനിർമ്മിതമെന്നു തോന്നത്തക്ക മണിക്കാൽമഞ്ചത്തിലിരിക്കയായിരുന്നു. അപ്പോൾ വിടർന്ന കേസരങ്ങൾ വണ്ടുകൾ കരണ്ടും തുളങ്ങളേതാനും കൊഴിഞ്ഞും നില്ക്കുന്ന ചെങ്കഴുനീർ, വെള്ളാമ്പൽ, താമര

മുതലായ ജലപുഷ്പങ്ങളുടെ മണം കൂടിക്കലർന്ന നക്കൻ സ്ഥലപുഷ്പങ്ങളായ കേതകികളുടെ സൌരഭ്യത്തെയും ചമ്പകച്ചോലയിൽ മാലാരൂപത്തിൽ നില്ക്കുന്ന മാധവീകുസുമങ്ങളുടെ മധുവിനേയും ആരാഞ്ഞു ഭുജിച്ചും, പിന്തിരിഞ്ഞു കാമിനികളുടെ കുറുനിരകളിലിയലുന്ന പരിമളത്തെ ആസ്വദിപ്പാനാശിച്ചു വഴികാണാതുഴലുന്ന വണ്ടുകളൊരുമിച്ചു മണിമലോരാജികളാൽ വിദ്രുഷിതങ്ങളായ വാതായനദ്വാരങ്ങളിലൂടെ തക്കം നോക്കിച്ചെന്നകംപുക്ക പരിമളമിനങ്ങിയ മലയമാരുതസംസേവനത്താൽ മതിമോഹം വളർന്ന കാമപരവശന്മാരായ്ചമഞ്ഞു. അനന്തരം അവർ അവിടം വിട്ട നറുമലരമ്പനായ മകരധ്വജന്റെ വിഹാരഭൂമിയും ഏഴാമത്തെ നിലയുമായ നിലാമുറ്റത്തിൽ ഭ്രമരങ്ങൾക്കാസ്വദിപ്പാനായി സംഭരിച്ചിരിക്കയാണെന്നു തോന്നുംവണ്ണമുള്ള മണമിയലും മലർനികരത്താൽ തീർത്ത മെത്തയിന്മേലിരുന്ന കടൽച്ചുഴമുഴിക്കൊട്ടൊഴിയാതെ ദീപ്തി നല്കുന്നതാം മരീചികളെ പ്രസരിപ്പിക്കുന്ന സൂര്യചന്ദ്രന്മാരെപ്പോലെ ശോഭിച്ചു. അവർ മാറിടത്തിലണിഞ്ഞതായ, വണ്ടുകളാർത്തും വെണ്ണിലാവു വീശിക്കൊണ്ടു വിരിഞ്ഞും വെള്ളിത്തളോടിണങ്ങിയുമിരിക്കുന്ന മുല്ലമാലയും ചെങ്കഴുനീർപ്പൂമാലയും വാടിയുലയത്തക്ക വണ്ണം മതിമറന്നു പരിരംഭണം ചെയ്തശേഷം ലക്ഷ്മീ

സമാനയായ നായികയുടെ പ്രേമപ്രസന്നമായ വദനത്തെ വീക്ഷിച്ച നായകൻ ചെയ്ത ചാടുഭാഷണമാവിത്.

('രുഗ്മിണിയോട്ട ചെന്ന പതുക്കവേ' എന്ന മട്ട്)

1 ഉമ്പരെന്നുമടി പണിയുമ്മാറു
ശംഭുതൻറെ മുടിയിലണിയായി

2 അമ്പിനോടണിഞ്ഞവക്കുമുള്ളത്തിൽ
ഇമ്പമേകുമിളംകളിർ തിങ്കളും.

3 മുന്നം നിന്നോട്ട കൂടെപ്പിറക്കയാൽ
തനുവി! നിൻനിടിലത്തടമാകെന്നു

4 തന്നിരിക്കാം മുഷ്ണു നിനയ്ക്കുമ്പോൾ
ചന്ദ്രശേഖരൻതാനെന്നു മന്മതം

5 കാമനും തൻറെ ഹേതിയായീട്ടന്ന
കോമളാകാരമിക്ഷുശരാസനം

6 സാമോദമിണയായ്നിനക്കേകിനാ–
നോമനക്കരുഞ്ചില്ലിയുഗത്തിനായ്

7 ചോക്കളത്തിൽ തനിക്കു വിജയത്തെ
ചേക്കുവാനൊരുങ്ങീടും സുഹൃത്തിനു

8 ആക്കമേലുന്ന ശസ്ത്രം കൊട്ടപ്പുതു–
മാക്കമത്രേ ധരിത്രിന്നുമാക്കെല്ലാം.

9 വിണ്ണവക്കാത്തി യീക്കും സുധയ്ക്കുടൻ
മുന്നിലല്ലോ പിറന്നു നീയാകയാൽ

10 ഇന്ദ്രനേകിയോ വജ്രായുധപ്പിടി
നിന്നിടയ്ക്കുതു നൂനമിണങ്ങീടും

11 കാത്തികേയൻ കരത്തിലൊളിയാനും
കൂത്തു നീണ്ടൊരു വേലിന്നിണകൊണ്ടു

12 തീണ്ടു നിൻറെ മുഖത്തു നയനങ്ങളും
ഓത്തു തൊനതിൻ കാരണം ചൊല്ലുവൻ

13 ആത്തനാകുംനാളെന്നെക്കരുത്തോടേ
പാത്തുകൊള്ളുവാനല്ലാതെ മറ്റില്ല

14 ചൊല്ലെഴും പീലിപൂണ്ട മരതക-
ക്കല്ലിൻ കാന്തി കലരും മയൂരങ്ങളും

15 പല്ലവാക്ഷി! നിൻ പൂഞ്ചായൽ കാണ്കയാ-
ലല്ലലാണ്ടൻ കാനനം പൂകിനാർ

16 തനി! നിൻ മൃദുയാനം ലഭിയാഞ്ഞാ-
രന്നജാലമവമാനമുൾക്കൊണ്ടു

17 ചെന്നു പൊയ്കയും തോറും മരുവുന്ന
പുണ്ഡരീകവനത്തിൽ മറഞ്ഞുതാൻ

18 വീണ, വേണു, സുധയെന്നിവ മൂന്നു-
മൂനമറു കലർന്നു മട്ടായൊരു

19 മാനിനി! നിൻറെ കണ്ഠസ്വനം കേട്ടു
മാനമറു കീഴിഞ്ഞുള്ള കീരങ്ങളും

20 നൂനമിങ്ങതിൻ ശിക്ഷയ്ക്കായ് നിന്നുടെ
പാണിതന്നിലൊതുങ്ങിമരുവുന്നു

21 മാമലർവേണി! നിന്നെച്ചുമയിപ്പാൻ
പ്രേമം പൂണ്ടു മുതിന്നൊരു മങ്കമാർ

22 രാമന്മംഗളഭൂഷണമെന്നിയേ
സാമോദം മറു മണ്ഡനജാലങ്ങളും

23 കാമിതംപോലെ നിന്നെയിൽ ചാർത്തുവാൻ
നാമറിയുന്നീലെന്തൊരു കാരണം

24 മംഗളമലർക്കാറണിക്കുന്തലിൽ
തിങ്ങിനില്പീലും നിന്നുടെ തോഴിമാർ

25 പിന്നെയുമണിയിപ്പതമ്മാഭൃങ്ങളാ-
തന്നിലുള്ളൊരു പക്ഷപാതത്താലോ?

26 കാരകിലിൻ നറുമുകയേല്പീലും
പോരെന്നോർത്തു മൃഗമദച്ചാറിനെ

27 വാറണിക്കുഴലിൽ തടവുന്നതും
പാരമായതിൻ മേന്മ പുലർത്തുവാൻ

28 പത്രവല്ലി വരച്ചുള്ള കൊങ്കയിൽ
മുത്തുമാലയണിയിപ്പതോർക്കുകിൽ

29 അത്തരുണിമാക്കായതിന്നന്നതി
ക്കേൽക്കുവാനുള്ള വിഭൃതന്നേ ധ്രുവം

30 താലി തൊട്ടുള്ള മാംഗല്യഭൂഷകളാ-
പോലും താനേ വഹിക്കുതാസ്സ്യയാൽ

31 ആനനം താൻ വിയർത്തും തനുമദ്ധ്യം
താനേതന്നെ തളർന്നും മരുവുമ്പോൾ

32 പിന്നെയുമേതാരോ ഭൂഷകളം ചാർത്തുവാൻ
പെണ്ണുങ്ങൾക്കെത്ര പിച്ചു പിണഞ്ഞിതോ?

33 പങ്കമേതും കലരാത തങ്കമേ!
ഭംഗമറാ മുഴുത്തുള്ള നന്മതേ!

34 അങ്കുരിച്ചുഴകാട്ടുന്ന ബീജമേ!
ചെങ്കരുമ്പേ! തെളിയാം നറുന്തേനേ!

35 ചാരുതപം പൂണ്ടിയലുന്ന ചിത്രമേ!
പാരിൽ ജീവിപ്പാനുള്ള ഭൈഷജ്യമേ!

36 പേരിയന്ന പെരുങ്കൂടി വൈശ്യന്റെ
പാരമാനന്ദമേകും പെൺപൈതലേ!

37 മാമലയിൽ വിളയാതെ ലബ്ധമാം
തൂമകോലും മണിയെന്നു ചൊൽവതോ

38 വാരിധിയിലുടിക്കാതെ കണ്ടിതം-
ചേരും പീയൂഷമെന്നതാൻ ചൊൽവതോ

39 വീണയിൽനിന്നുനിഗ്ഗമിയ്ക്കാത്ത നി-
കാണമെന്നു നിരൂപിച്ചകൊൾകയോ

40 കാറണിക്കുഴലാളേ! ഭവതിയെ
ക്കൊടുത്തു പുകഴ്ത്തുണ്ടു ഞാനിനി?

എന്നിങ്ങനെ കമനീയാംഗനായ നായകൻ നായികയുടെ അഗണ്യമായ ഗുണഗണത്തെ അഭിനന്ദിച്ചുകൊണ്ട്, അത്ഗഭങ്ങളായ വാങ്മുഖങ്ങളാൽ അവളെ വിനോദിപ്പിച്ചുകൊണ്ട് ഒരു നേരവും പിരിയാതെ പരമാനന്ദിച്ചിരിക്കും കാലത്തു് ഒരു നാൾ കോവലന്റെ ജനനിയായ പെരുമനാക്കിഴത്തി, കോവലനും കണ്ണകിയും യഥാക്രമം ഗൃഹസ്ഥധർമ്മം പാലിച്ചു് ഉഭയോപരി ശ്രേയസ്സു വർദ്ധിച്ചു വാഴുന്നതു കാണ്മാനുള്ള അഭിലാഷത്തോടെ മറ്റൊരു മാളികയിൽ ഗാർഹസ്ഥ്യധർമ്മാചരണത്തിനുപയുക്തങ്ങളായ സകലസാമഗ്രികളും സംഭരിച്ചു ഭൃത്യവർഗ്ഗത്തേയും നിയമിച്ചു ദമ്പതിമാരെ അവിടെ പാർപ്പിക്കുകയും അവർക്കു മനസ്സായിബഹുവിധപുണ്യകർമ്മങ്ങൾ, ബ്രാഹ്മണോപചാരം, ഭിക്ഷുസേവനം, ബന്ധുസൽക്കാരം

മുതലായകൃത്യങ്ങളും യഥായോഗ്യം നടത്തിക്കൊണ്ടു കുറെ സംവത്സരങ്ങളും നയിക്കുകയും ചെയ്തു.

മൂന്നാം ഗാഥ.

അരങ്ങേറ്റം.

(നടി)

വിന്ധ്യാചലത്തിൽ വാസംചെയ്യുന്ന മഹാത്മാവും ദിവ്യനുമായ അഗസ്ത്യമഹാമുനിയാൽ മുമ്പ് ഇന്ദ്രസഭയിൽവെച്ചു ജയന്തനും ഉർവ്വശിയും ശപിക്കപ്പെട്ടു. അതിനാൽ സ്വർഗ്ഗീയകളിൽ ഉയർന്നപട്ടവും നാട്യത്തിൽ അനന്യസാധാരണമായ നൈപുണ്യവും കൈക്കൊണ്ടു വാഴുന്ന അവർ കാഞ്ചീനഗരത്തിൽ മാധവിയെന്ന നാമംപൂണ്ടു ദേവഗണികയായിരിക്കേണ്ടിവന്നു; തദ്ഭാഗ്യജാതയായി മറ്റു വേശ്യകളെ അതിശയിക്കുന്ന ലാവണ്യാതിശയത്താൽ വിളങ്ങുന്ന 'മാധവി'യെന്ന തരുണീമണി അഞ്ചു വയസ്സുമുതൽ ഏഴു സംവത്സരം നൃത്തഗീതാദികളിൽ നിരന്തരപരിശ്രമംചെയ്തു പ്രാവീണ്യം സമ്പാദിച്ചു, പന്ത്രണ്ടാം വയസ്സിൽ വീരനൂപുരധാരിയും വിഖ്യാതനുമായ ചോഴൻ കരികാലപ്പെരുമാളുടെ മുമ്പാകെ അരങ്ങേറ്റം നടത്തേണമെന്നു നിശ്ചയിച്ചു.

(നാട്യാചാര്യൻ)

അകക്കൂത്തിന്റെ വിഭാഗങ്ങളായ ശാന്തിയെന്നും വിനോദമെന്നുമുള്ള രൂപകയുഗത്തിന്റെ ലക്ഷണങ്ങളറിഞ്ഞും, നൃത്തത്തോട് ബന്ധമില്ലാതെ ശ്ലോകാർത്ഥങ്ങൾസ്സൂ മുദ്രകാണിക്കുന്ന വിധത്തിൽ നടത്തുന്ന പലവകക്കൂത്തുകളുടെ അവാന്തരഭേദങ്ങളായ അർത്ഥം, യോനി, വൃത്തി, സന്ധി, രസം, ജാതി, ഭാവം, സതപാ, അഭിനയം, വാക്യം, വാക്യഭേദം, വർണ്ണം, രാഗം, ഛേദം എന്നു പതിനാലംശങ്ങളോട് സംയോജിപ്പിച്ചു പതിനൊന്നുവക നൃത്തങ്ങളും, തദനുരൂപങ്ങളായ ഗീതങ്ങളും അവയ്ക്കൊത്തവണ്ണം നൃത്താനുഗം, ഗീതാനുഗം, ഉഭയാനുഗമെന്നുള്ള ഭേദങ്ങളോടുകൂടിയ വാദ്യങ്ങളും ശാസ്ത്രോക്തമാംവണ്ണം ഗ്രഹിച്ചും, അകക്കൂത്തിന്നും പുറക്കൂത്തിന്നുമുള്ള ആട്ടവും, പാട്ടും, താളങ്ങളും, തൂക്കുകളും സംയോജിപ്പിച്ചു രമ്യമായ അകക്കൂത്ത്, പുറക്കൂത്ത് മുതലായവ നടത്തുന്നതിൽ പതാക മുതലായ ഇരുപത്തിനാലു ഭേദങ്ങളോടുകൂടിയ ഏകഹസ്തം, അഞ്ജലി മുതലായ പതിമ്മൂന്നു ഭേദങ്ങളോടുകൂടിയ ദ്വിഹസ്തം, കൌതുകപ്രതിപാദകഹസ്തം, പ്രവൃത്തിപ്രതിപാദകഹസ്തം ഇങ്ങനെ നാലുവക ഹസ്തമുദ്രകളെ വിധിയാംവണ്ണമറിഞ്ഞ് അകക്കൂത്തിൽ മേൽപ്പറഞ്ഞ ഹസ്തങ്ങൾ പരസ്പരം ഭേദിച്ചുവരാതേയും, പുറക്കൂത്തിൽ

ആട്ടത്തിൽ അഭിനയവും, അഭിനയത്തിൽ ആട്ടവും കലർന്നവരാതേയും കൂറവക്കുത്തും വരിക്കുത്തും ചോടുകളും തമ്മിൽ മാറാതേയും നടത്തുന്ന നാട്യാചാര്യനോട്ടം,

(ഗാനാചാര്യൻ)

വീണാവാദനത്തിലും വേണുഗാനത്തിലും ഇരുവക താളങ്ങളിലും വായ്പാട്ടിലും മൃദുമധുരസ്വരത്തിലും അകക്കുത്ത്, പുറക്കുത്ത് പതിനൊന്നു നടനങ്ങളെന്നിവയിലും അഭിജ്ഞനായി, ഇവയ്ക്കുള്ള പാട്ടുകളിണക്കുവാനും രസസ്ഫുർത്തി വരുത്തുവാനും സമർത്ഥനായി, ചെന്തായെന്നും, വെന്തറയെന്നുമുള്ള രണ്ടുതരം പാട്ടുകൾക്കും ആധാരമായ നാലംശങ്ങളേയും ഘടിപ്പിച്ച പ്രാകൃതം, മഹത്തരം, ദേശ്യം, സംസ്കൃതമെന്നീ നാലുവക പദങ്ങളുടെ സരസംഘടനയെ യഥായോഗ്യമറിഞ്ഞ്, ഈ പദങ്ങളിലിണങ്ങിയ സന്ധിഭേദങ്ങളെല്ലാം ഗ്രഹിക്കുന്നതിൽ ശക്തിതനായും, നാടകത്തിലെ കവിഹൃദയവും, നാട്യഭേദങ്ങളും, ഗീതവിഭാഗങ്ങളും, ഈ നാട്യഭേദങ്ങളുടെ ആചാര്യന്റെ സൂചനയ്ക്കും പാട്ടുകളെ ആന്തരാർത്ഥങ്ങൾക്കും യോജിപ്പിക്കുന്നിടത്തു ശാസ്ത്രവിരോധംകൂടാതെ വിഭാഗിപ്പാനും സംയോജിപ്പാനും തക്ക പാടവമുള്ളവനായും ഇരിയ്ക്കുന്ന ഗാനാചാര്യനോട്ടം,

(നാടകകവി)

അലകടൽ ചൂഴമവനീമണ്ഡലത്തിൽ വെങ്കിടഗിരിക്കു തെക്കും കന്യാകുമാരിക്കു വടക്കുമായി പൂവ്വപശ്ചിമസമുദ്രങ്ങൾക്കു മദ്ധ്യേ കിടക്കുന്ന ദേശമായ തമിഴ്നാട്ടിൽ പ്രസിദ്ധനായി, സാഹിത്യം, സംഗീതം, നാട്യം—ഈ മൂന്നു വിദ്യകളിലും വിദഗ്ധനായി, നാടകശാസ്ത്രത്തെ സാമാന്യവിശേഷഭേദത്തോടെ നന്നായറിഞ്ഞു്, ഗായകൻ നിയമിച്ചിട്ടുള്ള വിഷമഘട്ടത്തെ അറിഞ്ഞു് അവൻ താളനിലയിൽ വെച്ചിട്ടുള്ള വണ്ണത്തെ തന്റെ കവനത്തിൽ വ്യഞ്ജിപ്പിച്ചു് വിരോധികളാൽ പറയപ്പെട്ട കുറവുകളുടെ ഗുരുലഘുതമറിഞ്ഞു്, അപ്രകാരമുള്ള അബദ്ധങ്ങളൊന്നും പറ്റാത്തവണ്ണം രൂപകം രചിക്കുന്നതിൽ സമർത്ഥനായ കവിവയ്ക്കനോടും,

(മാർഗ്ഗികൻ)

സകലരൂപകഭേദങ്ങളും ഗീതങ്ങളും പതിനോരായിരത്തിത്തൊള്ളായിരത്തിത്തൊണ്ണൂറൊന്നു ധ്വനികളും മുത്തമിഴെന്ന സാഹിത്യാദി മൂന്നു വിദ്യകളും വീണവായനയിലുള്ള വിശേഷങ്ങളും താളങ്ങളും തൂക്കുകളും അവയിൽ വരാവുന്ന തെറ്റുകളും നാമാദി നാലുവിധപദങ്ങളും സലക്ഷണമറിഞ്ഞും, ഓരോ പാട്ടിലും പതിഞ്ഞവട്ടത്തിന്റെയും ഇരട്ടിവട്ടത്തിന്റെയും ഏറ്റത്തിലും ഇറക്കത്തിലും താളത്തിനു

വേണ്ടുന്ന ഏറക്കുറച്ചിൽ വശത്തേണ്ടതറിഞ്ഞും, ഉരുപ്പടികളിൽ വീണയും കുഴലും വായ്പാട്ടും ഇണങ്ങത്തക്കവണ്ണവും ശ്രോതാക്കൾ രസിക്കത്തക്കവണ്ണവും രംഗവാസികളുടെ മതമറിഞ്ഞു വായിച്ചു മറു പക്ഷമേളങ്ങളുടെ ശ്രുതികൾക്കേറക്കുറവു വന്ന മേളത്തിന്നു ചോർച്ചവരാതെ തന്റെ ഹസ്തപാടവം പ്രദർശിപ്പിക്കുന്നതിൽ പ്രവീണനായ മാർദ്ദംഗികനോടും,

(കുഴൽക്കാരൻ)

ശാസ്ത്രവിധിപ്രകാരം ചിത്രയോഗം വഞ്ചനയോഗമെന്ന രണ്ടു ശബ്ദഭേദങ്ങളുടെ സന്ധിവിശേഷത്തെ അറിയുന്നതിൽ നാടകകർത്താവിന്ന് തുല്യമായ അറിവു സമ്പാദിച്ചും, കുഴലിന്റെ ദ്വാരങ്ങളെ തർജ്ജന്യാദ്യംഗുലികളാൽ വിട്ടു പിടിക്കുന്നതായ ആരോഹണത്തേയും, കനിഷ്ഠിക മുതലായ അംഗുലികളാൽ വിട്ടുപിടിക്കുന്നതായ അവരോഹണത്തേയും നിലതെറ്റാതെ പ്രയോഗിപ്പാൻ അഭ്യസിച്ചും, വീണയിൽ ഷഡ്ജം, പഞ്ചമം എന്ന രണ്ടു തന്ത്രികളേയും ഇരട്ടിച്ചു കെട്ടി അവയെ മീട്ടി വായിപ്പാൻ ഗ്രഹിച്ചു മൃദംഗത്തിന്റെ ശ്രുതിയറിഞ്ഞു മാർദ്ദംഗികപ്രധാനനോടിണങ്ങി വായിച്ചും ഗായകന്റെ ഗാനത്തിന്നനുസരിച്ചു സലക്ഷണം ശ്രുതി പിഴയ്ക്കാതെ വർണ്ണങ്ങൾ പാടി രഞ്ജിപ്പിച്ചും, പലതരം ഗാനങ്ങളെ വാങ്മാധുര്യത്തോടും ഗാനമാധുര്യത്തോടും പ്രയോഗിപ്പാൻ കഴിവുള്ള കുഴൽക്കാരനോടും,

(വൈണികൻ)

ഓരോതരം ഗാനങ്ങൾക്കും നാടകപാത്രങ്ങളുടെ ശാരീരങ്ങൾക്കും ഇണങ്ങിയ ശ്രുതിഭേദങ്ങളെ അനുസരിച്ചു തന്ത്രീനിയമനംചെയ്യുന്നതിലും ഗീതങ്ങളിലുള്ള വണ്ണങ്ങൾക്കനുരൂപങ്ങളായ ധ്വനികളെ ആവിർഭവിപ്പിക്കുന്നതിലും ഓരോ സ്ഥാനങ്ങളിലും സമവിഷമഭേദേന കരപാടവം പ്രകടിപ്പിക്കുന്നതിലും ശ്രുതിലയങ്ങളുടെ വിഭാഗത്തിലും, സ്വരങ്ങളുടേയും താളങ്ങളുടേയും അവാന്തരഭേദവിവേചനത്തിലും സ്വരാങ്കിതകളുടെ പ്രസ്താരക്രിയയിലും അഭിജ്ഞനായും മറ്റുള്ള മേളങ്ങളുടെ ശ്രുതിയിൽനിന്നും ഏറക്കുറവു വരാത്തവിധത്തിലിണങ്ങി പാടുവാൻ നിപുണനായുമിരിക്കുന്ന വൈണികാചാര്യനോടും,

(രംഗം)

പ്രാജ്ഞനായ ശില്പാചാര്യന്റെ വിധികൾക്കു വിരോധം വരാത്തവണ്ണം രംഗനിർമ്മാണത്തിനു നിർദ്ദോഷമായ സ്ഥലത്തെ നിയമിച്ചു്, പൊതിയൽ മുതലായ പുണ്യവസ്തുക്കളുടെ പാശ്ചങ്ങളിൽ വളർന്നു് ഒരു ചാൺ കമ്പായമുള്ള മുളയിൽനിന്നു് ഒരു ഒത്ത പുരുഷന്റെ പെരുവിരലിനു് ഇരുപത്തിനാലു വിരൽ നീളത്തിൽ അരങ്ങളെ നിർമ്മിപ്പാനുള്ള കോൽ ഉണ്ടാക്കി, ഇക്കോലിനു് ഏഴുകോൽ വീതിയും എൺകോൽ നീളവും ഒരു കോൽ ഉയരവുമുള്ള തറയിട്ടു്,

തറയിന്മേൽ നിരത്തിപ്പതിച്ച പലകകളിൽനിന്ന നാലുകോലുയരത്തിൽ തൂണ നിറുത്തി ഉത്തരംവെച്ച ശാലയുടെ അളവിന്ന വിധിച്ചവണ്ണമുള്ള അളവിൽ രണ്ടു പ്രാകാരങ്ങളോടുംകൂടി നിർമ്മിതമായ രംഗത്തിൽ മേൽഭാഗത്തു ബ്രാഹ്മണക്ഷത്രിയവൈശ്യത്രിവർണ്ണങ്ങളായ വജ്രദേഹൻ, വജ്രദന്തൻ, വർണ്ണൻ, രക്തകേശപരൻ എന്നീ നാലു ഭ്രാതൃങ്ങളുടേയും രൂപം വരച്ചു യാവരും കണ്ടു വണങ്ങത്തക്ക നിലയിൽമേൽഭാഗത്തുവെച്ച്, തൂണുകളുടെ നിഴൽ രംഗത്തിലുള്ള യാതൊന്നിലും വ്യാപിക്കാത്തവണ്ണം നല്ല നിലവിളക്കു കൊളുത്തിവെച്ച്, ഇടത്തും വലത്തും ചിത്രിതത്രിപങ്ങളായ രണ്ടു തിരശ്ശീലകളും, മേൽപ്പറഞ്ഞ നാലു ഭ്രാതൃത്രിപങ്ങളും വരച്ച ശീലയാൽ മേക്കെട്ടിയും കെട്ടി ചന്ദ്രൻ, വ്യാഴം, ചൊവ്വ എന്നുള്ള തേജസ്സുയത്തോടെ ക്രമത്തിൽ ധവളപീതരക്തവർണ്ണസാമ്യം സിദ്ധിച്ചിട്ടുള്ള മുക്താമാണിക്യവിദ്രുമമാലകളെ യഥാക്രമം തൂക്കി, പുതുമയും ശില്പവൈദഗ്ധ്യവും പുകഴ്ന്ന രംഗത്തിൽ,

(തലക്കോൽ)

വിഖ്യാതന്മാരായ മഹീപാലന്മാർ ശത്രുക്കളെ പൊരുതു പരാജിതന്മാരാക്കുകയാൽ അവരിൽനിന്ന ലഭിച്ച വെൺകൊറക്കുടയുടെ കാലിനെ എടുത്ത് അതിന്റെ കമ്പുതോറും നവരത്നങ്ങൾ പതിച്ചു ക

ന്നിടമുഴവനും കാഞ്ചനത്തകിടും പൊതിഞ്ഞു ഏഴചാൺ നീളത്തിൽ ശരിപ്പെടുത്തിട്ടുള്ള തലക്കോലിനെ ഇന്ദ്രകുമാരനായ ജയന്തനെന്നു സങ്കല്പിച്ചു മന്ത്രപൂർവ്വം വിധിപോലെ ആരാധിച്ചു തൊഴുതു രാജഗൃഹത്തിൽ കൊണ്ടുചെന്നു കാപ്പു കെട്ടിവെച്ചതിന്നുശേഷം തലക്കോൽസ്ഥാനം വഹിക്കുന്നവേശ്യാവ്രതമിരുന്നു് ഈ പ്രധാനദണ്ഡത്തെ നാടകരംഗത്തിലേക്കു കൊണ്ടുചെന്നുവെച്ചു നാട്ട്യാചാര്യൻ തുടങ്ങിയുള്ള നാടകാംഗങ്ങളെല്ലാമൊത്തൊരുമിച്ചു',

1 "ഭരണി കാർത്തിക രേവതി രോഹിണീ
മഖമൊടൊത്തു വിശാഖമവിട്ടവും
അഥിക ചിത്തിരയോടു പുരാടവും
അരിയനാളുകൾ പൂരിതൊക്കയും

2 ഇടവം മിഥുനം കർക്കടസിംഹതുലാവൃശ്ചികാമ്പ്യരാശികളും"

എന്നിപ്രകാരം വിധിച്ചിട്ടുള്ള ശുഭനക്ഷത്രലഗ്നാദികൾ ചേർന്ന സുമുഹൂർത്തത്തിൽ കാഞ്ചനകലശങ്ങളിൽ സംഭരിച്ചുവെച്ചിട്ടുള്ള പുണ്യതീർത്ഥവാരികളാലഭിഷേകംചെയ്തു പൂമാല ചാർത്തി പൊൻചങ്ങലയും പൊൻപട്ടവുമണിയിച്ചു വിജയഘോഷപൂർവ്വകം പട്ടത്താനയുടെ കരത്തിൽ ധരിപ്പിച്ചു വീരമദ്ദളാദിവാദ്യഘോഷങ്ങൾ മുഴക്കി നൃപൻ, അമാത്യൻ, പുരോഹിതൻ, സേനാപതി മുതലായവരോടു ചേർന്നു വീ

ഥിയിൽ അലങ്കരിച്ചു നിത്തിയിരിക്കുന്ന രഥത്തെ വലംവെച്ചു രഥാരൂഢനായ നാടകഗ്രന്ഥകർത്താവിന്റെ കയ്യിൽ കൊടുത്തു് എല്ലാവരും ചേർന്നു നഗരപ്രദക്ഷിണം ചെയ്തുവന്നു നാടകരംഗത്തിൽ പ്രവേശിച്ചു തലക്കോലിനെ എതിർമുഖമാക്കിവെച്ചു നൃപാമാത്യാദികളെപ്പേരും യഥായോഗ്യം ആസനങ്ങളിലിരുന്നതിന്നുശേഷം

"ആട്ടയാനിട മുക്കോലു–
മാടിപ്പോക്കൊരു കോലുമാം
പാട്ടയോക്കൊരു കോൽ വാദ്യം
വാഴിപ്പോക്കുമതേ വിധം.
വിധിച്ചിരിപ്പു രംഗത്തിൽ
ബുധന്മാരിടമിങ്ങനെ"

എന്നുള്ള നിയമപ്രകാരം ഇടയ്ക്കു മുതലായ വാദ്യങ്ങളെ പ്രയോഗിക്കുന്ന മേളക്കാർ യഥാസ്ഥാനം നില്ക്കുമ്പോൾ അരങ്ങേറത്തിന്നൊരുങ്ങിയ മാധവി, വലതുകാൽ മുൻവെച്ചു രംഗത്തിലോറി മുറപോലെ ദക്ഷിണപാശ്വത്തിലുള്ള മുഖത്തിരയ്ക്കാസ്പദമായ വലത്തെത്തൂണിന്നരികെയും അപ്രകാരംതന്നെ നാട്യവിദഗ്ധകളായിരുന്ന പ്രായംചെന്നവരായ വേശ്യകൾ ഇടതുപാശ്വത്തിലുള്ള മുഖത്തിരയ്ക്കാസ്പദമായ ഇടത്തൂണിന്നരികെയും ചെന്നുനിന്ന ശുഭപ്രാപ്തിയേയും അശുഭനിവൃത്തിയേയും ആശംസിച്ചുകൊണ്ടു്

കാരോ കീർത്തനങ്ങൾ പാടി, ഈ ഗാനത്തിന്റെ പ
യ്യവസാനത്തിൽ കഴലിനെത്തുടർന്നു വീണയും
വീണയെത്തുടർന്നു മദ്ദളവും മദ്ദളത്തെത്തുടർന്നു ഘ
ടവും ഘടത്തെത്തുടർന്ന് ആമന്ത്രികയും ആമന്ത്രി
കയെത്തുടർന്ന് ഇടക്കയും പരുന്തും നിഴലുംപോലെ
അനുവർത്തിച്ച്, കാരോ താളത്തിന്നിരണ്ടു പാറുവീ
തം പഞ്ചതാളപ്രബന്ധമായി ഘടിപ്പിക്കപ്പെട്ട മ
ണ്ഡലത്തെ ഒരു താളത്തിന്നു രണ്ടു പാറുവീതം പ
ത്തും തീർപ്പാനം ഒന്നുമായി പതിനൊന്നു പാറിനാൽ
നാട്യശാസ്ത്രവിധിപോലെ വാദനംചെയ്ത ദേശ്യരംഗ
ത്തെ അവസാനിപ്പിച്ചു. പിന്നെ യഥാക്രമം മംഗള
ഗാനാനന്തരം മംഗളാചരണരൂപങ്ങളായി ചതുഷ്പ
ദി മുതലായ ഗീതങ്ങളെ താളത്തിന്നും ശ്രുതിക്കും ഭം
ഗം വരാതെ വാദ്യനൃത്തങ്ങൾക്കിണങ്ങുംവണ്ണം ത്രി
പടയിൽ ആരംഭിച്ച് ഏകതാളത്തിൽ അവസാനി
പ്പിക്കുകയും ചെയ്ത രസകരങ്ങളായ മണ്ഡലനൃത്ത
ങ്ങളെ ഒറവട്ടത്തിലും ഇരട്ടിവട്ടത്തിലും പ്രയോഗി
ച്ചു രസഭാവപുഷ്ടിയോടെ കാഞ്ചനനിർമ്മിതയായ ഒ
രു കാമനിയെപ്പോലെ താണ്ഡവം, നൃത്തം നാട്യമെ
ന്ന മൂന്നു വിഭാഗങ്ങളോടുകൂടിയ നടനത്തെ നാട്യ
ശാസ്ത്രനിയമങ്ങൾക്കു ഭംഗം വരാതെ കാരോ അംഗ
ങ്ങളായി ആടി അവസാനിപ്പിച്ചു. അപ്പോൾ മുന്നാ
ങ്കിലെഴുന്നരുളിയിരുന്ന മഹീവല്ലഭൻ ഈ മാധ

വിയുടെ നൃത്തത്തിലുംഗീതത്തിലും ലാവണ്യത്തിലും അതിയായ വിസ്മയം ജനിക്കയും അവളിൽ തനിക്കുണ്ടായ രാഗഭാരത്തെ സഫലമാക്കാൻ ഒരുങ്ങുന്നതായാൽ ജനങ്ങളുടെ പുച്ഛരസത്തിനു പാത്രീഭവിച്ചേക്കുമോയെന്നുള്ള ആശങ്കമൂലം കാമത്തെ അടക്കുകയും ചെയ്തു. ഇംഗിതജ്ഞയായ അവൾ തന്റെ പ്രാവീണ്യത്തിനും ചാരുതയ്ക്കും തക്കവണ്ണം മുന്നാറുമുതലായ സകല മുൻകൈകൾക്കും അധികാരം സിദ്ധിച്ചനിലയിൽ അരങ്ങേറ്റം സമാപ്പിക്കുകയും രാജാവു് അവൾക്കൊരു സുവർണ്ണമാല സമ്മാനിക്കയും ചെയ്തു. ഇങ്ങനെ നാട്യവിദ്യയിൽ നൈപുണ്യം സിദ്ധിച്ചരങ്ങേറുന്ന നാടകവേശ്യയ്ക്കു വിധിപ്രകാരം രാജാവു കൊടുക്കേണ്ടതായ പാരിതോഷികം ആയിരത്തെട്ടു * കഴഞ്ചു് സുവർണ്ണം ഒരേ സമയത്തു രാജാവിൽനിന്നു ലഭിച്ചു. ഇതിൽ ആയിരം പൊൻ അവൾക്കു പാരിതോഷികവും എട്ടുപൊൻ അവളോടൊത്തു രമിക്കേണമെന്നുള്ള ഉദ്ദേശത്തെ സൂചിപ്പിക്കുന്നതുമാകുന്നു. അനന്തരം അവൾ തന്നെ കാമിച്ചവരുന്ന പുരുഷൻ ഇപ്രകാരം ആയിരത്തെട്ടുപൊൻ തനിക്കു സമ്മാനിക്കേണമെന്നു നിശ്ചയിച്ചു, 'വശവി'യെന്നു പേരുള്ള തന്റെ ദാസി കൂനിയെ വിളിച്ചു തനിക്കു

* ഒരു കഴഞ്ചു് = പന്ത്രണ്ടു പണമിടങ്ങഴി. 'പൊൻ'എന്നു കൂടി സംജ്ഞയുള്ള ഒരു സ്വർണ്ണനാണയം.

രാജാവു സമ്മാനിച്ചതും പത്തരമാറ്റുള്ള പത്തുംപൊന്നിനാൽ പണിതീർത്തതുമായ കിളിച്ചിറകുമാലയെ അവളുടെ കയ്യിൽ കൊടുത്ത്, "ഈ മാലയ്ക്കു നൂറുവീതമുള്ള പത്തട്ടികളും എട്ടെണ്ണമുള്ള ഒരട്ടിയുമായി ആയിരത്തെട്ടു തങ്കപ്പൊൻ വിലയാകുന്നു. ഈ വില തന്നു് ഇതിനെ വാങ്ങി അണിയുന്ന പുരുഷനു മാധവിയുടെ കാമുകനാവാൻ കഴിയുന്നതാണു്" എന്നു പറഞ്ഞുകൊണ്ടു് നഗരത്തിലെ പ്രധാനവീഥിയിൽചെന്നുനില്ലാൻ പറഞ്ഞയച്ചു.

മാധവിയുടെ ഈ മാലയെ കോവലനെന്ന വൈശ്യയുവാവു, പാഞ്ഞ പൊൻ കൊടുത്തു വാങ്ങി ആ കൂനിയോടൊരുമിച്ചു മാധവിയുടെ മന്ദിരത്തിൽ പ്രവേശിച്ചു. അവിടെ ചെന്നു മാധവി അവനെ തന്റെ കാമുകനായിക്കൈക്കൊള്ളുമ്പോഴേക്കുതന്നെ സംഭ്രമിച്ചു മയങ്ങി അവളെ വിട്ടുപിരിയുവാൻ കഴിയാതവണ്ണം പ്രേമാകുലിതനായ്ത്തീർന്നു, പാതിവ്രത്യദീക്ഷിതയായ തന്റെ പത്നിയേയും ഭവനത്തെയും മറക്കുകയും ചെയ്തു.

T. R. Dass - Ayr

നാലാം ഗാഥ.

നിശാവർണ്ണനം.

1 പാരംവിളങ്ങുന്ന ഭാനുക്കളെങ്ങുമെ-
പ്പോഴും പരത്തിജ്ജഗത്തുക്കളൊക്കയേ

2 പാരാതെ കാഞ്ഞുകൊണ്ടീടും ദിനേശനെ
പാരിലെങ്ങുനുമേ കാണ്മാറില്ലഹോ.

3 വാനത്തെ നന്നായലങ്കരിച്ചീടുന്ന
പൂനിലാവാനന്ദപൂർണ്ണം പൊഴിച്ചിടും

5 പ്രാലേയഭാനുവായോരു സമ്പന്നനി-
ക്കാലമടങ്ങുകൊണ്ടീടുന്നതെങ്ങുവാൻ?

5 ആഴിയാമംബരം പൂണ്ടു വിശാലയാ-
മൂഴിയായീടുന്നൊരോമനത്തയ്യലാൾ

6 പൂഷാവാകുന്ന തൻകാന്തനെക്കാണാഞ്ഞി-
ട്ടാശകളാകുന്ന നാലുമുഖങ്ങളും

7 ചെമ്മേ ചുവന്നു ചമഞ്ഞുല്ലുലുംകൊണ്ടു
നന്മലർക്കണ്ണുനീർ വാർത്തുനിന്നജസാ

8 അംഗമശേഷം പനിയും പരന്നതു-
രംഗത്തിലല്ലൽ വളർന്നു മരുവിനാൾ

9 വീരരാം മന്നരകന്നുള്ള കാലമ-
ങ്ങോരാതറിഞ്ഞോരു കൂടപ്പാലകർ

10 പാരിച്ച മോഹേന തന്മഹിഭാഗങ്ങൾ
നേരിട്ടുചെന്നു ഹരിക്കും ദശാന്തരേ

11 ധർമ്മം പുകഴ്ത്തും ജനങ്ങളും വിഷണ്ണരായ്
തന്മഹീപാലരെച്ചിന്തിച്ചിരിക്കവേ.

12 ഹീനരാം മറവുള്ള പെരുമർതൻ ഭുവിന്നു
ഹാനിചേർത്തീടും നവീനഭൂപാലരെ

13 മാനിച്ചു സാഹായ്യമാചരിച്ചുകൊണ്ടു
വാണസുഖേന വർത്തിച്ചുകൊള്ളുംവിധം

14 പ്രാണേശരെപ്പിരിഞ്ഞുള്ള നാരീജനം
കേണുവിഷാദിച്ചുകൊണ്ടുമേവുന്നിതു

15 കാമുകന്മാരൊത്തു വാഴുന്ന കാന്തമാ-
രാമോദമാർന്നു കളിച്ചു മേവുന്നതേ·

16 സാദരം കോവലൻ തന്നോടുതുല്യമാ-
യുള്ളൊരു വണ്ടും കുഴലെഴും മുല്ലയിൽ

17 കേസരവ്യൂഹസൌരഭ്യം ഹരിക്കുവാ-
നാശിച്ചു ഭൃംഗവ്രജം ചെന്നടുക്കവെ

18 മാലേയമാരുതൻ വീശിപ്പരാഗങ്ങൾ
ചാലവേ ദൂരെപ്പറപ്പിച്ചിടുന്നിതു.

19 ലോലായതാക്ഷിമാരുദ്യൽകരങ്ങളിൽ
ചാലേവഹിക്കുന്ന രത്നദീപങ്ങളും

20 ഇത്തരം സന്ധ്യയും വന്നു പുരാതന-
പത്തനേ പുത്തൻ നൃപാലനെപ്പോലവേ

21 ബാലരെന്നാകിലും വൈരിഭൂപാലരെ
ചാലവെ വെല്ലുവാനുള്ളൊരുവല്ലഭം

22 കോലുന്ന ദക്ഷിണഭൂപാനവയത്തിന്റെ
മൂലഭൂതപ്രമിയന്നുള്ള ഹേതുവാൽ

23 വാനത്തിലന്തിക്കെഴുന്ന നിശാനാഥ-
നൂനം വരുത്തുന്ന സന്ധ്യയാം വൈരിയെ

24 ചീളന്നകാറിസ്സുധർമ്മത്തെ രക്ഷിച്ചു
നീളവെ വെണ്മതേടീടുന്നദീധിതി-

25 ജാലങ്ങളാകുന്ന കീർത്തിയെപ്പൊങ്ങിച്ചു
പാലിച്ചുപോരുന്ന തൂവെളിച്ചത്തിങ്കൽ

26 ഉദ്യാനമേലുന്ന മല്ലികാമുല്ലയെ-
ന്നിത്യാദിസൂനങ്ങൾകൊണ്ടു ചമച്ചോരു

27 മെത്തമേൽ വാണ വിലാസമിയന്നടൻ
ഹൃദ്യമായുള്ളോരു മദ്ധ്യനിബദ്ധമാം

28 വിദ്രുമമേഖലാജാലം കിഴിഞ്ഞു വി-
സ്രസ്രാംശുകം ശ്രമം പൂണ്ടുകൊണ്ടീടവേ

29 പൂനിലാവേറെ സുഖിക്കുമാറേറമ-
ന്യൂനം വിശാലമാമച്ചുശാലയിൽ

30 കോവലനോടൊത്തു കാമലീലാവിധം
ഭാവാനുകൂലപ്രതികൂലഭേദേന

31 കാന്തനെപ്പുണ്ടുതഴുകിസ്സുകൌതുകം
പൂന്തേൻതൊഴുംമൊഴിയാളായമാധവി

32 കന്ദബാണാത്തയായ് വൈകല്യമാന്നോരു
മണ്ഡനംമാറിയണിഞ്ഞൊരനന്തരം

33 പാശ്ചാത്യദേശമാം കേകയം തന്നിലെ-
സ്സ്വച്ഛമായീടും ഗുളത്തോട്ടകൂടവേ

34 പൌരസൂദേശത്തിലുത്ഭവിച്ചുള്ളോരു
കാരകിൽ ചേർത്തുള്ള ധൂപം പരക്കവെ

35 ഉത്തരദേശത്തു ഹേമാദ്രിജാതമായ്
മെച്ചമാന്നിട്ടന്ന ശാണോപലത്തിങ്കൽ

36 ദക്ഷിണദേശസ്ഥമാകും മലയജം
സച്ചുമുരച്ചുള്ള പങ്കം തളിച്ചടൻ

37 പങ്കേരുഹത്തിന്നിളംതളിർ നന്മധു-
തുങ്കമനോജ്ഞങ്ങളാം പ്രസൂനങ്ങളും

38 ചെങ്കഴിനീർപുതുപ്പൂക്കളും കാമത്തെ-
യങ്കുരിപ്പിക്കുന്ന നീലോല്പലങ്ങളും

39 പൈന്തളിർകൊണ്ടു തൊട്ടുള്ള മാലകൾ
ചന്തമേറീടുന്ന മുക്താസരങ്ങളും

40 വെണ്മതേടീടും നറുമൃഗമ്പൊടികളും
ചെമ്മേ യഥാക്രമം ചേർത്തുവിചിത്രമായ്

41 നിർമ്മലമാമ്മാറുടൻ ചമച്ചുള്ളോരു
നന്മണിപ്പൂമെത്തതന്മേലനാകുലം

42 ലീലാവശത്താൽ മയങ്ങിച്ചമഞ്ഞഥ
മാലേയവാതത്തിനാലേ തെളിഞ്ഞുടൻ

43 പ്രേമഭാരാർത്തയായ് പ്രാണപ്രിയൻതൻെറ
തുമകോലുന്നൊരു വക്ഷസ്ഥലത്തിങ്കൽ

44 ഓമനക്കണ്ണിണത്താരണച്ചുകൊണ്ടു
കാമിനീരത്നം കളിച്ചുറങ്ങിടവേ

45 കണ്ണകി തന്നുടെ ചേവടിത്താർവിട്ടു
തിണ്ണമകന്നു മണിച്ചിലമ്പഞ്ജസാ

46 ഓരാതെമദ്ധ്യത്തെ വിട്ടകന്നു തനി-
ക്കേറുംമഹത്വം പെറാതെ പൊൻകാഞ്ചിയും

47 കൊങ്കത്തടങ്ങളിൽ കുങ്കുമച്ചാറൊട്ടും
തങ്കിനിന്നീടാതകന്നു ഹാരങ്ങളും

48 മംഗല്യസൂത്രമൊഴിച്ചുള്ള ഭൂഷക-
ളംഗങ്ങളോരോന്നിൽനിന്നുമകന്നുതേ

49 കണ്ണുപാശത്തിനെസ്സേവിച്ചു നിന്നൊരു
പെരുന്നോലയും തത്ര കാണ്മതില്ലെങ്ങുമേ

50 ചന്ദ്രബിംബാനനംചേർന്നു ലസിക്കുവാ-
നന്നുതുനിക്കുന്നീല ഘമ്പിനുക്കളും

51 കഞ്ചുയതേക്ഷണത്തേരോടണഞ്ഞീടുവാ-
നഞ്ജനത്തിനും ലഭിച്ചീല ഭാഗ്യവും

52 ചന്ദ്രക്കലാഭമാം നെറ്റിത്തടത്തിനെ-
സ്സന്നിധാനംചെയ്യുതില്ല തിലകവും

53 നീലക്കരുങ്കുഴൽ തന്നിൽ പുഴുകിന്നൊ-
രാലംബമെന്നതുണ്ടായീല തെല്ലുമേ

54 അഞ്ചാതെ കോവലൻ തന്നുടെ നേർക്കുള്ള
പുഞ്ചിരിപ്പൂനിലാവങ്ങുകാണ്മീലഹോ.

55 ഇത്തരം കണ്ണകിതന്നോടുതുല്യമായ്
ഭർത്തൃദുഃഖം പൂണ്ടു വാഴുന്ന മങ്കമാർ

56 ഉൾത്താപമേതും സഹിച്ചു കൂടായ്കയാ-
ലെന്തുയും മാഴ്കിത്തളർന്നുവശംകെട്ടു

57 ഊതും തുരുത്തിക്കുലമുഖത്തിൽ ചൂട്ടു-
ബാധിച്ചുതാപം കലർന്നിട്ടുംവണ്ണമെ

58 വേനലിൽവാണു സുഖിക്കുവാൻ സൌഭാഗ്യ-
മോലുംനിലാമുറ്റമാദരിച്ചീടാതെ

59 ശീതകാലോചിതമാകുമിടനില-
യാതങ്കമോടുമമന്നുമേവീടുന്നു.

60 വെണ്ണിലാവും നല്ല മാലേയവാതവും
വന്നിടായ്വാൻ ജനവാതിലും ബന്ധിച്ചു

61 ചന്ദനപങ്കവും ചാരുഹാരങ്ങളും
തനുവംഗിമാരണിഞ്ഞതിലാ കുചങ്ങളിൽ

62 ചെങ്കഴിനീർപങ്കജാദി സുമനങ്ങളാ-
ലിംഗിതംപോലെ ചമച്ച പൂമെത്തമേൽ

63 മങ്കമാക്കേത്തുമെ വാഞ്ഛയുണ്ടായീല
തുംഗമാമാതങ്കമുൾക്കൊണ്ടു വാഴ്കയാൽ.

64 ഭർത്തൃസംഗത്താൽ തപിച്ചുദരത്തീന്നു
പുത്രചിതന്നിൽ കൊഴിഞ്ഞുള്ളൊരു രോമങ്ങൾ

65 ചിന്നംപുലിനങ്ങളേറി പ്രണയികൾ
തമ്മെപ്പിരിഞ്ഞു മേവീടുന്ന ഹംസികൾ

66 ധന്യരാം പ്രാണേശരോടങ്ങു വേർപെട്ട
മുന്നമാമോദിച്ചിടാതെ മേവുംവിധൌ

67 തങ്ങൾക്കിടയിലും പിന്നിലും നിന്നുള്ളൊ-
രന്യവസ്തുക്കളെക്കൊത്തിയെറിഞ്ഞുടൻ

68 ആക്കം കലർന്നു ചലിക്കാതൊരുള്ളവും
വാഴ്ത്തുന്നസന്താപമാർന്നു കലങ്ങയെ.

69 ചേണാർന്നു നിണ്ടു വിലസുന്ന കണ്ണിണ-
ക്കോണങ്ങൾ പാരം ചുവന്നു വശംകെട്ടു

70 ചിത്തശോകാവേഗബാഷ്പാംബുബിന്ദുക്കൾ
മുത്തിനോടൊത്തു പൊഴിച്ചുകൊള്ളുന്നതേ.

71 അന്നമായീടുന്ന ചാരുയാനത്തൊട്ടം
ചിന്നുന്ന പൂന്തേനിയന്നപാരം മണം

72 പൊങ്ങുന്ന ചെന്താമരച്ചോരിവായൊട്ടം
മങ്ങാതെ തണ്ണീരണിപ്പൂമുടിയൊട്ടും

73 ഭംഗിയിണങ്ങി വിളങ്ങുന്ന പൊയ്കയാ-
മംഗനാരത്നം ശയിച്ചുറങ്ങീടവേ

74 വീണയോടൊക്കും മൃദുസ്വനത്താൽ ബഹു-
മാനമേകുന്ന ഭൃംഗാളിയാം വന്ദികൾ

75 ചേണാന്നകമ്മ്വൃത്തപ്പൊഡിചേന്ന ള്ള
ഗാനഭേദങ്ങൾ തുടങ്ങുകൊള്ളുംവിധൌ

76 മഞ്ഞുളമാമ്മാകുടൻ വിടന്നീട്ടുന്ന
കഞ്ജമാമോമനക്കൺമിഴിച്ചീട്ടുന്നു.

77 പക്ഷിസ്വനമാം മുരജാരവത്തിനോ-
ടൊത്തുള്ള കൈകടശംഖസ്വനങ്ങളും

78 ചിത്രം പരന്നു മുഴങ്ങിച്ചമഞ്ഞുട-
നബ്ജിയോടൊപ്പം പരന്നു ശ്ലോഷിക്കുന്ന

79 പത്തനം മുറുമുണത്തിരാക്കാലത്തി-
ലെത്തിയണഞ്ഞു പടഞ്ഞാരു കൂരിരുൾ

80 ആദ്യന്തയാമങ്ങൾ തന്നിലെന്നോണമായ്
വേദ്യമാമദ്ധ്യയാമങ്ങളിൽപോലുമെ

81 കൃത്യമില്ലാതെ കണികപോലും കട-
ന്നെത്തിപ്പിടിച്ചുതിക്രമിച്ചീടാതെ

82 മാമലരമ്പൊട്ടുമിക്ഷുചാപത്തൊട്ടും
ശ്രേമപ്രകാശമീനദ്ധ്വജലാഞ്ഛനൻ

83 കാമനാം ദേവനപ്പത്തനംമുറുകും നി-
ശ്രമയം പാലിച്ചുകൊണ്ടാനനാരഥം.

അഞ്ചാം ഗാഥ.

ഇന്ദ്രോത്സവം.

1 അലകടലൊരാടയായ്സ്ഥിന്ധൃഹിമാദ്രികൾ
മൂലയിണകളായ്മഹാവാഹിനീഹാരമായ്

2 ജലദേതിയായോരു ധമ്മില്ലഭാരവും
കലരുമൊരു വിസ്തീർണ്ണഭൂമിയാം ദേവിതാൻ

3 പതിവിരഹജാതജ്വരത്തിനാലംഗത്തി
ലിതമൊട്ടു പുതച്ചുള്ള കംബളാകാരമാ-

4 മധികതരസന്തമസ്സാകെ നീക്കിപ്പരം
ചിതമൊട്ട സരോജിനീനായകൻ സതുരം

5 ഉദയഗിരിശിഖരവുമണഞ്ഞു കരങ്ങളാൽ
ജഗദഖിലവും പ്രകാശിപ്പിച്ചു നിർഭരം.

ശോഭനങ്ങളായ ചന്ദ്രശാലകളും, ബഹുവിധങ്ങളായ ഭ്രഷണജാലങ്ങൾ സംഭരിച്ചു വെച്ചിട്ടുള്ള നിധിശാലകളും, മാൻകൺവടിവിലുള്ള വാതായനങ്ങളാൽ വിലസുന്ന ഹർമ്മ്യങ്ങളും, പുകാർ നഗത്തിന്റെ മുന്നാണികളിലായി കാണികളുടെ കണ്ണുകളെ വിഷയാന്തരവ്യാപാരത്തിൽനിന്നു വിലക്കിതങ്ങളിൽത്തന്നെ സമാസക്തങ്ങളാക്കിത്തീർക്കുന്ന വിചിത്രങ്ങളായ അനേകം യവനമന്ദിരങ്ങളും, കപ്പൽവ്യാപാരത്താൽ കുബേരന്മാരായി സ്വദേശം വിട്ടുവന്നു കടൽക്കരയിൽ വാസമുറപ്പിച്ചു സ്വദേശി

കളെപ്പോലെ വാഴുന്ന പലതരം പാരദേശികന്മാരു
ടെ വസതികളും ഹൃദയംഗമങ്ങളായിരുന്നു; ചന്ത്ര
മുതലായ കുറിക്കൂട്ടുകളും, സുഗന്ധച്ചൂർണ്ണങ്ങളും കൂ
ട്ടി പരിമളമിളിതങ്ങളായ ചന്ദനക്കൂട്ടുകളും പൂക്ക
ളും മാലകളും പുഷ്പഗ്രന്ഥികളും ധൂപദ്രവ്യങ്ങളും
അവസ്സുള്ള കൂട്ടുകളും വിൽക്കുന്നതിന്നായി വ്യാപാ
രികൾ നഗരവീഥികളിൽ ചുറിനടന്നുകൊണ്ടിരു
ന്നു; പട്ട്, പരുത്തി, എലിരോമം ഇവയിൽനിന്നു
ണ്ടാക്കിയ നൂറു നൂലുകളാൽ എത്രയും നേരിയ തുണിച്ചുരു
കൾ നെയ്യുന്നവരും നെയ്ത്തിന്നു വേണ്ടുന്ന മറ്റു
പകരണങ്ങൾ നിർമ്മിക്കുന്നവരുമായ പട്ടച്ചെട്ടികളു
ടെ തെരുവുകൾ അധികമുണ്ടായിരുന്നു; ചന്ദന
വും അകിലും പട്ടകളും നൽപവിഴം, നന്നുത്തു് മുത
ലായ രത്നങ്ങളും ചേർത്തുള്ള സുവർണ്ണാഭരണങ്ങളും
സുവർണ്ണവും ലക്ഷക്കണക്കിലും ഗണിപ്പാൻ അസാ
ദ്ധ്യമാംവണ്ണം സംഭരിക്കപ്പെട്ട സമൃദ്ധിയുള്ള വ്യാ
പാരശാലകളുടെ വീഥി വിശാലമായിരുന്നു; എട്ട്,
പതിനാറു്, പതിനെട്ടു് എന്ന മതഭേദത്തോടെ വ്യ
വഹരിച്ചുവരുന്ന കുലസംജ്ഞകങ്ങളായ ധാന്യങ്ങൾ
വിൽക്കുന്ന പണ്യവീഥിയിൽ ഓരോന്നും പ്രത്യേകശാ
ലകളിലായി കുന്നുപോലെ കൂട്ടിയിരുന്നു; പലതരം
പലഹാരവ്യാപാരികളും, മദ്യവിക്രയം ചെയ്യുന്ന വ
ലയ സ്ത്രീകളും, മത്സ്യവ്യാപാരികളായ പരവരും, ഉ

പ്പു വില്ക്കുന്ന ഉമണരും, താംബൂലച്ചവ്വണോപകര
ണങ്ങൾ വില്ക്കുന്നവരും, പരവരും കശാപ്പുകാരും
അധികമായി കൂടിപാർപ്പുള്ളതും മാംസങ്ങൾ യഥേ
ഷ്ടം സംഭരിക്കപ്പെട്ടിട്ടുള്ളതുമായ കുറുന്തെരുവുകൾ
കാണപ്പെട്ടിരുന്നു; പുറനഗരത്തിൽ മൂശാരികളും,
ചെമ്പുകൊട്ടികളും, മരത്തച്ചരും, കരബലമുള്ള കരു
വാന്മാരും, ചിത്രലേഖകന്മാരും, ശില്പകാരന്മാരും,
പൊൻപണിക്കാരും, രത്നകാരന്മാരും, തുന്നൽപ്പ
ണിക്കാരും, തോൽപ്പണി ചെയ്യുന്ന പാണ്ഡർമുതലാ
യവരും തുണികളാലും കിടേശിനാലും പുഷ്പങ്ങൾ,
വാടാതമാലകൾ, മായത്തൊപ്പി (വേകാടക്കൊണ്ട)
കൾ മുതലായവകളെ അത്ഭുതമായി നിർമ്മാണം
ചെയ്യും തൊഴിലാളികളും ധാരാളം ഉണ്ടായിരുന്നു.
ഷഡ്ജാദിസപ്തസ്വരങ്ങളും അവയുടെ ഭേദങ്ങളും ശു
ദ്ധമായി സ്ഫുരിപ്പിക്കുന്ന കുഴലുകളും വീണകളും ശാ
സ്ത്രോക്തമായി പണിചെയ്യുന്ന ഗായകന്മാരും താ
ഴ്ന്ന നിലയിലിരുന്നു മറു കിഴിഞ്ഞ പണിചെയ്യു
കൂലിവാങ്ങി നിർദ്ദോഷികളായി ഉപജീവിക്കുന്ന യവ
നർ മുതലായ വർഗ്ഗക്കാരും പാണർവരെയുള്ള ജാതി
ക്കാരും പാർത്തുവരുന്നുണ്ട്; കൊടിയണിഞ്ഞ രഥങ്ങ
ളോടുന്നതും ഉത്സവം ഘോഷിക്കുന്നതുമായ വിചിത്ര
വീഥിയും അങ്ങാടിത്തെരുവും മഹാകുലീനന്മാരായ
വണിക്കുകളുടെ വസതികളായ മണിസൌധങ്ങളി

ണങ്ങും തെരുവുകളും കാണാവുന്നതാണു. പഞ്ച ഗ്രാമീണന്മാരായ ബ്രാഹ്മണരുടെ ഇരിപ്പിടങ്ങളും, ജന്മികൾ (സാമന്തന്മാർ), കർഷകന്മാർ, ആയുർവ്വേദ ജ്ഞന്മാർ, ജ്യോതിഷികന്മാർ തുടങ്ങിയവരുടെ വാസസ്ഥാനങ്ങളും മുക്തഹാരങ്ങൾ നിർമ്മിക്കുന്നവരുടേയും ഉയർന്തരം വളകളുണ്ടാക്കുന്നവരുടേയും വസതികൾ നിറഞ്ഞ വീഥികളും കാണാം; സൂതമാഗധവൈതാളികന്മാർ, കാലഗണകന്മാർ, കോലം കെട്ടിയാടിശ്ശാന്തിക്രിയ ചെയ്യുന്ന വന്ദികൾ, സേനയിലാട്ടുന്ന വേശ്യകൾ, ജ്ഞാനവിഷയം പാടിയാടും വാരനാരികൾ, സാമാന്യവേശ്യകൾ, മടപ്പള്ളിവേലക്കാർ മൃദംഗാദിചർമ്മവാദ്യവാദകന്മാർ, യുദ്ധങ്ങളിലും ഉത്സവങ്ങളിലും വാദ്യം നടത്തുന്നവർ, വിദ്വിഷകന്മാർ ഈ ഓരോ വർഗ്ഗക്കാർക്കും പ്രത്യേകമായുള്ള വസതികളുണ്ട്; ഭീമങ്ങളായ അശ്വങ്ങളുടെ നേതാക്കൾ, ഗജപാലന്മാർ, സാരഥികൾ, ഘോരന്മാരായ പദാതികൾ എന്നിവർ രാജനികേതനത്തിനു ചുറ്റും വാസംചെയ്യുന്ന വിശാലങ്ങളായ മന്ദിരങ്ങൾ നിരന്നുകാണാം; മഹിമയും സമൃദ്ധിയും പുകഴ്ന്നതായ അസംഖ്യം പ്രഭുക്കൾ വാസംചെയ്യുന്നതും പുരാണപ്രസിദ്ധവുമായ രാജവീഥി മുതലായ പട്ടണപ്രദേശവും, രണ്ടു മഹാരാജാക്കന്മാർ പോർക്കൊരുങ്ങി വന്നു് ഇരുഭാഗത്തും കൈനിലയുറപ്പിക്കുന്നതാ

യാൽ ഇരുകക്ഷികളുടേയും മദ്ധ്യത്തിലുള്ള സ്ഥലം പോക്കളമായിത്തീരുംവണ്ണം പട്ടണത്തിനും പുറ നഗരത്തിനും മദ്ധ്യേയുള്ള പൊതുനിരപ്പിൽ നിരനിര യായി നില്ക്കുന്ന ചാലമരങ്ങളുടെ തടികളെത്തന്നെ തൂണുകളാക്കി നിർമ്മിക്കപ്പെട്ട വ്യാപാരശാലകളോട് കൂടിയതും, പദാർത്ഥങ്ങൾ ക്രയവിക്രയംചെയ്യുന്നവ രുടെ ആരവം നിരന്തരം മുഴങ്ങിക്കൊണ്ടിരിക്കുന്നതു മായ പകലങ്ങാടിയുമുണ്ട്; അതിൽ മുൻകാലത്തു കാവിരിപട്ടണത്തിൽ വാണിരുന്ന മനുകുലവീരനാ യ മുചുകുന്ദചക്രവർത്തിക്കു നേരിട്ടതായ ആപത്തി നെ ഒഴിപ്പാനായി മഘേന്ദ്രന്റെ ആജ്ഞയാൽ സുര ലോകം വിട്ടു നരലോകം പ്രാപിച്ചതുമുതൽ ഇവിടെ സാന്നിദ്ധ്യംചെയ്യു ബലിപൂജകൾ കയ്ക്കൊണ്ടുവരുന്ന നാളങ്ങാടി ഭ്രതത്തിന്റെ ബലിപീഠത്തിങ്കൽ ചൈ ത്രമാസത്തിൽ ചിത്തിരനക്ഷത്രവും പൌർണ്ണമാസി യും ചേർന്ന ദിനത്തിൽ മനോഹരമാംവണ്ണം വസ്ത്രാ ഭരണാദ്യലംകൃതകളായ തേവപ്പെണ്മണികൾ ആ ലഭാരത്തോടെ അവരമുതലായ ധാന്യങ്ങൾ പുഴുങ്ങി യവയും എള്ളുണ്ടയും നിണച്ചോറും കള്ളും പുഷ്പ ധൂപോപചാരപൂർവ്വം നിവേദിച്ചു വണങ്ങി,

കുറച്ചിന്ത്.

1 ഞങ്ങടെ മന്നവൻ വാഴുമീഭൂമണ്ഡലത്തിൽ
തങ്ങളിൽ ചെറുതു വൈരമാക്കുമുണ്ടാകൊല്ല

2 ആധിയും ദാരിദ്ര്യത്താലും വ്യാധിയാലുമുള്ള
ബാധയുമെന്നിയെ സപ്ത ദേഹികളും വാഴ്ക.
3 വൃഷ്ടിപാതമെങ്ങുമൊരുപോലെയുണ്ടാകേണം
പുഷ്ടിയുമെങ്ങുമെ പരിപുഷ്ടമായീടേണം.

എന്നു വാഴ്ത്തി കൈകൊട്ടിക്കളിയും കൈകോർത്തുപിടിച്ചു വട്ടംചുറ്റിക്കളിയും നടത്തി ഭ്രതത്തിന്റെ ആവേശമുണ്ടായി തുള്ളിയാഘോഷിച്ചുംകൊണ്ടു ബലി നടത്തിപ്പോയി. അതിന്നുശേഷം നഗരവാസികളും പുറനഗരവാസികളുമായ വീരന്മാർ ഭ്രതത്തിന്നു ബലികൊടുപ്പാൻ ഞാൻ ഞാൻ മുമ്പെന്നു തിക്കിത്തിരക്കിച്ചെന്നു് അവർ തന്നെത്താൻതന്നെ ബലി കഴിക്കുന്നതിനെ ഭ്രജിക്കുന്നതായ ബലിപീഠത്തിൽ, "മന്നവന്നുള്ള ബാധ നിണ്ണയമൊഴിക്കണം നീ" എന്നുള്ള പ്രാർത്ഥനയോടെ ബലികർമ്മം നടത്തുന്നവർ ബലിപ്രദാനത്തിലും പരാക്രമത്തിലും അഗ്രേസരന്മാരായി ഗണിക്കപ്പെട്ടും" എന്നുള്ള മുചുകുന്ദചക്രവർത്തിയുടെ ശാസനത്തെ മുൻനിറുത്തി ഇക്കാലത്തുള്ള വീരയോദ്ധാക്കളും മറ്റും കവണ, പരിച, വേൽ തുടങ്ങിയുള്ള ആയുധങ്ങൾ ധരിച്ചു രൌദ്രഭാവത്തോടെ അടക്കളത്തിൽ ആർത്തുവിളിച്ചുകൊണ്ടു തിക്കിത്തിരക്കി വന്നു നയനങ്ങൾ ചുവന്നു വീരഭാവം നൃത്തംചെയ്യുന്ന തങ്ങളുടെ ശിരസ്സുകളെ, "നരേന്ദ്രനു വിജയം ലഭിക്കട്ടെ" യെന്ന വാചകമുച്ചരിച്ചുംകൊണ്ടു ഛേദിച്ചു ബലിപീഠത്തിൽ വെക്കുമ്പോ

ഴസ്സ് ആ കബന്ധങ്ങൾ തങ്ങൾക്കു വായില്ലാത്തതി
നാൽ തോളിൽ ധരിച്ചിട്ടുള്ള മുരജമുഖത്താൽ ഈ
ബലി കൊള്ളുവാൻ സാദരം പ്രാർത്ഥിച്ചു. ആയോ
ധനത്തിൽ അത്യുൽസുകനായ കരികാലചോഴൻ ത
ന്റെ രാജ്യത്തിന്നു തെക്കും പടിഞ്ഞാറുമുള്ള പാ
ണ്ഡ്യചേരന്മാർ തന്നോടെതിരൊരുതുവാൻ അശ
ക്തന്മാരായിരുന്നതിനാലും ഉത്തരദേശം വിശാല
മാകയാൽ അവിടെ രണശൂരന്മാരായ ആര്യഭ്രപാ
ലന്മാരുള്ളതിനാലും ആടിക്കിലേക്കുള്ള ജൈത്രയാത്ര
ഉചിതമെന്നു കരുതി തനിക്കനുരൂപന്മാരായ ഭുജബ
ലശാലികളെ ഈ ദിക്കിലെങ്കിലും ലഭിക്കേണ്ടതി
ന്നായി ഇഷ്ടദേവതയെ പ്രാർത്ഥിച്ചുകൊണ്ട് ആ പു
ണ്യഭ്രഭാഗത്തെ മുന്നിട്ടുപോയി; അപ്പോൾ അമ
ർത്ത്യന്മാരുടെ ആവാസമായ ഹിമാലയപർവ്വതം ഒരു
പ്രതിരോധിയായി വിലങ്ങത്തിൽനിന്നു രണോൽസു
കനായി മുന്നോട്ടു ചെല്ലുന്ന തനിക്കൊരു വൈരിയാ
യി ഗതിനിരോധം ചെയ്കയാൽ ഭഗ്നാശനായി പി
ന്തിരിഞ്ഞു. കിടങ്ങുപോലെ കടൽ ചുഴന്നിരിക്കുന്ന
വങ്കനാട്ടിന്നധിപൻ കാഴ്ചവെച്ചതായ ഒരു മുത്തുപ്പ
ന്തലും അസിയുദ്ധത്തിൽ അഗ്രഗണ്യനായ മഗധ
മന്നവൻ പോരിൽ പരാജിതനായി കീഴ്വണങ്ങി
ക്കൊടുത്ത ഒരു സഭാമണ്ഡപവും അവന്തിഭ്രപൻ
പാരിതോഷികമായി കൊടുത്തതും ശില്പവൈചി

ത്രൈത്തോട്ടുകൂടിയതുമായ ദ്വാരതോരണവും വിസ്മ
യജനകമായിരുന്നു. ഈ പന്തലും മണ്ഡപവും
തോരണവും സുവർണ്ണനിർമ്മിതങ്ങളും രത്നമയങ്ങളുമാ
യിരുന്നാലും സാധാരണന്മാരായ ശില്പിവര്യന്മാരാൽ
നിർമ്മിക്കപ്പെട്ടവയല്ല. മേൽപ്പറഞ്ഞ മൂന്നു രാജാ
ക്കന്മാരുടേയും പൂർവ്വന്മാർ കാരോ സന്ദർഭങ്ങളിൽ ചെ
യ്ത സാഹായ്യകൃത്യങ്ങൾക്കായി മയൻ നിർമ്മിച്ചുകൊ
ടുത്തവയാകുന്നു.

ഇതിന്നുംപുറമെ ആളവും തൂക്കവും എണ്ണവും
മേൽവിലാസവുമെഴുതീട്ടുള്ള സാമാനക്കെട്ടുകൾ വെ
ച്ചിട്ടുള്ള പാണ്ടികശാലകളുടെ വാതിലുകൾ താഴിട്ട
പൂട്ടുകയോ അവയ്ക്കു കാവലാളികളെ വെക്കുകയോ
ഈ നഗരത്തിൽ പതിവില്ല. നഗരവാസികളെ
ല്ലാം ധനികന്മാരാകയാൽ കളവു നടക്കുകയുമില്ല.
ഇവിടത്തെ സമ്പ്രദായമറിയാതെ അന്യനാട്ടുകാർ
വല്ലവരും ഇവിടെ വന്നു കളവുചെയ്വാൻ നിനയ്ക്കുന്നു
തായാൽത്തന്നെ തൽക്ഷണം ശരീരകമ്പത്തേയും
ജ്വരത്തേയും ബാധിപ്പിക്കുന്നതും അഥവാ വല്ലതും
മോഷ്ടിക്കുന്നതായാൽ മോഷ്ടകന്നു് അടക്കിവെപ്പാൻ
കഴിയാതെ അതിനെ വഹിച്ചുകൊണ്ടു ബഹുജനങ്ങ
ളുടെദൃഷ്ടിയിൽ അകപ്പെടത്തക്കവണ്ണം വീഥികളിൽ
ചുറ്റിത്തിരിയിക്കയും ചെയ്വാൻ തക്കദിവ്യശക്തിയെ
വഹിക്കുന്ന വിശാലമായ മന്ന(കോഷ്ഠ)വും അന്ധമൂ

കബന്ധിരാദികളായ അംഗഹീനന്മാരും സർവ്വാംഗവും വ്രണപ്പെട്ട ബീഭത്സന്മാരായ മഹാരോഗികളും മറും കൂളിച്ചു വലംവെച്ചു ഭജിക്കുന്നതായാൽ അവർക്ക് അംഗസൌഷ്ഠവവും ആരോഗ്യവും ഓജസ്സും വർദ്ധിപ്പിച്ചു സുഖശരീരികളാക്കിത്തീർക്കുന്ന ഇലഞ്ഞിമരപ്പൊയ്കയും, ദ്രോഹബുദ്ധിയോടെ അന്യന്മാരാൽ കൈവിഷം ഭുജിപ്പിക്കപ്പെട്ട ചിത്തവിഭ്രമം കൊണ്ടവരും, ആകസ്മികമായ വിഷഭക്ഷിയാൽ കഷ്ടപ്പെട്ടഴലുന്നവരും, കാളും വിഷം കലരുന്ന ക്രൂരസർപ്പദംശനമേറ്റു കുഴങ്ങുന്നവരും, ഘോരദുഷ്ടികളായ പിശാചങ്ങളാൽ ബാധിക്കപ്പെട്ടവരും ഒരിക്കൽ പ്രദക്ഷിണംചെയ്തു നമസ്കരിച്ചാൽ തൽക്ഷണം താവശാന്തി വരുത്തുന്നതായ പ്രഭാവത്തോടെ ഉജ്ജ്വലിക്കുന്ന ഒരു ശിലാസ്തംഭത്താൽ പരിലസിക്കുന്ന കൽത്തറയും, പരന്മാരെ വഞ്ചിപ്പാനായി തപോവേഷത്തിൽ മറഞ്ഞു ദുർമ്മാർഗ്ഗചാരികളായ ധൂർത്തന്മാരും, ഭർത്താക്കന്മാർക്കു തങ്ങളിൽ വിശ്വാസം ജനിപ്പിക്കേണ്ടതിനായി ഹിതാനുവർത്തിത്വത്തിൽ മറഞ്ഞു വശീകരണനയം തുടരുന്ന അഭിസാരികകളും, തന്റെ സേന മുതലായ സകലശക്തികളെയും അനന്തരമായ വിശ്വാസത്തിന്മേൽ കൈവശം കൊടുത്തിരിക്കുന്ന ഭൂപാലന്മാരെ ഗണ്യമാക്കാതെ നടക്കുന്ന സചിവന്മാരും, സ്വഭാര്യയെവിട്ട പരസ്ത്രീയെ

കാമിക്കുന്ന ദുരാചാരന്മാരും മനഃപൂർവ്വം പരസ്വാപ
ഹരണംചെയ്യുകളവു പറയുന്നവരും തങ്ങൾക്കു ന
ന്മ ചെയ്യുന്നവരെ പ്രത്യക്ഷത്തിൽ പുകഴ്ത്തി പരോ
ക്ഷത്തിൽ അധിക്ഷേപിക്കുന്നവരുമായ ജനങ്ങളെ
തന്റെ പാശത്താൽ ബന്ധിക്കുന്നതാണെന്നു നാലു
കാതം വിസ്തീർണ്ണമുള്ള ആ പട്ടണമെങ്ങും കേൾക്ക
ത്തക്കവണ്ണം അത്യുച്ചത്തിൽ വിളിച്ചു പറഞ്ഞു് അ
ങ്ങനെയുള്ളവരെ അപ്രകാരംതന്നെ ബന്ധിച്ചു നി
ലത്തടിച്ചു കൊന്നു ഭക്ഷിക്കുന്ന ഭ്രുതത്തിന്റെ വാസ
സ്ഥാനമായ ഭ്രുതചതുഷ്കവും, രാജശിക്ഷാരക്ഷകളിൽ
അല്പമായ ഒരു വ്യതിചലനം ഭവിക്കയാകട്ടെ സ്മൃതി
പ്രമാണങ്ങളെ അംഗീകരിച്ചു ധർമ്മതത്പരന്മാരെ പ്ര
തിപാദിക്കുന്ന ധർമ്മാസനസ്ഥന്മാർ മാദ്ധ്യസ്ഥ്യം
വെടിഞ്ഞു പക്ഷപാതികളായി വല്ല തീർപ്പും കല്പിക്ക
യാകട്ടെ ചെയ്താൽ ആയതിനെ വാങ്ങ് മൂലമല്ലാതെ
അശ്രുപൂർണ്ണങ്ങളായ നയനങ്ങളാൽ വെളിപ്പെടുത്തു
ന്ന ദേവിയുടെ അധിഷ്ഠാനമായ ദേവീകോഷ്ഠവുമെ
ന്നിങ്ങനെ സൂക്ഷ്മവേദികളാൽ വർണ്ണിച്ചു വരപ്പെട്ട
കോഷ്ഠപഞ്ചകത്തിലും ബലികഴിച്ച വജ്രകോഷ്ഠത്തി
ലിരിക്കും ഉത്സവപ്പെരുമ്പറയെടുത്തു കീഴ്വയറി
ലൂടെ കച്ചവാർ കെട്ടിയ വാരണത്തിൻ കഴുത്തി
ലേറി ഇളംപ്രായത്തിൽ തൂവെള്ളനിറത്തിൽ ഐ
രാവതത്തെ പ്രതിഷ്ഠിച്ചിട്ടുള്ള കോഷ്ഠത്തിന്റെ മു

ന്നിൽചെന്ന മഹോത്സവത്തിന്റെ തുടക്കവും അവസാനവും പറകൊട്ടിയറിയിച്ചു; ഇന്ദ്രന്റെ സാന്നിദ്ധ്യമുള്ള കല്പകകോഷ്ഠത്തിന്റെ മുന്നിൽ അഷ്ടമംഗളത്തോടുകൂടി ഐരാവതത്തിന്റെ രൂപം വരച്ച കൊടി അത്യുന്നതമാമ്മാറുറപ്പിച്ചു; മരതകം, വൈരം മുതലായ രത്നങ്ങളെ ഏറ്റുകാണാതെ എഴുതി മുറിച്ചു പടുത്ത പടിയിന്മേൽ ചെമ്പവിഴത്തൂണുകൾ നിറുത്തി നാട്ടിയ കനകത്തിണ്ണകളോടുകൂടി അത്യുന്നതങ്ങളായ സൌധങ്ങളുടെ മുൻപുറങ്ങളെ ചന്ദനനിർമ്മിതമായ മകരമത്സ്യത്തിന്റെ മുഖത്തിൽ നിന്നു നിർഗ്ഗളിതങ്ങളെന്നതോന്നുംവണ്ണം സംയോജിപ്പിച്ചിട്ടുള്ള മുത്തുസരങ്ങളാലും അഷ്ടമംഗളങ്ങ*ളാലും മരതകതോരണങ്ങളാലും സ്വർണ്ണകുംഭം, ധാന്യങ്ങൾ മുളപ്പിച്ചുവച്ചിട്ടുള്ള മുളക്കലം, പാവവിളക്ക്, സുവർണ്ണക്കൊടി, വെൺചാമരം, സുഗന്ധചൂർണ്ണം തുടങ്ങിയവയാലും അലങ്കരിച്ചിരുന്നു.

ഇങ്ങനെ അലങ്കരിക്കപ്പെട്ട വീഥിയിൽ അമാത്യന്മാർ, പുരോഹിതന്മാർ, സേനാപതികൾ, വന്ദികൾ, ചാരണന്മാർ എന്നീ പഞ്ചമഹായോഗത്തോടും മറു പരിവാരങ്ങളോടുംകൂടി കരിതുരഗരഥാത്രുഢന്മാരായ രാജകുമാരന്മാരും വൈശ്യകുമാരന്മാരും

---

* ചാമരം, പൂർണ്ണകുംഭം, ദർപ്പണം, അങ്കുശം, മുരജം, ദീപയഷ്ടി, പതാക, ചിത്രീകൃതമത്സ്യദ്വയം.

ത്തൊരുമിച്ച് ഈ ചോഴമഹാമണ്ഡലത്തിൽ ത
ന്റെ കോയ്മക്ക് അഭ്യുദയം വരുവാൻ ജനങ്ങളുടെ
രക്ഷയ്ക്കായി ആയിരത്തെട്ടരചരെ നിയമിച്ചു കാവേ
രിയുടെ പൂന്തേൻ പൊഴിഞ്ഞു വിലസുന്ന സംഗമ
ഖത്തൂറയിൽനിന്നു സുരഭിലവും ശീതലവും ആസ്പാ
ദ്യവുമായ തീർത്ഥത്തെ മറു ഭ്രമണ്ഡലങ്ങളും വാന
ലകവും അതിശയിക്കത്തക്കവണ്ണം തങ്ങടെ നരപതി
ചെങ്കോൽ നടത്തി വരുവാൻ പ്രാർത്ഥിച്ചുകൊണ്ടു
സുവർണ്ണകലശങ്ങളിലേന്തി മഹേന്ദ്രന്റെ സാന്നി
ദ്ധ്യം ഈ നഗരത്തിൽതന്നെ നിലനിന്നുവരത്തക്ക
വണ്ണം രാജകുമാരന്മാരും വൈശ്യകുമാരന്മാരുംകൂടി
വജ്രായുധത്തിന്നു് അഭിഷേകം ചെയ്തു. അരുപ
നായ മഹാദേവന്റെ ആലയവും കുങ്കുമാരുണവ
ർണ്ണനായ സ്കന്ദന്റെ അലങ്കാരപ്രാസാദവും ശംഖ
പാണ്ഡരനായ ബലദേവന്റെ നികേതനവും
നീലമേഘശ്യാമളനായ വിഷ്ണുവിന്റെ നിലയ
വും, മുത്തണിഞ്ഞ വെൺകൊറക്കുട പൂണ്ടിരി
ക്കുന്ന മഹേന്ദ്രന്റെ ആലയവും ശോഭിച്ചിരുന്നു.
കരു ഭാഗത്തു പുരാതനനായ ബ്രഹ്മദേവന്റെ മു
ഖോത്ഭൂതങ്ങളും അത്യന്തം മഹനീയങ്ങളുമായ ചതു
ർവ്വേദങ്ങളിൽ വിധിച്ചിട്ടുള്ളപ്രകാരം നടത്തുന്ന യ
ജ്ഞങ്ങളും മറൊരു ഭാഗത്തു് അഷ്ടവസുക്കൾ, ദ്വാ
ദശാദിത്യന്മാർ, ഏകാദശരുദ്രന്മാർ, അശ്വിനീദേവ

കളും, ഈ നാലുവക ദേവന്മാരേയും കിന്നരകിംപുരു ഷാദികളായ അഷ്ടാദശഗണങ്ങളെയും വേർതിരി ച്ചറിഞ്ഞു് അതാതു സങ്കല്പത്തോടെ ഘോഷിച്ചു കൊള്ളുന്ന ഉത്സവങ്ങളും, വേറൊരിടത്തു ബുദ്ധാല യം മുതലായ പാവനസ്ഥലങ്ങളിൽ ശ്ലാഘ്യമാംവ ണ്ണം അന്നദാനാദികളും, മഹാത്മാക്കളായ സന്ന്യാ സിമാർ ചെയ്യുന്ന ധർമ്മതത്പോപദേശം പുരാണപ്ര സംഗം മുതലായവയും, പിന്നൊരിടത്തു ചർമ്മനി ർമ്മിതങ്ങളായ മൃദംഗാദികളും, സിരാനിർമ്മിതങ്ങ ളായ ഘിഡിൽ മുതലായവ കുഴൽ വീണ എന്നിയു പകരണങ്ങൾകൊണ്ടും കണ്ഠധ്വനികൊണ്ടും എത്ര യും ശ്രാവ്യമാംവണ്ണം നടക്കുന്ന സംഗീതഗോഷ്ഠിയും ഇങ്ങനെ നടന്നുകൊണ്ടിരിക്കയാൽ ഇരവുപകൽ ഉ റക്കമില്ലാതെ കുറെത്തെരുക്കളിലും നെടുന്തെരുവീഥി കളിലുമുള്ള ജനങ്ങളും ഉത്സവാസക്തചിത്തന്മാരാ യി ആഹ്ലാദിച്ചുകൊണ്ടിരിക്കുന്ന ആ മഹാനഗര ത്തിൽ പ്രിയവല്ലഭന്റെ വിയോഗത്താൽ ഉൽക ണ്ഠിതയും മനോഹരങ്ങളായ മകരകുണ്ഡലങ്ങളണി ഞ്ഞവളുമായ (അഖിലക്കും ആമോദം വളർത്തക്ക വണ്ണം മൊട്ടിടേണ്ടതായ കാലത്തു മുതിർന്നു വിരിയാ ത്ത മനോഹരങ്ങളായ കുടിലപല്ലവങ്ങളിയന്ന) മാ ധവിയോടുംകൂടെ പൂങ്കാവിൽ പൊലിമപൂണ്ടു നില്ക്കു ന്ന മുല്ല, മല്ലിക, ഇരുവാക്ഷി, താമര, ചെങ്കഴി

നീർ എന്നി പുഷ്പങ്ങൾ അന്യോന്യം പിണഞ്ഞു പ്രവൃദ്ധങ്ങളായി കാമത്താലാഹ്ലാദിച്ചു സുഖിച്ചു രു ചിരസുരഭിലബീജാന്തരിതകുസുമാകീർണ്ണമായ ഉപ വനത്തിൽ ക്രീഡിപ്പാനുള്ള വാഞ്ഛയാൽ എന്നും മനോജ്ഞമായിരിക്കുന്ന പകലങ്ങാടിയിലുള്ള പൂക്ക ടകളിൽ വിലസുന്ന നവപരിമളങ്ങളെ നുകർന്ന് അകിൽ പുക ചാന്തു മുതലായവയുടെ സൌരഭ്യ ത്തെ അവഗണിച്ചുല്ലസിക്കുന്ന കൂട്ടുകാരോടൊരുമി ച്ചു കാമകലാസല്ലാപങ്ങളെത്തന്നെ തുടർന്നുകൊണ്ടു മുഖവിണവായനക്കാരോടും വൈരികളായ കാമുക ന്മാരോടും ചേർന്നു കാമചാരിയായിരിക്കുന്ന കോവല നെപ്പോലെ വീണാനാദം പുറപ്പെടുവിക്കുന്ന വണ്ടി നോടും ബാലവസന്തത്തോടുംകൂടി ഈ നഗരത്തിൽ മന്ദമാരുതൻ ചരിച്ചുകൊണ്ടിരിക്കയിൽ,

1 അരിയൊരു കരുകിൽ തലയിലണിഞ്ഞും
ചെറുമയൽതന്നെ വെടിഞ്ഞു കളഞ്ഞും

2 കരുമീനിണ പൂണ്ടവയുടെ നടുവെ
ഒരു കമിഴ്മലരുടനങ്ങു വരച്ചും

3 വാനിലഹീനുവിരോധംമൂലം
വാണിടാൻ ഭയമുളവായതിനാൽ

4 നൂനം പനിമതിബിംബമിദാനീം
ക്ഷോണിയിലടനം ചെയ്യീടുന്നു·

കാമദേവൻ പണ്ടു പരമശിവന്റെ നേത്രാഗ്നി യിൽ ദഹിച്ചുപോയ തന്റെ അംഗം വീണ്ടും ലഭി

പ്പാനായി ജലസമൃദ്ധിയുള്ളതും വിശാലവുമായ ച
ന്ദ്രബിംബമാകുന്ന ഭ്രമിയിൽ സാരതരങ്ങളായ കണ
ങ്ങളാൽ സഞ്ചിതമായ അമൃതകലാപ്രദേശത്തു നട്ട
വളർത്തിയ "മിന്നൽക്കൊടിയിറങ്ങി മന്നിലേക്കു വ
രികയോ?" സവ്വസമ്പത്സമൃദ്ധമായ ഇപ്പട്ടണത്തിൽ
ശ്രീദേവിയുടെ ആഗമനത്തിനു കാരണം മഹാമ
ഹീവല്ലഭനായ കരികാലചോഴനു തൻറെ വിലാസ
ത്തെ കാണിപ്പാനായിരിക്കേണമെന്നു കരുതി അഗ്നി
പ്രഭമായ ഒരു പൂളപ്പൂവും പല മുല്ലപ്പൂക്കളും രണ്ടു ക
രിങ്കുവലയങ്ങളും ഒരു കുമിഴപ്പൂവും വികസിപ്പിക്കു
യെന്നുള്ള കൃത്രിമവേഷം കൈക്കൊണ്ടു തൻറെ പ്രാ
ണസഖിയെ അന്വേഷിപ്പാനായി സരസീരുഹം സ
ഞ്ചരിക്കയാണെന്നോ? മുമ്പു ഭയപ്പെട്ടോടിയൊളി
ച്ച അന്തകൻ താൻ പുരുഷത്രുപത്തോടെ പല സ
ന്താപങ്ങളേയും ഇരയാക്കുന്നതായാൽ രാജകല്പനയെ
ലംഘിച്ച കുറ്റമായിത്തീരുമെന്നു ഭയപ്പെട്ട് ഒളിവാ
യി തൻറെ കൃത്യം നടത്തുവാനുദ്ദേശിച്ചു കടുത്ത മു
ഖവും പരുത്ത കണ്ണും വെടിഞ്ഞു പുഞ്ചിരി തടവും
മുഖവും വീണയോടിടയും മൊഴിയുമായി നാണിച്ചു
ചിരിച്ചുകളിച്ചു കാമിനീരൂപധാരിയായി നഗരവീ
ഥിയിൽ സഞ്ചരിക്കയാണെന്നു വരുമോ? കാമൻറെ
സാമ്യമകന്ന മഹാസേനയായ വേശ്യാജനത്തോടെ
തിരുത്തു യുദ്ധംചെയ്തു ജയിച്ചിട്ടും അവർ വിട്ടുപോകാ

ള്ളയാൽ മാർകൊട്ടത്തു വിലക്കിവിട്ടതുമൂലം അവരുടെ കുചകപോലാഭ്യംഗങ്ങളിൽ എഴുതിയിരുന്നതും തങ്ങടെ മാറിടങ്ങളിൽ മുഴുവൻ പതിഞ്ഞതുമായ പത്തിക്കീറാകുന്ന വിരുന്നോടുകൂടി സ്വഗൃഹത്തിൽ ചെന്ന നായകന്മാരെ ഉടനെ ഉപചരിച്ച് അനുസരണപൂർവ്വകം പുല്ലിയവരും അരുന്ധതിയെപ്പോലെ പതിദേവതകളുമായ കുലവധൂക്കളെ ആ വീരപുരുഷന്മാർതന്നെ ഈ കാമിനികളുടെ ഒളി തിരളുന്ന വദനത്തിൽ നീലരത്നനിഭങ്ങളായ ദളങ്ങളിണങ്ങുന്ന കരിങ്കുവലയങ്ങളെ മൂരീകരിക്കുന്ന നീലനയനങ്ങളുടെ കട ചുമന്നിരിക്കുന്നത് ആ വിരുന്നിനാൽ തീർന്നിട്ടില്ലെങ്കിൽ വിശല്യകരണി, സന്താനക്കരണി, മൃതസഞ്ജീവിനി മുതലായ ദിവ്യൌഷധങ്ങളോടുകൂടിയ ഈ ഭ്രൂതലത്തിന്നും ഒരൌഷധം തരുവാൻ കഴിവുണ്ടാകയില്ലെന്നു തന്നെത്താൻ മനസ്സിൽ നിശ്ചയിച്ചു നിസ്സംജ്ഞന്മാരായി ഭയപ്പെട്ടിരിക്കുന്നു. ഇങ്ങനെ ഉത്സവം നടക്കുമ്പോൾ ആരാട്ടിന്നു തലേദിവസം മധുപൂരി നിറഞ്ഞു ദളങ്ങളുടെ കവിഞ്ഞൊഴുകിത്തരളമായ കുമുദംപോലെ കോവലനെ പിരിഞ്ഞു താപാർത്തയായി സന്താപാശ്രുക്കൾ പൊഴിച്ചുകൊണ്ടിരിക്കയാൽ ആനീലമായ കണ്ണകിയുടെ ഇടങ്കണ്ണും കോവലനോടൊത്തു കാമകലാവിലാസങ്ങളാൽ പ്രമോദഭരിതരായി ആനന്ദാശ്രുക്കൾ നിറഞ്ഞിരിക്കു

യാൽ ആരകത്തമായ മാധവിയുടെ വലകണ്ണും തു
ടിച്ചു.

മുൻകാലത്തിൽ കാവിരിപ്പൂമ്പട്ടിനത്തിന്റെ
അഭ്യുന്നതിക്കായി പ്രയത്നിച്ചുകൊണ്ടിരുന്ന അഗ
സ്ത്യമുനിയുടെ ആജ്ഞപ്രകാരം ചെമ്പിയൻ എന്നാ
ചോഴൻ ഇന്ദ്രനോടപേക്ഷിച്ചവണ്ണമതിവാങ്ങി ആ ന
ഗരത്തിൽ നടത്തിവന്നതും പിൻഗാമികളായ രാജാ
ക്കന്മാരാൽ പരമ്പരയായി നടത്തപ്പെട്ടവരുന്നതും
ഇരുപത്തെട്ടുനാൾ കൊണ്ടാടി വരാറുള്ളതുമാണു
ഈ ഇന്ദ്രോത്സവം. *

ആറാം ഗാഥ.

സമുദ്രസ്നാനം.

1 രജതഗിരിമുകളിലതി വിപുലതരമാമ്മാ
മാജിച്ചിട്ടന്നൊരു വിദ്യാധരാലയേ

---

* ഈ ഉത്സവത്തെ വാല്മീകികാളിദാസാദികളായ കവികളും തങ്ങടെ കാവ്യങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. കേരളത്തിലും പണ്ടു നടപ്പുണ്ടായിരുന്നുവെന്നുള്ളതിനു ചന്ദ്രോത്സവാദികാവ്യങ്ങൾ സാക്ഷീകരിക്കുന്നു.

2 മധുപൊഴിയുമമിതസുമനികരപരിപൂർണ്ണമാ-
മാത്മകുഞ്ജിനമുദ്യാനം മനോഹരം.

3 അതിലധികസുഭഗതരവാം കയല്ക്കണ്ണിയോ-
ടാമോദമാനം മേവുന്ന വിദ്യാധരൻ

4 മലർവിശിഖനായ മാരന്റെ വത്സോത്സവം
മാഴ്കാതെ ഘോഷിപ്പനെന്നു കല്പിച്ചുടൻ

താൻ ഉദ്ദേശിച്ചപ്രകാരം മന്മഥാരാധനരൂപമായ ഈ ഉത്സവത്തെ * വിധിപോലെ നടത്തി ഫാൽഗുനമാസം ഇരുപത്തൊമ്പതാംതിയ്യതി അവസാനിപ്പിക്കുകയും ചെയ്തു. ദക്ഷിണദേശത്തു പ്രസിദ്ധമായ ഒരു വലിയ നഗരത്തിൽ ഇന്ദ്രോത്സവം കൊടിയേറുന്ന നാളിതാണ്. (കാവിരിപ്പൂമ്പട്ടിനത്തിൽ ഈ ചിത്തിരനക്ഷത്രത്തിൽ കൊടിയേറാവും ചൈത്രമാസത്തിലെ ചിത്തിരനക്ഷത്രത്തിൽ കൊടിയിറക്കം—ആറാട്ടുമായിട്ടാണ് ഇന്ദ്രോത്സവം നടത്തുമാറുള്ളത്.) അതിനാൽ "അസുരന്മാർ ത്വരിതഗതികളായി കൂട്ടമിട്ടുവന്നു നിറഞ്ഞു് അമരാവതിയെ കാത്തുകൊള്ളുന്ന ശാല്വലവിക്രമനായ മുചുകുന്ദമന്ത്രവനോടു പൊരുതു പരാജിതന്മാരായി ശരണം പ്രാപിച്ചുനില്ക്കുംമട്ടു് മനുവന്റെ ഹൃദയത്തിൽ താമസവൃത്തി ബാധിക്കത്തക്കവണ്ണം അവർ പ്രയോഗിച്ച

* ഈ ഉത്സവം ഉത്തരദേശങ്ങളിൽ ഇപ്പോഴും കൊണ്ടാടിയരുന്നുണ്ട്.

അസ്ത്രത്തെ വിലക്കി രക്ഷിക്കയാൽ ഇന്ദ്രശാസനം കയ്ക്കൊണ്ട മുചുകുന്ദനോടൊരുമിച്ച പുകാർനഗരത്തിൽ വന്ന മഹാഭ്രതത്തിൽെറ സാന്നിദ്ധ്യമുള്ള നാളങ്ങാടിക്കോഷ്ഠവും * മുൻകാലത്തു കരികാല ചോഴൻെറ പൂവ്വന്മാർ അസുരസംഹാരംചെയ്ത് അമരാവതിയെ രക്ഷിച്ചതിന്നുവേണ്ടി സന്പ്രീതനായ ഇന്ദ്രനാൽ സമ്മാനിക്കപ്പെട്ടവയും അവരാൽ ഭ്രലോകത്തു പുകാർനഗരത്തിൽ പ്രതിഷ്ഠിക്കപ്പെട്ടവയുമായ കോഷ്ഠപഞ്ചകങ്ങളുടെ മഹിമയും, വൈണികാചാര്യനായ നാരദമുനിയുടെ സപ്തതന്ത്രീസമരസമായ വീണാഗാനത്തേയും, പ്രൌഢവേശ്യകളുടെ

---

* ദേവാസുരയുദ്ധത്തിൽ ഇന്ദ്രൻെറ മിത്രമായ മുചുകുന്ദചക്രവർത്തിയുടെ ശരപാതംകൊണ്ട ശിഥിലിതകളേബരന്മാരായുഴന്ന ശരണംപ്രാപിച്ച ദാനവന്മാരുടെ ചതിയായ താമസാസ്ത്രപ്രയോഗംകൊണ്ട മുചുകുന്ദൻ തൻെറ കണ്ണും കരളും തമസ്സിനാൽ ബാധിക്കപ്പെട്ട പൊരുതുവാനാളല്ലാതെ മൌഢ്യമവലംബിച്ചു നിന്നു. അപ്പോൾ ഇന്ദ്രൻെറ ആജ്ഞാകരനായ ഒരു മഹാഭ്രതം ആ തമോബാധ നീങ്ങുന്നതിനുള്ള ഒരു മന്ത്രം ഉപദേശിച്ചു. അതിനാൽ ബാധയൊഴിഞ്ഞു് അസുരസഞ്ചയത്തെ അശേഷവും അമർചെയ്യിട്ടു. ഇന്ദ്രൻ ഈ കണ്ട സന്തുഷ്ടനായി ആ ഭ്രതത്തെ മുചുകുന്ദൻെറ അംഗരക്ഷകനായി നിയമിച്ചയച്ചതിനാൽ ഭ്രതം സ്വർല്ലോകം വിട്ടു വന്നു പുകാർനഗരത്തിൽ നാളങ്ങാടിയിൽ ബലിപൂജകളേറ്റുകൊണ്ടിരുന്നു.

പിൻപാട്ടിനേയും തന്റെ നടനത്തേയും ഉവ്വശി, ഇന്ദ്രന്റെ ശ്രോത്രങ്ങൾക്കും നേത്രങ്ങൾക്കും ആനന്ദപ്രദങ്ങളാക്കിത്തീർക്കാഞ്ഞതിനാൽ ഇവളെ ഭൂലോകത്തു മനുഷ്യവർഗ്ഗത്തിൽ ജനിപ്പാനായി ശപിച്ചതിനാൽ അങ്ങനെ മാധവിയെന്ന പേരോടെ മന്മ വന്നു പിറന്ന ഉവ്വശിയുടെ വംശപരമ്പരയിലുള്ളവായ തരുണീമണി മാധവിയുടെ നടനവും കാണ്മാനും വാനവർനാഥനെ വണങ്ങുവാനുമായി നമുക്കു പോകേണം" എന്നു അരുണാധരിയായ തന്റെ കാന്തയോടു പറഞ്ഞു. വിദ്യാധരവീരൻ കാന്താസമേതനായുറപ്പെട്ടു. ഉത്തുംഗശൃംഗോപശോഭിതമായ ഹിമാചലത്തേയും വക്രഗതിയായി പ്രവഹിക്കുന്ന ഗംഗാനദിയേയും അവന്തിദേശത്തേയും വിന്ധ്യാദ്രിപരിസരത്തിലുള്ള മഹാരണ്യത്തേയും ശ്രീവെങ്കടഗിരിയേയും നിർഭരമായ സസ്യസമ്പത്തി വിലസുന്ന കാവേരി നാട്ടിനേയും തന്റെ പ്രിയതമയ്ക്കു സുവ്യക്തമായി കാട്ടിക്കൊടുത്തു് അവിടെയിറങ്ങി ഓരോ ദേശങ്ങളിലും വാസം ചെയ്തു സുഖമനുഭവിപ്പാൻ വേണ്ടുവോളം നാൾ തങ്ങിയതിന്നശേഷം പൂഞ്ചോലകൾ നിറഞ്ഞ പുകാർനഗരത്തിൽ വന്നു പൂർവ്വോക്തക്രമത്തിൽ ഓരോ സ്ഥാനങ്ങളും അവയ്ക്കുള്ള മഹിമകളും പറഞ്ഞറിയിച്ചുംകൊണ്ടു് അതാതു മൂർത്തികളെ വണങ്ങി, വിണ്ണവരും പുകഴ്ത്തുന്ന ആ പുരാതനപട്ട

ണത്തിൽ നടക്കുന്ന മഹോത്സവം കാണ്മാനാ
ങ്ങി.

അവിടെ സ്തുതരൂപമായ വിഷ്ണുഗീതവും

1 മറയവർ പല മഖങ്ങൾ ദീക്ഷിച്ചു
മറകളെ നന്നായുണർന്നുവാഴുക.

2 മഹീപനും യജ്ഞവിധികളെ ചെയ്തു
ബഹുകാലം മഹീതലത്തിൽ വാഴുക.

3 വണിക്കുകൾ നിജകുലധർമ്മം ചെയ്തു
ജനതതിനന്നതി വരുത്തിവാഴുക.

4 വിളഞ്ഞുകുലങ്ങൾ പതിനെട്ടും വയൽ
നിറഞ്ഞു വേളാളർ തെളിഞ്ഞുവാഴുക.

5 നടനങ്ങൾ പല നടത്തിക്കൊൾകവെ
ജനങ്ങൾ തത്സാരമറിഞ്ഞു വാഴുക.

6 നെടുമുടിച്ചോഴൻ മഹീവരൻ വീരൻ
നെടുനാളഴിയിൽ പുകഴ്ന്നു വാഴുക.

ഏതാളുകളുടെയായ ആശിസ്സുകളാൽ ബ്രാഹ്മണരേയും
ക്ഷത്രിയരേയും വൈശ്യരേയും വേളാളരേയും വാഴ്ത്തു
ന്ന ചാതുർവ്വർണ്ണ്യഗീതവും

1 അലകടലാത്മജബുദ്ധിയോ-
ടനിശം മാനിച്ചിടുന്ന രജനീശ!
കരുമുയലടയം പ്രാപി-
ച്ചൊരു ദുർഗ്ഗാഭം ഭവാൻ വിളങ്ങുന്നു.

2 രജനിയിലുള്ള തമോഭര-
മഖിലം നിജദീപ്തിയാലുടൻ നീക്കി

ഗിരിശജടാമുടിതന്നിലോ-
രണിയാമമലാനനായ താരേശ!

3 കാർമുകിൽവണ്ണൻതൻമനം-
താരതിൽനിന്നങ്ങടിച്ചു കുമുദിനിയെ
ആമോദിപ്പിക്കും തവ
പാദപ്രഭാവം ഭജിച്ചുവാഴ്കനാം.

ഈവണ്ണമെല്ലാം "ജീവലോകസുഭഗങ്കരനായ ചന്ദ്രന്റെ സ്തോത്രമായ ഗീതവും പാടി.

അതിനുശേഷം അവതാളം നീങ്ങി താളം ശുദ്ധമായിത്തീരത്തക്കവണ്ണം, ദേവകൾ അപേക്ഷിച്ച പ്രകാരം ബഡവാനലനയനനായ പരമപുരുഷൻ ത്രിപുരങ്ങളെ ദഹിപ്പിച്ചപ്പോൾ അതിൽ അസുരന്മാരുടെ ശവഭസ്മപൂർണ്ണമായ ഭൈരവീരംഗ(ശ്മശാന)ത്തിൽ ഉമാദേവി [കൂടെനിന്ന പാണി, തുക്ക്, ചീര് എന്ന താളങ്ങൾ പിടിച്ചുകൊണ്ടിരിക്കെ, ദേവദേവനായ ത്രിപുരാന്തകൻ തന്റെ വിജയത്താൽ ആനന്ദപരവശനായി കൈകൊട്ടി നിന്നാടിയ * കൊട്ടകൊട്ടിന്റെത്തവുംവേങ്ങളാകുന്നഅശ്വങ്ങളെ പൂട്ടിയ വാനവരാകുന്ന രഥത്തിൽ കൊടിയുയർത്തി മൂടുപടമിട്ട ചമ്മട്ടിയുമേന്തി നിൽക്കുന്ന സാരഥിയായ ചതുർമ്മുഖൻ കാണത്തക്കവണ്ണം ഭൈരവിയുടെ

* കൊട്ടകൊട്ടി = അസംഖ്യം അസുരന്മാരെ നിഷ്കരുണം ദഹിപ്പിച്ചതിൽ പശ്ചാത്തപിക്കാതെ കൊടിയ മനോവൃത്തികളോടുണ്ടു സന്തോഷസൂചകമായി കൈകൊട്ടിയതു്.

രൂപമെടുത്തു ഭസ്മീഭ്രഷിതസർവ്വാംഗനായ പുരാന്തക നാടിയ പാണ്ഡരംഗനൃത്തവും, കംസൻ ചതിയാ യി രാമകൃഷ്ണന്മാരെ വധിപ്പാൻ നിർത്തിയിരുന്ന, 'കു വലയാപീഡ'മെന്ന കുലയാനയുടെ കൊമ്പു പറി ച്ചെടുപ്പാൻവേണ്ടി അഞ്ജനവർണ്ണനാടിയ നൃത്തവും, ബാണാസുരനെ ജയിപ്പാനായി കൃഷ്ണനാടിയ മല്ല നാട്ടവും, കരുങ്കടൽനടുവിൽ ദുരപത്മാസുരൻ കൈ ക്കൊണ്ട മായാരൂപത്തെയറിഞ്ഞു് അവനെ അമർ ചെയ്തു ജയിച്ച സുബ്രഹ്മണ്യമൂർത്തി അവിടെത്തന്നെ ആഴിത്തിരയെ അരങ്ങാക്കി ആടിയ തുടിയും, അ സുരന്മാർ അടക്കളത്തിൽ തന്റെ നേരെ പ്രയോഗി ച്ച ആയുധങ്ങളൊന്നും ഫലിക്കാതെ അവർ വിഷാ ദിച്ചു നിൽക്കുമ്പോൾ തന്റെ കുടയെ മുന്നോട്ടു ചരി ച്ചുപിടിച്ച സുബ്രഹ്മണ്യമൂർത്തിയാടിയ കൂടക്കൂത്തും, തന്റെ പുത്രിയായ ഉഷയുടെ നിമിത്തം ബാണ നാൽ കാരാഗാരത്തിൽ പാർപ്പിക്കപ്പെട്ട പൌത്രനെ വീണ്ടുകൊള്ളുവാൻ അവന്റെ രാജധാനിയായ ശോണപുരവീഥിയിൽ കടന്നുചെന്ന ത്രിവിക്രമനാ യ ശ്രീകൃഷ്ണമൂർത്തിയുടെ കുടമെടുത്താട്ടവും, തന്റെപു ത്രനായ അനിരുദ്ധന്റെ ബന്ധനം മോർപെടുത്തി ക്കൊണ്ടുപോവാൻ ശോണപുരിയിൽ സ്ത്രീത്വവും പു രുഷത്വവും ഒരുപോലെ പ്രകാശിക്കുന്ന രൂപം ധരി ച്ച കാമദേവനാടിയ പെടിയാട്ടവും, തന്റെ വൈ

ികളും മായാവികളുമായ അസുരന്മാർ ഏറ്റവും കോപിച്ചു പാമ്പ് തേൾ മുതലായ വിഷജന്തുക്കളുടെ രൂപം ധരിച്ചു തന്നെ ദംശിപ്പാൻ വരുന്നതായ രിഞ്ഞ ഉറ്റുദേവി മരങ്കൊണ്ടുള്ള കാലുകളിന്മേൽ നിന്നെതിഞ്ഞപ്പോഴാടിയ പൊയ്ക്കാലാട്ടവും, ദേവാസുരയുദ്ധത്തിൽ പരാക്രമശാലികളായ ദൈതേയന്മാർ പടക്കോപ്പണിഞ്ഞു പൊരുതി നില്ക്കുവെ അവർ മോഹിച്ചു വീഴത്തക്കവണ്ണം മലമകളാടിയ മോഹിനിയാട്ടവും, ബാണാസുരരാജധാനിയുടെ വടക്കേക്കോട്ടവാതുക്കൽ ഇന്ദ്രാണി കടച്ചി (പുലച്ചി)യുടെ രൂപം ധരിച്ചാടിയ കടച്ചിയാട്ടവുമായി അവരവക്കുനരൂപങ്ങളായ ആഭരണാദികളണിഞ്ഞും കീഴ് നടപടിയനുസരിച്ചും ഒഴിച്ചുകൂടാത്തവിധം ഓരോ വംശക്കാർ പാരമ്പര്യമനുസരിച്ചു നടത്തിവരുന്നതുമായ പതിനൊന്നുവക ആട്ടങ്ങളേയും അതാതിന്നൊത്തവിധമുള്ള ഗാനഭേദങ്ങളേയും ശാസ്ത്രോക്തമായ ഗ്രഹനിരൂപണത്തോടെ കണ്ടറിഞ്ഞുകൊൾക. അന്നു മലർവാടിയിലിരുന്നുകൊണ്ടു ഞാൻ ഭവതിയോടു പറഞ്ഞ മാധവിയുടെ കുലപരമ്പരയിൽ ജാതയായ മാധവി ഇവളാകുന്നു" എന്നു തന്റെ പ്രിയതമയ്ക്കു കാട്ടിക്കൊടുത്തു; മഹാകുലജാതനായ ആ വിദ്യാധരനും അവളെ കണ്ടു കൌതുകലോലനായി.

സ്വർല്ലോകവാസികളായ സർവ്വദേവന്മാരും മാ
നുഷർഷ്ടഷ്ടിക്കു ഗോചരമാമ്മാറു സന്നിഹിതന്മാരായി
സന്ദർശിക്കുമാറുള്ള ഈ മഹോത്സവത്തിൽ മാധവി
യുടെ ആട്ടവും അവളുടെ വേഷവും ആട്ടസ്സോഴ്ചയു
മഴകും കണ്ട് ഇവൾ പരസ്യമായാടുന്ന വിഷയ
ത്തിൽ മുമ്പു വെറുപ്പോടുകൂടിയ കോവലനും ആന
ന്ദിക്കത്തക്കവണ്ണം, പുഴകുപുരട്ടിയ പരിമളം വീശു
ന്ന കാർകുന്തലിനെ [1]ദശരക്തകവും [2]പഞ്ചസുര
ഭിയും [3]ദ്വാത്രിംശൽ ധൂപകവും ചേർത്തു തിളപ്പി
ച്ചു പാകംചെയ്ത ശുദ്ധമാക്കിയ ജലത്താൽ ശോധ
നം ചെയ്തു കുളിച്ചതിന്നുശേഷം പരിമളധൂപമേല്പി
ച്ചുലർത്തി അഞ്ചു ഭാഗമായ്പിരിച്ച് ഓരോ ഭാഗത്തേ
യും മൃഗമദകേർട്ടമലേപനംചെയ്തു ശരിപ്പെടുത്തി, ചേ
വടികളിൽ ചെമ്മഞ്ഞിച്ചാറണിഞ്ഞു പേലവങ്ങളാ
യ പാദാംഗുലികളെ അലങ്കരിച്ചു, കാലിൽ മണി
മയങ്ങളായ പാദസരവും നൂപുരവും പാടകവും യ
ഥായോഗ്യമണിഞ്ഞു, അരയിൽ നീലപ്പഞ്ചേലയുടു
ത്തതിൻമീതെ മുപ്പത്തിരണ്ടു മുഴത്ത മുത്തുകളിണ
ങ്ങിയ മണിമേഖലയണിഞ്ഞു, മാണിക്കവലയ
ത്തോടു സുവർണ്ണശൃംഖലയാലിണയ്ക്കപ്പെട്ട മുകുതാ

1. മാതളിർ, തിപ്പലി, കരിങ്ങാലിക്കാതൽ, ഞാവൽ, നാല്പാമരം.
2. കൊട്ടം, കുന്തുരുക്കം, തകരം, അകിൽ, കടമ്പ്.
3. ഏലം, ഏലവംഗം മുതലായി മുപ്പത്തിരണ്ട്.

വലയത്താൽ കമനീയമായ തോൾവളയണിഞ്ഞു്, മുഖപ്പിൽ മാണിക്കവും പത്തികളിൽ വൈരങ്ങളും പതിച്ചു വിചിത്രാകാരമായ ശിരോലങ്കാരവും കരപല്ലവങ്ങളിൽ സുവർണ്ണരത്നശംഖവിദ്രുമാദിനിർമ്മിതങ്ങളായ കങ്കണങ്ങളിണക്കി അംഗുലികളാൽ വാളമീൻവായ്കണക്കെ വളഞ്ഞു ശോണപ്രഭാപരിലസിതമായി മാണിക്കനിർമ്മിതവും പരിസരങ്ങളെ ചുറ്റിത്തിരയുന്ന വൈരപ്രകാശമദ്ധ്യവർത്തിയായ മരതകമണിയോടുകൂടിയതും മറുമായ അംഗുലീയകങ്ങൾ ധരിച്ചു്, കഴുത്തിൽ വീരശൃംഖലയും തുടലും നൂലും പിണഞ്ഞുകിടക്കുന്ന മുത്തുമാല മുതലായ മനോജ്ഞവിഭ്രഷണങ്ങളണിഞ്ഞും, മേല്പറഞ്ഞ കണ്ഠഭ്രഷണങ്ങളുടെ തലകൾ ഒന്നായി ചേർത്തു ഹംസമുഖാകാരമാക്കി നേത്രാദിസ്ഥാനങ്ങളിൽ നവരത്നങ്ങൾ പതിച്ചു കീഴ്പോട്ടു തൂങ്ങിക്കിടക്കുന്നതിനാൽ പിൻകഴുത്തിന്റെ കീഴ്ഭാഗം ഏതാനും മറഞ്ഞും, ഇന്ദ്രനീലക്കല്ലുമുഴുത്തി ഇടയ്ക്കിടെ വൈരം ചേർത്ത നീലക്കുത്തുമ്പ (നീലക്കല്ലിഴച്ച ഒരാഭരണം) ഇഴഞ്ഞ കണ്ണപാശത്തിൽ ഭംഗിയോടണിഞ്ഞും, ശ്രീദേവിയുടെ സാന്നിദ്ധ്യമുള്ളതാണെന്ന ഭക്തിയോടെ വലമ്പിരിശംഖവും, മുരപ്പാള, തെമ്പല്ലി, * വടപല്ലിയെന്നിവ ക്രമത്തിൽ കോർത്തതായ തലക്കോപ്പിനെ കാറ

* ഒരുതരം ആഭരണങ്ങൾ

ക്കാർകൂന്തലിൽ കൌതുകമായണിഞ്ഞും, സംഭോഗാവസ്ഥയിലുള്ള സുഖത്തേയും വിപ്രലംഭാവസ്ഥയിലുള്ള ദുഃഖത്തേയും പ്രതിബോധിപ്പിച്ചുകൊണ്ടു കോവലനുമായി സംഭാഷണംചെയ്തു ശയ്യാഗൃഹത്തിലിരുന്ന മാധവി പട്ടണത്തിൽ ഇരുപത്തെട്ടു ദിവസത്തെ ഉത്സവം കഴിഞ്ഞു് ഇരുപത്തൊമ്പതാംനാൾ കൊടിയിറക്കി ആറാട്ടും കഴിഞ്ഞു പിറേന്നാൾ നഗരത്തിൽനിന്നും കടൽക്കരയിൽ ചെന്നു സ്ഥലം പിടിപ്പാൻ വിരഞ്ഞുപോകുന്ന നാഗരികന്മാരോടൊന്നിച്ചു കൈതപുന്ന തുടങ്ങിയുള്ള തരുനികരങ്ങളുടെ കുസുമങ്ങൾ പൊഴിഞ്ഞു ശോഭനമായ ചോലയിലിരുന്ന കടലിൽ നടത്തുന്ന ബോട്ടുകളി മുതലായ വിനോദങ്ങളിൽ ഓരോരുത്തക്കുമുണ്ടാകുന്ന ജയപരാജയങ്ങളെ കാണ്മാനുള്ള തന്റെ ആഗ്രഹത്തെ പ്രിയതമനോടു പറഞ്ഞു.

മാധവിയുടെ മനോരഥം നിറവേറുവാനായി കോവലനും ഒരുമിച്ചു പുറപ്പെടുവാനൊരുങ്ങി; പൊയ്കകളിൽ താമരമലർമെത്തകളിൽ നിദ്രചെയ്തുകൊണ്ടിരുന്ന നീർപക്ഷികൾ ഉണർന്നു് ഓരോ ഭാഗത്തേക്കു മാറിപ്പോകുന്നതിനാലുള്ള പുലമ്പൽ കേട്ടുതുടങ്ങി; സരസ്വതീയാമത്തെ സൂചിപ്പിക്കുന്നതായ വാരണങ്ങളുടെ ബൃംഹിതങ്ങൾ ശ്രവിക്കുമാറായി; വെള്ളി (ശുക്രൻ) വിളക്കിന്റെ ദീപ്തിയാൽ അന്യ

യാമത്തിൽ വ്യാപിച്ചതായ ഇരുളകന്നു; ഈ സമ
യത്ത് അമൂല്യങ്ങളായ ഭൂഷണങ്ങളോടും കരിമുകി
ലൊക്കും പൃഥുലതരബാഹുക്കളോടും പൂമാലയണി
ഞ്ഞു രാജവാഹനമായ ഗോഖരത്തെ ആരൂഢനാ
യ കോവലനോടൊരുമിച്ചു മറിമാൻമിഴിയായ മാ
ധവി കോവാല (കോലാർ)വണ്ടിയിലും കയറി പുറ
പ്പെട്ടു.

കോടിക്കണക്കിൽ നിരനിരയായി ധനസഞ്ച
യം നിക്ഷേപിച്ചിട്ടുള്ള നിരവധി സൌധങ്ങൾ നി
റഞ്ഞു പല ശാഖകളോടുകൂടിയ വണിക്പഥത്തിൽ
മലരണിയുവാനായി മാണിക്കവിളക്കുകളെടുത്ത
വേശ്യകൾ പുഷ്പവും കറുകയും നെല്ലും മംഗലകര
മാംവണ്ണം വഷ്ിച്ചു; ഒരേടത്തും സ്ഥിരവാസം ചെ
യ്യാതെ ചാഞ്ചല്യമുൾക്കൊണ്ടു ചരിക്കുന്ന മലർമ
കൾക്കിരിപ്പിടമായ അവിടം കടന്നു കടൽക്കച്ചവ
ടംചെയ്തു കൊണ്ടുവന്ന മുക്താവിദ്രുമശംഖാദിക
ളാൽ സമൃദ്ധമായ നഗരത്തിലൂടെ, കമലാദേവി ത
ങ്ങടെ ദേശങ്ങളിൽനിന്നു കപ്പൽ കയറിപ്പോയതി
നാൽ വാസയോഗ്യമല്ലെന്നു കരുതി അവിടം വിട്ടു
വന്ന തിരകളടിച്ചു കയറിയ വെൺമണൽ പര
ന്ന കടൽക്കരയിൽ പല ചരക്കുകൾ പൊലികളാ
ക്കി കൂട്ടിവെച്ച് ഓരോ ചരക്കുകളേയും കൊടി കാ
ണിച്ചറിയിച്ചുകൊള്ളുന്ന ആപണശ്രേണിയും കട

ന്ത്, കുങ്കുമം അകിൽ ചന്ദനം മുതലായ വർണ്ണദ്രവ്യങ്ങളും ചാന്തും പൂവും സുഗന്ധപ്പൊടിയും പലഹാരവസ്തുക്കളും വിൽക്കുന്നവരുടെ വിളക്കുകളും, വിദഗ്ദ്ധന്മാരായ ഐങ്കുടിക്കമ്മാളർ പണിചെയ്യുന്നിടങ്ങളിലുള്ള വിളക്കുകളും, പിട്ടുവാണിഭക്കാർ പന്തിനിരക്കവെ വെച്ചിരിക്കുന്ന വിളക്കുകളും, അപ്പങ്ങളെ തട്ടുകളിൽ വെച്ചു വാണിഭം ചെയ്യുന്നവരുടെ കൂടത്തണ്ടുവിളക്കുകളും, പല പദാർത്ഥങ്ങളും വിക്രയം ചെയ്യുന്ന മ്ലേച്ഛന്മാരുടെ വാണിഭസ്ഥലങ്ങളിൽവെച്ച വിളക്കുകളും, ഇടയ്ച്ചിടെയുള്ള മത്സ്യവ്യാപാരികളുടെ വിളക്കുകളും, കടലിലോടുന്ന കപ്പലുകൾക്കു സങ്കേതം ഗ്രഹിപ്പാനായി മാടങ്ങളിൽ വെച്ചിട്ടുള്ള വിളക്കുകളും, കടലിൽ മീനുകളെ വിലങ്ങനെ ചെന്നു വലവീശിപിടിക്കുന്ന അരയന്മാരുടെ ഓടങ്ങളിലുള്ള വിളക്കുകളും, വേറായ ഭാഷകൾ വഴങ്ങിവരുന്ന ദേശങ്ങളിലെ മ്ലേച്ഛന്മാർ മാറുള്ള തുറമുഖങ്ങളിൽ ചെല്ലാതെ പ്രത്യേകസ്ഥലങ്ങളിൽ പനമരംകൊണ്ടു കാലുകൾ നാട്ടിയുണ്ടാക്കിയ മാടത്തിന്മേൽ കളിമണ്ണിട്ടുറപ്പിച്ചു ശരിപ്പെടുത്തിവെച്ചിട്ടുള്ള നാവികസങ്കേതവിളക്കും, അസംഖ്യം ചരക്കുകൾ സംഭരിച്ചിട്ടുള്ള പണ്യശാലകളുടെ കാവൽസ്ഥലങ്ങളിൽ വെച്ചിട്ടുള്ള വിളക്കുകളും, ഇങ്ങനെ അതിരും എണ്ണവുമില്ലാതെ വിളക്കുകൾ തിങ്ങി പരന്നു ശോഭിക്കയാൽ നേരിയ

അരിമാവു പരത്തിയവണ്ണം തിളങ്ങുന്ന മണൽപ്പുറത്തു് ഒരു ചെറിയ വെള്ളക്കുട്ടകുമണിപോലും പതിച്ചിരുന്നാൽ സുവ്യക്തമായി കാണത്തക്കനിലയിലുള്ളതും വിരിഞ്ഞ താമരപ്പൂക്കളാകുന്ന വേലിയോടുകൂടിയതുമായ * മരുതനിലത്തേക്കാൾ മനോഹരമായി കേതകീപരിവൃതമായ നൈതൽനിലത്തിലുള്ള ചോലയിൽ ആ പെൺകൊടി തന്നെ ക്രീഡാസഖികളോടുകൂടെ, പലവക വനദ്രവ്യങ്ങളും കടൽദ്രവ്യങ്ങളും നിരനിരയായി കൂമ്പാരംകൂട്ടി ഭംഗിയിൽ ക്രമപ്പെടുത്തിവെച്ചിട്ടുള്ള മരക്കലങ്ങൾ ഓളങ്ങളടിച്ചിളകിക്കൊണ്ടു കിടക്കുന്ന കടൽമുഖപ്രദേശങ്ങളിൽ തരുനിര ചൂഴ്ന്നിടത്തു രാജകുമാരന്മാരും അവരുടെ പരിവാരങ്ങളും, വൈശ്യകുമാരന്മാരും അവരുടെ മറുവകപ്പുകളിൽപ്പെട്ട തരുണികളും നൽകികളും ഗായകികളും കൂട്ടംകൂട്ടമായി ചേർന്നിട്ടുള്ളേടങ്ങളിലെല്ലാം വിചിത്രാകാരങ്ങളായ രൂപങ്ങളെ പ്രകാശിപ്പിച്ചുകൊണ്ടു ചുറ്റിത്തിരിയുന്ന വസ്ത്രാദിനിർമ്മിതങ്ങളായ കോലങ്ങളും നാനാരൂപങ്ങളായ വേഷങ്ങളും ഭിന്നതരങ്ങളായ മാറെറാലികളും വിണ്ണിലെത്തി

---

* കുറുഞ്ഞി, മുല്ല, പാല, മരുതം, നൈതൽ ഇങ്ങനെ പഞ്ചഭൂപ്രകൃതികൾ. കുറുഞ്ഞിനിലം=മലംപ്രദേശം; മുല്ലനിലം=വനഭൂമി; പാലനിലം=മരുഭൂമി; മരുതനിലം=വിളഭൂമി; നൈതൽനിലം=മണൽപ്രദേശം.

പാരം പുകൾകൊള്ളുന്ന കരികാലചോഴന്റെ പുതു നീരാട്ടം കൊണ്ടാടിയ തലേനാളിലെന്നപോലെ ഈ ഉത്സവസമാപ്തിദിനത്തിലും സ്നാനഘട്ടങ്ങളിൽ അതിശയിക്കത്തക്കവിധത്തിലുള്ള ആഘോഷമുണ്ടായി; കടൽക്കര കുത്തിമറിക്കുന്ന കാവേരിയുടെ സംഗമമുഖത്തിലെങ്ങും ഒരു പഴുതില്ലാതെ തിക്കും തിരക്കുമായി കൂടിയ ചാതുർവ്വർണ്യത്തിന്റെയും അനിവാര്യങ്ങളായ കോലാഹലധ്വനികൾ ഒന്നിച്ചുകൂടി മുഴങ്ങിക്കൊണ്ടിരിക്കെ കടലിലുള്ള ഓർനാറ്റം നീക്കത്തക്ക പരിമളഗന്ധം വീശിക്കൊണ്ടു വിടരുന്ന പൂക്കൾ നിറഞ്ഞുള്ള കൈതകൾ നാലുപാടും ചുറ്റി നിബിഡമായി നിൽക്കുന്നതിനുദ്ദ്യേയുള്ള പുന്നമരത്തണലിൽ നിർമ്മലമായ മണൽപരപ്പിൽ ചിത്രിതമായ തിരശ്ശീല വളച്ചു മേൽക്കെട്ടിയോടും ഒന്തത്തുണകളോടുംകൂടി ചമച്ചതായ പള്ളിയറയിൽച്ചെന്നു വിഷാദവശയായ തന്റെ സഖി വസന്തമാലയുടെ കയ്യിൽനിന്നു മനോജ്ഞമായ വീണ വാങ്ങി വിശാലകമലേക്ഷണയായ മാധവി കോവലനോടുംകൂടെയിരുന്നു.

നീരനിധിതീരമമരുന്ന കളർകൈത-
ക്കോരകമിയന്നു നിശപോക്കിയൊരു ഭംഗം
യാർമധു നുകർന്നു പുലർകാലമതിലപ്പോൾ
ചാരുകിരണപ്രഭമുദിച്ചു ദിനനാഥൻ.

ഏഴാം ഗാഥ.

ഉദ്യാനഗീതം.

വസന്തമാലയാൽ നൽകപ്പെട്ടതും ചിത്രപടാവൃതയായി ശീഷ്ത്തിൽ മലരണിഞ്ഞു മൈക്കണ്ണാമണിയായ ഒരു മണവാട്ടിയുടെ കോലത്തോടൊത്തു തണ്ടും തലയും ആണിയും ഞെരമ്പുമായ അംഗങ്ങളോടും ചേർന്ന കുറമറ വീണയെ മാതംഗീദേവിയുടെ സാന്നിദ്ധ്യം കല്പിച്ചു വണങ്ങി വാങ്ങി മരതകമണിമോതിരമണിഞ്ഞ മൃദുലാംഗുലികളാൽ ഓരോ തന്ത്രികളും മീട്ടി ചെവിയോത്തു ശ്രുതിക്കുട്ടിശ്ശരിപ്പെടുത്തി "അങ്ങുന്നു വായിക്കേണമെന്നു ഞാൻ നിർബ്ബന്ധിയ്യുയില്ല; അവിടത്തെ ഇഷ്ടംപോലെ ആവാം." എന്നു ശ്രുതിക്കുട്ടിയ വീണ താൻതന്നെ മുമ്പിൽ വായിക്കാതെ പ്രിയതമൻ വായിക്കേണമെന്ന ഉദ്ദേശത്തോടുകൂടി കോവലന്റെ കയ്യിൽ കൊടുത്തു. അവൻ മാധവിക്കു ഹൃദയംഗമമാകുംവണ്ണം അതിൽ ഉദ്യാനഗീതം വായിച്ചുതുടങ്ങി.

വരിപ്പാട്ടുകഥ.

ഒന്നാം വരി.

('രുഗ്മിണിയോട്ട ചെന്ന പതുക്കവെ' എന്ന മട്ട്)

1 തിങ്കളൊത്തു വിലസും പൂവെൺകുട
തങ്കും ചോഴമഹീപാലകൻ വീരൻ
ഗംഗയെപ്പുണർന്നാലുമരിശത്താൽ
മങ്ങാതുള്ളൊരു കാവേരി വാഴ്ക നീ.

2 ഗംഗയെപ്പുണർന്നാകിലുമുൾക്കോപം
തങ്ങാതുള്ള നിൻശീലം നിനയ്ക്കുകിൽ
മങ്കമാർക്കുള്ള ചാരിത്രവൈഭവ-
മെന്നറിഞ്ഞു ഞാൻ കാവേരി വാഴ്ക നീ.

3 താരണിക്കുട ചൂടിത്തിരത്തോടെ
പാരിടം കാക്കും മന്നൻ കുമാരിയെ
പാരാതെ പുണർന്നാകിലുമുൾക്കോപം
ചേരാതുള്ളൊരു കാവേരി വാഴ്ക നീ.

4 നാരിമൌലിയെപ്പുൽകീടിലും കോപം
ചേരാതുള്ളൊരു ഭാവം നിനയ്ക്കുകിൽ
ചാരുഭാഷിണിമാർക്കുള്ള ചാരിത്ര-
സാരമാമിതു കാവേരി വാഴ്ക നീ.

5 കൃഷ്ണകഥാനിനിർഝരനാദവും
കുളിർനീരാട്ടും ജനൌഘത്തിൻ ഘോഷവും
ഒരുമിച്ചോരോ മുഴങ്ങുമാറെന്നുമേ
പരിവാഹിച്ചീടും കാവേരി വാഴ്ക നീ.

6 നീരാട്ടം ജനഘ്രാനം മുഴങ്ങുമാ-
രോരോന്നേവം നടന്നതെല്ലുംമിപ്പോൾ
വീരമാളനിർഘോഷം താവുന്ന
വീരൻ ചോഴമഹീശനെറ വൈഭവം.

രണ്ടാംവരി.

("അംബികാപാദാരവിന്ദ വന്ദനങ്ങൾ ചെയ്യുകൊണ്ട്"
എന്ന മട്ട്)

1 ആക്കമേകുമചതള്ളി നീക്കുകയാൽ കരയ്ക്കേറി
വായ്ക്കുരൽപൂണ്ട കുലത്തിൽപെട്ടം ശംഖങ്ങൾ
പുഷ്കരാക്ഷീജനം തീരമണഞ്ഞു തുമണൽതന്നിൽ
പുക്ക വട്ടംചുഴന്നങ്ങു കളിക്കുന്നേരം
അതലത്തിലിഴഞ്ഞോരോ വിഷ്ണമേല്പിച്ചതുമൂലം
മുഗ്ധമാരാമവക്കേറമത്തലുണ്ടായി.
കെട്ടഴിഞ്ഞ പുരികുന്തൽ ഹസ്യപരമംകൊണ്ടുതാങ്ങി-
ത്തത്തനന്നായണിഞ്ഞുള്ളൊരുല്പലമാല
പുത്തളിക്കൈവിരൽകൊണ്ട തട്ടിനീക്കിയെറിയുമ്പോൾ
തത്തതത്ത പതിച്ചീട്ടം ദളങ്ങൾ കണ്ട
മുഗ്ധമാകും കടാക്ഷത്തിൻ ഭ്രാന്തിയങ്ങു ഭവിക്കാതു-
ള്ളുത്തമസ്ത്രീഗണം വാഴും നമ്മുടെ ദേശം.

സ്വാമിനിയുടെ മുന്നിൽ നിൽക്കുന്ന ഒരു തോഴി പാദാംഗുഷ്ഠത്താൽ ഭൂമിയിൽ വരച്ചുകൊണ്ടു പറയുന്ന വിധം

---

2 അപ്പൊഴുതുപ്രിയം കൈക്കൊണ്ടാഴിതീരത്തിങ്കലുള്ള
പുഷ്പവാടിക്കെൻറപിമ്പേ കാഴ്ചയുംകൊണ്ടു
അപ്പരിചിൽ വന്നിരുന്ന മല്ലരനായുള്ള കാന്തൻ
ഇപ്പൊഴതങ്ങു ചേന്നോരാമപേക്ഷിച്ചാലും
അല്പവും കൂസലില്ലാതിങ്ങന്യഭാവം നടിച്ചേവം
നില്പതിന്നു ബന്ധമെന്തെന്നറിഞ്ഞീലയ്യോ
ചന്ദ്രബിംബം ജലത്തിങ്കൽ കാണുമപ്പൊഴതിൻമീതെ
നിന്നെയും പുല്ലനീലാബ്ജയുഗളത്തിനും
ചന്ദ്രബിംബാസ്യകൻ തൻറെ നയനങ്ങൾക്കുമേ ഭേദം
നൂനമേതും തിരിയാതെയുഴന്നു പാരം
ദീനഭാവം കലർന്നുള്ള ദ്വിരേഫങ്ങൾ മരുവീടും
സ്ഥാനമല്ലോ പുകാരാഖ്യം നമ്മുടെ ദേശം.

3 അണ്ണാവാധീശ്വരൻ നീലത്താർമെടുംകണ്ണിൻറെ ഭംഗി
പിന്നെയും പിന്നെയും മുന്നിൽ പ്രകാശിപ്പിച്ചു
ഭംഗമേതുമണയാതനിയമം പൂണ്ടൊരു പാട്ടിൽ
തങ്ങുമശ്ശോണപത്മത്തിനുള്ള ധർമ്മത്തെ
തുംഗശോഭാവഹം പിന്നെ പ്രകാശിപ്പിക്കയില്ലെന്നാ-
യെങ്ങിനെ മുഗ്ദ്ധന്മാർ നമ്മളറിയുന്നയ്യോ!
ശംഖമൊത്തു വിലസുന്നമുത്തുകൾ കാണ്കയാലുള്ളിൽ
തിങ്കളോടൊത്തുള്ള താരവ്യൂഹമെന്നോർത്തു
ശങ്കയെന്യേ വിരിഞ്ഞുള്ള കുമുദങ്ങളിണങ്ങീടും
പങ്കജഹീനം പുകാരാഖ്യം നമ്മുടെ ദേശം.

മൂന്നാംവരി.

സങ്കേതം പ്രാപിച്ച നായകൻ നായികയുടെ പ്രേമാതിശയം സൂചനകളാലറിഞ്ഞുംകൊണ്ടു പറയുംവിധം.

(കുറച്ചിന്തിൻ മട്ട്)

1 വാരിധിതീരത്തിലിഴഞ്ഞേറിയൊരുശംഖം
പാരമമ്മണലുഴത പാട്ടുകാണുമ്പോലെ
ഭാരമാന്ന പൂക്കൾതിങ്ങും ചാരുപുന്നാഗത്തിൻ
താരുതിന്ന മധുവാന്നീട്ടുന്ന ചോല തന്നിൽ
താരകാധീശപ്രനാകുമാനനനിന്നങ്ങും
ചാരുവാകും കയല്പുണ്ണിൻ മൂലമുണ്ടായ്വന്ന
സാരമാമൌഷധംകൊണ്ടും വേർപെടാതരോഗം
തീരുമോ ചുണങ്ങുണിയും പോർമുലകൊണ്ടന്യേ.

(നിഷ്ഠുരമായ വാശ്ചാനവൈപരീത്യം)

2 വണ്ടണിക്കാർകുഴല്വാളാം വാമമിഴിമൌലി
ഖണ്ഡമായൊരാമിഷമുണക്കുവാനായ് ചിക്കി
പക്ഷികൾ വന്നുടൻ കൊത്തിക്കൊണ്ടുപോകായ്വാനായ്
രക്ഷചെയ്യും വ്യാജംപൂണ്ട തത്ര വാണുകയ്യിൽ
ചിത്രമായ്വലന്ന മയിൽക്കൊന്നതൻനറുംപൂ-
ക്കൊത്തുമേന്തിമണംകോലും മാമലർ പൂങ്കാവിൽ
പുക്കതുള്ളും കോമരമാമെന്നതറിഞ്ഞീല.
ഇക്കണക്കറിഞ്ഞെന്നാകിൽ തത്രപൊകാനുനം

3 മുക്കുവച്ചേരിയിൽ വലയിട്ടുടൻ പിടിച്ച
വില്ലുവാനുള്ളൊരു മത്സ്യമങ്ങുണക്കുവാനായ്
ഒക്കുമെരുവടിവാന്ന നൽത്തളിൽക്കരത്തിൽ
പൂക്കുലയുമേന്തിച്ചാരുദീഘ്നേത്രത്തോട്ടം
ഉൾക്കനാമന്തകൻ മലർകാവിൽ വാഴുമെന്നാ-
യോത്തതില്ലിങ്ങറിഞ്ഞാകിൽ തത്ര പോകാനുനം

നാലാംവരി.

ഏകാന്തത്തിൽ സന്ധിച്ച നായികയോട്ട
നായകൻ പറയുന്നു.

1 മീനെഴുതി വില്ലെഴുതി കാർമുകിലെഴുതി-
ക്കാമനുള്ള പട്ടതവും താനെഴുതിതീത്തോ
രോമനവദനം കളിർതിങ്കളെന്നോ കാണ്മൂ.
സോമനോ കണ്ടാലും മത്സ്യജീവികം വാണീടും
ചേരിതന്മേൽ വിലസുന്നോരന്തരിക്ഷം തന്നിൽ
ഏറിവാണകൊണ്ടീടുന്ന രാഹുഭീതിമൂലം.

2 ശംഖനാദം കേട്ടങ്ങിരുപാട്ടമുച്ചലിക്കും
പങ്കമകന്നുള്ളവേലോടങ്കമിട്ടംഭാവം
തങ്കിട്ടും മിഴിയോ കൊട്ടംകാലനെന്നു കാണ്മൂ
കാലനെന്നുകാണ്മൂ കടൽവാണിഭക്കാർവാഴും
വേലെഴുന്ന നഗരത്തിൽ വന്നുദിച്ചുകൊണ്ട
നീലവേണി മണിയാകും ഭാമിനിയാമിതന്നെ.

3 ദുർമ്മണം കലന്ന മീനുണക്കുവാനായ് ചിക്കി
അങ്ങണഞ്ഞുള്ളൊരു പക്ഷിസഞ്ചയമകറി
കാണികൾക്കഴൽവളർക്കും കോമരമിതാമോ
കോമരമിതായീടമടമ്പുകം നിറഞ്ഞ
കാനലിൽ പൂവണിമുഴുവേണിയണിഞ്ഞീടും
കാമിനീവടിവിയന്നുകൊണ്ടതെന്നു നൂനം.

അഞ്ചാംവരി.

നായകൻ തോഴന്റെ ചോദ്യത്തിന്ന് അറിയുംവണ്ണം ഉത്തരം പറഞ്ഞത്.

("ജയ ജയ ഭഗവതിമായേ—ദേവി" എന്നമട്ടു)

1 ഉപവനമിയലും പൂനിരയും—പുതു
മണമിയലും മണൽ തറയും
അഭിനവമധുവോലും മൊഴിയും—പാരം
കഠിനതരമാം മുലയിണയും
പനിമതിനിഭമോമനമുഖവും—വില്ലിൻ
വളവേലുന്നൊരു ചില്ലിയുഗവും
എഴുതുവാനരുതാതൊരരയു—മെനി
ക്കവശത പിണയിച്ചുള്ളവയാം

2 അലയടിച്ചണയുന്ന കടവും—തരി
മണൽപരന്നിയലുന്നൊരിടവും
നറുമണമെഴും പൂതുമലരും—തരു
നിരതിങ്ങും മലർവാടീതടവും
സുരഭിലമുദകചഭരവും—പനി
മതിയൊടിടവും ചാരുമുഖവും
കയലിണതൊഴും മിഴിയുഗവു—മെനി
ക്കവശതപിണയിച്ചുള്ളവയാം.

3 വരകംബുഗണം വാഴും തുറയും—പാരം
മണമിളകിന മലർവനവും
പരിചൊട്ട വിരിയും പൂനിരയു—മവൾ
തനിയെ കുടികൊണ്ടുള്ളൊരിടവും

വിളയും മന്ദഹാസത്തിൻ നിലയും—തിങ്ക
ളുടിയിണതൊഴതീടും മുഖവും
പൊലിവേറുമിളമുലയിണയു—മെനി
ക്കുവശതപിണയിച്ചുള്ളവയാം.

ആറാം വരി.

ദീഗ്ഘവിരഹത്താൽ വ്യാജസംഭോഗകാമനായ നാ
യകൻ തന്റെ അസഹിഷ്ണുതയെ പറഞ്ഞത്.

1 കടലിൽ ജീവജാലത്തിൻവിലയം—ചെയ്യു
പുലരുന്നില്ലയോ തവ ജനകൻ
ഉടൽ പൂഴീട്ടുടൻ ജീവനിധനം—ചെയ്യു
വിലസീടുന്നിതു നീയുമതിനാൽ
ഗുരുതരമണിമുലയിണതൻ—ഭാരം
പെരുകിനിന്നിടക്കാടൽ പെരുകി
അരിയൊരാഭ്യമെന്റെ ചുമലിൽ—വെച്ച
ങ്ങതിനെ കാക്കണമെന്നായറിക.

2 കുടിലക്കണ്ണിണങ്ങീട്ടും വലയാൽ—ജീവൻ
കവരുന്നു തവ താതൻ നിയതം
നെടുതാം കണ്ണിണയാകും വലയാൽ—ജീവൻ
കവരുന്നു ഭവതിയുമതിനാൽ
തടമുലയിണകോലും കൊടുതാ—യുള്ള
ഭരമേല്പാനരുതാതെയുഴലും
ഇടിമിന്നൽക്കിണയാകുമിടയാൽ—ചെറുതാ
വിലയംവന്നു പോകായ്കുന്നറിക.

3 കടലൂടെ പടകൊടിപ്പതിനാൽ—ജീവ
തതിയെ സംഹരിപ്പൂ നിൻ ജനകൻ
കുടിലഭ്രൂയുഗളത്താലതുപോൽ—ജീവ
തതിയെസ്സംഹരിപ്പൂ നീ നിയതം.
കൂടുംതൻപെരുമയുമന്യൻ—പെട്ടം
പാടുംനീയറിവീലാ ചെറുതും
മാടൊക്കും മുലതന്റെ ഭാരം—കൊണ്ടു
വാടും മദ്ധ്യദേശത്തെ കാണ്കെ.

— —

സങ്കേതത്തിൽ നായികയെ പുണർന്നു പിരിയുമ്പോൾ
വിയോഗം സഹിപ്പാൻ കഴിയാത്ത നായകൻ
തന്നെത്താൻ പറയുന്നത്.

("ഹര ഹര ഹര ശിവ ശിവ ശിവ" എന്ന [അന്നനട] മട്ട്)

1 പവിഴമാം നല്ലൊരുലക്കകെയ്ക്കൊണ്ടു
ധവളമുത്തോലും കുറുവാടും ചെങ്കണ്ണും
ധവളമുത്തോലും കുറുവാടും ചെങ്കണ്ണും
കുവലയമല്ല മഹാഘോരംഘോരം.

2 മണമെഴും പുന്നത്തണലിലന്നാങ്ങാ
വണങ്ങും യാനത്താൽ വിളങ്ങും ശോണാക്ഷി
വണങ്ങും യാനത്താൽ വിളങ്ങും ശോണാക്ഷി
പിണങ്ങി ബാധിക്കും യമൻ യമൻ നൂനം.

3 ഘനമധുവോലും കുവലയമേന്തി
ഉണങ്ങൽ കൊത്തുവാനണയുമന്ധജ-
ഗണത്തെ ദൂരവെ യകറും ശോണാക്ഷി
ഉണങ്ങാം കൊത്തുവാനണയുമന്ധജ
ഗണത്തെ ദൂരവേയകറുംശോണാക്ഷി
തിളങ്ങും വേലല്ല മഹാഘോരം ഘോരം.

തന്നിൽ കാമം പൂണ്ണമായി ഭവിച്ചിട്ടില്ലാത്ത ഒരു യുവതിയോട് താപാത്തനായ യുവാവു പറയുന്നത്.

കവിവരർ കഥിച്ചുള്ള സാധുവാമന്നമെ
കേൾവിയുള്ളാനടയ്ക്കാക്കുമോ നിൻഗതി
കവിവരർ കഥിച്ചുള്ള സാധുവാമന്നമെ
കേൾവിയുള്ളാനടയ്ക്കാക്കുമോ നിൻഗതി
അലകടൽചുഴന്നീടുമുഴിമേവുന്നോരെ
യാകവെവെന്ന ക്രീഡിപ്പോൾക്കുപിന്നിലായ്
കൂടുകമൊട്ടപോകുന്ന സാധുവാമന്നമെ
കേൾവിയുള്ളാനടയ്ക്കാക്കുമോ നിൻഗതി.

അവിടെ മാനേലുംകണ്ണിയായ മാധവി ഇങ്ങിനെ കോവലൻ പാടിയ ഉദ്യാനഗീതശ്രവണത്താൽ ഇവന്നു തന്നിൽ പ്രേമമില്ലെന്നും ഹൃദയത്തിൽ വേരുന്നിയ ഏതോ ഒരു വിഷയത്താൽ അവശനായിതീർന്നിരിക്കുന്നുവെന്നും ബോധിപ്പാൻ കഴിഞ്ഞുവെന്നിരിക്കിലും ഭാവവിലാസചാതുര്യത്താൽ വൈമനസ്യം പ്രകാശിപ്പിക്കാതെ പ്രമുദിതഭാവം നടിച്ചുകൊണ്ടു പാടവത്തോടെ കോവലന്റെ പക്കൽനിന്നു വീണവാങ്ങി തനിക്കു യാതൊരു സങ്കല്പവുമില്ലെന്നിരിക്കിലും അവൻ ഒരു സങ്കല്പം വെച്ചുപാടിയതിന്നു പ്രതിവാക്യമായി താനും ഏതോ ഒരു സങ്കല്പം ചെയ്തവളെന്നവണ്ണം ഇരിപ്പിടത്തിന്നധിഷ്ഠാനദേവതയായ വരുണൻ വിസ്മയിക്കയും ഭ്രവാസികളെപ്പോരും ആനന്ദിക്കയും ചെയ്യത്തക്കവിധം വീണയ്ക്കിണങ്ങുന്ന കണ്ഠസ്വനത്താൽ കാനൽവരിപ്പാട്ട് (ഉദ്യാനഗീതം) ആരംഭിക്കയും ചെയ്തു.

ഒന്നാംവരി.

(കുറച്ചിന്തിൻ മട്ട)

1 ഭൃംഗസഞ്ചയങ്ങളാകും കങ്കണങ്ങളാർത്തും
തങ്കമണിപൊല്പൃവാട കൊണ്ടുടൻ മറഞ്ഞും
വങ്കരുമീൻനയനങ്ങൾ ചഞ്ചലതപ്രമാന്തം
പങ്കജഹീനം പുലർന്നവം വാഴ്കനീ കാവേരി.
വങ്കരുമീൻനയനങ്ങൾ ചഞ്ചലതപ്രമാന്തം
പങ്കജഹീനം വാഴ്വതെല്ലാം തനിനിൽകണവൻ.
ഭംഗമന്യേ ധരിത്രിയെ കാത്തുകൊൾകയാലെ
എന്നറിഞ്ഞീടുന്നേനെന്നും വാഴ്കനീ കാവേരി.

2 താരുതിരും ചോലതന്നിൽ കേകികളാടുമ്പോൾ
ചാരുതരം കോകിലങ്ങൾ ഗീതവും മുഴക്കി
ചേലെഴും നറുമ്മമാല ചാലവെയണിഞ്ഞും
മേളമായ്സഞ്ചാരം ചെയ്യുമീ വാഴ്കനീ കാവേരി.
ചേലെഴും നറുമ്മമാല ചാലവെയണിഞ്ഞും
മേളമായ്നടന്നതെല്ലാം ചോഴമന്നൻ തൻറെ
കേളിയാൽ വിളങ്ങുന്ന വേലിനുള്ള വീര്യം
മൂലമെന്നറിഞ്ഞനല്ലോ വാഴ്കനീ കാവേരി,

3 കേളിയുള്ള മന്നവൻറെ ചോളനാടു വാഴ്ക
ബാലകന്മാരെ വളർക്കും മാതൃഭാവംപൂണ്ടു
ക്ഷോണിതന്നിൽ ക്ഷേമംചേർപ്പാൻ കൂട്ടമൊരുവാഞ്ഛ
താണുപോയിടാതെ ചൊറും വാഴ്കനീ കാവേരി.
ക്ഷോണിതന്നിൽ ക്ഷേമംചേർപ്പാൻ കൂട്ടമൊരുവാഞ്ഛ
താണുപോകാതിരിപ്പതു ജീവജാലമെല്ലാം
ഭേദമെന്യേ കണ്ടു ധർമ്മചക്രമാളും നാഥൻ
ബുദ്ധദേവൻ കാരുണ്യത്താൽ വാഴ്കനീ കാവേരി.

രണ്ടാംവരി.

1 ഇരുമ്പിംബമുഖിതൻെറ ചോരിവായ്പൊഴിക്കും
മന്ദഹാസാഭയ്ക്കിതൊട്ടും ചേച്ചയില്ലെന്നാലും
വാങ്ങുവിൻ മുത്തെന്നു തന്നെ താൻവിളിച്ചുചൊല്ലും
തുംഗമാം സമ്മോഹം പൂണ്ട പുരുഷനെപോലെ
വന്തിരകോലും വാരാശി വെണ്മകലന്നേറാം
ചന്തമുള്ളമുക്താജാലം വാണിഭം പോലേകി
ഗന്ധമേകും പുങ്കാവിൽ പൂമഞ്ഞരികൾവാങ്ങി
പിന്തിരിയും പുകാരാകും നമ്മുടെ നഗരം.

ഒരു തോഴി പറയുന്ന വിധം.

2 നീതിപോലെ വേട്ടള്ളൊരുകാതരാക്ഷിമാരെ
സാദരം വാരാശിതീരപത്തനത്തിൽ വൈശ്യർ
തൂമലക്കെവളയപ്പിച്ചോമനിപ്പതോത്താൽ
കാമിനിമാരാകും നമ്മളെന്തറിയുന്നയ്യോ
നന്മലർ നിറഞ്ഞീടുന്ന പുന്നമരക്കൊമ്പിൽ
അന്നമേറിയിരിപ്പോനെ കണ്ടുകൊൾകയാലെ
ചന്ദ്രനും താരങ്ങളുമെന്നോർത്തുകൈവണങ്ങും
കന്ദളിക്കും പുകാരല്ലോ നമ്മുടെ നഗരം.

3 ഭുക്തിചെയ്യോർ തമ്മെവെല്ലും മദ്യതുല്യമായും
ഭുക്തമങ്ങാളിക്കാതെയുമുള്ള ഭൈഷജ്യം താൻ
പത്തനത്തിലില്ലായ്കയാലുഗ്രമാകും രോഗം
പ്രാപുമാം വിധിവശത്താൽ മാനിനിമാക്കെന്നു
മുഗ്ധമാരാമിജ്ജനങ്ങളെങ്ങറിയുന്നയ്യോ
ഓളമേറിക്കളിയാട്ടം രേഖകളഴിക്കെ
ബാലികമാർ കരതാരിൽ തൂമണലും വാരി

സോമനിലിണങ്ങും നെട്ടംപുണ്ണുണങ്ങുംവണ്ണം.
ആഴിനീരയൻപൊങ്ങും മംഗകടൽ തുപ്പാൻ
ഉദ്യമിക്കും പൂകാരല്ലൊ നമ്മുടെ നഗരം.

മൂന്നാം വരി.

അറിവില്ലെന്നു ഗൌരവപ്പെട്ടത്തിപ്പറഞ്ഞു
ക്ലേശത്തെ ബലപ്പെട്ടത്തുന്നത്.

("മാടംമൃഗങ്ങളെ തേടി നരപതി" എന്നമട്ട്)

1 അമ്പൊടിണയെ പുണർന്നുകൊണ്ടോടിന-
ല്ലിമ്പം കലർന്നുള്ള ഞെണ്ടിനേയും
പൊങ്ങുമിളന്തൈകൾ തിങ്ങുംപൂഞ്ചോലയിൽ
തങ്ങുന്നൊരെന്നെയും കണ്ടുകൊണ്ടു
ഒന്നും നിനയാതെ പോയ മണപ്പുറം-
മന്നവൻ തന്നുടെ വൃത്താന്തങ്ങൾ
മിന്നുംകുറുനിരയാളെ മനക്കാമ്പി-
ലൊന്നുമിടാനീമറിഞ്ഞതില്ലേ.

കാമപാരവശ്യത്താൽ മുൻകരുതൽ മറന്നു പറയുന്നത്.

2 പാരമഴൽപൂണ്ടു യാമിനിയുംപോക്കി
പോരുന്നോരെൻ കണ്ണിണകൾപോലെ
ആടലശേഷമണയാതുറക്കം കൊ-
ണ്ടാടിസ്സുഖമിയന്നീടുകയാൽ
മാധുര്യമോലും മധുപുണ്ണുമെൻപ്രഭോ
നീതാനിയന്ന കിനാവുതന്നിൽ

കഞ്ചായതാക്ഷിയാൾ പൂങ്കാവിരുങ്ങാനും
വന്നുള്ളവണ്ണമറിഞ്ഞിതോ നീ.

3 അണ്ഡജവേഗമാമശ്വം നയിക്കുന്ന
സ്യന്ദനചക്രംപോം മാഴ്കുമെല്ലാം
തണ്ണീരാവുനീ മന്ദീഭവിപ്പിച്ചു
പിന്നെയതിനു മറൊന്നു ചെയ്വൂ
തണ്ണീരാവുനീ മന്ദീഭവിപ്പിച്ചു
നമ്മോട്ടം നിന്നെ ഗുണദോഷിക്കും
ഇങ്ങുള്ളവരോട്ടം ചേർന്നാനല്ലെന്നുള്ളിൽ
നന്നായറിക മറൊന്നു ചെയ്വൂ.

4 എന്നുടെ നായകനേകം നെട്ടംതേരിൽ
പന്ഥാവിനുനമനെയുംവണ്ണം
പൊങ്ങുമുറവെ! കളത്തൊരുപൂങ്കാവേ!
തങ്ങളിലാടുമരയന്നമെ!
തണ്ണീർവിലസും പടിഞ്ഞാറയെ! നിങ്ങൾ
നന്നല്ലിതെന്നു കഥിച്ചവല്ലോ.

5. എന്നുടെ നായകൻ തന്റെ വിശാലവു-
മുന്നതവുമായ സ്യന്ദനത്തിൽ
പന്ഥാവിനുനം വരുത്തിച്ചുമച്ചുനീ
സന്തതം വാഴ്ക സിന്ധുതോയം.
പന്ഥാവിനുനം വരുത്തിച്ചുമച്ചുനീ
എന്നല്ല നമ്മോട്ട ഹാർദ്ദഭാവം
ഛന്ദമടിക്കുന്ന ചിന്തിക്കിലില്ലേതും
സന്തതം വാഴ്ക സിന്ധുതോയം.

നാലാംവരി.

വിശാലമായ അറിവു കുറഞ്ഞതിനാൽ
നിലവിട്ട പറഞ്ഞത്.

("വൈരസേനിയും ഭാര്യയുമായ്" എന്ന മട്ട്)

1. മുത്തുമാലയണിഞ്ഞു മോടിയിൽ
വിദ്രുമമാകും ചേല ചാർത്തി
സതതരം വയൽതോറുമ്മിക-
ളൊത്തു വാരിധിയുല്ലസിക്കവേ.
പുന്നാഗവനം തന്നിൽ പൂവമ്പൻ
തന്നുടെ കണകൊണ്ട പുണ്ണുകൾ
എന്നുടെ തനുമൂട്ടുന്നാകയാൽ
എന്നമ്മെ ഞാനുമെന്തു ചെയ്യേണ്ടു.

2. മുത്താകും പുതുപ്പഞ്ചിരി തൂകി
വിദ്രുമമാകും വായ്തുറന്നും
ദാശന്മാർ വല വീശുമ്പോൾ തിര-
യേശും വാരിധിയുല്ലസിക്കവെ.
കോടക്കാറൊളിമേനിയാൾ തൻെറ
കോലം കൊൾവാൻ വിധിച്ച ദൈവം
ദുർന്നയമിതിൻ മൂലമേതൊന്നാ-
ണെന്നമ്മെ ഞാനുമെന്തുചെയ്യേണ്ടു.

3. ദുർമ്മണം പാരമുള്ളതു തീർപ്പാൻ
നന്മലർവാടി തന്നിൽ പുക്കു
പൂമണം പൂണ്ടലാവും വൻതിര
താവും വാരിധിയുല്ലസിക്കവെ
നാനാശുപത്രാലേതെന്നില്ലാതെ
കൂടുന്നു രോഗം കലർന്ന കാമിനി

ഖിന്നയായി വിലാപിക്കുന്നതിൽ
എന്നമ്മേ ഞാനുമെന്തു ചെയ്യേണ്ടൂ.

സന്ധ്യാസമയം കണ്ടു സഹിയാഞ്ഞ നായിക
സഖിയോടു പറയുന്നത്.

4. അല്പമായിരുളുല്പതിക്കവെ
ചിത്രഭാനുവുമസ്തമിച്ചു.
വിപ്രലംഭം സഹിക്കവയ്യാതെ
ബാഷ്പപൂരം പൊഴിയുന്നല്ലോ.
താരണിക്കുഴലാളെ ധാത്രിയിൽ
ആരാണുള്ളം കളത്തീടുന്നോർ.
നാലുപാടും പരത്തി വഹ്നിയെ
ആലസ്യം നൽകും സന്ധ്യവന്നു.

5. വാസരാധിപനസ്തമിച്ചിതു
ക്രൂരിരുളും പരന്നിതെങ്ങും
നേരിൽ പൂനിരനീർ വഴിയുന്ന
ക്ഷാരമാം വ്രണംപോലെ കാൺമൂ.
ഇന്ദുനിർമുഖി! നമ്മെവിട്ടുള്ളോർ
തന്നെയെങ്ങാനുമുണ്ടോ കണ്ടൂ.
തിങ്കളെ വിട്ട ഭാനുവോടൊത്തു
സങ്കടമേകും സന്ധ്യയും വന്നു.

6. അണ്ഡജസ്വനം കേൾക്കുമാറില്ല
മന്ദമന്ദം മറഞ്ഞു ഭാസ്വാൻ
വെണ്ണിലാവേറുമല്ലൽ നൽകുവെ
കണ്ണീരോലോല വാന്നീടുന്നു

തുമലർ തുകും കാർകുഴലാളെ
കാമമരോരിങ്ങാരാനുണ്ടോ
ഘോരമാമ്മാറെൻ ജീവൻ കൊള്ളുവാൻ
പോരുമാറുള്ള സന്ധ്യവന്നു.

അഞ്ചാംവരി.

എളിതാണെന്നു പറഞ്ഞു സങ്കടത്തെ
വലുതാക്കുന്നത്.

("രുഗ്മിണിയോട് ചെന്നു പതുക്കവെ" എന്ന മട്ട്)

1. കൈതവേലി കടന്നുവന്നൊന്നുടെ
ക്രീഡനീക്കിക്കളഞ്ഞു ഗമിച്ചൊരാൾ
ക്രീഡനീക്കികളഞ്ഞായാളെന്നുടെ
ആശയം വിട്ടകലുമാളല്ലയ്യോ.

2. പൂവനത്തിൻറെ വേലി കടന്നിങ്ങു
നീയരുതെന്നു ചൊല്ലിനിന്നുള്ളൊരാൾ
നീയരുതെന്നു ചൊല്ലിനിന്നായാളെൻ
മാനേലുന്ന കടാക്ഷം മറന്നിടാ

3. അന്നം തന്നിയോടാട്ടുന്നതു കണ്ടിട്ടെന്നെ നോക്കിക്കൊണ്ടങ്ങൊരാൾ നിന്നിതു
എന്നെ നോക്കിക്കൊണ്ടങ്ങു നിന്നാളെൻറെ
പൊൻമുണങ്ങുപോലെന്നെ പിരിഞ്ഞിടാ.

ആറാംവരി.

കാമപാരവശ്യത്താൽ മുൻകരുതൽ മറന്നു പറയുന്നത്.

1. പോരായ്ക ബാലേ! പോരായ്മൈൻ പൂങ്കാവിൽ
പോരായ്ക ബാലേ! പോരായ്മൈൻ പൂങ്കാവിൽ
വാരിധിചൂഴുമുഴിക്കധിപനെറ
നേരെ ചൊല്ലരുതാടൽ പിണഞ്ഞതു
പോരായ്ക ബാലേ! പോരായ്മൈൻ പൂങ്കാവിൽ.

1. ഏവം പാടിയതിന്നുമേൽ പിന്നെയും
സാവധാനം മൃദുലാംഗുലികളാൽ
കോമളശ്രുതിഗീതം മനോഹരം
കാമിനീമണിയാളും തുടങ്ങതെ.

സായങ്കാലത്തെക്കണ്ട് നായിക പറഞ്ഞത്.

2. തന്നെ വിട്ടുപിരിഞ്ഞവനെപ്പോട്ട
ചൊന്ന വാക്യത്തെ വിശ്വസിച്ചുംകൊണ്ടു
തന്നെത്തന്നഴൽപൂണ്ടു മരുവുന്നോർ
നമ്മുടെ ജീവൻ കൊള്ളുന്നു സന്ധ്യേ! നീ
പ്രാണഹാരകൻ നീയുമുദിച്ചാലത്തെ
താനകാരാത്ത നാഥനുമാകിലോ
ഏതുമൊന്നുമറിയാതമന്ദരാ
ബാധയെന്നു കഥിക്കുക സന്ധ്യേ! നീ.

3. ഏണനേർമിഴിമാക്കഴലേകിയും
ഭാനുബിംബം പതിക്കുമാറാക്കിയും
മാനവർതൻ നയനങ്ങൾ ചീമ്മിച്ചും
വാനിൽ സന്ധ്യേ! നീ വന്നു ഭയങ്കരം.
സന്ധ്യയായ് നീയെൻ കാന്തനവനാകിൽ
ചന്തമൊഴിക്കു സന്ധ്യേ! നീ വാഴുക.

വരവു ടീഗ്ലിച്ചേടത്ത് നായിക കാത്തിരുന്ന തനിയെ പറഞ്ഞത്.

---

1. തീച്ചൊരിഞ്ഞുകൊണ്ടാടൽ വിളയിച്ച-
ങ്ങേറം ഭീകരമായ്വന്നു സന്ധ്യയും
ശങ്കചെറുമണയാതവിശ്വാസ-
മങ്കുരിക്കും പ്രശാന്തമാം ഭാവത്തിൽ
മാമലക്കാവിൽ ചെന്നൊരു മിത്ഥ്യയാ-
മാമഹിതം വാശാനം പൊരുക്കുന്നു
വാരിധിപതെ! തവകമാംപദ-
വാരിജമിതാ വീണവണങ്ങുന്നേൻ.

ഇങ്ങനെ മാധവിയുടെ ഗാനം കേൾക്കയാൽ കോവലൻ, "ഞാൻ കാനൽവരിപ്പാട്ട പാടിയപ്പോൾ, നാനാരൂപങ്ങളായ അനൃതവചനങ്ങളെ പ്രയോഗിക്കുന്ന മായാകാരിണിയായ ഇവൾ അന്യാസക്തചിത്തയായി പാടിയതാണ്" എന്നു നി

ശ്ചയിച്ചു വീണാഗാനത്തെ നിമിത്തീകരിച്ചുള്ള തന്റെ വിധിവൈപരീത്യത്താൽ തന്നിൽ പ്രിയമിയലും മതിനേർമുഖിയാളെ മനസ്സിൽനിന്നൊഴിച്ചു നിശാവസാനവേളയിൽ എഴുന്നേറ്റു പോയതിന്നു ശേഷം മാധവി മധുവൃതിരും മലർവാടിയിൽനിന്നു നിശ്ചേതനയായി നിജമന്ദിരമുൾപ്പുക്കു വസിക്കുകയും ചെയ്തു.

ക്ഷോണീന്ദ്രവൃന്ദമഖിലം പദപങ്കജത്തിൽ
താണാദരേണ പണിയുന്നൊരു ദീപ്തിശാലി
ചോളാധിപൻ കുടയുയന്നിഹ ചക്രവാള-
ശൈലാന്തരത്തിലിതമാന്നു വസിച്ചിടേണം.

പതിനാറാം ഗാഥ.

വസന്തകാലം.

കിഴക്കും പടിഞ്ഞാറും വിശാലമായ സമുദ്രവും തെക്കു കന്യാകുമാരിയാറും വടക്കു വെങ്കിടഗിരിയും * അതിരുകളായി ചേര ചോള പാണ്ഡ്യഭൂപാല

* ആദിമതമിഴ്സംഘകാലത്തു പാണ്ഡ്യരാജ്യത്തിന്റെ തെക്കേഖണ്ഡത്തിനു വടക്കേ അതിരായ പൊതിയാറിനും കുമാരിയാറിനും മദ്ധ്യേ പശ്ചിമതീരത്തിലുണ്ടായിരുന്ന തെങ്കുനാ

ന്മാർ വാഴുന്നതും ശീതളസലിലസമൃദ്ധിയോടെ വി
ളങ്ങുന്നതുമായ തമിഴ്നാട്ടിൽ മധുര, ഉറയൂർ, വ
ഞ്ചി, പുകാർ എന്നീ നാലുനഗരങ്ങൾക്കും നാഥനാ
യി മലയമാരുതനാകുന്ന രഥം, കിളിയാകുന്ന തുര
ഗം, സന്ധ്യയാകുന്ന ഗജം, സ്ത്രീജനമാകുന്ന പദാ
തി ഇങ്ങിനെ ചതുരംഗസേനയോടുംകൂടി പുകാരിൽ
വാണരുളി പുകഴാന്ന മന്മഥമഹീപതിക്കു പ്രീതിയും
പ്രമോദവും നൽകുന്ന വസന്തമാകുന്ന യുവരാജാവു
സന്നിഹിതനായി. മലയാചലവാസിയായ അഗ
സ്ത്യമാമുനിയാലയയ്ക്കപ്പെട്ട മന്ദമാരുതനാകുന്ന ദൂ
തൻ അറിവു കൊടുത്തപ്രകാരം "കാമന്റെ സൈ
നികന്മാരെല്ലാം പടക്കോപ്പണിഞ്ഞ് (സ്ത്രീകൾ വ
സന്തകാലോചിതങ്ങളായ വസ്ത്രാഭ്യങ്ങളണിഞ്ഞ്)

ടേഴം, മധുരനാടേഴം, മുൻപാലനാടേഴം, പിൻപാലനാടേഴം
കുൻറനാടേഴം, കുണകാരനാടേഴം, കുമ്പനനാടേഴം കൂടി സ
മ്പത്സമൃദ്ധിയുള്ള നാല്പത്തൊമ്പതു നാടുകളും, കുമരി, കൊല്ലം,
മുതലായ മലനാടുകളും, കാട്ടം, പുഴയും, പതിയും, കുമരിമല
യുടെ വടക്കെ തഴ്വരയും കടലെടുത്തുപോകയും അതോടുകൂ
ടി ആ തമിഴ്സംഘവും നാമാവശേഷമായ്പ്പോകയും ചെയ്തു.
അതിനു മുമ്പ് തമിഴ്നാട്ടിന്റെ അതിരുകൾ, 'കുണക്കടൽ, കു
മരി, കുടകു, വെങ്കുടം'—കിഴക്കു പൂർവ്വസമുദ്രവും, തെക്കു കുമരി
നാടും, പടിഞ്ഞാറു കുടകും, വടക്കു വെങ്കിടഗിരിയുമായിരുന്നു.
ഈ ഗ്രന്ഥനിർമ്മാണവും ഇതിലെ ഇതിവൃത്തവും അന്തിമതമി
ഴ്സംഘകാലത്തായതിനാൽ ഗ്രന്ഥകാരൻ തമിഴ്നാട്ടിന്റെ
അന്നത്തെ സീമകളെ അംഗീകരിച്ചതാകുന്നു.

സന്നദ്ധരായിരിപ്പിൻ" എന്നുള്ള അർത്ഥം ധ്വനിക്കത്തക്കവണ്ണം കുസുമിതലതകളാൽ നിബിഡിതമായ ഉപവനമാകുന്ന കൈനിലയിലിരിക്കും കയിലാകുന്ന കാഹളീയോധൻ സൈനികന്മാക്ക് സാങ്കേതികമായ വിജ്ഞാപനം നൽകി. കടലിൽ നീരാടുവാൻ പോയസമയം പൂമടൽ വിരിഞ്ഞു (തെങ്ങ്, കൈത, മുതലായ താലവർഗ്ഗങ്ങളുടെ പൂക്കുലമടൽ വിരിഞ്ഞു) സുരഭിലമായ ആരാമത്തിൽ വെച്ചുണ്ടായ കോവലന്റെ വിയോഗംമൂലം ഏകാകിനിയായി തന്റെ സദനത്തിലേക്കു തിരിച്ച മാധവി വീണ്ടും നായകന്റെ സംഗമത്തെ കാംക്ഷിച്ചുകൊണ്ടു വസന്തകാലോചിതവസതിയായി വാനോട മുട്ടിനിൽക്കുന്ന മണിമേടയുടെ മേൽത്തട്ടിലുള്ള ചന്ദ്രശാലയുടെ ഒരു വശത്തിലിരിക്കയായിരുന്നു. മനോഹരഭൂഷണവിഭൂഷിതയായ അവൾ മുത്തും ചന്ദനവും ഇക്കാലത്തു താൻ നിയമേന ഉപയോഗിച്ചു വരുന്നതാകയാൽ മുൻ ഹേമന്തത്തിൽ കുങ്കുമത്താൽ അലങ്കരിക്കപ്പെട്ട ഉരസ്ഥലത്തിൽ ആ മുത്തും ചന്ദനവുംതന്നെ അണിഞ്ഞു. ഒയ്മ്പതു വക ആസനങ്ങളിൽ ഒടുവിലത്തെതായ പദ്മാസനത്തിലിരുന്നു ശ്രുതിപ്പിഴയില്ലാതെ ശരിപ്പെടുത്തി വെച്ചിട്ടുള്ള വീണ കയ്യിലെടുത്തു് ആദ്യം കണ്ണത്താലും പിന്നെ വീണയാലുമായി ക്രമത്തിൽ മധുരമാംവണ്ണം ഗാനംചെയ്തു തുടങ്ങി.

ഇങ്ങനെ ഹൃദയംഗമങ്ങളായ ഗാനവിശേഷങ്ങളിൽ ലയിച്ചു വിവശയായ മാധവി ചെറിയ ശരത്താൽ വലിയ ദ്രുഭോഗത്തെ നിശ്ശേഷം അടക്കി ഏകശാസനത്തിന്മേൽ വാഴുന്ന മദനമഹീപതിയുടെ ആജ്ഞയ്ക്കു വശംവദയാകേണ്ടിവന്നതിനാൽ 'തിരുവായ്ക്കെതിർപായില്ല' എന്ന ബോധത്തോടെ ചെമ്പകം, ചെങ്കഴനീർ, മുല്ല, മല്ലിക തുടങ്ങിയുള്ള നറുനൂക്കളാലിടതൂത്തു കെട്ടിയ പരിമളമിളിതമായ മാല്യത്തിൽ തൊട്ടുത്തു നീണ്ടു നിൽക്കുന്ന കേതകീപത്രപുടത്തിൽ മറെറാരു ദളത്തിൻെറ അഗ്രം ചെമ്പഞ്ഞിക്കുഴമ്പിൽ മുക്കി ഇങ്ങിനെ എഴുതിത്തുടങ്ങി. "ലോകത്തിൽ നാനാതരം ജീവികളേയും തങ്ങൾ കാമിക്കുന്ന തുണകളോട് സംയോജിപ്പിക്കുന്നതു സരസനായ വസന്തമാകുന്ന യുവരാജാവാണ്; ആകയാൽ നീതി നിരവേറെത്തക്കവണ്ണം കായ്മ നടത്തുന്നതല്ല; ഇനി സന്ധ്യാകാലത്തിൽ ജാതമാകുന്ന വിരഹവേദനയ്ക്കുംപുറമെ തല്ക്കാലത്തിൽ വന്നുദയം ചെയ്ത പെണ്മതിയാകുന്ന സമ്പന്നനും തല്ക്കാലം തേജസ്വിയായിരുന്നാലും ജന്മനാ അംഗഭംഗത്തോടു കൂടിയവനാകുന്നു; അതിനാൽ സംയുക്തന്മാർ വിയുക്തന്മാരായാലും ജഡന്മാർ വിസ്മരിച്ചാലും നറുംപൂവമ്പിനാൽ സുഖഭോക്താവായ ജീവിയെ കൂട്ടിയിണക്കുന്നതു് അവരുടെ ആധുനികകൃത്യമല്ല; ഇതരി

ഞ്ഞുകൊള്ളേണ്ടതാണ്.” എന്ന് ഒരേപക്ഷമായി ഉൽഘോഷിച്ചുകൊണ്ടിരിക്കുന്ന ചതുഃഷഷ്ടി കലകടേയും രചനാഗ്രഹണങ്ങൾക്കനുരൂപമാംവണ്ണം ഉച്ചരിപ്പാൻ കഴിയാതെ ആ വക സുഭാഷിതങ്ങളെ ബാലന്മാരെന്നപോലെ നാവിൽ വഴങ്ങാത്തവിധം ചൊല്ലിക്കൊണ്ടേ എഴുതി ഉൽക്കണ്ഠയെ ഉദ്ദീപിപ്പിക്കുന്നതായ സായങ്കാലത്തിൽതന്നെ വസന്തമാലയെ വരുത്തി “ഈ മാലയിലെഴുതിയതിൻെറ താല്പര്യമെല്ലാം വേണ്ടുംവണ്ണം കോവലനെ പറഞ്ഞറിവിച്ച് ഇപ്പോൾതന്നെ ഇവിടെക്കു കൂട്ടിക്കൊണ്ടു വരിക”യെന്നു പറഞ്ഞയച്ചു.

വസന്തമാല ഇങ്ങനെ മാധവിയുടെ വാക്കിനാൽ മാലവാങ്ങി കുലസംജ്ഞങ്ങളായ നെല്ല്, പുല്ല്, വരക്, തിന, ചാമ, ചോളം, തുവര, കോറ എന്നിത്യാദി ധാന്യസഞ്ചയം സമൃദ്ധമായ്വിളയുന്ന ഭൂമിയുടെ സ്വാമിയായ കോവലനെ കണ്ട് ആ മാല കൊടുത്തപ്പോൾ, “തിലകവും അളകവും നനുത്തുകുറുത്തവില്ലും, കരിങ്കുവലയപ്പൂവും കുമിഴും കോവപ്പഴവും ചേന്ന മുഖത്തിനാൽ അഭിമുഖമായ്നിന്ന സ്ത്രീസഹജമായ വിധത്തിൽ മദകലമാംവണ്ണം പ്രേമം ഭാവിച്ചുകൊണ്ടുള്ള നാട്യവും, കാർ ചുമന്നു കുഴങ്ങി കിരണങ്ങൾ പൊഴിക്കും പനിമതിയിൽ കയലുകൾ നടമാടിക്കളിക്കുന്നതോടുകൂടി മധുതടവിയ പവിഴംപോലുള്ള

ഒളിതിരളുന്ന മുത്തിനൊത്ത പുഞ്ചിരിപ്പൂതുമ തൂകി ചൊല്ലു കേട്ട വരികയും പോകയും ചെയ്യുന്ന നീലായതാക്ഷിയുടെ കോലവും, എന്റെ വിയോഗംമൂലം നിശാഗമനത്താൽ വിരഹതാപവിവശയായി എന്റെ ചിന്താപാരവശ്യമറിഞ്ഞു കിളിക്കൊത്തമൊഴിയും അന്നത്തിനൊത്ത നടയും കളിയാട്ടം മയിലിനൊത്ത മുടിയും മറച്ചു വേലൊത്ത മിഴികളായ നിജതോഴികളുടെ കോലത്തെ കയ്ക്കൊണ്ടു താനേകാകിനിയായ്വന്ന നിന്നെ നടിച്ച നാട്യവും, അണികളണിയുവാനരുതാതവണ്ണം തന്നെമദ്ധ്യയായ അവൾ, ചിലമ്പൊലിയും മേഖലാകലകലധ്വനിയും മുഴങ്ങുമാറ് എന്നിൽ ആസക്തയെന്നപോലെ വന്നു നോക്കിയ നോക്കിനാൽ, തന്റെ വിരഹത്താൽ അവശനായ എന്റെ താപത്തെയറിഞ്ഞും എന്റെ അരികിൽ വന്നണയാതെ അകന്നുനിന്നു നടിച്ച നാട്യവും, പുരികഴലും പൂമാലയും, പൂന്തേൻതടവിയ കുറുനിരയും മുത്തുമാലയണിഞ്ഞ മുലത്തടവും മിന്നലിനൊത്ത മദ്ധ്യപ്രദേശത്തിനു വഹിയാത്ത ഭാരമാണെന്നു ഭാവിച്ചുംകൊണ്ട് എന്റെ സന്നിധാനം പ്രാപിക്കാതെ പുറമേ വന്നുനിന്ന സഖികളുടെ ഉപദേശപ്രകാരം ചില സമാധാനവാക്യങ്ങൾ ചൊല്ലിയതിനും, സംഭോഗകാമനായ എന്റെ വിപ്രലംഭസൂചകങ്ങളായ പ്രതിവചനങ്ങൾ കേട്ട അവയ്ക്കീരർത്ഥം

കല്പിച്ച മനോജ്ഞമായ കുന്തളോടും മങ്ങിമയങ്ങി
യ തനുവല്ലിയോടും കൂടിയ അവൾ കലഹിച്ചു പി
രിഞ്ഞുപോകുന്നതായി ഭാവിച്ചുപോയ നാട്യവും,
ഞാൻ പിരിഞ്ഞിരിക്കും കാലത്തിൽ തനിക്കസഹ്യ
മായ വിരഹതാപം നേരിട്ടിരിക്കുന്നതായി ഭാവിച്ച്
എന്റെ പ്രണയവചനങ്ങൾകൊണ്ട് തന്റെ അതിയായ
പരിതാപഭരത്തെ പ്രകാശിപ്പിച്ചുംകൊണ്ട് വിവശയാ
യ്നിന്ന തേങ്ങിത്തേങ്ങി ഉത്തരം പറഞ്ഞ നാട്യവും,
വണ്ടാർകുഴലിയായ അവൾ രാത്രികാലത്തിൽ മോ
ഹിതയായി കണ്ടവരോടെല്ലാം തന്റെ വിരഹതാ
പത്തെ പറഞ്ഞറിവിച്ചതായ നാട്യവും, അടുത്തടു
ത്തു ബോധം മറഞ്ഞു വീഴുമ്പോൾ അടുത്തുള്ളവർ
അപ്പപ്പോൾ എടുത്താശ്വസിപ്പിച്ചുംകൊണ്ടിരുന്ന
തായ നാട്യവുമായി ഈ നാട്യഭേദങ്ങളെട്ടും ആ സു
ന്ദരി ഒരു നാടകവേശ്യയായതിനാൽ അവൾക്കനുരൂ
പമായിട്ടുള്ളതാണ്.” എന്നു പറഞ്ഞു മാധവി മ
നോഹരമാംവണ്ണം കൈതപ്പൂവിതളിൽ കുറിച്ചയച്ച
കാമപത്രത്തെ കോവലൻ നിരസിച്ചതിനാൽ വസ
ന്തമാല മങ്ങിയ മനസ്സോടും, വാടിയ മുഖത്തോ
ടും, ത്വരിതഗതിയായിച്ചെന്ന മാധവിയോട്, “അ
ദ്ദേഹം ഈ രാത്രിയിൽത്തന്നെ വരുവാനിടയുണ്ട്;
അങ്ങിനെ അല്ലെന്നിരിക്കിൽ നാളെ കാലത്തു കാ
ണാമല്ലോ.” എന്നു പറഞ്ഞ മാത്രയിൽ അവൾ
താനിരിക്കുന്ന പൂമെത്തമേൽത്തന്നെ മോഹിച്ചു വീ
ണു കണ്ണടയ്ക്കുകയും ചെയ്തു.

ഒന്പതാം ഗാഥ.

സപ്പവൃത്താന്തകഥനം.

തനപംഗിമാരെല്ലാം സായങ്കാലമായപ്പോൾ വിശാലങ്ങളായ സദനങ്ങളിലെങ്ങും നറുമുല്ലപ്പൂതുമ ലരും തുവി ഗൃഹദേവതയെ വണങ്ങി മണിവിള ക്കും കയ്യിലെടുത്തു രാത്രികാലത്തിൽ കാന്തനോ ടൊത്തു രമിപ്പാൻതക്കവണ്ണമുള്ള കോപ്പുകളണി ഞ്ഞുതുടങ്ങി. മുന്നൊരുനാൾ മാലതിയെന്ന ഒരു ബ്രാഹ്മണി സപത്നിയുടെ പുത്രനു തൻറെ മുല പ്പാൽ ശംഖിലെടുത്തു കൊടുത്തപ്പോൾ അതു നാ സികയിൽ കയറി അവളുടെ കയ്യിൽ കിടന്നുത ന്നെ കൂട്ടി കാലഗതിയെ പ്രാപിച്ചു. അപ്പോൾ ബ്രാഹ്മണി ഭർത്താവും സപത്നിയും നിരപരാധിയാ യ തൻറെ മേൽ കുറ്റാരോപണം ചെയ്യുന്നതല്ലാ തെ പരമാർത്ഥമറിയുന്നതല്ലായ്കയാൽ എന്തു ചെ യ്യേണ്ടുവെന്നു ചിന്താമഗ്നയായി ശിശുവിനെ എടു ത്തുകൊണ്ടു കല്പതരുകോഷ്ഠം, ഐരാവതകോഷ്ഠം, ബലദേവകോഷ്ഠം, സൂര്യകോഷ്ഠം, കൈലാസകോ ഷ്ഠം, സുബ്രഹ്മണ്യകോഷ്ഠം, വജ്രായുധകോഷ്ഠം, ശാ ലിവാഹനകോഷ്ഠം, ആർഹതകോഷ്ഠം, ചന്ദ്രകോഷ്ഠം, എന്നിങ്ങിനെയുള്ള കോഷ്ഠങ്ങളിലെല്ലാം ചെന്നു ഓരോ ദേവത

കളോടും പ്രത്യേകം തന്റെ സങ്കടം തീർത്തുതരുവാൻ അപേക്ഷിച്ചതിൽ ആരും അപ്രകാരം ചെയ്യാഞ്ഞതിനാൽ ചാത്തനെന്നാ പാഷണ്ഡഭൈരവന്റെ സന്നിധിയിൽ ചെന്നു പാട്ടുകിടന്നു. അവിടെ ശ്മശാനകോഷ്ഠത്തിൽ പ്രേതാശിനിയായ ഡാകിനിയെന്നാ പിശാചി ക്രൂരരൂപംകൊണ്ടു നിശീഥത്തിൽ ഏകാകിനിയായ ആ തരുണിയെ അപഹസിച്ചുകൊണ്ട്, "നിരപരാധിനിയായ ബ്രാഹ്മണി! കേൾക്കു. ജന്മാന്തരത്തിൽ തപംചെയ്യാതവർക്കു ദേവന്മാരും വരംകൊടുക്കുമാറില്ല; ഇതു് അസത്യമല്ല; സത്യംതന്നെയാണു്." എന്നു പറഞ്ഞു് ആ ശവശരീരത്തെ കാണിപ്പാൻ പറയുകയും ഉടൻ അതിനെ അവളിൽനിന്നപഹരിച്ചു തന്റെ കുക്ഷിയിലിടുകയും ചെയ്തു. ഇതു കണ്ടു് ഇടിനിനാദം കേട്ട ഭുജംഗിയെപ്പോലെ നടുങ്ങി മനംകലങ്ങി മുറയിട്ടുന്നാമനേലുംമിഴിയോടു ചാത്തൻ, "അമ്മേ! നീ മടങ്ങിപ്പോയ്ക്കൊൾക. നിന്റെ മാഗ്ഗത്തിൽ ഇതാ ആ ബാലൻ ജീവിച്ചുകിടക്കുന്നു. നീ പരിതപിക്കേണ്ട." എന്നു പറഞ്ഞു താൻതന്നെ ആ ശിശുവിന്റെ രൂപം കയ്യൊണ്ടുകിടന്നു. ബ്രാഹ്മണി ആ മായാകുമാരനെ എടുത്തു മാറോടണച്ചു തഴുകി സ്വപുത്രനെന്നുതന്നെ വിശ്വസിച്ചുകൊണ്ടു സാക്ഷാൽ മാതാവിന്റെ കയ്യിൽ കൊണ്ടുചെന്നു കൊടുക്കുകയും

ചെയ്തു. ഈ ദിവ്യകുമാരൻ ഉഭയവംശപാരമ്പര്യത്തെ അനുസരിച്ചു വേദവേദാംഗവേദിയായ പിതാവിന്റെ കുലസന്താനമായി പിന്തുടർന്നു ചൗളോപനയനസംസ്കാരാനന്തരം വേദവേദാംഗാദിവിദ്യാവിശാരദനെന്നു വിഖ്യാതി സമ്പാദിച്ചു; ദേവന്തിയെന്ന കന്യകയെ വേട്ടു. മാതാപിതാക്കളുടെ മരണാനന്തരം പൈതൃകകാര്യങ്ങളെല്ലാം നടത്തി, ച്ചു ഗൃഹസ്ഥധർമ്മോചിതമായ ധനധാന്യാദിസമ്പത്തിയിൽ ബദ്ധശ്രദ്ധനായി എട്ടു സംവത്സരക്കാലം ഭാര്യാസമേതനായി ഗൃഹസ്ഥാശ്രമത്തിൽ വാണു; തന്റെ ദിവ്യദേഹകാന്തി പത്നിയുടെ നയനങ്ങൾക്കസഹ്യമാവാത്തവിധത്തിൽ അടക്കിവെച്ചുകൊണ്ടിരുന്നതിനുശേഷം ഒരുനാൾ, എന്നും ജരാനരയില്ലാതെ യൌവനദശയിൽതന്നെ ഇരിക്കുന്ന തന്റെ മനോഹരരൂപം അവൾക്കു പ്രത്യക്ഷമാക്കി, അവളുടെ ഇംഗിതമനുസരിച്ചു, "നീ എന്റെ കോഷ്ഠത്തിലേക്കു വരിക; ഞാൻ മറ്റുള്ളവരുടെ ദൃഷ്ടിയിൽ ഒരു തീർത്ഥവാസിയായ്പോകുന്നു" എന്നു പറഞ്ഞ് അവിടം വിട്ടുപോയി. ഇങ്ങിനെ ഭർത്തൃവിയുക്തയായ ദേവന്തി അദ്ദേഹത്തിന്റെ അരുളപ്പാടിനെ ഹൃദയത്തിലുറപ്പിച്ചു തീർത്ഥാടനത്തിനു പോയ തന്റെ പതി വീണ്ടും വന്നു തന്നോടുകൂടി ഗൃഹസ്ഥധർമ്മത്തിൽ ആസക്തനായിരിക്കുന്നതുവരെയും

വരം തരേണമെന്നു ചാത്തന്റെ സന്നിധിയിൽ അപേക്ഷിപ്പാൻ പോവുകയാണെന്ന വ്യാജത്തിന്മേൽ ഭൈരവകോഷ്ഠത്തിൽ ചെന്നു നിത്യം ഭജിച്ചുകൊണ്ടിരിക്കെ ഒരുനാൾ അന്യൂനഗുണസമ്പന്നയായ നാരീമണി കണ്ണകീദേവി കണവന്റെ വിയോഗത്താൽ കരളുരുകിവാഴുന്നതിനെ നിനച്ചു പശ്ചാത്താപത്തോടെ അവൾക്കു ഭർതൃസമാഗമം ഭവിക്കേണമെന്നു പ്രാർത്ഥിച്ചു കരുക മുതലായവകൊണ്ട് കോഷ്ഠത്തെ ആരാധിച്ചതിനുശേഷം കണ്ണകിയുടെ വസതിയിൽ ചെന്ന്, അവളോട്, "നീ കണവനോടിണങ്ങിയിരിക്കും" എന്നാശീർവ്വദിക്കയും ചെയ്തു. അപ്പോൾ കണ്ണകി, "പ്രിയസഖി! നിന്റെ ആശീർവ്വാദംപോലെ ഭവിക്കുമെങ്കിലും എനിക്കതിൽ ശങ്ക ജനിക്കുന്നു. എന്തെന്നാൽ ഇന്നലെ രാത്രി സ്വപ്നത്തിൽ എന്റെ നായകൻ എന്നെ അംഗീകരിച്ചു മനംചേർന്നിരിക്കെ ഞങ്ങളിരുപേരും ഒരു മഹാനഗരത്തിൽ ചെന്നു; അവിടെ പൊയ്കേളിടം പോലെ ഞങ്ങൾക്കനുരൂപമല്ലാത്ത ഒരു വ്യാജവൃത്താന്തം എനിക്കറിവാനിടയായി; അതനുസരിച്ച് എന്റെ വല്ലഭനു് ഒരാപത്തു പിണഞ്ഞതായി മറ്റു ചിലർ പറഞ്ഞതിനാൽ അതു സഹിക്കാതെ എനിക്കു വിഹിതമല്ലാത്തവിധം ആ നാട്ടിലെ അരചന്റെ മുമ്പിൽ ചെല്ലുകയും അദ്ദേഹത്തോടു കായ്യ

ങ്ങൾ പറകയും ചെയ്തു; ആ നാടുവാഴിക്കും നാട്ടിന്നും നാശം നേരിട്ടു. എങ്കിലും ദുസ്സപ്നമാകയാൽ അച്ഛനോടു പറയുന്നില്ല. ഇങ്ങിനെ ദുഷ്കർമ്മഫലമനുഭവിപ്പാനാളായ ഞാൻ ഭർത്തൃസമേതം ലഭിച്ച ഉത്തമപദവിയെ നീ കേൾക്കുന്നതായാൽ ചിരിച്ചുപോകും" എന്നു പറഞ്ഞു. അപ്പോൾ ദേവന്തി, "തോഴി! നീ കണ്ട കിനാവിനെ നിനച്ചു ഖേദം വേണ്ടാ; അവൻ നിന്നെ വെറുക്കുകയും ഉണ്ടായിട്ടില്ല. നിന്റെ കണവൻനിമിത്തം നിണക്കൊരു വ്രതഭംഗം വന്നിട്ടുണ്ട്; തന്നിമിത്തമുള്ള പാപം അല്പമല്ല. ഈ ദോഷവും നീങ്ങുവാനായി കാവേരി സമുദ്രസംഗമംചെയ്യുന്ന സ്ഥാനത്തിന്നടുത്തായി പുഷ്പളങ്ങൾ പൊഴിഞ്ഞു പരിലസിക്കുന്ന കടൽക്കരപ്പൂഞ്ചോലയിൽ സോമകുണ്ഡം, സൂര്യകുണ്ഡം എന്ന നാമധേയങ്ങളോടുകൂടിയ രണ്ടു * തടാകങ്ങളുണ്ട്; അവയിൽ സ്നാനംചെയ്തു മന്മഥകോഷ്ഠത്തിൽ ചെന്നു ദർശനംചെയ്യുന്നവർക്കു ജീവകാലമെല്ലാം ഭർത്തൃവിയോഗംവരാതെ വാണിരുന്ന് ഐഹികഭോഗങ്ങൾ ഭുജിച്ചു സുഖിച്ചിരിക്കാം; മേൽജന്മത്തിലും ഭോഗഭൂമിയിൽ ചെന്നു ജനിച്ചു ഭർത്താവിനോടു പിരിയാതെ ദീർഘകാലം സുഖിച്ചി

---

* ഇവ തിരുവേങ്കാട്ടിലുള്ള സോമതീർത്ഥവും സൂര്യതീർത്ഥവുമാണെന്നു വൃദ്ധന്മാർ പറയുന്നു.

രിപ്പാൻ കഴിയും. അതിനാൽ നമുക്കും ഒരിക്കൽ ആ തീർത്ഥത്തിൽ സ്നാനംചെയ്യേണ്ടതാണ്.'' എന്നു പറഞ്ഞതിനു കണ്ണകി, ''അങ്ങനെ ദേവനെ തൊഴുന്നതു ഞങ്ങൾക്കു വിഹിതമല്ല; പതിവ്രതമാർക്കു പതിയല്ലൊ ദൈവം'' എന്നുത്തരം പറഞ്ഞു. ഇങ്ങനെ അവർ സംഭാഷണം ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ ഒരു ബാല്യക്കാരത്തി വന്ന്, ''രാജകുമാരനെപ്പോലുള്ള നമ്മുടെ ഗൃഹസ്വാമി കോവലൻ അതാ വടിപ്പുര കടന്നുവരുന്നു.'' എന്നറിവിച്ചു. കണ്ണകി തന്റെ മലിനമായ വസ്ത്രം മാറുവാനായി അകത്തേക്കു കടക്കുമ്പോഴേക്കും കോവലൻ മനോഹരമായ ശയനഗൃഹത്തിൽ കടന്നുചെന്ന് അവിടെ തന്റെ പ്രിയയുടെ മെലിവാന്ന മേനിയും അഴലാന്നൊരുള്ളവും കണ്ട് സ്വപ്നത്തിലും മിഥ്യയെ സത്യമാക്കി കഴിഞ്ഞുവരുന്ന വേശ്യയോടുള്ള സംഗമത്തിനാൽ തന്റെ പൂർവ്വന്മാർ തേടിവെച്ചിരുന്ന അപരിമിതമായ ധനസഞ്ചയം അവർമൂലം ധ്വംസനംചെയ്തു നിർധനനായിതീർന്നതു തനിക്കു ലജ്ജാവഹമായിരിക്കുന്ന വിവരം അവളോടു പറഞ്ഞു. ഇങ്ങനെ പ്രിയതമന്റെ പാരവശ്യം കണ്ട കണ്ണകി കനിവോടെ മുഖപ്രസാദം പൂണ്ടു പുഞ്ചിരി തൂകി ഒരു ജോടി ചിലമ്പുള്ളതെടുത്തുകൊടുവാൻ പറഞ്ഞു. ഇതു കേട്ട കോവലൻ അവളോട്, ''പ്രിയേ! നീ പ

റയുംപ്രകാരം ഈ ചിലമ്പിന്നു കിട്ടുന്ന വില ഒരു മൂലധനമാക്കിവെച്ചു കച്ചവടം ചെയ്യ ഞാൻ മുമ്പു നിന്നോട്ട വാങ്ങിച്ചിലവഴിച്ചതായ ആഭരണങ്ങളേയും മറ്റുള്ള ധനനിവഹത്തേയും സമ്പാദിച്ചുചേപ്പാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു; വ്യാപാരംചെയ്യേണ്ടതു് അതിമാത്രം പ്രഖ്യാതിപൊങ്ങുന്ന മധുരാനഗരത്തിൽ വേണമെന്നാണു കരുതുന്നതു്; അതിന്നു നീയും എന്നോട്ടുകൂടെ പോരേണം" എന്നു പറഞ്ഞുറച്ചു, താൻ ജന്മാന്തരത്തിൽ ചെയ്ത ദുഷ്കർമ്മമാകുന്ന മൃത്യുവിന്റെ പ്രേരണയ്ക്കു വശംവദനായി മുൻനിശ്ചയപ്രകാരം അടുത്ത അരുണോദയത്തിന്നുമുമ്പുതന്നെ യാത്രപുറപ്പെടുവാൻ സന്നദ്ധനായി.

പത്താം ഗാഥ.

നാട്ടുപുറക്കാഴ്ച.

വൈശാഖമാസം ഇരുപത്തൊമ്പതാംതിയ്യതി കുജവാരവും കേട്ടനക്ഷത്രവും ശുക്ലപക്ഷചതുർദ്ദശിയും നാശയോഗവും കൂടിയ രാത്രി നാലാംയാമത്തിൽ ചന്ദ്രാസ്തമയം കഴിഞ്ഞു സൂര്യോദയത്തിന്നു മുമ്പായുള്ള കുരിരുളിൽ പൂർവ്വകർമ്മപ്രേരണയാൽ

കോവലനും കണ്ണകിയും യാത്ര പുറപ്പെട്ടു. അവർ വളർത്തിയ ആട്ടിൻകുട്ടിയും എരുമക്കുട്ടിയും അരയന്നവും ഭിന്നവർഗ്ഗമായിരുന്നാലും ഒരേവർഗ്ഗത്തിൽപെട്ട ജീവികളെപ്പോലെ ഒരുമിച്ചവനെ പിന്തുടർന്നു ചുറ്റിനിൽക്കുന്നതും താഴോട്ടകുടിയതും വിശാലവുമായ പടിപ്പുരവാതിൽ കടന്നു, ഉടനെയുള്ള അനന്തശായിയായി മണിവർണ്ണനെന്ന നാമത്തോടെ സന്നിധാനംചെയ്യുന്ന വിഷ്ണുഭഗവാന്റെ ആലയത്തെ വലംവെച്ചു, അഞ്ചു വലിയ ശാഖകളോടും മൂലങ്ങളായ പത്രങ്ങളോടുംകൂടിയ മഹാബോധിവൃക്ഷമൂലത്തിലെഴുന്നരുളിയ ധർമ്മകർത്താവായ ബുദ്ധദേവനരുളിച്ചെയ്ത ആഗമത്തെ ആകാശചാരികൾ മറഞ്ഞിരുന്നോതി ഏവർക്കും അർത്ഥം ഗ്രഹിപ്പിക്കുന്നതും ഇന്ദ്രനാൽ മനസ്സുകൊണ്ടു നിർമ്മിക്കപ്പെട്ടതുമായ ഇന്ദ്രവിഹാരമേഴും കടന്നു, മത്സ്യമാംസാദി ദുഷ്ടപദാർത്ഥങ്ങളെ ഭക്ഷിക്കാതെയും അസത്യവാദം ചെയ്കയില്ലെന്നുള്ള വ്രതത്തോടെയും കാമാദി ചിത്തവൃത്തികളേഴിനേയും ഉപേക്ഷിച്ചു സ്മൃതി മുതലായ ശാസ്ത്രങ്ങളെ ആരാഞ്ഞറിഞ്ഞു പഞ്ചേന്ദ്രിയങ്ങളടക്കി ലോകതത്വമറിഞ്ഞ മഹാത്മാക്കൾ നിറഞ്ഞുവിലസുന്ന ദേവാലയത്തിൽ ബുദ്ധൻ, സിദ്ധൻ, ഉപാദ്ധ്യായൻ, ആചാര്യൻ, ഭക്തന്മാർ ഈ പഞ്ചപരമേഷ്ഠികളുടേയും മന്ദിരങ്ങളിൽനിന്നു വ

ന്നേ മാർഗ്ഗങ്ങൾക്കു കേന്ദ്രസ്ഥാനവും അതിവിശാല വുമായ അങ്കണത്തിൽ പുഷ്പിതമായ അശോകമര ത്തിന്റെ അതിമനോജ്ഞമായ നിഴലിൽ വിഷു വൽപുണ്യകാലങ്ങളിലും, അയനപുണ്യകാലങ്ങളി ലും, ഉത്സവാഘോഷങ്ങളിലും ആകാശചാരികൾ വരുവാനിടയുണ്ടെന്നു കണ്ടു, ശ്രമണന്മാർ പണി ചെയ്യിച്ചിട്ടുള്ളതും ഒളി തിരളുന്നതുമായ കൽത്തള ത്തെ പ്രദക്ഷിണംചെയ്ത്, ഏവക്കും ഗതാഗതം ചെ യ്യത്തക്കതും നദിയുടെ അരുതിയായ ഒരു പവ്വത ത്തെയെന്നപോലെ നഗരവീഥിയുടെ അരുതിയായ പുരഗോപുരത്തെ മറു യാത്രക്കാരോടൊരുമിച്ചുകട ന്ന്, അനംഗന്നു വസന്തത്തോടുകൂടി മലയമാരുത നേയും സമരസഹകാരിയാക്കിച്ചെപ്പാനിണങ്ങുന്ന വിധം നാനാതരം പുഷ്പങ്ങൾ നിറഞ്ഞു വിലസുന്ന വിടപികളിടതിങ്ങി നിബിഡച്ഛായമായ ലവന്തി കയെന്ന വസന്തോദ്യാനത്തിന്റെ പ്രാകാരത്തിന്നു രികെ പോയി, ഇരുപുറത്തും പൂങ്കാവോടുകൂടി വി ശാലമായി, ജനങ്ങൾ പ്രാതസ്നാനത്തിന്നു പോകു ന്നു, നിരത്തിന്നരികെ കാവേരിക്കരയിൽ 'തിരുമുഖ ത്തൂർ'യെന്ന ഘട്ടം അവസാനിക്കുന്ന കോട്ടവാതിൽ കടന്നു, പശ്ചിമാഭിമുഖമായി കാവേരിയുടെ ഉന്നത മായ ഉത്തരതീരത്തിലുള്ള ഇളംപൂങ്കാവും കടന്നു, ഒ രുകാതം വഴി യാത്ര ചെയ്തു, 'കവുന്തിയടികൾ' എ

ന്ന പ്രസിദ്ധയായ ഒരു ജൈനതാപസിയുടെ പള്ളി ക്ക സമീപമുള്ള ഒരിളമരച്ചോലയിൽ ചെന്നുചേ ന്നു. അപ്പോഴെക്കും കോമളാംഗിയായ കണ്ണകിയു ടെ അടിയും ഇടയും വല്ലാതെ തളർന്നു, നെടുവീ പ്പോടെ ഒരു കുട്ടി പറയുന്നവണ്ണം ദന്തകാന്തി വീ ശിക്കൊണ്ട് അസ്പഷ്ടമായി, "മധുരയെന്ന പുരാത നപുരി ഏതാണു?" എന്നു ചോദിച്ചതിന്നു, "നീ ചോദിച്ച മധുര നമ്മുടെ നാട്ടിൽനിന്ന് ആറഞ്ചു കാതം അകലത്തിലുള്ളതാണ്" എന്ന് അഴൽപെ രുകി ചുരിച്ചുകൊണ്ടു പറഞ്ഞു, കോവലൻ അവ ളോടുകൂടി ചെന്നു തപോദ്ധ്യമദ്ധ്യസ്ഥിതയായ കവു ന്തിയടികളെ കണ്ടു കൈ തൊഴുതു കാലിണ വ ണങ്ങി.

താപസി—രൂപഗുണവും കുലമഹിമയും അനുസര ണശീലവും ബുദ്ധാഗമോക്തങ്ങളായ വ്രതാനുഷ്ടാ നങ്ങളും ചേർന്നിട്ടുള്ള നിങ്ങൾ ദുഷ്ടമ്മികളെപ്പോ ലെ സ്വസ്ഥാനംവിട്ടു വന്നതിന്റെ ഉദ്ദേശമെന്തു?

കോവലൻ—അല്ലയോ തപോധനെ! ഈ ചോദ്യ ത്തിന്നുത്തരമില്ല; എങ്കിലും ഞാൻ ഒന്നു കരുതീ ട്ടുണ്ട്; അതെന്തെന്നാൽ പുരാതനനഗരിയായ മധുരയിൽ ചെന്നു ഞാനുദ്ദേശിച്ചിട്ടുള്ളോടത്തോ ളം ദ്രവ്യം സമ്പാദിക്കണമെന്നാണ്.

താപസി—ഇതാണുദ്ദേശമെന്നുവരികിൽ ഇവളുടെ

മുട്ടുപടം കാഠിന്യബാധയോട്ട പരാജയം പ്രാപിക്കും; അതിനാൽ നാട്ടുപ്രദേശങ്ങളും കാട്ടുപ്രദേശങ്ങളും കടന്നു പോകുന്ന വിഷയത്തിൽ ഇവളുടെ സൌകുമാര്യം വഴിപ്പെടുന്നതല്ല; ഇനി വിധി ഏതുപ്രകാരമെന്നാക്കറിയാം. അത്രയുമല്ല, ഒരു കുലവധുവിന്റെ നിലയ്ക്കും ഇവളെ കൂടുമിച്ചു കൊണ്ടുപോകുന്നതു യോഗ്യമല്ല; ഇനി പോകരുതെന്നു ഞാൻ വിലക്കുന്നതായാൽ അതു നിങ്ങൾക്കംഗീകരിപ്പാൻ കഴിവില്ലാതേയും വന്നിരിക്കുന്നു. കരതലാമലകംപോലെ പരോക്ഷതത്വങ്ങളറിഞ്ഞു വശ്യവാക്കുകളായ ബുധവരന്മാരാൽ രചിക്കപ്പെട്ട ശാസ്ത്രങ്ങളെ കേട്ടറിഞ്ഞ് അറിവു സമ്പാദിപ്പാനായി തമിഴനാട്ടിൽ കീർത്തിപ്പെട്ട വിലസുന്ന തെക്കൻ മധുരാപുരിക്കു പോവാൻ മുമ്പേതന്നെ കരുതിയിരിക്കുന്നപ്രകാരം ഞാൻ പോകുന്നുണ്ട്; നിങ്ങളും വരുവിൻ.

കോവലൻ—സ്വാമിനി! അവിടെക്കു വന്ദനം. ഭവതി ഇങ്ങനെ അരുളിച്ചെയ്യുന്നതായാൽ ഈ അബലയെ സംബന്ധിച്ചേടത്തോളമുള്ള ആയാസമെല്ലാം എന്നിൽ നിന്നൊഴിഞ്ഞിരിക്കുന്നുവല്ലോ.

താപസി—കോവല! നാം നിശ്ചയിച്ചിട്ടുള്ള ഈ യാത്രയിൽ പലേടത്തും പല കഷ്ടങ്ങളും നേരിട്ടുവാ

നിടയുണ്ട്; അവയൊന്നും നിണക്കറിവില്ല; അ തിനാൽ ഞാൻ പറയാം; കേട്ടുകൊണ്ടാലും. സൂ യ്യരശ്മി കണ്ണുകൊണ്ടു കാണ്മാൻപോലും അശക്ത യായ ഈ കോമളാംഗിയേയുംകൊണ്ടു നാം പുഷ്പ സമൃദ്ധിയുള്ള തണ്ടലഗ്രാമത്തിലൂടെ പോകേണ്ടി വരുന്നതായാൽ അവിടെ നിലം പിളരുംവണ്ണം ആഴത്തിലിറങ്ങി വളരുന്ന വള്ളിക്കിഴങ്ങുകൾ പുഴക്കിയെടുത്ത കുഴികളെ ചമ്പകമരങ്ങളിൽനി ന്നു കൊഴിഞ്ഞു തേനോലുന്ന പൂക്കൾ മൂടി പടുകു ഴിപ്പെട്ട കിടക്കുന്നതറിഞ്ഞു നടക്കാത്തജനങ്ങൾ ക്കു മരണതുല്യമായ ദുഃഖംകൂടെ അനുഭവിക്കേണ്ടി വരും; അങ്ങനെയുള്ള പടുകുഴികളെ കണ്ടറിഞ്ഞു ഒതുങ്ങി മാറിപ്പോകുന്നവരുടെ ദേഹത്തിൽ അളി യപ്പുഴുത്തു പിണ്ടുതേനൊഴുകിക്കൊണ്ടു താഴ്ന്ന കൊമ്പുകളിൽ തൂങ്ങുന്ന പനസഫലങ്ങൾ ശത്രു തപം ഭാവിച്ചുകൊണ്ടെന്നപോലെ അംഗങ്ങളിലി ടിക്കുകയും ചെയ്യും. അല്ലാതെ വെളിപ്രദേശത്തി ലൂടെപോകുന്നതായാൽ അവിടെ മത്തൻ ഇഞ്ചി മുതലായവ നട്ടിരിക്കുന്ന തോട്ടങ്ങളിൽ ആ ചെടി കൾ തമ്മിൽ പിണഞ്ഞുകിടക്കുയും ഇടച്ചാലുക ളിൽ ചക്കരുക്കൾ ചിന്നിക്കിടക്കുകയാൽ ഇവ ളുടെ മൃദുപാദങ്ങളെ വേദനപ്പെടുത്തുകയും ചെ യ്യും. ഇങ്ങനെ മരച്ചോലകളും തോട്ടങ്ങളുമായി

കിടക്കുന്ന മേട്ടുപുറം വഴിക്കല്ലാതെ താഴ്ന്നപുറ
മായ വയൽമാർഗ്ഗമായി പോകുന്നതായാൽ അവി
ടെ വിരിഞ്ഞ പൂക്കളുടെ പരിമളം വീശുന്ന തടാ
കങ്ങളിൽ വാസംചെയ്യുന്ന നീർനായ്ക്കൾ ഇരതേ
ടി നടക്കുന്നതും വാള, മനങ്ങു മുതലായ നീണ്ട മ
ത്സ്യങ്ങൾ വിലങ്ങിട്ട പായുന്നതും ഇവർക്കു ഭയം
ജനിപ്പിക്കും; അത്രയുമല്ല, അവിടെ കരിമ്പിൻ
തോട്ടങ്ങളല്ലാതെ മറു കാടുകളൊന്നുമില്ലായ്ക
യാൽ കരിമ്പുകളിൽ വെച്ചിട്ടുള്ള തേൻകൂടുകൾ
തടികൾ തമ്മിൽ മുട്ടിയുടഞ്ഞു ചോന്നൊഴുകി അ
ടുത്തുള്ള പൊയ്കയിലെ ശുദ്ധജലത്തോടു ചേരും;
ഇവർ ഇതറിയാതെ ദാഹം സഹിക്കവയ്യാതെ
വരുമ്പോൾ മധുമിശ്രമായ ആ ജലം അഞ്ജലിയി
ലേന്തിക്കുടിച്ചുവെന്നു വരാം; ഇതു ധർമ്മശാസ്ത്രവിരു
ദ്ധമാകുന്നു; വയലിൽ വേലക്കാർ കളകൾ പറി
ച്ചു വരമ്പിലിടുന്ന കൂട്ടത്തിൽ സുലഭമായ്കിടക്കുന്ന
കരിങ്കുവലയപ്പൂക്കളെ വിട്ടുപോകാതെ മധുപാനം
ചെയ്തു മയങ്ങിക്കിടക്കുന്ന മധുപങ്ങളെ യാത്രാക്ലേ
ശം ഹേതുവാൽ പ്രമാദംകൊണ്ടു ചവിട്ടിയെന്നും
വരാം. അലകളിളകിക്കൊണ്ടൊഴുകുന്ന പെരുവാ
യ്ചാലിന്നടുത്ത കരവഴിയെ പോകണമെന്നു വ
ന്നാൽ കരയ്ക്കരികെ ജലത്തിൽ ജീവിക്കുന്നവയും
കൌതുകമുള്ള പുള്ളികളോടും വരകളോടും കൂടി

യവയുമായ ഞെണ്ടുകളും ശംഖങ്ങളും ഉള്ള വഴി സൂക്ഷിച്ചറിയാതെ സാധാരണമായി നടക്കുന്നതുകൊണ്ടു നമ്മുടെ കാലടികൾ തട്ടി അവയ്ക്കു വേദന പറുന്നതായാൽ പ്രാണിഹിംസാരൂപമായ ആ പാപം നമുക്കു വഹിക്കത്തക്കതാണോ? മുൻ വിവരിച്ചപ്രകാരമുള്ള തോട്ടങ്ങളും വയലുകളുമായ്ക്കിടക്കുന്ന പ്രദേശങ്ങളല്ലാതെ മറ്റു വിധം ഭൂമികൾ നമുക്കു യാത്രചെയ്യേണ്ടും ദേശങ്ങളിലില്ലായ്കയാൽ നീ, നിന്നിൽ പ്രിയപ്പെട്ട വന്നിട്ടുള്ളവരോടുകൂടെ അതാതു പ്രദേശങ്ങളെ ആരാഞ്ഞറിഞ്ഞു് അവിടങ്ങൾ അപായകരങ്ങളായിത്തീരാത്തവിധം സൂക്ഷിച്ചുകൊള്ളേണ്ടതാണു്.

ഇപ്രകാരമെല്ലാമരുൾചെയ്ത കവുന്തി അടികൾ ഭിക്ഷാകപാലവും തോളറിയും പീലിക്കെട്ടും കയ്യിലെടുത്തു, "പഞ്ചമന്ത്രം (അ. സി. അ. ഉ. സാ) തന്നെ നമുക്കു വഴിയിൽ തുണക്കട്ടെ" എന്നു പ്രാർത്ഥിച്ചു്, അവരോടു ചേർന്നു യാത്രതുടർന്നു. ശനി ഇടവം ചിങ്ങം മീനരാശികളിൽനിന്നു മാറുമ്പോഴും ധൂമകേതുവുദിക്കുമ്പോഴും ശുക്രൻ ദക്ഷിണദിക്കിലുദിക്കുമ്പോഴും കാറുവീശുന്ന കുടകുമലയുടെ ശിഖരത്തിന്മേൽ ഘോരമായ ഇടിമുഴങ്ങിക്കാർമേഘം പരന്നുണ്ടാകുന്ന കാലവർഷത്തിന്റെ സമൃദ്ധിയാൽ ആ മലയിൽനിന്നുത്ഭവിച്ചു നാനാവന്യപദാർത്ഥങ്ങളോടു

കൂടി ത്വരിതഗതിയായി ഒഴുകിവരുന്ന കാവേരീജലം, നദീമുഖം കുത്തിപ്പിളക്കുന്ന കടൽവെള്ളപ്പൊക്കത്തിന്റെ നിരോധനത്താൽ കരകവിഞ്ഞൊഴുകുന്ന പുതുവെള്ളത്തിന്റെ ദ്രുതനിക്കം പുറമെ വയലിൽ ചെന്നൽക്കുണ്ടുങ്ങളാലും കരിമ്പിൻതോട്ടങ്ങളാലും ചുറ്റപ്പെട്ട അനൂപങ്ങളിലുള്ള കമലിനികളിൽ വാങ്കോഴി, നാര, അരയന്നം, കൊറ്റി, കാട്ടുകോഴി, നീർക്കാക്ക, മരക്കാക്ക മുതലായവയുടെ നിനാദങ്ങൾ പോക്കുളത്തിലെന്നപോലെ ഏകീകരിച്ചുള്ള ഘോഷവും, വിളയിടാതെ ചേറുപടിഞ്ഞുകിടക്കുന്ന കഴിയിലിറങ്ങിക്കിടക്കുന്ന ചുവന്ന കണ്ണുകളോടുകൂടിയ എരുമ കയറിച്ചെന്നു, രോമങ്ങൾ അധികമുള്ളതിനാലും ഉടൽ തേച്ചുകഴുകീട്ടില്ലാത്തതിനാലും ഉണ്ടായ ചൊറിച്ചിൽ പോക്കുവാനായി മുതുകിനെ ഉരസിയതിനാൽ പിരികളുറ്റു ചരിഞ്ഞതും അധികം നെല്ലു നിറച്ചിട്ടുള്ളതുമായ * പിരിക്കുട്ടിൽനിന്നു ചോന്നു

---

* തമിഴനാട്ടുകളിലുള്ള കർഷകന്മാർ വയലിൽത്തന്നെ ഒരു ഭാഗത്തു് അടിയിൽ വയ്ക്കോൽ നിരത്തി അതിന്മേൽ നെൽപൊലി കൂട്ടി പൊലിക്കുപുറമെ വയ്ക്കോൽപ്പിരി ചുറ്റി ക്രമത്തിൽ ഉയർത്തി ഉൾഭാഗത്തു് ഇടത്തുള്ള നെല്ലിട്ടു നികത്തി വേണ്ടുവോളം വലിപ്പത്തിൽ ഒരു വല്ലത്തിന്റെ ആകൃതിയിലാക്കി മുകൾഭാഗം കൂരപോലെ വയ്ക്കോൽ മേഞ്ഞു നിർത്തും; ഇങ്ങിനെ ധാന്യങ്ങൾ സൂക്ഷിക്കുക പതിവുണ്ടു്; ഇതാണു പിരിക്കുട്ടു്.

വീഴുന്ന പലജാതി നെല്ലുകൾ ചാമരനിരപോലെ വിളഞ്ഞുകിടക്കുന്ന ചമ്പാൻനെല്ലുതിരുകളുടെ നെറുകയിൽ വീഴുന്നതു കണ്ടു, പള്ളന്മാരും വേളാളന്മാരും കൂക്കിവിളിക്കുന്നതിന്റെ മാറ്റൊലിയും, പ്രാതഃകാലത്തിൽ നറുനൂനീക്കി കോതിക്കെട്ടിയ മുടിയിന്മേൽ പറമ്പിൽനിന്നു പറിച്ചുകെട്ടിയ ഞാറുമുടിക്കെട്ടിനെ ഞെരുങ്ങിച്ചുമന്നുകൊണ്ടു വരുന്ന വളയണിഞ്ഞ കൈകളും, മാറുതിങ്ങും മുലകളും, ചേറണിഞ്ഞ കോലവുമായി ചെങ്കയല്ലുണ്ണും മുഗ്ദ്ധമൊഴിയും ചേർന്ന മനോഹരാംഗികളായ പുലയപ്പെങ്കിടാങ്ങൾ അമിതമായി മദ്യപാനംചെയ്തു മതിമറന്നു പാടുന്ന പുതുപ്പാട്ടുകളും, ചെന്നെൽക്കതിരും കുറുകയും കരിങ്കുവലയപ്പൂവും കലർന്നു കെട്ടിയ മാല കലപ്പയിലണിഞ്ഞു ഭൂമിയെ രണ്ടായി പിളർപ്പാനൊരുങ്ങുകയാണോ എന്നു തോന്നുംവണ്ണം കാളകളെ പൂട്ടി വയലിലുഴുന്നവരുടെ മംഗളകരമായ ഉഴപ്പാട്ടും, കൊയ്തുകൂട്ടിവെച്ചിട്ടുള്ള കറ്റകളെ മെതിച്ചെടുക്കുന്നവരുടെ മെതിപ്പാട്ടും, കണ്ണംതെളിഞ്ഞ അളവുകാർ തട്ടാരിപറകൊണ്ടു ചൊടിയോടെ നെല്ലളക്കുമ്പോഴുള്ള പൊലിപ്പാട്ടും കേട്ടുകൊണ്ടു നദീതീരത്തിലൂടെ പോകുന്നതായാൽ അതിൽ മനസ്സുപതിയുന്നതുകൊണ്ട് ആക്കും അദ്ധ്വശ്രമം അറിവാനിടവരുന്നതല്ല.

പുലിക്കൊടിയുയർത്ത തേരുടയവനായ കരികാലചോഴപ്പെരുമാളുടെ കോയ്മയ്ക്കുന്നപോലെ മഴയ്ക്കും

കാരണഭൂതമായ അഗ്നി, വേദിയരാൽ ആരാധിക്ക പ്പെടുകയാൽ ഹോമധൂമം ഉയർന്നുപരന്ന മഞ്ഞുമൂടി യ മലപോലെ പരിലസിക്കുന്ന യജ്ഞശാലകളാൽ ഭവ്യങ്ങളായ ബ്രഹ്മദേവന്മാരുടെ വസതികൾക്കും പുറ മെ ദരിദ്രന്മാരുടെ രക്ഷയ്ക്കും മഹീന്ദ്രന്മാരുടെ വാഴ്ച യ്ക്കും അടിസ്ഥാനമായ കൃഷിത്തൊഴിൽ നടത്തിവരു ന്ന കാവേരീപുത്രന്മാരുടെ (ഗംഗാപുത്രന്മാരെന്ന പോലെ—വേളാളന്മാർ) പ്രബലങ്ങളായ പുരാതന പുരങ്ങളും, കരിമ്പിൻനീരെടുത്തു കാച്ചിക്കുറുക്കുന്ന ആലകളിൽനിന്നു പൊങ്ങുന്ന പുക ആകാശത്തിൽ പരക്കുകയാൽ പർവ്വതമുദ്ധാവിൽ മേഘം പടിഞ്ഞതു പോലെ കാണപ്പെടുന്ന നാട്ടുപുറത്തുള്ള ഗ്രാമങ്ങ ളും, അവിടവിടെയായുണ്ടുകൊണ്ടു നടന്ന നാളൊ ന്നുക്ക് ഒരുകാതം വരി ദൂരത്തിലധികം പോവാൻ കഴിയാതെ ഓരോ ദിക്കിലായി പലനാൾ തങ്ങിപ്പോ കുമ്പോൾ ഒരുദിവസം ആറിൻകരയ്ക്കടുത്ത പ്രദേശത്തിൽ അനന്യസാധാരണമായവിധത്തിൽ പരുമുള്ളുകൊണ്ടുള്ള വേലിക്കകമെ തരുനിര തഴച്ചുനിൽക്കുന്ന ചോലയിൽ ദേവന്മാരുടെ സാന്നിദ്ധ്യമുണ്ടാകത്തക്കവണ്ണം പൂച്ചെടികളും വള്ളികളും നിറഞ്ഞ ഒരു ഭാഗത്തു, പട്ടണത്തിലുള്ള പെരുമനിൽ അശോകതരുതലത്തിൽ ധർമ്മതല്പരന്മാരാൽ പണിചെയ്യിക്കപ്പെട്ടിട്ടുള്ള ശിലാതലത്തിന്മേലിരുന്നരുളിയ മ

ഹാപുരുഷനാൽ രചിക്കപ്പെട്ട സഹജാതിശയം, കമ്മക്ഷയാതിശയം, ദൈവികാതിശയമെന്ന മൂന്നതിശയങ്ങളിൽനിന്നും വ്യതിചലിക്കാത്ത ആഗമങ്ങളുടെ മഹിമയും തത്വങ്ങളുമടങ്ങിയ ധർമ്മപ്രമാണങ്ങളെ ഏവരും കേൾക്കത്തക്കവണ്ണം അരുളിച്ചെയ്യുന്ന രണ്ടു ചാരണന്മാർ (ശ്രമണമുനികൾ) പട്ടണം വിട്ടിടിടെയെഴുന്നരുളിയിരിക്കുന്നതായറിഞ്ഞപ്പോൾ, "പൂർവ്വജന്മാർജ്ജിതകർമ്മങ്ങളെല്ലാം നശിച്ചുപോകേണമെന്ന കരുതലോടുകൂടി ഇവർ വന്നിരിക്കയാണ്" എന്നറിഞ്ഞിട്ടുള്ള കവുന്തിയടികളോടുകൂടി ചെന്നു കണ്ണകിയും കോവലനും അവരുടെ കാല്പൂൽ സാഷ്ടാംഗം നമസ്കരിച്ചു. ഇവർ ഇവിടെ വന്നതിനാലുള്ള ഭവിഷ്യത്തിനെ തൻറെ പ്രസന്നമായ ഭൂതകാലജ്ഞാനത്താൽ ഗ്രഹിച്ചുവെങ്കിലും മദമാത്സര്യാദികൾ നീങ്ങിയ ഗംഭീരപുരുഷനാകയാൽ ഇവർക്കു നേരിടുവാൻ പോകുന്ന ദുഃഖത്തെക്കുറിച്ചു താൻ അശേഷം ക്ലേശിക്കാതെ അവരിലൊരു ചാരണൻ പറഞ്ഞു:— "തപോനിധിയായ കവുന്തി! ആരാലും തടുപ്പാൻ കഴിയാത്തവിധത്തിൽ അനുഭവത്തിനാടുത്തിരിക്കുന്ന ദുഷ്കർമ്മഗതി നോക്കുക. വിളനിലത്തിൽ വിതച്ച വിത്തുപോലെ ഫലിച്ചു പ്രത്യക്ഷത്തിൽ സല്കർമ്മഫലമനുഭവിക്കുംകാലത്തു് അതും തടുക്കാവുന്നതല്ല. അതുപോലെ ഇതും ഒഴിക്കാവുന്നതല്ല. കൊട്ട

ങ്കാറടിക്കുന്ന വിശാലമായ ഒരു മൈതാനത്തിൽ വെച്ച വിളക്കുപോലെ ഉടലിൽ നില്ക്കുന്ന ജീവനും മാഞ്ഞുപോകുന്നതല്ലാതെ ബന്ധിച്ചു നില്ക്കുയില്ല— സർവ്വജ്ഞൻ, ധർമ്മശീലൻ, ജ്ഞാനാതീതൻ, നിശ്ചലൻ, * ജിനേന്ദ്രൻ, സിദ്ധൻ, × ഭഗവാൻ, ധർമ്മോല്പാദകൻ, ദേവദേവൻ, ധർമ്മധ്രുവൻ, നിത്യൻ, ശുദ്ധൻ, പുരാതനൻ, പണ്ഡിതൻ, നിരഹങ്കാരൻ, ആദിദേവൻ, ശിവലോകനായകൻ, പരമൻ, ഗുണാത്മകൻ, പരചിദ്രൂപൻ, തത്പാത്മകൻ, നിർവ്വൃതൻ, ചാരണൻ, കാരണൻ, സിദ്ധൻ, സർവ്വോത്തമൻ, പ്രഭു, തേജോരൂപൻ, സർവ്വവ്യാപി, ഹരഹൃത്തി, ഗുണരൂപി, അസ്മൽസ്വാമി, പുണ്ണ്യകീർത്തനൻ, ഗുണസമ്പന്നൻ, ശങ്കരൻ, ഈശൻ, ശംഭു,

---

* ജ്ഞാനാവരണീയം, ദർശനാവരണീയം, വേദനീയം, മോഹനീയം, ആയുഷ്യം, കാമം, ഗോത്രം, അന്തരായം—എന്നീ അഷ്ടകർമ്മങ്ങളേയും ജയിച്ചവൻ.

× മതിജ്ഞാനം, ശ്രുതജ്ഞാനം, അവധിജ്ഞാനം (പൂർവ്വജന്മബോധം) മനഃപര്യ്യായജ്ഞാനം (തന്റെയും മറ്റുള്ളവരുടെയും പൂർവ്വജന്മജ്ഞാനം) കേവലജ്ഞാനം (ത്രികാലജ്ഞാനം) എന്നീ പഞ്ചജ്ഞാനങ്ങളുള്ളവൻ.

ചതുമ്മുഖൻ,* അംഗാഗമകൃത്ത്, അർഹ്ന്, ശിവ പരമൂത്തി, കത്താവ്, ∴ അഷ്ടഗുണസമ്പന്നൻ, അ ഭേദ്യപുരാതനതത്വം, ദിവ്യൻ, + ആഗമാദ്യൻ, സ്വ യംപ്രകാശൻ ഇങ്ങിനെ 47 നാമങ്ങളോടുകൂടിയ വനാൽ അരുളിച്ചെയ്യപ്പെട്ട ആഗമതത്വജ്ഞാനപ്ര കാശം സിദ്ധിക്കാത്ത യാതൊരുത്തക്കും ജനനത്രുവ മായ നിലവറക്കുണ്ടിൽനിന്നു കരേറുവാൻ കഴിയുന്ന തല്ല."

ഇങ്ങനെ മഹിതവും സാരഗർഭവുമായ ചാര ണന്റെ ഉപദേശങ്ങൾ കേട്ട തപോധനയായ കവു ന്തി കൈകൂപ്പിനിന്നുകൊണ്ടു പറഞ്ഞു:—"കാമനെ ജയിച്ച മഹാത്മാവിന്റെ ജ്ഞാനപ്രതിപാദകങ്ങ ളായ പരിശുദ്ധവാക്യങ്ങളിലല്ലാതെ മറ്റൊന്നിലും ഞാൻ ചെവികൊടുക്കുന്നതല്ല; മാരജിത്തിന്റെ

---

* അംഗാഗമം 12. ആചാരാംഗം, സൂത്രകൃദംഗം, സ്ഥാ നാംഗം, സമവായാംഗം, വ്യാഖ്യാപ്രജ്ഞപ്തൃംഗം, ജ്ഞാതൃക താംഗം, ഉപാസകാദ്ധ്യയനാംഗം, അന്തകൃദ്ദശാംഗം, അനു ത്തരോപാധികദശാംഗം, പ്രശ്നവ്യാകരണാംഗം, വിപാകസൂ ത്രാംഗം, ദൃഷ്ടിവാതാംഗം.

∴ അഷ്ടഗുണങ്ങൾ—1. അനന്തജ്ഞാനം, 2. അനന്തവീ ര്യം, 3. അനന്തദർശനം, 4. അനന്തസുഖം, 5. നിസ്സീമം, 6. നിർഗ്ഗോത്രം, 7. നിരായുഷ്യം, 8. നിഷ്കളം.

+ ആഗമങ്ങൾ 3. അംഗാഗമം, പൂർവ്വാഗമം, ബഹുശ്രു ത്യാഗമം.

ആയിരത്തെട്ട നാമങ്ങളെ ഉച്ചരിക്കുന്നതിലല്ലാതെ മറെറാന്നിലും എന്റെ നാവു പ്രവർത്തിക്കയില്ല; ജിതേന്ദ്രിയനായ ഭഗവാന്റെ പാദങ്ങളെയല്ലാതെ മറെറാന്നിനെയും എന്റെ നയനങ്ങളെ തുറപ്പിച്ചാലും ഞാൻ കാണുന്നതല്ല; അനുഗ്രഹരൂപമായി ധർമ്മനിഷ്ഠതപം ലഭിച്ച ആ പുണ്യാത്മാവിന്റെ തിരുമേനിയെ ഉദ്ദേശിച്ചല്ലാതെ മറെറാന്നിനെ ഉദ്ദേശിച്ചും എന്റെ നിരർത്ഥമായ അംഗം ഭൂമിയിൽ പതിക്കുകയില്ല; ആർഹതന്മാർക്കു ധർമ്മോപദേശം ചെയ്യുന്ന ആ ജ്ഞാനിയെ അധികരിച്ചല്ലാതെ മറെറാരെയും അധികരിച്ച് എന്റെ കരങ്ങൾ കൂമ്പുന്നതല്ല; നല്ലൊക്കളിന്മേലുണ്ടാവുന്ന തല്പദമലരല്ലാതെ മറെറാന്നും എന്റെ ശിരസ്സിനെ അലങ്കരിക്കുന്നതല്ല; ആനന്ദപര്യവസായിയും അനന്തസുഖദായകവുമായ ആ ദേവന്റെ ആഗമവാക്യസാരങ്ങളെയല്ലാതേ മറെറാന്നിനെയും എന്റെ ഹൃദയം ഉൾക്കൊള്ളുന്നതല്ല." എന്നിങ്ങനെ പുകഴ്ത്തിപ്പറഞ്ഞു. അപ്പോൾ ചാരണൻ ആ കൽത്തളത്തിൽനിന്നു ഒരു മുഴം മേലോട്ടു പൊങ്ങി ഭൂസ്പർശംവിട്ടു നിന്നുകൊണ്ടു കവുന്തിക്കു ജനനമരണബന്ധം നീങ്ങുവാൻ ആശീർവ്വദിച്ചുകൊണ്ട് അവിടെയുള്ള ഗുഹാമാർഗ്ഗത്തുടെ പോവാൻ തരിക്കുകയും കവുന്തി അങ്ങനെ ഭവിക്കുമാറാകേണമെന്നു പ്രാർത്ഥിച്ചു വണങ്ങുകയും ചെയ്തു.

പിന്നെ കണ്ണകിയും കോവലനും കവുന്തിയടികളുമൊന്നിച്ച് ഇരുകരയിലും മുകിൽനിരയണിഞ്ഞു നില്ക്കുന്ന മരച്ചോലകളോടുകൂടിയ കാവേരി മഹാനദിയുടെ വടക്കെക്കരയിൽനിന്ന് ഓടംകയറി തെക്കെക്കരയിൽ വന്നിറങ്ങി, നറുമലരുതിന്ന പരന്നു കിടക്കുന്ന ഒരു പൂഞ്ചോലയിൽ ചെന്നിരുന്നു. അപ്പോൾ കാമാത്തിയും നവോഢയുമായ ഗണികയും ഒരു വിടനുംകൂടി അവിടെ വന്നു കണ്ണകിയേയും കോവലനേയും കണ്ടു് ഇവരാരെന്നറിവാനാഗ്രഹത്തോടെ അടികളോടു ചോദിച്ചു. "ഉപവാസാദിവ്രതങ്ങളാൽ മെലിഞ്ഞ ശരീരവും ഉഗ്രമായ തപസ്സും ചേർന്നുകാണുന്ന താപസി! കാമനും രതിയുംപോലെ കാണപ്പെടുന്ന ഇവർ ആരാണെന്നറിഞ്ഞാൽ കൊള്ളാം."

താപസി—ഇവർ എന്റെ മക്കളാണ്; കാമനും രതിയുമല്ല; മനുഷ്യശരീരികളാണ്; യാത്രാക്ലേശം മൂലം അവശരായിരിക്കയാണ്. അവരുടെ അരികിൽ ചെന്നു് അസഹ്യപ്പെടുത്താതെ ഒഴിഞ്ഞുപോവിൻ.

ഗണികാവിടന്മാർ—ശാസ്ത്രോത്സാരങ്ങളറിഞ്ഞതാപസി! "ഏകോദരജാതന്മാരായ സ്ത്രീപുരുഷന്മാർ ഭായ്ഭർത്തൃതപം കൈക്കൊണ്ടു വാണിരിക്കാം" എന്നുള്ളതു നിങ്ങൾ പഠിച്ച ശാസ്ത്രങ്ങളിലെങ്ങാനും പറഞ്ഞിട്ടുണ്ടോ? ഉണ്ടെങ്കിൽ പറഞ്ഞാലും.

ഇങ്ങനെ പറഞ്ഞ ധിക്കാരവാക്കു കേട്ടതിനാൽ കണ്ണകി നടുങ്ങി ചെവി പൊത്തി, "പൃത്തു നിൽക്കുന്ന ലതയ്ക്കൊക്കുന്ന എന്റെ മകളെ നിന്ദിച്ചതിനാൽ ഇവർ പെരുമരംചെടികൾ നിറഞ്ഞ കാട്ടിൽ അലഞ്ഞുനടക്കുന്നകുറുനരികളായ്പോകട്ടെ." എന്നുള്ള കുയിന്തിയടികളുടെ ശാപം തപോബലത്താൽ തൽക്ഷണംതന്നെ അവരെ ബാധിക്കയും ശാപവൃത്താന്തം ഗ്രഹിക്കാത്ത ആ ദമ്പതികൾ കുറുനരികളായിത്തീർന്ന നെടുതായ ശബ്ദത്തിൽ കൂക്കിവിളിക്കുകയും ചെയ്തതു കേട്ട കണ്ണകി നടുങ്ങി അടികളുടെ സന്നിധിയിൽ ചെന്നപേക്ഷിച്ചു.

കണ്ണകി—സദ്ധർമ്മജ്ഞാനഹീനന്മാർ വിഹിതമല്ലാത്തതു പറഞ്ഞാലും അവർ അറിവില്ലാതെ പറഞ്ഞുപോയതാണെന്നു മേലെയുള്ളവർ തങ്ങടെ ജ്ഞാനത്താലറിയേണ്ടതാണ്; തപോനിധിയായ ഭവതിയുടെ മുമ്പിൽ അപരാധമാചരിച്ച ഇവർക്ക് ഈ അവസ്ഥയിൽനിന്ന് മോചനം കിട്ടുവാനുള്ള കാലം നിർണ്ണയിച്ചു ശാപമോക്ഷം നൽകേണമെ.

അടികൾ—അഹങ്കാരത്താൽ ദുഃഖം നേരിടുമെന്നറിയാതെ ദുർഭാഷണംചെയ്തയാൽ ഇപ്പോൾ നികൃഷ്ടജന്മം സിദ്ധിച്ചിട്ടുള്ള ഈ ഭാര്യാപതികൾ ഉറ

യൂർകോട്ടയുടെ മതിലിന്റെ പുറമെയുള്ള ദുർഗ്ഗമമായ മുഠംക്കാട്ടിൽ ചുറ്റിയലഞ്ഞു പന്ത്രണ്ടു സംവത്സരം കഷ്ടപ്പെട്ടുകഴിഞ്ഞതിനുശേഷം സ്വസ്വരൂപത്തെ പ്രാപിക്കുന്നതാണ്.

ഇങ്ങനെ ശാപമോക്ഷവും കൊടുത്തു് അടികളും കണ്ണകീദേവിയും കണവനുംകൂടി * 'കോഴി' യെന്ന പേർ സിദ്ധിച്ചിട്ടുള്ളതും പുറച്ചേരിയോടുകൂടിയതും 'പെരുനൽകിള്ളി'' എന്നു ചോഴൻ വാഴുന്നതുമായ ഉറയൂർനഗരത്തിൽ ചെന്നു.

കാണ്ഡപരിശിഷ്ടം.

കിരീടാധിപതികളായ ചോളപാണ്ഡ്യചേരഭൂപാലന്മാരിൽ ഭുജബലംകൊണ്ടു പേർ പുകഴ്ന്ന ചോഴമന്നവന്മാരുടെ ധർമ്മസ്ഥാപനശീലവും അപ്രതിഷന്ദ്രമായ പരാക്രമവും പരിശ്രമശീലവും രാജ്യത്തിൽ നിരന്തരമായ അഭ്യുന്നതിയും നാനാരൂപങ്ങളായ ഉത്സവാഡംബരങ്ങളും അതാതു സന്ദർഭങ്ങളിൽ അമരന്മാരുടെ സമാഗമവും യോഗക്ഷേമ

* മുൻകാലത്തിൽ ഒരു കോഴി മുറംപോലെ വലിപ്പമുള്ള ചെവിയോടുകൂടിയ മത്തഗജത്തെ അമർചെയ്തു ഘനിച്ച ദേശം.

ങ്ങൾക്കു ഭംഗം ഭവിക്കാതെ ധനധാന്യസമ്പത്തി കയ്ക്കൊണ്ടുള്ള കൂടികളുടെ വാഴ്ചയും ആഹാരപദാർത്ഥങ്ങളുടെ പൊലിമയും ദിവ്യനദിയായ കാവേരിയുടെ പരിപാവനമായ മഹിമയും മേഘങ്ങൾ യഥാകാലം ഉളവാക്കുന്ന വൃഷ്ടിയും, രംഗങ്ങളും ഭരതനാട്യവും ഏട്ടു വരിക്കൂത്തുകളും ഏഴു കാനൽവരിയും വീണാഗാനവും മറു കലകളും സവ്വവിഭ്രതികളും അതാതുനിലയിൽ അനുകരണീയമാംവണ്ണം യഥാക്രമം ഏകോപിച്ചു വിലസുന്ന പുകാർകാണ്ഡം പരിസമാപ്തമായി.

മധുരക്കാണ്ഡം.

പതിനൊന്നാം ഗാഥ.

അരണ്യദർശനം.

കവുന്തിയും കണ്ണകിയും കോവലനും വൈകു
ന്നേരം ഉറയൂരിൽ ചെന്നു തങ്ങി പിറേന്നാൾ,

ഇന്ദുബിംബത്രയം മേന്മേലടുക്കിത്തീർത്തതുപോലെ
തിണ്ണമങ്ങുവിളങ്ങും മുക്കുടയും മേലയത്തീട്ട
ചണ്ഡഭാനുച്ഛവിപൂണ്ട ചാരുസൗനസുബകങ്ങ-
ളെണ്ണമെന്യേ നിരന്നുള്ളോരശോകത്തിൻ തണൽതന്നിൽ
വന്ദ്യനായിട്ടുറയൂരിൽ മരുവുമാദ്യന്തഹീനൻ
ധന്യനാമാർഹതൻതന്നെ ചെന്നുടൻ വന്ദനംചെയ്തു.

ആ വിഹാരത്തിലുള്ള സന്ന്യാസികൾക്കെല്ലാം മുഖ്യ സ്ഥാനമായ സംഗമുഖക്കരയിലുള്ള വിശാലമായ ചോലയിൽ വെച്ചു, തനിക്കു മുൻ ശിലാതലത്തിലിരുന്നരുളിയ ചാരണൻ ഉപദേശിച്ച വാക്യങ്ങളെ കവുന്തിയടികൾ അവിടെയുള്ളവർക്കായി ഉപന്യസിച്ചു; അന്ന് ആ വിഹാരത്തിൽ വാസംചെയ്യുന്നവരും ഗൃഹസ്ഥാശ്രമികളുമായ ജൈനന്മാരെ പിരിഞ്ഞു മറ്റൊരിടത്തിൽ ചെന്നു പാർത്തു. ദക്ഷിണദിക്കിലേക്കു യാത്രചെയ്യാനായി രാത്രി വെളുപ്പാൻ പ

ത്തുനാഴിക ഉള്ളപ്പോൾ ഉറയൂർവിട്ടു പുറപ്പെട്ടു; ആദിത്യൻ ആദിയിൽ പൂവ്വദിക്കിനെ പ്രകാശിപ്പിച്ചു, പിന്നെ താനും ഉദയാദ്രിമുഖനായി; ജലസമൃദ്ധിയോടുകൂടി നെല്ലു വളരുന്ന നിലങ്ങളും അതിന്നരികെ ഒരു തടാകവും ഇളഞ്ചോലയും കണ്ടു, ആ ചോലയിലുള്ള മണ്ഡപത്തിൽ ചെന്നിരുന്നു. അപ്പോൾ അവിടെ വന്ന വിശിഷ്ടനായ ഒരു വൃദ്ധബ്രാഹ്മണൻ ഇപ്രകാരം ആശീർവ്വാദംചെയ്തു. "രാജാധിരാജനായി പേർപുകഴ്ന്ന നമ്മുടെ മന്നവൻ വാണിരിക്കട്ടെ; മുമ്പൊരു കാലത്തു തന്റെ പ്രതാപത്തെ മറുള്ള മന്നവന്മാക്കു പ്രത്യക്ഷപ്പെടുത്തിക്കാണിപ്പാനായി കാൽകൊണ്ടു ചവിട്ടുകയും വേലെറിഞ്ഞു വരുതിക്കുകയും ചെയ്ത പഴംപക വീട്ടുവാനായി പിന്നൊരു കാലത്തു തെക്കൻ ദിക്കിലുള്ള പറുളിയാറൊടുകൂടി കുമരിക്കൊട്ടിനെയും അതിന്റെ അയൽപക്കമുള്ള മലകളേയും കടൽ കോപിച്ചെടുത്തു പോയതിനാൽ അതിന്നു പകരമായി ഉത്തരദിക്കിലുള്ള ഗംഗാനദിയേയും ഹിമവൽപർവ്വതത്തെയും കൈവശപ്പെടുത്തി ദക്ഷിണദേശാധിപത്യം വഹിച്ച പാണ്ഡ്യഭൂപൻ ജയിക്കുമാറാകട്ടെ; ചന്ദ്രവംശത്തിന്റെ ഉന്നതിക്കായി ഇന്ദ്രൻ ധരിച്ചിരുന്ന അനഘമായ ഹാരത്തെ തന്റെ മാറിലണിഞ്ഞു വിളങ്ങിയ പാണ്ഡ്യരാജൻ വാഴ്ക. തങ്ങടെ സ്വാമി

യായ ഇന്ദ്രൻ അണിയുന്ന മകുടവലയത്തെ മുടിയിൽ ധരിച്ചതിനാലുണ്ടായ ഈഷ്ണിമിത്തം തന്റെ നാട്ടിൽ വഷിക്കാതിരുന്ന മേഘങ്ങളെ ബന്ധനത്തിലാക്കി യഥാകാലം വഷിപ്പിച്ചു കൃഷിക്കു യാതൊരു കോട്ടവും തട്ടാതെ നാട്ടിന്റെ ഫലപുഷ്ടിയെ നിറവേറിയ ഉഗ്രവമ്പപാണ്ഡ്യമഹാരാജാവു ജയിക്കട്ടെ.” എന്നിങ്ങനെ ബ്രാഹ്മണവാക്യം കേൾക്കയാൽ അദ്ദേഹത്തോട് കോവലൻ ചോദിച്ചു:—

ഹേ ബ്രാഹ്മണ! ഭവാന്റെ ദേശമേതു? ഇവിടെ വരുവാൻ കാരണമെന്തു?

ബ്രാഹ്മണൻ പറഞ്ഞു:—“പൊന്മയവും ഉന്നതവുമായ ഒരു പവ്വതത്തിന്മേൽ നീലമേഘം പാശ്ചഭാഗങ്ങളിലേക്കു കവിയാതെ പടിഞ്ഞു നിന്നാൽ അതിന്നൊക്കുംവിധം വിടത്തിയ തന്റെ ആയിരം ഫണങ്ങളെ ഉയത്തിയ ആദിശേഷനാകുന്ന പയ്മങ്കത്തിന്മേൽ പള്ളികൊണ്ടു സവ്വദേവതാഗണസേവ്യമാനനായി അലകളിളകുന്ന കാവേരിയാറിന്റെ തുരുത്തിൽ ഇന്ദിരയുടെ അധിവാസത്താൽ സുന്ദരമായ വക്ഷസ്ഥലത്തോടുകൂടിയ ശ്രീരംഗനാഥനേയും, കൊടിവഴിത്തീത്ഥം മുതലായ അനേകം അരുവിയാറുകളുടെ ഉല്പത്തിസ്ഥാനമായ വേങ്കിടഗിരിയുടെ മുഖ്യാവിൽ സൂയ്യചന്ദ്രന്മാർ ഇരുപുറത്തും പ്രകാശിച്ചു നില്ക്കുന്നതിന്മദ്ധ്യേ ഒരു മഹാനീലമേഘം മി

ന്നലാകുന്ന പുതിയ വസ്ത്രം ധരിച്ച് ഇന്ദ്രധനുസ്സാകുന്ന പാമ്പണിഞ്ഞു നില്ക്കുമ്പോലെ ശത്രുജിത്തായ ചക്രത്തേയും ശംഖത്തേയും ദക്ഷിണവാമകരങ്ങളിലേന്തി മനോഹരമായ മുക്താഹാരം മാറിടത്തിൽ പൂണ്ട പരിമൃദുലപീതാംബരധാരിയും പങ്കേരുഹാക്ഷനുമായി വേങ്കടഗിരിയെന്ന തിരുപ്പതിയിൽ വാണരുളുന്ന വിശ്വരൂപി വേങ്കിടാചലപതിയേയും കനിഞ്ഞു കണ്ട് കണ്ണിനു സാഫല്യം ലഭിപ്പാൻ കരൾ കവിഞ്ഞുള്ള കാംക്ഷയോടെ ഇവിടേക്കു വന്നതാണ്. എന്റെ ജന്മഭൂമി അങ്ങു കുടക്കമലയ്ക്കു സമീപത്തിലുള്ള മോങ്കാവ്" എന്ന ദേശമാണ്. അത്രയുമല്ല ദക്ഷിണദേശാധിപനായ പാണ്ഡ്യഭൂപന്റെ മഹിമയും ദാനധർമ്മാദികളും ഞാൻ കേട്ടിരിക്കുന്നു. എന്നു തന്നെയല്ല കൺകുളിർക്കുന്ന വണ്ണം കാണുമാറും കഴിവുണ്ടായിട്ടുണ്ട്. അതിനാൽ അദ്ദേഹത്തെ ശ്ലാഘിക്കുന്നതാണ്."

കോവലൻ—വേദജ്ഞനും അഗ്നിഹോത്രിയുമായ വിപ്രോത്തമ! അതങ്ങനെയിരിക്കട്ടെ; മധുരാപുരിക്കു പോവാൻ നല്ല മാർഗ്ഗമേതെന്നു ഞങ്ങളോടു പറഞ്ഞാൽക്കൊള്ളാം.

ബ്രാഹ്മണൻ—സ്വാർത്ഥത്തെ മാത്രമല്ലാതെ പ്രജകളുടെ ക്ഷേമത്തെ ലേശംപോലും ഗണിക്കാത്ത അമാത്യന്മാരെപ്പോലെതന്നെ നാട്ടിലെ നീതി

ന്യായങ്ങളെ യഥായോഗ്യം നടത്തിവരാതെ രാ
ജാവും ധൂർത്തനായിത്തീർന്നതിനാൽ അരാജകമാ
യ രാജ്യംപോലെ കടുവേനലാകുന്ന അനുകൂലസ
ചിവനോടുകൂടി കഠോരകിരണനാകുന്ന സൂര്യ
നാലും മുല്ല (വനഭൂമി) കുറിഞ്ഞി (മലവാ
രം) എന്നീ രണ്ടു തരം ഭൂമികളും ആതപ
ഭാരം സഹിയാതെ സഹജമായ രാമണീയകം കു
റഞ്ഞു സ്വഭാവം മാറി തദ്ദേശവാസികൾക്കെ
ല്ലാം അസഹ്യമായ ആമയത്തെ ഉളവാക്കുന്ന
പാല (മരുഭൂമി) നിലത്തിന്റെ നിലയെ വഹി
ക്കുന്ന ഇക്കാലത്തിൽ നിങ്ങൾ ഈ തനിച്ചംഗി
യോടൊരുമിച്ചു യാത്രയ്ക്കൊരുങ്ങി വന്നുവല്ലോ;
എങ്കിലും ഞാൻ നിങ്ങൾക്കു പോകേണ്ടും മാർഗ്ഗ
ത്തെ പറഞ്ഞുതരാം. പാറകളും കുന്നുകളും നെടു
തായി വളഞ്ഞ വഴികളും ഇടിഞ്ഞു തൂർന്നു കിട
ക്കുന്ന കുളങ്ങളും നിറഞ്ഞുള്ള വലിയ ചുരം കട
ന്നു കൊടുമ്പാലൂർ, നെടുംകുളം എന്ന രണ്ടു ദേ
ശങ്ങൾക്കും പൊതുവെയുള്ള ഏരിക്കര കടന്നു
ചെന്നാൽ ചന്ദ്രക്കലാധരനായ ശിവൻ കയ്യി
ലേന്തിയ ശൂലത്തിന്റെ അകന്ന മുനകൾപോ
ലെ അവ്യക്തങ്ങളായ മൂന്നു വഴികൾ തിരിഞ്ഞു
പോകും. അവിടെ പടർന്ന കൊമ്പുകളോടുകൂടിയ
വെൺകടമ്പുകളും, ശാഖാഗ്രങ്ങൾവാടിനില്ക്കുന്ന
മാവുകളും, തോൽമൊരിഞ്ഞിട്ടുള്ള വാകമരങ്ങ

ളും, ഉണങ്ങിവീണ മുളകളും, ഉണങ്ങിച്ചരുണ്ടു കിടക്കുന്ന ചെടികളും, മാനുകൾ ഭാഹംകൊണ്ടു വലഞ്ഞു ദീനസ്വരം പുറപ്പെടുവിച്ചു നില്ക്കുന്ന കാടുകളും, അടുത്തുള്ള മരവരുടെ ചേരിയും കാണപ്പെടുന്ന ഈ വഴിയൂടെ കടന്നു പോവാൻ വിഷമിക്കും. ഈ ഭാഗം കടന്നു പോയാൽ പിന്നെ മലഞ്ചെരുവിൽ നെൽകൃഷിയും, മറു വിളവുകളും, മുറിപ്പാൻതക്ക മൂപ്പു ചെന്ന കരിമ്പും, കൊയ്യുമാറായ തിനയും, വിശാലമായ പറമ്പിൽ വിളഞ്ഞു കിടക്കുന്ന വരകും, വെള്ളുള്ളിയും, മഞ്ഞളും, വള്ളിക്കുടിലുകളും, കുലകൾ തൂങ്ങി നിൽക്കുന്ന മലവാഴകളും, കവുങ്ങും തെങ്ങും പിലാവും മാവും നാലു ഭാഗത്തും തഴച്ചു വളർന്നു നില്ക്കുന്നതും 'ചെറുമല' എന്ന പേരോടുകൂടിയതുമായ പാണ്ഡ്യന്റെ മലന്തോട്ടം പ്രകാശിച്ചുകാണാം; ആ മലയെ വലതു ഭാഗത്താക്കി ഇടത്തേ തിരിഞ്ഞു നേരേ നടന്നു മധുരാപുരിയിൽ ചെല്ലുവിൻ. ആ വഴിയേ ചെന്നാൽ ഇടതു ഭാഗത്തു വണ്ടുകൾ മനോജ്ഞമായി ഗാനംചെയ്തുകൊണ്ടു സഞ്ചരിക്കുന്ന താഴ്വരയോടും താഴ്ന്ന വയലുകളോടും കുളമ്മയുള്ള കുസുമവനങ്ങളോടുംകൂടിയ ഇടയ്ക്കിടേയുള്ള പലചുരങ്ങളും കാട്ടുവഴികളും കടന്നു ആഴകർ മലയിൽ ചെന്നാൽ ശ്രമപരിഹാരത്തിന്നു യോഗ്യ

മായ ഗ്രഹാമന്ദിരമുണ്ട്; അതിന്നകത്തു് അമര
ന്മാരാൽ വന്ദിക്കപ്പെട്ടകയും സർവ്വജനങ്ങൾക്കും
വിസ്മയത്തെ ജനിപ്പിക്കയും ചെയ്യുന്ന മാഹാത്മ്യ
മേറിയ 'പുണ്യശരവണം', 'ഭദ്രകാരണി', 'ഇ
ഷ്ടസിദ്ധി' എന്ന പ്രസിദ്ധിയോടെ അടുത്തടുത്തു
തൊട്ടതൊട്ട കിടക്കുന്ന പുരാതനങ്ങളായ മൂന്നു
പൊയ്കകളുണ്ട്; ഇവയിൽ പുണ്യശരവണംപൊ
യ്കയിൽ സ്നാനംചെയ്യുന്നവർക്ക് ത്രൈലോക്യാകര
ണത്തിൽ വ്യുല്പത്തിയുണ്ടാകും; ഭദ്രകാരണിയിൽ
സ്നാനംചെയ്യുന്നവർക്കു പൂർവ്വജന്മജ്ഞാനമുണ്ടാ
കും; ഇഷ്ടസിദ്ധിയിൽ സ്നാനംചെയ്യുന്നവർക്കു സ
ർവ്വാഭീഷ്ടങ്ങളും സാധിക്കും; അത്യുന്നതമായ ആ
മലയുടെ മുകളിൽ സാന്നിദ്ധ്യംചെയ്തമരുന്ന ശ്രീ
വിക്രമമൂർത്തിയുടെ ചേവടികളെ വണങ്ങി ദ്ധ്യാ
നിച്ചു കീർത്തനംചെയ്തു ഗിരിയെ മൂന്നു വലംവെ
ക്കുന്നതായാൽ പാതളഗംഗയ്ക്കുപരിഭാഗമായി
നില്ക്കുന്ന ദ്രുപദത്തെ വിളക്കുകയാണെന്നു തോ
ന്നും വിധം പ്രവാഹവേഗത്താൽ ഇടിഞ്ഞു താ
ഴ്ന്നു് അഗാധമായ 'ചിലമ്പാറി'ന്റെ (നൂപുര
ഗംഗാ) തീരത്തിൽ പുഷ്പങ്ങൾ നിറഞ്ഞു വിലസു
ന്ന കണ്ണികാരതരുമൂലത്തിൽ സുവർണ്ണലതയും മി
ന്നൽ പിണറിനും സമാനമായ തനുവോടും മുകി
ലിന്നു കിടയായ മുടിയോടും വളഞ്ഞ തോൾവള

യണിഞ്ഞ ഉജ്ജ്വല്ലിയോടും കൂടിയ ഒരു തരുണീമ
ണിയെ കാണാം. അവൾ അവിടെ ചെല്ലുന്നവ
രോട് "ഐഹികസുഖസാധനമേതു്? പാരത്രിക
സുഖസാധനമേതു്? ശാശ്വതവും ഏകവും അഭം
ഗുരവും നിത്യാനന്ദരൂപവുമായ സുഖസാധനമേ
തു്? അതുകൾ ഇന്നിന്നവയെന്നു നിങ്ങൾ തന്നെ
പറയുവിൻ; (ഉത്തരം—ഐഹികസുഖം കീ
ത്തി, പാരത്രികസുഖം പുണ്യം, ശാശ്വതമായ
സുഖം മോക്ഷം) ഞാൻ ഈ താഴ്വരയിൽ വാ
സം ചെയ്യുന്നതിനാൽ 'വരോത്തമ' എന്നു വിളി
ക്കപ്പെടുന്നു; എന്റെ ചോദ്യത്തിന്നു് ആരെങ്കി
ലും സമാധാനം നൽകുന്നതായാൽ ഞാൻ അവ
രുടെ കൈങ്കര്യം കൈക്കൊള്ളുന്നതാണു്; നി
ങ്ങൾ അതിന്നുത്തരം പറയുന്നതായാൽ ഇ
പ്പോൾത്തന്നെ ഈ ബിലദ്വാരത്തിന്റെ വാ
തിൽ തുറന്നു തരുന്നുണ്ടു്" എന്നു പറയും. ഉത്ത
രം പറഞ്ഞാൽ കതകു തുറന്നു വഴിയിന്നതെന്നു
കാണിക്കും; ആ ദീർഘമായ മാർഗ്ഗത്തിൽ ഇടയ്ക്കി
ടെ പല കവാടങ്ങളുമുണ്ടു്; അവയെല്ലാം കടന്നു
ചെന്നാൽ ഇരട്ടവാതിലുള്ള ഒരു ദ്വാരം കാണും;
അതിന്നു മേലേ കയറിക്കടന്നു ചെന്നാൽ ചിത്ര
ത്തിലെഴുതിയ രൂപംപോലെയുള്ള ഒരു സുന്ദരി
പ്രത്യക്ഷമായി, "അനന്തമായ ആനന്ദമേതു്?

ഇതിനു നിങ്ങൾ ഉത്തരം പറയുന്നതായാൽ ഈ മൂന്നു തീർത്ഥങ്ങളിൽനിന്നും നിങ്ങൾ ഇച്ഛിക്കുന്ന കായ്യം ലഭിക്കും" എന്നു പറയും. ചോദ്യത്തിനു് അറിവില്ലായ്മയാൽ നിങ്ങൾ ഉത്തരം പറഞ്ഞില്ലെന്നിരിക്കിലും നിങ്ങളെ കഷ്ടപ്പെടുത്തുകയില്ല; നിങ്ങൾക്കു പോകേണ്ടതായ വഴിക്കുതന്നെ അയയ്ക്കും; ഉത്തരം പറയുന്നവരുണ്ടെങ്കിൽ അവരെ മുൻപുപറഞ്ഞ പൊയ്കകരകളിൽ കൂട്ടിക്കൊണ്ടുചെന്നു് അവയുടെ മാഹാത്മ്യം പറഞ്ഞറിയിക്കും. ഓതുവാനും ഉണരുവാനും അശക്യമായി വേദോക്തങ്ങളും അഞ്ചും ആറും അക്ഷരങ്ങളോടുകൂടിയവയുമായ 'പഞ്ചാക്ഷരം' 'ഷഡക്ഷരം' എന്നീ മന്ത്രങ്ങളെ ഏകഭാവനയോടെ ധ്യാനിക്കയും ജപിക്കയും ചെയ്തു് ആ മൂന്നു പൊയ്കകളിൽ താനുദ്ദേശിക്കുന്ന ഒന്നിൽ സ്നാനംചെയ്താൽ അതിന്റെ ഫലം തപോബലംകൊണ്ടും സാധിക്കുന്നതല്ല. ഈ സ്നാനഫലത്തെ ഇച്ഛിക്കുന്നില്ലാത്തപക്ഷം അതിനെ വിട്ടു് ആ പവ്വതമൂർദ്ധാവിൽ കുടികൊള്ളുന്ന ദേവന്റെ മഹനീയങ്ങളായപാദകമലങ്ങളെ ധ്യാനിപ്പിൻ! അങ്ങനെ ചെയ്താൽ തൽക്ഷണം ഗരുഡധ്വജനായ അദ്ദേഹം പ്രത്യക്ഷനായി ജനനമരണരൂപമായ ദുഃഖത്തിൽനിന്നു നിങ്ങളെ ഉദ്ധാരണംചെയ്യും; പിന്നെ പരമപദം പ്രാപിക്കാമെന്നുള്ള സന്തോഷത്തോടുകൂടി

സുവ്യക്തമധുരയായ മധുരാനഗരിയെ പ്രാപിക്കുവിൻ; പ്രത്യക്ഷത്തിൽ കാണ്മാൻ കഴിയുന്ന ആ ബിലത്തിന്റെ മഹിമ ഇപ്രകാരമാണ്.

മറുള്ള രണ്ടു മാർഗ്ഗങ്ങളിലൂടെ പോവാനിച്ഛിക്കുകയാണെങ്കിൽ അവയിൽ നടുവേയുള്ളതാണ് ഉത്തമം. ആ വഴിക്കു നല്ല തോട്ടങ്ങളോടുകൂടിയ ഗ്രാമങ്ങളും ഇടയ്ക്കിടെയുള്ള കാടുകളും കടന്നാൽ ഒരു ദുർഘടമാർഗ്ഗത്തിലെത്തും; അവിടെ ഉപദ്രവിയായ ഒരു ദേവത പ്രത്യക്ഷമായി ഭയപ്പാടുണ്ടാകാത്ത വിധത്തിൽ വഴിയാത്രക്കാരെ തടഞ്ഞുനിർത്തും; അതിനെ അകറ്റിപ്പോകുന്നതായാൽ ആ പെരുവഴിയേ പോകുന്നവരേയെല്ലാം നോക്കിക്കൊണ്ടുതന്നെ അവിടെ കിടക്കുകയും ചെയ്യും. നിങ്ങൾക്കു പോകേണ്ടുംവഴിയെസ്സംബന്ധിച്ച വിവരങ്ങൾ ഇങ്ങനെയെല്ലാമാണ്; അതിനാൽ നിങ്ങൾ പൊയ്ക്കൊൾവിൻ; ഞാനും ഉദ്ദേശിച്ചപ്രകാരം വേകടേശനെ വന്ദിപ്പാൻ പോകുന്നു."

ഇങ്ങനെ ബ്രാഹ്മണോത്തമനിൽനിന്നു മാർഗ്ഗവിവേചനം കേട്ടു കവുന്തിയടികൾ അത്യഗ്രഭിതമാംവണ്ണം പറഞ്ഞു.

അടികൾ — ധർമ്മനിഷ്ഠനായ മഹീസുര! അമരന്മാരുടെ ശാസിതാവായ ഇന്ദ്രനാൽ രചിക്കപ്പെട്ട വ്യാകരണം ഞങ്ങടെ ബുദ്ധിദേവനരുളിച്ചെയ്ത വര

മാഗമങ്ങളിൽ കാണുന്നില്ലയോ? അതുള്ളതിനാൽ നിങ്ങളുടെ പുണ്യശരവണത്തെ പ്രാപിക്കേണമെന്നില്ല; പിന്നെ ജന്മാന്തരകൃതങ്ങളെല്ലാം ഈ ജന്മത്തിൽ അറിയുന്നില്ലയോ? അതിനാൽ നിങ്ങളുടെ ഭവകാരണിയെയും ആശ്രയിക്കേണമെന്നില്ല; അഹിംസയും സത്യവും അതിലംഘിക്കാതെ കഴിയുന്നവക്കു കൈവന്നു കൂടാത്ത കായ്ക്കളൊന്നുമില്ല; അതിനാൽ നിങ്ങൾ ഉദ്ദേശിക്കുന്നപ്രകാരത്തിൽ ഇഷ്ടസിദ്ധി ഭവിക്കേണമെന്നില്ല; ഇങ്ങനെയുള്ള ഫലസിദ്ധിക്കായി ബിലം പ്രവേശിക്കുകയെന്നുള്ളത് ഞങ്ങൾക്കു വേണ്ടുന്നതല്ല; നിങ്ങൾ ഇച്ഛിച്ചുവന്ന ദേവനെ കൈവണങ്ങുവാൻ നിങ്ങൾ പൊയ്ക്കൊൾക. ഞങ്ങടെ അഭീഷ്ടത്തെ അടിസ്ഥാനമാക്കി, ഞങ്ങളും പോയ്ക്കൊള്ളാം.

ഇങ്ങനെ ആ ബ്രാഹ്മണനോടു സന്ദർഭോചിതമായി പറഞ്ഞതിന്നുശേഷം അടികൾ ധർമ്മനിഷ്ഠനായ കോവലനോടും പത്നിയോടുംകൂടി അന്നേദിവസം തക്കതായ ഒരിടത്തു വിശ്രമിച്ചു.

പിറെന്നാൾ അവിടെനിന്നു പുറപ്പെട്ടു യാത്ര ചെയ്യുമ്പോൾ കവുന്തിയടികളും കണ്ണകിയും അദ്ധ്വാശ്രമത്താൽ വഴിക്കരികെ ഒരിടത്തിരുന്നു; കോവലൻ മുൻപറഞ്ഞപ്രകാരം മൂന്നായി പിരിയുന്ന മാർഗ്ഗങ്ങളിൽ നടുവിലത്തെ വഴിയിൽനിന്നു പു

റപ്പെട്ട് അതിന്നരികെ പോകുന്ന വഴിയിൽക്കൂടെ ഒരു സരസ്സിന്റെ തീരത്തിൽചെന്നു പിപാസയോടെ പടവിൽ ഇറങ്ങി നിന്നു. അപ്പോൾ ബ്രാഹ്മണൻ പറഞ്ഞ വനദേവത കോവലന്റെ പേരിൽ തനിക്കുണ്ടായ രാഗഭാരത്താൽ അവന്റെ അരികിൽ ചെന്നുചേരുവാനുള്ള മോഹത്താൽ മാധവിയുടെ മേൽ ഇവന്നുള്ള അനുരാഗം നിമിത്തം തന്റെ പേരിൽ പ്രീതിയുണ്ടാകുമെന്നു കരുതി അവളുടെ സഖിയായ വസന്തമാലയുടെ വടിവുകയ്യോണ്ടു കോവലന്റെ മുമ്പിൽ പ്രകാശിച്ചു, കാറിനാൽ ഒരു പൂങ്കൊടിയെന്നപോലെ (?) പൊടുന്നനവെ അവന്റെ അടിയിണയിൽ വീണു വണങ്ങി കള്ളക്കണ്ണീർ പൊഴിച്ചു മാധവിയുടെ പക്ഷം പിടിച്ചു പറഞ്ഞു തുടങ്ങി.

വനദേവത—"നറുമലർ മാലയിലുള്ള കേതകീപത്രത്തിൽ ഞാനെഴുതിയ സന്ദേശത്തിൽ ഒരു തെറ്റും സംഭവിച്ചിട്ടില്ല; നീ പറഞ്ഞ വാക്കിൽ വല്ല തെറ്റും സംഭവിച്ചിരിക്കാം; അതിനാലല്ലെ കോവലൻ എന്നെ കൊടുതായ ദുഃഖത്തിന്നു പാത്രമാക്കിയതു്" എന്നു പറഞ്ഞു മാധവി ശോകപരവശയായ് വീണു വിലപിച്ചു; "മുനികളും പണ്ഡിതന്മാരും പഠിപ്പില്ലാതെ തന്നെ നന്മതിന്മകളെ അറിയുന്നവരും സന്താപകാരിണിയായ

പിശാചികയാണിതെന്നു കല്പിച്ചു മുഖദർശനംചെയ്യാതെ അകന്നു പോകുന്ന വേശ്യാജനത്തിൻെറ വൃത്തി നികൃഷ്ടമാണ്" എന്നു തന്നെ നിന്ദിച്ചു നയനങ്ങളിൽനിന്നു മൌക്തികാസാരനിഭങ്ങളായ ബാഷ്പധാരകൾ പൊഴിച്ചു്, ആമോദംപൂണ്ടു മുലത്തടത്തിലണിഞ്ഞിരിക്കുന്നതും വെണ്ണിലാവുപൊഴിച്ചു വിലസുന്നതുമായ മുക്താസരത്തെ അറുത്തെറിഞ്ഞു് അവികൃതയായ എന്നെയും വികൃതയാക്കിത്തീർത്തു; അതിനാൽ നിങ്ങൾ മധുരാപുരിയിലേക്കായി പോന്നതിനെ മാറ്റിമദ്ധ്യത്തിൽവെച്ചു കണ്ടവരിൽ നിന്നറിവായതുമൂലം വ്യാപാരികളോടു ചേർന്നുവന്നു് ഇവിടെ ഏകാകിനിയായുഴലേണ്ടിവന്നു; ഇതിനു സമചിത്തനായ ഭവാനരുളിച്ചെയ്യുന്ന ആശ്വാസവചനമെന്തു്?" എന്നു ചോദിച്ചു. ഇങ്ങനെ യക്ഷിയുടെ നാട്യം കണ്ട കോവലൻ, "മതിമോഹമുളവാക്കുന്ന ഒരു ദേവത ഈ വങ്കാട്ടിലുണ്ടു്" എന്നു് ആ ബ്രാഹ്മണൻ പറഞ്ഞിരുന്നതിനെ ഓർത്തു മായാകായ്ങ്ങളിൽ ദേവയോനികളിലുൾപ്പെട്ടവളാണിവളെന്നു ദേവമാനുഷഭേദത്തെ ഗ്രഹിപ്പാൻ തക്കവണ്ണം തനിക്കുള്ള മന്ത്രസിദ്ധികൊണ്ടറിഞ്ഞു പിന്നെ 'അന്തരീ' മന്ത്രം ജപിച്ചതിനാൽ അവൾ നടുങ്ങി, "ഞാൻ ഈ വനത്തിൽ സഞ്ചാരം ചെയ്യുന്ന യക്ഷിയാണു്; നിന്നിൽ കാമമുളിച്ചതിനാൽ അരികി

ലണഞ്ഞു മോഹനോപായം പ്രയോഗിച്ചതാണ്; ഞാൻ ചെയ്ത ഈ അപരാധം നിൻറെ കുഡുംബിനിയോടും കവുന്തിയടികളോടും പറയാതിരിക്കണം" എന്നു പറഞ്ഞു മറഞ്ഞു പോയി.

അതിനുശേഷം കോവലൻ ആ പൊയ്കയിൽ നിന്നു ശീതലമായ ജലം താമരയിലയിൽ കോരിയെടുത്തുകൊണ്ടുചെന്നു വിപാസാർത്തിതയായ പത്നിക്കു കൊടുത്തു ദാഹം ശമിപ്പിച്ചു താനും ആശ്വസിച്ചു. ആദിത്യകിരണങ്ങൾ അന്തരിക്ഷത്തിൽ അത്യുഗ്രമായി ജ്വലിച്ചു തുടങ്ങിയതിനാൽ മരുഭൂമിയുടെ നിലയിലിരിക്കുന്ന ഈ വനമാർഗ്ഗത്തിൽ ഇനി വഴിയാത്ര സാദ്ധ്യമല്ലെന്നു നിശ്ചയിച്ചു് അവർ മൂന്നു പേരും വഴിയറിയാത്തതും അപായകരവുമായ ആ വനത്തിൽ വാടാക്കുഞ്ഞി, വെൺകുടമ്പു്, കണ്ണികാരം എന്നുള്ള വിടപികൾ ഇടതിങ്ങി നില്ക്കുന്ന ചോലയാൽ ചൂഴപ്പെട്ട ഒരു പതിയിൽ, പെരുവഴിപോകുന്നവരുടെ കൈമുതലാകുന്ന വളത്തെയല്ലാതെ വഷ്മാകുന്ന വളത്തെ ഇച്ഛിക്കാതെ ചാപോപജീവനംതന്നെ കൃഷിയാക്കി നടന്നു വരുന്ന മറവർ, സംഘബലത്തോടെ ചാപപാണികളായി രണമുഖത്തു ചെല്ലുമ്പോൾ അവക്കു വിജയമുണ്ടാക്കിക്കൊടുത്തതിനു പ്രതിഫലമായി അവർ നൽകുന്ന വീരനരബലി ലഭിപ്പാൻ വഴിനോക്കിയിരിക്കുന്ന

നെറ്റിക്കണ്ണുള്ള കുമാരിയും ദേവന്മാരാൽ സേവിക്കപ്പെടുന്ന ദേവിയും അനഘമായ അമരലോകത്തിൽ അധിവാസംചെയ്യുന്നവളുമായ കാളിയുടെ കോഷ്ഠത്തെ പ്രാപിച്ചു.

പന്ത്രണ്ടാം ഗാഥ.

വേട്ടുവരാട്ടം.

കവുന്തിയടികൾ കോവലനോട്ടം കണ്ണകിയോട്ടം കാളീകോഷ്ഠത്തിൽ ചെന്നശേഷം കഠോരമായ സൂര്യകിരണം സഹിയാഞ്ഞതിനാൽ കണ്ണകിയുടെ അംഗങ്ങൾക്കു വേദനപിടിച്ചു കാലടികളിൽ പോളം പുറപ്പെട്ട വളരെ കഴങ്ങിയിരുന്നതിനാൽ ഇനിയും യാത്രചെയ്യുന്നതിനു വിശ്രമം ലഭിക്കേണ്ടതിന്നായി ആ കോഷ്ഠത്തിൽ പലരും കണ്ടറിഞ്ഞിട്ടില്ലാത്ത ഒരിടത്തു ചെന്നിരുന്നു. അതിന്നുശേഷം മറവരുടെ വംശത്തിൽ പിറന്നവളായ 'ശാലിനി'യെന്ന തരുണി അമ്പും വില്ലും കയ്യിലെടുത്തു പഴയ പ്രാർത്ഥന നടത്തുവാനായി ഗർജ്ജിച്ചുംകൊണ്ടു തന്റെ ഗ്രാമത്തിന്നു നടുവെയുള്ള മന്നിൽ കാളിയുടെ കോമരമായി വെളിച്ചപ്പെട്ട തലമുടി ചിക്കി ശക്തിയോടെ നിവർത്തിയ കൈകളെക്കൊണ്ടു് ഒറ്റ

സ്സും വെവ്വേറെയും ഓരോന്നഭിനയിച്ചു താളത്തി
ന്നൊത്തവണ്ണം ചോട്ടവെച്ചും വനവാസികൾ വി
സ്മയിക്കത്തക്കവണ്ണം നടനംചെയ്യുംകൊണ്ട് മറ്റു
ള്ളവരോടിങ്ങനെ കല്പിച്ചു. "നിങ്ങൾ മുമ്പു നേന്നി
ട്ടുള്ള വഴിപാടുകൾ നടത്താതിരുന്നതിനാൽ വലി
യ വില്ലാളികളായ വേടരുടെ (മഠവർ) മന്നുകൾ
ഇന്നു പാഴായ്പോയിരിക്കുന്നു; ശത്രുക്കളുടെ ഗ്രാമങ്ങ
ളിൽ അനേകം മന്നു (കോഷ്ഠം)കൾ നിരന്നിരിക്കു
ന്നു; അങ്ങനെ ഇവൾക്കു (കാളിക്കു)ള്ള പഴിപാടുന
ടത്തായ്കയാൽ ഈ വേടച്ചേരിയിലുള്ളവക്കു മാമൂൽ
പ്രകാരം തട്ടിപ്പറി, കൊള്ള മുതലായവയിൽ നി
ന്നുള്ള വരവുകൾ കുറഞ്ഞു മറക്കുടികളെല്ലാം അറക്കു
ടികൾ (ധർമ്മശീലന്മാർ)പോലെ ക്രൌര്യ്യം കുറഞ്ഞും
ശൌര്യ്യം ക്ഷയിച്ചും വശായിരിക്കുന്നു; കാലത്തീയാ
ളും കണ്ണിയലുന്ന കാളി നൽകിയ ജയത്തിന്നു് ഇ
വൾക്കു നടത്തുവാൻ നേന്നിട്ടുള്ള നരബലികൊണ്ട
തിന്നുശേഷമല്ലാതെ നിങ്ങളുടെ കണകൾക്കു ജയം
നൽകുന്നവളല്ല. കളവുചെയ്തു ജീവിതം കഴിക്കുന്ന
നിങ്ങൾക്കു് അയൽവാസികളെപ്പോലെ മദ്യപാനം
ചെയ്തു മദിച്ചുകഴിയേണമെങ്കിൽ കാളിക്കു നേന്നിട്ടു
ള്ള നേച്ചു നടത്തുകതന്നെ വേണം; തങ്ങൾ ഉദ്ദേശി
ച്ചിട്ടുള്ള വൈരികളുടെ തലകളെ തങ്ങൾതന്നെ അ
റുത്തെണ്ണുന്നതല്ലാതെ വിരോധിവർഗ്ഗക്കാക്കെണ്ണിനോ

ക്കുവാനിടകൊടുക്കാത്ത വേടരുടെ പഴങ്കുടിയിലുള്ള കുമാരിയെക്കൊണ്ടു് ഈ ബലി നടത്തുവിൻ'' ഇങ്ങനെ കാളിയുടെ കല്പനകേട്ട വേടന്മാരൊത്തൊരുമിച്ചു് ആ കുമാരിയുടെ വിരിച്ചിട്ടിരുന്ന മുടിയെ നെറുകയിൽ നീട്ടിക്കെട്ടി അതിൽ വണ്ണംകുറഞ്ഞു വെളുത്ത പാമ്പിനെപ്പോലെ കാണത്തക്കവണ്ണം പൊൻനൂൽ ചുറ്റിക്കെട്ടി, വേലിപൊളിച്ചു തോട്ടത്തിൽ കടന്നു വിളനശിപ്പിച്ച കാട്ടുപന്നിയുടെ തേറ്റ പറിച്ചെടുത്തു മുടിയിലണിയിച്ചു, കൊടുമുലിയുടെ വായ്പിളർന്നു പറിച്ചെടുത്ത വെണ്മയേറുന്ന വല്ലികാ കോത്തുണ്ടാക്കിയ താലികെട്ടിച്ചു, വരികളോടും പുള്ളികളോടുംകൂടിയ അതിന്റെ മയക്കിയ (മാട്ടുവംവരുത്തിയ) തോലുടുപ്പിച്ചു, ഒരു വലിയ വില്ലിനെ ഞാണേറ്റി അമ്പോടുകൂടി അവളുടെ കയ്യിൽ പിടിപ്പിച്ചു, പിരിവുള്ള കലകളോടുകൂടിയ ഒരു മാനിന്റെ മുതുകിലിരുത്തി; മരപ്പാവ, കിളി, മയിൽ, കാട്ടുകോഴി, പന്തു്, കഴഞ്ചിക്കരു ഇവയെല്ലാം കാളിയുടെ സന്നിധിയിൽ സമർപ്പിച്ചു പുകഴ്ത്തി, കുങ്കുമച്ചാറും സുഗന്ധപ്പൊടിയും നറുഞ്ചാന്തും അവര മുതലായ പുഴുങ്ങിയ സാധനങ്ങളും എള്ളുണ്ടയും നിണച്ചോറും പുഷ്പവും ധൂപവും നൈവിത്തും കയ്യിലേന്തിയ വേടത്തരുണികാ പിന്തുടർന്നു, പെരുമ്പറയും ചിന്നവും കൊമ്പും കുഴലും കുടമണിയുംകൊണ്ടുള്ള

വാദ്യം മുഴക്കിക്കൊണ്ടു കാളിയുടെ സന്നിധിയിൽ നിറുത്തി; എല്ലാവരും ആദ്യം നേച്ച് നടത്തുവാനുള്ള വിശാലമായ ബലിപീഠത്തിന്റെ മുന്നിൽ ചെന്നു വന്ദിച്ചു; പിന്നെ ഹരിണാക്ഷിയായ തരുണിയേയും തൊഴുതു.

അതിനുശേഷം ശാലിനിയും ബലിപീഠത്തെ വന്ദിക്കുകയും ഉടനെ അവളിൽ ആ ദേവിയുടെ ശക്തിമത്തായ ആവേശമുണ്ടാവുകയും ആ ദിവ്യചൈതന്യത്താൽ, അടിയിണകൾക്കു ഭ്രസഞ്ചാരംനിമിത്തമുണ്ടായ ദുരവസ്ഥ നീങ്ങുവാനായി കണവനോടുംകൂടി അവിടെ വന്നിരിക്കുന്ന കണ്ണകിയെ അവൾ കണ്ടറിഞ്ഞു് ഇങ്ങനെ പുകഴ്ത്തുകയുംചെയ്തു. "ഇവിടെ ഇരിക്കുന്ന ഇവൾ കൊങ്ങനാട്ടിനേയും പശ്ചിമദേശത്തിനേയും വാഴുന്ന രാജ്ഞിയും തമിഴ്ദേശത്തെ വാഴുന്ന ദേവിയുമാണ്. ഇവൾ പൂവ്പുന്നൈസഞ്ചയത്തിന്റെ അങ്കുരമാണെന്നനുമാനിക്കാം; ഈ ലോകത്തിൽ ഇവൾ മുഴുത്ത മാണിക്കംപോലെ മഹിമയുള്ള ഒരു നാരീരൂപം ധരിച്ചവളാണ്." ഇപ്രകാരം ശാലിനി തന്നെ പുകഴ്ത്തിപ്പറഞ്ഞതു തനിക്കു രസിക്കാഞ്ഞതിനാൽ "ജ്ഞാനവൃദ്ധയായ ഇവൾ ആവേശത്താൽ പറഞ്ഞതാണു്" എന്നു കരുതലോടുകൂടി കണ്ണകി നാണിച്ചു തലതാഴ്ത്തി തന്റെ പതിയുടെ പിന്നിലേക്കു മാറി അവളുടെ അറിവില്ലായ്മ

യോത്തു പുഞ്ചിരിപൂണ്ടു നിന്നു. മുടിയിൽ വെണ്മ തിക്കിരും, നിടിലത്തിൽ പൊട്ടിപ്പുറപ്പെട്ട നിന്നിമേ ഷമായ നേത്രവും, ചെമ്പവിഴത്തിനൊത്ത വായും, ചന്ദ്രികാധവളസ്മിതവും, നീലാഭമായ കണ്ണവുമുടയ വളും ഭീമനായ വാസുകിയെ ഞാണാക്കി മഹാമേരു വിനെ വില്ലാക്കി വള ച്ചവളും വിഷ്ണോൽഗമനദാരു ങ്ങളായ ദന്തങ്ങളെ വഹിക്കുന്ന സപ്പത്തെ മുലക്ക ച്ചയാക്കിദ്ധരിച്ച്, വളയണിഞ്ഞ കരത്തിൽ ശൂലദണ്ഡ ന്തി, സിംഹത്തോലുടുത്തും ആനത്തോൽ പുതച്ചുമി രിക്കുന്നവളും, ഇടതുകാലിൽ ചിലമ്പും വലതുകാ ലിൽ വീരതണ്ടയും ധരിനിക്കുംവണ്ണം വാൾപോരിൽ വിജയമാന്ന നായികയും, ഉടലും തലയും വേറായ വടിവുകൊണ്ടു ബാഹുബലശാലിയായ മഹിഷാസു രന്റെ ശിരസ്സുരുത്തീ അതിന്മേൽ കരേറിനിന്ന വീര വനിതയും, ദേവമുനിചന്ദ്രയായി അമരി, കുമാരി, ഗൌരി, സമരശാലിനി, ശൂലിനി, നീലി എന്നീ നാ മധേയങ്ങൾ കയ്യൊണ്ട വിഷ്ണുസോദരിയും, പരശു ഹസ്തയായ് ശ്രീമതിയായ് മൃഗവാഹനയായ് കുണ്ഡ ലാദ്യലങ്കാരമണ്ഡിതയായ പാവയോട് സാദൃശ്യമുള്ള വളും, ബ്രഹ്മവിഷ്ണുമൂർത്തികളാൽ സേവ്യമാനയായി കൌമാരഭാവം കൈക്കൊണ്ടവളുമായ ആ കുമാരീദേ വിയും ഈ ശാലിനികൊണ്ട കോലത്തെ ഏറവും അഭിനന്ദിച്ചു.

ദുർഗ്ഗൻതന്നുടെ വാമമമന്നൊരു
ദുർഗ്ഗാഭഗവതി ബലികൊള്ളുകയിൽ
ചന്ദനവും നാരകവും മാവും
പുന്നയുമഴകിൽ പൂത്തുചമഞ്ഞു.
എന്നും ചന്ദ്രക്കല ജടമുടിയിൽ
തങ്ങും കാളീസന്നിധിതന്നിൽ
വേങ്ങയുമുങ്ങുമിലഞ്ഞിത്തരുവും
തിങ്ങിപ്പൂത്തുസുഗന്ധംവീശി.
അണ്ണാജാസനസോദരികാളിക
തന്നിൽഭക്ത്യാ കുരവകവും സുര-
പുന്നയുമഴകിൽ പൂത്തുഷൽപദ-
വൃന്ദംവീണാരവമുളവാക്കി.

കുമാരീദേവി പറഞ്ഞു:—

ദുർഗ്ഗാദേവിയുടെ അലങ്കാരമെല്ലാമണിഞ്ഞ ഈ ശാലിനി പൂവ്വത്തിൽ എന്തു തപസ്സാണോ ചെയ്തത്? ഇവൾ പിറന്ന കുലത്തിലുള്ള ചാപോപജീവികളായ മറവരുടെ കുലംതന്നെ കുലം. ഹെ ദേവി! ഭവതി ആനത്തോൽ പുതച്ചു പുലിത്തോലുടുത്തു കാട്ടപോത്തിന്റെ കരുന്തലമേൽ കേറി വാനോർ വണങ്ങിനില്ക്കേ വേദാന്തവേദ്യയും ഭക്തഭീഷ്ടപ്രദയും നിശ്ചലയുമായ്നിന്നു; ഹരിഹരവിരിഞ്ചന്മാരായ ത്രിമൂർത്തികളുടെ ഹൃദയകമലത്തിൽ അനവരതം ഉജ്ജ്വലിക്കുന്ന ദീപമായ ഭവതി വലയാഞ്ചിതമായ കരത്തിൽ, കുരവാളുമായി ചെന്നു മഹാസത്വനായ മഹിഷാസുരനെ വെന്നു കൃഷ്ണസാരാധിത്രുഢയായ്നി

ന്നു; ഗംഗാധരനായ ശിവീശന്റെ വാമാർദ്ധമായിട്ടിള
ങ്ങുന്ന മാഹേശ്വരിയുടെ രൂപം ധരിച്ചു നാന്മാകളാ
ലും സ്തുതിക്കപ്പെട്ടവാനരുതാത്ത മഹിമാതിശയ
ത്തെ വഹിച്ചു; ശംഖചക്രധാരിണിയും രക്തക്ഷി
യുമായി സിംഹവാഹനാരൂഢയായ്പ്രകാശിച്ചു; ഇ
തെന്തൊരു മായമാണ്. കൊന്നപ്പൂവും തുളസീദള
വും കലർത്തിക്കെട്ടിയ മാലയെ ഉത്തരീയമായണി
ഞ്ഞു് അതു വാടത്തക്കവണ്ണം ദേവാസുരയുദ്ധത്തിലാ
ടിയ നൃത്തം ഇവിടെയും ഉണ്ടാകും; ചെമ്പോലത്ത
രിച്ചിലമ്പും തരിവളയും മണിമേഖലയും ധരിക്ക
ത്തക്കവണ്ണം വഞ്ചകന്മാരും വാൾപോർചേവകന്മാ
രുമായ അസുരന്മാരെ സംഹരിപ്പാനായി അവിടെ
പൊയ്യാലിൽ നിന്നാടിയ നൃത്തം ഇവിടെയും ഉണ്ടാ
കും; അപ്പോൾ ആ നൃത്തം കായാമ്പൂമലരൊളിതി
രളും തിരുമേനിയിൽ നാകവാസികളെക്കൊണ്ടു പു
ഷ്പവൃഷ്ടി ചെയ്യിക്കാതിരിക്കയില്ല; മാറാലക്കു മന
ശ്ചാഞ്ചല്യമുളവാക്കത്തക്ക ബലസമ്പത്തിയുള്ള ഒരു
പുരിയിൽചെന്നു് അപ്രതിഭടനായ വീരൻ അടക്ക
ളത്തിലിരങ്ങേണ്ടിവരുന്നതായാൽ അവനു വിജയ
ശ്രീവരണമാലയെ അർപ്പണംചെയ്യുന്നതിനു ഒളി
തിരളും വാളുടയ കാളിയും വേണം; അങ്ങനെ അ
വൾ വിജിഗീഷുവിനോടൊരുമിച്ചു ചെല്ലുന്ന ശത്രു
പുരിക്കു സമീപമുള്ള വനത്തിൽനിന്നു 'കാരി' എന്ന

പക്ഷി തന്റെ കഠോരമായ കണ്ഠധ്വനിയാൽ അവക്കു നേരിടാവുന്ന വിപത്തിനെ മുൻകൂറായി അറിവിക്കും; മദ്യം വില്ക്കുന്നവൻ മുൻകൊണ്ട കടം കൊടുക്കായ്കയാൽ പിന്നെ മദ്യം കൊടുക്കാതെ മടക്കി അയച്ചതായ അവജ്ഞ സഹിക്കാത്ത ഒരു മറവൻ ആ നിന്ദ്യനിലയിൽതന്നെ അവളോടു വൈര മുദിച്ചു വില്ലെടുത്തുവെന്നിരിക്കിലും തല്ക്കാലം പ്രതിക്രിയയ്ക്കൊരുങ്ങി കാലതാമസംവരുത്താതെ, ശത്രുക്കളെ അണിനിരന്നേക്കുമെന്നു കരുതി ഉടൻ അവിടംവിട്ടുപോകുന്നുവെങ്കിൽ തന്റെ സിംഹധ്വജവുമായത്തിക്കൊണ്ടു ദുർഗ്ഗാദേവിയും അവന്റെ മുമ്പെ പോകുമല്ലൊ.

ശ്രീമതിയായ കിരാതകുമാരി! നിന്റെ പിതാമഹാദ്യന്മാരായ വംശകർത്താക്കന്മാർ മുൻകാലത്തിൽ കവർന്നുകൊണ്ടുവന്നിട്ടുള്ള ധനരാശികളെ വേൽകടയുന്ന കൊല്ലൻ, തുടികൊട്ടുന്ന പറയൻ, കവനത്തിലും സ്തോത്രത്തിലും ഗാനത്തിലും നിപുണന്മാരായ വൈണികന്മാർ എന്നിവരുടെ മുറവങ്ങളിൽ നിറഞ്ഞുകിടക്കുന്നതു കണ്ടുകൊൾക. മുക്താമൃദുമന്ദഹാസിനി! നിന്റെ പൂർവ്വന്മാർ പരാജയം പറ്റിയ വൈരികളെ അലറി മുറയിടത്തക്കവണ്ണം അപഹരിച്ചുകൊണ്ടുവന്നിട്ടുള്ള ദ്രവ്യസഞ്ചയം മദ്യവിക്രയംചെയ്യുന്നവളുടേയും, ചാരപുരുഷന്റെയും,

പക്ഷിശാസ്ത്രക്കാരന്റെയും മുറങ്ങളിൽ നിറഞ്ഞുകിടക്കുന്നു. നീലായതനയനെ! നിന്റെ മൂവ്വന്മാർ മുൻകാലത്തു് അയൽദേശക്കാർ മുറവിളികൂട്ടുംവണ്ണം അപഹരിച്ചുകൊണ്ടുവന്നിട്ടുള്ള പശുക്കൂട്ടം കട്ടവാക്കും നരച്ചുനീണ്ട താടിയുംപൂണ്ടു വാഴുന്ന കിരാതന്മാരുടെയും വാക്കുകടുത്തും തലനരച്ചുമിരിക്കുന്ന മുതുക്കിരാതികളുടെയും മുറങ്ങളിൽ കാണാം.

വേടർ പറഞ്ഞു:—

തരണിയുടെ കഠോരകിരണങ്ങൾ ധരണിയിലമരുന്ന ബഹുവിധജീവികളെയും ബാധിക്കാതിരിക്കത്തക്കവണ്ണം തങ്ങൾതന്നെ വഹിച്ചുംകൊണ്ടു് അവനോടുകൂടെത്തന്നെ പരിവർത്തനംചെയ്യുന്ന ദിവ്യർഷിഗണത്തിന്റെയും ദേവഗണത്തിന്റെയും അഴലകന്നുപോകുംവണ്ണം വരമരുളുന്ന ഭവതിയുടെ അടിമലരിണ ഞങ്ങൾ പണിയുന്നു; ഘാതകന്മാരും കരബലശാലികളുമായ കിരാതന്മാർക്കുണ്ടാകുന്ന വിജയത്തിന്നായി നിന്തിരുവടിക്കു കടപ്പെട്ടിട്ടുള്ള ഈഗളരുധിരധാര കണ്ണാലുള്ളതാണെ. ഇന്ദ്രാദികളായ ദേവന്മാർ തുണിമുടികളുണച്ചു ചേവടികൾ വണങ്ങുന്ന വാസവനീലമണിസന്നിഭേ! നിനക്കു നമസ്കാരം; കയ്യുക്കുകൂട്ടുന്ന കാട്ടാളക്കൂട്ടത്തിനു നിന്റെ അനുഗ്രഹത്താൽ പകവീട്ടുവാൻ സാധിച്ചതിനുവേണ്ടി ചെയ്യുന്നതായ കുരുതിതപ്പണം നീ ഏറുകൊള്ളേ

ണമെ. മുൻകാലത്തിൽ ശാർദ്ദൂലവിക്രമികളായ കി
രാതന്മാർ തുടിയും പാടയും കൊമ്പും മുഴക്കിക്കൊണ്ടു
പതിയിൽനിന്നു പുറപ്പെട്ടു മങ്ങിയ ഇരുൾ പരന്ന
സന്ധ്യാസമയത്തു നിന്നെ വന്നു വലംവെച്ചു കാലി
ണ തൊട്ടു തൊഴുതു പ്രാർത്ഥിച്ചുനൽകുന്ന ഗളഗളിത
രുധിരമയമായ ബലി നകന്നുകൊള്ളേണമെ.

ഭദ്രകോളിപ്പാട്ട്.

ശങ്കരിമായെ നീലി ജടമുടി തന്നിൽപാമ്പും
തിങ്കളുംപൂണ്ടദേവി പെരുവഴിപോകുംപേരോ-
ടങ്കമിട്ടപഹരിക്കും പൊരുളുംപെരുതുണ്ടാവാനായ്
നിങ്കഴല്പൂകുന്നൊരു നരബലികൊള്ളുകമ്മെ!
വിണ്ണവക്കുതുണ്ടാലുംവിലയമുണ്ടാകുംപോലും
ചണ്ഡമാംവിഷമുണ്ടാലുമില്ലതേ വിലയംനാഥെ!
കേട്ടപേർ നട്ടുങ്ങുംവണ്ണം കൂട്ടമായ്തുടിമുഴക്കി
മാറാലർതമ്മോടൊരു ചീറാമാൻപുരത്തെ
കൂട്ടമേ കൂചകൂടാതെകണ്ടുടൻ കൊലചെയ്തിട്ടും
വേട്ടവർ നിണക്കുനൽകും നരബലികൊള്ളുകമ്മെ!
മരുതുകടിക്കിടയിൽ പൂകിദ്ധരണിയിലയെവീഴ്ത്തി
യുരുപെട്ടം ശകടത്തെയും മാധുചൻ വാസുദേവ-
നരുളിയമായം തന്നാലതിചെയ്യുകാളി!
പെരുവഴിപോക്കർ തമ്മൊട്ടരുധനം പാടിച്ചുചിന്നെ
പരമഴൽവിളയിച്ചീടും ശബരർ തന്നിയലുന്നൊരു
നരബലി നലമോടേല്പാൻ കരുണചെയ്യുകമ്മെ!
നാന്മാമുന്നാ നാവിൽനിന്നുളവായുന്നൊരു
നാന്മുഖന്നനുജനായരഗസൃഷ്ടിനിലയമായി

ചന്ദനമകിലെന്നേവമനവധിതരുക്കൾതിങ്ങി
പുണ്യമാമഗസ്ത്യകൂടമാളുന്നമന്നൻ പാണ്ഡ്യൻ
തന്നുടെരിപുക്കളോട സംഗരംതുടരുന്നാകി-
ലന്നവർ തോല്പുമാരുജയമവന്നരുളുകമ്മെ!

പതിമൂന്നാം ഗാഥ.

പുറച്ചേരിപ്രവേശം.

കഴിഞ്ഞ ഗാഥയിൽ പറഞ്ഞപ്രകാരം ശാലി നി തന്റെ ആട്ടം സമാപ്തിയാക്കി വേഷമഴിച്ചതിന്നു ശേഷം താപസീരത്നമായ കവുന്തിയടികളുടെ സന്നിധാനത്തിൽ ചെന്നു കണ്ണകിയെ നിർദ്ദേശിച്ചു കൊണ്ട് "കോമളാംഗിയായ ഇവൾ ഈ കഠോരമായ ആതപം സഹിക്കയില്ലെന്നു മാത്രമല്ല കല്ലും കരടുമായി ചുട്ടപഴുത്തുകിടക്കുന്ന ഈ വനമാർഗ്ഗത്തിൽ ഇവൾ തന്റെ അടിയിണ ഊന്നി നടക്കുകയില്ല; നേരിട്ടടുക്കുന്നവരോടെതുക്കുന്ന കരടി, കൊട്ടംപുററിനെ കുത്തിമറിച്ചു തന്നിലുള്ള ചിതലിനെ തിന്നുകയെന്നുള്ള സഹജമായ സാഹസകൃത്യം ചെയ്കയില്ല; വരിയൻപുലി തന്റെ നേരിലണഞ്ഞവരെ ബലാല്കാരം കാണിച്ചു വധിക്കയില്ല; പരോപദ്രവികളായ പാമ്പു മുതലായ മറ്റു ദുഷ്ടസത്വങ്ങളും ഒരുത്തരേയും ഹിംസിക്കുകയില്ല; ഘോരശാസനനായ പാ

ണ്ടിപ്പെരുമാളുടെ അനിവാര്യമായ ശാസനയ്ക്കടങ്ങി നടന്നവരികയാൽ എങ്ങും ഒരു ഹിംസയും നടക്കുന്നതല്ല;" എന്നു പറഞ്ഞു. അപ്പോൾ കോവലൻ, "അങ്ങനെ പകൽകാലത്തു ദിനകരകിരണങ്ങൾ സന്താപകരങ്ങളായിരുന്നാലും സർവ്വശരീരികൾക്കും പരമാഹ്ലാദകരമായ നിശാകരന്റെ കൌമുദീവിലാസപരിലസിതമായ പന്ഥാവിലൂടെ യാനംചെയ്യുന്നതിൽ യാതൊരു പ്രതിബന്ധവും നേരിടുവാനില്ല." എന്നഭിപ്രായപ്പെടുകയും കവുന്തിയടികൾ അതിനെ അനുമോദിക്കയും ചെയ്തു. ക്രൂരശാസനനായ നൃപന്റെ പ്രജകൾ കാരുണ്യശാലിയായ ഒരു നരപതിയെ ലഭിപ്പാനുള്ള കാലം പ്രതീക്ഷിച്ചിരിക്കുംപോലെ ഇവർ ഉഷ്മളമായ ആതപത്തെ അനാദരിച്ചു ശീതളമായ ചന്ദ്രികാവിലാസത്തേയും പ്രതിപാലിച്ചുകൊണ്ടിരിക്കെ ആ പാണ്ഡ്യഭൂപന്റെ കുലകൂടസ്ഥനായ കുമുദബാന്ധവൻ നക്ഷത്രമാലാലംകൃതനും മീനദ്ധ്വജാവലിപരിലസിതനുമായി (മീൻ=മിന്നുന്നത്. നക്ഷത്രം=മത്സ്യം) അന്തരിക്ഷത്തിൽ ആവിർഭവിച്ചു മൃദുശീതലങ്ങളായ കിരണങ്ങളെ പ്രസരിപ്പിച്ചു. അന്നേരം ശാലിനി കണ്ണകിയോട് "മകനു നിന്റെ കണവൻ നിന്നെ പിരിഞ്ഞിരുന്ന ഇളവേനല്ക്കാലത്തു വിരഹതാപം സഹിക്കായ്കയാൽ നക്ഷത്രവംശത്തിക്കൊത്തു തിളങ്ങുന്ന മുക്താഹാരവും

ചന്ദനച്ചാറും മനോജ്ഞമായ മുലത്തടത്തിൽനിന്നു മാറുവാനും, ചന്ദനകിസലയവും പുഷ്പമാലകളും ചെന്തളിർമേനിയിലണയ്ക്കാതിരിപ്പാനും, നാനാപുഷ്പരസങ്ങളും ചെങ്കഴുനീർപൂപ്പിന്നാലും (ഇടവിടാതെ മുല്ലമലരണിയുന്ന) പൂമുടിയിലണിയാതിരിപ്പാനും, മലയഗിരിയിൽ മുളച്ചു മധുരാപുരിയിൽ വളർന്ന മഹാകവികളുടെ രസനാങ്കണത്തിൽ പൂത്തു സമൃദ്ധിക്കുന്ന മാലേയമാരുതനോടിണങ്ങിയ കളർവെണ്ണിലാപൊളി തന്റെ സുകുമാരകളേബരത്തിലേല്പാതിരിപ്പാനും ആശിച്ചിരിക്ക ഇപ്പോൾ ഈ ചന്ദ്രികയേല്പാനും നീ ആശിച്ചിരിക്കുന്നവല്ലോ." എന്നു പറഞ്ഞു ദുഃഖിച്ചു നെടുവീർപ്പിട്ടുംകൊണ്ട് ചെന്നു ശയിച്ചു.

അനന്തരം അവർ യാത്ര തുടർന്നു കുറെ ദൂരം ചെന്നപ്പോൾ അത്യധികശ്രമപരവശയായ കണ്ണകിയോട് കോവലൻ, "ഈ രാത്രിയിൽ നാം പോകുന്ന മാർഗ്ഗത്തിൽ പുലി ഉരുമും; കാലങ്കോഴി കൂകും; കരടി എതിരിടും; ഇവയെ ഭയപ്പെടാതെ വരിക." എന്നു ധൈര്യപ്പെടുത്തി. ഇവൾക്ക് ഉറക്കം ബാധിച്ചു കണ്ണു മയങ്ങുന്നതിനാലും തളർന്നു കാൽ പകച്ചുനടക്കുന്നതിനാലും അവളുടെ കങ്കണാഞ്ചിതമായ കരപല്ലവംകൊണ്ട് തന്റെ സ്കന്ധത്തെ അവലംബിപ്പിച്ചും അവളുടെ മനോവ്യഥ നീക്കുവാൻ ആ

ഗമാതീതങ്ങളായ പരിശുദ്ധതത്വങ്ങളുടെ ശ്രവണം സിദ്ധിച്ചിട്ടുള്ള അടികളുടെ ധർമ്മോപദേശങ്ങളെ കേൾപ്പിച്ചും, നടന്നെത്തുവാൻ സാദ്ധ്യമല്ലാത്ത സുദൂരമായ പന്ഥാവിനെ അതിക്രമിച്ചു. വേനലിന്റെ ശക്തിയാൽ വെന്തുകരിഞ്ഞുകിടക്കുന്ന പരുവക്കാട്ടിൽ കാട്ടുപൂങ്കോഴികൾ കൂകി പ്രഭാതകാലത്തെ അറിയിച്ചതായ മിഥുനമാസാവസാനത്തിയ്യതിയിൽ ശ്രുതിവാക്യങ്ങളെ നാവുകൊണ്ടുച്ചരിക്കാതെ വീണായിൽ പാഠംചെയ്യുന്ന വിപ്രന്മാരുടെ വസതിക്കരികെയുള്ള ഒരു ക്ഷേത്രത്തിൽ ചെന്നുചേർന്നു. ആ പ്രഭാതകാലത്തിൽ കവുന്തിയടികളേയും കണ്ണകിയേയും ഒത്തുക്കവും അടക്കവുമുള്ള ഒരു സ്ഥലത്തിരുത്തി അവിടെയുള്ള വേലി അല്പം തുറന്ന് പ്രഭാതകൃത്യം നടത്തുവാനായി അല്പം ദൂരത്തിൽ കണ്ടതായ ഒരു ജലാശയത്തിൽ ചെന്നു തന്റെ പത്നിയോടുകൂടി വനമാർഗ്ഗത്തിൽ പ്രയാണംചെയ്തതിനാൽ ശരീരകാന്തി മങ്ങി ഉലയിലൂതുന്ന തുരുത്തിപോലെ ദീർഘമായി ശ്വാസോച്ഛ്വാസം ചെയ്തു മനഃക്ഷോഭത്തോടെ ഏകാകിയായി അകലെ നില്ക്കുന്ന കോവലനെ കണ്ടു സംശയം ജനിക്കുകയാൽ ശങ്കാപരിഹാരത്തിന്നായി "കോവലന്റെ വിരഹം സഹിക്കവയ്യാതെ കാമാഗ്നി പിടിപെട്ടു കുഴങ്ങിയ മാധവിയുടെ അന്നത്തെ അവസ്ഥയിൽ നീയും ഇളവേന

ല്ലൂലത്തിൽതന്നെ പരവശനായി; അതു കഴിഞ്ഞു മുതുവേനലായപ്പോൾ അസഹ്യമായ ആതപത്താൽ ഉടൽ വാടി മെലിഞ്ഞുകുനിഞ്ഞു പരവശനായിരിക്കുന്നു." എന്നു മാധവീനാമധേയത്തോടുള്ള പ്രതിപത്തിമൂലമായെന്നു തോന്നുംവണ്ണം ഒരു മാധവീലതാപടലത്തിന്നകമെ ചെന്നുനിന്നിരുന്ന കൌശികബ്രാഹ്മണന്റെ മൊഴികേട്ട കോവലൻ മന്ദസ്മിതത്തോടെ "നിങ്ങൾ പറഞ്ഞതിന്റെ താല്പര്യം എനിക്കറിയുന്നില്ല," എന്നും പറഞ്ഞു; കൌശികൻ സംശയം തീർന്നു കോവലന്റെ സമീപത്തിൽ വന്നു താൻ വന്ന കാര്യം പറഞ്ഞുതുടങ്ങി. "നിന്റെ വേർപാടിനാൽ മാതാപിതാക്കന്മാരായ പെരുമനക്കിഴത്തിയും ഇരുനിധിക്കിഴവനും മാണിക്കം പോയ മണിനാഗത്തെപ്പോലെ രാജസ്സും തേജസ്സും ക്ഷയിച്ച വിവശന്മാരായിരിക്കുന്നു; നിണക്കുട്ടപ്പമുള്ളവരായ ജ്ഞാതിജനം ആത്മാവു പേർപെട്ട ശരീരംപോലെ ചൈതന്യമകന്നു ദുഃഖാബ്ധിയിൽ മുഴുകിയിരിക്കുന്നു; നിന്റെ ജനകനാൽ നിദേശിക്കപ്പെട്ട ആജ്ഞാകരന്മാർ നിന്നെ ആരാഞ്ഞു കൊണ്ടുവരുവാൻ എല്ലാ ദേശങ്ങളിലേക്കും പോയിരിക്കുന്നു; എത്ര ചെറുതായിരുന്നാലും അച്ഛൻ നിയോഗിച്ച കാര്യം ചെയ്യുന്നതു് ശ്രേയസ്കരമായിരിക്കുമെന്നതല്ലാതെ ആയാസകരമായിവരുന്നതല്ലെന്നും ഭ്രഭാ

രം എന്നും ദുഃഖപ്രദമാണെന്നും കരുതി രാമൻ ദണ്ഡ
മായ വനത്തിന്നു പോയപ്പോൾ അയോദ്ധ്യാപുര
വാസികൾ അവശന്മാരായതുപോലെ പുകഴാന്ന പു
കാറിലെ പൌരന്മാരഖിലരും പരാധീനഹൃദയന്മാ
രായിരിക്കുന്നു; തന്റെ കാമലേഖത്തെ പ്രിയതമൻ
അനാദരിച്ചുപറഞ്ഞതിനെ വസന്തമാലയുടെ മുഖ
ത്തിൽനിന്നു കേട്ടു മനംകലങ്ങിയ മാധവി തന്റെ
ഏഴനിലമാളികയുടെ നാലാംനിലയിലുള്ള ഒരു മ
ഞ്ചത്തിന്മേൽ മയങ്ങിക്കിടക്കുന്നു; അവളുടെ പരിതാ
പകരമായ നില കേട്ടറിഞ്ഞു ഞാനവിടെ ചെ
ന്നു. അവൾ എന്നെ കണ്ടു പാരവശ്യത്തോടെ,
'ഞാൻ നിന്റെ പാദങ്ങളിൽ നമസ്കരിക്കുന്നു; എ
ന്റെ ഈ സങ്കടം തീർത്തു രക്ഷിക്കേണം' എന്നു പ
റഞ്ഞു് അവളുടെ ഹസ്താക്ഷരത്തിലെഴുതിയ ഈ ഓ
ല നിങ്ങൾക്കു തരുവാനായി എന്നെ ഏല്പിച്ചു;
ഞാൻ അതും വാങ്ങി ഉടൻ പുറപ്പെട്ടു പല ദേശങ്ങ
ളിലും സഞ്ചരിച്ചു് ഒരുവഴിക്കും നിങ്ങളെ കാണായ്ക
യാൽ ഈ വനമാർഗ്ഗത്തിലൂടെ വന്നു് ഈവഴിക്കരികി
ലിരുന്നതാണു്." ഇങ്ങനെ പറഞ്ഞു മാധവിയുടെ
മടക്കോല കയ്യിൽ കൊടുത്തു. കോവലൻ അതു വാ
ങ്ങി അതിന്മേൽ താൻ ഒന്നിച്ചിരുന്ന കാലത്തു കു
നിരകളിൽ പൂശിയിരുന്ന സുഗന്ധതൈലത്തിന്റെ
മണം വീശുന്നതായറിഞ്ഞു് അതിനെ കൈവിട്ട

വാൻ മനസ്സു വരാതെ മടക്കു നിവത്തി വായിച്ചു; അത് ഇപ്രകാരമായിരുന്നു;

"രുഗ്മിണിയോടു ചെന്നു പതുക്കവെ" എന്നു മട്ട്.

വീണുചേവടിത്താർ തൊഴുന്നു ഭവാൻ
വാണുകൊള്ളുന്ന ദിക്കിനെ നോക്കി ഞാൻ
ഉത്തമരുള്ളറിവും ഗുണങ്ങളും
മാനവും ചേർന്നുവാഴും മനോഹര!
വൃദ്ധരായ്മേവും മാതാപിതാക്കളെ
ശ്രദ്ധപൂണ്ടു പരിചരിച്ചീടാതെ
ശുദ്ധവംശജയായ സതിയൊടും
ബദ്ധവേഗം പുറപ്പെട്ട രാത്രിയിൽ
പത്തനംവിട്ടു പോകുവാനെന്തൊന്നു
പറ്റിയെന്നറിയുന്നില്ല ഞാനഹോ.
ഇങ്ങിവളേതാനുണ്ടോപിഴച്ചിതെ-
ന്നിംഗിതത്തിൽ വിശങ്കഭവിക്കയാൽ
മങ്ങിമാനസംതിങ്ങും വിഷാദത്താൽ
തുംഗമാമഴലേറും ദഹിക്കാറായ്.
നാരിയായൊരു ഞാൻ പിഴചെയ്യാലും
സാരമല്ലെന്നു കണ്ടുപൊറുക്കണം.
പാരമാലസ്യം ചേരുന്നെനിക്കതു
നേരായിട്ടല്ല കാണ്മൂകൃപാനിധേ!
ആകയാലിതുമൂലമവിടെക്ക-
ങ്ങാഗസ്സെതുമണയ്ക്കായ്കവേണമെ

മുൻ ഏഴാംഗാഥയിൽ "ഗംഗയെ പുണർന്നാകിലും" എന്നും "മേൽകുമാക്കള്ള ചാരിത്രവൈഭവം" എന്നും താൻ ഗാനംചെയ്തതിനു ഇപ്പോൾ ഇതിൽ

"ശുദ്ധവംശജയായ സതി" എന്നു പ്രയോഗിച്ചതി നാൽ തന്റെ അപരാധം തീർന്നിരിക്കുന്നുവെന്നും "വൃദ്ധരായ്മേവും മാതാപിതാക്കളെ" എന്നതിൽ അവക്കു നിമൂലം മരണം നേരിടുവാനും തന്നിമിത്തം പാവനമായ കുലത്തിനു ദുഷ്കീർത്തിയുണ്ടാകുമെന്നും "പാരമാലസ്യം ചേരുന്നെനിക്കതു നേരായിട്ടല്ലകാണ്മൂ" എന്നതിൽ തന്റെ മരണത്തേയും അതിനാൽ കോവലനുണ്ടാകാവുന്ന ദുഷ്കീർത്തിനേയും കരുതേണമെന്നും സൂചിപ്പിച്ചിട്ടുള്ള പദ്യപംക്തിയിലെ താല്പര്യം ഗ്രഹിക്കയാൽ കോവലൻ തൽക്ഷണം മോഹിക്കയും പിന്നീടു സ്വസ്ഥനായിത്തീരുകയും ചെയ്തു. "അവൾ ഒരപരാധവും ചെയ്തിട്ടില്ല; ഇതിൽ അപരാധി ഞാൻതന്നെയാണ്; ഈ ഓലയിലെഴുതിയ വാചകവും അർത്ഥവും എന്റെ അച്ഛനുകൂടെ സംബന്ധപ്പെട്ടതാണ്" എന്നു ബോദ്ധ്യം വന്ന കോവലൻ, "കൌശിക! എന്റെ മാതാപിതാക്കന്മാരുടെ പാവനങ്ങളായ പാദകമലങ്ങൾക്കായി ആ ദിക്കു നോക്കി ഞാൻ നമസ്കാരംചെയ്യുന്നു; ഈ ഓല അവക്കും കാണിച്ച് എന്റെ നിമിത്തം അവക്കു സംഭവിച്ചിട്ടുള്ള ആധി തീർത്ത് അവരെ ആശ്വസിപ്പിപ്പാനായി താമസിയാതെ ചെല്ലുക." എന്നു പറഞ്ഞ് ആ ബ്രഹ്മചാരിയുടെ പക്കൽ ഓലയും കൊടുത്തയച്ചു കണ്ണകിയും കവുന്തിയടികളും ഇരിക്കുന്നോടത്തേക്കു ചെന്നു.

അവിടെ കോവലൻ അസുരന്മാരോടെതുത്തു പൊരുതിയ ദുർഗ്ഗാദേവിയുടെ രൂപത്തെ സ്തുതിച്ചും കൊണ്ടു തപ്പുകൊട്ടി പാടുന്ന ഗായകന്മാരൊന്നിച്ചു വീണയെടുത്തു ശ്രുതികൂട്ടിശ്രുതിപ്പെടുത്തി താളശ്രുതികളും പിഴയ്ക്കാതെ വായിച്ചതിനുശേഷം അവരോടു്, "ഇവിടെനിന്നു മധുരയ്ക്കു് എത്ര കാതം അകലമുണ്ടെന്നു പറയുവിൻ" എന്നു ചോദിക്കയും അവർ, "അകിൽ, ചന്ദനം, കുങ്കുമപ്പൂ, കസ്തൂരി, പച്ചപ്പുഴുകു എന്നീ സുഗന്ധദ്രവ്യങ്ങളും ചേർത്തുണ്ടാക്കിയ ദിവ്യപരിമളരസം മേനിയിലണിഞ്ഞു്, മധുവുതിർന്നു മണംവിശ്രുതന്ന ചെങ്കഴുനീർ ചെമ്പകം മുതലായ പൂമാലകളുംകൊണ്ടലംകരിച്ചു്, മുല്ല, മല്ലി, മാലതി തുടങ്ങിയ പൂക്കളും പരത്തിയ പയ്യുകത്തിന്മേൽ അടുക്കളയിൽനിന്നുണ്ടാകുന്ന വറവു മുതലായതിനേറയും പരന്ന പണ്ഡ്യവീഥിയിൽനിന്നു പലഹാരവ്യാപാരികളും നിരന്തരം പാകംചെയ്യുന്ന ഭക്ഷ്യങ്ങളുടേയും തരുണീതരുണന്മാർ കേശവസ്ത്രാദികളിലേക്കായി ഉപയോഗിക്കുന്ന അകിൽപുകയുടേയും അദ്ധ്വരശാലകളിൽനിന്നുത്ഭവിക്കുന്ന ആഹുതിയുടേയും പരിമളം നകർന്നും, അമരാധിപനാൽ ആമുക്തമായ മുക്താഹാരം പൂണ്ടു കൂടലർകാലനായി വിളങ്ങുന്ന പാണ്ടിയന്റെ അരമനയിലുള്ള അമേയമായ ദിവ്യഗന്ധപൂരത്തൽ സർവ്വാംഗസുരഭിലതാമിയന്നും, സം

ഘട്ടപലവന്മാരാൽ തത്താദൃശഗുണപ്രതിപാദനപൂർവ്വകം വർണ്ണിക്കപ്പെട്ടും, വിലസുകയാൽ മലയമാരുതനെപ്പോലും മാനഭംഗത്തിന്നു പാത്രമാക്കുന്ന മധുരാമാരുതൻ വീശുന്നതു കാൺക. അതിനാൽ ശ്രീമത്തായ ആ പാണ്ഡ്യനഗരം അധികദൂരത്തിലല്ല; അവക്കു താണനിലയിലുള്ളവർ അവിടെ ചെന്നാലും അവർ അനാദരിക്കയില്ല." എന്നുത്തരം പറകയും ചെയ്തതിന്നുശേഷം കോവലനും കൂട്ടുകാരും അന്നു് അവിടെ തങ്ങി പതിവുപ്രകാരം പുലർകാലെ പുറപ്പെട്ടു.

സംഹാരമൂർത്തിയായ ദുർഗ്ഗാദേവിയുടെ ആലയത്തിലും പുകൾപെരുകുന്ന മന്നവന്റെ അരമനയിലും ഭിന്നരൂപത്തിലുള്ള പ്രഭാതവാദ്യധ്വനിയും, ബ്രാഹ്മണരുടെ അദ്ധ്യയനശാലകളിലെല്ലാം സ്വരഭേദംവരാതെ വിധിപൂർവ്വകമായുള്ള വേദഘോഷവും, താപസന്മാരുടെ മന്ത്രോച്ചാരണധ്വനിയും, അപരാജിതനായ നൃപവീരനാൽ സമ്മാനിക്കപ്പെട്ട കുപാണികൾ തങ്ങടെ വീരധർമ്മത്തിന്നനുരൂപമായി പ്രയോഗിക്കുന്ന മുരജാദിവാദ്യനിർഘാതവും, വൈരിവീരരെ പോർക്കളത്തിൽ ജയിച്ചു പിടിച്ചടക്കിക്കൊണ്ടുവന്ന കരിവരന്മാരുടെ ഗർജ്ജിതവും, അരണ്യത്തിൽനിന്നടുത്തകാലത്തു കൊണ്ടുവന്ന മത്തമാതംഗങ്ങളുടെ ഗംഭീരനിനാദവും, പന്തികളിലെ

റും നില്ക്കുന്ന പടക്കുതിരകൾ രണകൃത്യഫലംപൂണ്ട പുറപ്പെടുവിക്കുന്ന ഹ്രേഷിതവും, അന്ത്യയാമത്തിൽ വേളാളന്മാർ വയലുകൾതോറും മുഴക്കുന്ന തടാരിപ്പറയുടെ നാദവും ഏകീകരിച്ചു കാർകണ്ട കടലിൻമുഴക്കമെന്നുള്ള ശങ്ക ജനിപ്പിച്ചിരുന്നതിനാൽ മുമ്പുണ്ടായിരുന്ന മനഃശ്ശല്യമെല്ലാം നീങ്ങി; കരയിൽ പുറംഭാഗത്തു കുരവകം, കൊങ്ങ്, വേങ്ങ, ചെറുപുന്ന, മഞ്ചാടി, മരുത്, ചെമ്പകം, പാതിരി മുതലായ പാടപേങ്ങളിടതിങ്ങി പൂത്തുനില്ക്കുന്നതു പൂന്തുകിലായും, ഉൾഭാഗത്തു കുരുക്കുത്തിമുല്ല, ചെമ്മുല്ല, കാക്ക, മല്ലിക, നറുന്താളി, കുടകപ്പാല മുതലായ പല വള്ളികളും ചെടികളും നിറഞ്ഞ പടർന്നു പൂത്തുനില്ക്കുന്നതിനാൽ കടിപ്രദേശത്തിൽ കാഞ്ചി അണിഞ്ഞതായും, വൃക്ഷലതാദികൾ വളർന്നു പൂത്തുനില്ക്കുന്നതും ഒഴുക്കിന്നുമദ്ധ്യേ ഏറ്റവും പരന്നുയർന്നു കിടക്കുന്നതുമായ തെളിഞ്ഞ മണൽക്കുന്നുകൾ ചുണങ്ങണിഞ്ഞ മുലയിണയായും, കരയിൽ നില്ക്കുന്ന മുരുക്കുമരങ്ങളിൽനിന്നു കൊഴിഞ്ഞ കുസുമദളങ്ങൾ അധരങ്ങളായും, അരുവികൾ വഴിയായൊഴുകിവന്നു ചേരുന്ന മുല്ലമലർ അലങ്കാരമായും, വിലങ്ങനെ മറിഞ്ഞു പാഞ്ഞുകൊണ്ടിരിക്കുന്ന കരുമത്സ്യങ്ങൾ കണ്ണുകളായും, ഇരുകരയോരങ്ങളിലും അലകളടിച്ചു നീക്കാതെ തങ്ങിനില്ക്കുന്ന മലർനിര പുരികക്കുന്തലാ

യും, ജനോപകാരകമാംവണ്ണം പല പൊരുളും
ഉൽപാദിപ്പിച്ചനുഭവിപ്പിച്ചും അത്യന്തം അനുകൂ
ലഗതിയോടും, കവിവരന്മാരുടെ നാവിന്നലങ്കാരമാ
യി, ആശ്രയിച്ചവക്കളവില്ലാതാനന്ദം നൽകുന്ന മ
ഹാലക്ഷ്മിയാണ്, 'വയ്യ'യെന്ന പേരായ പാണ്ഡ്യന്മാ
രുടെ കുലവനിത കണ്ണകിക്കു വരുവാൻപോകുന്ന ദുഃ
ഖത്തെ മുൻകൂട്ടായറിഞ്ഞതുപോലെ തന്മെക്കൊണ്ടു
പൂജിച്ചവക്കു പുണ്യഫലങ്ങളെ ദാനംചെയ്യുന്ന നാ
ന്മുക്കളാകുന്ന വസനത്താൽ തന്റെ അംഗം മുഴുവ
നും മൂടി തന്നിൽ നിറഞ്ഞൊഴുകുന്ന നീരിനെ പുറ
ത്തു കാണിച്ചിരുന്നാൽ അതു കണ്ടു സന്തപിച്ചേക്കു
മെന്നു കരുതി അന്തർഭാഗത്തിലടക്കുകയാൽ 'ഇതു ജ
ലമയമല്ല പുഷ്പമാണ്' എന്നു കരുതി എല്ലാ സ്ത്രീപു
രുഷന്മാരാലും വന്ദനംചെയ്യപ്പെടുന്നതും കഴുക്കോലി
ന്നു നിലയില്ലാത്തവിധം അഗാധവും യാത്രക്കാരായ
അനേകം ജനങ്ങളെ അശ്വമുഖങ്ങളും ഗജമുഖങ്ങളും
സിംഹമുഖങ്ങളും ആയ പലതരം ഓടങ്ങളിൽ മറുക
രയ്ക്കു കടത്തിവിടുന്നതും സർവ്വസാധാരണവുമായ ഘട്ട
ത്തിൽ ചെല്ലാതെ അതിന്നടുത്തുള്ള മറൊരു കട
വിൽചെന്നു ഒരു കെട്ടുമരത്തിൽ (മൂന്നു ചെറിയ മര
ത്തടികൾ അണച്ചു പാണ്ടിപോലെ കെട്ടിയ ഒരു ജ
ലയാനം. ഇതു് പൂർവ്വതീരത്തിൽ മത്സ്യോപജീവികൾ
ഇപ്പോഴും ഉപയോഗിച്ചുവരുന്നുണ്ടു്.) കയറി നറുമ

ലർനിരതിങ്ങുന്ന തരുലതകൾ നിറഞ്ഞുള്ള ദക്ഷി
ണതീരത്തിലണഞ്ഞു ജനബാഹുല്യം കുറഞ്ഞ ഒരു
ഭാഗത്തു ചെന്നുചേർന്ന്, ദേവന്മാരുടെ സാന്നിദ്ധ്യ
ത്തോടു കൂടിയ ഫാലാസ്യക്ഷേത്രസങ്കേതത്തിനു പ്ര
ദക്ഷിണമായ്പോകുന്നതു ശ്രേയസ്കരമാണെന്നുള്ള
ബോധത്താൽ കണ്ടകവനാവൃതമായ കിടങ്ങിനു പു
റമെ നടന്നുകൊണ്ട് അതിലുള്ള കമലനീലോല്പലകു
മുദങ്ങൾ കണ്ണികിരും കോവലന്നും വരുവാൻപോകു
ന്ന വിയോഗദുഃഖം തങ്ങൾ തിട്ടമായറിഞ്ഞിരിക്കുന്ന
തുപോലെ ഭ്രമരധ്വനിയാൽ രോദിക്കയും മകരന്ദ
സ്രുതിയാൽൽ കണ്ണുനീർ പൊഴിക്കയും തരംഗകമ്പ
നത്താൽ വിറയ്ക്കുകയും ചെയ്യുന്നതും, മാറാലർ നട
ങ്ങുംവണ്ണം പുറമതിലിന്റെ പാരത്തിൽ സ്ഥാ
പിച്ചിട്ടുള്ള കൊടികൾ, "നിങ്ങൾ ഈ നഗര
ത്തിൽ വരേണ്ട; ഒഴിഞ്ഞുപോകുവിൻ" എന്നുള്ള
ഹസ്തമുദ്ര ഇവരുടെ നേരെ കാണിക്കുന്നവിധം കാ
റിനാലിളകുന്നതും കണ്ടുകൊണ്ട്, നീർപക്ഷികൾ
നിറഞ്ഞു നേത്രാനന്ദകരങ്ങളായ തടാകങ്ങളും, വിള
നിലങ്ങളും, ചോലകളും, തെങ്ങ്, കവുങ്ങ്, വാഴ
മുതലായ ഫലവൃക്ഷങ്ങളും അനേകം തണ്ണീർപന്തൽ
കളും ചേർന്നു വിളങ്ങുന്നതും ആ പുരാതന പട്ടണ
ത്തിനു പുറത്തുള്ളതും ധർമ്മനിഷ്ഠന്മാരായ തപോധ
നന്മാരൊഴികെ മറ്റാരും വാസംചെയ്യാറില്ലാത്തതു

മായ ഒരു ഗ്രാമത്തിൽ ഉദ്ദിഷ്ടകാര്യപരതന്ത്രന്മാരായി ചെന്നുചേർന്നു.

പതിനാലാം ഗാഥ.

ഗ്രാമാന്തരക്കാഴ്ച

കോപലനും മറുള്ളവരും തങ്ങൾ എത്തിച്ചേർന്ന നാട്ടുപുറത്തുള്ള ജലാശയങ്ങളിലും തോട്ടങ്ങളിലും നെൽക്കതിർ ചാഞ്ഞുനില്ക്കുന്ന വയൽകളിലും കൂടികൊള്ളുന്ന പക്ഷികൾ ഉറക്കമുണർന്നു ശബ്ദിച്ചുതുടങ്ങി; രാത്രിയുടെ പിന്നും പ്രഭാതത്തിന്റെ മുന്നുമായ ആ സമയത്തു സരസ്സുകളിലുള്ള കമലമുകുളങ്ങളെ കരസമ്പർക്കത്താൽ വികസിതങ്ങളാക്കിത്തീർത്ത സർവ്വവന്ദ്യനായ ദിവസകരന്റെ മണ്ഡലം വൈരിഭ്രപാലന്മാരുടെ മസ്തകങ്ങൾ നട്ടുംമുഴുവണ്ണം കരവാൾ ചുഴറുന്ന പാണ്ഡിയനെപ്പോലെ പ്രതാപഭരിതമായുദിച്ചുയർന്നു ദേശങ്ങളെ ഉണർത്തി; ഫാലലോചനനായ പരമേശ്വരന്റേയും, ഗരുഡധ്വജനായ വിഷ്ണുവിന്റേയും, ഹലായുധനായ ബലദേവന്റേയും, കുക്കുടധ്വജനായ സുബ്രഹ്മണ്യന്റേയും

ക്ഷേത്രങ്ങളിലും, ഗൃഹസ്ഥധർമ്മികളുടേയും * സന്ന്യാസികളുടേയും ‡ വീരത്വവും അതിന്റെ ധർമ്മങ്ങളും പ്രകാശിക്കുന്ന രാജാക്കന്മാരുടേയും സദനങ്ങളിൽ യഥായോഗ്യം മാഹാത്മ്യമേറിയ പ്രഭാതത്തെ പ്രഖ്യാപനംചെയ്യുന്ന ശംഖമദ്ദളകാഹളദ്ധ്വനികൾ മുഴങ്ങി. കോവലൻ കവുന്തി അടികളെ വണങ്ങി സ്തുതിച്ചു, "തപോധനെ! ധർമ്മഭ്രഷ്ടന്മാരുടെ വൃത്തി കൈക്കൊണ്ടുള്ള ഞാൻ പേശലാംഗിയായ ഇവൾക്കു ഭയം ജനിക്കത്തക്കവണ്ണം മുമ്പു സ്വപ്നത്തിൽപോലും നിനയ്ക്കാത്ത ദേശത്തിൽ വന്നു പെരുവഴിനടന്നു ചുറ്റിത്തിരിഞ്ഞു മൂഢനായ്നിന്നിരിക്കുന്നു; ഈ മഹാനഗരത്തിലുള്ള വൈശ്യന്മാരോട് എന്റെ

---

* പതിവ്രതയായ പത്നിയോടുകൂടി ഗൃഹത്തിലിരിക്കുന്നവൻ ഗൃഹസ്ഥൻ—ഇവന്റെ ധർമ്മങ്ങൾ—മനു മുന്നാശ്രമികൾ, പിതൃക്കൾ, ദേവന്മാർ, മുനികൾ, അതിഥികൾ, ബന്ധുക്കൾ മുതലായവരെ പൂജിക്കുക, യജ്ഞംചെയ്ക, സുശീലനും കാരുണികനുമായിരിക്കുക മുതലായവയാകുന്നു

‡ പാമ്പു ചട്ടയഴിച്ചുകളയുംപോലെ ബാഹ്യമായും ആന്തരമായുമുള്ള ബന്ധങ്ങളെ പരിത്യജിച്ചു ജിതേന്ദ്രിയനായിരിക്കുന്നവൻ സന്ന്യാസി—ഇവന്റെ ധർമ്മങ്ങൾ—ചര്യാ, ക്രിയാ, യോഗം, ജ്ഞാനം. ചര്യാ=ഭിക്ഷാടനം മുതലായതു്. ക്രിയാ=പൂജ മുതലായതു്. യോഗം=യമം, നിയമം, ആസനം പ്രാണായാമം, പ്രത്യാഹാരം, ധ്യാനം, ധാരണം, സമാധി ഇങ്ങനെ അഷ്ടാംഗം.

സൂക്ഷ്മാവസ്ഥയറിവിച്ചു മടങ്ങിവരുമ്പോളും "ഇവർക്കു ദുഃഖം നേരിടാതെ കാത്തുകൊള്ളണം" എന്നു പറയുവാനാലോചിച്ചുകൊണ്ട് "ഇവർ ഭവൽപദ ശരണരായാണ്; ഇവർക്കിനി വല്ല ദുഃഖവുമുണ്ടോ?" എന്നു പറഞ്ഞു കൈകൂപ്പി.

അടികൾ പറഞ്ഞു:—"പൂർവ്വജന്മത്തിൽ ഏറ്റവും പുണ്യകർമ്മം ചെയ്തിട്ടുള്ള നീ അല്പം ദുഷ്കർമ്മവുംകൂടി ചെയ്തു പോയതിനാൽ ബന്ധുജനത്തെയും പിതൃരാർജ്ജിതമായ ധനസമ്പത്തിയേയും ഉപേക്ഷിച്ചു ഭാര്യാമാത്രസഹായനായി സങ്കടപ്പെടുന്നു; യൊതൊരുത്തരും യാതൊരു ജീവിയേയും പീഡിപ്പിക്കാതിരിപ്പിൻ; പരപീഡനത്തിന്റെ ഫലം ദുഃഖമാണ്." എന്നു ധർമ്മജ്ഞന്മാരായ മഹാത്മാക്കൾ യുക്തിയുക്തമായി നാവാകുന്ന കോലിനാൽ വായാകുന്ന പറയടിച്ചു മുഴക്കിയാലും സുകൃതം ക്ഷയിച്ചവർ അതിനെ ഗണ്യമാക്കാതെ വീണ്ടും ചെയ്യുന്ന ദുഷ്കൃത്തിന്റെ ഫലമനുഭവിക്കുമ്പോൾ തങ്ങടെ അജ്ഞതമൂലം ഏറ്റവും അശക്തന്മാരായി നശിച്ചു പോകുന്നു; വിജ്ഞേയങ്ങളായ വിഷയങ്ങളെ ഗ്രഹിച്ച വിബുധന്മാർ അനിവാര്യങ്ങളായ ദുഷ്കർമ്മഫലങ്ങളനുഭവിക്കേണ്ടിവരുമ്പോൾ അതിങ്കൽ അനുശോചിച്ചുകൊണ്ടലസന്മാരാകാതെ സ്വകർമ്മഫലമെന്നു കരുതിക്കൊള്ളും. അർത്ഥകാമങ്ങൾ അല്പ

മായ സുഖത്തിന്റെ ഫലമായി അനല്പമാകുന്ന ദുഃഖത്തെ ഉളവാക്കുന്നു. ധർമ്മം അല്പമായ ദുഃഖത്തിന്റെ ഫലമായി അനല്പമായ സുഖത്തെ നൽകുന്നു. അതായത്—സ്ത്രീസംയോഗം സാധിപ്പാനുദ്യമിക്കുന്നതും ദുഃഖം; പിന്നീടു വിയോഗം വരുമ്പോഴും ദുഃഖം; സംയോഗവിയോഗങ്ങളുടെ ദീർഘതയിൽ അനംഗനാലുള്ള താപം നേരിടുന്നതും ദുഃഖം; ഇങ്ങനെ കാമം സർവ്വഥാ ദുഃഖപ്രദമെന്നേ വരുന്നുള്ളൂ; അർത്ഥസമ്പാദനത്തിന്നായുള്ള പ്രയത്നവും ദുഃഖം; അതിന്നു നാശം വരുന്നതായാൽ അതും ദുഃഖം; ഇതു രണ്ടിന്നും നേരിടുന്ന കാലദൈർഘ്യത്താൽ അവയുടെ പരിണാമത്തിന്മേലുള്ള ജിജ്ഞാസയും ദുഃഖം; ഇങ്ങനെ അർത്ഥവും സർവ്വഥാ ദുഃഖപ്രദമെന്നേ വരുന്നുള്ളൂ. അതിനാൽ അർത്ഥകാമങ്ങളിൽനിന്നു ജന്യമായ സകലദുഃഖവും കാമിനീസക്തന്മാരായി മോഹിച്ചുഴലുന്നവരെ മാത്രമല്ലാതെ ബന്ധം നീങ്ങി ഏകാന്തവാസംചെയ്യുന്ന മനീഷികളെ ബാധിക്കുന്നതല്ല; ഇങ്ങനെയുള്ള ദുഃഖത്തെ സുഖഭാവനയോടെ കൈക്കൊണ്ടിരിക്കുന്നവർ അർത്ഥകാമജന്യങ്ങളായ താപങ്ങളാലുഴലുകയെന്നുള്ളത് ഇക്കാലത്തു മാത്രമല്ല; നീ തന്നെയുമല്ല; ഇതിന്നുമുമ്പും അനേകം പേരുണ്ടായിട്ടുണ്ട്. പിതൃനിയോഗംമൂലം പത്നിസമേതനായി വനവാസംചെ

യുമ്പോൾ അവളുടെ വിരഹത്താൽ ദുഃഖിച്ചവൻ വേടത്തിന്നാധാരഭൂതനായ വിധിയെ ഭയന്നവനാണെന്നു ലോകം മുഴുവനും അറിഞ്ഞിരിക്കെ നീ അറിവീലയോ? അതു ലോകപ്രസിദ്ധമായ പുരാണകഥയല്ലെ? നളൻ മുന്നം പുഷ്കരനോടു ചൂതിൽ തോറു ഭ്രമിയും രാജ്യാധികാരവും വെടിഞ്ഞു ഭാര്യാസമേതം ഘോരമായ കാനനത്തിൽ പുക്കുഴലുമ്പോൾ മറെറാന്നിന്മേൽ ആശ ജനിച്ചതുകൊണ്ടല്ല അവളെ പിരിഞ്ഞുപോയത്; അവളും ഏകാകിനിയായ്തീർന്നതിനാൽ ഇളച്ചു പോകുന്നവളല്ല; എങ്കിലും കൊടുങ്കാറിൽ ക്രൂരരുളിൽ ഉറങ്ങിക്കിടക്കുമ്പോൾ ഉപേക്ഷിച്ചുപോയതു ജന്മാന്തരപാപപരിണാമമല്ലാതെ അവൾ വല്ല പിഴയും ചെയ്തിട്ടുണ്ടോ? ഇവരിൽ ഒന്നാമൻ ദേവോത്തമനും രണ്ടാമൻ നരോത്തമനുമല്ലേ? ഇങ്ങനെ പല ആധിക്കും പാത്രമായിരിക്കയാൽ നീ അവരോടു തുല്യനെന്നിരിക്കിലും ഒരു കായ്യത്തിൽ നീ അവരേക്കാൾ മേന്മയുള്ളവനാണ്; എന്തെന്നാൽ നിന്നെ പ്രേയസി നിന്നെ പിരിയാതെ വാഴുന്നുവല്ലോ. ഇനി ഇങ്ങനെ അഴൽ പിണഞ്ഞുഴലാതെ നഗരത്തിൽ ചെന്നു ജാപകനിഷ്ഠ ചെയ്തുകൊണ്ടിരിപ്പാൻ തക്കതായ ഒരു നിലയം ഇന്നതെന്നു നോക്കിക്കണ്ടുവരിക" എന്നു പറഞ്ഞു.

ഇതുകേട്ട കോവലൻ വേലിക്കകമെയുള്ള പുറങ്കാട്ടിന്നുംഭാഗമായി നഗരത്തെ ചുറ്റി നീരാഴത്തോട്ടം പരപ്പോട്ടം കിടക്കുന്ന കിടങ്ങിലേക്ക് ആനക്കുട്ടത്തിന്നുപോവാനായി കല്ലുപടുത്തിറക്കീട്ടുള്ള തെരുവിൽ കൂടെ ഉന്നതമായ കോട്ടവാതിൽ കാക്കുന്ന ഖഡ്ഗപാണികളായ യവനന്മാരാൽ ശങ്കിക്കപ്പെടാതെ അകത്തു കടന്ന് അനഘ്ഘങ്ങളായ മണിഭ്രഷണങ്ങൾ സംഭരിച്ചിട്ടുള്ള സഹസ്രാക്ഷന്റെ ആഭരണപ്പെട്ടകം തുറന്നുവെച്ചതുപോലെ വിളങ്ങുന്ന പ്രാകാരവലയത്തോടുകൂടിയ അകനഗരത്തിൽ ചെന്നു. കൊടുതായ കോടക്കാറടിച്ച മേടകളിൽ നിറുത്തീട്ടുള്ള കൊടികൾ പറിഞ്ഞു വീഴുന്ന ഈ ആഷാഢമാസത്തിൽ ആ നഗരത്തിലുള്ള വേശ്യകൾ സമ്പന്നന്മാരായ തങ്ങടെ കാമുകന്മാരോടൊത്തു പൂണ്ണമായി പ്രവഹിച്ചു കൊണ്ടിരിക്കുന്ന വൈഗയാറ്റിൽ വിചിത്രങ്ങളായ ബോട്ടുകളിലും തോണികളിലും കയറിയും പൊരുമുളത്തുണ്ടുകളെ തഴവി നീന്തിയും ഉയന്നു പരന്ന തുമണൽ നിരന്നുള്ള പുളിനങ്ങളിലേക്കു ചെന്നു ജലക്രീഡ ചെയ്യുന്നു; ഇന്ദീവരം കമലം മുല്ലയെന്നീ പ്രസൂനങ്ങളെ കൊണ്ടകളിൽ (മുടിക്കെട്ടുകളിൽ) തൊങ്ങിച്ചൂടി മല്ലികപ്പൂവും ചെങ്കഴുനീർപൂവിൻദളങ്ങളും ചേർത്തുകെട്ടിയ കൊണ്ടമാലയും കൊക്കയിൽ (പാണ്ഡ്യരാജധാ

നി-ഇതിന്നരികെയുള്ള കടലിൽ ഉയന്നതരം മുത്തു ലഭിക്കുന്നു). വിളഞ്ഞ പെരുമുത്തുകളാൽ നിമ്മിച്ച ഹാരവും കണ്ണത്തിലണിഞ്ഞും, സ്വാംഗം മാലേയപങ്കലേപനമാചരിച്ചും, നഗരത്തിന്നു സമീപം സുവർണ്ണക്കൊടികളിണങ്ങുന്ന ലവന്തികോദ്യാനത്തിൽവിനോദിക്കുന്നു; ഇങ്ങനെ ജലക്രീഡയും ഉദ്യാനലീലയുംകൊണ്ടു തങ്ങടെ കാമുകന്മാക്ക സംതൃപ്തി നൽകിയ വാരാംഗനകൾ അവരോടൊത്തു മടങ്ങിവന്നു നിലാമുറ്റങ്ങളിലുള്ള കുസുമതല്പങ്ങളിന്മേൽ കൌതുഹലംപൂണ്ടു വിശ്രമിക്കുന്നു. ചുവന്ന പട്ടപ്പുഞ്ചേലയുടുത്തു ചികുരഭാരത്തിൽ ചെങ്കുടജപ്പൂവും പാണ്ടിയന്റെ ചെറുമലയിലുണ്ടാക്കിയ നറുങ്കൈതപ്പൂവും ചൂടി, കൊങ്കത്തടങ്ങളിൽ കുങ്കുമനിറമാന്ന രക്തചന്ദനം പൂശി സുഗന്ധച്ചൂണ്ണവുമണിഞ്ഞു ചെങ്കൊടി വേലിപ്പത്തൊടുത്തു പവിഴത്തുണ്ടുകളിടചേർത്തു രചിച്ച കൊണ്ടമാല ചാർത്തി, പവ്വതപക്ഷച്ഛേദിയായ പാകശാസനനും പ്രദർശിപ്പിപ്പാൻ വർഷാകാലമന്നവൻ മന്ദമാരുതനോടുകൂടി വരുന്ന കാലവും, ശില്പശാസ്ത്രവിദഗ്ദ്ധന്മാരാൽ മനോഹരമാമ്മാറു നിമ്മിക്കപ്പെട്ട മേഘമണ്ഡലവ്യാപികളായ മാടങ്ങളിൽ കപ്പൽമാർഗ്ഗമായ്വന്നിറങ്ങിയ അകിൽ വിറകു കത്തിച്ചു മത്സ്യാകാരങ്ങളായ ദാരവിശേഷങ്ങളോടുകൂടിയ വാതായനങ്ങളെ ബന്ധിച്ചു കാ

മുകന്മാരോടുകൂടി ശീതബാധ പോക്കി വരുന്ന കുളിക്കാലവും, തരുണീതരുണന്മാർ വരാന്തകളിലിരുന്ന് ഇളവെയിൽ കായുവാൻ തക്കവണ്ണം മരീചിമാലാമേദുരിതമായ ദിവസകരമണ്ഡലം ദക്ഷിണായനത്തിൽ വരുന്നതും ശാരദപയോധരങ്ങൾ നഭോമണ്ഡലത്തിൽ നിരന്നു കാണുന്നതുമായ ശരല്ലാലവും മറ്റൊവിടത്തിലുണ്ട്? അതുമല്ല കിഴക്കൻ ദിക്കിലുള്ള തൊണ്ടി (ചോഴവംശീയന്മാരുടെ വസതി) നഗരത്തിലെ ഓരോ നാട്ടരാജാക്കന്മാർ തിറ(രാജഭോഗം) കൽകിയ അകിൽ ചന്ദനം കർപ്പൂരം മുതലായ സുഗന്ധദ്രവ്യങ്ങളെ വെവ്വേറായി വഹിച്ചിരുന്ന പടവുകളെ നദീമാർഗ്ഗമായി നയിപ്പാൻ സഹകരിക്കുന്ന കൊണ്ടൽകാറെന്ന സഖാവോടുകൂടി പാണ്ഡ്യന്റെ മധുരാപുരിപുകി കാമദേവന്റെ കാമ്പുകത്തെ സംബന്ധിച്ചുള്ള വിജയോത്സവം കൊണ്ടാടുമാറുള്ളതും, ഫാൽഗുനമാസാന്തംവരേക്കുമുള്ളതും ഉത്തരഹേമന്തമെന്നുകൂടെ പ്രസിദ്ധിയുള്ളതുമായ ശിശിരകാലമഹിപതി മറ്റൊവിടെയുണ്ട്? മലർനിരയണിയും മാധവിക്കാക്കമിയലും വണ്ണം കാവും കാനനവും പൂക്കളാൽ നിറഞ്ഞു പാണ്ടിയന്റെ അഗസ്ത്യകൂടോത്ഭവനായ ദക്ഷിണപവനനോടുകൂടെ ആ മന്നവന്റെ നഗരങ്ങളിൽ പ്രവേശിച്ചു കാമിനീകദംബം തങ്ങടെ പ്രിയജനത്തെ

തഴവിമരുവുമാറാക്കും മനോഹരനായ ഇളവേനലാ
കുമന്നവൻ മറ്റൊരിടെയുണ്ട്? ഇപ്രകാരം പെൺ
കൊടികൾ തങ്ങടെ കാമുകന്മാരോടുംകൂടി അതാതു
സുഖഭോഗങ്ങളിൽ ആസക്തചിത്തകളായി വർഷാ
കാലത്തേയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയെന്നുള്ള
അസ്വാസ്ഥ്യത്തിൽനിന്നു വിമുക്തകളായി.

കളഭങ്ങളും കുറിണികളും ചേർന്നു കുഴയാന
ത്തലവനാൽ നയിക്കപ്പെടുന്ന കുഞ്ജരയൂഥങ്ങൾ,
കുണ്ടു കുരൽ നടുങ്ങുംവണ്ണം കടുംവെയിൽ പടർന്ന മ
ലനാട്ടിലുള്ള കാടെങ്ങും തീപ്പുറിയെരിയുംപോലെ
കഠോരമായ ഉഷ്ണാവുളവാക്കി നിസ്സ്വതാം വാണി
രുന്ന വേനലാകുന്ന നരവരൻ തനിക്കെഴുന്നരുളുണ്ട
തായ മറു ഭ്രഭോഗങ്ങളിലേക്കു മാറിച്ചെല്ലുവാനൊരു
ങ്ങിയിരിക്കുന്ന ഒടുവിലത്തെ ദിവസം രഥം, അന്തോ
ളം, ശിബിക എന്നിവയ്ക്കും പുറമെ രാജകീയോദ്യാ
നത്തിൽ രാജാവിനൊപ്പം മെയ്യോടുമെയ്യണച്ചു വി
നോദിച്ചിരുന്ന സുഖിക്കുവാനുള്ള അന്തഃപുരവും
കൈവളസ്സഞ്ചി (വെറിലസ്സഞ്ചി) ചാമരം ഉട
വാൾ എന്നീ വിരുതുകളും ലഭിച്ചിരിക്കുകയാൽ ആ
ബിരുദസമ്പത്തിക്കൊരുനാളും ഭംഗം വരുത്താതെ
നാൾതോറും പുതിയ പുരുഷന്മാരോടിണങ്ങി അവ
രുടെ സംഭോഗത്താലുണ്ടായ ശ്രമം നീങ്ങി മദം ജ
നിപ്പാൻ പരിചാരികമാർ പൊൻകിണ്ടികളിലേ

ന്തിയിരിക്കുന്നതും കണ്ണിനും നാവിനും രുചിക്കത്ത
ക്കതുമായ മദ്യം കുടിച്ചു വീണ്ടും മയങ്ങിയ കൺപോ
ളകളിൽ മറഞ്ഞ മിഴികളെ പുഷ്പദളങ്ങളിൽ മറ
ഞ്ഞ തങ്ങടെ വഴ്ചികളെന്നു കരുതി വന്നടുത്ത മത്ത
ഭംഗപംക്തിയെ അവരണിഞ്ഞിരുന്ന മാലകളറു
ത്തെടുത്തു് അവകൊണ്ടടിച്ചകറ്റുവാൻ കരുതുകയും
ആലസ്യംമൂലം അവ കയ്യിൽനിന്നുവഴുതിപ്പോകയും
ചെയ്തു് അവയില്ലാത്തേടത്തു കൊള്ളുകയാൽ മൂ
ന്നു വിരഹകാലത്തിൽ പൂളപ്പൂവിതളിനൊത്ത
ചോരിവായിൽ ഇളമുത്തുപോലുള്ള ദന്തങ്ങൾകൊ
ണ്ടു രമണന്മാരെ ദംശിച്ച അപരാധം അവിസ്മ
തമായിരുന്നതിനാൽ അതിനെപ്പറ്റി പറയുവാൻ
കരുതിയിരുന്ന ആശയങ്ങൾ വെളിപ്പെടുത്തുവാൻ
വഹിയാതെ ഇടറിപ്പോയതുമൂലം ശ്രോതാക്കൾക്കു
പരിഹാസജനകമായ വചനവും, ചെങ്കഴനീർപൂ
വിന്റെ നീരിൽ പടിഞ്ഞു കിടക്കുന്ന കീഴിതൾ
ക്കൊത്ത മീനായതലോചനങ്ങളിൽ ആരുണ്യവ്യാ
പ്തിയും, കലച്ച വില്ലിനൊടൊപ്പം വളഞ്ഞ പുരിക
ക്കൊടിയും, ചെറുതിലകമണിഞ്ഞും ഘമ്മ്ബിന്നു
ക്കളൽഗമിച്ചുമിരിക്കുന്ന നിടിലത്തടവുമിണങ്ങിയ
മടവാർമണികളാൽ വിലസുന്ന വീഥികളും, അവ
രുടെ ഭാവഭേദം നീങ്ങി യഥാസ്ഥിതിയെ പ്രാപിച്ചു
കാണ്മാൻ കൊതിച്ചു വികലമാനസന്മാരായ് മേവു

ന്ന സമ്പന്നന്മാരായ കുലീനന്മാക്കെന്നപോലെ മ
ഹീതലം കാക്കും മനുജേന്ദ്രന്മാക്കും സ്പൃഹണീയ
ങ്ങളായിരിക്കുന്നു. ജനങ്ങൾ അരചന്റെ ആജ്ഞാ
ബലത്താൽ ചുട്ടമൺ ചുമക്കുക * യെന്നുള്ള അപ
രാധം ബാധിക്കാത്ത വസതികളിൽ സന്തുഷ്ടിപൂണ്ടു
വാഴുന്നു. താളനിർണ്ണയത്തോടെ പിഴവരാത്ത
വിധത്തിലാടുന്ന വേത്തിയൽ പൊതുവിയലെന്ന
രണ്ടു പ്രഹസനങ്ങളും, എട്ടുപ്രകാരത്തിലുള്ള വരി
ക്കൂത്തുകളും, താളങ്ങളും, തുക്കുകളും, ഇവയ്ക്കിണ
ങ്ങിയ മദ്ദളം, ഉടുക്ക്, ഇടക്ക, സല്ലിക എന്നീ നാ
ലു ചർമ്മവാദ്യങ്ങളും, ഗ്രഹിച്ചും നില്പിലും നടപ്പി
ലും ഇരിപ്പിലും കിടപ്പിലുമായുള്ള നാലു വക അഭി
നയത്തിലും സപ്തസ്വരസ്ഥാനങ്ങളിലും നൈപു
ണ്യം ലഭിച്ചുമിരിക്കുന്ന തലക്കോൽ വഹിച്ചവരും,
വാരം പാടുന്നതിൽ വൈദഗ്ധ്യമുള്ളവരും, തലപ്പാ
ട്ടും ഇടപ്പാട്ടും പാടുന്നവർ, എന്നീ നാലുവർഗ്ഗക്കാ
രുംപ്പെടെയുള്ള സകല വേശ്യകളും തങ്ങടെ നൃത്ത
ഗീതാദികളിലുള്ള നൈപുണ്യത്തിന്നനുസരിച്ചു നാ
ളൊന്നുക്ക് ഒരു കഴഞ്ചു മുതൽ ആയിരത്തെട്ടു കഴ
ഞ്ചുവരെ തുക്കമുള്ള സുവർണ്ണം തങ്ങളെ കാമിച്ചു വ
രുന്ന പുരുഷന്മാർ നൽകേണമെന്ന നിയമം വിടാ

---

* കുടിക്കുറത്തിന്നു ഏഴു ചെങ്കൽ ചുമപ്പിച്ചു നഗരപ്രദ
ക്ഷിണം ചെയ്യിച്ചു പുറത്താക്കുക

തെ അടുത്തു കൂടുന്ന കാമിജനങ്ങളുടെ അകക്കാമ്പിൽ അല്ലലുളവാക്കി, അപ്സരസ്സുദൃശികളായ തങ്ങളുടെ കടാക്ഷവലയിലകപ്പെടുന്ന താപസന്മാരായാലും, വിരിഞ്ഞ പുഷ്പങ്ങൾതോറും ചെന്നു മധുപാനം ചെയ്തു പിന്നീടു തിരിഞ്ഞു നോക്കാതെ മടങ്ങുന്ന വണ്ടുകളെപ്പോലെ ഒരിടത്തും തങ്ങാതെ പുതിയ പുതിയ ഓരോന്നിനെ പുണർന്നുകൊണ്ടുഴലുന്ന വിടന്മാരായാലും, കാമലീലാസുഖത്തെ ഇടംപ്രഥമമായി അനുഭവിപ്പാൻ തുനിഞ്ഞൊരുങ്ങിയ അനഭിജ്ഞന്മാരായാലും, അവരുടെ വിദ്യാവിനയാദികൾ മന്ദീഭവിക്കത്തക്കവണ്ണം വശമാക്കി നാൾതോറും സംഭോഗപാരവശ്യസുഖത്തോടെ നിദ്ര ചെയ്യിച്ചുവെച്ചുകൊണ്ടിരിക്കത്തക്ക പാടവത്തോടും, സുഭോഷിതങ്ങളെ അവഗണിച്ചുകൊണ്ടുള്ള വാങ്മാധുര്യത്തോടും ചതുഷ്ഷഷ്ടികലാജ്ഞാനത്തോടും കൂടിയ അവിവാഹിതവേശ്യാജനവസതികളായ വീഥികളും രമണീയങ്ങൾ തന്നെ.

കരുവാന്മാരുടെ പണി, രഥനിർമ്മാണം, രഥങ്ങൾക്കുള്ള രത്നസ്ഥാപികൾ, കവചങ്ങൾ, മണിമയങ്ങളായ ആനത്തോട്ടികൾ, ചർമ്മമയങ്ങളായ കയ്യുറകൾ, രോഗഹരങ്ങളായ അരപ്പട്ടകൾ, അരവളയങ്ങൾ, വെൺചാമരങ്ങൾ, പന്നിമുഖപ്പരിചകൾ, തോൽവാറുകൾ, തോൽപരിചകൾ, വന്യ

വസ്തുചിത്രിതങ്ങളായ പരിചകളും, ആയുധശാലാകകളും, ചെമ്പുപണികളും, പൊങ്കലപ്പണികളും, കയറുപിരിക്കൽ, നാനാത്രുപഹാരനിർമ്മാണം, ഈച്ചവാളം മുതലായ ആയുധപ്പണികളും, ദന്തപ്പണികളും, ധൂപദ്രവ്യനിർമ്മാണം, പലവക ചാണ്ടുകളുടെ കൂട്ടുകളും, മാല്യവിശേഷനിർമ്മാണം, ഇവയെല്ലാം ഇന്നിന്നതുകൊണ്ടുള്ള ഉപയോഗം ഇന്നിന്നതെന്നറിവാൻ കഴിയാത്തവിധം അപരിമിതമായി തീർന്നു മന്നവന്മാർക്കുപോലും സ്പൃഹണീയങ്ങളായ ആഭരണങ്ങളും എല്ലാ ജനങ്ങളുടെയും ഹൃദയത്തെ ആകർഷിക്കുന്നു. പ്രമാണപ്രോക്തങ്ങളായ കാകപാദം, കളങ്കം, ബിന്ദു, രേഖയെന്നിനാലുകുററങ്ങളും നീങ്ങി എട്ടുപട്ടം, ആറുകോടി, ധരാ, ശുദ്ധി, നീരോട്ടം എന്നീ അഞ്ചു ഗുണങ്ങളോടും ശുക്ലരക്തഹരിതകൃഷ്ണവർണ്ണങ്ങളാൽ ഗ്രാഹ്യങ്ങളായ ബ്രാഹ്മണാദി നാലു വർണ്ണഭേദത്തോടും ഇന്ദ്രചാപസന്നിഭമായ കളിയോടും കൂടിയ വൈരമണിഭേദങ്ങളും, രേഖ, ധാര, കാർഷ്ണ്യം എന്ന മൂന്നു ദോഷങ്ങളില്ലാതെ സ്നിഗ്ധതയും സൌമ്യമായ കാന്തിപ്രസാരവുമുള്ള മരതകരത്നവിശേഷങ്ങളും പദ്മം, നീലം, കുവിന്ദം, പടിതം ഇങ്ങനെ നാലു ജാതി മാണിക്യവർഗ്ഗവും പൂയംനക്ഷത്രത്തിന്റെ ആകാരത്തിൽ പൊൻകട്ടിപോലെ തിളങ്ങുന്ന പുഷ്യരാഗവർഗ്ഗവും, സൂര്യപ്രഭമെന്നും മ

ധുബിന്ദുപ്രതിമമെന്നും വ്യവഹരിക്കപ്പെട്ടനാ വൈ
ഡൂര്യവർഗ്ഗവും, ഇരുളിനു തെളിമ വന്നുഭവിച്ച വിധ
ത്തിലുള്ള നീലരത്നവിശേഷങ്ങളും, രക്തപീതവർണ്ണ
ങ്ങളാൽ മിശ്രിതമായ ഗോമേദകജാതിയും, ഒരു
വർഗ്ഗത്തിലുൽഭവിച്ച മാണിക്യം, പുഷ്യരാഗം, നീലം,
ഗോമേദകം, വൈഡൂര്യമെന്ന അഞ്ചുവർഗ്ഗത്തി
ന്റെയും ശോഭകൊള്ളുന്ന മണികളും, കാറിൽ
നിന്നും കല്ലിൽനിന്നും മണ്ണിൽനിന്നും നീരിൽനി
ന്നും ഉണ്ടായി അവസ്തുള്ള ദോഷങ്ങളാം അണുപോ
ലും പിന്നയാതെ തെളിമ കലർന്ന കാന്തിയോടും ശു
ക്രസോമന്മാരെപ്പോലെ ധവളവും അംഗാരകനെ
പ്പോലെ ലോഹിതവുമായ ആദ്രപ്രഭയോടെ ഗോ
ളാകാരമായ മുക്താവർഗ്ഗവും, ഉത്ഭവത്തിൽതന്നെ
തുളയും കല്ലിടുക്കിലിരുന്നിപ്പോയതിനാലുള്ള മൂട
ക്കും, വളവും പിരിവുമെന്നീവിധം കുറവുകളില്ലാ
ത്ത ശുദ്ധരക്തവർണ്ണമായി തെറ്റെന്നുരുണ്ട നീ
ണ്ട കൊടിപ്പവിഴവർഗ്ഗവും ഇവയുടെ ഉല്പത്തി മു
തൽ ഗുണസമ്പൂർത്തിവരെക്കുമുണ്ടാകാവുന്ന ഭേദങ്ങ
ളെ ഗ്രഹിക്കുന്നതിൽ വിദഗ്ദ്ധന്മാരായ വണി
ഗ്വരന്മാരാൽ സംഭരിക്കപ്പെട്ടിരിക്കയാൽ എത്ര
യും വിശേഷമായി വ്യാപാരം നടക്കുന്നതും ചോ
രണമെന്നതു ഒരു കാലത്തും നടന്നു കണ്ടിട്ടില്ലാ
ത്തതുമായ രത്നവ്യാപാരവീഥിയും രമ്യമായിരിക്കു

ന്നു. ജാംബൂനദം, ജാതരൂപം, ശുകപത്രം, ഹാടകം, എന്നീ നാലു സംജ്ഞകൊണ്ടു പ്രസിദ്ധങ്ങളായ സുവർണ്ണഭേദങ്ങൾ ഏതേതു ശാലകളിൽ ഏതേതു ജാതിയാണുള്ളതെന്നറിയുന്നതിലുള്ള ആയാസമൊഴിക്കത്തക്കവണ്ണം ഇന്നതുതന്നെ ഇന്നജാതിപ്പൊന്നുതന്നെന്നറിയിപ്പാൻ അവിടവിടെ കൊടികൾ നാട്ടി പരിഷ്കരിച്ചിട്ടുള്ള സുവർണ്ണവ്യാപാരശാലകളും, പരുത്തികൊണ്ടും ഏലിരോമംകൊണ്ടും പട്ടുകൊണ്ടും നിർമ്മിച്ചിരിക്കുന്ന ഏറ്റവും നേരിയ ചരക്കുകൾ നൂറുകണക്കായി അടുക്കി നിരത്തിവെച്ചിട്ടുള്ള വസ്ത്രവ്യാപാരശാലകളും, തൂക്കുവാൻ വെള്ളിത്തുലാസും അളക്കുവാൻ പറയും, മരക്കാലും കൈക്കൊണ്ടിരിക്കുന്ന തരകുകാർ നിന്നേടത്തു നില്ക്കാതെ എപ്പോഴും ഓടിനടന്നുകൊണ്ടിരിക്കത്തക്കവണ്ണം മുളകുപൊതികളും അടയ്ക്കക്കെട്ടുകളും തൂക്കിയെടുപ്പാനുള്ള മറ്റു സാമാനക്കെട്ടുകളും ഈരണ്ടു കുലവഴിയും * കുമിഞ്ഞുകിടക്കുന്ന കുലവ്യാപാരിവീഥിയും, ബ്രാഹ്മണൻ, ക്ഷത്രിയൻ, വാണികൻ, വേളാളൻ എന്ന നാലു വർണ്ണങ്ങളും വെവ്വേറെ വാസംചെയ്യുന്ന തെരുവുകളും, മൂന്നും

---

* നെല്ല്, പുല്ല് = ഒരു ധാന്യം, വരക്, തിന, ചാമ, ചോളം, തോര, കോറ, ഇവ എട്ടും എള്ള്, കൊള്ള്, പയർ, ഉഴുന്ന്, അവര, കടല, തുവര, മുതിര ഇവയെട്ടുംകൂടി കുലം പതിനാറ്.

നാലുംകൂടിയ മാർഗ്ഗസന്ധികളും, കോവിലങ്ങാടിയും, ബലികൊള്ളുന്ന കാവുകളും, രഥവീഥികളുമെന്നീ ഭാഗങ്ങളിൽ ആകാശമദ്ധ്യത്തിൽ ദ്രുതഗതിയിൽ പോകുന്ന ആദിത്യന്റെ കഠോരകിരണങ്ങൾപോലും നിലത്തു പതിക്കാത്തവിധം പുതുതു പുതുതായുയർത്തിക്കെട്ടീട്ടുള്ള ചെറുതും വലുതുമായ പതാകകളാകുന്ന പന്തലിൻകീഴിൽ മന്നോർവരന്റെ മഹാനഗരിയെ ചുറ്റിനടന്നുകണ്ടു കൌതുഹലംകൊണ്ടു താൻ കരുതിവന്നപ്രകാരം കരു വാസസ്ഥലം കണ്ടുനിശ്ചയിക്കേണമെന്നുള്ളതിനെ വിസ്മരിച്ചു കോവലൻ മടങ്ങിപ്പോന്നു.

പതിനഞ്ചാം ഗാഥ.

ശരണാഗതി.

തങ്ങടെ ഭൂമിയിൽ നാനാത്രുപങ്ങളായ സമ്പത്തുകളും വിളഞ്ഞുണ്ടാകത്തക്ക നിലയിൽ ധർമ്മത്തെ നടത്തിവരുന്ന പാണ്ഡ്യഭൂപന്മാരുടെ പുകഴ് പെരുകുന്ന ആജ്ഞാശക്തിക്കും പ്രജാരക്ഷയ്ക്കും സേനാബലത്തിനുമുള്ള വൈശിഷ്ട്യം കരു കാലത്തും വിട്ടുമാറി പോയതായി അറിവില്ലാത്ത മധുരാനഗരി

യെ കണ്ട കോവലൻ ആ നഗരത്തിന്റെ പരിപാവനസ്ഥിതിയെ അന്യന്മാക്കുപദേശിക്കുന്ന വേദിയന്മാർ വാസംചെയ്യുന്നതും പുറമതിൽ ചുറ്റിലുള്ളതുമായ പുരാതനഗ്രാമത്തിൽ തപോധനന്മാരിരുന്നരുളുന്ന ആലയത്തിൽ ചെന്നു നിർദ്ദോഷമായ ആ നഗരത്തിന്റെ മഹിമയെ കവുന്തിയടികളോടു പറയുമ്പോൾ 'തലച്ചങ്കാട്ട്' * എന്ന ഗ്രാമത്തിലെ നിവാസിയും നാലുവേദങ്ങളുമോതി നിപുണനെന്നു കീർത്തിലഭിച്ച വേദജ്ഞാത്തമനുമായ മാടലനെന്ന വെദിയൻ അഗസ്ത്യാവാസമായ സഹ്യപർവ്വതത്തെ വലംവെച്ചു കുമരിയാറിൽ യഥാവിധി തീർത്ഥമാടി തന്റെ കുടുംബങ്ങളിരിക്കുന്നേടത്തേയ്ക്കു മടങ്ങിവരുമ്പോൾ അദ്ധ്വശ്രമശമനത്തിന്നായി കവുന്തിയടികളിരിക്കുന്ന ആലയത്തിൽ ചെല്ലുകയും കോവലൻ അരികെ ചെന്നു വണങ്ങുകയും ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു.

ചോഴൻ കരികാലൻ കൊടുത്ത നത്തകീതിലകസ്ഥാനംമൂലം മേന്മയും പ്രസിദ്ധിയുമുള്ള മഹിളാമണിയായ മാധവി തനിക്കനുരൂപിയായ ഒരു ബാലികയെ പ്രസവിച്ചു ബാലായ്മ കഴിഞ്ഞതിന്നശേഷം ചിത്രാവതി മുതലായ വൃദ്ധവേശ്യാജനം, 'മാധവിയു

* കാവിരിപട്ടണത്തിന്നു തെക്കുപടിഞ്ഞാറായി നാലു നാഴിക ദൂരത്തിലുള്ളതു്.

ടെ മകൾക്കു നാമകരണം ചെയ്യണം' എന്നു സന്തോഷാവഹമായ വാക്യം കേട്ടു, മുൻകാലത്തു പെരുങ്കടലിൽ ഇരുളുടഞ്ഞ ഒരു രാത്രിയിൽ താൻ കയറിയിരുന്ന മരക്കലം ഉടഞ്ഞുപോകയാൽ നമ്മുടെ പൂർവ്വപിതാമഹൻ മുൻജന്മത്തിൽ പുണ്യവും ദാനധർമ്മങ്ങളും ചെയ്തിരുന്നതിനാൽ ഒരേടത്തും തനിക്കപായം നേരിടാതെ ആ കടലിൽതന്നെ ഏതാനും നാൾ നീന്തിക്കൊണ്ടിരിക്കുമ്പോൾ ഒരു ദേവി ആവിർഭവിച്ചു, 'ഈ ദ്വീപിലുള്ളവരെ രാക്ഷസർ ബാധിക്കാത്തവിധം മഹേന്ദ്രാജ്ഞയാൽ കാത്തുരക്ഷിച്ചുവരുന്ന ഞാൻ നിന്റെ ദുഃഖംകണ്ടു് അതിൽനിന്നു രക്ഷപ്പെടുത്തുവാൻ വന്നിരിക്കയാണു്; ഇനി ഭയപ്പെടേണ്ട; എന്റെ നാമധേയം 'മണിമേഖല' യെന്നാണു്; എന്റെ സഹായമില്ലെങ്കിലും നീ മുമ്പുചെയ്ത സുകൃതസഞ്ചയം നിന്നെ വിട്ടൊഴിയുന്നതല്ല; ആകയാൽ നീ ഈ കടലിൽനിന്നു കരേറുക;' എന്നരചെയ്തു തന്റെ വിദ്യാശക്തിയാൽ ഒരു മണൽത്തിട്ടിൽ കരേറി ആടൽതീർത്ത നമ്മുടെ കുലദൈവത്തിന്റെ പേർ വിളിക്കുവിൻ' എന്നു പറയുകയും അനേകം ഗണികമാർക്കുടി 'മണിമേഖല' എന്നു നാമകരണംചെയ്തു നരപതിയേയും നഗരത്തേയും വാഴ്ത്തുകയുംചെയ്ത ആ ദിവസത്തിൽ നീ മാധവിയോടുംകൂടി വിപ്രന്മാർക്കു കനകവഷ്ടം ചെയ്തുകൊ

ണ്ടിരിക്കുമ്പോൾ മോക്ഷസാധനമായ ജ്ഞാനത്തിന്റെ നിലയനമായ ഒരു ബ്രാഹ്മണൻ തന്റെ മുമ്പിൽ ഭൂഗാത്രനായി കാൽ തളർന്നു വടിയൂന്നി നടന്നുകൊണ്ടു ദാനം വാങ്ങുവാനൊരുങ്ങിവരികയായിരുന്നു; നിഷാദിക്കു കീഴടങ്ങാതെ നാലുപാടും ഭ്രമിച്ചുനൊക്കിക്കൊണ്ടു മദവേഗത്തോടുകൂടി വരുന്ന ഒരു ഗജം കോപാന്ധമായി ആ ബ്രാഹ്മണനെ പിടികൂടി; ആ സമയം അദ്ദേഹത്തെ വിടുവിപ്പാനായി ആനയോടു രത്തുകൊണ്ടടുത്തു് അതിന്റെ കയ്യിൽനിന്നു് ആ ന്തണനെ വേർപെടുത്തിയ അവസരത്തിൽ നീ അതിന്റെ കയ്യിലകപ്പെട്ടു; ഉടനെ പരുത്ത തുമ്പിക്കരത്തിന്റെ ബന്ധമൊഴിച്ചു കൊമ്പുകൾക്കിടയിലൊതുങ്ങി അവയിൽ ചവിട്ടിക്കേറി നിലപവ്വതാഗ്രത്തിൽ വാഴുന്ന വിദ്യാധരനെന്നപോലെ അതിന്റെ കഴുത്തിലിരുന്നു് അടക്കുവാനരുതാത്ത മദത്തെ അടക്കിയ കൃപാലുവായ വീര! താൻ വളർത്തിയ കീരിതന്റെ കുട്ടിക്കു കാവലായിരിക്കെ അതിനെ വന്നണഞ്ഞ ഒരു സർപ്പത്തെ കടിച്ചു ഖണ്ഡിച്ചു രക്തംപുരണ്ട മുഖത്തോടെ തന്റെ വരവിനെ പ്രതീക്ഷിച്ചു ഘോരദേശത്തിൽ നിന്നിരുന്നതിനാൽ ഇതു തന്റെ ശിശുവിനെ ഹിംസിച്ചതായിരിക്കേണമെന്നു നിശ്ചയിച്ചു കയ്യരിവാളാൽ അതിനെ വധിച്ച ഒരു ബ്രാഹ്മണി ഉത്തരദേശത്തിലേക്കു ഗംഗാസ്നാനത്തിന്നാ

യി പോകുന്ന തന്റെ പതിയെ അനുഗമിക്കയാൽ അവൻ അവളെ നിഷേധിച്ചു്, "നിന്നോടിണങ്ങി ഗൃഹസ്ഥാശ്രമത്തിൽ വാഴുന്നതിനു് ഇനി ഞാൻ ഒരുക്കമില്ല; അതിനാൽ സംസ്കൃതഭാഷയിലെഴുതിയ

'അപരീക്ഷ്യന കർത്തവ്യം കർത്തവ്യം സുപരീക്ഷിതം
ന ചേൽ ഭവതിസന്താപോ ബ്രാഹ്മണ്യാനകുലാദ്യഥാ'

ഈ പദ്യത്തിന്റെ അർത്ഥമറിയുന്ന ബുധന്മാരുടെവശം ഈ കാലകൊടുക്കുക" എന്നു പറഞ്ഞു് അവൻ പോയപ്പോൾ വണിക്പഥങ്ങളിലും പ്രഭുക്കന്മാരുടെ മേടകളിലും സാധാരണന്മാരുടെ സദനങ്ങളിലും കയറിയിറങ്ങി ദുഷ്കൃതശാന്തി വരുത്തുക ഫലം നേടുവിൻ എന്നു വിളിച്ചുപറയുന്ന ആ മഹാബ്രാഹ്മണിയെ വിളിച്ചുവരുത്തി "ഇങ്ങനെയുഴലുവാൻ തക്കവണ്ണം എന്തൊരു സങ്കടമാണു നിങ്ങൾക്കു നേരിട്ടിരിക്കുന്നതു്? ഈ പറഞ്ഞതെന്താണു്?" എന്നു നീ ചോദ്യംചെയ്തപ്പോൾ അവൾ, "ഞാൻ ഒരു കൊലചെയ്തതിനാൽ എന്നെ പിരിഞ്ഞുപോയ പതിയെ കാണാതെ അഴൽപൂണ്ടുഴന്നു നടക്കുകയാണു്; മഹിതമായ സുഭാഷിതമെഴുതീട്ടുള്ള ഈ കാലവാങ്കി കൈപ്പണമായി കുറെ ദ്രവ്യംതന്നു്, പൊറുക്കവയ്യാത്ത എന്റെ സന്താപത്തെ ഒഴിക്കണം" എന്നപേക്ഷിച്ചകാലത്തു്, "അഞ്ചാതിരിക്കുക; നിന്റെ സങ്കടം ഞാൻതന്നെ തീർക്കാം; വൃഥയവ്യഥ പോക്കുക" എന്നു പറഞ്ഞു് അപ്പോൾത്തന്നെ ധർമ്മശാസ്ത്രത്തിൽ

വിധിച്ചവണ്ണം ആ ബ്രാഹ്മണിക്കുള്ള കൊലപാത
കം തീരത്തക്ക ദാനങ്ങൾ നടത്തിച്ചു ദുഃഖംതിത്തു്
അവളെ പരിഞ്ഞുപോയ ഭർത്താവിനോടുകൂടെ യോ
ജിപ്പിച്ചുവെച്ചു അനശ്വരങ്ങളായ നാനാധനങ്ങളും
കൈപ്പണവും കൊടുത്തു യാഗവും ചെയ്തിച്ച ധന
പതിയായ ദാതാവേ! ഒരു സാദ്ധ്വിയുടെമേൽ കാപ
ട്യം ചുമത്തുവാനായി അവളുടെ നായകനോടു കള്ള
സ്സാക്ഷി പറഞ്ഞതിനാൽ

1 യതിവേഷം ധരിച്ചു മറഞ്ഞുലോകരെ
ചതിച്ചു ദുർമ്മാർഗ്ഗമിയന്നുകൊള്ളുവോൻ.
2 പതിക്കു വിശ്വാസം വരുത്തുവാൻമാത്രം
ഇതംചെയ്തു വശീകരിക്കും പുംശ്ചലി
3 പൊരുത്തു വിശ്വസിച്ചഖിലശക്തിയും
കൊടുത്തഭൂപനെ ചതിച്ചിടും മന്ത്രി
4 മുറയ്ക്കുവേട്ടുള്ള കമനിയെ വീട്ട
പരസ്ത്രീയോടൊത്തു രമിക്കും പുരുഷൻ
5 പരദ്രവ്യത്തിനെ ഹരിച്ചു കൈതവ-
മുരചു ശ്രുതി നടിച്ചിടുന്നവൻ
6 ഋണമ്മും മാന്യരെ സൂതിച്ചുടൻ നേരിൽ
കണക്കിലന്യത്ര ദൃഷ്ടിച്ചിടുന്നവൻ
7 ദുരാചാരന്മാരിപ്പറഞ്ഞുള്ളാരു പേർ
പരിത്യാജ്യന്മാരായ്തന്നിതെങ്ങുമേ

ഈ ആറുതരത്തിൽ സംബന്ധിച്ചുള്ള പാപാത്മാക്ക
ളെ വധിച്ചു ഭക്ഷിക്കുന്ന ഭ്രൂതത്തിന്റെ കാലപാശ
ത്തിൽ അകപ്പെട്ട ആ ദുരാചാരനുവേണ്ടി ആവ

ന്റെ മാതാവിന്നു നേരിട്ടിരിക്കുന്നതായ പരിതാപം കണ്ട് അവനെ ബന്ധിച്ചിരിക്കുന്ന പാശത്തിന്നകമെ വേഗം കടന്നുചെന്നു "ഭ്രതപുംഗവ! എന്റെ ജീവനെ നിണക്കിരയാക്കിയെടുത്തു് ഇവന്റെ ജീവനെ വിട്ടതരിക" എന്നു യാചിച്ചപ്പോൾ ഭ്രതം അവനെ വിട്ടുകൊടുക്കാതെ, "ഈ നീചന്റെ നികൃഷ്ടമായ ജീവന്നുവേണ്ടി നിന്റെ ഉൽകൃഷ്ടമായ ജീവനെ ഉപേക്ഷിക്കുകയെന്നുള്ളതു് എന്റെ നയത്തിന്നു പറ്റുന്നതല്ല. അതിനാൽ നീ ഈ ആശ വിട്ടൊഴിയുക; നിന്റെ മുന്നിൽവെച്ചു ഇവനെ കൊന്നു തിന്നുന്നുണ്ട്." എന്നുചൊല്ലി അപ്രകാരംതന്നെ ചെയ്തു. അതിനാൽ അനുതാപംപൂണ്ടു മടങ്ങി അവന്റെ കുടുംബത്തിന്നും ബന്ധുജനത്തിന്നും തന്റെ ആപ്തബന്ധുക്കൾക്കെന്നപോലെ നിത്യവൃത്തിക്കു യാതൊരു ദുഃഖവും നേരിടാതെ പലകാലം പരിപാലിച്ചുവന്ന കുലീനപുംഗവ! വേദജ്ഞ! സന്മന്ന! പ്രഭോ! ഗോപാല! എന്റെ അറിവിൽ നീ ഈ ജന്മത്തിൽ ചെയ്തതെല്ലാം സൽക്കർമ്മങ്ങളാണ്. ഈ തരുണീമണിയോടുകൂടി ഒരു സഹായവുമില്ലാതെ വന്നതു പൂർവ്വ ജന്മത്തിൽചെയ്ത ദുഷ്കർമ്മത്തിന്റെ ഫലമായിരിക്കുമോ? എന്നു മാടലൻ ചോദിച്ചു.

കോവലൻ പറഞ്ഞു—പാണ്ടിയന്റെ ഈ മധുരാനഗരത്തിൽ ഹീനനായ ഒരുവനിൽനിന്നു മ

ണമിയലുന്ന കേശപഞ്ചകത്തോടുകൂടിയ ഇവിടെ അതിയായ ഭയം നേരിടുകയും ഉടുത്ത വസ്ത്രം അന്യന്മാരാൽ അപഹരിക്കപ്പെട്ട ഞാൻ ഒരു പോത്തിൻ പുറത്തു കയറുകയും ഇവളോടുകൂടി ഞാൻ അനാഥസ്ഥിതിയിലാവുകയും കാമദേവൻ തന്റെ പുഷ്പബാണത്തെ വലിച്ചെറിഞ്ഞു വിഷണ്ണനായിത്തീരുംവണ്ണം മാധവി മണിമേഖലയെ ബുദ്ധദേവനായിക്കൊണ്ടു സമർപ്പിക്കുകയും ചെയ്തതായി മൂർത്തിമത്തായ തമസ്സിനാൽ ആക്രമിക്കപ്പെട്ടതായ അന്ത്യയാമത്തിൽ ഞാൻ സ്വപ്നം കണ്ടിരിക്കുന്നു.

1 ഒട്ടകം കഴുത പോത്തിവതന്റെ
പുറമേറിയ കിനാവതു കണ്ടാൽ
അഷ്ടഭൂതികലരും ഗുപനേയും
നിഷ്ഠുരൻ ശമനനഷ്ടി കഴിക്കും.

2 ഒന്നാംയാമത്തിലോരാണ്ടാൽ
പിന്നേതിൽ തിങ്കളൊട്ടിനാൽ
മൂന്നിലൊ മൂന്നുമാസത്താൽ
പിന്നേതിൽ പത്തുനാളിനാൽ.

3 കിനാവിന്റെ ഫലം ഭംഗം
വിനാ വന്നു ഭവിച്ചിടും

കവുന്തിയും മാടലനും പറഞ്ഞു:—തപസ്വികളല്ലാതെ മറാരും ഈ പുറനഗരത്തിൽ പാർക്കുന്നതു യോഗ്യമാകുന്നതല്ല; അകനഗരത്തിലേക്കു പോകുന്നതായാൽ മാശാത്തുവാന്റെ പുത്രനാണെന്നറിഞ്ഞ്

അവിടെയുള്ള വൈശ്യന്മാർ നിന്നെ എതിരേറ്റു സല്ക്കരിപ്പാനൊരുങ്ങും; അതിനാൽ ഇവിടം വിട്ടുമാറി അസ്തമനത്തിനുമുമ്പു പതിസമേതനായി മധുരാപുരിക്കു പോയ്ക്കൊൾക.

ഇങ്ങനെ പറഞ്ഞിരിക്കുമ്പോൾ 'മാതരി'യെന്നു പേരുള്ള വൃദ്ധയായ ഒരു ഗോപസ്ത്രീ യക്ഷിക്കു വഴിപാടായി പാൽച്ചോറുംകൊണ്ടു വരുന്നവഴിക്കു പുണ്യശീലന്മാരായ പലരോടും ചേർന്നു പുറമതിൽപള്ളിയിലിരുന്ന കവുന്തിയടികളെ കണ്ടു ഭക്തിപൂർവ്വം അരികെച്ചെന്നു വന്ദിച്ചു. അപ്പോൾ കവുന്തി, "പശുക്കളെക്കാത്തു രക്ഷപ്പെടുത്തി അവയിൽനിന്നുണ്ടാകുന്ന ഫലമായ ഗോരസത്തെ യാവക്കും നൽകുന്ന ഈ ഗോപന്മാരുടെ ഗൃഹജീവിതത്തിൽ ഒരു ദോഷവുമില്ലെന്നു മാത്രമല്ല ഇവർ നമ്മുടെ സാരോപദേശങ്ങൾക്കു വഴിപ്പെട്ടിരിക്കയാൽ മനഃകളങ്കമറവളുമാണ്; അതുമല്ല പ്രായംചെന്നവർ; അലങ്കാരഭ്രാന്തി വിട്ടവർ; ഔദാര്യമുള്ളവർ; അതിനാൽ ഇന്ന് ഈ മാതരിയുടെ അധീനത്തിൽ ഇവളെ വെക്കുന്നതിൽ യാതൊരു വൈകല്യവും വരുവാനില്ല" എന്നു തന്റെ മനസ്സിൽ കരുതി.

കവുന്തി പറഞ്ഞു:—മാതരി! ഈ തരുണിയുടെ ശ്വശ്രൂരന്റെ പേർ കേൾക്കുന്നതായാൽ ഈ നഗരത്തിലുള്ള ഇവരുടെ സ്വജനങ്ങൾ അലഭ്യമായ

വസ്തു ലഭിച്ചതുപോലെ ബഹുമാനപൂർവ്വം ഇവളെ വരനോടുകൂടി എതിരേറ്റു കെട്ടും കാവലുമുള്ള തങ്ങടെ മേടസ്ഥകമെ കൊണ്ടുചെന്നു വേണ്ടുംവണ്ണം ഉപചരിക്കും; അങ്ങനെയിരുന്നാലും ഗോപകുലജാതയായ നിന്റെ രക്ഷയിൽ ഇവളെ തന്നിരിക്കുന്നു. കുലീനയായ ഇവളെ മംഗളസ്നാനം ചെയ്യിച്ചു ചെങ്കയല്ലുണ്ണിലഞ്ജനമെഴുതി കാറണിവേണിയിൽ നറുംതുമലരണിഞ്ഞു മടിപ്പുടവയുടുപ്പിച്ചു നീതന്നെ സഖിയും ഉപമാതാവും മാതാവുമായിരിക്കത്തക്കവണ്ണം ഭരമേല്പിച്ചിരിക്കുന്നു; ഇങ്ങനെ അവശയായി എന്നോടൊരുമിച്ചു പോന്ന ഈ പെൺകൊടിയുടെ ചെറുപാദങ്ങളെ ഭൂദേവിയും മുമ്പു കണ്ടറിഞ്ഞിട്ടില്ല; ഇവൾ കടുംവെയിലിനാൽ തന്റെ കണവൻ വാടിത്തപിച്ചു കണ്ടതിനാൽ കരളുരുകി നാവു വരണ്ടു തനിക്കു നേരിട്ടിട്ടുള്ള ആയാസത്തെ വേർതിരിച്ചറിയാതവണ്ണമുള്ള മനോമാഹാത്മ്യത്തോടുകൂടി ഒരു പൂങ്കൊടിപോലെ പ്രകാശിക്കുന്നവളാണ്; ഗാർഹസ്ഥ്യധർമ്മാചരണത്തിൽ പതിയുടെ സാഹചര്യം ദീക്ഷിക്കുന്ന ധർമ്മപത്നിക്ക് ഒഴിച്ചുകൂടാത്തതായ പാതിവ്രത്യനിഷ്ഠ തന്റെ കടമയായുള്ളൊണ്ട ഈ ദൈവത്തെയല്ലാതെ മറ്റൊരു ദൈവത്തേയും ഞാൻ പ്രത്യക്ഷമായി കാണുന്നില്ല; കാലവർഷം പിഴച്ചതായറികയില്ല; ഭൂമിയുടെ ഫലപുഷ്ടി കുറഞ്ഞതായറിക

യില്ല; രാജാക്കന്മാരുടെ വാഴ്ചയിൽ ഭ്രംശംവന്നതായ റിവില്ല; ഇങ്ങനെ ഗുണഭ്രയിഷ്ഠമായി കണ്ടിട്ടുള്ള തു സതീമണി കുടികൊള്ളുന്ന രാജ്യമാണെന്നു മഹാത്മാക്കളാൽ അരുളിച്ചെയ്യപ്പെട്ട ധർമ്മശാസ്ത്രവചനങ്ങൾ നീ കേട്ടറിവീലയോ? ധർമ്മചാരികളുടെ അഭ്യാഗമം തല്ക്കാലം സാമാന്യമായ ഒരു ആനന്ദത്തെ മാത്രം ജനിപ്പിക്കുന്നതാണെങ്കിലും പിന്നിട പരമാനന്ദപ്രാപ്തിഹേതുവായിത്തീരുന്നതാണെന്നു നീ അറിഞ്ഞുകൊൾക. കാവേരിനദിതോട്ടങ്ങൾക്കെതിരായി കിടക്കുന്ന പട്ടണത്തിന്നുള്ളിൽ പൂക്കൾ നിറഞ്ഞും പൂവ്വാഹനപരാഹനഭേദംകൂടാതെ ഒരേനിലയിൽ നിഴൽ പരന്നു ശോഭിക്കുന്നതുമായ അശോകമൂലത്തിൽ ശ്രമണന്മാരാൽ മനോഹരമാംവണ്ണം നിർമ്മിക്കപ്പെട്ട ശിലാതലത്തിലിരുന്നു സർവ്വജനങ്ങൾക്കും ധർമ്മപ്രബോധനംചെയ്യുന്ന ശ്രമണമുനി (ചാരണ)വരന്റെ സന്നിധിയിൽ ഇന്ദ്രായുധപ്രഭമായ തനുവിൽ ഹാരങ്ങളും പൂമാലയും സുവർണ്ണാഭരണങ്ങളുമണിഞ്ഞു മാനുഷദൃഷ്ടിക്കഗോചരന്മാരായ അനേകം അമരന്മാരാൽ സേവ്യമാനമായ ദിവ്യരൂപത്തോടും കരുവിരൽ കരങ്ങിന്റെ കയ്യിന്നു തുല്യമായ ഒരു കയ്യോടും വന്നുനിന്ന ഒരു ദേവനെ കണ്ട് ആ ശിലാതലത്തിൻകീഴെ ഇരുന്നു ധർമ്മശ്രവണം ചെയ്തിരുന്ന ശ്രമണന്മാരെല്ലാവരും എഴുനേറ്റു മു

നിയെ തൊഴുതു "ഇദ്ദേഹം ഇങ്ങനെ ഇവിടെ വരുവാൻ കാരണമെന്ത്?" എന്നു ചോദിച്ചു.

ചാരണൻ പറഞ്ഞു — ചായലനെന്നു പേരായി എട്ടി * ലഭിച്ച ഒരു വണിഗ്വരൻ യഥാക്രമം ഗൃഹസ്ഥധർമ്മം നടത്തിവന്നിരുന്നതിനാൽ പൌർണ്ണമാസി, അമാവാസി, അഷ്ടമി ഈ തിഥികളിൽ ഏകഭോപവാസം അനുഷ്ഠിക്കുന്ന വ്രതികനും പലരും പാരണയ്ക്കായി ഇവന്റെ ഭവനത്തിൽ വരിക പതിവായിരുന്നു. അങ്ങനെയുള്ള ഒരു ദിനത്തിൽ അവന്റെ ഗൃഹനായിക തന്റെ പാപശാന്തിക്കായി ഒരു തപസ്വീശ്വരനേയും ക്ഷണിച്ചുകൊണ്ടുവന്നു വിധിപൂർവ്വം ഭുജിപ്പിച്ചു. അപ്പോൾ ആഹാരം കിട്ടാതെ മെലിഞ്ഞു പരവശനായ ഒരു കരുങ്കുരങ്ങൻ എങ്ങനെയോ ഭവനത്തിന്നകത്തു കടന്നു കാരുണികനായ ആ തപോധനനെ അടിവണങ്ങി അദ്ദേഹത്തിന്റെ ഉച്ഛിഷ്ടം ഭുജിച്ചു കൈകഴുകിയ നീർ പാനംചെയ്തു വിശപ്പടക്കി സംതൃപ്തനായി. വാനരന്റെ മുഖപ്രസാദം കണ്ടതിനാൽ നിശ്ചലമാനസനായ അദ്ദേഹത്തിന്നു കൌതുകമുണ്ടായി, ആ ഗൃഹനായികയോട്, "നീ നിന്റെ മക്കളിലൊരുവനായി ഇവനെ കൈക്കൊള്ളുക" എന്ന് അവളെ ഭരമേല്പി

---

* വൈശ്രുന്മാക്കു രാജാവു കൊടുക്കുന്ന ഒരു സ്ഥാനം.

ച്ചു; അവളാകട്ടെ ആ മഹാത്മാവിന്റെ ആദേശത്തെ ശിരസാവഹിച്ച് ആ വാനരനെ വാത്സല്യത്തോടെ പരിപാലിച്ചുകൊണ്ടിരുന്നു; അങ്ങനെ തന്റെ സ്നേഹത്തിനു പാത്രമായ ആ വാനരൻ മരിച്ചസമയം അവൾ അതിന്റെ നികൃഷ്ടമായ ജന്മം നീങ്ങുവാനായി തന്റെ ധനത്തിൽ കുറെശം ദാനം ചെയ്തു; അതിനാൽ അവൻ മദ്ധ്യമദേശത്തു 'വാരണവാസി' എന്ന നഗരത്തിൽ'ഉത്തരകുരുസ്ഥൻ' എന്ന അരചന്റെ പുത്രനായി ജനിച്ചു സൌന്ദര്യം, കാന്തി, ജ്ഞാനം എന്നീ ഗുണങ്ങൾ തികഞ്ഞു പല ദാനങ്ങളും ചെയ്തുകൊണ്ടു മുപ്പത്തിരണ്ടുവത്സരം രാജ്യപരിപാലനംചെയ്തു പിന്നെ ദേവത്വം പ്രാപിച്ചു. ഈ ഉദ്ഭവഗതിക്കെല്ലാം കാരണമായത് ഇവനെ പോററിവളർത്തിയ ആ ഗൃഹനായികയാൽ ചെയ്യപ്പെട്ട ദാനത്തിന്റെ മഹിമയാണെന്നു ബോധിച്ചു മുജ്ജന്മത്തിൽ കരിങ്കുരങ്ങിൻവടിവായിരുന്നപ്പോഴുള്ള ചെറിയ കയ്യിനെ തന്റെ ശരീരത്തിൽ ഒരു വലിയ ഭാഗത്തു കൈക്കൊണ്ടു, ദാനശീലയായ ചായലന്റെ പത്നി അന്നാളിൽ ചെയ്ത ദാനത്താൽ ഈ രൂപം സിദ്ധിച്ചതാണെന്നു ശ്രമണവ്രതികളെ ബോധിപ്പിപ്പാനായി ഈ ദേവകുമാരൻ ഇവിടെ ആവിർഭവിച്ചതാണ്.

ഇങ്ങനെ ചാരണനരചെയ്ത വചനങ്ങളെ ദി

വ്യവാക്യങ്ങളായി വിശ്വസിച്ചു ധമ്മനിഷ്ഠയെ അംഗീകരിച്ച തദ്ദേശവാസികളായ തപസ്വികളും താപസശ്രേഷ്ഠന്മാരായ ശ്രമണന്മാരും ജ്ഞാനശീലന്മാരായ വൈശ്യമ്പേതികളും അനശ്വരമായ പരമപദം പ്രാപിച്ചു. ഈ ആശ്രിതരക്ഷണത്തിന്റെ ഫലത്തെ നീ കേട്ടുകഴിഞ്ഞാൽ ഈ കാർവേണിയോടുകൂടി സന്ധ്യവരെ ഇവിടെ താമസിച്ചു നില്ക്കാതെ പൊയ്ക്കൊൾക. കവുന്തി അടികളുടെ ഈ വാക്യംകേട്ടു താൻ കൈപ്പാറിയ ആശ്രിതയെപ്പറ്റി സന്തോഷിച്ച് അടികളെ നമസ്കരിച്ചു പ്രത്യംഗം രമണീയമായ ഇളംപ്രായത്തിൽ തന്നെ വിവിധജ്ഞാനസമ്പന്നയായ അവളോടുകൂടെ അസ്തംഗതനായ ആദിത്യന്റെ സങ്കുചിതങ്ങളായ കിരണങ്ങളാൽ അഭിവ്യാപ്തമായ സായാഹ്നത്തിൽ മുല ചുരന്നു വത്സന്മാരെ മാറ്റണംചെയ്യുന്ന ഗോക്കളുടെ ഗംഭീരശബ്ദം മുഴങ്ങിക്കൊണ്ടും ആട്ടിൻകുട്ടികളെയും കോടാലിയേയും ഉറികെട്ടിയ കാവുവടികളെയും തോളിൽ ധരിച്ചുപോകുന്ന ഇടയന്മാരെ പിന്തുടർന്നു, ദീപ്തങ്ങളായ കങ്കണങ്ങളണിഞ്ഞും മുലകൾ ചുരന്നും കൊണ്ടുപോകുന്ന ഇടച്ചികളിൽ ചിലർ ഇവളുടെ അഴകുകണ്ടു ചുറ്റിനിന്നുകൊണ്ടും, വനദ്രുമവും കിടങ്ങും താനെ വളഞ്ഞ് അമ്പെയ്യുന്ന യന്ത്രവില്ലും കരിങ്കുരങ്ങിന്റെ രൂപത്തിൽ അരികെ വന്നവരെ കൂടിക്കുന്ന യ

ന്ത്രവും കല്ലെറിയുംകവണയും തിളച്ചതെറിക്കുന്നതി
നാൽ അടുക്കുന്നവരെ പൊള്ളിച്ചു വേദനിപ്പിക്കുന്ന
നെയ്യും (ശക്കര) പാകുകുറുകിക്കിടക്കുന്ന കടാഹങ്ങ
ളും ഇരുമ്പു വട്ടകളും പഴുപ്പിക്കുന്ന ഉലകളും എറിയു
വാനുള്ള കല്ലുകളും നിറച്ച കൂടകളും കോട്ടയ്ക്കരികെ
വരുന്നോരെ കൊത്തിയിഴപ്പാനായി ചൂണ്ടൽപോ
ലുള്ള കൊക്കികളും അഗ്രത്തിൽ വെച്ചുറപ്പിച്ച തോ
ട്ടികളും കഴത്തിലിട്ടമുറുക്കത്തക്ക നീണ്ട ചങ്ങലകളും
ആൺതലപ്പക്ഷി (പിതൃദേവാദികൾക്കായി വെക്ക
ന്ന ബലി പിശാചാദികൾ വന്നു ഹരിക്കാതിരിപ്പാ
നായി നാട്ടുന്ന കൊടിയിൽ പുരുഷന്റെ തലയും പ
ക്ഷിയുടെ ഉടലുമായി വരയ്ക്കുമാറുള്ള രൂപം)യുടെ ആ
കൃതിയിൽ നിർമ്മിച്ചു, പറക്കുവാൻ വിട്ടാൽ ശിരസ്സ
കൊത്തിപ്പിളർന്നു തലച്ചോറൊടുക്കുന്ന യന്ത്രപംക്തി
യും കഴത്തിൽ കൊടുത്തു തള്ളുവാനുള്ള ഇരിമ്പു ക
വിളികളും കഴമരങ്ങളും ശരക്കോൽക്കെട്ടുകളും തട
വുമുറികളും ചെറുശരങ്ങൾ തൊടുത്തുവിടും യന്ത്രധ
നുസ്സുകളും മതിലിൽ പിടിച്ചുകയറുന്നവരുടെ കയ്യി
നെ കുത്തിത്തുളപ്പാനുള്ള സൂചീയന്ത്രവും മാറാരുടെ
മേൽ പാഞ്ഞു കണ്ണു കൊത്തിപ്പറിക്കും ചിച്ചിലിപ
ക്ഷിയന്ത്രവും പ്രാകാരശിഖരത്തിൽ കയറുന്നവരെ
തേറാകൊണ്ടു രണ്ടായി പിളക്കുന്ന വരാഹയന്ത്രവും
കതകിന്റെ ഉറപ്പിന്നായി ഉൾഭാഗത്തു നിലം മുട്ടും

വണ്ണമുള്ള ചീപ്പുകളും സാക്ഷകളും കുന്തവും വേലും ശതഘ്നി മുതലായ മറ്റും പല ശസ്ത്രജാലവും അപരിമിതമായി സംഭരിക്കപ്പെട്ട നാൽതോറും വിജയം നേടിക്കൊണ്ടുവന്ന കൊടികൾ ഇടതിങ്ങുന്ന ഗോപുരദ്വാരം കടന്നു മാതരി കണ്ണകിയോടുംകൂടെ തന്റെ വസതിയിലേക്കു ചെന്നു.

പതിനാറാം ഗാഥ.

കൊലക്കളം.

കവുന്തിയടികളാൽ നൽകപ്പെട്ട ദില്ലഭമായ നിക്ഷേപവും സജീവചിത്രസങ്കാശമായ രാമണീയകമിയന്നവളുമായ കണ്ണകിയുടെ ലാഭത്താൽ പരിതുഷ്ടയായ മാതരി തക്രവിക്രയംചെയ്തു ജീവിതം നയിക്കുന്ന ഇടച്ചികളും ഇടയന്മാരും കൂടിപാർക്കുന്ന പുരയിടങ്ങളെ സംബന്ധിക്കാതെ നാലുപുറവും ഉറച്ച വേലിയും മൻവശത്തിൽ മനോഹരമായ കൂളത്ത പന്തലുമുള്ളതും, ചെമ്മൺ പൂശി വൃത്തിയാക്കീട്ടുള്ളതുമായ ഒരു പുതിയ ഭവനത്തിൽ കണ്ണകിയെ പാർപ്പിച്ചു, തന്റെ അയൽപക്കത്തുള്ള ചില ഗോപികമാരോടൊരുമിച്ചു പുതിയ ജലം കൊണ്ടുവന്നു കൂളപ്പി

ച്ച് ഇപ്രകാരം പറഞ്ഞു. "ഈ ചേരിയിലുള്ള കാമി നികൾ അണിഞ്ഞിരിക്കുന്ന വിലപ്പിടിച്ച സുവർണ്ണാ ഭരണങ്ങളുടെ വില കൂടുവാനായി അഭ്രഷ്ണഭ്രഷ്ടി തഗാത്രിയായി വന്നിട്ടുള്ള ഭവതിയെ പരിചരി പ്പാൻ ഒരു ദാസിയില്ലെന്നു കരുതിപ്പോകരുത്; ആ കൃത്യം നിർവ്വഹിക്കേണ്ടതിന്നായി എന്റെ മകൾ അ യ്യയെ നിയമിച്ചിരിക്കുന്നു; ഞാൻ ഭവതിയെ പൊ ന്നിനെപ്പോലെ സൂക്ഷിച്ചുകൊള്ളാം; ആകയാൽ ഇ നി ഒരു ചിന്തയുംകൂടാതെ ഇരുന്നുകൊൾക. (എന്നു പറഞ്ഞ നമസ്കാരവുംചെയ്തു) കവുന്തിയടികൾ, അപായകരങ്ങളായ മാർഗ്ഗങ്ങളിൽ യാതൊരു വിപ ത്തും നേരിടാതെ രക്ഷിച്ചു യാതൊരു താപവും നേ രിടാത്തേടത്തു കൊണ്ടുവന്നു ചേർത്തിരിക്കയാൽ ഇ നി നിന്റെ വല്ലഭനു വൈമനസ്യത്തിന്നവകാശമു ണ്ടോ? (പിന്നെ ഇടച്ചികളോടായി) ഇവളുടെ നായ കൻ സന്ന്യസിക്കാതെ തന്നെ വ്രതമനുഷ്ഠിക്കുന്ന ഒരു ദേഹമാകയാൽ നിങ്ങൾ വിരുന്നുകാരികളും നാ ത്തൂന്മാരുംകൂടി ഈ മഹതിക്കു പകൽ കാലത്തേക്കു ഭക്ഷണംപാകംചെയ്വാൻ വേണ്ടുന്ന പുതുക്കലങ്ങ ളെ ജാഗ്രതയോടെ കൊണ്ടുവന്നുകൊടുപ്പിൻ." അ തുപ്രകാരം അയ്യമുതലായവർ മാതരിയുടെ ആദേശ ത്തിന്നനുവർത്തിക്കാതെ പുതുക്കലങ്ങളോടുകൂടെ, മേ ന്മയുള്ളവർ കൊടുക്കുന്ന സമ്പ്രദായത്തിൽ നല്ല ച

ക്കപ്പഴവും വെള്ളരിക്കയും, കുമ്മട്ടിക്കായും തേന്മാമ്പ
ഴവും വാഴപ്പഴവും ചമ്പാൻ നെല്ലരിയും തങ്ങടെ
അധീനത്തിൽതന്നെയുള്ള പാൽ നെ മുതലായതും
കണ്ണകിയുടെ മുമ്പിൽ കൊണ്ടുചെന്നു, ഇവയെല്ലാം
സ്വീകരിച്ചുകൊള്ളണമെന്നു പറഞ്ഞു.

കണ്ണകി അവർ കൊടുത്ത പലതരം കായ്കനി
കളെ അരിവാൾ (മുട്ടിക്കത്തി)കൊണ്ടു നുറുക്കുകയും
തന്നിമിത്തം മുട്ടുകളായ അംഗുലികൾ ചുവക്കു
യും ആനനം വിയർക്കുകയും കണ്ണിൽ ചുവപ്പേറുകയും
ചെയ്തു; കരി പറിക്കാണുന്ന അടുക്കളയിൽ പുക
യേറു മുഖം തിരിക്കാതിരിക്കത്തക്കവണ്ണം വൈ
ക്കോൽകൊണ്ടു തീ മൂട്ടിക്കൊടുത്ത അയ്യയുടെ സ
ഹായത്തോടുകൂടി തന്നാൽ കഴിയുന്നവിധത്തിൽ ച
തിരു ഭോജനപദാർത്ഥങ്ങൾ പാകംചെയ്തു; വെളുത്ത
പനങ്കുമ്പോലകൊണ്ടു ഭംഗിയിൽ മടഞ്ഞ തട്ടുകളിൽ
തന്റെ നായകൻ വന്നിരുന്നതിനുശേഷം പുതുപ്പാ
നിയിലെടുത്ത സുരഭിലകുസുമമിശ്രിതമായ നവസ
ലിലത്താൽ പതിയുടെ പാദക്ഷാളനംചെയ്ത് തോ
ത്തി വന്ദിച്ചു, ധരണീദേവിയെ ബാധിച്ചതായ ആ
ലസ്യം പോകുവാനെന്നപോലെ തണ്ണീർ തളിച്ചു
നിലം തുടച്ചു നീർ ചുഴറി മണ്ഡലമിട്ടു, കുമരിചാഴ
ത്തുമ്പില നിവത്തി തുടച്ചു അന്നം വിളമ്പി, "ഭോ
ജനത്തിന്നിരിക്കാം" എന്നറിയിച്ചു. അവശ്യം അ

ദ്ധ്യയനംചെയ്യണമേന്നതായ വേദത്തെസ്സംബന്ധിച്ച ക്ഷത്ത്രാനന്തരവണ്ണിക്കു വിധിച്ചവണ്ണം വദനശുദ്ധി ബലി മുതലായവയെല്ലാം യഥാക്രമം നിവ്വഹിച്ചതിന്നുശേഷം വെളിയിൽ നിന്നിരുന്ന അയ്യയും മാതരിയും, "ഇന്നു ഈ മധുരയിലുള്ള ഗോപവാടത്തിൽ നമുക്കു ലഭിച്ച നവവസതിയിൽ ഭക്തിചെയ്യുന്ന ഈ പ്രഭുകുമാരൻ അന്നു ആ മധുരയിലുള്ള ഗോപവാടത്തിൽ യശോദയ്ക്കു ലഭിച്ച് അവളുടെ വസതിയിൽ ഭക്തി ചെയ്ത കായാമ്പൂവണ്ണനായ കണ്ണൻതന്നെയൊ? ഇവന്റെ അഴൽതീർത്ത ഈ സുന്ദരിയും യമുനാതീരത്തിൽ ആ നീലമണിവണ്ണന്റെ അഴൽതീർത്ത പൂമകൾതന്നെയൊ? എന്നു ശങ്ക ജനിക്കുന്നു; ഇവരുടെ സൌന്ദര്യ്യം നമ്മുടെ നേത്രങ്ങളിലടങ്ങത്തക്കതല്ല" എന്നു പുകഴ്ത്തി പറഞ്ഞു. യഥാസുഖം ഭക്ഷണം കഴിഞ്ഞതിന്നുശേഷം പത്നിയാൽ താംബൂലം നൽകപ്പെട്ട കോവലൻ ശ്യാമളയായ പാഞ്ചാലികയോടൊത്തു വിലസുന്ന അവളെ അരികെ വിളിച്ചുപറഞ്ഞു. "നമ്മുടെ വൃദ്ധപിതാക്കന്മാർ, പരുത്തതും വിസ്താരം കുറഞ്ഞതുമായ പെരുവഴി നടന്നുപോവാൻ വധുവിന്റെ പാദങ്ങൾക്ക് അല്പമെങ്കിലും കൊൽപ്പുണ്ടാകയില്ലെന്നു കരുതി, ആ തപമേറിയതും ആറുകളൊഴുകിച്ചാടുന്നതുമായ വഴിതമാഴ്ത്തുടെ നാം പോന്നതിൽ അനുതപിച്ച് എ

ത്രുകണ്ടു ഹൃദയവ്യഥയനുഭവിച്ചിരിക്കുമോ? നാം ഈ വിധത്തിലായി കാണുന്നതു സ്വപ്നമോ? ജാഗ്രത്താണെന്നിരിക്കിൽ മുൻചെയ്ത ദുഷ്കർമ്മഫലമോ? മനഃക്ഷോഭം ബാധിച്ചിരിക്കയാൽ ഇതൊന്നും പറവാൻ എനിക്കറിയുന്നില്ല. മിഥ്യാലാപം ചെയ്യുന്നവരോടും വേശ്യാലമ്പടന്മാരോടുംകൂടി പരദൂഷണംചെയ്യാഹ്ലാദിച്ച മതിമാറ്റം അഭിജ്ഞന്മാരാൽ ഇച്ഛിക്കപ്പെടുന്ന സന്മാർഗ്ഗനിഷ്ഠയെ ദൂഷിപ്പിച്ച എനിക്ക് ഇനി ദുർഗ്ഗതിയല്ലാതെ സൽഗതിയുണ്ടോ? അത്രയുമല്ല വൃദ്ധന്മാരായ മാതാപിതാക്കന്മാർക്കു ചെയ്യേണ്ടുന്ന പരിചര്യയും മുട്ടിച്ചു; യുവതിയായ നിണക്കും ലഘുത്വമുണ്ടാക്കിത്തീർത്തു; ഈ ദുഷിച്ച നടവടി ആപൽപ്രദമാണെന്ന് അല്പംപോലും എനിക്കറിവാൻ കഴിഞ്ഞില്ല; ഞാൻ ഈ നിലയിലായിരുന്നാൽ നമ്മുടെ നഗരം വിട്ട് ഈ നഗരത്തിലേക്കു വരുവാനൊരുങ്ങുകയില്ലായിരുന്നു. അതു യുക്തമല്ലെന്നു തടുക്കാതെ നീയും അനുഗമിച്ചുവല്ലൊ; നീ എന്തു കർമ്മം ചെയ്തു?" എന്നു ഖേദംപൂണ്ടു പറഞ്ഞു.

കണ്ണകി പറഞ്ഞു—വ്രതികൾക്കുള്ള ദാനത്തേയും ദ്വിജോത്തമന്മാരുടെ പരിപാലനത്തേയും യതികളുടെ അംഗീകാരത്തേയും അതിഥികളുടെ സൽക്കാരത്തേയും നടത്താതെ മുടക്കിയ എന്നെ ഭവാന്റെ പൂജ്യന്മാരായ മാതാപിതാക്കന്മാർ പതിവിരഹകൃഷ്ണി

തയായ്കണ്ടു കരുണ തോന്നി സാന്ത്വനവാക്യങ്ങ
ളാൽ ആശ്വസിപ്പിച്ചതിനാൽ ഞാൻ അടക്കിയിരു
ന്ന അവശതയും അന്തസ്താപവും വെളിപ്പെട്ട വായ്
തുറന്നു പറയുംപോലെ ഇരുന്ന എന്റെ പുഞ്ചിരി
കണ്ടു സന്തപ്തരായ് തീർന്നുവെങ്കിലും ഭവാൻ അനാ
ശാസ്യമായ മാർഗ്ഗത്തെ അനുസരിച്ചിരുന്നതിനെ ഗ
ണിക്കാതെ ഭർത്തൃവാക്യത്തിൽനിന്നും വ്യതിചലിക്ക
യില്ലെന്നുള്ള ദൃഢവ്രതത്തെ മുൻനിറുത്തി അങ്ങയെ
പിൻതുടർന്നതാണു്.

കോവലൻ പറഞ്ഞു—മാതാപിതാക്കൾ മുതലാ
യ കുടുംബികളും, സഖികളും, ദാസികളും, ആശ്രി
തകളും എന്നീ നാലംഗവും വെടിഞ്ഞു ലജ്ജ, സാ
ധുത്വം, സജ്ജനസഹവാസം, ചാരിത്ര്യം ഈ നാലു
വൃത്തിയും അംഗീകരിച്ച് എന്നെ അനുഗമിച്ച തുണ
യായ്തീർന്ന തങ്കമേ! പൊൻകൊടി! പൂങ്കൊത്തേ! ചി
ത്രാംഗി! മണിദീപമേ! ചെന്തളിരേ! സമ്പന്നേ!
ഞാൻ നിന്റെ ചേവടിയണിചിലമ്പുകളിലൊന്നു
കൊണ്ടുപോയ് വിറ്റുവരാം; മടങ്ങിവരുവോളം പി
രിഞ്ഞുപോയതോർത്തു ദുഃഖിക്കാതിരിക്കുക. ഈവണ്ണ
മുരചെയ്തു കയല്ലൂണ്ണിയായ തന്റെ കാന്തയെ മു
കെ തഴുകി, അവൾ ഏകാകിനിയായിരിക്കുന്നതു ക
ണ്ടു കരളുരുകിക്കവിഞ്ഞൊഴുകുന്ന ബാഷ്പോൽഗമം
കാണുന്നത് അവൾക്കു ഹൃദയഭേദകമായ്തീരുമെന്നു

കരുതി അതിനെ കണ്ണിണയിലടക്കി; ഗോസഹസ്രത്താലും മഹിഷീസഹസ്രത്താലും നിബിഡിതമായ തന്റെ ഇരിപ്പിടം വിട്ട പതിയെ പിരിഞ്ഞുപോകേണ്ടിവന്ന ദുഃഖത്താൽ നടപ്പാൻ വഹിയാതെതന്നെ ഇടത്തെരുവിലേക്കിറങ്ങി.

അങ്ങനെ ചെല്ലുമ്പോൾ ഒരു കൊലക്കുറ്റൻ മുക്കുറയിട്ടുംകൊണ്ടെതിരെ പാഞ്ഞു; ഇത് ഇടയക്കല്ലാതെ തന്റെ വംശക്കാക്കറിവുള്ളതല്ലായ്കയാൽ ഇതൊരു ദുർന്നിമിത്തമാണെന്നറിവാൻ കഴിഞ്ഞില്ല. ആ തെരുവിലുള്ള 'വൃഷഭകോഷ്ഠം' മുതലായതു കടന്ന് അംഗനാജനാവാസമായ വീഥിയിലൂടെ അങ്ങാടിത്തെരുവിലേക്കു കടന്നു. അവിടെ കരുവാന്മാരും തച്ചന്മാരുമായ നൂറുവരാൽ പിൻതുടരപ്പെട്ടു, രാജബിരുദമായ കഞ്ചുകമണിഞ്ഞു, കയ്യിൽ പാറുകൊടിലുമായി എതിരെ വന്ന (കുലീനനായ കോവലനെ കണ്ടു ബഹുമാനപൂർവ്വം ഒരു ഭാഗത്തേക്കൊതുങ്ങി കടന്നുചെല്ലുന്ന) തട്ടാനെ കണ്ട്, ഇവൻ പാണ്ടിയനാൽ സ്ഥാനമാനങ്ങൾ നൽകപ്പെട്ട ഒരു പെരുന്തട്ടാനാണെന്നു നിശ്ചയിച്ചരികെ ചെന്നു.

കോവലൻ— മഹാരാജ്ഞിക്കണിയത്തക്കതായ ഒരു ചിലമ്പിന്നു വിലമതിക്കാൻ നിന്നാൽ കഴിയുമോ?

പെരുന്തട്ടാൻ—കമനികളുടെ കാൽച്ചിലമ്പിൻവില മതിക്കുന്നതിൽ അടിയന്നറിവു കുറയുമെന്നിരിക്കിലും അവനീന്ദ്രന്മാരണിയുംകിരീടാദ്യാഭരണങ്ങൾ ഞാനാണ് ചമയ്ക്കുമാറുള്ളത്.

എന്നു കാലദൂതനായ്വന്ന പെരുന്തട്ടാൻ കൈകൂപ്പിവണങ്ങി പറഞ്ഞതിനാൽ കാണികൾ വിസ്മയിക്കത്തക്ക ചിലമ്പിനെ അല്പം തുറന്നുകാണിച്ചു. പവ്വപ്പൊന്നുകൊണ്ടുള്ള കേവണത്തിൽ ഉയന്നതരം മാണിക്കവും വൈരവും നിരനിരയായമുഴ്ത്തി ഉൾക്കരുവെച്ച ചിത്രവേലകളോടുകൂടിയ ചിലമ്പിന്റെ വിശേഷപ്പണികളെല്ലാം കൂടവ്വത്തിയായ തട്ടാന്റെ കണ്ണുകൾ നോക്കിക്കൊണ്ടിരിക്കെ നിരപരാധിയെ അപരാധിയാക്കുന്നതിന്നുള്ള മാർഗ്ഗത്തെ അവന്റെ മനസ്സും നോക്കിക്കൊണ്ടിരുന്നു; ദുർമനസ്സുകളുടെ ഈ ഭിന്നവൃത്തിതത്വം ഇതരന്മാരാൽ ഗ്രാഹ്യമല്ലല്ലോ. അനന്തരം "പോണ്ടിപ്പെരുങ്കോവിക്കല്ലാതെ മറ്റാക്കും ഈ അമൂല്യമായ ചിലമ്പ് ആശിക്കത്തക്കതല്ല; അടിയൻ ചെന്നു പെരുമാളോട് ഈ വിചരമുണർത്തിച്ചുവരുവോളം അടിയന്റെ കൂപ്പാടിന്നരികെ ഇരുന്നരുളുക" എന്നു പറഞ്ഞു പിരിഞ്ഞു. കോവലൻ അവന്റെ പുരയിടത്തിന്നടുത്തുള്ള ഒരു അഗ്രശാലയുടെ മതിൽപ്പുറത്തിരിക്കുകയും ചെയ്തു. തട്ടാൻ, "ഞാൻ മുമ്പ

പഹരിച്ചെടുത്ത ചിലമ്പ് എന്റെ അധീനത്തിൽതന്നെ ഇരിപ്പുണ്ടെന്നു പലരും അറിഞ്ഞിരിക്കുന്നതിനാൽ ഇതു മഹാരാജാവിന്റെ അറിവിൽ പെടുന്നതിനു മുമ്പായി അന്യദേശത്തിൽ നിന്നു വന്ന അപരിചിതനായ ഇവനെക്കൊണ്ട് ഈ അപരാധം പോക്കാം" എന്നു കല്പിച്ചു രാജഗൃഹത്തിലേക്കായ് ഗമിച്ചു. നാടകത്തിൽ വേശ്യകളുടെ ആട്ടവും പാട്ടും അഭിനയവും നായകന്റെ ഹൃദയത്തെ ആകഷ്ടിച്ചതായറിഞ്ഞതിനാൽ താങ്ങുണ്ടായ ഹൃദയവ്യഥയടക്കി അസഹ്യമായ തലനോവാണെന്ന വ്യാജത്തിന്മേൽ കുലജാതയായ പെരുംദേവി തന്നെ അണയാതെ അന്തഃപുരം പുക്കിരുന്നതിനാൽ പെരുമാൾ കാമപരവശനായി മന്ത്രിപരിഷത്തിൽനിന്നും പിരിഞ്ഞു പരിചാരികമാരോടുംകൂടി പെരുന്തേവിയുടെ കോവിലകത്തേക്കെഴുന്നള്ളുമ്പോൾ ദ്വാരദേശത്തിൽവെച്ച് അദ്ദേഹത്തെ കണ്ട പേരുംതട്ടാൻ താണുവീണു പലവുരു തൊഴുതു "തുരങ്കക്കോലും കവരക്കോലും കൂടാതെ താൻ പഠിച്ച സിദ്ധിവരുത്തീട്ടുള്ള മന്ത്രംതന്നെ കവച്ച് നടത്തുവാൻ സാധനമായ്തിരുമെന്നറിച്ചു പാറാവുകാരെ മയക്കംചെയ്യറക്കി കോവിലകത്തിരിപ്പുള്ള പേരുംദേവിയുടെ ചിലമ്പിനെ അപഹരിച്ച കള്ളൻ ഉജ്ജിത

ത്തോടെ നഗരം പാലിച്ചുവരുന്ന കാവലാളികളുടെ ദൃഷ്ടിയിൽ പെടാതെ അടിയന്റെ പുരയിടത്തിന്നകത്തു വന്നിരിക്കുന്നു.'' എന്നു പറഞ്ഞു. മാലാധാരിയായ പാണ്ഡ്യഭൂപൻ ഇതു കേട്ടു നഗരപാലകന്മാരെ വരുത്തി, ''ഇപ്രകാരം രാജ്ഞിയുടെ കാൽചിലമ്പ് ഇവൻ പറഞ്ഞപ്രകാരം കവർന്നുകൊണ്ടുപോയ കള്ളന്റെ കയ്യ്വൽ കാണുന്നതായാൽ വദ്ധ്യനായ അവനെ ചിലമ്പോടുകൂടെ കൊണ്ടുവരുവിൻ'' എന്നു കല്പിപ്പാൻ കരുതിയെന്നിരിക്കിലും വിധിവൈപരീത്യത്താൽ ആലോചനാശക്തിയില്ലാതെ ദേവിയുടെ വിരഹത്താൽ കാമപരവശനും തദ്ഗതചിത്തനുമായി തൽപ്രസാദപ്രാപ്തിയെ മാത്രം മുൻനിറുത്തി, ''അവനെ കൊന്ന് ആ ചിലമ്പ് ഇങ്ങോട്ടു കൊണ്ടുവരുവിൻ'' എന്നു കല്പിച്ചു. കല്പനപ്രകാരംകാവലാളികളോടൊത്തു പുറപ്പെട്ട കരുങ്കള്ളനായ പെരുന്തട്ടാൻ തന്റെ മനോരഥം സാധിച്ചതുകൊണ്ടു കൃതാർത്ഥനായി കമ്മപാശബദ്ധനായ കോവലനിരിക്കുന്നേടത്തേക്കു സത്വരം പാഞ്ഞുചെന്നു.

കപടവൃത്തിയായ പെരുന്തട്ടാൻ കാവലാളികളോടുകൂടി കോവലന്റെ അടുത്തു ചെന്നു രാജകല്പനപ്രകാരം ചിലമ്പു കാണ്മാനായി വന്നിട്ടുള്ള ഇവക്കു ചിലമ്പു കാട്ടിക്കൊടുപ്പാൻ പറഞ്ഞതിന്നുശേ

ഷം ചിലമ്പിന്റെ പണിയിലുള്ള വിശേഷങ്ങളെ പ്പറ്റി പറയുവാനാണെന്ന ഭാവത്തിൽ ഭടന്മാരെ മാടിവിളിച്ച് അരമനയിലിരുപ്പുള്ള ഒറ്റച്ചിലമ്പി നോട് ഈ ചിലമ്പിനു പ്രത്യക്ഷത്തിൽ സാധർമ്മ്യ മുണ്ടെന്നു ധരിപ്പിച്ചു. "സത്യവാദിയുടെ ലക്ഷണ ങ്ങൾ കാണുന്നതുകൊണ്ടും ഇരിക്കുന്ന സമ്പ്രദായം കൊണ്ടും ഇവൻ നീ പറയുംപ്രകാരം ഒരു കള്ളനല്ല; വദ്ധ്യനുമല്ല." എന്നു പറയുന്ന വീരന്മാരായ വേൽ ക്കാരെ ഫസിച്ചുപറഞ്ഞുകൊണ്ട് കൊലപാതകനാ യ പെരുന്തട്ടാൻ ചോരശാസ്ത്രപ്രകാരമുള്ള തെളിവു കൾ പറഞ്ഞുതുടങ്ങി.

മന്ത്രം മരുന്നുകളിടങ്ങൾ കരുപ്രയോഗം
യന്ത്രം നിമിത്തകഥനത്തൊട്ട കാലഭേദം
ചിന്തിച്ചുതാൻ വഴിപെട്ടന്നൊരു ദൈവമെട്ടും
ചിന്തുന്ന ചോരണവിധിക്കവലംബമത്രെ

മന്ത്രം—ചോരന്മാർ സിദ്ധിവരുത്തീട്ടുള്ള മ ന്ത്രം വിധിപ്രകാരം ജപിക്കുന്നതായാൽ ദേവകു മാരന്മാരെയെന്നപോലെ അവരെ നമുക്കു പിന്നെ കാണ്മാൻ കഴിവുള്ളതല്ല.

മരുന്ന്—ഇവർ മരുന്നുകൊണ്ടു നമ്മെ മയ ക്കുന്നതായാൽ നാം ഇരുന്നേടത്തുനിന്നും എഴുനേ റ്റുപോകയെന്നുള്ളതു സാദ്ധ്യമല്ല.

ഇടം—ഇന്നസ്ഥലത്തുനിന്നും ഇന്ന വസ്തു ക വൻകൊള്ളാമെന്നു അവർ നിശ്ചയിക്കുന്നുവെങ്കിൽ

ആ സ്ഥലത്ത് അവരെ ആർക്കും കാണ്മാൻ കഴിയുന്നതല്ല.

കരുപ്രയോഗം—അവർ ഒരു വിധത്തിലും കയ്യലാക്കുവാനരുതാത്ത വസ്തുക്കളെ കരുക്കളുടെ സേവകൊണ്ടു കവന്നൊട്ടത്താൽ അത് ആരാൽ കണ്ടുപിടിപ്പാൻ കഴിയും.

തന്ത്രം—ചോരശാസ്ത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള തൊഴിലുകളും പഠിച്ചറിഞ്ഞു് പരിഭ്രമംകൂടാതെ ഒരുങ്ങുന്നതായാൽ അവർ ഭൂലോകവാസികളെന്നിരിക്കിലും സ്വർല്ലോകവാസിയായ മഹേന്ദ്രന്റെ മാറിടത്തിലണിയുന്ന മുക്താഹാരത്തെ ഹരിപ്പാനിച്ഛിക്കുന്നതായാൽ അതും അവക്ക് അസാദ്ധ്യമല്ല.

നിമിത്തം—തങ്ങൾക്കനുഭവവേദ്യങ്ങളായ നല്ല നിമിത്തങ്ങൾ ലഭിക്കുമ്പോഴല്ലാതെ യാതൊരുപഹരണത്തിന്നും ഒരുങ്ങുകയില്ലെന്ന മാത്രമല്ല ദുർല്ലഭമായ വല്ല ധനവും അനായാസേന ലഭിക്കുന്നതായാൽപോലും അതു കൈക്കൊൾകയുമില്ല.

കാലം—ഇവർ കളവുചെയ്വാനുള്ള കാലം ഇന്നതെന്നു കരുതി നിശ്ചിതസമയത്തിൽ ഉദ്ദിഷ്ടമായ ദ്രവ്യം കവർന്നുകൊള്ളുന്നതായാൽ ഏതു മേധാവികൾക്കും നിരോധിപ്പാൻ കഴികയില്ല.

ദൈവം—തങ്ങൾ സേവിച്ചു വരുന്ന ദൈവം എപ്പോഴും മുൻനിന്നു തുണയ്ക്കുമെന്നുള്ള വിശ്വാസ

ത്തോടുകൂടി അവർ മോഷ്ടിക്കുന്ന ഏതൊരു പദാർത്ഥവും നമ്മുടെ ദൃഷ്ടിയിലകപ്പെട്ടാൽകൂടിയും അവക്കൊളിപ്പാൻ കഴിയും.

നിങ്ങൾ ഇവന്റെ തന്ത്രങ്ങളിലകപ്പെട്ടുപോയാൽ പുകഴാന്ന പാണ്ടിപ്പെരുമാളുടെ ദണ്ഡനയ്ക്ക് ഉടനെ പാത്രീഭവിക്കും. ഈ തരക്കാക്ക് രാപ്പകലെന്ന ഭേദമില്ല. ഇവരുടെ കളവുകൾ കണ്ടുപിടിപ്പാനും സാദ്ധ്യമല്ല; മുമ്പൊരുനാൾ ഒരു കള്ളൻ ഒരു ദൂതന്റെ വേഷംധരിച്ച് അരമന വാതുക്കലിരുന്ന പകൽ കഴിച്ചു രാത്രിയിൽ സ്ത്രീവേഷധാരിയായി ഉള്ളിൽ കടന്നു വിളക്കിന്റെ തിരിൽപറ്റി കൂസൽകൂടാതെ പള്ളിയറയിൽ പുക്കൊളിച്ച് ഉറങ്ങിക്കിടക്കുന്ന ഇളയമഹാരാജാവിന്റെ ഉരസ്ഥലത്തിൽ ഉജ്ജ്വലിക്കുന്ന വൈരമാല പറിച്ചെടുത്തു; അദ്ദേഹം ഉണർന്നപ്പോൾ കണ്ണത്തിൽ ഹാരം കാണായ്കയാൽ ഉടനെ വാളുറയൂരി; കള്ളൻ വാളുറ കയ്യിലാക്കി; വാൾകൊണ്ടു കുത്തുമ്പോഴെല്ലാം വാളിൽ ഉറയിട്ടുംകൊണ്ടു തടുത്തുനിന്നു. അപ്പോൾ യുവരാജാവ് അവനോടുമല്ലിട്ടു പരവശനായി; കള്ളൻ അവിടെയുള്ള ഒരു സ്തംഭത്തെ താനെന്നു കാട്ടി ഫലിപ്പിച്ചു മാറി തന്റെ ചോരശാസ്ത്രപാണ്ഡിത്യത്താൽ മാഞ്ഞു രക്ഷപ്പെട്ടുപോയി. ആ ദിവ്യനെ വല്ലവരും കണ്ടിട്ടുണ്ടെങ്കിൽ അവരെ ഒന്നു കാട്ടിത്തരുവിൻ. ആക

യാൽ ഇവക്കിവർ തന്നെ തുല്യന്മാരെന്നു വരുന്നത ല്ലാതെ ഈ ലോകത്തിൽ മറ്റാരെങ്കിലുമുണ്ടോ? എ ന്നു അവാസ്തവമായ ഒരു സംഭവം പറഞ്ഞു ഫലി പ്പിച്ചു.

അപ്പോൾ അവിടെയുള്ള ഭടന്മാരിൽ ഒരു യുവാവു പറഞ്ഞതാവിത് — മുമ്പൊരിക്കൽ നീലവസ്ത്രം മുടുത്തു നിലംപൊളിപ്പാനുള്ള ഉളിയും കയ്യിലെടുത്ത് പല ആഭരണങ്ങളും കയ്യ്ലാക്കുവാനുള്ള പേരാശയോടുകൂടി കിട്ടിയതിനെ കൈവിടാതെ, കൊടിയ വിശപ്പിനാൽ കടിമാംസം വിടാത്ത പുലിയെപ്പോലെ ശരൽക്കാലത്തുള്ള ഒരു അർദ്ധരാത്രിയിൽ ഒരു കള്ളനെ കണ്ടുമുട്ടിയപ്പോൾ ഞാൻ കൈവാളുറയൂരിപ്പിടിക്കയും അവൻ ആ വാളിനെ കയ്യ്ലാക്കുകയുംചെയ്തു. പിന്നെ അവനേയും ആ വാളിനേയും ഒരിടത്തും കാണുകയുണ്ടായിട്ടില്ല. അതിനാൽ ഇവരുടെ കൃത്യങ്ങൾ ആക്കും അറിവാനരുതാത്തതാണ്; നാം ഇവനെ ഒഴിവാക്കിവിട്ടാൽ രാജശിക്ഷയ്ക്കു പാത്രീഭവിക്കും; ഇനി ഇക്കാര്യത്തിൽ നമ്മുടെ കൃത്യമെന്തെന്ന് ആയുധപാണികളായ നിങ്ങൾ നന്നായ്നിരൂപിച്ചു ചെയ്തുകൊൾവിൻ.

1. അതുപൊഴുതുചപലമതിജളനൊരുഭടൻതുനി—
ഞ്ഞതാതതായീ വാളെടുത്തങ്ങു വീശിനാൻ
2. അതു വിമലഹൃദയനുടെ ഗളഭുവി പതിക്കയാ,
ലാഹന്ത വീണു കടഞ്ഞോര ധാരയായ്

3. വസുമതിയുമധികതരമഴലിൽ മുഴകീടിനാൾ
വീരനാം മന്നനെറ ധർമ്മം പിഴച്ചിതു
4. വിധുതതനുധരണിയിൽ മറിഞ്ഞിതു കോവലൻ
വിസ്മയം ഘോരംപരം കർമ്മവൈഭവം.

ആവൃത്തവാക്യം.

1. മനുജപതി പാണ്ഡ്യനെറ പൂർവ്വകർമ്മത്തിനാൽ
മാലിന്യമേലാത്ത രാജധർമ്മത്തിനും
2. സതികനകമണി കണ്ണകീദേവിതൻ കാന്തനെ
കൊന്നമൂലം വന്ന ഭംഗമെന്നാകയാൽ
3. പരിചിനൊടു പുണ്യപാപങ്ങൾ കർത്താവു താൻ
പാടേളജിച്ചീടുമെന്നറിഞ്ഞീടുവിൻ.

പതിനേഴാം ഗാഥ.

ആശ്ചിമാരുടെ കുരവക്കൂത്ത്.

"ഹിമാലയമൂർദ്ധാവിൽ താൻ വരച്ച കരിമത്സ്യത്തിന്നരികെ പുലിയും വില്ലും വരച്ച ചെമ്പിയൻ ചേരനും * ജംബൂദ്വീപിലു

---

* പാണ്ടിയനു മത്സ്യക്കൊടി; ചേരനു പുലിക്കൊടി; തൻെറ രാജ്യസീമയെ സ്ഥാപിപ്പാൻ പാണ്ഡ്യൻ കൊടി നാട്ടിയേടത്തു ചേരനും തൻെറ കൊടി നാട്ടി; മത്സ്യത്തിനു പുലിയും വില്ലും ശത്രുഭാവമെന്നും കാണിക്കുന്നു.

ള്ള മറു മന്നരും സാമന്തഭ്രപാലരും തന്നിക്ക കീഴ
ടങ്ങുംവണ്ണം പാരെല്ലാം പരിപാലിച്ചു മുത്തണിഞ്ഞ
വെൺകൊറ്റക്കുട കയ്യാളും പാണ്ടിയന്റെ കോവി
ലകത്തു പള്ളിയുണർച്ചയുള്ള മുരജദ്ധ്വനി മുഴങ്ങു
വാൻ കാലമായിരിക്കുന്നു; ഇന്നു നമുക്കു കോവിലക
ത്തു നെയ്യളക്കേണ്ടും മുറയാണല്ലോ" എന്നു കരുതി
തന്റെ മകനെ അയ്യയേയുംവിളിച്ചു തയിർ കലക്കു
വാൻ കടകോലും കയറുമെടുത്തു ഗോപകുലവൃദ്ധയാ
യ മാതരി തയിക്കലം വെച്ചിരിക്കുന്നേടത്തു ചെന്നു;
മകളെ നോക്കി, "നാം കലങ്ങളിൽ കാച്ചി ഉറപക
ന്നു വെച്ചിട്ടുള്ള പാൽ ഉറ കൂടീട്ടില്ല; നമ്മുടെ കാലി
ക്കൂട്ടത്തിൽ കനത്ത പൂത്തയോടുകൂടി കൌതുകമുള്ള
കാളക്കുട്ടി കണ്ണുനീർ പൊഴിക്കുന്നു; ഈ സംഭവങ്ങൾ
നമുക്കൊരാപത്തു വരുവാൻപോകുന്നുണ്ടെന്നു കാ
ണിക്കുന്നു. തലേനാളത്തെ വെണ്ണ ഉരുക്കിയാൽ ഉ
രുകുന്നില്ല; ആട്ടിൻകുട്ടികൾ തുള്ളിക്കളിക്കാതെ മയ
ങ്ങി വീഴുന്നു; അതിനാൽ ഒരാപത്തു വരുന്നുണ്ട്.
പൈക്കളുടെ ശരീരംനടുങ്ങിയുഴലുന്നു; അവയുടെ കഴ
ത്തിൽ കെട്ടിയ വലിയ മണികൾ അറുവീ
ഴുന്നു; അതിനാൽ ഒരാപത്തു വരുന്നുണ്ട്. ഇതു
കടുപ്പംതന്നെ. ഭയപ്പെടാതിരിക്ക; അമ്പാടിയിൽ
അക്കാലത്തു വൃഷഭകോഷ്ഠത്തിൽ അണ്ണനോടും
കൂട്ടുകാരോടുമൊത്തു പിഞ്ഞാവചൂഡനായ ക

ണ്ണനാടിയ ബാലക്രീഡകളിലൊന്നായ കുരവയാ
ട്ടം * തനുപംഗീമണിയായ ഈ കണ്ണകിയും കണ്ടു
നില്ക്കുത്തക്കവണ്ണം നടത്തേണം; ഈ പശുക്കൾക്കും
മറു കാലികൾക്കും വന്നിട്ടുള്ള ശല്യം നീങ്ങുമാറാക
ട്ടെ" എന്നു പറഞ്ഞു. അപ്പോൾ അതിനൊരുങ്ങി
മുല്ലമാലയുംചൂടി വൃഷഭകോഷ്ഠത്തിൽവന്നുചേർന്ന ഏ
ഴഗോപകന്യകമാർ അവിടെയുള്ള ഏഴു വൃഷഭങ്ങ
ളെ ഉദ്ദേശിച്ചിങ്ങനെ അവരിലോരോരുത്തരെ ചൂ
ണ്ടിക്കാണിച്ചു പറഞ്ഞു.

1. "ചിറകംകലന്ന കരിംകുറനെ ക്ഷണാൽ
പാട്ടിൽപിടിച്ചോനിണങ്ങുമിത്തയ്യലാൾ
2. നെറിയിൽ പാണ്ടൻ പെരുങ്കാളയെ തുണ്ണ-
മെത്തിപ്പിടിച്ചോനെ ചേരുമീ ഗോപിയാൾ
3. വല്ലാതകാളക്കിടാവിൻപുറത്തേറി
യുല്ലാസമാന്നവനൊക്കുമിപ്പെണ്ണണി
4. പാൽചുണങ്ങൻകാളതന്നെജയിച്ചോനെ
ചേച്ചയായീടുമിത്തനുപംഗിതാനലം.
5. പൊന്മുള്ളിതാവും വൃഷത്തെ ബന്ധിച്ചൊരു
വമ്പനെ യോഗ്യയാമിന്നാരിനിൺണ്ണയം
6. വെല്ലുവാനേലാതൊരുക്ഷത്തെവെന്നൊരു
നല്ലനായുള്ളവന്നിത്തനുവിനന്നഹൊ.
7. വെള്ളപ്പെരുങ്കാളതന്മദം തീർത്തോനെ
കൊള്ളാം കണക്കിലിക്കാമിനീമൌലിയാൾ.

---

* ഏഴോ ഒമ്പതോ പേർ കൈകോർത്തുപിടിച്ചു വട്ടംനിന്നു കളിക്കുന്നതു്.

(ഗബന്ധിച്ചുടൻ സപ്തസ്വരങ്ങളെത്താൻ, നന്ദാത്മജൻ സത്യയെ വേട്ടുകൊണ്ടാൻ" എന്ന ഭാഗവതകഥാംശം ഇവിടെ സ്മരിക്കുന്നു.)

മാതിരി അയ്യയെ നോക്കിനിന്ന ആ ഏഴ കന്യകമാരേയും സപ്തസ്വരങ്ങൾ നിൽക്കും മുറപ്രകാരം നിറുത്തി അവക്ക് പടിഞ്ഞാറുനിന്നു തുടങ്ങി ക്രമത്തിൽ ഷഡ്ജം, ഋഷഭം, ഗാന്ധാരം, മദ്ധ്യമം, പഞ്ചമം, ധൈവതം നിഷാദം ഇങ്ങനെ ഏഴ സ്വരങ്ങളുടെ സംജ്ഞകൾ കൊടുത്തു ഇവർ ആടുവാൻ ചാരി നിൽക്കുന്ന വൃത്തത്തെ പന്ത്രണ്ടായ രാശിച്ച് അവയെ മേഷാദിരാശിസ്ഥാനങ്ങളായി കല്പിച്ച് അവയിൽ പശ്ചിമദിഗ്ഭാഗത്തിൽനിന്നു പ്രദക്ഷിണമായി തുലാം, ധനു, കുംഭം, മീനം, ഇടവം, കർക്കിടകം, ചിങ്ങം ഈ ഏഴ രാശിസ്ഥാനങ്ങളെ ക്രമത്തിൽ ഷഡ്ജം മുതലായ ഏഴ സ്വരസ്ഥാനങ്ങളായി കല്പിച്ചു, ഷഡ്ജസ്ഥാനത്തു നില്ക്കുന്നവളെ മാധവനെന്നും, പഞ്ചമസ്ഥാനത്തു നില്ക്കുന്നവളെ ബലദേവനെന്നും, ഋഷഭത്തിന്റെ സ്ഥാനത്തു നില്ക്കുന്ന അയ്യയെ പിന്ന (ലക്ഷ്മി)യെന്നും ഗാന്ധാരം, മദ്ധ്യമം, ധൈവതം, നിഷാദം ഈ സ്ഥാനങ്ങളിൽ മറുള്ള ഓരോ ഗോപകന്യകമാരേയും നിയമിച്ചു. ഋഷഭവും നിഷാദവും മാധവനെന്ന ഷഡ്ജത്തെ ചേർന്നും, മദ്ധ്യമവും ധൈവതവും ബലദേവനെന്ന

പഞ്ചമത്തെ ചേൻമാണ നിൽക്കുന്നത്. ഗാന്ധാരം ഋഷഭത്തിന്റെ ഇടതുഭാഗത്തും ധൈവതം നിഷാദത്തിന്റെ വലതുഭാഗത്തും നിൽക്കുന്നു. അവരിൽ മാധവന്റെ കണ്ണത്തിൽ തുളസിമാലയിട്ട കുരവയാട്ടത്തിലേപ്പെട്ടാടുവാൻ തുടങ്ങി. "ഇവൾ ത്രിവിക്രമനായ ദേവനു തന്റെ വക്ഷസ്സിൽ വാമഭാഗമന്ന ശ്രീദേവിയിൽ അനാസ്ഥഭവിപ്പാൻ തക്ക ഗുണാതിശയത്തെ വഹിക്കുന്ന പിന്ന (ഷഡ്ജസ്ഥാനത്തു മാധവനായ്ക്കല്പിച്ചവളുടെ പിന്നെത്തവൾ— അയ്യ) തന്നെയോ അയ്യ! (ആശ്ചര്യം)" എന്നായിരുന്ന മാതരിയുടെ മതം. സമനിലയിൽ കൈകോത്തു പിടിച്ചു വട്ടംതികഞ്ഞു നിന്നതിനുശേഷം ആടുവാൻ തക്ക താനഭേദത്തെ ആലോചിച്ച് ഒന്നാമത്തെതായ ഷഡ്ജസ്വരസ്ഥാനത്തുള്ള മാധവനെന്ന സംജ്ഞകയ്ക്കൊണ്ടവൾ തന്റെ ശാഖയായ ഋഷഭസ്വരസ്ഥാനത്തുള്ള അയ്യയോട്, "വിശാലമായ ഗൃഹോദ്യാനത്തിൽ കപടമായ്വന്ന നിന്ന നാരകദ്രുമത്തെ ഭഞ്ജിച്ച ആ ദേവനെ ഉദ്ദേശിച്ചു നാം മുല്ലക്കഴലിന്റെ ശ്രുതിയിൽ പാടിയാടെണം" എന്നു പറഞ്ഞു പാടുവാനൊരുങ്ങി ഷഡ്ജം മന്ദസ്വരമായും, പഞ്ചമം സമസ്വരമായും ഇരിക്കുംപ്രകാരം ഋഷഭത്തെ ഉച്ചസ്വരമായും ധൈവതത്തെ മന്ദസ്വരമായും പിടിച്ച് അവളോടൊത്തു പാടുന്നു.

ചിന്ത് — ''ആറുമുഖവടിവേലവനൈ'' എന്ന മട്ട്.

1. കാലികൾമേയ്ക്കുന്ന കാലമൊരുതരുതന്നിൽകനിയുതിപ്പാൻ—ഒരു
കാലിക്കിടാവെ കൊന്തടിയാക്കിയ മായാമയൻ മുകുന്ദൻ

2. കാലിക്കുലത്തിൽ കനിഞ്ഞുവന്നിങ്ങുതൻകൊന്നക്കഴലൂന്നും—ഇതു
കാലമതിൻനാദം കേട്ടു നമുക്കു സുഖിച്ചിടാമെൻ തോഴി.

3. മന്ദരമാമലമത്തിന്നൊരു കോലായ് പന്നഗപാശവശം—ചുറ്റി
മുന്നംപയോധിമഥിച്ചൊരു മാധവൻ നമ്മിൽ കൃപാവശനായ്

4. ഇന്നിങ്ങുഗോവൃന്ദം തന്നിലണഞ്ഞുടനാമ്പൽക്കഴലൂന്നും—കള
മഞ്ജുളഗാനത്തെക്കേൾപ്പാൻ നമുക്കിട വന്നീടുമോ തോഴി!

5. മന്ദിരവാടിയിൽമായയാൽനിന്നൊരുനാകപ്പൈന്തരുവ-ർതം
ഭഞ്ജനംചെയ്യൊരു മായാമയൻ പന്തുവൃന്ദത്തിൽ വന്നീടുകിൽ

6. മഞ്ജുളമാമ്മാവൻ മുഴക്കീടുന്ന മുല്ലക്കുഴൽ ധ്വനിയാൽ-സുഖം
തന്നീടുവാനവനുണ്ടാകുമോകനിവെന്നു ചൊൽകെൻ തോഴി!

ശ്രീകൃഷ്ണസ്വാമി കയ്യിലുണ്ടിരുന്ന വംശവാദ്യം (വംശീയം) മുള, ചെങ്ങാലി, കരിങ്ങാലി ഈ മരങ്ങളാലും കാംസ്യലോഹത്തിനാലും നിർമ്മിക്കാം; ഇതിനു ഇരുപതംഗുലം നീളവും നാലര അംഗുലം ചുറ്റളവുവണ്ണവും ഉണ്ടായിരിക്കേണം. കുഴലിന്റെ ഇടത്തെ അറ്റം രണ്ടംഗുലം നീളം വിട്ട് ഒന്നാമത്തെ തുളയിടുക; ഇതിൽനിന്നു ഏഴംഗുലവും വലത്തെ അറ്റത്തുനിന്നും രണ്ടംഗുലവും വിട്ട് നടുവിലുള്ള ഒമ്പതംഗുലം ഇടയിൽ സമഭാഗം കണ്ട് എട്ട് തുളയിടുക. ഓരോ തുളയും ഒരു നെല്ലരിയുടെ നീളത്തിനൊത്ത വട്ടമുള്ളതായിരിക്കേണം; ഈ എട്ടിൽ ഇടത്തെ അറ്റത്തുള്ളതിനു 'മുഢ്'യെന്നാണ് സംജ്ഞ; ഇതു നീക്കി വലത്തോട്ടുള്ള ഏഴ് ചാരങ്ങളിൽ ആദ്യത്തെ മൂന്നിൽ ഇടതുകയ്യിന്റെ നടുവിരൽ മൂന്നും പിന്നത്തെ നാലിൽ വലങ്കയ്യിന്റെ പെരുവിരലൊഴികെ നാലു വിരലും കൂടി യഥാക്രമം ഏഴുവിരൽ വെച്ചു വായിക്കേണ്ടതാണ്. ഈ തുളയേഴും ക്രമത്തിൽ ഷഡ്ജം ഋഷഭം ഗാന്ധാരം മദ്ധ്യമം പഞ്ചമം ധൈവതം നിഷാദമെന്ന സ്വരസ്ഥാനങ്ങളാകുന്നു. ഈ വാദ്യം കൊന്നക്കുഴൽ, ആമ്പൽക്കുഴൽ, മുല്ലക്കുഴൽ, എന്നിങ്ങനെ മൂന്നുവിധത്തിലുണ്ട്. ഇവതമ്മിൽ ആകൃതിയിലും ശ്രുതിയിലും ഭേദമുണ്ട്.

അനന്തരം യമുനാകൂലത്തിങ്കൽ കൃഷ്ണനോടൊന്നിച്ചുള്ള പിന്നയുടെ കേളീവിലാസത്തെ പ്രതിപാദിച്ചു പാടുന്നു.

ചിന്ത് –തെള്ളുതമിഴ്കുതവുശീലൻ് എന്നമട്ട്.

1 മിന്നലൊക്കുമിടയെടിഞ്ഞീടും—വേഗാ—
ലെന്നു കാണും വിലാസങ്ങളോടും—മരു
വുന്നവർ തൻ തുകിൽ കവർന്നുള്ളവനെറ തന്നുകാന്തി
പെരുതോ ചൊൽവാനരുതോ?

2. അംബരം വെടിഞ്ഞു മൃദുവേണീ—ബന്ധ
മങ്ങഴിഞ്ഞതുമുള കുളവാണീ—തനെറ
മന്മഥകലാവിലാസമങ്കുരിക്കും മുഖകാന്തി
പെരുതോ ചൊൽവാനരുതോ?

3. അന്നു കാളിന്ദീതടത്തിൽ ചെന്നു—തികൾ
വാൻ ചില വഞ്ചന തുടന്നു—കൊണ്ടു
നിന്നവൻ കരം കവന്നു തനി തനെറ തന്നുകാന്തി
പെരുതോ ചൊൽവാനരുതോ?

4. അങ്ങിനെ തൻ കരം കവന്നീടു—ന്നൊരു
മംഗലാംഗി തന്നിലിണങ്ങീടും—ചാരു
കങ്കണമഴകും കവർന്നുള്ളവനെറ തന്നുകാന്തി
പെരുതോ ചൊൽവാനരുതോ?

5. കാന്തിയൊടു കൈവളയുമകന്നു—പാര
മന്തരംഗം മന്ദാക്ഷമാണ്ഴന്നു—അവൻ
കയ്യൽനിന്നു മറഞ്ഞൊരു കമനിതൻ തന്നുകാന്തി
പെരുതോ ചൊൽവാനരുതോ?

6. കയ്യൽനിന്നു മറഞ്ഞുടനകന്നു—കൊണ്ടൊ
രക്കൊനീമുഖാംബുജം പതിഞ്ഞു—പാര—
മുൾക്കരുന്നിൽ കനിഞ്ഞുടനാഴന്നവൻ തന്നുകാന്തി
പെരുതോ ചൊൽവാനരുതോ?

ദിവാകരനെ തൻെറ ചക്രംകൊണ്ടു മറച്ച കടൽവണ്ണനായ കണ്ണൻെറ ഇടതുഭാഗത്തും മതിനേർവണ്ണനായ ബലദേവൻെറ വലതുഭാഗത്തുമായി പുവണിയും വേണീബന്ധമഴിഞ്ഞുനിന്നവളായ പിന്ന (പിഞ്ഞ) ഏകതാളത്തിൽ പാടുന്നതനുസരിച്ചു മറുള്ളവർ വേളോക്തമായ തൻെറ ശിക്ഷാക്രമത്തിൽ നാരദൻ ഗാനംചെയ്യുന്ന തന്ത്രീസ്വനത്തിനു തുല്യമായി അനുഗാനംചെയ്തു. മയിലിൻെറ പുറകഴിത്തിനനുരൂപമായ തനുകാന്തിയോടുകൂടിയ മാധവൻെറ ദക്ഷിണപാർശ്വത്തിലും പുതുവെൺമലക്കൊത്ത കാന്തികൊലുന്ന ബലദേവൻെറ വാമപാർശ്വത്തിലുമായി അല്പം തലകുനിച്ചുനിൽക്കുന്ന പിന്ന, അവളുടെ മനോധർമ്മത്തിനൊത്തവിധം ലയത്തിൽ പാടുന്നതനുസരിച്ചു മറുള്ളവർ വേണുനാദത്തിനനുഗുണമായി നാരദൻ ഗാനംചെയ്യുന്ന തന്ത്രീസ്വനത്തോടു ഭേദമാകുംവണ്ണം അനുഗാനംചെയ്തു. ഇങ്ങനെ കാമപാലനും കണ്ണനും പിന്നയും മറുള്ളവരും കഴുത്തിലണിഞ്ഞ വനമാലകൾ മുതുകിലേക്കു തുങ്ങി അലച്ചും കോർത്തുപിടിച്ച കൈകളിലണിഞ്ഞ കങ്കണധ്വനിക്കനുരൂപമായി താളംചവിട്ടിയും, അമ്പാടിയിൽ വൃഷഭകോഷ്ഠത്തിൽ യശോദതൊഴുത്തു വണങ്ങത്തക്കവണ്ണം അന്നാടിയപോലെ എത്രയും മനോഹരമായ കുരവയാട്ടം കണ്ടു മാതരി

അത്ഭുതപരതന്ത്രയായ്ഭവിച്ച്, "നാം ഈ ആട്ടത്തിന്റെ രംഗമായി ഗരുഡധ്വജനായ ഭഗവാനെ സ്തുതിച്ചു പാടുക" എന്നഭിപ്രായപ്പെട്ട് അപ്രകാരം പാടുന്നു.

ചിന്ത്-'പൊന്നലാവു ശൈന്നികളു' എന്ന മട്ട്.

1. അബ്ജിജാതമതുപോലങ്ങബ്ജിജാതമായ്നിളങ്ങും
മുത്തിനാൽ തീർത്തുള്ള രണ്ടു ഹാരവും—സുര
സത്തമൻ നൽകിയ ദിവ്യഹാരവും—ഹൃത്തിൽ
പൂണ്ട പാണ്ഡ്യനരാധിപൻ വന
സീമ്നി ഗോക്കളെ മേച്ചിടുംപൊഴ
താത്തനാം ദാനവൻ തന്നെക്കൊന്നടൻ—ലോക—
ക്കാത്തി തീർത്തുള്ളൊരു ദേവനല്ലയോ.

2. മന്നിലേറ്റം വിളങ്ങീടും വെള്ളിയാം മാമല തന്റെ
ഉന്നതശൃംഗാന്തരത്തിലങ്കിതം—മിന്നും
പൊന്മയം ശാർദ്ദൂലമായ കേതനം—തൊട്ട-
ള്ളിഴിവാണ വിശാലസാലപ-
രീതമായ പുകാരിൽ വാഴ്വൊരു
മന്നവൻ മേരുവായീടും കാമ്പുകം—പൂണ്ടു
ജന്യസീമ്നി ജയംകൊണ്ട മാധവൻ.

3. ആഴിതന്നിലിളംപ്രായംപൂണ്ടു പാരം വളർന്നുള്ള
ജാതമായ കദംബത്തിൻ ഭഞ്ജനം—ചെയ്യു
വഞ്ചിച്ചുവല്ലഭൻ വൈരിസന്തകൻ—ചേരൻ
കുന്നിനൊപ്പമുയർന്ന തോളിണ-
യങ്ങിളക്കി വലിച്ചു പാല്പൂടൽ
ദണ്ഡമെന്നു മഥിച്ചൊരു വാനവൻ—സുര-
ക്കിണ്ടൽ തീർത്തു വിലസും ശ്രീവല്ലഭൻ.

തേവാരം–"മാറാരിയാതശെഴംപതുംപൊന്നെ"
എന്ന മട്ട്.

1. കഞ്ജനാഭ! കടൽവണ്ണ! കൃപാബ്ധെ!
മന്ദരമായുള്ള മാമല തന്നാൽ
മുന്നം പയോധി മഥിച്ച കരങ്ങൾ
തമ്മെ പിടിച്ചു പിണച്ചു യശോദ
എന്തൊരു മായമിതാക്കിയാവൂ
ചിന്തിക്കിലേതും കഥിക്കുവാൻമേലാ.

2. കണ്ണ! പരംപൊരുളെ! വനമാലിൻ!
വിണ്ണവർ പോറ്റി പുകഴ്ത്തിടുംവണ്ണം
മന്നോഴരണ്ടിനെയുണ്ട തെളിഞ്ഞും
പിന്നെ വിശന്നു നീ വെണ്ണ കവർന്നു
എന്തൊരു മായമിതാക്കിയാവൂ
ചിന്തിക്കിലേതും കഥിക്കുവാൻ മേലാ.

3. വാനവർപോറുമടിയിണകൊണ്ടു
മൂന്നുലകത്തെയളന്നിരുൾ പോക്കി
പാണ്ഡവദൂതനായുള്ളുദം തന്നാൽ
തുണ്ണം നടന്ന നരസിംഹരൂപ!
എന്തൊരുമായമിതാക്കിയാവൂ
ചിന്തിക്കിലേതും കഥിക്കുവാൻ മേലാ.

തേവാരം–"പൊന്നാർമേനിയനെ" എന്ന മട്ട്.

1. പോരാ മുവ്വുലകം—നിണ-
ക്കീടടിവെച്ചളപ്പാൻ
വീര! ചേവടിയാൽ—വനം
പുക്കു നീ തമ്പിയോട്ടം
പാരാവാരമതും—കട-

ന്നാശരവീരന്മാരെ
പോരിലൊടുക്കി പുരാ — പുകൾ
കൊള്ളുന്ന ലങ്കാപുരം
പാരാളുന്ന വിഭോ — ഭവൽ-
പാവനസച്ചരിതം
ചേരാസ്സിൽ ചെവിയോ — ചെവി-
യെന്നു കഥിക്കാമോ.

2. നാഭീപങ്കജത്തിൽ — ജാത-
മായിതു ലോകമെല്ലാം
ശ്രീതാവുന്ന ഭവാൻ — മഠി-
മായങ്ങളുമുണ്ണും
പാദകരതലങ്ങൾ — ചുവ-
ന്നേലും തിരുമേനി
കാണാതുള്ളൊരുക — ണ്ണാര
കണ്ണുണ്ണു ചൊല്ലാമോ.
നന്നാസ്സാണെങ്കിലും — മിഴി
തെല്ലുമനങ്ങാതെ
തന്നെ കാണ്മതു കൺ — മറി-
ച്ചെന്നാകിൽ കണ്ണാമോ.

3. പാരം മൂഢനവൻ — കംസൻ
ചെയ്യ മതികളെല്ലാം
ദൂരം പോക്കുകയാൽ — സുര-
സംഘതി കൈകൂപ്പി
നേരെ പാണ്ഡവക്കാ — യൊരു
ദൂതുരചെയ്യു മുടാ
പാരാതാരണങ്ങൾ — പുകൾ
കൊള്ളും ഭഗവാന്റെ
വന്ദേ "നാരായണ" — യെന്നാ

ധന്യം തിരുനാമം
തന്നെ ചൊല്ലാതവൻ—തൻറെ
നാവൊരു നാവാമോ?

ഇങ്ങിനെ നമ്മളാടിയ കുരവക്കൂത്തിനാൽ സ്തുതിക്കപ്പെട്ട ദേവൻ നമ്മുടെ കാലികഠിക്കു വന്നണഞ്ഞിട്ടുള്ള വിപത്തുകളെ അകാറുമാറാകട്ടെ; കലിശപാണിയായ മഹേന്ദ്രൻറെ കിരീടത്തിന്മേൽ തൻറെ അംഗദം വിളങ്ങത്തക്കവണ്ണം അദ്ദേഹത്തിൻറെ ആസന്നമിത്രവും ദക്ഷിണദേശാധിപനുമായ പാണ്ഡ്യഭൂപൻറെ സാമന്തഭൂപാലകഭയാനകമായി സാന്ദ്രഗംഭീരമായ മുരജധ്വാനം വൈരിവിദ്ധ്വംസനത്താലുള്ള വിജയത്തെ പ്രഖ്യാപനംചെയ്തുകൊണ്ടു മുഴങ്ങുമാറാകട്ടെ;" എന്നു വാഴ്ത്തിക്കൊണ്ടു കുരവക്കൂത്തിൻറെ സമാപ്തി വരുത്തി.

പതിനെട്ടാം ഗാഥ.

ദുഃഖാനുഭൂതി.

ഇങ്ങനെ തങ്ങളുടെ കുരവയാട്ടം അവസാനിച്ചപ്പോൾ മാതരി മുതലായവർ അവിരതമൊഴുകിവിലസുന്ന വൈകയാറിൻകരയിൽ വിശ്വത്രുപനായ മഹാദേവൻറെ ശ്രീപാദങ്ങളെ പുഷ്പധൂപാദിക

ളാലാരാധിപ്പാനായി ചെന്നു; അവിടെ മറൊരു രു
ണി ഉജ്ജയിനഗരത്തിൽനിന്നുടവിച്ചതും താൻ കേ
ട്ടതുമായ വൃത്താന്തം അറിയിപ്പാൻ ബദ്ധപ്പെട്ട വ
ന്നുചേർന്നു; അവൾ താൻ കേട്ട വർത്തമാനം കണ്ണകി
യെ നേരിട്ടറിയിക്കുവാൻ മനസ്സുവരാതെ അവിടെ
നീരാടി കരയ്ക്കു കയറിനില്ക്കുന്ന ഗോപിമാരോട് ര
ഹസ്യമായി പറഞ്ഞു താനും അവരോട് ചേർന്നു സ
ഹതപിക്കയും അവളുടെ അഴകും ഇളംപ്രായവും
അനാഥസ്ഥിതിയുമോർത്തു താപം സഹിയാഞ്ഞതി
നാൽ ഒന്നുമുരിയാടുവാൻ കെല്പില്ലാതെ നില്ക്കു
യും ചെയ്തു. അപ്പോൾ കണ്ണകി അയ്യയോട് പറ
ഞ്ഞു.“സഖി! എന്റെ പ്രാണവല്ലഭന്റെ വരവു കാ
ണുന്നില്ല; അതിനാൽ എന്റെ അകക്കാമ്പു കല
ങ്ങി ഉലയിലൂതുംതുരുത്തിയുടെ മുഖമെന്നപോലെ നി
ശ്വാസങ്ങൾ സന്താപപാവകനെ ഉജ്ജ്വലിപ്പിക്കുന്നു;
അദ്ദേഹം എന്റെ അരികിൽനിന്നു പോയസമയം
മുതൽ ഭയാനകമായ ഒരു വ്യഥ എന്നെ ബാധിക്ക
യും അതു നാഴികതോറും അധികരിച്ചുവരികയും
ചെയ്യുന്നു; പ്രിയജനത്തിന്റെ വരവു കാണുന്നതുമി
ല്ല; എന്റെ ഹൃദയം തപിക്കുന്നു; ഇങ്ങനെയിരിക്കു
മ്പോൾ ഈ ആച്ചിമാർ എന്നെയുദ്ദേശിച്ചു ചില
സംഭാഷണം നടത്തുന്നതെന്താണെന്നെനിക്കറി
വാൻ കഴിയുന്നില്ല. ഇവരുടെ ഭാഷണം നിസ്സാര

മായ ഒരു വിഷയത്തെ ആസ്പദിച്ചല്ല; ഇതിനൊരു യോജ്യമായി എന്റെ ഇഷ്ടജനത്തിന്റെ ആഗമനവും കാണാതിരിക്കുന്നതിനാൽ, എന്റെ അറിവിൽ പെടാത്ത ഒരു സംഭവമുണ്ട്; അതുമല്ല എന്റെ ഹൃദയം തളരുന്നു; ഈ സ്ഥിതിക്ക് എന്നെയുദ്ദേശിച്ച് ഇവർ പറയുന്നതെന്തായിരിക്കുമെന്നെനിക്കറിയുന്നില്ല." ഇങ്ങനെ പറഞ്ഞ കണ്ണകി ദുഃഖപരവശയായിരിക്കുമ്പോൾ നാട്ടിലുണ്ടായ ആരവാരംകേട്ട കായ്മംഗ്രഹിച്ചു വന്ന വാചാലയായ ഒരു വൽ അവിടെ വന്ന്, "അരമനയിൽ അന്തഃപുരത്തിലുള്ള അമൂല്യവും മനോഹരവുമായ ചിലമ്പിനെ അനായാസേന കവർന്നുകൊണ്ട കള്ളൻ ഇവൻതന്നെ എന്നു നിണ്ണയിച്ചു, കാലിൽ പീരങ്കണ്ടയണിഞ്ഞ വേൽചേവകന്മാർ ആ കള്ളനെ കൊലപ്പെടുത്തുവാൻ തിരുമാനിച്ചു" എന്നു പറഞ്ഞു. ഇതുകേട്ട കണ്ണകി താപാത്തയായി പൊട്ടന്നനെ എഴുനേല്ക്കുകയും ഒളിയൊട്ട വിലസുംപനിമതിബിംബം കരിമുകിലൊടൊത്തു പാത്തട്ടിൽ പതിക്കുംവണ്ണം അവശതപൂണ്ട ഭ്രമിയിൽ പതിക്കയും തന്റെ കണവനെ കാണുമാറാകേണമെന്ന സങ്കല്പത്താൽ കണ്ണകം കലങ്ങുംവണ്ണം കരങ്ങളാൽ തിരുമ്മിക്കൊണ്ട കരയുകയും "ജീവിതേശ! ഭവാനെങ്ങു വാഴുന്നു. ഹാ ഹാ ഞാനെന്തുചെയ്യു" എന്നിങ്ങനെ ഉപാലംഭ

വചനങ്ങൾ ചൊല്ലി മോഹിക്കയും മോഹമകന്നു വീണ്ടും മായിടുകയും ചെയ്തു.

പിന്നെ അവൾ, തന്റെ പ്രേമഭാജനമായ അദ്ദേഹം ഘോരമായ ചിതാഗ്നിയിൽ മുഴുകുമ്പോൾ അദ്ദേഹത്തോടുകൂടി അതിൽ മുഴുകാതെ ദുഃഖഭൂയിഷ്ഠമായ വൈധവ്യവൃത്തി കൈക്കൊണ്ടുഴലുന്ന സാമാന്യമഹിളാജനത്തെപ്പോലെ ഭ്രഷ്ടാസികളെല്ലാം പുച്ഛിക്കത്തക്കവണ്ണം പാണ്ടിയന്റെ അക്രമപ്രവൃത്തിയാൽ ഭർത്തൃവിഹീനയായ ഞാൻ ഇങ്ങനെയിരുന്നു വിലാപിപ്പാൻതക്കവളാണോ? തന്റെ വല്ലഭൻ അഗ്നിയിൽ മുഴുകുമ്പോൾ അദ്ദേഹത്തെ പിരിഞ്ഞു ദുഃഖംപൂണ്ട പല തീർത്ഥങ്ങളിലും ചെന്നു കൂളത്ത നീരിൽ മുഴുകി അഴൽപൂണ്ട വിലപിച്ചു വാഴുന്ന സാമാന്യവനിതാജനത്തെപ്പോലെ അധർമ്മപരനായ് ധർമ്മപരനെന്ന ഭാവത്തിൽ രാജ്യം വാണുകൊള്ളുന്ന പാണ്ടിയന്റെ ദുർന്നയത്തെക്കണ്ടിരുന്ന ധർമ്മദേവനെന്ന മൂഢ! ഞാൻ അങ്ങനെ ദുഃഖിക്കേണ്ടവളാണോ? പറയൂ. തന്നോടിണങ്ങി പരസ്പരപ്രേമസമ്മൂർത്തി കൈക്കൊണ്ടു വാണിരുന്ന സദ്ഗുണസമ്പന്നനായ നായകൻ കത്തിക്കാളുന്ന ഘോരവഹ്നിയിൽ മജ്ജനംചെയ്യുമ്പോൾ താനും അദ്ദേഹത്തോടുകൂടെത്തന്നെ അതിൽ മജ്ജനംചെയ്യാതെ വൈധവ്യനിഷ്ഠയോടെ തീർത്ഥവാരികളിൽ മജ്ജ

നംചെയ്ത കുളർമകൊള്ളുന്ന പ്രാകൃതവനിതകളെ പ്പോലെ സന്മാർഗ്ഗവ്യതിചലനംചെയ്ത ചെങ്കോൽ ന ടത്തിവരുന്ന പാണ്ടിയൻ അന്യായകമ്മം ചെയ്തിരി ക്കെ ഈജന്മത്തിലും ഞാൻ ഈ അപവാദത്തിന്റെ പാത്രമായി സന്താപഭ്രയിഷ്ടമായ ജീവിതത്തെ അ വലംബിച്ചിരിക്കേണ്ടവളാണോ? അത്യാപത്സൂചക ങ്ങളായ ദുർന്നിമിത്തങ്ങളുടെ ശാന്തിക്കായി കുരവക്കൂ ത്തു നടത്തി ഇവിടെ വന്നിരിക്കുന്ന ഗ്രാമവതികളാ യ ഗോപികമാരെ! കേൾപ്പിൻ! നിങ്ങളേവരും കേൾപ്പിൻ! കിരണമാലിയും കർമ്മസാക്ഷിയുമായ ദേവ! അലകടൽ ചൂഴ്ന്നൊരീമഹീമണ്ഡലത്തിൽ നീയറിയാത്ത വസ്തുക്കളൊന്നുമില്ല, നീ അറിയെ എന്റെ ജീവനാഥൻ കള്ളനോ?" എന്നു ചോദി ക്കയും ഇതിനുത്തരമായി ഇങ്ങനെയൊരശരീരിവാ ക്യമുണ്ടാകയുംചെയ്തു.

"കള്ളനല്ലല്ല നിൻകാന്തൻ
കല്യേ! കേളവനെത്തഥാ
ചൊല്ലിയോന്റെ പുരം വാഴ-
മില്ല വഹ്നിക്കധീനമാം."

പത്തൊമ്പതാം ഗാഥ.

നഗരത്തിലുഴന്നത്.

ആദിത്യനിൽനിന്നുണ്ടായ അശരീരിവാക്യം കേട്ടതിന്റെശേഷം കണ്ണകി തന്റെ പക്കലുള്ളതായ ഒറ്റച്ചിലമ്പിനെ കയ്യിലെടുത്തുകൊണ്ട് ആ ആയർപാടിയിൽനിന്നു പട്ടണത്തിലേക്കു ചെന്നു; അവിടെയുള്ള സതീജനത്തോടു, ധർമ്മാനുഷ്ഠാനനിഷ്ഠനായ ഭൂപാലന്റെ വാസസ്ഥാനമായ നഗരത്തിൽ വാസംചെയ്യുന്ന സാദ്ധ്വീമണികളേ! ഇവിടെ ഒരു ചിലമ്പിനെസ്സംബന്ധിച്ചു നടന്ന സംഭവം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ; അതിന്റെ ഇണച്ചിലമ്പാണിത്; എല്ലാവരും കണ്ടുകൊൾവിൻ. ആർക്കും നേരിടാത്ത കഷ്ടങ്ങൾ എനിക്കു നേരിട്ടു; ആരും അനുഭവിക്കാത്ത ദുഃഖങ്ങൾ ഞാനനുഭവിച്ചു; ഇവയെല്ലാം മരണവേദനയ്ക്കു തുല്യമായിരുന്നു. ഇതെല്ലാം എന്റെ വിധിയെന്നല്ലാതെ മറ്റെന്ത്? എന്റെ കണവൻ കള്ളനല്ല; എന്റെ കാൽച്ചിലമ്പു വിറ്റു വിലകൊൾവാൻ ഇവിടെവന്നകാരണത്താൽ കള്ളനെന്നു പേർപറഞ്ഞു കൊലചെയ്യുവല്ലോ; ഇതെന്താശ്ചര്യം! അനുരക്തന്മാരായ പതികളോടൊത്തു വാഴുന്ന പതിവ്രതകളുടെ മുന്നിലയിൽ പൂർവ്വസ്ഥിതിപോലെ എന്റെ പതിയെ കാണ്മാൻ എനിക്കു സം

ഗതിവരുമോ? അങ്ങനെ കാണുന്നതായാൽ അതൊരു പുതുമയല്ലേ? അങ്ങനെ കാണുന്നുവെങ്കിൽ അദ്ദേഹത്തിന്റെ കുറവാറ ഭാഷിതങ്ങൾ എനിക്കു കേൾപ്പാനിടയാകുമോ? അങ്ങനെ കേൾപ്പാനിടവരുന്നതായാൽ അതൊരനുഗ്രഹംതന്നെ; അങ്ങനെ അദ്ദേഹത്തിന്റെ ദോഷഹീനമായ വചനം കേൾപ്പാനിടവരാത്തപക്ഷം സതികളായ നിങ്ങൾ എന്നെ അസതിയെന്നു കരുതി നിന്ദിക്കും; അതു നിങ്ങൾക്കോ ബഹുമതിയായും ഭവിക്കും.'' എന്നിങ്ങനെ താപാത്തയായി വിലപിക്കുന്ന ആ പതിദേവതയെ പട്ടണവാസികളെല്ലാം കണ്ടു കരളലുകി അവളെ ആശ്വസിപ്പിപ്പാൻ ഒരു വഴിയും കാണാതെ വിഷണ്ണന്മാരായി, ''ഈ കമനീമണിക്കു മരണപര്യന്തം ശമിക്കാതുള്ളൊരുൾത്താപത്തിന്നിടയാക്കിയതിനാൽ ഒരു കാലത്തും ഭംഗം വരാത്ത രാജധർമ്മത്തിനു ഹാനി ഭവിച്ചു. ഇതിന്റെ ഭാവിഫലം എന്തായിരിക്കുമോ? രാജാധിരാജനായി മതിനേരൊളിതിരളും കുടയും, വെണ്മകോലും കരവാളും പൂണ്ടു വിളങ്ങും പാണ്ടിയന്റെ ആധിപത്യം അവസാനിച്ചു; ഇതിനാൽ മേലിൽ എന്തു ഭവിക്കുമോ? നാട്ടാർക്കു നന്മയും മാറാർക്കു തിന്മയുംചെയ്തു നെടുനാൾ പുകഴാനും ജനമാനസത്തിന്നാശ്രയംചേർത്തുവന്നിരുന്ന ചെങ്കോലിനു മാലിന്യംവരു

ത്തി; ഇതിനാലിനി എന്തു ഭവിക്കാൻ പോകുന്നുവോ? ഒരു ചെമ്പൊൻചിലമ്പും കയ്യിലെടുത്തു നമുക്കേതാണ്ടൊരാപത്തുവരുത്തുവാൻ അദ്ഭുതപൂർവ്വമായി ഒരു മഹാദേവി ഇങ്ങു വന്നിരിക്കയാണു്, ഇതുമൂലം ഭവിക്കാവുന്നതെന്തെന്നറിഞ്ഞുകൂടാ; വിസ്മയാവഹങ്ങളായ വിശാലലോചനങ്ങൾ വികാസംപൂണ്ടു നിശ്വാസബഹുലമാംവണ്ണം പ്രലപിച്ചും ആവേശമാൻമിരിക്കുന്ന ഇവൾ ഏതുചെയ്വാനും കഴിവുള്ളവളായി കാണപ്പെടുന്നു; ഇതുനിമിത്തം വരാവുന്നതെന്തോ?'' എന്നിങ്ങനെ പുരവാസികൾ ഇവളുടെ നിലയെപ്പറ്റി വിഷാദിച്ചും മന്നവന്റെ ദുർന്നയങ്ങളെപ്പറ്റി നിന്ദിച്ചുംകൊണ്ടിരിക്കേ ഓരോ കാഴ്ചകൾ കണ്ടു തെരുവിനടക്കുന്നവരായ ചിലർ കൊലപ്പെട്ട കിടക്കുന്ന അവളുടെ കണവനെ കാട്ടിക്കൊടുത്തു. തൽക്ഷണം പൊൻകൊടിക്കൊത്ത കാന്തികലരുന്ന കണ്ണകി തന്നെ കാണുന്ന ഒരുവരേയും താൻ കണ്ടില്ല.

വിശാലമായ മഹീമണ്ഡലത്തെ ഇരുളിന്നിരയാക്കി ഉന്നതമായ അസ്തഗിരിയെ ആരോഹണം ചെയ്തു തന്റെ ചെങ്കതിരുകളെ ചുരുക്കി കുതിരവൻ മറഞ്ഞു പോയതിന്നശേഷം ആതങ്കഭ്രമിഷ്ടവും രാപ്പകൽരണ്ടിലേതെന്നു വേർതിരിപ്പാനരുതാതെ മോഹജനകവുമായ സന്ധ്യാകാലത്തു പൂക്കൊഴിഞ്ഞ പൂ

ങ്കൊടിക്കൊത്ത കണ്ണകി കാലനെപ്പോലെ പാണ്ടിയ
ന്റെ നേരെ കോപിക്കയും, ആ നഗരത്തിൽ 'കൊൽ'
എന്ന ശബ്ദമുണ്ടാക്കുകയുംചെയ്തു; പ്രാതഃകാലത്തിൽ
ആയർപാടിയിൽവെച്ചു തന്റെ കണവനെ തഴകി
അതിനു പ്രതിഫലമായി അവന്റെ മുടിയിൽധരി
ച്ചിരുന്ന മാലവാങ്ങിതന്റെകുന്തലിലണിഞ്ഞുകൊ
ണ്ടവൾ, സായങ്കാലത്തിൽ അവന്റെ അംഗക്ഷത
ത്തിൽനിന്നും പൊങ്ങിവരുന്ന ശോണിതധാരയൊ
ഴുകി നാലുപാടും നനഞ്ഞു കിടക്കുന്നതിനാൽ അ
വൻ തന്നെ കാണുന്നില്ലെന്നറിയുകയും അകക്കാമ്പു
രുകി ഇങ്ങനെ ഉപാലംഭിക്കയും ചെയ്തു.

(തമിഴിൽ ഒപ്പാരിയെന്നു പറയുന്ന
വിലാപയോഗ്യമായ മട്ട്)

1. ആധാരമില്ലാതെ അഴൽ തേട്ടമെന്മൂലം
കാതരയാമിവൾകോലും കരുമനയെന്നറിയായോ
മാലേയച്ചാറണിഞ്ഞു മണമേലും പൊന്മേനി
മേലേ പൊടിയണിഞ്ഞു മേവുമെന്നതോക്കുമോ
മന്നവനാൽ യന്നൊരു കൊട്ടങ്കൊലയ്ക്കു മൂലമെന്തോ?
മുന്നമിവൾ കൊണ്ടകർമ്മമെന്നു ലോകർ ചൊല്ലീട്ടും.

2. ആരുമൊരു തുണയില്ലായാടൽതേട്ടമന്തിനേരം
ആരാതോരഴലോടുമാരാൽ ഞാനിങ്ങിരിപ്പൂ
കൂരിരുളിൽ മുഴകും നിൻ ചാരുതിരുമാറിടം താൻ
പാരിടത്തിൽ പതിഞ്ഞിടുമെന്നാരാനുമോത്തിരുന്നോ
ഇക്കൊടുമപാണ്ഡ്യനെന്നുമപകീർത്തി നേടുമെന്നും
ഇക്കാണും മാലോകർ ചൊല്ലാതെ നിന്നിടുമോ.

3. കണ്ണീർ പൊഴിച്ചിരുന്ന കൊടുമ്പാപി ഞാൻ കാണെ
പുണ്ണാലും നിണമണിഞ്ഞു പൊടിയാടി നീ കിടപ്പൂ
അന്യായമിതിനോത്താലരചൻ താൻ മൂലമയ്യോ
നിന്നീടാകമ്മഗതി നിയതമെന്നു ലോകർ ചൊൽവൂ.

4. ചൊല്ലാളും സതികളുണ്ടോ ചൊല്ലാളും സതികളുണ്ടോ
വല്ലഭനു വന്നീടുമല്ലൽ പോക്കിമരുവീടും
ചൊല്ലാളും സതികളുണ്ടോ ചൊല്ലുവതിനിന്നാട്ടിൽ

5. അറിവുടയമനുജരുണ്ടോ അറിവുടയമനുജരുണ്ടോ
അരിമയൊടു താൻ പിറന്ന തനയനൊരു തുണ ചെയ്യാൻ
അറിവുടയമനുജരുണ്ടോ ആരായ്വാനിന്നാട്ടിൽ.

6. അരുളിയലുമീശനുണ്ടോ അരുളിയലുമീശനുണ്ടോ
കരവാളാലെൻപതിയെ കട്ടംകൊല ചെയ്യൊരു പാപി
നരവരനെറ ദുർന്നയത്താൽ നരകാഭമായിരിക്കെ
അരുളിയലുമീശനുണ്ടോ അടിതൊഴുവാനിന്നാട്ടിൽ.

അവൾ ഇങ്ങനെ പരിദേവനംചെയ്തു പ്രാണവല്ലഭന്റെ മാറിടത്തെ തന്റെ മാറോടു ചേർത്തു പുണർന്നു; അപ്പോൾ അവൻ ഉത്ഥാനം ചെയ്തു, "പൂർണ്ണചന്ദ്രപ്രതിമമായ ഭവതിയുടെ മുഖം വിവർണ്ണമായി നയനങ്ങൾ അശ്രുപൂർണ്ണങ്ങളായിരിക്കുന്നല്ലോ." എന്നു ചൊല്ലി തന്റെ കൈകൊണ്ട് അവളുടെ കണ്ണുനീർ തുടച്ചു; അനന്തരം അവൾ എഴുന്നേറ്റു നിലത്തു വീണു നിജഭർത്തൃപദയുഗളം കരപല്ലവത്താൽ ഗ്രഹിച്ചു; നികൃഷ്ടമായ ഈ സ്ഥൂലശരീരം കൈവിട്ടു നാകലോകപ്രാപ്തിക്കായി മതി

ന്നു അവൻ "എന്നാൽ നീ നില്ക്കുക" എന്നു ചൊ
ല്ലി അമാത്യന്മാരാൽ പരിവൃതനായി മഠത്തു പോ
കയും ചെയ്തു. അവൾ ഇതു കണ്ട്, "ഇതൊരു മാ
യയോ? അല്ലെങ്കിൽ എന്തായിരിക്കും? എന്റെ മ
നസ്സിനെ മോഹിപ്പിച്ച ഒരു ദൈവം തന്നെയോ?;
ഒന്നും അറിയുന്നില്ലാത്തതിനാൽ എങ്ങും നടന്നു തി
രിഞ്ഞ് അദ്ദേഹത്തെ ചെന്നുചേരാം; അതു നിഷ്ഫ
യാസമെന്നിരിക്കിലും എന്റെ കോപാവേഗം അട
ങ്ങിയതിന്നുശേഷമല്ലാതെ അതിന്നു തുനിയുന്നതല്ല;
ഈ കോപശമനത്തിന്നായി ആ കൊടിയ നൃപനെ
ഞാൻ ചെന്നു കണ്ട്, "എന്റെ നായകനെ കൊ
ലപ്പെടുത്തിയത് എത്ര കണ്ട ദുന്യായമായ്പോയി?"
എന്നു ചോദിക്കണം."

ഒണ്ഡകം.

1. എന്നോതിയക്കമനിയങ്ങോട്ട പോവതിനു
തന്നേ മുതിർന്നൊരു ദശായാം
നിജപുരിയിലന്നാ—ളൊരു കനവിയന്നാ
ളതു കരളിലിതു പൊഴുതു
കരുതുമളവതിബഹള
നയനജലധാരകൾ പൊഴിഞ്ഞു.

2. കാണാഞ്ഞതു കണ്ണിണകളേണാക്ഷിമൌലിമണി
താനേ തുടച്ചു ബത ബാഷ്പം
കരളുരുകിയേഷാ—കലിതബഹുരോഷാ
കനകമണിരുചിതിരള
മരമനയിൽ വിലസുമൊരു
മഹിതമണി ഗോപുരമണഞ്ഞു.

ഇരുപതാം ഗാഥ.

ന്യായവാദം

"വെൺകുടയും ചെങ്കോലും വാനിൽനിന്നും വീണുകൊണ്ടും ഭാനുമണ്ഡലമിളകിമറിഞ്ഞുകൊണ്ടും കാണുന്നു; അന്ധകാരം ദിവാകരനെ കബളിപ്പിക്കുന്നു; രാവിൽ ഇന്ദ്രചാപവും പകൽ എരിപൊരി ചിതറുന്ന കൊള്ളിമീനും കാണുന്നു; അരമനയിൽ ചെങ്കോലും വെൺകൊറ്റക്കുടയും മറിഞ്ഞുനിലത്തു വീഴുന്നു; രാജദ്വാരത്തിലുള്ള മണികിടുകിടായം വിറയ്ക്കുന്നു; ഇങ്ങനെ ഞാൻ കണ്ടകിനാവിനാൽ ഏതോ ഒരു വിപത്തു വന്നു കൂടുവാനിടയുണ്ട്; ഇതു മന്നവനോടണത്തിക്കേണം" എന്നു നിശ്ചയിച്ചു കണ്ണാടി, വീണ, ഒളിവിയലുന്ന മണിഭൂഷണങ്ങൾ, കോടിവസ്ത്രം, വട്ട്, പൂർണ്ണകുംഭം, വർണ്ണദ്രവ്യങ്ങൾ, സുഗന്ധപൂർണ്ണങ്ങൾ, കസ്തൂരിച്ചാന്ത്, പൂങ്കൊത്ത്, പിന്നൽമാല, ചാമരം, ധൂപം എന്നീ പദാർത്ഥങ്ങളെ വഹിച്ച പരിജനങ്ങളാലും കുനൻ, മൂകൻ, അന്ധൻ എന്നീ കിഴ് ജീവനക്കാരാലും ഭയഭക്തിപുരസ്സരം അനുഗതയായി, വൃദ്ധന്മാരാലും വാഗ്മികളാലും സ്തുതിക്കപ്പെട്ട, "പാരാവാരപരിതമായ ഭൂമണ്ഡലമലംകരിക്കും പാണ്ഡിയന്റെ

പേരും ദേവി വാഴെണ"മെന്നു വാഴ്ത്തി വാരസീമന്തിനീജനത്താലും സാമന്തഭൂപാലന്മാരാലും വന്ദിക്കപ്പെട്ടന്ന മഹാരാജ്ഞി പരിവാരസമേതം സിംഹാസനാരൂഢനായിരിക്കുന്ന പാണ്ടിപ്പെരുമാളുടെ സന്നിധാനത്തിൽ ചെന്നു തന്റെ ദുസ്വപ്നദർശനത്തെ ഉണർത്തിക്കുകയായിരുന്നു. അപ്പോൾ, "ശ്രീമൻ! ദക്ഷിണദേശാധിപതേ! ദ്വാരപാലക! ദ്വാരപാലക! അറിവു മറഞ്ഞഹംകരിച്ചു ധർമ്മം പിഴച്ചു മന്നവന്റെ കിങ്കരനായ ദ്വാരപാലക! ഒരിണച്ചിലമ്പു കയ്യൊണ്ടവൾ; ഭർത്താവു മരിച്ചവൾ; ഗോപുരദ്വാരത്തിൽ ഭൂപതിയെ കാണ്മാൻ വന്നു നില്ക്കുന്നുവെന്നറിയിച്ചാലും, അറിയിച്ചാലും" എന്നു ക്രോധവശഗയായ് വിളിച്ചു പറഞ്ഞു. ഇതു കേട്ട് അവൻ രാജസന്നിധിയിൽ പ്രവേശിച്ചു.

ദ്വാരപാലൻ—സ്വാമി സർവ്വോൽക്കർഷേണ വർത്തിച്ചാലും. ദക്ഷിണദേശരാജാധിരാജനായ ഭവാൻ ചിരം വാഴ്ക. ശത്രുനിഷ്ദനനായ ഭവാൻ സുചിരം വാഴ്ക; തന്നാൽ വധിക്കപ്പെട്ട നിണമടങ്ങാത്തുള്ള മഹിഷാസുരശിരസ്സാകും പീഠത്തിന്മേൽ വാഴും അപരാജിതമായ വേലേന്തിയ മഹാദേവിയല്ല; സപ്തമാതാക്കളിലൊരുവളായ ചാമുണ്ഡയല്ല; ചന്ദ്രശേഖരന്റെ നൃത്തം കണ്ടരുളിയ കാളിയല്ല; ദാരുകന്റെ നഗരത്തിൽ കാളിയുടെ

അവതാരമായ ഈശ്വരിയുമല്ല; ക്ഷോഭവും കോപവും കൊണ്ടവളെന്നപോലെ തോന്നും; കാണിക്കൂടെ കണ്ണിണകവരുന്ന കമനീയമായ ഒരു കാൽ ചിലമ്പു കരതലത്തിലേന്തിയിരിക്കുന്നു; ഭർത്തൃനിധനത്താൽ കലുഷിതയായ്ത്തീർന്നു; ഈവണ്ണമുള്ള ഒരു നാരി തിരുമേനിയെ സന്ദർശിപ്പാനായി ദ്വാരദേശത്തിൽ വന്നു നില്ക്കുന്നു.

രാജാവു — എന്നാൽ ആ തരുണിയെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരിക.

ദ്വാരപാലകൻ — കല്പനപോലെ.

(ദ്വാരപാലൻ കല്പന അറിവിക്കയും കണ്ണകി രാജാവിന്റെ മുമ്പാകെ വരികയും ചെയ്യുന്നു.)

രാജാവ് — ഹേ സുന്ദരി! ബാഷ്പാകുലേക്ഷണയായി നമ്മുടെ മുമ്പാകെ വന്നിരിക്കുന്ന നീ ആരാണ്?

കണ്ണകി — ദേവ! ഞാനറിയിക്കാം; അമരന്മാരാൽപോലും അതിശയിക്കത്തക്ക മഹിമയോടും സമ്പത്സമൃദ്ധിയോടും കൂടി ചോഴമന്നവൻ ചെങ്കോൽ നടത്തിവരുന്ന പുകഴ്പെരിയ പുകാർനഗരമാണ് ഞങ്ങളുടെ ദേശം; അവിടെ അതിയായ കീർത്തി വിലസുന്ന പെരുങ്കുടി വൈശ്യകുലപുംഗവനായ മാശാത്തുവാന്റെ മകൻ എന്നെ വേട്ടു; ജീവിതം നയിപ്പാനായി കർമ്മഗതിക്കു വശംവദരായി ഭവാന്റെ ഈ നഗരത്തിൽ വന്നു; ഇവി

ടെ എന്റെ ഒരു ചിലമ്പിനെവില്പാനായി തു
നിഞ്ഞതുനിമിത്തം ഭവാനാൽ കൊലചെയ്യപ്പെ!
ട്ട കോവലന്റെ പതിയാകുന്നഞാൻ; 'കണ്ണകി'
എന്നാണു് എന്റെ പേർ.

രാജാവ്—സ്ത്രീരത്നമേ! കള്ളനെ കൊല ചെയ്യുന്നതു്
അനീതിയല്ല; അത് ഉൽകൃഷ്ടമായ രാജധർമ്മമെ
ന്നറിഞ്ഞാലും.

കണ്ണകി—അസന്മാർഗ്ഗനിഷ്ഠനായ നരപതെ! കേട്ടാ
ലും. എന്റെ ചിലമ്പിൽ തരികാം രത്നങ്ങ
ളാണ്.

രാജാവ്—നമ്മുടെ ചിലമ്പിൽ തരികാം മുത്തുക
ളാണ്.

അപ്രകാരം പറഞ്ഞു കോവലനിൽനിന്നു കി
ട്ടിയ ചിലമ്പിനെ തന്റെ മുമ്പാകെ വരുത്തി വെ
ക്കുകയും അതു തനിയെ പിളർന്നുപ്പതിച്ച മാണിക്യ
ത്തരികാം പാണ്ടിയന്റെ മുഖത്തു തെറിക്കുകയും
ചെയ്തു; അപ്പോൾ അവന്റെ കൂടെ താണു; ആജ്ഞാശ
ക്തി കുറഞ്ഞു. "കേവലം തട്ടാന്റെ തന്ത്രത്തിനു
വശഗനായി കൊടുമ ചെയ്ത ഞാൻ ഒരു രാജാവോ?
കഷ്ടം! ഞാൻതന്നെ കള്ളൻ; പ്രജാപരിപാലനം
ചെയ്ത ദക്ഷിണദേശാധിപനായ്വാഴുന്ന എന്റെ
വംശത്തിനു് എന്നാൽ ഇടംപ്രഥമമായ ഒരു പിഴ
വന്നിരിക്കുന്നു; എന്റെ ആയുസ്സിന്നന്തം ഭവിക്ക

ട്ടെ;" എന്നു പശ്ചാത്തപിച്ചുകൊണ്ടു നിസ്സംജ്ഞനായ് വീണു ജീവിതം വെടിഞ്ഞു. പാണ്ടിപ്പെരുംദേവി ഇതു കണ്ടു കണവന്റെ കാലധർമ്മപ്രാപ്തിയറിയാതെ മനസ്സുഴിഞ്ഞു നടുങ്ങി, "ഭേത്തുനിധനത്താൽ പരിതപിക്കുന്ന ജനത്തിനു ആരെ കാട്ടിക്കൊടുത്താശ്വസിപ്പാൻ കഴിയും" എന്നു പശ്ചാത്തപിച്ചും കൊണ്ടു കണ്ണകിയുടെ കാലിണയിൽ വീണു വണങ്ങി.

ആപ്തവാക്യം.

1 "അന്യായകർമ്മമുരുപുണ്യഫലം കരയ്ക്കു"
മെന്നുള്ള ധന്യവചനം ജഗദേകവന്ദ്യം
മന്നൻ വിധിച്ച കൊടുമക്കിടപെട്ട രാജ്ഞി
ക്കിന്നീവിധം വിധിവിധിച്ചതു കണ്ടുകൊൾക.

2 ഘസ്മരത്തിൽ നല്ലൊരു ചിലമ്പു, നിണം പുരണ്ടു
ചിതേതടകനുവിലസും തരുവും, വനൌഘം
ചുറ്റും ചുഴന്നപടി കാർകുഴലും നിരീക്ഷി-
ച്ചുത്തെന്നനാം കൊടിയ പാപിയുമമ്പരനും.

3 മെയ്യിൽ പരാഗമൊരു നല്ല ചിലമ്പു കയ്യി-
ലയ്യോ പിരിച്ചൊരു കരിങ്കുഴൽ കണ്ണുനീരും
കണ്ടും കലേശമുചിതൻ വചനങ്ങളും കേട്ടും
കൊണ്ടേ വെടിഞ്ഞു ഖത ജീവിതമങ്ങു പാണ്ഡ്യൻ.

ഇരുപത്തൊന്നാം ഗാഥ.

കോപാതിരേകം.

"അല്ലയോ മഹാരാജ്ഞി! ഞാൻ മഹാപാപിയും ഒരറിവുമില്ലാത്ത നിലയിലിരിക്കുന്നവളുമാണെങ്കിലും 'പൂവ്വാഹനത്തിൽ ചെയ്ത പരപീഡനം പരാഹനത്തിൽ താൻതന്നെ ഭുജിക്കു'മെന്നുള്ളതീ പ്രഭാതത്തിൽ നിണക്കനുഭവപ്പെട്ടും.

വന്നിമരത്തേയും മടപ്പള്ളിയേയും സാക്ഷിപ്പെടുത്തിക്കൊണ്ടു കാവേരിക്കരയിലുള്ള (കാവേരി പട്ടണത്തിലുള്ള പഞ്ചകോഷ്ഠങ്ങളിലൊന്നും രാജധർമ്മത്തിനു ഭംഗം വരുന്നതായാൽ അതിനെ എടുത്തുകാണിക്കുന്നവളുമായ) ദേവി "ഇവൻ നിൻറെ കണവനാണെ"ന്നു കാട്ടിക്കൊടുക്കയാൽ പ്രബലങ്ങളായ തിരമാലകളിലകപ്പെട്ട പ്രവാഹവേഗത്താൽ ആകൃഷ്ടനും വനിതാജനപരിവൃതനുമായ വഞ്ചിരാജാവിനെ മഹിളാമണിയായ കരികാലചോഴരാജകുമാരി സമുദ്രജലത്തിൽ പിന്തുടർന്നു "ഇദ്ദേഹത്തെ കരയ്ക്കുടപ്പിക്കയില്ലെ"ന്നു ഗൌരവത്തോടെ ചോദിച്ചപ്പോൾ കടൽ അവനെ കരയ്ക്കു കയറ്റികൊണ്ടുവന്നു അവളുടെ മുമ്പിൽ നിറുത്തുകയും അവൾ അവനെ തൃക്കി പാദങ്ങളിൽ വണങ്ങുകയും

ചെയ്തു; വിരഹിണിയായ ഒരു തരുണി മണമിയലുന്ന പൂങ്കാവിൽ ഒരു ശിലാമയമായ ശരീരം കയ്യോണ്ടു മരക്കലങ്ങളുടെ വരവും നോക്കിക്കൊണ്ടിരുന്നു; നിജഭർത്തൃസമാഗമത്താൽ ശിലാരൂപം വെടിഞ്ഞു സ്വസ്ഥിതി ലഭിച്ചു സുഖിച്ചുവാണു; മറൊരു നാരി സപത്നിയുടെ ശിശു കൂപത്തിൽ പതിച്ചതായി കണ്ട മാത്രയിൽ തന്റെ ശിശുവിനെപ്പോലെ കരുതി, അതിനെയെടുത്തു കരസ്ഥകയറാരി രക്ഷപ്പെടുത്തി; വേറൊരു കാമിനി ചിന്താമഗ്നയായിരിക്കുന്നതു കാങ്കയാൽ അവളുടെ ഭർതൻ പൂർണ്ണചന്ദ്രപ്രഭമായ അവളുടെ മുഖം "വാനരമുഖമായ്ഭവിക്കട്ടെ" എന്നു ശപിച്ചുംവെച്ചു പോയെന്നിരിക്കിലും അവൻ മടങ്ങിവന്നു കാണുമ്പോഴെക്കും അവൾ മർക്കടമുഖം മാറി മാണിക്കരശനാദിഭ്രഷണങ്ങളണിഞ്ഞു തല്ക്കാലം വിയോഗകാലത്തെ അനുസ്മരിച്ചു ശോകകുണ്ഠിതയായ്തിന്നുവെങ്കിലും പിന്നെപ്രാണവല്ലഭനുമായിസുഖിച്ചു വാണു; "സ്ത്രീബുദ്ധിയെന്നതു മൌഢ്യം തന്നെ" എന്നു വിധിച്ച വിബുധന്മാരുടെ മനോഭാവത്തെ ഗ്രഹിക്കാതെയല്ല ഞാനിങ്ങനെ കരുതുന്നത്.

ഇളംപ്രായത്തിൽ കുറുകാരുമായി കളിക്കുമ്പോൾ ബാലചാപല്യംമൂലം വല്ല അനുചിതവചനങ്ങളും ഉച്ചരിച്ചുപോയാൽ അതു മാതാപിതാക്കളുടെ മുമ്പാകെ സമ്മതിക്കയും അങ്ങനെ വന്നതെ

ഠറിന്നായി ക്ഷമായാചനംചെയ്തു തദ്ദോഷപരിഹാരാർത്ഥം അവരെ അഭിവാദനം ചെയ്ത് ആശീർവ്വാദം കൈക്കൊള്ളുകയും ചെയ്തു പോരുന്ന ഉത്തമകുലപാലികകളും സുവർണ്ണപ്രതിമകൾപോലെ പരിലസിക്കുന്നവരുമായ മാനിനീമണികളുടെ ജന്മദേശത്തിൽ തന്നെയാണ് എന്റെയും ജനനം; ഞാനൊരു സാധ്വിയാണെന്നുള്ളതു സത്യമെന്നുവരികിൽ അരചനോട് ഒരു പ്രകാരേണയും സന്ധിക്കുകയില്ല; ഈ മധുരാപുരിയെ ഉന്മൂലനം ചെയ്യും; എന്റെ പട്ടതപം നിണക്കു കാണുമാറാകും. നാലുപാടും മാടക്കൂടങ്ങളിൽ മരുവുന്ന മഹിളാജനവും പുരുഷാരവും ദേവന്മാരും മുനികളും കേൾപ്പിൻ; എന്റെ പ്രാണവല്ലഭനെ അന്യായമരണത്തിനു പാത്രമാക്കിയ ഈ രാജധാനിയുടെ നേരെ എന്റെ ചീറ്റം പ്രയോഗിക്കുന്നു; ഞാൻ ഈ കാര്യത്തിൽ അപരാധിനിയല്ല;" എന്നു വിളിച്ചു പറഞ്ഞു തന്റെ വലതു കയ്യാൽ ഇടത്തെ മുല തിരുമ്മി പറിച്ചെടുത്തു മധുരയെ മൂന്നു വലംവെച്ചു, "എനിക്കു ചാരിത്രശുദ്ധിയുണ്ടെന്നിരിക്കിൽ ഈ പട്ടണം പാവകനാൽ ദഹിക്കുമാറാകട്ടെ;" എന്നു ശാപമുച്ചരിച്ചു കൊണ്ട് ആ പട്ടണത്തിലേക്കു വലിച്ചെറിഞ്ഞു. അപ്പോൾ അഗ്നിഭഗവാൻ ഒരു വിപ്രവേഷം പൂണ്ടു വന്ന് "സാദ്ധ്വീരത്നമെ! നിണക്കനിഷ്ടം ചെയ്യുന്ന

കാലം ഈ നഗരത്തെ ദഹിപ്പിച്ചു കളയുവാൻ മു
മ്പെ തന്നെ എനിക്കാജ്ഞ സിദ്ധിച്ചിരിക്കുന്നു; ഇവി
ടെ ആരെയെല്ലാം ഹനിക്കേണമെന്നാജ്ഞാപിച്ചാ
ലും" എന്നു വിപ്രൻ ചോദിക്കവെ പതിദേവതയായ
കണ്ണകി "ബ്രാഹ്മണർ, മുനികൾ, പശുക്കൾ, പതി
വ്രതകൾ, ബാലന്മാർ, വൃദ്ധന്മാരെന്നുള്ളവരെയൊ
ഴിച്ചു മറുള്ള പാപികളെ ഭവാൻ ബാധിച്ചുകൊൾ
ക." എന്നിങ്ങനെ പ്രക്ഷോഭജനകമായ ആജ്ഞാ
പനമാത്രത്താൽ പാവകൻ ധൂമോൽഗമത്തോടെ ഉ
ജ്വലിച്ചു മധുരാപുരത്തെ വ്യാപിച്ചു.

വീരൻ പാണ്ടിയനും വിലാസിനികളും
വെണ്മാടകൂടങ്ങളും
പോരാളിധ്വജവും ഗജേന്ദ്രതതിയും
കാലം ഗ്രസിച്ചീടിനാർ
പേരാളും മധുരാപുരത്തിൽ നിയതം
സാന്നിദ്ധ്യമുൾക്കൊണ്ടിട്ട-
ന്നോരോ ദൈവതവും തദാ വിധിവശാൽ
പാടേ മറഞ്ഞു ജവാൽ.

ഇരുപത്തിരണ്ടാം ഗാഥ.

അഗ്നിബാധ.

അഗ്നിജ്വാലകൾ ഉയർന്നുജ്വലിച്ചു; നഗരരക്ഷകന്മാരായ നാലു ഭ്രതങ്ങളും പുരപ്രാകാരങ്ങൾ നാലിലുമുള്ള തങ്ങടെ കാവലൊഴിഞ്ഞു; രാജപുംഗവനായ പാണ്ഡ്യൻ ചാരിത്രവതിയായ രാജ്ഞിയോടുംചേർന്നു രാജസിംഹാസനത്തിൽ കാലധർമ്മം പ്രാപിച്ചു കിടക്കുന്നതറിയാതെ പുരോഹിതൻ, ഗണിതശാസ്ത്രി, ധർമ്മാസനകർത്താക്കൾ, കണക്കൻ, മാന്ത്രികന്മാർ, മറു രാജപുരുഷന്മാർ, അവരോധവധുക്കളെന്നിവരെല്ലാം ആലേഖ്യപംക്തിപോലെ മൌനം ദീക്ഷിച്ചുനില്ക്കേ ഗദാധരന്മാർ, അശ്വപാലന്മാർ, സാരഥികൾ, വീരഭടന്മാരെന്നിവർ എന്തുചെയ്യേണ്ടുവെന്നറിയാതെ രാജദ്വാരത്തിൽ തിക്കിത്തിരക്കിക്കൂടി തിരുമുഖം കണ്ടു വിടകൊൾവാൻ കാംക്ഷിച്ചു നിൽക്കുന്നു; മുത്തിനോടൊത്ത കുളിർവെൺപൂനിലാവു പൊഴിക്കും പനിമതിക്കൊത്ത തനുകാന്തികലർന്നും, വെണ്മ തിരളുന്ന പൂണൂൽപൂണ്ടും വെൺതാമര, കുകം, നന്തിയാവട്ട മുതലായ നറുനൂക്കൾ ചെവിയിൽ തിരുകിവെച്ചും ഫേനസന്നിഭവും മൃദുലവുമായി ഉലയാത്ത ആടയുടുത്തും മാറിൽ ചാന്ത്, ച

ന്ദനം മുതലായവ പൂശിയും, തേനും പാലും ശക്കര
യും ചേത്തു കുഴച്ച സുഗന്ധചൂണ്ണത്തിന്റെ പരിമള
ധൂമം പൊങ്ങുന്ന ശരാവം ഹസ്തത്തിൽ ധരിച്ചും,
തീർത്ഥക്കരയിലും ദേവസ്ഥാനത്തിലും വേദാദ്ധ്യയന
ശാലയിലും സന്നിധാനംചെയ്തു, പരാഹ്നത്തിൽ ശാ
സ്ത്രങ്ങളാരാഞ്ഞു പകൽ കാലത്തു പാർഷകകളിൽ ച
വിട്ടിനടന്നു വിശാലമായ കൂടയും, ദണ്ഡും, കമണ്ഡ
ലുവും, ചമതയും, ഭേരിയും കയ്യൊണ്ടു നാവിൽ ശാസ്ത്ര
വുംമാറിൽപൂണൂലുംപൂണ്ടും, അഗ്നികാര്യങ്ങളൊഴൈ
കല്യംവരാതെ നടത്തിവരുന്ന ബ്രതാധിപനായ ബ്രാ
ഹ്മണബ്രതം ബ്രഹ്മയജ്ഞത്തിന്നു വേണ്ടുന്നതായ ഉപ
കരണങ്ങളോടുകൂടിവന്നു. മാർത്താണ്ഡതേജസ്സോലുന്ന
തനുവും ദിവ്യരത്നാഞ്ചിതമായ യജ്ഞോപവീതവും
പാരാടിക്കേശമണഞ്ഞുള്ള മണിഭ്രഷണങ്ങളും ച
മ്പകം, മാലതി, മുല്ല മുതലായ മനോജ്ഞകുസുമ
നിർമ്മിതങ്ങളായ മാല്യങ്ങളും കൃഷ്ണമാരുണമാമുരസ്ഥ
ലവും ഒളിതിരളുന്നൊരരുണാംബരവും വിഭ്രമംപോ
ലെ പാടലമായ കളേബരകാന്തിയുമേന്തിയും പാ
ർത്ഥിവന്നു (പാർത്ഥന്നു)വേണ്ടി കുട, കൊടി, ചാമരം,
മുരജം, വേൽ, പാശം, അങ്കുശം ഇവ ധരിച്ചും
പേർപുകഴ്ന്ന പാർത്ഥിവന്മാരെ (ദുര്യോധനാദിക
ളെ) പരാജിതരാക്കി ഓടിച്ചും മന്നിടമഖിലവുമനു
ശാസിച്ചും ധൂർത്തന്മാരായ ധരിത്രീപതികളെ അട

ക്കി രാജ്യം കയ്യേറും ലോകരക്ഷചെയ്ത് അനശ്വര
മായ കീർത്തി സമ്പാദിച്ച വൈകുണ്ഠദേവനു സമാന
നായ രാജഭ്രതവും വന്നു. ചെമ്പൊൻനിറം കലർന്ന
തനുകാന്തിപൂണ്ടും ഏറെറവും പുകൾകൊണ്ട വീര
ന്മാരായ ധരാധിപന്മാർ രാജ്യാധിപത്യമൊഴിയു
മ്പോൾ ചെങ്കോൽവഹിച്ചും വൈശ്യകുലത്തിൽ നീ
ണാൾവാണു കലപ്പയും വെള്ളിക്കോലും കയ്യിൽ ധ
രിച്ചും പൊൻനിറമായ ചേലയുടുത്തും തെച്ചി, കേ
തകി, ആമ്പൽ മുതലായ പുഷ്പങ്ങൾ ചൂടിയും ഒളി
തിരുന്ന വിശാലമായ വക്ഷസ്ഥലത്തിൽ ചാന്ത
ണിഞ്ഞും മുതിര, പയറ്, തുവര, ഉഴുന്നു മുതലായ
വ്യാപാരച്ചരക്കുകളെല്ലാടിപ്പിച്ചും നെല്ലുശേഖരംചെ
യ്ത കളത്തിലും പക്ഷികൾ വിലസുന്ന വയലിലും
വ്യാപാരശാലയിലും സന്നിധാനംചെയ്തും കലപ്പ
യും, വാളും, തുലാസ്സും, വീണയും കയ്യിൽ ധരിച്ചും
മലയസംഭ്രതങ്ങളും ജലധിസംഭ്രതങ്ങളുമായ ദ്രവ്യ
ങ്ങളെ വരുത്തി വേണ്ടുന്നവക്കു വിലയ്ക്കു വിറ്റും ഉഴ
വുതൊഴിൽ നടക്കുന്നോടത്തു വാഴും കിഴവനെപ്പോ
ലെ ഒളിതിരളുന്ന മുടിയിലമ്പിളിക്കലയണിയുന്ന
ദേവനെപ്പോലെ ദിവ്യനായ വൈശ്യഭ്രതവും വന്നു.
കാക്കപ്പൂവിനു തുല്യമായ തനുകാന്തിയോടും ചന്ദ്രനും
ശുക്രനും തിളങ്ങുംവണ്ണമൊളിവീശുന്നഹാരത്തോടും
കാകിൽനിറംകൊണ്ട വസനത്തോടും കാരകിൽക്കു

ട്ടിപ്പുശിയ മാറിടത്തോടും മലയിലും വള്ളിയിലും വെ
ള്ളത്തിലുമുണ്ടാവുന്ന പൂക്കളിടകലർന്ന വർണ്ണത്തെ വ
ഹിക്കുന്ന മയിലിന്റെ ശോഭയോടും കയ്യിൽ കലപ്പ
യെടുത്തു ബലദേവന്റെ ലീലയോടും പൃഥിവീജന്യ
മായ നീലമണിക്കു തുല്യമായ തനുവോടും നൃത്ത
ഗീതങ്ങൾ നടത്തുന്നിടങ്ങളിൽ സന്നിധാനംചെയ്യു
ന്നതിൽ വാഞ്ഛയോടുംകൂടിയ മധുരാപുരിയിൽ ബ
ലികൊള്ളുന്ന തലവനായ വേളാളഭ്രതവും വന്നു.
"രാജനീതിക്കു ഭംഗംവരുന്നകാലത്ത് ഈ നഗരം
മുപ്രകാരം അഗ്നിക്കിരയായിതീരുമെന്നാണു വി
ധി എന്നു ഞങ്ങളറിഞ്ഞിരിക്കുന്നു" വെന്നു ഈ നാ
ലുഭ്രതങ്ങളും തന്റെ മൂലപരിച്ചെറിഞ്ഞ ആ കുല
വനിതയോടുപറഞ്ഞു. അപ്പോൾ കുലവ്യാപാരവീഥി
യും തേർവീഥിയും, ബ്രാഹ്മണാദിവർണ്ണങ്ങൾ വാസം
ചെയ്യുന്ന നാലു വീഥികളും കപിദ്ധ്വജനും വില്ലാ
ളിവീരനുമായ പാർത്ഥനാൽ ആശ്രയാശനിരയാക്ക
പ്പെട്ട ഖാണ്ഡവവനംപോലെ തീവ്രമായ പ്രക്ഷോ
ഭത്തിനു പാത്രീഭവിച്ചു; തപസ്വികളുടെ ആവാസ
ങ്ങളിൽ, അഗ്നിജ്വാലകൾ ബാധിക്കുന്നില്ല; പാപ
ന്മാരുടെ വസതികളിൽ പാവകജ്വാലകൾ പടർ
പിടിക്കുന്നു; ശോകങ്ങളും കിടാങ്ങളും അഗ്നിബാധയി
ല്ലാതെ പാവനമായ ഇടച്ചേരിയെ ശരണം പ്രാപി
ക്കുന്നു; കരിനിരകളും തുരഗപംക്തിയും മറ്റു വാഹ

നങ്ങളും പ്രാകാരംകടന്ന പുറമെ വിരഞ്ഞുമണ്ടുന്ന; പ്രശാന്തവൃത്തികളായ മൈക്കണ്മണികൾ വാർകുന്തലിൽ വിചിധങ്ങളായ നറുമലർമാലകളാലും അംഗരാഗങ്ങളാലും പോർമുലകളിൽ മുക്താമണിഹാരങ്ങളാലും മറു ഭ്രഷണങ്ങളാലും അലംകൃതകളായി, വിശാലങ്ങളും മലർനിര തിരളുന്നവയുമായ മഞ്ചങ്ങളിന്മേൽ കണവരോടൊരു കണികപോലും പിരിയാതെ കാമത്താൽ മദാലസകളാവുകയും നിജകണവരോടൊത്തു തുമെത്തയിൽ നിദ്രാവശരാവുകയും വൃദ്ധകളായ വലിയ വീട്ടമ്മമാർ ഗൃഹാഗതന്മാരായ അതിഥികളെ യഥാഹ്നം സല്കരിച്ചു ഗൃഹസ്ഥധർമ്മം മുട്ടാതെ നിർവ്വഹിച്ചാനന്ദിക്കുകയും ചെയ്തിരിക്കെ, "വല്ലഭൻ വധിക്കപ്പെട്ടു", ചിലമ്പിന്റെ വാദത്തിൽ വിജയംനേടിയ ആ നാരീമണിയുടെ കുചസ്പർശം ഇത്ര കൊടിയതോ" എന്നു ചൊല്ലി കാന്തിമാന്മാരായ സുരന്മാർ തൊഴുതുവണങ്ങി. കലകളറുപത്തിനാലും പഠിച്ചറിഞ്ഞ സംഗീതവിദുഷികളുടെ ആവാസമായ തെരുവിൽ വീണാവേണുമൃദംഗാദിവാദ്യകലകളോടുകൂടി ലാസ്യം നടത്തുന്ന നാടകവേശ്യകൾ നാടകരംഗംവിട്ടു വെളിയെ വന്നു, "തന്റെ കണവനെ കടുംകൊല ചെയ്യിപ്പിച്ച പാണ്ഡ്യദേശാധിപനെ ചിലമ്പിൻമൂലം മരണമേല്പിച്ചു, ഈ പട്ടണം പാവകന്ന ഭോജ്യമായ്നല്കിയ ഈ വീരവനിത

യുടെ ദേശമേതു്? ഇവളാരുടെ മകൾ?" എന്നു പരസ്പരം ചോദ്യംചെയ്തു. അവിടെ ദേവാലയങ്ങളിൽ അന്തിശ്ശീവേലിയും വേദപാരായണവും ഭദ്രദീപവും നിറമാലയും ആരാധനകളും നടത്തുകയുണ്ടായില്ല; വീടുകളിൽ വിളക്കുവെക്കുകയോ, നിയമേന സന്ധ്യാസൂചകങ്ങളായ മുരജകാഹളാദിധ്വനികൾ മുഴങ്ങുകയോ ഉണ്ടായില്ല.

ഇങ്ങനെയെല്ലാമിരിക്കെ പതിവിരഹവേദന ഉലത്തീകണക്കെ ഉള്ളുരുക്കിച്ചുമച്ചതിനാൽ ചത്തു പിഴച്ച് അലഞ്ഞുതിരിഞ്ഞു സന്താപസാഗരത്തിലകപ്പെട്ട കരകാണാഞ്ഞുഴലുന്ന വീരപതിയായ കണ്ണകീദേവിയുടെ മുമ്പിൽ കത്തിക്കാളുന്ന കടുംകനൽച്ചൂടപൊറുപ്പാനരുതാഞ്ഞ്, ഹാലാസ്യക്ഷേത്രാധിദേവതയായ മധുരാപതിയെന്ന ദേവി പ്രത്യക്ഷീഭവിച്ചു.

വാണിയും ജ്ഞധികന്യയും മഹിഷ
മൈന്യനാശിനി ഭവാനിയും
വാണിയിൽ പട്ടത വൈഭവം ബഹുല
വീര്യമീവക വരങ്ങളെ
നൃനമാക്കുപുനരേകിനാർ നിജ കു–
ചം പറിച്ചെറിക മൂലമായ്
നാണമാന്നൊരവതന്നെ മുന്നിൽ മധു–
രാധിദേവതയണഞ്ഞുതേ.

ഇരുപത്തിമൂന്നാം ഗാഥ.

പ്രബോധനം.

ജടമുടിയിന്മേൽ ചന്ദ്രക്കലയും കവിൾത്തടങ്ങളിലേക്കു താഴ്ന്നുകിടക്കുന്ന കാകപക്ഷങ്ങളും കരിങ്കുവലയങ്ങൾക്കൊത്ത കണ്ണിണയും ധവളകാന്തി വിലസുന്ന വിശാലവദനവും ദംഷ്ട്രകളോടിടചേർന്നു വിലസുന്ന വിദ്രുമാധരവും പൂനിലാവുപൊഴിക്കും പുഞ്ചിരിയുംചേർന്ന് ഇടതുഭാഗം കരുനീലമായിരിക്കിലും വലതുഭാഗം കാഞ്ചനപ്രഭമായ മേനിയോടും ഇടങ്കയ്യിൽ കോമളമായ താമരപ്പൂവേന്തിയാലും വലങ്കയ്യിൽ വെണ്മഴുവോടും വലതുകാലിൽ വീരതണ്ടയണിഞ്ഞാലും ഇടതുകാലിൽ അണിച്ചിലമ്പോടും പാണ്ടിപ്പെരുമാക്കന്മാരുടെ പുരാതനമായ കുലദൈവം, കറുമുലച്ചിയായ കണ്ണകിയുടെ, മുൻനിലയിൽചെന്നു നില്ക്കാതെ പിൻനിലയിൽ നിന്നു.

മധുരാപതി—ധന്യേ! നീ ജയിപ്പതാക! എന്റെ ആവലാതി ചെവിതന്നു കേൾക്കുക.

കണ്ണകി—(വാടിയ മുഖം തിരിച്ചു) എന്റെ പിന്നിൽ വന്നുനില്ക്കുന്ന നീ ആരാണ്; എന്റെ ദിനാവസ്ഥ നീ എങ്ങനെ അറിഞ്ഞു?

മധുരാപതി—നിന്റെ ദൈന്യം ഏതോ ഒരു വിധത്തിൽ ഞാനറിഞ്ഞു; സുമുഖി! എന്റെ പേർ 'മധുരാപതി'യെന്നു പായും; നിന്നോടു ചിലതു പറയുവാൻ വന്നതാണ്; മഹനീയഗുണശാലിനിയായ നിന്റെ വരനു വന്നണഞ്ഞ വിധിവൈപരീത്യം നിനച്ച് എന്റെ ഹൃദയം തകരുന്നു.

കണ്ണകി—തോഴി! എന്റെ ജീവനാഥനു എങ്ങനെയാണീ അവസ്ഥ നേരിട്ടത്?

മധുരാപതി—സതീരത്നമേ! നിന്റെ നായകനുനാശംവരുവാൻ ഹേതുവായ കർമ്മമെന്തെന്നു കേട്ടുകൊൾക. വേദജ്ഞരാത്തമന്ത്രാരുടെ വിശിഷ്ടവചനങ്ങളെ ശിരസാവഹിച്ചു തദിതരന്മാരുടെ വാക്യങ്ങൾക്കു ഗൌരവം കൊടുക്കാതേയും താൻ ആരുടേയും അടിവണങ്ങാതവനെന്നിരിക്കിലും കടികളെ പഴിക്കാതേയും, സദാചാരനിഷ്ഠന്മാരായ സാധുജനങ്ങൾക്കു യാതൊരു സങ്കടവും വരുത്താതേയും അമിതമായ അന്നദാനം ചെയ്യുന്നതിൽ അലംഭാവമില്ലാതേയും (ഭഹാഭാരതയുദ്ധകാലത്തു കുരുപാണ്ഡവസേനകൾക്കു അന്നത്തെ ചോഴമന്നവൻ അമിതമാംവണ്ണം ആഹാരപദാർത്ഥങ്ങൾ നല്കുകയുണ്ടായി.) നീതിനടത്തുന്ന നെടുനാൾവാഴ്ചയും, പാതകികളുടെ കുല നടത്തുന്ന മന്ത്രവാളുംപൂണ്ടു പൂങ്കാവുകളും വിള

നിലങ്ങളും നിറഞ്ഞ പുകാർനഗരം പാലിച്ചുവരുന്ന ചോളഭൂപന്റെ ശോഭനമായ നാട്ടിനെ അലങ്കരിക്കുന്നമഹാത്മാവായ പരാശരമഹർഷി ബാലഗൌതമനു നിങ്കു സപ്തർഷിപ്രാപ്തി നല്കിയ * ചേരന്റെ വംശജാതനായ 'മാന്തരംചോലിരുംപൊറൈ' എന്ന ചേരമന്നവന്റെ വിയ്യൈയായ്മാദിഗ്രന്ഥങ്ങൾ കേൾക്കയാൽ അവനെ കാണണമെന്ന കരുതി പല കാടും നാടും ദേശവും പിന്നിട്ടു പാരം നിണ്ടുമയന്നും കിടക്കുന്ന മലയാചലവും കടന്നുചെന്ന് അവിടെ മുമുക്ഷുക്കളായ ദക്ഷിണാഗ്നി, ഗാർഹപത്യം, ആഹവനീയം എന്ന അഗ്നിത്രയങ്ങളെ ആരാധിച്ചും വേദവിധികളെ നിരവേറി ഋഷിയജ്ഞം ദേവയജ്ഞം നരയജ്ഞം പിതൃയജ്ഞം പ്രാണിയജ്ഞം എന്നീ പഞ്ചമ

---

* ബാലഗൌതമൻ പത്നീസമേതനായി ഇമയവരമ്പനെന്ന ചേരന്റെ അനുജനായ "പൻയാനൈച്ചെൽപുകഴ്ക്കുട്ടുവൻ" എന്ന ചേരഭൂപന്റെ രാജധാനിയിൽ ചെന്നു അദ്ദേഹത്തിന്റെ ഗുണഗണങ്ങളെ പ്രതിപാദിക്കുന്നതായ ചില കവനങ്ങൾ ചെയ്തു തിരുമുമ്പാകെ സമർപ്പിച്ചു; അതുകൊണ്ടു സന്തുഷ്ടനായി, "ഭവാന്റെ അഭീഷ്ടം ചോദിക്കാം" എന്നാജ്ഞാപിച്ചപ്രകാരം ബാലഗൌതമൻ, "എനിക്കും എന്റെ ബ്രാഹ്മണിക്കും സപ്തർഷിഭവിക്കേണം" എന്നു പ്രാർത്ഥിച്ചു; ഇതു കേട്ടു രാജാവ് ബ്രാഹ്മണശ്രേഷ്ഠന്മാരെ വരുത്തി ഒമ്പതു മഹായജ്ഞം നടത്തിച്ചു; പത്താംയജ്ഞത്തിന്റെ പര്യവസാനത്തിൽ ആ വിപ്രദമ്പതികൾ മറഞ്ഞുപോകയും ചെയ്തു.

ഹായജ്ഞങ്ങളെ അനുഷ്ഠിച്ചും അദ്ധ്യയനം അദ്ധ്യാപനം യജനം യാജനം ദാനം പ്രതിഗ്രഹം എന്നുള്ള പഞ്ചകൃത്യങ്ങളിൽസംസക്തചിത്തന്മാരായുംവാഴുന്ന വേദിയന്മാരോടിടപെട്ട വൈദികവ്യവഹാരങ്ങളിൽ വാദപ്രതിവാദം നടത്തി ജയം കൊണ്ടതിനാൽ മാന്യമായി സിദ്ധിച്ച കുണ്ഡലവും ധരിച്ച വൈദികപ്പട്ടത്തോടുകൂടി സ്വദേശത്തിലേക്കുവരികയായിരുന്നു.

അപ്പോൾ പാണ്ഡ്യരാജ്യത്തിൽ പഞ്ചഗ്രാമികളുടെ സങ്കേതമായ 'തിരുത്തങ്കാൽ' എന്ന ഗ്രാമത്തിൽ ദണ്ഡും കമണ്ഡലുവും വെള്ളക്കുടയും ചമതയും മടിസ്സഞ്ചിയും പാദുകയും കൂടാതെ ആഹ്തഗേവൻ സന്നിധാനംചെയ്യുന്ന പാവനമായ ആൽത്തറയ്ക്കരികെനിന്നു, "ഏകച്ഛത്രാധിപതിയായുഴികാത്തു പുകൾകൊള്ളുന്ന പാർത്ഥിവൻ വാഴുണമേ! കടലിൽ കണ്ട മായാകദംബവൃക്ഷത്തെ ഭഞ്ജിച്ച വീരനായ ചേരൻ വാഴുണമേ! വില്ലാളിവീരനായ ചേരൻ വാഴുണമേ! പൂങ്കാവുകൾ വളർന്നു കുളിത്ത നാടുവാഴുന്ന ചേരൻ വാഴുണമേ! നാട്ടാർനലമൊട്ടാഴും നരപാലൻ ചേരൻ വാഴുണമേ!" എന്നു വാഴ്ത്തിക്കൊണ്ട് മുടിയും കുടമയും ഇളംപവിഴമായും തളർന്ന നടയുമായി തന്റെ ചുറും വന്നു കളിക്കുന്ന ബാലന്മാരോടു പരാശരൻ, "എടോ വടുക്കളെ! നിങ്ങൾ എന്റെ ചെറിയ മടിസ്സഞ്ചി വാങ്ങിക്കൊണ്ടു

പോവിൻ'' എന്നു പറഞ്ഞതു കേട്ട തിരുത്തങ്കാൽ ഗ്രാമവാസിയും അതിപ്രസിദ്ധനുമായ 'വാദ്ധികൻ' എന്ന ബ്രാഹ്മണന്റെ പുത്രനായ 'ദക്ഷിണാമൂർത്തി' യെന്ന ബ്രഹ്മചാരി പാൽമണമകലാതൊരോമന വദനംപൂണ്ട വിളങ്ങുന്നവരും തന്റെ സമവയസ്യരുമായ ആ ബ്രഹ്മചാരികളുടെ മുന്നിൽ തനിക്കു നാവിന്നു തളർച്ചയുണ്ടെന്നിരിക്കിലും സന്തോഷപൂർവ്വകം വേദോക്തികളിൽനിന്നും വ്യതിചലിക്കാത്ത പ്രൌഢവാക്യങ്ങളെ ഉപന്യസിച്ചു. ഇതു കേട്ട പരാശരൻ വിസ്മയഭരിതനായി ആ ബ്രഹ്മചാരിയെ മുകുതാമയമായ പൂണൂലും വിലയേറിയ മാറു ഗളഭ്രഷണങ്ങളും കടകവീരശൃംഖലാംഗുലിയാഭികളുമണിയിച്ചു ബഹുമാനപൂർവ്വകം അവന്റെ ഗൃഹത്തിലേക്കയച്ചു; ഇങ്ങനെ ദക്ഷിണാമൂർത്തി നല്ല നല്ലാഭരണങ്ങൾ കെട്ടിയതും പൂട്ടിയതും കണ്ട് അവിടെയുള്ള കീഴ്ദ്യോഗസ്ഥന്മാർ അസഹിഷ്ണുക്കളായി അദ്ദേഹത്തിന്റെ സ്ഥിതിഗതികളെ സൂക്ഷിച്ചറിഞ്ഞ് ''രാജനീതിക്കു വിരോധമായി നിധിയെടുത്തു കൈവശം വെച്ചിട്ടുള്ളവനാണ് ഈ ബ്രാഹ്മണൻ'' എന്നു വ്യാജമായ അപരാധം ചുമത്തി കാരാഗാരത്തിൽ ബന്ധിച്ചു; അതിനാൽ അവന്റെ കുടുംബിനിയായ 'കാഞ്ചി'യെന്ന തരുണീരത്നം ദീനയായുഴന്നു ധരണിയി

ലുരുണ്ട മുറയിട്ടു; ഇതുനിമിത്തം അവിടെ (മധുര യിൽ) ഉള്ള ഭദ്രകാളിക്കോഷ്ഠത്തിന്റെ കതകു തുറക്കുന്നതായിയായി; ഇതുകേട്ട പാണ്ഡ്യൻ വിഷാദിച്ചു, "രാജനീതിക്കേതാണ്ടൊരു ഭംഗം നേരിട്ടിരിക്കണം; ആ ദുഷ്ടത്വം ഇന്നതെന്നു പറയുവിൻ" എന്നു കീഴ് ജീവനക്കാരോടാജ്ഞാപിച്ചു; അവർ വാത്തിക്കനെ (ദക്ഷിണാമൂർത്തിയെ) ബന്ധനസ്ഥനാക്കിയ സംഭവം തൊഴുതറിയിച്ചു; ഇതു കേട്ട മന്നവൻ തങ്കാലൂരിൽചെന്നു കാത്തികയുടെ കണവനായ വാത്തികന്റെ മുമ്പിൻ, "പാമരജനത്തിന്റെ നിലയിൽ രാജധർമ്മത്തെ അതിലംഘിച്ച എന്റെ അപരാധം പൊറുത്തുകൊള്ളേണമേ" എന്നു പ്രാർത്ഥിച്ചുംകൊണ്ടു സാഷ്ടാംഗം നമസ്കരിച്ചു; ഇങ്ങനെ ക്ഷമായാചനം ചെയ്തളവിൽ എങ്ങും മുഴങ്ങത്തക്ക നിനാദത്തോടെ കാളിക്കോഷ്ഠത്തിന്റെ കതകു താനേതുറന്നു. അപ്പോൾ, "കാരാഗൃഹങ്ങൾ കളയുവിൻ! അപരാധികളെ നിരപരാധികളാക്കുവിൻ! അന്യൻ സമ്പാദിച്ചുവെച്ചതായാലും നിധിവെച്ചതായാലും ആ ധനം അതിന്റെ ഉടമയുള്ളവൻ ആരെ വിശ്വസിച്ചുകൊടുക്കുന്നുവോ അവർക്കാകുന്നു;" എന്നാകാശത്തുനിന്നുമാരിയടിച്ചു പരസ്യമാക്കി രാജനീതിക്കു പ്രതിഷ്ഠ നല്കിയ ഈ നെടുംചെഴിയനും രാജധർമ്മത്തിൽ പിഴച്ചു "കർക്കടകമാസം കൃഷ്ണപക്ഷത്തു ഭരണികാ

ത്തികയും അഷ്ടമിയും ശുക്രവാരവും കൂടിയ ദിവസം അഗ്നിബാധകൊണ്ടു മഹിമകോലുന്ന മധുരാപുരിക്കും മന്നവന്നും നാശം ഭവിക്കും" എന്നു ജ്യൌതിഷികൻ പറഞ്ഞിട്ടുണ്ടു്. അതെങ്ങനെയെന്നു കേട്ടുകൊൾകെ.

മുമ്പൊരു കാലത്തിൽ കലിംഗദേശത്തിലുള്ള സിംഹപുരാധീശനായ വസുവും കപിലപുരാധീശനായ കുമാരനും തമ്മിൽ വൈരികളായി തീരുകയും അന്യോന്യം പൊരുതു ജയിക്കേണമെന്നുള്ള കാംക്ഷയോടെ അതിന്നു കാലം പ്രതീക്ഷിച്ചുകൊണ്ടിരിക്കയും ചെയ്തു; അക്കാലത്തു സിംഹപുരത്തിലെ പണ്യവീഥിയിൽ 'സംഗമൻ' എന്നു ഒരു വൈശ്യൻ ചെന്നു വ്യാപാരംനടത്തിക്കൊണ്ടിരുന്നു; അവിടെ അരമനയിൽ ഒരു ശമ്പളക്കാരനായി പണിയെടുത്തുവരുന്ന ഭരതൻ സംഗമനെ ശത്രുരാജാവിന്റെ ഒറുകാരനാണെന്നു വ്യാജാപവാദം ചുമത്തി പിടിച്ചുബന്ധിപ്പിച്ചു ന്യായാധിപതിയുടെ മുമ്പാകെ തെളിവുകൊടുത്തു കൊലചെയ്യിച്ചു; അപ്പോൾ സംഗമന്റെ ഭാര്യയായ നീലി നിർഭരമായ ദുഃഖം സഹിക്കയാതെ പതിന്നാലുദിവസം പല ദിക്കിലുമായി അലഞ്ഞു നടന്നതിന്നുശേഷം പ്രാണത്യാഗംചെയ്തു ലോകാന്തരപ്രാപ്തനായ പതിയുടെ മാർഗ്ഗത്തെ അനുഗമിപ്പാനൊരുങ്ങി ഒരു പർവ്വതശിഖരത്തിൽ കരേറി

നിന്നുകൊണ്ട്, "ആർ ഞങ്ങൾക്കു ദുഃഖമുണ്ടാക്കിത്തീർത്തുവോ അവർ ഇനിയത്തെ ജന്മത്തിൽ ഈ ദുഃഖം അനുഭവിക്കുമാറാകട്ടെ." എന്നു ശാപമിട്ടു ഭൂലോകവാസം വെടിഞ്ഞു. ആ ഭരതനാണ് ഈ കോവലനായ്പിറന്നത്; അതിനാൽ നിങ്ങൾക്കീ സങ്കടം അനുഭവിക്കേണ്ടിവന്നു; നീ ഇന്നുതൊട്ട് പതിനാലാംനാൾ ദിനാന്തത്തിൽ നിന്റെ കണവനെ കണ്ടു ചേരും" എന്നിങ്ങനെ പറഞ്ഞ് അവളെ ആശ്വസിപ്പിച്ചു; പിന്നെ കണ്ണകി മധുരാപുരി വിട്ട് വൈകയാറിൻകര വഴിയായി പടിഞ്ഞാറോട്ടു നടന്നു മലനാട്ടിലെത്തി, അവിടെയുള്ള 'തിരുച്ചെങ്കുന്ന്' എന്നു പേരുള്ള മലയുടെ മുകളിൽ ഒരു വേങ്ങമരത്തിന്റെ തണലിൽനിന്നു; പതിനാലാംദിവസം അസ്തമയത്തിനുശേഷം അവിടെ ദിവ്യരൂപം പൂണ്ടുവന്ന കോവലനെ കണ്ടു കൌതൂഹലം പൂണ്ട് അവനോടുകൂടി വിമാനത്തിൽ കയറി അമരന്മാരാരാധിക്കത്തക്ക നിലയിൽ അമർത്ത്യലോകം പ്രാപിച്ചു.

അമർത്ത്യപൂജനം വിനാപതിക്കു പൂജ ചെയ്യുവോ-
ളമർത്ത്യലോകപൂജ്യയായ് ഭവിക്കുമില്ല സംശയം
അമർത്ത്യയായി മാനുഷീവിഭൂഷയായ കണ്ണകീ
അമർത്ത്യനാരിമാരിൽനിന്നൊരാതിഥേയമാണ്ടതു.

കാണ്ഡപരിശിഷ്ടം.

1. പുകൾപെരിയ ധരണിപതിവരമണികൾ മുവ്വരിൽ
പാരം പുകഴ്ന്ന പാണ്ഡ്യശ്രപരന്മാരുടെ

2. കരളിലൊരു കൃപയുമുരുപുണ്യം ധർമ്മവും
കേടറ്റ പേർവിളങ്ങും രാജധാനിയും

3. അഖിലദിശി പുകൾപെരുകമാറു സംസ്കാരങ്ങ-
ളോരോന്നുമെങ്ങും വിളങ്ങും പുരങ്ങളും

4. കോലാഹലംകൊള്ളുമാറുത്സവങ്ങളും
ചേലോടു വിണ്ണോർജനം വന്നു വാഴ്വതും

5. നാട്ടാർ നിതാന്തമാമോദിച്ചിരിപ്പതും
നാട്ടിൽ പരക്കെ കുടികൾ വളർപ്പതും

6. എങ്ങും ജനങ്ങൾ വളർന്നു വന്നീടിലു-
മന്നം സമൃദ്ധമായുണ്ടായ്തരുന്നതും

7. പാരിച്ച വൈകയാറെങ്ങും പ്രവഹിച്ച
ചേരും വളംകൊണ്ട സസ്യസംവൃദ്ധിയും

8. വാരിവാഹവ്രജം വാനിൽ പരന്നുട-
നോരാതെ കാലത്തു വർഷിച്ചിടുന്നതും

9. ആരഭടീ സാത്വതീവൃത്തിഭേദങ്ങൾ
ചേരും കരാങ്കളിയും വരിപ്പാട്ടും

10. എന്നിവയും മറ്റുമെന്നും മുടങ്ങാതെ
മന്നോർവരൻ മഹീപാലനം ചെയ്തതും

11. ഉത്തരദേശത്തിലുള്ള പടജ്ജന-
മൊത്തു തമിഴ്നാടു വന്നുകണ്ടീടുവാൻ.

12. കാറണമറുള്ള സാദ്ധ്വീമണി തന്നൊടു-
മൊത്തു ഭദ്രാസനം തന്നിൽ പതിച്ചുകൊ-

13. ണ്ടന്തം ഗമിച്ചു നെടുംചെഴിയൻ പാണ്ഡ്യ-
സത്തമനും മധുരക്കാണ്ഡവും സമം.



വഞ്ചിക്കാണ്ഡം.

ഇരുപത്തിനാലാം ഗാഥ.

മലങ്കുറവക്കുത്ത്

"പറവകളെയോടിച്ചും പൈയ്ങ്കിളികളെയകറിയും കുന്നിന്മേൽ ചെന്നു വാസംചെയ്തും അരുവിയാറിൽ മുഴുകിയും കോപം ജ്വലിച്ചും ചുറ്റിസ്സഞ്ചരിച്ചും മുന്നിൽ കണ്ട മലവേങ്ങമരത്തിന്റെ നുറുതണലിൽ വള്ളിയെപ്പോലെ (മലവേങ്ങമരമായ് നിന്ന സുബ്രഹ്മണ്യന്റെ സന്നിധാനത്തിൽ മലകുറമകളായ വള്ളിയെപ്പോലെ) വിളങ്ങുന്ന ദേവി! മനം കലങ്ങി ഒരു മൂലയും കളഞ്ഞുവന്നു നില്ക്കുന്ന ഭവതിയാരാണ്." എന്നു മലകുറത്തികൾ ചോദിച്ചതിന്ന്, "മധുരാപുരിക്കും മന്നവനും നാശം നേരിട്ടവിക്കത്തക്കവണ്ണമുള്ള എന്റെ മഹാപാപശക്തിയാൽ അവിടെവെച്ചു കണവനേയും ബലികൊടുത്തുവന്ന പാപിനിയാകുന്നു ഞാൻ" എന്നു ദേവി ഉത്തരം പറഞ്ഞു. അന്നേരം പുളിന്ദികൾ ഭയഭക്തിഭരിതകളായി കരകമലങ്ങൾ കൂപ്പിനിന്നു; തൽക്ഷണം ദേവന്മാർ മഴ പൊഴിക്കയും പുഷ്പവർഷം ചെയ്കയും പുളിന്ദന്മാരേവരും കണ്ടുനില്ക്കയും ആ ദേവി

ഭയിതനോടൊത്തു വിമാനാരൂഢയായി വിണ്ണോർ പുരി പൂകുകയും ചെയ്തു.

പുളിന്ദാധിപൻ പറഞ്ഞു—ഇപ്പോൾ നമ്മുടെ സമുദായത്തിന്നു മറെറാരു ദൈവമില്ലാത്തതിനാൽ ഹേ! കൂട്ടികളെ! ഈ ദേവിയെ ആരാധിപ്പിൻ! ധാതുക്കളലിഞ്ഞു ചേന്ന പല വണ്ണങ്ങളായൊഴുകുന്ന പുഴകളോടുകൂടിയ ഈ മലഞ്ചരുവിൽ ശാഖാശതനിബിഡിതമായ വേങ്ങമരത്തിൻകീഴിൽ ഒരു ദൈവമുണ്ടെന്നു കണ്ടു നിങ്ങൾ വഴിപാടുചെയ്യിൻ! തുടിയും ചെറുപറയും മഴക്കുവിൻ; മാൻകൊമ്പു ചാത്തുവിൻ; മണിയടിപ്പിൻ! കുറിഞ്ഞി പാടുവിൻ; ധൂപമേല്പിക്കുവിൻ! പുഷ്പങ്ങൾകൊണ്ടർച്ചന ചെയ്യുവിൻ! മതിലും ഗോപുരവും കെട്ടുവിൻ! നമ്മുടെ മലയ്ക്കൊരു കുറവും പറ്റാതെ വർദ്ധിച്ചുവരുവാൻ ഒറ്റമുലച്ചിയായ ദേവിയോടപേക്ഷിപ്പിൻ!

ഒരു പുളിന്ദി തന്റെ തോഴിയോടു പറയുന്നു—അങ്ങേ അഗ്രഭാഗംതൊട്ട് ഇങ്ങു താഴ്വരയോളം നോക്കിക്കാണുക. അഞ്ജനച്ചൂണ്ണവും അരിതാരപ്പൊടിയും സിന്ദൂരപരാഗവും തെളിതേനും കലന്ന മഴവില്ലിന്റെ കാന്തികവന്ന മലമുകളിൽനിന്നു മനോഹരമാംവണ്ണം തെളിഞ്ഞൊഴുകിവരുന്ന മലയരുവിയിൽ നമുക്കു നീരാടുക; ഇതിൽ ശങ്കിക്കേണ്ടതില്ല; കൊടുമ ചെയ്യുവന്റെ മലയിലുള്ള തുഷാരശീതളങ്ങ

ളായ നറുഞ്ചോലകളിൽ നിന്നുരുവാകുന്ന ഈ ഗിരി നദിയിൽ നമുക്കു മുഴുകേണ്ടി വന്നുവല്ലോ.

ഒരു നായിക തോഴിയോടു പറയുന്നു—കൊടുന്തൊഴിലാളികളുടെ നേതാക്കന്മാർക്കധീനമായ മലയിലൊഴുകി വന്ന പുതുവെള്ളത്തിൽ നാം മറുള്ളവരോടു ചേർന്നു നീരാടിയല്ലോ. ഇത് എന്റെ മനസ്സിനിണങ്ങിയതല്ല; സഖി! ഇതിനു കാരണമൊന്നും കാണുന്നില്ല. ഈ മലയിൽ പൊന്നുനീർ കലർന്നൊഴുകിവരുന്ന മനോഹരമായ അരുവിയുടെ പുതുവെള്ളത്തിൽ മറുള്ളവർക്കു മുമ്പിലായി നാം മുഴുകിയല്ലോ. ഇതു മനസ്സിനൊത്തതല്ല; ഇതിനൊരു കാരണവും കാണുന്നില്ല; ഈ മലയിൽ ഉതിർന്നു പൂക്കൾ ചേർന്നൊഴുകുന്ന ആറ്റിൽ പുതുനീരിൽ മറുള്ളവർക്കു പിന്നിൽ മജ്ജനം ചെയ്തുവല്ലോ. ഇതു മനസ്സിനു രഞ്ജിച്ചതല്ല; ഇതിനെന്തു കാരണമെന്നറിയാവുന്നതല്ല.

നാരിമാരേവരും നയനങ്ങൾ ചുവക്കുംവണ്ണം തെളിമ കോലുന്ന പുതുനീരാടിക്കഴിഞ്ഞുവെങ്കിൽ ശക്തിധരനായ സ്കന്ദനെ വാഴ്ത്തി പാടുക. പേർ പുകഴ്ന്ന തിരുച്ചെന്തൂരിലും തിരുച്ചെങ്കോട്ടിലും സ്വാമിമലയിലും തിരുവേരകത്തിലും കഴിയാതെ സാന്നിദ്ധ്യം വഹിക്കുന്ന സ്വാമി, കരത്തിൽ ധരിച്ചിരിക്കുന്ന ഉജ്ജ്വലത്തായ വേലായുധമല്ലയോ പണ്ടൊരുനാൾ

മഹാവീരനായ ശൂരനാകുന്ന മൃഗത്തെ നായാടിയ
യത്? അനന്യസാധാരണമായ ആറുമുഖവും ഈ
രാറുകരങ്ങളും പൂണ്ട സ്വാമിയുടെ വെണ്മകലരുന്ന
വേലല്ലയോ വിണ്ണോർനായകൻ വണങ്ങി വാഴ്ത്തും
വണ്ണം വാനവർവൈരികളായ ദാനവന്മാരെ നിഗ്ര
നം ചെയ്തത്? ശരവണത്തിൽ പൂമയമായ പള്ളിയ
റയിൽ മാതാക്കളായ ആറു കൃത്തികകളുടെ നനുല
പ്പാലുണ്ട് വളർന്ന സ്വാമി കൈക്കൊണ്ടിരിക്കുന്ന കാ
ന്തിഃകാലും കതിർവേലല്ലെ ചക്രായുധം പൂണ്ടുവന്നാ
ക്രൌഞ്ചാസുരന്റെ ഹൃദയത്തെഃപ്പാലെ തന്നെ
ക്രൌഞ്ചപർവ്വതത്തേയും പിളർന്നത്?

എന്നിങ്ങനെ ബഹുവിധത്തിൽ നാം പാട്ടു
ന്നതെല്ലാം മറഞ്ഞുനിന്നു കേട്ടരുളിയ മലനാടനായ
അദ്ദേഹം ഇവിടം വിട്ടുപോകുന്നതിന്നുമുമ്പുതന്നെ
ഞാൻ അരികെചെന്നു തിരുവടികൾ തൊഴുതുവണ
ങ്ങിനില്ക്കുവെ അദ്ദേഹം "തോഴി! നിണക്കു മംഗളം
ഭവിക്കട്ടെ. കടമ്പിൻമലർ ചൂടി കരത്തിൽ വേ
ലേന്തി സ്ത്രീവിഷയമായി ഈ പതിക്കു വരികയാ
ണ്; ആറു മുഖമില്ല; മയിൽവാഹനമില്ല; കുറമക
ളായ വള്ളി കൂടെയില്ല; ഈരാറു കൈകളില്ല. അ
തിനാൽ ഇവിടെയുള്ള സാധുക്കളായ കുടികൾക്ക്
ഒരു ദിവ്യരൂപമായ് തോന്നുകയില്ല." എന്നിങ്ങനെ
ഇവിടെ എനിക്കു പരസ്യമായ ഒരുപദേശം സിദ്ധി

ച്ചിട്ടുള്ളതിനെ ഞാൻ പറഞ്ഞുതന്നെ കേട്ടുവെന്നിരിക്കിലും അതിൽ വൈമനസ്യം ഭവിക്കാതിരുന്ന പാണ്ഡ്യൻ മറഞ്ഞുപോകത്തക്കവണ്ണം മല പറിച്ചെറിഞ്ഞു, മഹിമ പെരുകുന്ന മധുരാപുരിക്കു കൊള്ളിവെച്ച കാമിനിയുടെ ജീവനാഥനെ വാനവരേവരുംകൂടി ആ സതീരത്നത്തിനു കാട്ടിക്കൊടുത്ത സംഭവത്തെ പ്രതിപാദിച്ചുകൊണ്ടു നാം ഒന്നു വാഴ്ത്തി പാടേണ്ടതാണ്. കൊടികളാലും മാടങ്ങളാലും അലംകൃതമായ മധുരാനഗരം അരാജകമാകത്തക്കവണ്ണം ആശ്രയാശംസനീരയാക്കിക്കൊടുത്ത പതിദേവതയെ വണങ്ങി സ്തുതിച്ചു നാം പാടുക; അങ്ങനെ പാടുമ്പോൾ മലയരചന്റെ കല്യാണക്കോലംകൂടെ വേണ്ടതാണല്ലോ; സാദ്ധ്വികളായ വധൂജനങ്ങളെപ്പോലും തൊഴുതടിപണിയുംവണ്ണം നമ്മുടെ ഈ ചോലയിൽ സന്നിധാനംചെയ്യുന്ന ദേവിയുടെ പതിയെ സുരന്മാർ സന്തോഷപൂർവ്വം കാട്ടിക്കൊടുത്തു വാഴ്ത്തി വാനോടുംകൂടെ അവർക്കു സ്വർല്ലോകവാസം നൽകിയിരിക്കുന്നു; ഇതു പുനരാവൃത്തിവിഹീനമായ ഗതിയാണല്ലോ; ഇങ്ങനെയുള്ള ദേവിയുടെ അപദാനങ്ങൾ പാടുവാൻ നമുക്കു സംഗതിവന്നതിനാൽ നമ്മുടെ ഈ പതി പുകൾ പൊറുതുതന്നെ; രമണീരമണന്മാരുടെ മംഗളയോഗംകൊണ്ടു ഈ പതി പുകൾ പൊറുതുതന്നെ." എന്നരുളിചെയ്തു. ഇങ്ങ

നെ നാം അത്ഭവത്തായി പാടിയാടുന്ന കുരവക്കൂ
ത്തുകണ്ടു പ്രസന്നനായ നമ്മുടെ നാഥന്റെ കടാ
ക്ഷത്താൽ ഹിമാദ്രിയിൽ കൊടിനാട്ടി (ധനുഷ്കോടി
മുതൽ തുഷാരാദ്രിപര്യന്തമുള്ള ഭൂമിക്കധിപനായി)
അനാരതം വീരപാണം ചെയ്യു പ്രഭാവാതിശയംപൂ
ണ്ടു പ്രീതനായിരിക്കുന്ന പാശ്ചാത്യഭൂവല്ലഭൻ ചേര
മന്നവൻ സുചിരം വാഴേണമേ.

ഇരുപത്തഞ്ചാം ഗാഥ.

ശില കൊണ്ടുവരുവാനുള്ള നിശ്ചയം.

വാരാംനിധിയിലുണ്ടായ കദംബവൃക്ഷത്തെ
ഛേദിച്ചു കീർത്തിനേടി, ഹിമാദ്രിയിൽ സുരഗണ
സേവ്യനായി മലമകളോടൊത്തു വാഴുന്ന പുരഹര
നെപ്പോലെ, പരന്നയന്ത നിലകൊള്ളുന്ന നീരാവികണ
ക്കെ വിലസുന്ന വെണ്മാടത്തിൽ മഹിഷിയായ വെ
ള്ളമ്മാളോടുംകൂടി വാണിരിക്കുന്ന ചേരൻ ചെങ്കു
വപ്പെരുമാൾ ഗംഭീരധ്വനി മുഴക്കിക്കൊണ്ടിരിക്കു
ന്ന വാഹിനികളാലും തുഷാരശീതലങ്ങളായ ചോ
ലകളാലും പരിലസിക്കുന്ന പവ്വതനിര കാണേണമെ
ന്നു കരുതി തരുണീമണികളോടുംകൂടി വഞ്ചിരാജ

ധാനിയിൽനിന്നു പുറപ്പെട്ട സുരസുന്ദരിമാരോടൊ രുമിച്ചു സുരഭിലങ്ങളായ നവപ്രസൂനനികരങ്ങളാൽ പരിപൂരിതമായ നന്ദനോദ്യാനത്തിൽ ക്രീഡാസക്ത നായി, പരിമളമിശ്രിതങ്ങളായ പൂങ്കാവുകളും കുളിർ നീരരുവികളും തുരുത്തുകളും ഇളമരക്കാവുകളും നാട കശാലകളും മണ്ഡപങ്ങളും യഥാക്രമം രചിച്ചുവെ ച്ചിട്ടുള്ളതും ഒരുനൂറിനാലുപത്തു യോജന വിസ്തീർണ്ണമു ള്ളതുമായ ഐരാവതത്തിന്മേൽ യാനംചെയ്യുന്ന മ ഘോന്നെപ്പോലെ, പുന്നാഗം കടമ്പു കൊന്ന വേ ങ്ങ മുതലായ തരുക്കളുടെ നവപ്രസൂനങ്ങളുതിർന്നു പ രന്നുകിടക്കയാൽ അരുവികളുടെ ഒഴുക്കുകാൽ മറ ഞ്ഞും മധുവുണ്ടുമദിച്ചു തെണ്ടിനടക്കുന്ന മധുകരനി കരത്തിന്റെ ഝങ്കാരം മുഴങ്ങിയും ത്രിവിക്രമനായ ദേവന്റെ ഉരസ്ഥലത്തിലിണങ്ങുന്ന മുക്താഹാരം പോലെ വന്മലവിട്ടു വിലങ്ങിയ പെരിയാറിന്റെ പുളിനത്തിൽ, ഇളംകോവടികളോടും ചാത്തനാ രോടുംകൂടി എഴുന്നെള്ളിയിരിക്കയായിരുന്നു.

അപ്പോൾ അവിടെ മലങ്കുരവക്കുത്തും കുറത്തി പ്പാട്ടും ഷണ്മുഖസ്വാമിയുടെ പൂജാരികൾ പാടുന്ന പാണിപ്പാട്ടും തിനകുത്തുമ്പോളുള്ള പാട്ടും വിളനി ലക്കാവലാളികളുടെ പാട്ടും തേൻ തെണ്ടിനടക്കുന്ന മലയരുടെ വിളിയും ഭേരിനിനാദത്തിനു തുല്യമായ ഗിരിനദികളുടെ ഗംഭീരഘോഷവും പുലികളോടു

നേരിട്ട പൊരുതുന്ന വന്യഗജങ്ങളുടെ ഗർജ്ജനവും കൊപ്പത്തിൽ വീഴുന്ന കൊലയാനകളുടെ നിഘോഷവും സേനാനിനാദംപോലെ സർവ്വത്ര മാറ്റൊലികൊണ്ടിരിക്കെ, ആക്കം കീഴടങ്ങാത്ത വൈരിഭൂപാലന്മാർ അനഗ്ഘങ്ങളായ തിറകൾ ശിരസ്സിൽ വഹിച്ചുകൊണ്ടു വഞ്ചിരാജധാനിയുടെ അങ്കണത്തിലണഞ്ഞു മുഖംകാണിപ്പാനവസരംനോക്കി നില്ക്കുന്നപോലെ ആനക്കൊമ്പും അകിൽകട്ടയും വെൺചമരിയും തേൻകുംഭങ്ങളും ചന്ദനമുട്ടിയും സിന്ദൂരമരത്തുണ്ടും അഞ്ജനക്കല്ലും അരിതാരവും ഏലച്ചെടിയും മുളകുകൊടിയും കുവപ്പൊടിയും തേന്മാമ്പഴവും നാളികേരവും പച്ചിലമാലയും ചക്കപ്പഴവും കരിമ്പും പൂങ്കൊടിയും വെള്ളുള്ളിയും ഏഴുവുള്ള പഴക്കക്കുലയും നേന്ത്രപ്പഴക്കുലയും, സിംഹക്കുട്ടിയും കുരങ്ങിൻപിള്ളയും പുലിക്കുട്ടിയും കരികളഭവും കരടിക്കുട്ടിയും വരയാട്ടിൻകുട്ടിയും മാൻകിടാവും കസ്തൂരിമൃഗവും കീരിക്കുഞ്ഞും മയിൽക്കുഞ്ഞും മെരുകിൻകുട്ടിയും കാട്ടുകോഴിയും കിളിക്കുഞ്ഞും മറ്റുമായുള്ള കാഴ്ചദ്രവ്യങ്ങളെ വഹിച്ചുകൊണ്ടു പർവ്വതനിവാസികൾ തിരുമുമ്പാകെ വന്ന്, "ഇനിയും ഏഴുജന്മം അടിയങ്ങൾ തിരുമേനിയുടെ പ്രജകളായ്ത്തന്നെ ഭവിക്കുമാറാകട്ടെ; ഇവിടെ കാട്ടിൽ ഒരു വേങ്ങമരച്ചുവട്ടിൽ ഒരു മുലയും കളഞ്ഞു കുണവന്റെ വേർപാടിനാല

ഴൽപൂണ്ടു വാഴുന്ന കരു ദേവി വിണ്ണോർപുകഴ്വ
ണ്ണം തൻറെ രമണനോടുകൂടി വാനോർപുരി പൂ
കി; അവൾ ഏതു നാട്ടിൽ ജനിച്ചവളോ? ആരു
ടെ മകളോ? എന്നുള്ളത് അടിയങ്ങളുടെ അന്വേ
ഷണത്തിൽ അറിവാൻ കഴിഞ്ഞില്ല; തിരുമേനി
അനേകം നൂറാണ്ടു വാണിരിക്ക" എന്നു പറഞ്ഞു.

രാജസന്നിധിയിൽ പെരുമാളെ കണ്ടു നേത്രാ
നന്ദമിയന്നുകൊണ്ടിരുന്ന മധുരാനിവാസിയായ ത
മിഴാചായ്വൻ കുലവാണികൻ ചാത്തനാർ ഇതുകേ
ട്ടു, കർമ്മഗതിക്കനുസരിച്ചു ചിലമ്പിനുലം കോവല
നു നേരിട്ട വിപത്തും പ്രതാപവാനായ പാണ്ഡ്യരാ
ജാലൻറെ സന്നിധിയിൽ ചിലമ്പുംകൊണ്ടു ചെന്ന
കണ്ണകിയുടെ ന്യായവാദവും പാണ്ടിപ്പെരുംദേവിയു
ടെ മുന്നിൽ മണിച്ചിലമ്പുടച്ചു കോപാവേശം പ്രദ
ർശിപ്പിച്ച പതിവ്രതാദേവി, "ഇതിൻറെ ഫലം കാ
ണിച്ചു തരാം" എന്നു നിശ്ചയം ശപഥംചെയ്തു മാറി
പിന്നിട്ട തൻറെ പോർമുല പാടിച്ചെറിഞ്ഞു തജ്ജ
ന്യമായ അഗ്നിയാൽ മധുരാപുരി ചുട്ടതും സിംഹാ
സനാരൂഢനായി ശ്രീമെത്തുന്ന പാണ്ഡ്യരാജപാലവീ
രൻ കണ്ണകീദേവിക്കു നേരിട്ടതായ കഷ്ടം കണ്ടു സ
ഹിക്കവയ്യാതെ മരണം പ്രാപിച്ചുകൊണ്ടു മോഹി
ച്ചു വീണതും കണ്ണകി ചൊല്ലിയ വീരവാദം മുഴവ
നും കേട്ടു മനസ്സാപപ്പെടാതെ തന്നെ മന്നവൻറെ

ഗതി തനിക്കും ലഭിപ്പാൻ പ്രാർത്ഥിച്ചുകൊണ്ടു ജീവ
നാഥന്റെ ജീവനെ മാർഗ്ഗണംചെയ്യാനൊ എന്നു
തോന്നുംവണ്ണം പെരുംദേവിയും പാണ്ഡ്യനെപ്പോ
ലെ ലോകരംഗം വിട്ടു മറഞ്ഞുപൊന്നുള്ളതും ഒരു രാ
ജാവു കൊടുമ ചെയ്താലുള്ള പരിണാമം ഈ വിധ
മാണെന്നുള്ളതും മറ്റു രാജാക്കന്മാരെ ബോധിപ്പി
പ്പാനൊ എന്നു തോന്നുംവണ്ണം ഏകാകിനിയായി
(ഭർത്തൃവിഹീനയായി) തന്റെ നാട്ടിലേക്കു പോകാ
തെ ഭവാന്റെ നാട്ടിലേക്കു് അവൾ വന്നിരിക്കയാ
ണു്; ഇനി ഈ നാടു് ഉപദ്രവം വർദ്ധിച്ചു് അഭം
ഗുരമായ ആധിപത്യം നിലനില്ലുമെന്നും പറഞ്ഞു.

ഇങ്ങനെ പാണ്ഡ്യൻ ചെയ്ത കൊടുമ കേട്ടു
ചെങ്കുട്ടുവപ്പെരുമാൾ അകക്കാമ്പുരുകി പറഞ്ഞു—
"മാദൃശന്മാരായ മന്നവന്മാർ ഏതാദൃശങ്ങളായ അ
പവാദങ്ങൾ ശ്രോത്രങ്ങൾക്കു വിഷയീഭവിക്കുന്നതി
ന്നു മുമ്പു ജീവത്യാഗം ചെയ്ത പാണ്ടിയന്റെ നില
കയ്യോളേണ്ടതാണ; ദുഷ്കൃതത്താൽ വളഞ്ഞ കോ
ലിനെ പാണ്ഡ്യൻ പ്രാണപരിത്യാഗത്താൽ ചെങ്കോ
(ചെമ്മുള്ളകോ)ലാക്കി. "മഴ പെയ്യുന്നതിൽ വല്ല
ക്രമക്കേടും നേരിട്ടുന്നതായാൽ ജനങ്ങൾ സങ്കടപ്പെ
ടുന്നു; ആരെങ്കിലും വല്ല കുറവും ചെയ്തുപോയാൽ
ജനങ്ങൾ ആക്ഷേപവും പുറപ്പെടുവിക്കുന്നു. കൂടി
കൾ തോറുമുള്ള യോഗക്ഷേമങ്ങളെയറിഞ്ഞു കൊടു

മകളൊന്നുമണയാതെ പ്രജകളെ പരിപാലിച്ചുവ
രുന്ന കുലജാതനായ ഒരു രാജാവിന്നു ദുഃഖമല്ലാതെ
യാതൊരു സുഖവുമില്ല." എന്നിപ്രകാരം കണ്ണകി
ക്കു നേരിട്ട കൊടുതായ ദുഃഖത്തെ അറിഞ്ഞ് ഇവി
ടെ വന്നു പറഞ്ഞ ചാത്തനാരെ യഥായോഗ്യം മാ
നിച്ച് "ജീവനോടുകൂടെ പോയ (ജീവിതേശനായ
പാണ്ടിയന്റെ മരണത്തെ പിന്തുടർന്ന) സാദ്ധ്വി
യേയും കോപത്തോടുകൂടെ വന്ന (ഭർത്തൃനിധന
ത്താൽ കോപാവിഷ്ടയായി ഇവിടെ വന്ന) സാദ്ധ്വി
യേയും താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഗുണ
പൌഷ്കല്യം ആർക്കാണ്?" എന്നു പെരുമാൾ ചോദി
ക്കയും, രാജ്ഞി വെള്ളയമ്മാൾ "പ്രാണനാഥന്റെ
പരിതാപം കാണാതെ ദേഹത്യാഗം ചെയ്തവൾത
ന്നെ മഹാഭാഗ്യവതി; നമ്മുടെ രാജ്യത്തിന്നു സ
ന്നിദ്ധ്യംകൊണ്ടു മഹനീയസ്ഥാനം കല്പിച്ചു സ
ന്തോഷം ചെയ്യുന്ന ഈ പതിദേവതയെ നാം ആ
രാധിച്ചു കൊള്ളേണ്ടതാണ്." എന്ന് അഭിപ്രായ
പ്പെടുകയും ചെയ്തു. ഇങ്ങനെ രാജ്ഞിയുടെ പക്ഷ
ത്തെ അനുമോദിച്ചുകൊണ്ടു പെരുമാൾ അമാത്യന്മാ
രുമായി കണ്ണകിദേവിയെ പ്രതിഷ്ഠിച്ചു പൂജിക്കേണ്ട
തിനെ പറ്റി ആലോചനചെയ്തു; അവർ "പാണ്ടി
ദേശത്തുള്ള പൊതിയിൽ മലയിൽ നിന്നോ ഹിമാ
ലയപർവ്വതത്തിൽനിന്നോ ദേവിയുടെ ബിംബം പ

ണിയുവാനുള്ള വിശിഷ്ടശില കൊണ്ടു വരേണ്ടതാ ണ്; ഗംഗാനദിയിലോ കാവേരിയാറിലോ ബിം ബത്തിന്റെ ജലസ്ഥാപനം നടത്തേണ്ടതെന്നു നോ ക്കുന്നതായാൽ ഹിമാദ്രിയിലെ ശിലയാണെന്നിരി ക്കിൽ ഗംഗയിലും പൊതിയിൽമലയിലെ ശില യാണെന്നു വരികിൽ കാവേരിയിലുമാണ് സ്ഥാപ നം ചെയ്യേണ്ടത്. മരിച്ചവൻ നിലയറ്റു നിഷ്ക്രയോ ജനമായ ജീവിതത്തെ ജീവിച്ചിരിക്കുന്നവർക്കു കാട്ടി ക്കൊടുക്കുന്ന ഭാവത്തോടും കുലീനയായ കന്യകയുടെ രൂപത്തോടും ചന്ദ്രചൂഡൻ കാളിക്കു നൽകിയ വി ധത്തിലുള്ള മാല ചാർത്തിയും ഇടയ്ക്കിടെ വേങ്ങപ്പൂ തൊടുത്ത മന്ദാരമാല മുടിയിലണിഞ്ഞും മറ്റും യ ഥായോഗ്യം ബിംബം പണിയിച്ചു വഞ്ചിനഗര ത്തിന്റെ ബഹിർഭാഗത്തു പ്രതിഷ്ഠിക്കേണം; തിരു മേനി നെടുനാൾ നാടുവാണിരിക്കയും വേണം;" എന്നുണർത്തിക്കയും ചെയ്തു.

പിന്നെ വില്ലവൻകോത എന്ന മന്ത്രി പറ ഞ്ഞു:—തിരുമേനിയെപ്പോലെ പരാക്രമശാലികളാ യ പാർത്ഥിവേന്ദ്രന്മാർ പടക്കളത്തിൽ പൊരുതു പ രാജിതരായി സിംഹക്കൊടിയും പുലിക്കൊടിയും വെച്ചൊഴിഞ്ഞു കീഴടങ്ങിയെന്നുള്ളതു ദിഗ്വിജങ്ങളു ടെ കണ്ണഞ്ചിക്കും വിഷയീഭവിച്ചിരിക്കുന്നു. കൊങ്ക ണന്മാർ, കലിംഗന്മാർ, കരുനാടന്മാർ, വംഗന്മാർ,

കങ്കന്മാർ മുതലായി പേർപുകഴ്ന്ന രാജാക്കന്മാരുമായി പൊരുതുനില്ക്കുന്ന നമ്മുടെ സേനകൾ അവശങ്ങളായി തീരുകയാൽ തിരുമേനി തന്റെ വാഹനമായ വാരണത്തെ വിട്ടിറങ്ങിയ സംഭവം എന്റെ ദൃഷ്ടിയിൽ നിന്നകന്നു പോയിട്ടില്ല. ഇവിടുന്നു രാജമാതാവിനെ കൊണ്ടുചെന്നു ഗംഗയിൽ നീരാടിച്ച കാലത്തു ആയുർബ്രഹ്മന്മാർ ആയിരം പേക്കൊരുവനായി നിന്നു പൊരുതിയ രണശൂരത്വം ഞാൻ കണ്ടതല്ലെ; ഇതെന്തൊരു കടുങ്കയ്യാണ്? തിരുകടലുടുത്ത ധരിത്രീമണ്ഡലത്തെ തമിഴ്നാടാക്കിയ ഭവാൻ ഇതിനൊരുങ്ങുന്ന പക്ഷം ഈ ബ്രഹ്മണ്ഡലത്തിൽ ആരും എതുക്കുന്നവരില്ല. എന്റെ സ്വാമി ഹിമശിഖരിയിലേക്കു പോകുന്നതു ദേവിയുടെ ബിംബം പണിക്കു വേണ്ടുന്ന ഒരു ശില കൊണ്ടുവരുന്നതിനാകയാൽ ഉത്തരദേശം വാഴുന്ന രാജാക്കന്മാക്കെല്ലാം ദക്ഷിണദേശത്തിന്റെ ചിഹ്നമായ വില്ല്, മീൻ, പുലി എന്നുള്ള മുദ്രകൾവെച്ചു പതുങ്ങളെഴുതിയയയ്ക്കുക; ശത്രുരാജാക്കന്മാരുടെ ചാരന്മാർ നമ്മുടെ രാജദ്വാരം വിട്ടൊഴിയാതിരിക്കും; നമ്മുടെ പ്രയാണത്തിൽ ആനപ്പുറത്തുള്ള അമ്പാരിയുടെ ഉച്ചധ്വനി തന്നെ രാജാക്കന്മാരുടെ കണ്ണരന്ധ്രങ്ങളിൽപുക്കു ഭീതി പറയട്ടെ.

ചെങ്കുട്ടുവപ്പെരുമാളുടെ ഹിതകാംക്ഷിയായ

'ആഴമ്പിൽ' എന്ന നാട്ടരാജാവു പറഞ്ഞു:—തിരുമേനി ഇവിടെനിന്നു വഞ്ചിനഗരത്തിൽ എഴുന്നെള്ളിയശേഷം സൈന്യസമേതം ഹിമാലയത്തിലേക്കു ശില കൊണ്ടുവരുവാൻ പോകുന്നതായാൽ ഉത്തരദേശത്തിൽ വാഴുന്ന രാജാക്കന്മാരെല്ലാം വന്നെതിരേറു തിരുവെച്ചു വണങ്ങാതിരിക്കുന്ന പക്ഷം അവരോട് പെരുമാളുടെ പരാക്രമങ്ങളെപ്പറഞ്ഞു ധരിപ്പിച്ചു 'നിങ്ങൾ കീഴടങ്ങുന്നില്ലെന്നു വരികിൽ സ്വവും ത്യജിച്ചു മലയിലോ കടലിലോ വാസം ചെയ്കൊൾവിൻ" എന്നറിയിക്കേണം. മഹാരാജാവിന്റെ വീരശ്രീ വിലസുന്ന വാഹിനിക്കു വിജയം ഭവിക്കട്ടെ; പട്ടത്താനമേൽ ഭേരിനിനാദം മാറൊലി കൊള്ളുമാറാകട്ടെ.

ഇരുപത്താറാം ഗാഥ.

ബിംബം പണി.

ഭേരിനിനാദം മുഴങ്ങി; പരമ്പരാസിദ്ധമായ രത്നസിംഹാസനത്തെ ആശ്രുധനായി പുരോഹിതൻ, ഗണകൻ, അമാത്യന്മാർ, സേനാപതികളെന്നിവരാൽ വണങ്ങി വാഴ്ത്തി മാപ്രകാരം ആജ്ഞാ

ധനം പ്രതീക്ഷിച്ചു നിൽക്കപ്പെട്ട ചെങ്കുട്ടുവപ്പെരുമാൾ വാഹിനീശന്മാരോടിപ്രകാരമരുൾചെയ്തു—ഹിമാദ്രിയിൽനിന്നു തീർത്ഥാടനത്തിന്നായിവിടെ വന്ന താപസന്മാർ ഉത്തരദേശാധിപന്മാരും അശക്തന്മാരുമായ ആര്യ്യമന്നവന്മാർ പറഞ്ഞിരിക്കുന്നതായി നമ്മോടുണർത്തിച്ച വായ്മൊഴി നാം മാത്രം അറിഞ്ഞതുകൊണ്ടു വൈഷമ്യമില്ല; നമ്മെപ്പോലുള്ള ചോളപാണ്ഡ്യന്മാർക്കാകട്ടെ ഇത് അവമാനകരമായിരിക്കും. ദേവിയുടെ വിഗ്രഹംവണ്ണിക്കുള്ള ശില ഉത്തരദേശീയന്മാരായ അരചന്മാരുടെ കിരീടംപൂണ്ട തലയിൽ ചുമപ്പിച്ചുകൊണ്ടു വന്നല്ലാതെ നമ്മുടെ വാൾ മടങ്ങി വരുന്നതായാൽ പോർക്കോലംപൂണ്ട ശത്രുരാജാക്കന്മാർക്കു പരാജയം വരുത്തിക്കീഴടക്കുവാൻ കഴിയാതെ കേവലം കുടികാർക്കു മാത്രം ഭീഷ്ണി നൽകി ചെങ്കോൽ നടത്തി വരുന്നവനായ് ഭവിക്കട്ടെ.

പുരോഹിതൻ പറഞ്ഞു:—തിരുമേനി തനിക്കു കീഴടങ്ങിവരുന്ന നൃപന്മാർക്കു സകല സമ്പത്തും കൊടുത്തു സന്തുഷ്ടന്മാരാക്കിത്തീർക്കുന്നു; ബലസമ്പത്തിയും പൌരുഷവും ചേർന്ന വീരന്മാരായ നരപാലന്മാർ തിരുമേനിയെ മാനിച്ചു ഛാരാദികളണിയിച്ചു പോരുന്നു; ഇങ്ങനെയിരിക്കെ ഇപ്രകാരം കൊടും കോപത്തിന്നു പാത്രീഭവിക്കുന്ന അരചന്മാരുമുണ്ടോ?

കരിക്കലുമില്ല. അവർ ഇമയവരമ്പ ചോഴപാണ്ടിയ
ന്മാരെയല്ലാതെ തിരുമേനിയെ ധിക്കരിച്ച പാഞ്ഞി
ട്ടില്ല; അതുകൊണ്ട് അമർഷത്തെയടക്കുക; പിന്നെ
ഭാഗശരാശികളും ഗ്രഹനിലകളും തിഥിവാരനക്ഷ
ത്രയോഗകരണങ്ങളായ പഞ്ചാംഗവും ഗ്രഹങ്ങളും
ഉച്ചനീചശത്രുമിത്രാദിസ്ഥാനഭാവഭേദങ്ങളും ഗ്രഹി
ച്ച നിപുണനായ മൌഹൂർത്തികൻ എഴുന്നോറു പ
റഞ്ഞു—സ്വാമിക്ക സർവ്വോല്ക്കൃഷ്ടവും ഭവിക്കട്ടെ; സ
കലരാജാക്കന്മാരും വന്നു തൊഴുതടിമലർ പണിയ
ത്തക്ക യോഗമുള്ളതായ ഈ സുമുഹൂർത്തത്തിൽ ഉദ്ദേ
ശിച്ചിടിക്കിലേക്കെഴുന്നെള്ളത്തു തുടരാം. ഇതു കേട്ട
പെരുമാൾ വാളും കുടയും ഉത്തരദിക്കിലേക്കു തിരി
പ്പാനാജ്ഞാപിച്ചു; പടയാളികളുടെ ആർപ്പുവിളി
യോടും മുരജാരവത്തോടും മണിദിപശ്രേണിയോടും
കൊടിക്കൂറകളോടും മാറലക്ക മരണവേദനയുണ്ടാ
ക്കുന്ന മഹാസേനയോടും അഞ്ചംഗങ്ങളോടും എട്ട
സഹായങ്ങളോടും രാജസ്ഥാനത്തിന്നുചിതന്മാരാ
യ പുരോഹിതന്മാർ, ഗണകന്മാർ, ധർമ്മാധിപതി
കൾ, തന്ത്രവേദികളെന്നിവരോടും മഹാരാജാവിന്നാ
ശീർവ്വാദം ചെയ്തുകൊണ്ടു പിണ്ഡഭോജിയായ ഭട്ടവ
ർദ്ധനത്തിന്റെ (പട്ടത്താനയുടെ) മുതുകിൽ വാളും മു
ത്തണിപ്പെൺകുടയും കരേറി പുറമതിൽ ചുറ്റി
ലേക്കു നായിച്ചു വള്ളിയറയിൽ പ്രവേശിച്ചു. പടനാ

യകന്മാക്കു ഭോജനം നൽകി; ബഹിർദ്വാരരക്ഷക
ന്മാർ, സാമന്തന്മാർ വന്ന സാവ്വഭൌമനു തിരനൽ
കുവാനുള്ള സമയത്തെ സൂചിപ്പിക്കുന്ന പ്രഭാതമുരജ
ധ്വനി മുഴക്കി. പെരുമാൾ ലോകാനുഗ്രഹത്തിന്നാ
യി പവ്വതാകാരം പൂണ്ടുകൊണ്ട ചന്ദ്രചൂഡന്റെ പ
ദകമലങ്ങളെ പാവനമായ വഞ്ചിമാല പാടി സ്തുതി
ച്ചു. വണങ്ങാത മൂർദ്ധാവുകൊണ്ടു വണങ്ങി വലം
വെച്ചു, വേദജ്ഞന്മാരാൽ നടത്തപ്പെട്ടുന്ന അഗ്നി
ഹോത്രത്തെ നമിച്ചു, പട്ടത്താനക്കഴത്തിൽ കരേറി;
ചിലർ ചെങ്കുട്ടുവപ്പെരുമാൾക്കു വിജയമാശംസിച്ചു;
ചിലർ പെരുമാളെ അനന്തശായിയായ ശ്രീപത്മ
നാഭനെപ്പോലെ വണങ്ങി; ഗംഗാധരനായ ശ്രീപ
രമേശ്വരന്റെ പാദമൂലത്തിൽ വെച്ചിരുന്ന മണിമ
കുടം സാദരം വാങ്ങി കരത്തിലന്തി പെരുമാൾ
പെരുമയോടെ യാത്രതുടർന്നു; നാടകരംഗങ്ങൾതോ
റും ഉള്ള വേശ്യാസ്ത്രീകൾ കൈകൂപ്പിവണങ്ങി ഭ്രപാ
ലനേയും ഭട്ടവല്ലനത്തേയും വാകപ്പൂവും തുമ്പമലരു
മെടുത്തുരാധിച്ചു; വെൺകൊറ്റക്കുടയയത്തി; സൂ
തമാഗധവൈതാളികന്മാർ വാഴ്ത്തി; ആനപ്പടവീര
ന്മാരും കുതിരപ്പടവീരന്മാരും വിപ്രവയ്യന്മാരും പ്രദ
ക്ഷിണംചെയ്തു; ദാനവന്മാരോടു പൊരുതുവാൻ വാ
സവൻ അമരാവതിയെ വിട്ടുനീങ്ങുന്നവിധം ചെങ്കു
ട്ടുവൻ വഞ്ചിനഗരി വിട്ടുനീങ്ങി; ദണ്ഡും കൊടിയും
പൂണ്ട പടത്തലവന്മാരോടും ഉത്തമാശ്വങ്ങളാൽ ന

യിക്കപ്പെട്ടന്ന തേർപ്പടയോടുംകൂടി കടലോരം വഴി
ക്ക ഗിരിശിഖരങ്ങളെ ശകലീകരിച്ചും ഭൂപൃഷ്ഠത്തെ
പൊടിപെടുത്തുംകൊണ്ടു സന്നാഹത്തോടെ യാത്ര
ചെയ്തു, നീലഗിരിയുടെ വിശാലമായ താഴ്വരയില
ണഞ്ഞു.

അവിടെ ആന കുതിര തേർ കാലാൾ എന്നീ
നാലംഗപ്പടയ്ക്കും ഭിന്നം വരാത്തനിലയിൽ തന്റെ
ചുറ്റും കാവൽകാക്കത്തക്കവണ്ണം കൈനിലയുറപ്പി
ച്ചു; ചെരൻപെരുമാൾ വാരണവീരൻ കഴത്തിൽ
നിന്നിറങ്ങി; തന്നാൽ സുരക്ഷിതയായ വസുമതിയെ
പാദസ്പർശംകൊണ്ടു പരിതുഷ്ടയാക്കി; അവിടെ അ
നേകംപേർ പാദവന്ദനംചെയ്യുന്ന ബഹളം സേനാ
നിനാദത്തോടിടചേർന്നു മാറ്റൊലികൊണ്ടു; ഇതു
കേട്ടു, സപ്തലോകവാസികളായ മുനീന്ദ്രന്മാർ മഹേ
ന്ദ്രനെയെന്നപോലെ ശ്രീമാനായ മഹീമഹേന്ദ്രനെ
സന്ദർശിപ്പാനായി സുരലോകം വിട്ടിറങ്ങി പാശ്ചാ
ത്യഭൂമീന്ദ്രൻ പരിലസിതനായ്വാഴുന്ന ഭൂഭാഗത്തിൽ
ആവിർഭവിക്കയും മന്നവൻ അഭ്യുത്ഥാനപൂർവ്വം അഭി
വന്ദിച്ചു നില്ക്കുകയുംചെയ്തു. മുനികൾ പറഞ്ഞു—"ജ
ടാധാരിയായ ഗിരീശന്റെ കാരുണ്യത്താൽ കീർത്തി
കൈയ്ക്കൊണ്ടു വാഴുന്ന വഞ്ചിഭൂവല്ലഭ! മലയാചല
ത്തിലും ഹിമാചലത്തിലും നിന്റെ ആജ്ഞാശക്തി
നിലകൊള്ളുന്നതിനാൽ അവിടത്തെ നിവാസികളാ
യ വൈദികബ്രാഹ്മണരെ കാത്തുരക്ഷിക്കേണ്ടതു നി

ന്റെ കടമയാകുന്നു" എന്നു ഭരമേല്പിച്ചു വാഴ്ത്തി ആശീർവ്വദിച്ചു മറഞ്ഞുപോയി.

പിന്നെ കൊങ്കണദേശത്തിലുള്ള നാടന്മാരും, കന്നടദേശത്തുള്ള കരുനാടന്മാരും, തങ്ങടെ കുലക്രമാനുരൂപങ്ങളായി ഇരുണ്ടുചുരുണ്ട കുറുനിരകളോടും മധുവോലുന്ന നറുംപൂന്തുമലർ മാലകളോടും തരളമുക്താഹാരപരിലസിതങ്ങളായ പൃഥുലകുചഭാരങ്ങളോടും കയലൊളിതിരളുന്ന കണ്ണിണകളോടുംകൂടിയ കാമിനികളോടു, കുയിലുകളുടെ കലനാദവും മധുകരങ്ങളുടെ മധുരാലാപവും പ്രസൂനസമ്പത്തിയും വിലസുന്ന വസന്തസമയം കഴിഞ്ഞിട്ടും വിയുക്തരായ പ്രാണനായകന്മാർ വരാഞ്ഞതിനാൽ നാരീമണികളുടെ പാണിവരിക്കുത്തു നടത്തുവാൻ പറകയും അവർ കോലംകെട്ടി, കാലംനോക്കി,

കുറച്ചിന്ത്.

1 ഘോരമാമിടിനിനാദം പാരിടംമുഴക്കി
വാരിവാഹവ്യൂഹംവേഗാൽ സഞ്ചരിച്ചീടുന്നു
2 കാരിയം സാധിച്ചുകാന്തർ ദൂരദേശംവിട്ടു
ദാരസക്തന്മാരായ്തേരിലേറി വന്നീടുന്നോ?

എന്നിങ്ങനെ കുരവ പാടുകയും അവരോടൊന്നിച്ചു കുടകരും വന്നു രാജാവിനെ വാഴ്ത്തുകയും ചെയ്തു. പിന്നെ നാട്ട്യാചാര്യന്റെ ഉപദേശപ്രകാരം എല്ലാവരും രാജാവിനാൽ സമ്മാനിക്കപ്പെട്ടു. അ

പ്പോൾ രാജസന്നിധിയിൽ അമ്പത്തിരണ്ടു നാടക വേശ്യകളും ഇരുനൂറൊട്ട തിത്തിക്കാരും തൊണ്ണൂറാറുവക പാഷണ്ഡന്മാരും നൂറുവിട്ടുഷകന്മാരും നൂറു തേരും അഞ്ഞൂറു കുലയാനകളും പതിനായിരം കുതിരയും സഞ്ജയൻ മുതലായി തലപ്പാവുകെട്ടിയ ആയിരം കഞ്ചുകിപ്രവരന്മാരും ദ്വാരപാലന്മാരുടെ നിലയിൽ നടയിൽ വന്നുകൂടി; വേശ്യകളും മറ്റു ജനങ്ങളും തിത്തിക്കാരും സഞ്ജയനോടുകൂടെ ഘോഷയാത്രകൂവാൻ കല്പിച്ചപ്രകാരം സഞ്ജയൻ തിരുമുമ്പിൽ ചെന്നു പലവുരുവണങ്ങി മുൻപറഞ്ഞ അമ്പത്തിരണ്ടു വേശ്യകളെയും മറ്റുള്ള ആജ്ഞാകരന്മാരെയും ചൂണ്ടിക്കാണിച്ച്, "എപ്പോഴും വിട്ടുപിരിയാതെ സേവിച്ചുവരുന്ന കന്നന്മാർ (ആയ്മന്നവന്മാർ) നൂറുപേരോടും മറ്റു പരിവാരങ്ങളോടുമൊരുമിച്ചു തിരുമേനി ഉത്തരദേശത്തിലേക്കെഴുന്നള്ളുന്നതു ദേവിയുടെ ബിംബംപണിക്കുള്ള ശില കൊണ്ടുവരേണ്ടതിന്നാകയാൽ ഹിമാലയത്തിൽനിന്നു ശിലയെടുത്തു ഗംഗയിൽ നീരാടിച്ചുകൊണ്ടുവരേണം" എന്നു പറഞ്ഞു. പെരുമാൾ, "ബാലകുമരന്റെ മക്കളായ കനകനും വിജയനും മറ്റു മന്നരോടുകൂടി തമിഴരചന്മാരുടെ പ്രഭാവമറിയാതെ അവരെ ധിക്കരിച്ചു പറഞ്ഞതായറിഞ്ഞു ചീറമുമ്മൊണ്ടിയലുന്ന നമ്മുടെ ഈ സൈന്യം പോകുന്നത് അവിടെയുള്ള കന്ന

ന്മാരായ നൂറുവക്കു സഹായമായിത്തീരും" എന്നു കല്പിച്ചു ഗംഗാനദി കടക്കുവാൻ തക്കവണ്ണം പടവു കളും ധാരാളം ശേഖരിപ്പാനാജ്ഞാപിച്ചു.

ഇതു കേട്ടു സഞ്ജയൻ പോയതിന്നുശേഷം ദൃഢപ്രതിജ്ഞന്മാരായ ആയിരം കഞ്ചുകികളും ദക്ഷിണദേശാധിപന്മാർ കപ്പംകൊടുത്ത ചന്ദനമുട്ടികളും നീരോട്ടമുള്ള മുത്തുകളും തിരുമുഖംമേനോന്മാരുടെ കയ്യിൽ കൊടുക്കയും അവയെല്ലാം അവർ വാങ്ങിക്കെട്ടി മുദ്രവെച്ചു റിപ്പോർട്ടോടുകൂടി രാജസന്നിധിയിലേക്കയയ്ക്കയും ചെയ്തു. പിന്നെ സാമന്തഭൂപന്മാരാൽ പരിവൃതനായി കൈനിലയിൽ നിന്നെഴുന്നള്ളി ഗംഗാതീരം പ്രാപിച്ച പെരുമാൾ കന്നന്മാരാൽ സജ്ജീകരിക്കപ്പെട്ട ഓടം കരേറി ഉത്തരതീരം പ്രാപിച്ചു; അവിടെ തദ്ദേശീയരാൽ യഥായോഗ്യം എതിരേല്പുപ്പെട്ടതിന്നുശേഷം അവിടംവിട്ടു ജലദുർഗ്ഗത്താൽ സുരക്ഷിതമായ ഉത്തരദേശത്തിന്റെ സീമയിലുള്ള ശത്രുപുരത്തെ ബലസമ്പത്തിയോടുകൂടെ ഉപരോധിച്ചു; അപ്പോൾ കനകവിജയന്മാരുടെ മിത്രങ്ങളായ ഉത്തരൻ, വിചിത്രൻ, രുദ്രൻ, ശേഖരൻ, ഭൈരവൻ, സിംഹൻ, തന്ത്രൻ എന്നീ വടക്കൻ മന്നരെല്ലാം, "തമിഴരുടെ പരാക്രമം കാണേണം" എന്നു കരുതി കനകവിജയന്മാരുടെ പടയോടുകൂടി നേരിടുകയാൽ വേട്ടയിലിളകിപ്പുറപ്പെട്ട സിംഹം

ശപാക്കളെക്കണ്ടു കൌതുകത്തോടെ പാഞ്ഞവിധത്തിലണഞ്ഞ പെരുമാളോടു, പല രാജാക്കന്മാരും വന്നു നേരിട്ടു; സൂര്യപ്രകാശമിയന്ന കൊടികൾ നിരന്നു; ഇടിനിനാദംപോലെ മുരജാദിവാദ്യങ്ങൾ മുഴങ്ങി; മരണമടയുന്നവരുടെ കൊടുങ്കുരൽ മേഘധ്വനിപോലെ നഭസ്സിൽ മാറ്റൊലികൊണ്ടു; വില്ലെടുത്തവരും, വേലെടുത്തവരും, രഥാരൂഢന്മാരും, ഗജാരൂഢന്മാരും, അശ്വാരൂഢന്മാരും ഭ്രമണപൊങ്ങി പറന്നുചെന്നു പറ്റിയതിനാൽ ഭാരമടഞ്ഞു നിശ്ശബ്ദമായ്ത്തീന്നിരിക്കുന്ന ആനക്കഴുത്തിലെ മണിയും, വീരശംഖവും; ഉടലും തലയും മുറിഞ്ഞു വേർപെട്ട വില്ലാളികളുടെ ഉടൽ തുടിക്കുന്നതും വെട്ടേറു മുറിഞ്ഞുവീണ ഉടൽ, പിശാചങ്ങളുടെ താളത്തിന്നനുസരിച്ചു തുള്ളുന്നതും ശവത്തിൽനിന്നൊഴുകുന്ന രക്തത്തിൽ പേകൾ കൂട്ടമായി കുത്താടുന്നതും തേർപടയോടുകൂടിയ ആയ്മന്നവന്മാർ വീരഭടന്മാരെ കൊന്നു പോക്കളം നിറയ്ക്കുന്നതും ആനയും തേരും കുതിരയും നശിക്കുന്നതും കാണുമാറായി. വൃഷധ്വജനായ രുദ്രൻ ഒരു ദിനംകൊണ്ടു ജീവജാലമെല്ലാമൊടുക്കുംപോലെ ആയ്മന്നവന്മാക്കെല്ലാം അന്തംവരത്തക്കവണ്ണം അടക്കളത്തിൽ കൊല നടത്തിയ ചേരമന്നവന്റെ അസഹ്യമായ ആയുധപ്രയോഗത്താൽ മുന്നം വായടക്കമില്ലായ്കയാൽ തമിഴ

രചന്മാരെയുദ്ദേശിച്ചു ധിക്കാരവാക്കുകളും പറഞ്ഞ ഭു
ജബലശാലികളായ കനകനും വിജയനും രഥാരൂ
ഢന്മാരായ അമ്പത്തിരണ്ടു രാജാക്കന്മാരോടുകൂടി
ചേരന്റെ കൊടുങ്കോപമാകുന്ന വലയിലകപ്പെട്ടു;
മറുള്ളവർ ജടാധാരികളും, കാഷായധാരികളും, ഭ
സ്മധാരികളും, പീലിക്കെട്ടെടുത്തവർ, ഗായകന്മാർ,
തംബൂരെടുത്തവർ, നടന്മാരെന്നിങ്ങനെ ഓരോ വേ
ഷംധരിച്ചു നിരായുധന്മാരായി പല വഴിക്കും മാഞ്ഞു
മണ്ടി സ്വസ്ഥാനങ്ങളിൽ ചെന്നുചേർന്നു. ഇങ്ങനെ
ഭയാനകമായ ആയോധനത്തിന്റെ പരിസമാപ്തി
യിൽ പിശാചഗണം വിശ്വംഭരന്റെ ക്ഷീരാബ്ധിമഥ
നത്തേയും രാവണസംഹാരത്തേയും മറും വാഴ്ത്തി
പാടിയാടി യത്രേച്ഛം രക്തമാംസങ്ങൾ ഭുജിച്ചു സം
തൃപ്തരായി ധർമ്മിഷ്ഠനായ വഞ്ചിമന്നവനെ പുകഴ്ത്തി;
അതിന്നുശേഷം പെരുമാൾ മന്ത്രിയായ വില്ലവൻ
കോതയെ ഏതാനും സേനയോടും കൂടെ അയച്ചു
ഹേമകൂടത്തിൽനിന്നു വിഗ്രഹത്തിന്നുള്ള ശില വരു
ത്തുകയും ചെയ്തു.

—:*:—

ഇരുപത്തേഴാം ഗാഥ.

നീരാട്ടം.

വാനിലുലാവും മഹിമകലർന്ന മഹനീയമായ ഹിമാചലത്തിൽനിന്ന സതീദേവതയായ കണ്ണകിയുടെ ബിംബനിർമ്മാണത്തിള്ള ശിലയെടുത്തതിന്നശേഷം അതിനെ ഉഗ്രശാസനനായ തന്റെ മുമ്പാകെ നരപാലോചിതവേഷംപൂണ്ട കനകവിജയന്മാരുടെ മിന്നിത്തിളങ്ങുന്ന മകുടങ്ങളിൽ ചുമപ്പിച്ചു നടത്തി; തമിഴരചന്റെ പൌരുഷമറിയാത്ത വിചാരമൂഢന്മാരായ ആര്യ്യമന്നവന്മാരെ അളവില്ലാതെ ഹനിച്ചു, കൃതാന്തന്റെ തൊഴിൽ വഹിപ്പിച്ച ചെങ്കുട്ടുവന്റെ പോക്കളത്തിൽ വന്നിട്ടുള്ള മരണക്കണക്ക്, ലോകത്തിൽ മുൻനടന്ന യുദ്ധങ്ങൾ എത്ര കാലത്തോളം നടന്നുവെന്ന സംവത്സരമാസദിനഘടികകളെ കണക്കെടുത്തു തോതുപ്രകാരം നോക്കുന്നതായാൽ * ഒരു പകലിൽമാത്രം നടന്ന ചെങ്കുട്ടുവന്റെ അടക്കളത്തിലുണ്ടായ മരണം മറുള്ളതിലു

---

* ദേവാസുരയുദ്ധം പതിനെട്ടു സംവത്സരവും രാമായണയുദ്ധം പതിനെട്ടു മാസവും മഹാഭാരതയുദ്ധം പതിനെട്ടു ദിവസവും കനകവിജയന്മാരോടുള്ള ചെങ്കുട്ടുവന്റെ യുദ്ധം പതിനെട്ടു നാഴികയുമാണ നടന്നതു്.

ണ്ടായ മരണത്തിന്റെ തോതനുസരിച്ച് ഒമ്പതിരട്ടിയായിരുന്നു. ഇങ്ങനെ ജയലക്ഷ്മീപരിലാളിതനായ ചേരൻ, രണരംഗം വിട്ടു വീര്യാതിശയംപൂണ്ട തന്റെ സേനയോടുകൂടി ഗംഗാതീരത്തിൽ വന്നു ചേർന്നു.

അവിടെ ദേവിയുടെ പ്രതിമയെ ആഗമവേദികളെക്കൊണ്ടു വിധിപൂർവകം ജലസ്ഥാപനം ചെയ്യിച്ച് ഉത്തമമായ ക്ഷേത്രവും മണിമയങ്ങളായ മണ്ഡപങ്ങളും പൊന്മയമായ രംഗവും വിചിത്രമായ പൂപ്പന്തലും വിശാലമായ ധർമ്മസത്രവും പരന്ന പൂഞ്ചോലയും താമരപ്പൊയ്കയും ആയിരിക്കാൽ മണ്ഡപവും മേന്മകോലുന്ന മന്നവന്മാർക്കുചിതങ്ങളായ മറ്റു പലതും ആയ്മമന്നവന്മാരാൽ രചിക്കപ്പെട്ട വിലസുന്ന ദക്ഷിണതീരത്തു വിശാലമായ മൈതാനത്തിൽ വിചിത്രകോരമായ്നിർമ്മിച്ച കൈനിലയിൽകൽ പെരുമാളെഴുന്നെള്ളിയിരുന്നു. ജീവിതത്തെ ഗണിക്കാതെ സുരസുന്ദരികളുടെ വരണമാലയെത്തന്നെ വാങ്ങിച്ചു സമരാങ്കണത്തിലിറങ്ങി ഉടലും തലയും പേർപെട്ട ഭയനീയമാംവണ്ണം തങ്ങടെ അസിപ്രയോഗം നിറവേറ്റി മരണംപ്രാപിച്ചവരും കൺ കുഴിഞ്ഞുള്ള പിശാചങ്ങൾ കൂത്താടി രസിക്കത്തക്കവണ്ണം വാളും പിടിച്ചു മരിച്ചുകിടക്കുന്നവരും തങ്ങടെ പരിവാരങ്ങളോടുകൂടി മരണമടഞ്ഞ ഭീമകായന്മാരായ

വീരന്മാരും എതുപൊരുത വീരരെ വാളോടും കൊ
ന്നുവീഴ്ത്തി അവരുടെ മാല തങ്ങടെ മുടിയിൽ ചൂടി
യ യോധന്മാരും രഥത്തിൽനിന്നു വീണു രക്തംപു
രണ്ടു കിടക്കുന്നവരും മഹിമകലരുന്ന മണിമുടിയ
ണിഞ്ഞു കണ്ണും തുറിച്ചു പോക്കളത്തിൽ വീണുകിട
ക്കുന്നവരും പൊടിപുരണ്ടു മങ്ങിയ കവചംപൂണ്ടു നി
റംകലന്ന ചോരയണിഞ്ഞു കിടക്കുന്നവരും വീരസ
ർഗ്ഗംപ്രാപിച്ച വിബുധവരസുന്ദരികളുടെ വരണമാ
ല കൈയ്ക്കൊണ്ടു വാഴുകയും ചെയ്തു.

ഇങ്ങനെ ചെങ്കുട്ടുവപ്പെരുമാൻ ജാഹ്നവിയുടെ
ദക്ഷിണതീരത്തിൽ സേനാനിവേശം ചെയ്തിരുന്നരുളു
മ്പോൾ ഗംഗാസ്നാനം കഴിഞ്ഞു ശുദ്ധനായി തിരുമ
മ്പാകെവന്ന മാടലൻ എന്ന ബ്രാഹ്മണൻ പറഞ്ഞു
—മഹാരാജാവു ജയിച്ചാലും; കണ്ണകീദേവിയുടെ ശി
ലാപ്രതിമ ചുമപ്പിച്ച കനകവിജയന്മാരുടെ മണിമു
ടികളെ ഞെരുക്കി വാരിധിവേലാവലയമാകുന്ന വസു
മതിയെയടക്കി കാത്തുകൊള്ളുന്ന ഭൂപാലരത്നമേ! ചി
രകാലം വാഴുക.

പെരുമാൾ—ബ്രാഹ്മണ! വൈരിഭൂപാലന്മാർ പല
രും അറിഞ്ഞിട്ടില്ലാത്ത ഹാസ്യജനകമായ വൃത്താ
ന്തമാണു ഭവാൻ പറഞ്ഞത്; അങ്ങുന്നിവിടെ പ
റഞ്ഞതിന്റെ താല്പര്യമെന്ത്?

ബ്രാഹ്മണൻ—കടൽപ്പൂരച്ചോലയിൽ കളിയാടി രമി

ച്ചിരിക്കുമ്പോൾ മഹിളാമണിയായ മാധവി വരി
പ്പാട്ട പാടുകയും വിധിവിപാകത്താൽ പാട്ടിലു
ള്ള ആശയത്തെ അന്യഥാ ശങ്കിക്കയും മാധവി
യെ പിരിഞ്ഞു കുലവധുവോടുംകൂടി പുരാതനപുര
മായ മധുരയെ പ്രാപിച്ച രാജകല്പനയാൽ കൊ
ലയേല്ക്കുകയും ചെയ്ത കോവലന്റെ പത്നി തിരു
മേനിയുടെ നാട്ടിൽ വന്നു; പിന്നെ ഉത്തരദേശാ
ധിപന്മാരുടെ അണിമുടിയെ ആരോഹണംചെ
യ്ത. ഇനി ഞാൻ ഇവിടെ വന്ന കാരണവും കേ
ട്ടുകൊൾകെ. അഗസ്ത്യമാമുനിയുടെ ആവാസമാ
യ പൊതിയമലയെ പ്രദക്ഷിണംചെയ്ത കുമാരീ
മഹാതീർത്ഥമാടി വരുംവഴിക്കു കമ്മദോഷത്താൽ
കേളികേട്ട പാണ്ഡ്യഭൂപന്റെ തലസ്ഥാനപട്ടണ
മായ മധുരയിൽ ചെന്നു; ആ വീരമന്നൻ ചില
മ്പിന്റെ നിമിത്തം കണ്ണകിയാൽ ലോകാന്തരം
നയിക്കപ്പെട്ടതും ആയർപാടിയിൽ മാതരി വൃ
ഷഭകോഷ്ഠത്തിൽ ചെന്നു, "ഗോപന്മാരെ! കോ
വലൻ നിരപരാധിയാണ്; പാണ്ടിയന്നു പിഴ
വന്നു; രാജാംഗത്തിന്നും ചെങ്കോലിന്നും ഊനം
പറ്റി." എന്നു പറഞ്ഞു സന്താപം സഹിക്കവ
യ്യാതെ അഗ്നിപ്രവേശം ചെയ്തതും തപോധന
യായ കവുന്തിയടികൾ കോപിച്ചതും ആജ്ഞാ
ശക്തി മികച്ച പാണ്ടിപ്പെരുമാളുടെ മരണ

ത്താൽ പെരുംദേവി പ്രായോപവേശംചെയ്യ പ
രലോകം പ്രാപിച്ചതും പിന്നീട മധുരയിൽ നട
ന്ന സംഭവങ്ങളെല്ലാം ചോഴരാജധാനിയായ കാ
വിരിട്ടണത്തിലുള്ള പ്രമാണികളെ ഞാൻ ഒന്നൊ
ഴിയാതെ അറിവിച്ചതും തന്റെ പുത്രനും സ്നുഷ
യ്ക്കും പാണ്ടിയനും നേരിട്ട വിപത്തിനെ കേട്ട
കോവലന്റെ പിതാവായ മാശാത്തുവാൻ ആ
ധിജലധിയിൽ മുഴകി തന്റെ അപരിമിതമായ
സമ്പത്തു മുഴവനും അർഹികൾക്കായി കൊട
ത്ത് ഇന്ദ്രവിഹാരങ്ങൾ (ഇന്ദ്രനാൽ ഭൂലോക
ത്തിൽ നിർമ്മിക്കപ്പെട്ട ബുദ്ധദേവായതനങ്ങൾ)
എഴിനേയും സന്ദർശിച്ച് ആകാശചാരികൾ മുന്നാ
റു പേർക്ക് മുമ്പു ഭവിച്ചതുപോലെ ശരീരധാരണമാ
കുന്ന ജനനമില്ലാതാകത്തക്കവണ്ണം മുനികളുടെ
സന്നിധിയിൽ ചെന്നു സന്ന്യാസം കൈക്കൊണ്ട
തും അവന്റെ ഭാര്യയായ പെരുമകൾ പുത്രദുഃ
ഖാർത്തയായി ദേഹത്യാഗംചെയ്തതും കണ്ണകിയു
ടെ ജനകൻ ദിവ്യരൂപം ലഭിച്ചു തപോധനന്മാ
രായ ആജീവകന്മാരുടെ മുമ്പിൽ ചെന്നു സൽ
ക്കർമ്മങ്ങൾ ചെയ്തു സുകൃതം സമ്പാദിച്ചതും അവ
ന്റെ പത്നി ജീവത്യാഗംചെയ്തതുമെല്ലാം കേട്ട
തന്റെ പുത്രിയായ മണിമേഖലയ്ക്ക് അതിയായ
ദുഃഖത്തിനു കാരണമായ്തീർന്ന വേശ്യകളുടെ

വേഷം കാണ്മാനിടകൊടുക്കരുതെന്നു കരുതി മാധവി തന്റെ മാതാവിനെ ഭരമേല്പിച്ചു മണ്ഡനമെല്ലാമുപേക്ഷിച്ചു ബുദ്ധധർമ്മം കൈക്കൊണ്ടതും എന്റെ മുഖത്തിൽനിന്നു കേട്ടതിനാൽ ചിലർ മരണമടയുവാനിടയായതുമൂലം ആ പാപശാന്തിക്കായി ഞാൻ ഗംഗാസ്നാനം കഴിച്ചു വന്നതാണ്'.

പെരുമാൾ—പാണ്ഡ്യഭൂപന്റെ നിര്യാണത്തിനുശേഷം ആ നാട്ടിന്റെ ഭരണം ഏതു നിലയിലിരിക്കുന്നു?

മാടലൻ—തിരുമേനിയുടെ സ്യാലനായ വളവൻകിള്ളി(ചോഴൻ)യോടു തുല്യന്മാരായ ഒമ്പതു രാജാക്കന്മാർ തന്റെ വാഴ്ചയെ അനുവദിക്കയോ കല്പനയ്ക്കടങ്ങുകയോ ചെയ്യാതെ പാണ്ഡ്യരാജ്യത്തിനു ഭംഗംവരുത്തുവാൻ കെല്പുള്ളവരാകയാൽ അവരെയടക്കി ഇളയ പാണ്ഡ്യഭൂപൻ രാജ്യഭാരം കയ്യേറു. (പാണ്ഡ്യരാജാക്കന്മാരുടെ പഴയ തലസ്ഥാനങ്ങളിൽ ഒന്നായ മധുരയ്ക്കടുത്തുള്ള) കൊക്കയെന്ന നഗരത്തിൽ വാഴുന്ന വെറിവേൽ ചെഴിയൻ പാണ്ഡ്യൻ ഒരു മല വെടിഞ്ഞ പതിവ്രതാദേവിയുടെ പ്രീതിക്കായി ഒരു ദിവസംകൊണ്ട് ആയിരം പൊൻകൊല്ലരെ (തട്ടാന്മാരെ)ബ

ലികഴിച്ചു. ഇതുകൊണ്ട് ആ നാട്ടിന്നു നേരിട്ട തായ വിപത്തു നീങ്ങി ക്ഷേമം ഭവിച്ചു

ഇങ്ങനെ പെരുമാൾ മാടലൻ പറഞ്ഞ സംഭവങ്ങളെല്ലാം കേട്ടുകൊണ്ടിരിക്കവേ അരിയക്കൂരിലും അവനീമണ്ഡലമശേഷം വിഴുങ്ങി; ദിനാന്തത്തിൽ പൊങ്ങിപ്പടർന്ന സായന്തനാഗ്നി ദിങ്മുഖങ്ങളെ വിദ്യോതിപ്പിച്ചു; ചെന്മാനത്തിൽ വെണ്മതിയുയർന്നു; വെണ്ണിലാവെങ്ങും പരന്നു; പെരുമാൾ സായന്തനകൃത്യങ്ങളെല്ലാം നിറവേറി പള്ളിയറയിലേക്കെഴുന്നെള്ളി.

പിറ്റെന്നു പുലർകാലെ മണിമയസ്തംഭങ്ങളും മനോജ്ഞമായ വിതാനവും ചേർന്ന വിചിത്രമണ്ഡപത്തിൽ സൌവർണ്ണസിംഹാസനാരൂഢനായി വിളങ്ങുന്ന ചേരഭൂപാലൻ വേദജ്ഞന്മാരെ വരുത്തി തന്റെ ഒരു തുലാഭാരം നടത്തിച്ചു. അതിൽ തനിക്കുതുല്യം തൂങ്ങിയ അമ്പതു തുലാം സ്വർണ്ണം മാടലന്നു ദാനംചെയ്തു; സ്വപക്ഷപാതികളായ്നില്ക്കുന്ന ആയ്മന്നവന്മാർ ഇരുപതുപേരേയും അവരവരുടെ ആവാസങ്ങളിലേക്കയച്ചു; തമിഴരചന്മാരുടെ പ്രതാപമറിയാതെ ഡംഭംനിമിത്തം അവരെ അധിക്ഷേപിച്ചവരും തന്നാൽ ജയിക്കപ്പെട്ടവരുമായ കനകനേയും വിജയനേയും കൊണ്ടുചെന്നു ചോഴരാജാവിന്നും

പാണ്ഡ്യരാജാവിന്നും കാട്ടിക്കൊടുപ്പാനായി നീലൻ മുതലായ ചാരന്മാരെ ഭരമേല്പിച്ചു.

പിറെറന്നാൾ ഗംഗാതീരത്തുള്ള വയലുകളിൽ തഴച്ചുനില്ക്കുന്ന താമരക്കൂട്ടങ്ങളിലെല്ലാം തെണ്ടിനടക്കുന്ന വരിവണ്ടിനങ്ങളുടെ വീണാനിനാദനിഭമായ നിസ്വനം മുഴങ്ങി; ബാലദിവാകരൻ വിസ്തൃതരങ്ങളായ കിരണങ്ങളോടുകൂടി പൂർവ്വപർവ്വതശിഖരാരൂഢനായി പരിലസിച്ചു; അത്യുന്നതമായ മണിമേടയിൽ വിചിത്രങ്ങളായ ശില്പങ്ങളാലും മുക്താസരങ്ങളാലും വിഭൂഷിതമായ പള്ളിയറയിൽ നവരത്നഖചിതമായ കാഞ്ചനമഞ്ചത്തിൽ നിദ്രാവശനായിരുന്ന ചെങ്കുട്ടുവപ്പെരുമാളെ വന്ദിവൃന്ദം കാലോചിതങ്ങളായ മഞ്ജുളഗാനങ്ങളാൽ പ്രബോധിപ്പിച്ചു; പ്രഭാതകൃത്യങ്ങളെല്ലാം നിർവേറിയതിന്നുശേഷം പരിവാരസമേതം ദക്ഷിണാഭിമുഖമായി യാത്ര തുടർന്നു. എഴുന്നെള്ളത്തു പോകുന്ന മാർഗ്ഗത്തിൽ യാത്ര നിർവ്വിഘ്നവും വിജയകരവുമായ്ഭവിക്കേണമെന്നു പ്രാർത്ഥിച്ചുംകൊണ്ടു മലക്കുറത്തികൾ കുറുഞ്ഞിപ്പാണിപാടി; ഏറുകൾ പൂട്ടിയുഴവു നടത്തുന്ന വേളാളരുടെ ഉഴപ്പാട്ടു മാറൊലികൊണ്ടു; ഗ്രാമീണർ വർണ്ണപ്പൊടിയും സുഗന്ധചൂർണ്ണവും മലരും വർഷിച്ചു രാജഭക്തിയെ പ്രകാശിപ്പിക്കയാൽ ആകാശം ഇന്ദ്രചാ

പംകൊണ്ടെന്നപോലെ പ്രകാശിച്ചു; ഇടച്ചേരിയിൽ, കൂടമയിൽ താമരപ്പൂചൂടി പൂത്തുനില്ക്കുന്ന കൈതമരക്കൊമ്പുകളിലിരുന്ന ഗോപന്മാർ, "വില്ലാളിവീരനായ ചേരമന്നവൻ വന്നുകഴിഞ്ഞു; വാനോട്ട മുട്ടുന്ന മഞ്ഞുമാമലയിൽനിന്നു കൊണ്ടുവന്നിരിക്കുന്ന തിരുമേനിയുടെ പൈക്കുട്ടത്തെ നീരിലിറക്കുക." എന്നു പറഞ്ഞ് അവയെ കൂളിപ്പിച്ചു രാജസേവയ്ക്കായി കാഹളധ്വനി മുഴക്കി; വേഗമേറിയ വരവാരണത്തിൻകഴുത്തിൽ മഹിഷിസമേതനായെഴുന്നരുളി മാർഗ്ഗമദ്ധ്യത്തിലുള്ള നാനാദേശങ്ങളുടേയും ധനധാന്യാദി സമ്പൽസമൃദ്ധിയെ അനേപഷിച്ചറിഞ്ഞും യഥാസൌകര്യം അവിടവിടെ തങ്ങിയും യാത്രചെയ്തു വഞ്ചിനഗരസീമാന്തത്തിൽ വന്നണഞ്ഞു. അവിടെ ആഴിക്കരയിൽ വിശാലമായ മണപ്പുറത്തു നാട്യവിശുദ്ധകളായ നാരീമണികൾ സർവ്വാഭരണവിഭൂഷിതകളായി വലമ്പിരിശംഖത്തിൽനിന്നുദയമായ മുത്തുകൾ നിറച്ച സപ്തസ്വരതാലങ്ങൾ കയ്യിലേന്തി നാനാരൂപങ്ങളായ നൃത്തഗീതപ്രയോഗങ്ങളോടുകൂടി വഞ്ചിഭൂവല്ലഭനേയും മഹാരാജ്ഞിയേയും എതിരേറ്റു ദേശീയഗാനം പാടിക്കൊണ്ടു വഞ്ചിമഹാരാജധാനിയെ പ്രാപിക്കുകയും, രാജാവും രാജ്ഞിയും ആനക്കഴുത്തിൽ നിന്നിറങ്ങി രാജമന്ദിരം പ്രാപിക്കുകയും ചെയ്തു.

ഇരുപത്തെട്ടാം ഗാഥ.

ബിംബപ്രതിഷ്ഠ.

വെണ്മതിക്കൊത്ത പൊന്മയമായ വെൺകൊറ്റക്കുടയുടെ നിഴലിൽ മന്നിടം പാലിച്ച വീരവാളേന്തിയ ചേരൻ പെരുമാളുടെ, പല പൊരുളും സമൃദ്ധമായ്നിളഞ്ഞു ലക്ഷ്മീവിലാസമിണങ്ങി പുരാതനമായ വഞ്ചിനഗരത്തിലുള്ള തരുണീമണികൾ പ്രതിനിവൃത്തനായ മന്നവന്റെ മുഖ്യാവിൽ മലർത്തുകിമണിവിളക്കിനാൽ നീരാജനംചെയ്ത വാഴ്ത്തി. ദിവാകരൻ ചരമാംബുരാശിയിൽ മറഞ്ഞു; സജ്ജനത്തിന്നും ആദരണീയമായ സന്ധ്യാകാലം വന്നണഞ്ഞു. ഗഗനമരിൽ ആനക്കൊമ്പു തറച്ചും പേലോറും അമ്പുകൊണ്ടും വാഠം പതിച്ചും പുണ്ണായിരിക്കുന്ന നമ്മുടെ മാറിടത്തിലും പഞ്ചബാണൻമാറു മയങ്ങത്തക്കവണ്ണം പോർമുല ഞെരുകി കാമാതുരകളായ കാമിനികളുടെ അകിൽമണം വീശുന്ന കുന്തലാകുന്ന കരിമുകിലിനോട് ചേർന്ന് ചന്ദ്രബിംബത്തിലുള്ള കരുവില്ലിൻകീഴെ മകരദ്ധ്വജന്റെ മലർബാണം തൂരുന്ന ചിതറിപ്പറന്നതായ കടക്കണ്ണാകുന്ന സന്ദേശം അരുന്ധതിയുടെ ഭർത്തൃമാരായി കൈനിലയിലിരിക്കുന്ന നമുക്ക് ആമയജനകമായിരുന്നുവെ

ക്കിലും, ഇന്നു വഞ്ചിയിൽ ഈ സായങ്കാലത്തിൽ അതു തന്നെ ആമയഘരമായും ഭവിച്ചു" എന്നു യുവഭടന്മാർ ശ്ലാഘിച്ചു. കമനീമണികൾ പുഞ്ചിരിപ്പൂനിലാവിയന്നും കയല്ലുണ്ണിണകൊണ്ടു കടാക്ഷിച്ചും മാന്തളിർമേനിചേത്തു കാമുകന്മാരെ പുണരുന്നു; പ്രിയജനസംഗംമൂലം വികലങ്ങളായ തിലകാളകകേശാദ്യങ്ങളോടുകൂടിയ മേനി കണ്ണാടിയിൽ നോക്കിക്കാണുന്നു; നടീജനം അത്ഥഗർഭങ്ങളായ ഗീതങ്ങളെ ശ്രുതിമധുരമാംവണ്ണം വീണയിൽ പാടി യുവാക്കളെ ആനന്ദിപ്പിക്കുന്നു; രാജേന്ദ്രനായ ചെങ്കുട്ടുവനേറ വദനംപോലെ നിഖിലജനവന്ദ്യനായ കുളൂർമതി വഞ്ചിനഗരിയിൽ പരിലസിച്ചു; യുവതികളും യുവാക്കളും വഴിമൊഴികളതിലംഘിക്കാതെ നടക്കത്തക്കവണ്ണം പഞ്ചശരഭ്രപാലൻ ചെങ്കോൽ ചെലുത്തി വാണിരുന്ന വെണ്ണിലാമുറ്റവും, പൂമെത്തയും നാടകരംഗവും മലർമണ്ഡപവും മണിമഞ്ചവും വിതാനശാലയും ഹിമകരകരസ്പർശത്തിന്നു പാത്രീഭവിച്ചു. മഹീമണ്ഡലമദ്ധ്യസ്ഥിതമായ മേരുപർവ്വതത്തിനേറ ആകാരമാന്ന പ്രാകാരത്താൽ വലയിതമായ പുരവരത്തിനേറ മദ്ധ്യത്തിൽ ഉത്തുംഗമായ്പരിശോഭിക്കുന്ന സുവർണ്ണസൌധത്തിലുള്ള മണിമയമായ ഒരു രംഗത്തിൽനിന്നു ശ്രീമതിയായ വെണ്മാൾ കൌമുദീവിലാസം കണ്ടാനന്ദിപ്പാൻ വരികയായിരുന്നു.

അപ്പോൾ അബലാജനത്തിന്റെ ഒരു യോഗം കരകമലത്തിൽ മണിദീപയഷ്ടിയുമെടുത്തുകൊണ്ടു രാജ്ഞി ദീഗ്ഘായുഷ്മതിയായിരിപ്പാൻ പ്രാർത്ഥിക്കുന്നു; മറൊരു യോഗം തപ്പും വീണയും പ്രയോഗിച്ചു പലതരം പാട്ടുകൾ പാടുന്നു; വേറൊരുയോഗം കസ്തൂരിക്കുഴമ്പും വെൺചാന്തും വണ്ണപ്പൊടിയും വാസനപ്പൊടിയും പൂമാലകളുമേന്തി നില്ക്കുന്നു; പിന്നൊരു യോഗം പുഷ്പവും ധൂപവും പരിമളച്ചാന്തും കയ്യോണ്ടു പയ്യുകത്തെ ചുറ്റിനിന്നു; ഇനിയൊരു യോഗം കണ്ണാടിയും പുടവയും രത്നാഭരണങ്ങളും വഹിച്ചിരിക്കുന്നു. ഇങ്ങനെ പരിവാരസമേതം പുറപ്പെട്ട രാജ്ഞിയോടൊന്നിച്ചു രാജാവും ചന്ദ്രശാലയെ ആരോഹണംചെയ്തു. അവിടെയിരുന്നുകൊണ്ട്, അടിയിണയണിച്ചിലമ്പൊലിയൊടും കയ്മലരിലിയന്ന പാണിവാദ്യത്തോടും ആരക്തങ്ങളായ ആയിരം നയനങ്ങളുടെ നാനാമുഖങ്ങളായ ലക്ഷ്യങ്ങളോടുകൂടിയും, ചെഞ്ചിട വിരിഞ്ഞു ദിങ്മുഖങ്ങളെ തടവിയും വാമാദ്ധ്രുപിണിയായ ഉമാദേവിയുടെ മണിച്ചിലമ്പൊലിക്കാതെയും കങ്കണമനങ്ങാതെയും അരഞ്ഞാണിളകാതെയും അണിമുലയുലയാതേയും മണികുണ്ഡലമാടാതെയും വാർകുഴലുലയാതെയും മഹാനടനായ ഗിരീശനാടിയ പാണികൊട്ടിയാട്ടംപോലെ നാട്യകലാവിദഗ്ധനായ ഒരു നടനാടിയതു

കണ്ടു കൌതുകലം കൊൾകയും അവിടംവിട്ട് ആ സ്ഥാനമണ്ഡപം പ്രാപിക്കയുംചെയ്തു.

അനന്തരം നീലൻ മുതലായ കഞ്ചുകികളും മാടലനോടുകൂടി തിരുമുമ്പിൽ വന്നു തൊഴുതുണത്തിച്ചു:—സ്വാമിൻ! അടിയങ്ങൾ ചോളദേശത്തിൽ ചെന്നു വജ്രം അവന്തി മഗധം എന്നീ ദേശാധിപന്മാരാൽ ഉപഹരിക്കപ്പെട്ട പൊന്മയമായ മണ്ഡപം തോരണം ഭാരം ഇവയാൽ പ്രശോഭിതമായ വിചിത്രസഭാമണ്ഡപമദ്ധ്യത്തെ അലങ്കരിക്കുന്ന ചോഴമന്നവന്റെ മുമ്പിൽ അമരിൽ പരാജിതന്മാരായ ആയ്മന്നവന്മാരോടുകൂടെ ചെന്നു വന്ദിച്ചു; "നെടുംപോരിൽ പട്ടതയോടെ പൊരുതു പടക്കളത്തിൽ വാളും കൂടയും വെടിഞ്ഞു ചാവാതെ ചത്തൊഴിഞ്ഞവരെ വീണ്ടും ബന്ധനത്തിലാക്കുകയെന്നുള്ളതു് ഒരു വിജയമല്ല" എന്നു് ആ തിരുമേനി സേനാപതികളോടു കല്പിച്ചു. പിന്നെ മധുരാപുരാധിപൻ കാണത്തക്കവണ്ണം ആയ്മന്നവന്മാർ അടക്കളത്തിൽവെച്ചൊഴിഞ്ഞ ശ്വേതച്ഛത്രദണ്ഡം ജയന്തന്റെ സ്ഥാനമായ തലക്കോലാക്കി നാട്ട്യാചാര്യന്റെ കയ്യിൽ പിടിപ്പിച്ചു ആനപ്പുറത്തേറി നടത്തിക്കാണിച്ചു. കയിലാലുവത്തിൽ (ഹിമാദ്രിപ്രാന്തത്തിലുള്ള ഒരു ശിവാലയം) അർദ്ധനാരീശ്വരനായി കുടികൊള്ളുന്ന മഹാദേവനെ വന്ദിച്ചു. "പോ

ക്കളത്തിൽ പ്രവേശിക്കാതെ സർവ്വവും വെടിഞ്ഞു തപോവേഷം പൂണ്ടു പോയ രാജാക്കന്മാരിൽ കടുംചീറ്റം കൊണ്ട മന്നവന്റെ നീതി ഒരു പുതിയ പ്രസ്ഥാനംതന്നെ.'' എന്നു വീരനായ പാണ്ടിയനും പറഞ്ഞു. ഇങ്ങനെ രണ്ടു രാജാക്കന്മാരും പറഞ്ഞതിനെ നീലൻ വിസ്മരിച്ചു തിരുമനസ്സറിയിച്ചു; ചെങ്കുട്ടുവൻ കോപാക്രാന്തനായി; കണ്ണിണകളും കനൽച്ചിതറുംവണ്ണം ചുവന്നു.

മാടലൻ പറഞ്ഞു:—അമേയവീര്യന്മാരായ അനേകം വൈരിഭൂപാലന്മാരെ അടക്കളത്തിൽ അനായാസേന പരാജിതരാക്കി, വീരധർമ്മത്തിനു വിളനിലമായ, ചേരഭൂപാലവംശമുക്താമണേ! അമഷ്ത്തെയടക്കുക: ഭവാന്റെ ആയുഷ്കാലം മണൽത്തരികളുടെ എണ്ണത്തിലും അധികരിച്ചു, നെടുനാളും മഹീമണ്ഡലം പാലിച്ചു വാഴമാറാകട്ടെ. എന്റെ നിവേദനത്തെ ലഘൂകരിക്കാതെ കയ്ക്കൊള്ളേണമെ. മന്നിടം കാക്കുന്ന ഭവാന്റെ തിരുവയസ്സ് അയ്യഞ്ചിന്നിരട്ടി ചെന്നതിൽ പിന്നെയും ദേവയജനാദികൾ ചെയ്യാതെ ആയോധനവൃത്തിയിൽതന്നെ വ്യാപരിക്കയാണല്ലോ. അങ്ങുന്നു കടലിലുളവായ മായക്കടമ്പിനെ മഥിച്ചവനും വില്ലാളിവീരനും ദേവർജ്ഞന്മാരിൽനിന്നു സിദ്ധിച്ച ബോധത്താൽ സച്ഛാദ്ധ്യന്തസ്ഥാനങ്ങളിൽ വിരക്തനും പ്രജകളെ നീതി

നിഷ്ഠയോടെ കാത്തുകൊൾവാൻ തക്ക നീതിജ്ഞന്മാരെ നിയമിച്ച നേതാവും പുകൾപെരുകുന്ന യവനദേശം കാത്തു ക്ഷേമകൂടത്തിൽ പുക്കവനും മഹാസേനയോടുകൂടി ശത്രുപുരത്തെ ആക്രമിച്ചു ദുർഭേദനംചെയ്ത വിക്രമിയും അമരാവതിയിലുള്ള ഭ്രതങ്ങളെ വഞ്ചിനഗരത്തിൽ വരുത്തി മദ്ധ്യബലി നടത്തിയവനും ഒരുവൻ എത്രയും വാഗ്മിയായിരുന്നാലും അവന്റെ ശരീരം ശാശ്വതമല്ലെന്നും ഈ ലോകത്തിൽ ആരിലും ഐശ്വര്യം അസ്ഥിരമാണെന്നും അറിയുന്നവനുമായ അവിടുന്നു തമിഴരചന്മാരെ അധിക്ഷേപിച്ച കുറ്റത്തിന്നു് ആയ്മന്നവന്മാരെ ശിക്ഷിച്ചതു കടുപ്പമല്ലയോ? യൌവനം നിലനില്ക്കുന്നതല്ലെന്നുള്ളതനുഭവമായിരിക്കെ അറിവുള്ളവരോടു പറഞ്ഞറിവിക്കേണ്ടതില്ലല്ലോ. ജരാനരകൾ ഏവനെയും ബാധിക്കുമെന്നുള്ളതു പ്രത്യക്ഷാനുഭവമാണു്.

1 വിണ്ണവക്കൊത്തു വിളങ്ങുന്ന വിഗ്രഹം
മണ്ണോടുമണ്ണായ് മറഞ്ഞുവെന്നംവരാം

2 മാനുഷജന്മവും മാഞ്ഞുപോയ്യിന്നീടു
താനേമൃഗതുല്യം ഗമിച്ചുവെന്നുംവരാം

3 ഓരോജനനമെടുത്തുകൊണ്ടിങ്ങനെ
ഘോരമാംനാരകം പുക്കിതെന്നുംവരാം

4 രംഗത്തിലാടും നടനതുല്യംലോക–
രംഗത്തിലെത്തുന്ന ജീവികളൊക്കവെ

5 ഏകത്രസന്ധിച്ച വേഷംകണക്കിനെ
ആകില്ലതന്യത്ര സന്ധിച്ചുകൊൾകിലോ.

ജീവികൾ തങ്ങടെ കർമ്മത്തിന്നൊത്ത ഗതിയെ പ്രാപിക്കുമെന്നുള്ളതു തത്വദർശികളുടെ മതമാകുന്നു. എഴുമടി * മാറിലണിഞ്ഞ മന്നോർമകുടമേ! നീ അംഗീകരിച്ചിട്ടുള്ള ആജ്ഞാചക്രം തലമുറയ്ക്കുതലമുറ പുകഴ്ന്നു വരുമാറാകട്ടെ. ഇത് എനിക്കുണ്ടാകാവുന്ന ദ്രവ്യലാഭത്തെ ഉദ്ദേശിച്ചു പറയുന്നതല്ലതാനും. ഉത്തമജന്മം ലഭിച്ച പുണ്യാത്മാവിന്റെ ഗതി ലോകത്തിൽ സാധാരണ ജീവികളുടെ ഗതിപോലെ ജനനമരണത്രുപദുഃഖപര്യവസായിയായിത്തീരുകയെന്നുള്ളത് എനിക്കു സഹിക്കാവതല്ല; അതിനാൽ ഭവാൻ അമരന്മാരാൽ അഭിവന്ദ്യനായ്ഭവിപ്പാൻ തക്കതും വേദോക്തപ്രകാരം ക്ഷത്രിയന്നു വിധിച്ചിട്ടുള്ളതുമായ ഒരു മഹായജ്ഞം നടത്തണം. "നാളെച്ചെയ്യാം ധർമ്മമെന്നോർത്തിരുന്നാൽ ചീളന്നിന്നേ മൃത്യു വന്നെന്നുമാവാം" എന്നുള്ള തങ്ങടെ ആയുഷ്കാലത്തെ ഉണർന്നവർ ഉലകിലാരാനുമുണ്ടോ? ധർമ്മപത്നീസമേതരായ നിഖിലനരപാലന്മാരും വന്നു വണങ്ങത്തക്കവണ്ണം മഹീമണ്ഡലമശേഷം നെടുവാൾ വാണിരിപ്പതാക. എന്നിങ്ങനെ മാടലൻമറകളോതിയറിഞ്ഞ തത്വങ്ങളെ ശ്രുവിപ്പിക്കയാൽ മന്നവന്ന് ആത്മബോധവും മനശ്ശാന്തിയും ഉൽഭ്ര

---

* വൈരിഭൂപാലന്മാരെ വെന്ന് അവരുടെ കിരീടങ്ങളാൽ നിർമ്മിക്കപ്പെട്ട ഹാരം.

തമായി; ആഗമങ്ങളോതിയുണർന്ന വിപ്രവയ്ന്മാരെ വരുത്തി മാടലനോതിയവണ്ണം യാഗദീക്ഷയ്ക്കായി ശാന്തിമംഗളം നടത്തുവാനാജ്ഞാപിച്ചു; ആയ്മന്നവന്മാരെ കാരാഗാരത്തിൽനിന്നു മോചിച്ചു; നഗരത്തിന്നുപുറമെയുള്ള കൂർനറുംപൂവാടിയിൽ യാഗശാല നിർമ്മിച്ചു യജ്ഞസമാപ്തി വരുത്തി, പിറെന്നാൾ അവഭൃഥസ്നാനംകഴിച്ചു നഗരത്തിലേക്കെഴുന്നള്ളുവാൻ നിശ്ചയിക്കയും അദ്ധ്വരത്തിന്നായി വന്ന ചേന്നിട്ടുള്ള അവനീപതികളെ യഥായോഗ്യം ഉപചരിപ്പാൻ മന്ത്രിയായ വില്ലവൻകോതയോടും, ബന്ധനാഗാരങ്ങളെ നീക്കം ചെയ്യാനും നഗരത്തിൽ ധർമ്മാഗാരങ്ങളെ നിർമ്മിപ്പാനും കണക്കാളികളോടും ആജ്ഞാപിക്കുകയും ചെയ്തു.

"രാജാക്കന്മാർ വൈകല്യം വരാതെ സ്വധർമ്മം നടത്തി വരുന്നതായാൽ മാത്രമേ നാട്ടിൽ മഹിളാമണികളുടെ പാതിവ്രത്യനിഷ്ഠ നിലനിന്നുവരികയുള്ളൂ." എന്ന പ്രാചീനധർമ്മപ്രമാണത്തിന്നു വിരുദ്ധമായി ധർമ്മത്തിൽ പിഴച്ച പാണ്ഡ്യഭൂപന്റെ നഗരത്തെ പാതിവ്രത്യഹതാശനന്നു പാരണനൽകി രാജ്യത്തിന്നും രാജാവിന്നും വിപത്തു വിളയിച്ചു, നലമിയലും ചേരനാട്ടിൽ വന്ന കൂർമകോലും പൊല്പന്ന മരത്തണലിൽ കുടികൊണ്ട കണ്ണകീദേവിയെ, ധർമ്മസഭാംഗങ്ങളായ ധരണീസുരന്മാർ

പുരോഹിതൻ ഗണകൻ നിപുണന്മാരായ ശില്പി കൾ തുടങ്ങിയുള്ളവരാൽ യഥായോഗ്യം നിർമ്മിക്ക പ്പെട്ട പതിദേവതായതനത്തിൽ അമരർ കൂടികൊ ള്ളുന്ന ഹിമാദ്രിശിഖരത്തിൽനിന്നൊട്ടുത്തു നിപുണ ന്മാരായ ശില്പിവയ്ന്മാരാൽ സവിശേഷം കൈക്രി യ നടത്തി നിർമ്മിക്കപ്പെട്ട പ്രസന്നമായ ദിവ്യവിഗ്ര ഹത്തെ യഥിപൂവ്വം പ്രതിഷ്ഠിപ്പിച്ചു സർവ്വാഭരണങ്ങ ളും ചാർത്തി പുഷ്പാഞ്ജലിചെയ്തു ദിക്പാലരേയും പ്ര തിഷ്ഠിച്ചു നിത്യപൂജാബലിഹോമാദികളും ഉത്സ വങ്ങളും നിയമിച്ചതിന്നശേഷം ഉത്തരദിഗ്വിജയം ചെയ്ത പുകൾപെറിയ ചെങ്കുട്ടുവപ്പെരുമാൾ, "ദേ വി! നിത്യമംഗലപ്രദായിനിയായ്ഭവിക്കേണമെ" എന്നു പ്രാർത്ഥിച്ചു.

ഇരുപത്തൊമ്പതാം ഗാഥ.

പാഠ്യസ്ഥിതി.

കുമാരിമുതൽ ഹിമാലയംവരെയുള്ള മഹീതല ത്തിന്റെ ഏകാധിപത്യം വഹിച്ചു വാണിരുന്ന ചേരലാതനു പുകൾപെറിയ ദിനകരവംശമണിയാ യ ചോളഭൂപാലന്റെ പുത്രി 'ശോണ'യെന്ന രാജ കുമാരിയിൽ ജാതനായ ചെങ്കുട്ടുവൻ ഗംഗാതീരം

വിട്ട വഞ്ചിനഗരത്തിൽ മടങ്ങിവന്ന കോപാകുല നായിരിക്കും കാലം, ആയ്മന്നവന്മാർ ഒരു വിവാ ഹമംഗളത്തിൽ ഒന്നിച്ചുകൂടി തമ്മിലോരോ വിനോ ദങ്ങൾ പറഞ്ഞുകൊണ്ടിരിക്കെ "തമിഴ്നാട്ടരചർ പടവെട്ടി ജയംനേടി ഹിമഗിരിശിഖരത്തിൽ വില സുന്ന ചാപവ്യാഘ്രമീനത്രുപങ്ങളായ മൂന്നു കൊടിയ ടയാളങ്ങളെ സ്ഥാപിച്ചകാലത്തു നമ്മെപ്പോലുള്ള നൃപവീരന്മാരില്ലായിരിക്കാം." എന്ന ഹാസ്യഭാവ ത്തോടെ പറഞ്ഞു. അവിടെ അതുകേട്ടുകൊണ്ടിരു ന്ന താപസന്മാർ വഞ്ചിയിൽവന്ന് ഈ വൃത്താന്ത വും ഹിമാലയമൂർദ്ധാവിൽ ദിവ്യവിഗ്രഹനിർമ്മാണ യോഗ്യമായ രൂപത്തിൽ ഒരു ശില കിടപ്പുണ്ടെന്നു ള്ള വൃത്താന്തവും അറിവിക്കയാൽ വഞ്ചിഭ്രവല്ലഭൻ ആയ്മുദേശാധിപന്മാരെ അമർചെയ്തടക്കി അവരെ ക്കൊണ്ടു വിഗ്രഹശില ചുമപ്പിച്ചു ഗംഗയിൽ ജല സ്ഥാപനം നടത്തി വഞ്ചിയിലേക്കു മടങ്ങി, അരി ശമടക്കി, പതിദേവതയുടെ പ്രതിഷ്ഠകഴിച്ചു പിറെ ന്നാൾ, ആ ദിവ്യക്ഷേത്രത്തിൽ സാമന്തന്മാർ വന്നു ചെങ്കുട്ടുവനെ വണങ്ങി വിടചോദിച്ചു നില്ക്കുകയാ യിരുന്നു.

ചഞ്ചലമാർന്ന മതിമുഖത്ത് ചെങ്കയൽക്ക ണ്ണിൽ നീർപൊഴിയുകയും പൊടിയാടിയ കരുമുകി ലിൻപുറം മൂടുകയും ചെയ്തക്കവണ്ണം സുകൃതം

ക്ഷയിച്ച ദുഷ്കൃതം ത്രുപീകരിച്ച കോവലൻ ഒരു നീ
ചനാൽ വധിക്കപ്പെട്ടകയും രാജസന്നിധിയിൽ
ചെന്ന കണ്ണകിയുടെ കണ്ണീർ കണ്ടു കരളുരുകി പാ
ണ്ടിയനും പ്രാണാപായം വരികയുംചെയ്ത വിഷയം
കാവിരി പട്ടണത്തിൽ ചെന്ന മാടലന്റെ മുഖ
ത്തിൽനിന്നും കേട്ട മാശാത്തുവാന്റെ സന്ന്യാസം,
പെരുമനക്കിഴത്തിയുടെ മരണമെന്നിവ കേൾക്ക
യാൽ അതിമാത്രമല്ലലാണ്ട മാതരി ദേഹത്യാഗം
ചെയ്തു. കണ്ണകിയെ കാഞ്ഞമാനായി അവളുടെ ധാ
ത്രിയും, പ്രിയവയസ്യയും, ദേവന്തിയുംകൂടെ പുകാ
റിൽനിന്നു മധുരയിൽചെന്ന് അവളെ അവിടെ
കാണാതെ വൃത്താന്തമറിഞ്ഞു്, അവിടെ വെച്ചു ക
ണ്ണകിയുടെ വിയോഗംമൂലം മാഴ്കി മരണം പ്രാപി
ച്ച മാതരിയുടെ വസതിയിലണ്ണു; അവളുടെ പുത്രി
യായ അയ്യയോട്ടംകൂടെ വൈഗയാറിൻകര വഴി
യായി കുന്നും മലയും കടന്നു മലനാട്ടിൽ കണ്ണകി
യുടെ സന്നിധിയിൽവന്നു്, തങ്ങൾ ഇന്നിന്നവരാ
ണെന്നു ചെങ്കുട്ടുവനെ പറഞ്ഞറിയിച്ചതിന്നുശേഷം
ആ ദേവിയുടെ വേവ്വാട്ട സഹിക്കവയ്യാതെ ആ പ
തിദേവതയുടെ മാഹാത്മ്യത്തെ നിഖിലരും കീർത്തി
ക്കത്തക്കവണ്ണം പ്രകാശിപ്പിച്ച ആ മന്നവനെ പുര
സ്കരിച്ചുംകൊണ്ടു് പരിദേവനംചെയ്തു.

"പിത്താ പിറൈച്ചൂടാ" എന്ന മട്ട്.

ദേവന്തി പറഞ്ഞു:—

മന്നോർവരരവർ മുവ്വരുമിതമൊടിഹകാക്കും
വിണ്ണാട്ടരസീട്ടുന്നൊരു തുഹിനാദ്രിയിലുള്ളവായ്
ഗംഗോദകമതിപാവനമതിലാടിയശേഷം
മങ്ങാതിഹ കുടികൊൾവൊരു ജനനീ സുരകമനീ
തോളാന്നൊരു കനകാംഗദലസിതാ മമ തോഴീ
ചോളാവനിയാളും സതിദേവീ മമ തോഴീ.

ധാത്രി പറഞ്ഞു:—

യോഷാമുടിമണി മാധവി തന്മേൽ ബഹു ചെറുതും
രോഷം കലരാതേ നിജജീവേശനു തുണയായ്
ഘോരം വനമാർഗ്ഗം ബഹുകദനം ഗതസലിലം
പാരാതുരു മൃദുകാൽത്തളിരിണകൊണ്ടു ഗമിച്ചോൾ
നീലാംബുജദളമോഹനനയനാ മമ തനയാ
പേരാന്ന് പുകാക്കീശ്വരി മഹിതാ മമ തനയാ.

പ്രിയവയസ്യ പറഞ്ഞു:—

കരുതീട്ടകിലൊരു വാർത്തയുമിഹ ചൊൽവതു വഹിയാ
തരുണീമണി പതിയോടനുഗതയായൊരു വനിതാ
മതിനേർമുഖി സതി മാനസമമരും മമതോഴീ
അധിദേവി പുകാക്കുന്നിവളമരീ മമ തോഴീ

കണ്ണകിവൃത്താന്തം മട്ട് (അന്നനട)

ദേവന്തിയുടെ ഉപാലംഭം:—

അരുങ്കിനാവൊന്നു പറഞ്ഞുകേൾക്കുവെ
അറിഞ്ഞീല തത്ഫലം തപോവിഹീന ഞാൻ
പരമിതിലൊന്നും കഴിഞ്ഞീല ചെയ്വാൻ
വരാംഗി നിന്നുടെ മൂലത്തിയും കേട്ടേൻ

മരിച്ചു മാതരി ധരിച്ചിതോ തോഴി
ധരിച്ചിതോ ശപ്രശ്രു മരിച്ചതും തോഴി.

ധാത്രിയുടെ ഉപാലംഭം:—

കൊല പിണഞ്ഞു കോവലനു തന്മൂലം
കളഞ്ഞു ജീവിതം മഹീവരനിതു
ധരിച്ചു ഖിന്നനായ് ചമഞ്ഞു മാശാതപാൻ
കഴിച്ചു ദാനങ്ങൾ പെരുത്തു ജീവിതം
വഹിച്ചു സന്ന്യാസം തഥാ മനോജ്ഞനും
ഭവിച്ചാനെന്നതും മകളെ കേട്ടായോ.

പ്രിയവയസ്യയുടെ ഉപാലംഭം:—

വരൻറെ നാശവും വരാംഗിതൻ ഘോര-
തരസന്താപവുമയലാർ ചൊല്ലുന്ന
പരിഹാസങ്ങളും ശ്രുവിച്ചു ഖിന്നയായ്
വരം ബോധിദ്രുമതലമണഞ്ഞങ്ങു
പരിപൂതന്മാരാം മുനീന്ദ്രർ തമ്മുടെ
തിരുമൊഴി കേട്ടു തെളിഞ്ഞു മാധവി
പുരുതപം പൂണ്ടതറിക നീ തോഴി
തുടർന്നു മാതായെ മണിമേഖലയും.

തേവന്തി അയ്യയെ കാട്ടി ഉപാലംഭിച്ചത്:—

കവുന്തി നൽകിയ കയല്പുണ്ണാൽ തന്നെ
അവനം ചെയ്യുവാനരുതാഞ്ഞതുയും
അഴൽപിണഞ്ഞിടുനവകാശമെന്തെ-
ന്നകമലർ വെന്തു ദിവംഗമിച്ചുള്ളോ—
രമലയാമവ്വെക്കൊരു മകളാകും
കമലലോചനാ സുശീലകന്യയാൽ
കനിഞ്ഞു കണ്ടാലുമിവളല്ലോ അയ്യ
നിണക്കു ശപ്രശ്രുവിൻമകളല്ലോ തോഴി.

ചെങ്കുട്ടുവൻ പറഞ്ഞു:—

ശ്ലോ. എന്തിതെന്തിതുകാണ്മതെന്തുടനെന്തുവാനിടമെന്തുവാൻ
ചന്തമാന്ന് ചിലമ്പു കാഞ്ചികരാഞ്ചിതം മണികങ്കണം
കുണ്ഡലം മണിമണ്ഡിതം പല ഭൂഷണങ്ങളുമാന്നിതാ
മിന്നലൊന്നു നടസ്സിലുണ്ടു വിളങ്ങിടുന്നിതു വിസ്മയം.

ചെങ്കുട്ടുവന്നു കണ്ണകീദേവി പ്രത്യക്ഷമായി പറഞ്ഞത്.

പാണ്ഡ്യശൻ പാപനല്ലാ
പരമവനമരേന്ദ്രാലയം പുക്കനേരം
വിണ്ണോരാതിത്ഥ്യമേകീ
ദിവിമരുവുമെനിക്കായവൻ താതനത്രേ
എന്നും ചെങ്കുന്നിലേ ഞാൻ
ചിതമൊട്ടു വിളയാടീടുവേൻ നിങ്ങളെല്ലാം.
മെന്നോട്ടും ചേന്നു നിത്യം
ചിരമിഹ കളിയാടീടുവിൻ തോഴിമാരേ!

വഞ്ചിനിവാസിനികളായ വനിതകൾ പാടിയത്.

കുമ്മി.

1. വഞ്ചിക്കൊടിയിടമാരായീടും
വഞ്ചിയിൽ വാഴും വരാംഗിമാരേ
പഞ്ചതലും ചെമ്പഞ്ഞി ചേവടികോലും ശ്രീ
വഞ്ചീശൻ തൻവരവാണിമാരെ—വഞ്ചീശ

2. കൊങ്കയാൽ ശ്രീമധുരാപുരത്തെ
ശങ്കാവിഹീനം ദഹിപ്പിച്ചുടൻ
തൻകൈചമ്പിനാൽ പാണ്ഡ്യശ്വരൻ തന്റെ
ഹുങ്കാരം പോക്കി ജയമിയന്ന—ഹുങ്കാരം

3. വണ്ടാർകുഴലിയെ വാഴ്ത്തിപ്പാരം
കൊണ്ടാടിപ്പാടെണം നാമെല്ലാരും
പാണ്ടിയൻ തന്മകളാകിയ ദേവിയെ
കൊണ്ടാടിപ്പാടെണം നാമെല്ലാരും—കൊണ്ടാടി

4. "ധർമ്മം പിഴക്കിൽ മരിക്കുമെല്ലോ
നിർമ്മായം മൽകുലസംഭവന്മാർ"
ധർമ്മജ്ഞൻ പാണ്ഡ്യനിവണ്ണം കഥിക്കയി-
ലിമ്മഹിതന്നിലെഴുന്നവനും—ഇമ്മഹി

5. തനുപംഗിമാർമണി ദേവിതന്നെ
വന്ദിച്ചു പാടേണം നാമെല്ലാരും
പാണ്ഡ്യകുലപാലകൻ തന്നുടെ പുത്രിയാം
കണ്ണകിയെ വാഴ്ത്തി പാടീടേണം—കണ്ണകി.

വന്ദിസ്തുതികാർ പറഞ്ഞു:—ആശീർവ്വാദം.

ഗാഥ.

കർമ്മഗതിയാലുഴന്ന കമനിതൻ
കണ്ണീർവധിക്കിലും ജീവിച്ചോരു
പുണ്യവാൻ വൈകയാമാവു ചൂഴന്നൊരു
മന്നിനു നായകൻ വാഴ്ക ചിരം.
ധന്യൻ മധുരാപുരിക്കധിനായകൻ
മന്നവൻ പാണ്ഡ്യൻ കുലവും വാഴ്ക.
പവ്വതരാജനിൽനിന്നു പിറന്നൊരു
ചാവ്വംഗി തന്നെ മണിമുടിമേൽ
ഗർവ്വമകറി ചുമപ്പിച്ച വീരനാം
സാവ്വഭൗമൻ ചേരൻ വാഴ്ക ചിരം.
താമ്രപർണ്ണിനദി ചൂഴും ശ്രീവഞ്ചിക്കു
സാവ്വഭൗമൻറെ കുലവും വാഴ്ക.

അമ്മാനപ്പാട്ട്.

1. വാരാശി ചൂഴം വസുധയ്ക്കു നായകനായ്
പേരാളും വിണ്ണുലകം കാത്താനാരമ്മാനെ
പേരാളും വിണ്ണുലകം കാത്തുള്ളോനപ്പുരത്തിൽ
ഓരാതുരങ്ങിയൊരു ചോഴനറിക്കമ്മാനെ
വീരനവൻ തൻ നാട്ടുപുകഴേണമമ്മാനെ.

2. വനനിവഹം പൂകി വാനോർ പുകഴ്ത്തിടവെ
കണകളുരുമുഗതതിയിൽ കോത്തോനാരമ്മാനെ
കണകളുരുമുഗതതിയിൽ കോത്തവനൊ മുന്നിലയിൽ
അണഞ്ഞൊരു പൈക്കൾ പോറി പുകഴ്ന്നമന്നനമ്മാനെ
പുണ്യം പുകാർനഗരം പുകഴേണമമ്മാനെ.

3. കുലഗിരികളൊരെട്ടിൻ നിലകാട്ടി വിണ്ണവക്കും
വടമലയിൽ പുലിക്കൊടിയെ വെച്ചോനാരമ്മാനെ
വടമലയിൽ പുലിക്കൊടിയെ വെച്ചുള്ളോൻ ദിക്കെട്ടും
കുടനിഴലിൽ കാത്തൊരു മന്നനറിക്കമ്മാനെ
നെടുതാം പുകാർനഗരം പുകഴേണമമ്മാനെ.

അമ്മാനയാട്ടുന്നവരെ കുണ്ടതിനുശേഷം തങ്ങളും അമ്മാനയാടിപ്പാട്ടുന്നത്.

4. അമ്മാനയാടീട്ടമണിതിരളുമംഗനമാർ
തമ്മിടത്തിൽ പാട്ടും പെരുമയുള്ളോനമ്മാനെ
തമ്മിടത്തിൽ പാട്ടും പെരുമയെല്ലാം പാർത്തിവനൊ
നന്മാറിടത്തണിയാഞ്ഞുന്നീട്ടമമ്മാനെ.
ചെമ്മെ പുകാർനഗരം പുകഴേണമമ്മാനെ

പന്തടിപ്പാട്ട്.

1. പൊന്നിളംപൂമ്പൈൺകൊടി വിളങ്ങും വണ്ടാർപൂമുടി
മണ്ണു കാഞ്ചീശിഞ്ജിതങ്ങളെങ്ങുമെ മുഴങ്ങുവെ
ഭവ്യൻ പാണ്ഡ്യൻ വാഴ്ക വാഴ്കയെന്നു പന്തടിക്ക നാം
ദിവ്യഹാരം പൂണ്ടവൻ വാഴ്കെന്നു പന്തടിക്കനാം.

2. മുന്നം പിന്നും പാൾപവും പദക്രമം തുടന്നു താൻ
മന്നിടത്തിൽ തന്നിട പതിഞ്ഞുകൊള്ളുംവണ്ണമെ
ഭവ്യൻ പാണ്ഡ്യൻ വാഴ്ക വാഴ്കയെന്നു പന്തടിക്ക നാം
ദിവ്യഹാരം പൂണ്ടവൻ വാഴ്കെന്നു പന്തടിക്ക നാം.

3. കൊണ്ടതില്ല കയ്ത്തലത്തിൽ കന്ദുകം കീഴെങ്ങുമെ
കണ്ടതില്ലെന്നേവരും നിനച്ചുകൊണ്ടീടുംവിധം
ഭവ്യൻ പാണ്ഡ്യൻ വാഴ്ക വാഴ്കയെന്നു പന്തടിക്കനാം
ദിവ്യഹാരം പൂണ്ടവൻ വാഴ്കെന്നു പന്തടിക്ക നാം.

ഉഞ്ഞാൽപ്പാട്ട്.

1. വടംപൂണ്ട മണിയുഞ്ഞാൽ മേവിയയ്യ-
യുടനിരിപ്പോനേകതാളം പിടിച്ചുനില്പൂ
കടമ്പുമരം പൊടിച്ചുമന്നവനെ പുകഴ്ന്നു
കുടങ്കൈ നെടും കൺകളിക്കെയാടാമുഞ്ഞാൽ
കൊടിയ വില്ലിൻപടുതപാടിയാടാമുഞ്ഞാൽ.

2. ഓരൈവരീരമ്പതാമവരോടു ചെയ്യ
പോരിൽ പടക്കെല്ലാം ധാരാളം ചോരുട്ടി
ചേരൻ മലനാട്ടുമന്നൻറെ ഗുണം പാടി
കാറേലും കുഴൽ ചലിക്കെയാടാമുഞ്ഞാൽ
കൂടയെറിഞ്ഞ ഗാഥപാടിയാടാമുഞ്ഞാൽ.

3. പോരാളും യവനപുരിയോട്ട കുമരികോലും
വാരാളും വീരൻ പുലിവിൽ കയൽക്കൊടിയോൻ
പാരാതെ പുരികാക്കും പാത്തിവന്ന പുകൾ പാടി
ആരോമലിടനടുങ്ങിയാടാമൂഞ്ഞാൽ
അരിയവില്ലിൻ മഹിമചാടിയാടാമൂഞ്ഞാൽ.

ഉലക്കപ്പാട്ട്.

1. ചെങ്കരിമ്പുലക്കകൊണ്ടു മുത്തുകളവക്കും
പൂങ്കാഞ്ചിത്തണലിൽ പുകാരിൽ നാരീമണികൾ
ആഴിക്കൊടിത്തേരിണങ്ങും ചോഴമന്നൻ ഗുണങ്കൾ
തോഷമിയന്നുരചെയ്യും ഗീതമല്ലോ ഗീതം
കാമിനിമാർ കൊണ്ടാട്ടം ഗീതമല്ലോ ഗീതം.
2. ചെമ്പവിഴത്തണ്ടുലക്കകൊണ്ടു പല മുത്തും
ഇമ്പമൊട്ട കുത്തിയവക്കുന്നൊരു പെണ്മണികൾ
തെന്മധുരാപുരി തന്നിൽ പാണ്ഡ്യനരപാലൻ
തന്മീനക്കൊടി പുകഴ്ത്തും ഗീതമല്ലോ ഗീതം
തേനൊഴിമാർ തെളിവോടും ഗീതമല്ലോ ഗീതം.
3. ചന്ദനമാമുരലിലാനക്കൊമ്പുലക്കതന്നാൽ
മുത്തു വെളുപ്പിച്ചിട്ടന്ന വഞ്ചിവധൂവൃന്ദം
ആഴിതന്നിലൊരു കടമ്പിന്നാകതി ചെയ്യ ചേരൻ
പേരുലകിൽ പരന്നീട്ടം ഗീതമല്ലോ ഗീതം.
പാരമകത്താരലിയും ഗീതമല്ലോ ഗീതം.

കണ്ണകീദേവി വാഴ്ത്തു.

"തിരുപ്പുകൾ" (ചരണകമലാലയത്തിൽ) എന്ന മട്ട്.

1. ധരണിപതികുലതിലകരനുദിനമണഞ്ഞു—നിജ
ചരണയുഗളം പണിയും—മധുപോലെ

2. അമിതബഹുമാനമവരടിമലർ തൊഴുന്ന—നിജ
കമനിയോട്ടു ചേരനര—പതി വാഴ്ക.

മുപ്പതാം ഗാഥ.

വരപ്രദാനം.

കണ്ണകീദേവിയുടെ ദിവ്യരൂപദർശനാനന്തരം ചെങ്കുട്ടുവൻ ദേവന്തിയോട് മണിമേഖലയുടെ വൈരാഗ്യപ്രാപ്തിയ്ക്കു ഹേതുവെന്തെന്നു ചോദിച്ചു. "നാടകവേശ്യയായ നാരീമണി മാധവിയുടെ പുത്രി മണിമേഖലയ്ക്കു തത്തദംഗപരിപൂർത്തികൊണ്ടു തനുകാന്തി ചേർന്ന യൌവ്വനംവന്നണഞ്ഞു. അലരിദളംപോലെ കടുവന്ന നീലായതനയനങ്ങൾ ഈ വരവിനെ അറിഞ്ഞു; അവൾ അറികയുണ്ടായില്ല. ചെമ്പവിഴക്കൊടിക്കു കിടയായ അധരദളങ്ങൾക്കകമേ മുത്തോലും പുഞ്ചിരിപ്പൂവിടർന്നു; പരുത്ത മുലയിണ കരുത്തുചമഞ്ഞു; ഹാരമണിഞ്ഞു വിലസും മാറിടം വിരിഞ്ഞു; തനുമദ്ധ്യം തളർന്നു ജഘനം പരന്നു; കോമളിമകോലുന്ന തുടയിണ തിരണ്ടു തമ്മിലിടഞ്ഞു; ഒളിതിരളുന്നൊരടിയിണ പുത്തൻതളിരിനു തുല്യം മൃദുതയണഞ്ഞു. ഇങ്ങനെയിരിക്കുംകാലത്തു ചിത്രാപതി തന്റെ മകളായ മാധവിയോട്, "നി

ന്റെ മകൾ മണിമേഖല നാട്യവിദ്യ അഭ്യസിക്കുന്നതിൽ വൈമുഖ്യം കാണിക്കയാൽ തലക്കോലാശാൻ (നെട്ടവൻ) വൈമനസ്യംപൂണ്ടു പിൻമാറിയിരിക്കുന്നു; ഇങ്ങനെ കുലത്തൊഴിലിനെ അനാദരിക്കയെന്നു വന്നാൽ കുലവൃദ്ധന്മാർ നമ്മെ ബഹിഷ്കരിച്ചേക്കും; ഈ കാര്യത്തിൽ നീ എന്തു ചെയ്യാൻ വിചാരിക്കുന്നു" എന്നു ചോദിച്ചു. ഇതു കേട്ട് മാധവി തന്റെ പുത്രിയെ വേശ്യാവൃത്തിയിലുൾപ്പെടുത്തുവാൻ മനസ്സുവരാതെ അപരാജിതനായ അനംഗൻ തന്റെ മലർബാണങ്ങൾ രമണിമണിയായ ആ യുവതിയിൽനിഷ്ക്രിയങ്ങളായി കണ്ടു നിലത്തെറിഞ്ഞു കുളയത്തക്കവണ്ണം മണിമേഖലയെ മനോമോഹനമായ ഭാവത്തിൽ നിന്നു വിലക്കി പ്രശാന്തമായ ഭാവത്തെ നയിപ്പിച്ചു. ഇതുകേട്ട് രാജാവും നഗരവാസികളും വിഷാദിച്ചു. അറവണ അടികൾ മണിമേഖല അവളുടെ പ്രപഞ്ചവൈരാഗ്യത്തെ തന്നോടു പറഞ്ഞതിനാൽ അവളിൽ പ്രീതനായി ആശീർവ്വാദംചെയ്തു. "ജ്ഞാനമാർഗ്ഗത്തിൽ മനസ്സു ചെല്ലുവാൻ തക്ക പ്രായം വരാതിരിക്കുമ്പോൾ തന്നെ ആ സുന്ദരി അലങ്കാരങ്ങളെ ഉപേക്ഷിച്ചതിനാൽ എനിക്കു കണ്ണുനീർ പിണഞ്ഞു" വെന്നു തേവന്തിയുണർത്തിച്ചപ്പോഴെല്ലാം അവൾ പുരികുഴൽ കെട്ടഴിഞ്ഞു പിറകോട്ടു തുങ്ങുമാറു സർവ്വാംഗം തുടിച്ചു, പുരികം വള

ഞ്ഞു, ചുണ്ടുകടിച്ചു വാക്കുകൾ മന്ദീഭവിച്ചു, മുഖം വിയർത്തു, കൺചുവന്നു, കയ്യെറിഞ്ഞു, കാൽകുടഞ്ഞെഴുന്നേറ്റു, നാവിടറി ഉച്ചത്തിൽ ഭാഷണം ചെയ്തുകൊണ്ട് ചാത്തന്റെ ആവേശം കലർന്നെഴുന്നേറ്റു മാടലനെ നോക്കി പറഞ്ഞു: "ദേവോത്സവം കാണ്മാൻ വന്നുചേർന്നിട്ടുള്ള വനിതാമണികളിൽ ചോളനാട്ടിൽ 'അരട്ടൻ' എന്ന ചെട്ടിയുടെ കുഡുംബിനി ഇരട്ടപെറുണ്ടായവരാണ് ഈ രണ്ടുപേർ; ഇരവിപുരത്തിൽ (ഇതു മലനാട്ടിൽ കന്യാകുമാരിക്കു വടക്കുപടിഞ്ഞാറായി ഏഴുനാഴിക ദൂരത്തിൽ തിരുവിതാംകൂർ രാജ്യത്തിലുള്ള ഒരു ദേശം) "ശേഷകുഡുംബി' എന്ന ബ്രാഹ്മണന്റെ പുത്രിയാണിവൾ; ഈ മൂന്നു കന്യകമാരും യഥാക്രമം അഗ്നിപ്രവേശംചെയ്ത കണ്ണകിയുടേയും കോവലന്റേയും അമ്മമാർ മാതരി ഈ മുവ്വരുടേയും പുനർജ്ജന്മമാകുന്നു. പല കൊടുമുടികളുമുയർന്നു ശോഭിക്കുന്ന പർവ്വതത്തിൽ വില്ലിന്റെ അഗ്രംപോലെയും വെൺകുടകുമണിപോലെയും, മുരിക്കിൻപൂപോലെയും കുത്തുമൂത്ത കല്ലുകളിടതിങ്ങി അരിമാവു കലക്കിയവണ്ണം കൊഴുത്ത ജലത്തോടുകൂടിയ വനപലപലത്തിൽ നീരാടുന്നതായാൽ ഇവർക്കു പുനർജ്ജന്മം ലഭിക്കാവുന്നതാണ്. ആ ജലം ഒരു കമണ്ഡലുവിൽ നിറച്ചുകൊണ്ടുവന്നു മംഗലാദേവിയുടെ ആലയത്തിന്റെ തിരുമു

റത്തുചെച്ച ഞാൻ നിന്റെ പക്കൽ തന്നിട്ടുണ്ടല്ലോ. അതിലുള്ള ജലത്തിന്റെ ദിവ്യശക്തി ആചന്ദ്രതാരം അഭംഗുരമായ്തന്നെയിരിക്കും. ആ നീരിനെ ഈ മൂന്നു കുമാരികളുടേയും ദേഹത്തിൽപ്രോക്ഷണംചെയ്ക. അങ്ങനെ ചെയ്താൽ അവരിൽ മറഞ്ഞുകിടക്കുന്ന പൂർവ്വജന്മം പ്രകാശിക്കുന്നതു കാണാം. മാടലനെന്ന പേർകൊണ്ട പാഷണ്ഡനായ ഞാൻ ഈ ബ്രാഹ്മണിയെ ആവേശിച്ചുവന്നിരിക്കയാണ്'" എന്നു കേട്ട മന്നവൻ വിസ്മിതനായി മാടലന്റെ മുഖത്തേയ്ക്കു നോക്കുകയും അവൻ കനിഞ്ഞു പറകയുംചെയ്തു. "പ്രഭോ! ചോളദേശത്തിൽ ചിയ്യാഴിക്കടുത്തുള്ള 'കാപ്പിയങ്കുടി' എന്ന ഗ്രാമത്തിൽ മാലതിയെന്ന ബ്രാഹ്മണി തന്റെ സപത്നിയുടെ ശിശുവിനെ എടുത്തു പാൽ കൊടുക്കുകയും വിധിവൈപരീത്യത്താൽ അതിന്നു ജീവഹാനി ഭവിക്കയുംചെയ്തു. അവൾ ഇതു കണ്ടു ശോകകുണ്ഠിതയായ് പാഷണ്ഡന്റെ സന്നിധിയിൽചെന്നു പാട്ടുകിടന്നു. അപ്പോൾ പാഷണ്ഡൻ ശിശുവിന്റെ രൂപം ധരിച്ച്, "അമ്മേ! നീ വ്യസനിക്കേണ്ട" എന്നു പറഞ്ഞാശ്വസിപ്പിച്ചു. അപ്പോൾ "നീ സപത്നീമാതാവോടുകൂടെ ഗ്രാമത്തിലേക്കു പോയ് സ്വമാതാവിന്റെ രക്ഷയിൽ വളർന്ന് തേവന്തിയെന്ന കന്യകയെ വിവാഹംചെയ്ത് എട്ടു സംവത്സരം കഴിഞ്ഞതിന്നുശേഷം പൂർവ്വസ്ഥി

തിയിൽ ബാലഭാവം കയ്യൊണ്ട് എന്റെ സന്നിധിയിൽ വരിക." എന്നു പറഞ്ഞു മറഞ്ഞ ചാത്തൻ (പാഷണ്ഡൻ) മംഗലാദേവിയുടെ സന്നിധാനത്തിൽ വെളിച്ചപ്പെട്ട മാടലനായ്ത്തന്ന് എന്റെ കയ്യിൽ കമണ്ഡലുവും തന്നു മാറിപ്പോയതിന്നുശേഷം ഇവിടെ ഈ ബ്രാഹ്മണിയുടെ മേൽ ആവേശിച്ച്, ആ കമണ്ഡലുവിലുള്ള ജലം തളിപ്പാൻ പറഞ്ഞതാണ്. അതുകൊണ്ട് ആ കുമാരികളുടെ മേൽ ഈ തീർത്ഥത്തെ തളിച്ചുനോക്കാം." എന്നു പറഞ്ഞ് ആ പ്രകാരം ചെയ്തപ്പോൾ അവർ മൂന്നുപേരുടേയും പൂർവ്വരൂപം പ്രത്യക്ഷീഭവിച്ചു.

കണ്ണകിയുടെ മാതാവു പറഞ്ഞു.

അന്നനട—മട്ട്.

1. ഗുണമെഴും നിന്റെ പ്രിയതമൻ നിന്നോ-
ടിണങ്ങി വാഴാതെ വെടിഞ്ഞതു മൂലം
2. പിണഞ്ഞു സന്താപമുഴലുമെന്നോട്ടു
മുണ്ണുരഥമേതും പറഞ്ഞുകൊള്ളാതെ
3. ഒരു ഗുണയെന്യെ പരദേശം തന്നിൽ
വരണോട്ടം ചേർന്ന വിപത്തിലാണെ നീ
4. അരിമകോലുമെന്മകളെ മത്സഖി
വരിക സന്താപം കളക കാമിനി.

കോവലന്റെ മാതാവു പറഞ്ഞു.

ചിന്ത്. "ഉശന്തശ്ശൂലം" എന്ന മട്ട്.

1. അണിഞ്ഞു ഭൂഷകൾ വസതിയിലെന്നൊട്ട മരുവീട്ടും—പെണ്ണോ-
ടിണങ്ങിയിരുളിലുമൊരുതുണയെന്നതു—കരുതാതെ
2. ഇറങ്ങി മാഴ്കിയതനുദിനമോഞ്ഞുടനകതാരിൽ—താപം
കയറ്റുകൊൾവു കനിവൊട്ട വരികയി—മമ സൂനോ.

അയ്യ പറഞ്ഞു.

കളകാഞ്ചി—മട്ട്.

1. യാരിപ്രവംഹം വിളങ്ങുന്ന വൈകതൻ
തീരത്തുനിന്നു തിരിച്ചുവന്നേൻ
2. പാരിൽ പുകഴ്ന്ന മധുരാപുരിക്കു ഞാൻ
ഓരോജനത്തോട്ടമൊത്തുകൊണ്ട്
3. വന്നു പലരോട്ടം ചോദിച്ചിതു നിന്നെ
മന്നിരും തന്നിലും കണ്ടതില്ല.
4. എന്നമ്മയ്ക്കുള്ളൊരിളയവളെ നീയും
ചെന്നെങ്ങാനിച്ചെന്നറിഞ്ഞതില്ല.

ഇങ്ങനെ ചെങ്കുട്ടുവന്റെ മുന്നിൽ ആ മധുവാണികൾ മുറയിട്ട വീണ്ടും വീണ്ടും നെടുവീപ്പു കൊണ്ടു നില്ക്കുവെ മന്നോവ്വരൻ തന്റെ ദൃഷ്ടി മാടലന്റെ വദനത്തിലേക്കയച്ചു. മാടലൻ പറഞ്ഞു. പ്രഭോ! ബ്രാഹ്മണനെ ആപത്തിൽനിന്നു രക്ഷിപ്പാൻ മുതിന്ന കൊലയാനയുടെ കയ്യുലകപ്പെട്ടവനും ദേവ ഭ്രയംഗമിച്ചവനുമായ കോവലന്റെ കുഡുംബിനി

യിൽ സംസക്തമാനസകളായിരുന്നതിനാൽ ആ ദമ്പതികളോടുകൂടി സപ്തലോകപ്രാപ്തിക്കു പര്യാപ്തമായ പുണ്യകർമ്മം ചെയ്യാതിരുന്നതിനാൽ ആ കമനികാരം മുച്ചൂരും വഞ്ചിനഗരിയിൽ സന്നിധാനംചെയ്യുന്ന അവളിൽത്തന്നെ ആസക്തി വെച്ചുകൊണ്ടു, കണ്ണകിയുടേയും, കോവലന്റേയും അമ്മമാർ അരട്ടൻചെട്ടിയുടെ മക്കളായും മാതരി കുരവയാട്ടം നടത്തിയതിന്റെ ഫലമായി ശേഷകുഡുംബിയുടെ പുത്രിയായും ജനിച്ചു. പുണ്യകർമ്മങ്ങളനുഷ്ഠിച്ചുള്ളവർ തൽഫലമായി സുരലോകം പ്രാപിക്കുന്നതും, ഓരോ മനസ്സംഗംമൂലം ഭൂലോകത്തിൽത്തന്നെ വീണ്ടും ജനിക്കുന്നതും, പുണ്യപാപകർമ്മങ്ങളുടെ ഫലങ്ങൾ ആതാതിന്നനുരൂപമായി പരിണമിക്കുന്നതും, ജനിച്ചവർ മരിക്കുന്നതും, മരിച്ചവർ ജനിക്കുന്നതും ആയ ഐഹികജീവിതം ഇന്നുള്ളതല്ല. ഇത്തരം പറഞ്ഞു മാടലമഹിദേവനെ അഭിനന്ദിച്ചതിന്നുശേഷം മന്നവൻ കവിവയ്മന്മാരാൽ കീർത്തിക്കപ്പെട്ട പാണ്ഡ്യനഗരത്തെ തന്റെ കടാക്ഷംകൊണ്ടു ഭസ്മീകരിച്ച വിദ്യോതമാനഗാത്രിയായ പതിദേവതയുടെ ദിവ്യക്ഷേത്രത്തിന്നു മുഖമണ്ഡപം ചമച്ചു നിത്യോത്സവവും നിയമിച്ചു പൂജോപചാരങ്ങൾ യഥാക്രമം നടത്തുവാൻ തെവന്തിയെ നിശ്ചയിച്ചു ദേവിയെ മൂന്നു വലംവെച്ചു തൊഴുതു. മന്നോർമന്നനായ തന്റെ മുമ്പിൽ

ബന്ധവിമുക്തന്മാരായ ആയ്മന്നവന്മാരും ചിരകാലമായുള്ള ബന്ധനം നീങ്ങിയ മറു മന്നവന്മാരും കൂടകൊങ്കണമാളവമഹീന്ദ്രന്മാരും കടൽചൂഴ്ന്ന ലങ്കയ്ക്കധിപനായ ഗജബാഹുക്ഷിതിപതിയും ദേവിയുടെ സന്നിധിയിൽ ചെന്നു കൈകൂപ്പി. "ഈ ചെങ്കുട്ടുവനെപ്പോലെ ഞങ്ങളും അവരവരുടെ ദേശങ്ങളിൽ നിന്നെ പ്രതിഷ്ഠിപ്പിച്ചു പൂജിപ്പാനാഗ്രഹിക്കുന്നു; അവിടേയും നിൻറെ സാന്നിദ്ധ്യം ഉണ്ടായി ഞങ്ങളെ അനുഗ്രഹിച്ചുകൊള്ളേണമെ" എന്നു പ്രാർത്ഥിച്ചു. അപ്പോൾ "നിങ്ങൾ പ്രാർത്ഥിച്ചപ്രകാരം വരം തന്നിരിക്കുന്നു." എന്നു അശരീരിവാക്യം കേൾക്കുമാറായി. ഇതു കേട്ടു ചെങ്കുട്ടുവനും മറു മന്നവന്മാരും പരിവാരങ്ങളും കൃതാർത്ഥന്മാരായി ദേവിയെ വണങ്ങി. പിന്നെ പരമാർത്ഥതപ്രവേശിയായ മാടലനോടുകൂടി ചെങ്കുട്ടുവൻ തൻറെ പാടങ്ങളിൽ നമിക്കുന്ന സാമന്തഭ്രപന്മാരെ കടാക്ഷിച്ചുകൊണ്ടു യജ്ഞമന്ദിരത്തിലേക്കു പോയി.

അതിന്നുശേഷം ഞാൻ (ഇളംകോവടികൾ) കണ്ണകീദേവിയുടെ ആലയത്തിലേക്കു ചെന്നു. ചെല്ലുംമുമ്പെതന്നെ തേവന്തിയുടെ മേൽ ആവേശംചെയ്തിരുന്ന ആ ദേവി എന്നോടു പറഞ്ഞു. "വഞ്ചിരാജധാനിയിൽ തൻറെ പൂർവ്വജന്നു കീഴ്വണങ്ങി വാഴുന്ന മഹാത്മാവേ! ഭവാൻറെ സവിധത്തിൽ ഒരു നി

മിത്തികൻ വന്ന്, "ഇവിടേക്കു രാജ്യം വാണിരിപ്പാൻ യോഗമുണ്ടെന്നു ചില അംഗലക്ഷണങ്ങൾ കൊണ്ടു കാണുന്നു" എന്നു പറഞ്ഞു. അപ്പോൾ, "എന്റെ അഗ്രജനായ ചെങ്കുട്ടുവനിരിക്കെ ഇങ്ങനെ അനുചിതമായി പറഞ്ഞുവല്ലോ." എന്നു കരുതി അവന്റെ നേരെ വൈരസ്യം പൂണ്ടു നോക്കി; അങ്ങനെ ഭ്രഭാരത്തിന്നു താൻ പാത്രീഭവിക്കരുതെന്നും ജ്യേഷ്ഠൻതന്നെ രാജാവായി വാഴേണമെന്നും കരുതി തിരുക്കണവായിലിൽ * സന്ന്യാസം സ്വീകരിച്ചിരുന്ന നിരവധികസുഖഭോഗസാധനമായ ധാത്രീസാമ്രാജ്യം ജ്യേഷ്ഠനെ ചുമത്തി യാതൊരു ബന്ധവുമണയാതെ നിത്യാനന്ദപരിപൂർണ്ണമായ മോക്ഷസാമ്രാജ്യം താൻ കയ്യേറു വാഴ്ന്ന മുനിമന്നവനല്ലയോ ഭവാൻ" എന്ന് ഇതേവരെ സംഭവിച്ചതും മേലിൽ സംഭവിപ്പാനുള്ളതുമായ എന്റെ സ്ഥിതിഗതികളെ അരുൾചെയ്ത ദേവി തന്റെ ചരിത്രം ശരിയാംവണ്ണമറിഞ്ഞിരിക്കുന്ന എന്നോടിങ്ങനെ ഉപദേശിച്ചു.

ദുഃഖങ്ങളെ നീക്കുവിൻ! ദൈവത്തെ പ്രസാദിപ്പിക്കുവിൻ, പരിശുദ്ധാത്മക്കളെ വന്ദിപ്പിൻ, അസത്യത്തെ ഭയപ്പെടുവിൻ, അന്യന്റെ വൃത്താന്തം

---

* കിഴക്കോട്ടു മുഖമായ ഒരാലയം—തൃക്കണാമതിലകത്ത്.

മറന്യരോട്ട പറയാതിരിപ്പിൻ, മാംസം വഞ്ജിപ്പിൻ, പ്രാണിഹിംസ ചെയ്യാതിരിപ്പിൻ, ദാനം ചെയ്പിൻ, തപസ്സാചരിപ്പിൻ, ഉപകാരികളിൽ കൃതജ്ഞന്മാരായിരിപ്പിൻ, ദുരാഗ്രത്തെ വെടിയുവിൻ, കളവിന്നനുകൂലിക്കാതിരിപ്പിൻ, സുഭാഷിതങ്ങളെ ആദരിപ്പിൻ, ബുദ്ധസംഘത്തെ മുടങ്ങാതെ സേവിപ്പിൻ, അന്യന്മാരുടെ സംഘത്തെ അകന്നുനില്പിൻ, അന്യമന്ദിരപ്രവേശമൊഴിപ്പിൻ, ജീവികളെ രക്ഷിപ്പിൻ, ഗൃസ്ഥാശ്രമം കാക്കുവിൻ, കള്ളും കളവും കാമവും പുണയും പ്രലാപഗോഷ്ഠിയും തീരെ വഞ്ജിപ്പിൻ, യൌവനവും സമ്പത്തും ശരീരവും നിലനില്പ്പുയില്ല, അവ അവസാനംവരെ അനിഷ്ടഹേതുക്കളായിരിക്കയുംചെയ്യും, പരലോകത്തേയ്ക്കുള്ള പുണ്യകൃതുവിൻ! ഇങ്ങനെ ലോകയാത്ര നിർവ്വഹിച്ചുകൊള്ളേണ്ടതാകുന്നു.

കാണ്ഡപരിശിഷ്ടം.

കിരീടാധിപതികളായ മൂന്നു രാജാക്കന്മാരിൽ പാശ്ചാത്യദേശംവാണു നാട്ടാരെ കോട്ടംവരാതെ ശാസിച്ചു മുക്താഹാരപരിശോഭിതവക്ഷസ്ഥലന്മാരായി പുകഴാന്ന ചേരഭൂപാലന്മാരുടെ വംശത്തിൽ ജാതനായി ധർമ്മാധർമ്മങ്ങളും കാരുണികതപവും പുരാത


നപുരിയ്ക്കുള്ള ഉൽക്കൎഷവും ഉത്സവാഘോഷപ്രസ
കൃതിയും അവയിൽ അമരന്മാരുടെ സമ്മേളനവും ജ
നനിയുടെ ആഹ്ലാദവും കുറവുവരാതെ നിറവേ
റി, മലനാട്ടിൽ കുടികളുടെ ധനപുഷ്ടിയും ആഹാ
രസാധനങ്ങളുടെ സമൃദ്ധിയും വരുത്തി, വരിക്കുത്തും
കുരവക്കുത്തും സൎവ്വത്ര നടത്തിച്ചു, ധൎമ്മാധൎമ്മവിവേ
കം കലൎന്നും വൈരികുലകാലന്മാരായ സൈന്യങ്ങളെ
സ്സംഭരിച്ചും, കടലിനെ പിറകോട്ടകറ്റിയും ഗംഗാ
തീരംപുക്കു വസിച്ചും വാണുകൊള്ളുന്ന ചെങ്കുട്ടുവനു
തുല്യമായ വഞ്ചിക്കാണ്ഡവും സമ്പൂൎണ്ണമായി.


വഞ്ചിക്കാണ്ഡം സമാപ്തം.

ഗ്രന്ഥപരിശിഷ്ടം.

പൂൎവ്വസമുദ്രം, കന്യാകുമാരി, പശ്ചിമസമുദ്രം,
വെങ്കടഗിരിയെന്നീ നാലതിൎത്തിക്കകത്തു ജനനിവ
ഹമിടതിങ്ങി വാസംചെയ്യുന്ന തമിഴ്നാട്ടിൽ, ചെ
ന്തമിഴ്, കൊടുന്തമിഴെന്ന രണ്ടു വിഭാഗങ്ങളിണ
ങ്ങി കുറിഞ്ഞി, മുല്ല, പാല, നൈതൽ, മരുതമെന്ന
അഞ്ചു ഭൂപ്രകൃതിയെ പ്രകാശിപ്പിച്ച്, ധൎമ്മാൎത്ഥകാ
മങ്ങളെന്ന ത്രിവൎഗ്ഗങ്ങളുടെ സാധകമായി, മനുഷ്യന്മാ

ക്കും അമൎത്ത്യന്മാൎക്കും ഒന്നുപോലിണങ്ങത്തക്ക വൃത്തികളും പൂണ്ടു, ലിപിമയങ്ങളായ പദങ്ങളിലന്തർഭ്ഭൂതമായ അൎത്ഥത്തിന്നു ഭേദംവരാത്ത രൂപത്തിൽ ബാഹ്യാന്തരമാധുൎയ്യരസം പൊഴിഞ്ഞു വിലസുന്ന പദ്യങ്ങളും, ഗാനങ്ങളും, രംഗങ്ങളും, നാട്യങ്ങളെന്നിവയുടെ മിശ്രിതരൂപങ്ങളായ വരിക്കൂത്തുകളുടേയും, കുരവക്കൂത്തുകളുടേയും പ്രയോഗഭേദങ്ങളാൽ ചെന്തമിഴിന്റെ സഹജമായ ഗുണവിശേഷത്തെ വിദ്യോതിപ്പിച്ച്, "നല്ല നിഴലിലിരുന്ന പെരുങ്കുന്നിനെ കാട്ടുന്നവർ" എന്നപോലെ ഇംഗിതങ്ങളെ പ്രകടിപ്പിക്കുന്ന മണിമേഖലയാൽ ഇതിവൃത്തം സമ്പൂൎണ്ണമാകുന്ന ചിലപ്പതികാരം പരിസമാപ്തമായി.







കൊച്ചി മലയാളഭാഷാപരിപ്പരിപാലനസമിതിവക

പുസ്തകങ്ങൾ.

1.	ജട്ടായ്	0	10 0
2.	ഹനുമാസൻ	0	10 0
3.	കിഞ്ചിദവധി (ഏറ്റക്കുറവ് സഹിതം)	0	5 0
4.	ഉത്തരരാമചരിതം ശാസ്ത്രീയം (സചിത്രം)	0	4 0
5.	ഭാഗവതം ഗദ്യപദ്യാനുവൃത്തം	0	12 0
6.	നാരദചരിതം ഭാഷാവസ്തുവിവരം	0	8 0
7.	കലിദോഷഭയം ഉള്ളൻ (സചിത്രം)	0	6 0
8.	ഗുരുദക്ഷിണയും ചാണ	0	10 0
9.	ഭാഷായമനം ഗദ്യപദ്യാനുവൃത്തം (സചിത്രം)	0	6 0
10.	ഭാഷാപ്രശ്നോത്തരം കിളിപ്പാട്ട് ഭാ	0	12 0
11.	ഭാഷാമലയാളിനാടകം കിളിപ്പാട്ട് ഭാ	1	4 0
12.	ചിത്രരാമായണം പാട്ട്	0	2 0
13.	ജ്യോതിഷിക (ചിത്രരാമായണം)	0	8 0
14.	കാവ്യവിവർത്തനം കിളിപ്പാട്ട്	0	8 0
15.	മനുഷ്യാലയചന്ദ്രികാ തത്ത്വശാസ്ത്രം (സചിത്രം)	0	12 0

ഭാഷായമനം ഭാഷാവസ്തുവിവരങ്ങൾ.

16.	നാരദനാടകം (സചിത്രം)	0	8 0
17.	വിഷ്ണിനാടകം ഭാ	0	8 0
18.	സ്ത്രീവധം ഭാ	0	8 0
19.	അംഗുലീയാങ്കം ഭാ	0	8 0
20.	ഉപനയനപ്രയോഗം ഭാ	0	8 0
21.	ഗണിതമഞ്ജരി (ഒരു ചിത്രഭൂമിതിഗ്രന്ഥം)	1	0 0
22.	സംഗീതോല്പത്തി	1	8 0
23.	ശ്രീരാമായണപ്രഭാവം	2	8 0
24.	സംക്ഷേപരാമായണം		

ലഭിക്കുവാൻ:—

സിക്രട്ടറി,

ഭാഷാപരിപ്പരിപാലനസമിതി ആപ്പീസ്,

തൃശിവപേരൂർ.

CT Library
00070222
K28.7 P98 C2